# മാതൃഭാഷാസ്വീകരണത്തിൽ പാഠ്യപദ്ധതിക്കുള്ള പങ്ക്:
# ലോവർപ്രൈമറി ക്ലാസ്സുകളിലെ മലയാള പാഠ്യപദ്ധതിയുടെ ഭാഷാശാസ്ത്രപരവും മനഃശാസ്ത്രപരവുമായ വിശകലനം

കാലിക്കറ്റ് സർവ്വകലാശാലയുടെ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

**വി.പരമേശ്വരൻ**

**മലയാളവിഭാഗം**
**കാലിക്കറ്റ് സർവ്വകലാശാല**
**2008**

# സത്യവാചകം

''മാതൃഭാഷാസ്വീകരണത്തിൽ പാഠ്യപദ്ധതിക്കുള്ള പങ്ക്: ലോവർപ്രൈമറി ക്ലാസ്സുകളിലെ മലയാളപാഠ്യപദ്ധതിയുടെ ഭാഷാശാസ്ത്രപരവും മനഃശാസ്ത്രപരവുമായ വിശകലനം" എന്ന പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും പരീക്ഷക്കോ, ബിരുദത്തിനോ അസോസിയേറ്റ്ഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും ടൈറ്റിലിനോ എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ സത്യബോധപ്പെടുത്തുന്നു.

കോഴിക്കോട്

12.08.2008 **വി.പരമേശ്വരൻ**

**ഡോ.എൻ.രാജൻ**
സെലക്ഷൻ ഗ്രേഡ് ലക്ചറർ
മലയാള വിഭാഗം
എൻ.എസ്.എസ്.കോളേജ് മഞ്ചേരി

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ പി.എച്ച്.ഡി.ഫൈനൽ എക്സാമിനേഷന് സമർപ്പിക്കുന്ന "മാതൃഭാഷാസ്വീകരണത്തിൽ പാഠ്യപദ്ധതിക്കുള്ള പങ്ക്: ലോവർപ്രൈമറി ക്ലാസ്സുകളിലെ മലയാളപാഠ്യപദ്ധതിയുടെ ഭാഷാശാസ്ത്രപരവും മനഃശാസ്ത്രപരവുമായ വിശകലനം" എന്ന ഈ പ്രബന്ധം വി.പരമേശ്വരൻ എന്റെ നിർദ്ദേശമനുസരിച്ച് നിർവഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

മഞ്ചേരി,

12.08.2008 **ഡോ.എൻ.രാജൻ**

# പ്രസ്താവന

ഈ ഗവേഷണ പഠനത്തിന് മാർഗ്ഗനിർദ്ദേശം നൽകി വരുന്ന ഡോ. എൻ. രാജനോട് എനിക്ക് കൃതജ്ഞതയുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റി മലയാള്ള വിഭാഗം വകുപ്പ് അദ്ധ്യക്ഷനായ ഡോ. പി.എം. വിജയപ്പൻ, ആവശ്യമായ പ്രോത്സാഹനം തന്ന ഡോ. കെ. എൻ. ആനന്ദൻ, ഒ.എം.ശങ്കരൻ, കെ.പി.ശ്രീകുമാർ, പി.ശിവദാസൻ, വി. കെ. പ്രകാശൻ, എം.വി.ഗംഗാധരൻ, കെ.ആർ. അശോകൻ, എൻ.പി. യഹിയ, എന്നിവരേയും നന്ദിപൂർവ്വം സ്മരിക്കുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റി മലയാളം വിഭാഗത്തിലെ അധ്യാപകർക്കും ജീവനക്കാർക്കും ഡി.ടി.പി.ചെയ്തുതന്ന ടി.പി. സുഗതനും നന്ദി.

കോഴിക്കോട്

12.08.2008 **വി.പരമേശ്വരൻ**

## ഉള്ളടക്കം


ചുരുക്കെഴുത്ത്

പട്ടികകൾ

0. ഉപോദ്ഘാതം:

മാതൃഭാഷാ സ്വീകരണവും പാഠ്യപദ്ധതിയും 1–12

0.1 ഗവേഷണലക്ഷ്യം

0.2 ഗവേഷണത്തിന്റെ പ്രസക്തി

0.3 പൂർവപഠനങ്ങൾ

0.4 ഗവേഷണരീതി

0.5 പ്രബന്ധസ്വരൂപം

1. മാതൃഭാഷാ പഠനം: പൂർവസമീപനങ്ങളും മാതൃകകളും 13–87

1.0 ആമുഖം

1.1 ഭാഷാപഠനലക്ഷ്യങ്ങൾ

1.2 കുട്ടി

1.3 അധ്യാപകൻ

1.4 പഠനരീതി

1.5 ആസൂത്രണം

1.6 പാഠപുസ്തകം

1.7 പഠനപ്രവർത്തനം

1.8 മൂല്യനിർണയം

1.9 ഉപസംഹാരം

2. പുതിയ പാഠ്യപദ്ധതി: കാഴ്ചപ്പാടുകളും ഉപാധികളും 89–141

2.0 ആമുഖം

2.1 ഭാഷാപഠനലക്ഷ്യങ്ങൾ

2.2 കുട്ടി

2.3 അധ്യാപകൻ

2.4 പഠനരീതി

2.5 പഠനതന്ത്രങ്ങൾ

2.6 ആസൂത്രണം

2.7 പാഠപുസ്തകവും അധ്യാപകസഹായിയും

2.8 പഠനപ്രവർത്തനങ്ങൾ

2.9 പഠനപ്രക്രിയ

2.10 മൂല്യനിർണയം

2.11 ഉപസംഹാരം

3. പാഠ്യപദ്ധതിയുടെ സൈദ്ധാന്തിക പരിസരം 143–195

3.0 ആമുഖം

3.1 മനഃശാസ്ത്രചിന്തകളുടെ ചരിത്രപരമായ വളർച്ച

3.2 ബോധനശാസ്ത്രപരമായ വളർച്ച

3.3 പാഠ്യപദ്ധതിയുടെ സാമൂഹ്യസിദ്ധാന്തതലം

3.4 ഉപസംഹാരം

4. ഭാഷാസമഗ്രത: ദർശനവും പ്രയോഗവും 197–226
4.0 ആമുഖം
4.1 ഭാഷാസമഗ്രതാദർശനം
4.2 ഭാഷാസമഗ്രതാദർശനവും പുതിയ പാഠ്യപദ്ധതിയും
4.3 ഭാഷാവ്യവഹാരരൂപങ്ങളുടെ പ്രസക്തി
4.4 'കഥ' എന്ന വ്യവഹാരരൂപവും ഭാഷാസമഗ്രതയും
4.5 കഥ: പ്രവർത്തനങ്ങൾ
4.6 ഉപസംഹാരം
5. പുതിയ പാഠ്യപദ്ധതി:
സൈദ്ധാന്തിക മൂല്യനിർണയം 227–262
5.0 ആമുഖം
5.1 വിലയിരുത്തൽ മേഖല: ഭാഷാപഠനലക്ഷ്യം
5.2 വിലയിരുത്തൽ മേഖല: കുട്ടിയും ഭാഷാപഠനവും
5.3 വിലയിരുത്തൽ മേഖല: അധ്യാപകരും ആസൂത്രണവും
5.4 വിലയിരുത്തൽ മേഖല: പഠനരീതി, പഠനപ്രക്രിയ, പഠനതന്ത്രങ്ങൾ
5.5 വിലയിരുത്തൽ മേഖല: പാഠപുസ്തകവും പഠനസാമഗ്രികളും
5.6 വിലയിരുത്തൽ മേഖല: പഠനപ്രവർത്തനങ്ങൾ
5.7 വിലയിരുത്തൽ മേഖല: മൂല്യനിർണയം
5.8 ഉപസംഹാരം
6. ഉപസംഹാരം 263–271
6.0 പാഠ്യപദ്ധതി: കണ്ടെത്തലുകളും നിർദ്ദേശങ്ങളും
6.1 കണ്ടെത്തലുകൾ മികവുകൾ
6.2 കണ്ടെത്തലുകൾ പരിമിതികൾ
6.3 നിർദേശങ്ങൾ
പദസൂചി 273–277
ഗ്രന്ഥസൂചി 279–284
അനുബന്ധം 285–362

# ചുരുക്കെഴുത്ത് സൂചിക

**മലയാളം**

| | | |
|---|---|---|
| അനു: | – | അനുബന്ധം |
| അ.സ.പു. | – | അധ്യാപകസഹായി പുറം |
| എം.എൽ.എൽ | – | അവശ്യ പഠന നിലവാരം |
| പാ.പു.പു. | – | പാഠപുസ്തകം പുറം |

**ENGLISH**

| | | |
|---|---|---|
| AEO | - | Assistant Educational Officer |
| B.R.C | - | Block Resource Centre |
| CWSN | - | Children with special needs |
| DIET | - | District Institute of Education and Training |
| DPEP | - | District Primary Education Programme |
| EQ | - | Emotional Quotient |
| G.B. | - | Govt. Binding theory |
| HB | - | Hand Book |
| I.Q. | - | Intelligent quotient |
| KER | - | Kerala Education Act and Rules |
| K.S.S.P. | - | Kerala Sasthra Sahithya Parishath |
| LAD | - | Language Acquisition device |
| MLL | - | Minimum level of Learning |
| NCENT | - | National Council for Educaction Research and Training |
| NCF | - | National curriculam frame work |
| NPE | - | National policy on Education |
| OSS | - | Onsight support |
| SCERT | - | State Council for Education Research and Training |
| SIE | - | State Institute of Education |
| SRG | - | School Resource Group |
| SRG | - | State Resource Group |
| TAWL | - | Teachers applying whole language |
| TB | - | Text Book |
| TM | - | Teaching Manual |
| UG | - | Universal Grammar |
| ZPD | - | Zone of proximal development |

## പട്ടികകൾ


| നമ്പർ | പേര് | പേജ് |
|---|---|---|
| 1. | പാഠ്യപദ്ധതി വിവിധ ഘട്ടങ്ങളിലൂടെ: താരതമ്യം | 85, 86 |
| 2. | പാഠ്യപദ്ധതി ഒരു താരതമ്യം | 139, 140 |
| 3. | ഭാഷാപഠനവും ഭാഷാസമഗ്രതാദർശനവും | 208, 209 |
| 4. | ഭാഷാവ്യവഹാരരൂപങ്ങൾ | 211 |
| 5. | വ്യവഹാരരൂപങ്ങളുടെ വർഗീകരണപ്പട്ടിക | 213 |
| 6. | കഥ: പാഠ്യപദ്ധതി പ്രസ്താവന തരംതിരിവ് | 216 |
| 7. | കഥ: പ്രവർത്തനങ്ങളുടെ എണ്ണപ്പട്ടിക | 219 |
| 8. | കഥ: വിശകലനവും കണ്ടെത്തലും | 225 |

# ഉപോദ്ഘാതം

# 0. മാതൃഭാഷാസ്വീകരണവും പാഠ്യപദ്ധതിയും

## 0.1 ഗവേഷണലക്ഷ്യം

മലയാളവും മലയാണ്മയും പതുക്കെപ്പതുക്കെ കേരളീയനിൽ നിന്നും അന്യമാകുന്നതിന്റെ അടയാളങ്ങൾ കഴിഞ്ഞ കുറേക്കാലമായി തെളിഞ്ഞുവരികയാണ്. മലയാളഭാഷയെക്കുറിച്ചും കേരളീയ സംസ്കാരത്തെക്കുറിച്ചും ഗൗരവമായി ചിന്തിക്കുന്നതിന് ഇത് വഴിയൊരുക്കി. ഇതിന്റെ ഭാഗമായി അധ്യയനമാധ്യമം മലയാളമാക്കുക, ഭരണഭാഷ മലയാളമാക്കുക എന്നീ ആവശ്യങ്ങൾ ഇപ്പോൾ സജീവമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഭാഷാപഠനത്തിൽ ഓരോ സമൂഹവും സ്വീകരിക്കുന്ന നിലപാടാണ് ഇത്തരം ആവശ്യങ്ങളിലേക്കും അതിന്റെ പ്രയോഗവൽക്കരണത്തിലേക്കും നയിക്കുന്നത്. ചിട്ടയായ ഒരു ഭാഷാപഠനവ്യവസ്ഥ ഉണ്ടാക്കിയെടുക്കുന്നതിലൂടെ മാത്രമേ ഏതൊരു നാടിന്റെയും പൈതൃകം സംരക്ഷിക്കപ്പെടുകയുള്ളൂ.

പ്രൈമറി ക്ലാസുകളിൽ നിന്നാരംഭിക്കുന്ന ഔപചാരികമായ മാതൃഭാഷാപഠനം പത്തു വർഷം പിന്നിടുമ്പോഴും ഭാഷാവിനിമയത്തിന് അവശ്യം നേടേണ്ട ശേഷികൾ കുട്ടിക്ക് കൈവരിക്കാൻ കഴിയുന്നില്ല എന്നത് ഗൗരവമായി ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. ഇതിന്റെ കാരണങ്ങൾ വസ്തുനിഷ്ഠമായി വിശകലനം ചെയ്യേണ്ടതുണ്ട്. ശ്രവണം, ഭാഷണം, വായന, ലേഖനം തുടങ്ങിയ ഭാഷാനൈപുണികളെ അടിസ്ഥാനമാക്കിയുള്ള ഭാഷാപഠനരീതിയിൽ നിന്നും തുടങ്ങി പഠനത്തിന് ഉപോദ്ബലകമായി ഭാഷാശാസ്ത്ര–മനഃശാസ്ത്ര സിദ്ധാന്തങ്ങളുടെയും പഠനരീതിയുടെയും പരിമിതി വരെ അന്വേഷിച്ചു ചെന്നാലേ ഭാഷാപഠനത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള കാരണങ്ങളും കണ്ടെത്താൻ കഴിയൂ. കുട്ടിക്ക് നിശ്ചിത കാലയളവിൽ ലഭിക്കേണ്ട പഠനാനുഭവങ്ങളുടെ ആകത്തുകയായിട്ടാണ് പാഠ്യപദ്ധതി പരിഗണിച്ചു വരുന്നത്. എങ്കിൽ, കുട്ടിയുടെ ഭാഷാവിനിമയശേഷീ വികസനത്തിനായി ഓരോ ഘട്ടത്തിലും ലഭിക്കേണ്ട പഠനാനുഭവങ്ങൾ എന്തെല്ലാമെന്ന് നിശ്ചയിക്കുന്നത് ഭാഷാപാഠ്യപദ്ധതിയാണ്. കുട്ടിയുടെ മാനസികവും ശാരീരി

കവുമായ വളർച്ച, ജീവിക്കുന്ന സാമൂഹ്യ-സാംസ്കാരിക പരിസരം, ആശയവിനിമയതലം എന്നിവ ഭാഷാപാഠ്യപദ്ധതി രൂപീകരണത്തിൽ പരിഗണിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ കാലികമായ മാറ്റങ്ങൾ പാഠ്യപദ്ധതി ഉൾക്കൊള്ളേണ്ടതുണ്ട്.

ഐക്യകേരളപ്പിറവിക്കു ശേഷം 1962ലാണ് ഏകീകൃതമായ പാഠ്യപദ്ധതി കേരളത്തിൽ നിലവിൽ വന്നത്.[1] അതുവരെ ഭാഷാഭ്യസനത്തിന് ഏകീകൃതരൂപം ഉണ്ടായിരുന്നില്ല. 1981ലും 1986ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി 1990ലും പാഠ്യപദ്ധതി പരിഷ്കരണം നടന്നു. യശ്പാൽ കമ്മിറ്റി റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ 1994ൽ അവശ്യപഠനനിലവാര (എം.എൽ.എൽ) പദ്ധതി നിലവിൽ വന്നു. 1997ലാണ് പുതിയ പാഠ്യപദ്ധതി പ്രാബല്യത്തിൽ വന്നത്.[2] കാലികമായ ഈ മാറ്റങ്ങൾ വിലയിരുത്തുമ്പോൾ ഭാഷാപഠനത്തിന്റെ വികാസശ്രേണി ബോധ്യമാകും.

അധ്യാപകകേന്ദ്രിതമായ ഭാഷാഭ്യസനരീതിയാണ് സ്വാതന്ത്ര്യാനന്തരകാലം മുതൽ നിലനിന്നിരുന്നത്. 'ഭാഷാബോധനം' എന്ന പ്രയോഗം തന്നെ അധ്യാപകന്റെ മേൽക്കൈയാണ് സാധൂകരിക്കുന്നത്. അറിവിന്റെ ഉറവിടമായി സ്വയം സങ്കൽപിച്ചുകൊണ്ടാണ് അധ്യാപകൻ പഠനാനുഭവങ്ങൾ ഒരുക്കിയിരുന്നത്. ആവർത്തനത്തിനും മനഃപാഠത്തിനും ഊന്നൽ നൽകിയിരുന്ന രീതി[3] കുട്ടിയുടെ സ്വതന്ത്രവും സഹജവുമായ ഭാഷാവികസനത്തെ പരിമിതപ്പെടുത്തി. പാഠപുസ്തകത്തിനപ്പുറത്തേക്ക് മാതൃഭാഷാപഠനത്തെ കൊണ്ടുവരാൻ അന്നു നിലനിന്നിരുന്ന പഠനരീതി സഹായകമായിരുന്നില്ല.[4]

പാഠപുസ്തകത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഭാഷാഭ്യസനമാണ് നിലനിന്നിരുന്നത്. ഓരോ പാഠത്തിലെയും ആശയം സ്വന്തം വാക്കുകൾ കൊണ്ട് അധ്യാപകൻ വിവരിക്കണമെന്ന് പാഠപുസ്തകത്തിൽ തന്നെ നിർദ്ദേശിക്കുന്നുണ്ട്.[5] പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ച സ്വാഭാവികമായ ഭാഷാപഠനം എന്ന ആശയത്തെ അക്കാലത്തെ പാഠപുസ്തകവും പഠനരീതിയും നിരാകരിക്കുകയാണ് ചെയ്തത്.[6] പാഠപുസ്തകങ്ങൾ കാലികമായ മാറ്റങ്ങൾക്ക്

1. കേരള സർക്കാർ 1, വിദ്യാഭ്യാസവകുപ്പ്, *ലോവർപ്രൈമറി ക്ലാസ്സുകളിലേക്കുള്ള സിലബസ്* 1–4 (തിരുവനന്തപുരം: ഗവ. പ്രസ്സ്, 1962) 3–4
2. കേരള സർക്കാർ 31, വിദ്യാഭ്യാസവകുപ്പ്, *പ്രാഥമികവിദ്യാഭ്യാസ പാഠ്യപദ്ധതി* (തിരുവനന്തപുരം: ഡി.പി.ഇ.പി., 1997)
3. കേരള സർക്കാർ 1, വിദ്യാഭ്യാസവകുപ്പ്, *ലോവർപ്രൈമറി ക്ലാസ്സുകളിലേക്കുള്ള സിലബസ്* 1–4 (തിരുവനന്തപുരം: ഗവ. പ്രസ്സ്, 1962) 3–4
4. കേരള സർക്കാർ 3, വിദ്യാഭ്യാസവകുപ്പ്, *പ്രൈമറി ക്ലാസ്സുകളിലേക്കുള്ള സിലബസ്* 1–7 (തിരുവനന്തപുരം: ഗവ. പ്രസ്സ്, 1981) 7–8
5. ടി.പി. വർഗീസ്, *നവീന മലയാള പാഠാവലി, രണ്ടാം പുസ്തകം* (മംഗലാപുരം: ബാസൽ മിഷൻ പ്രസ്സ്, 1938) vi
6. കേരള സർക്കാർ 1 iii

വിധേയമായിട്ടുണ്ടെങ്കിലും പാഠപുസ്തകകേന്ദ്രിതമായ പഠനരീതി തന്നെയായിരുന്നു നിലനിന്നിരുന്നത്. കുട്ടികൾക്കുള്ള പഠനപ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതും അവതരിപ്പിക്കുന്നതും വിലയിരുത്തുന്നതും ഭാഷാശാസ്ത്ര-മനഃശാസ്ത്ര പഠനസിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിലാവണം. കുട്ടിയുടെ പ്രകൃതം, പഠനരീതി, പഠനശൈലി, നിലവാരത്തിലുള്ള വ്യത്യാസം തുടങ്ങിയവ പരിഗണിച്ചുകൊണ്ട് ഭാഷാപഠനപ്രവർത്തനങ്ങൾ ഫലപ്രദമായി നൽകുന്നതിന് പഠനസിദ്ധാന്തങ്ങളുടെ പിൻബലം അനിവാര്യമാണ്. ചേഷ്ടാവാദത്തിലധിഷ്ഠിതമായ പഠനക്രമമാണ് ഏറെക്കാലം സ്വീകരിച്ചുവന്നത്.[7] കാലാനുസൃതമായി ഭാഷാപഠനസിദ്ധാന്തങ്ങളിൽ വന്ന വളർച്ച 1997 വരെയുള്ള ഭാഷാപഠനസമീപനത്തിൽ ഉൾച്ചേർന്നിരുന്നില്ല.

1997ൽ പുതിയ പ്രൈമറി പാഠ്യപദ്ധതി നിലവിൽ വന്നു. കുട്ടിയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പഠനസിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച പാഠ്യപദ്ധതി എല്ലാ അർത്ഥത്തിലും നവീനമായിരുന്നു എന്ന് അതിന്റെ പ്രയോക്താക്കൾ അവകാശപ്പെടുന്നുണ്ട്.[8] കുട്ടിയുടെ പ്രകൃതം പരിഗണിച്ചുകൊണ്ട് ഭാഷാപഠനലക്ഷ്യങ്ങൾ, പഠനരീതി, പാഠപുസ്തകം, പഠനാന്തരീക്ഷം എന്നിവ നിർണയിച്ചു.[9] ഭാഷാവിനിമയത്തിന്റെ സ്വാഭാവികസാധ്യതകൾ പ്രയോജനപ്പെടുത്തുകയും, ഭാഷാവിനിമയശേഷി വികസിപ്പിക്കുന്നതിന് ഊന്നൽ നൽകുകയും സർഗ്ഗാത്മകരചനകൾക്കും സ്വാഭാവികപഠനത്തിനും അവസരമൊരുക്കുകയും ചെയ്തു.[10]

### 0.1.1. പഠനലക്ഷ്യം

കേരളത്തിൽ 1997ൽ നിലവിൽവന്ന ലോവർ പ്രൈമറി ക്ലാസ്സുകളിലെ മലയാള പാഠ്യപദ്ധതിയെ ഭാഷാശാസ്ത്രപരവും മനഃശാസ്ത്രപരവുമായി വിശകലനം ചെയ്ത് മാതൃഭാഷാസ്വീകരണത്തിൽ പാഠ്യപദ്ധതിക്കുള്ള പങ്ക് കണ്ടെത്തുകയാണ് ഈ പഠനത്തിന്റെ പൊതുലക്ഷ്യം.

---

7. കെ.എം. രമേശൻ മറ്റും 2, *പ്രൈമറി പാഠ്യപദ്ധതിയുടെ സൈദ്ധാന്തികവശങ്ങൾ* (തിരുവനന്തപുരം: ഡി.പി.ഇ.പി., 2000) 16
8. കേരള സർക്കാർ 40, വിദ്യാഭ്യാസവകുപ്പ് *കിങ്ങിണിക്കൂട്ടം '99, പ്രോഗ്രാം ഇവാലേഷൻ റിപ്പോർട്ട്* (തിരുവനന്തപുരം: ഡി.പി.ഇ.പി., 1999) 3
9. കേരള സർക്കാർ 28, വിദ്യാഭ്യാസവകുപ്പ് *അധ്യാപകസഹായി, സ്റ്റാന്റേർഡ് 2* (തിരുവനന്തപുരം: എസ്.സി.ഇ.ആർ.ടി., 1998) 4–7
10. കെ.എൻ. ആനന്ദൻ 4, സാർവഭാഷിക വ്യാകരണവും ഭാഷാപഠനവും, *ശാസ്ത്രഗതി* (കൊച്ചി: കെ.എസ്.എസ്.പി., മെയ്. 1999) 4–8

### 0.1.1.1. പഠനലക്ഷ്യങ്ങൾ താഴെ പറയുന്ന രീതിയിൽ കൃത്യതപ്പെടുത്താം

**0.1.1.1.1:** 1997നു മുമ്പ് കേരളത്തിൽ നിലവിലുണ്ടായിരുന്ന ലോവർപ്രൈമറി മലയാള പാഠ്യപദ്ധതികളെ 1997ൽ നിലവിൽവന്ന ലോവർപ്രൈമറി മലയാള പാഠ്യപദ്ധതിയുമായി താരതമ്യം ചെയ്യുക.

**0.1.1.1.2:** കേരളത്തിലെ ലോവർ പ്രൈമറി ക്ലാസ്സുകളിൽ 1997 മുതൽ സ്വീകരിച്ചിരിക്കുന്ന മാതൃഭാഷാപാഠ്യപദ്ധതിയെ ആധുനിക മനഃശാസ്ത്ര-ഭാഷാശാസ്ത്രസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ വിശകലനം ചെയ്യുക.

**0.1.1.1.3:** 1997ലെ പുതിയ പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാടുകളും സമീപനങ്ങളും മാതൃഭാഷാസ്വീകരണത്തിന് എത്രമാത്രം സഹായകമാണെന്നു കണ്ടെത്തുക.

**0.1.1.1.4:** മാതൃഭാഷാസ്വീകരണത്തിൽ പാഠ്യപദ്ധതിയുടെ പരിമിതികൾ മറികടക്കുന്നതിനുള്ള പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുക.

## 0.2 ഗവേഷണത്തിന്റെ പ്രസക്തി

മാതൃഭാഷ ഏതൊരാൾക്കും ജീവവായു തന്നെയാണ്. തന്റെ സാമൂഹ്യ പരിതഃസ്ഥിതിയുമായി സംവദിക്കാനും സ്വയം വളരാനും സമൂഹത്തിൽ ഫലപ്രദമായി ഇടപെടാനും മാതൃഭാഷ വ്യക്തിക്ക് നൽകുന്ന ശക്തി അനുപമമാണ്. ജനനം മുതൽ ആരംഭിക്കുന്ന മാതൃഭാഷാപഠനം ജൈവികമായ ഒരു പ്രക്രിയയാണ്. ഭാഷാശേഷിയുടെ വളർച്ചാഘട്ടങ്ങൾ തിരിച്ചറിയാനും സ്വാഭാവികവും സ്വതന്ത്രവുമായ ഭാഷാനുഭവങ്ങൾ ലഭിക്കാനും അവസരമൊരുക്കണം.

ചിന്തയും ഭാഷയും ഒന്നുതന്നെ എന്ന തിരിച്ചറിവിലാണ് ഈ നൂറ്റാണ്ടിലെ ഭാഷാശാസ്ത്രം വികസിക്കുന്നത്. ചിന്തയുടെ സംഘാടനത്തിനുള്ള ഉപകരണമാണ് ഭാഷ. ഇവിടെ സൃഷ്ടിപരമായ ചിന്ത മാതൃഭാഷയുടെ പൂരകഘടകമാണ്.[11] ഔപചാരികമായ വിദ്യാഭ്യാസത്തിനു മുമ്പുതന്നെ മാതൃഭാഷയിൽ തന്റെ ആശയങ്ങൾ വിനിമയം ചെയ്യാൻ ഏതൊരു കുട്ടിയും പ്രാപ്തനായിരിക്കും. എന്നാൽ മാതൃഭാഷയുടെ വൈവിധ്യപൂർണമായ വിനിമയത്തിന് ആസൂത്രിതമായ പഠനപദ്ധതി അനിവാര്യമാണ്. വ്യത്യസ്ത ഭാഷാവ്യവഹാരരൂപങ്ങളിൽ പ്രാവീണ്യം നേടാനും അവ അർത്ഥപൂർണമായി പ്രയോഗിക്കാനുമുള്ള അവസരങ്ങൾ ലഭിക്കണം. എങ്കിൽ മാത്രമേ ആവശ്യാനുസരണം അവ പ്രയോജനപ്പെടുത്താൻ കഴിയൂ. ഇന്ന് ഹൈസ്കൂൾ തലത്തിൽ ഔപചാരിക വിദ്യാഭ്യാസം നട

11. കെ.എൻ. ആനന്ദൻ 1, *ഭാഷയും ഭാഷാപഠനവും* (തിരുവനന്തപുരം: ഡി.പി.ഇ.പി., 2000) 89

ത്തുന്ന കുട്ടികൾക്കുപോലും ഈ അർത്ഥത്തിലുള്ള ഭാഷാവിനിമയശേഷി ഇല്ലെന്നു നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.[12] എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്, ഇതിൽ മുൻകാലങ്ങളിലുണ്ടായ പാഠ്യപദ്ധതിക്ക് എന്തെങ്കിലും പങ്കുണ്ടോ തുടങ്ങിയ കാര്യങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ഇവിടെയാണ് ഈ ഗവേഷണം പ്രസക്തമാവുന്നത്.

പാഠ്യപദ്ധതിവിനിമയത്തിന്റെ ഫലമായി കുട്ടി നേടിയ ഭാഷാശേഷിയെ കണക്കിലെടുത്തുകൊണ്ട് ഭാഷാപാഠ്യപദ്ധതിയെ വിലയിരുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നിട്ടില്ല. അതുകൊണ്ടുതന്നെ പാഠ്യപദ്ധതിയുടെ ഘടകങ്ങളായ ഭാഷാപാഠപുസ്തകത്തിന്റെയും ഭാഷാപഠനരീതിയുടെയും കാര്യക്ഷമത നിർണയിക്കുക പ്രയാസമാണ്. ഔപചാരിക ഭാഷാപഠനത്തിന്റെ ഉല്പന്നങ്ങളായ പുതിയ തലമുറയുടെ ഭാഷാവ്യവഹാരരൂപങ്ങളിലുള്ള പരിമിതമായ വിനിമയശേഷി പഠനലക്ഷ്യങ്ങളുമായി ഒരു തരത്തിലും പൊരുത്തപ്പെടുന്നില്ല. ഇതു പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുക എന്നതും കാലികപ്രാധാന്യമുള്ളതാണ്.

## 0.3 പൂർവപഠനങ്ങൾ

മേൽ സൂചിപ്പിച്ച ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളൊന്നും ഇതുവരെയും നടന്നിട്ടില്ല. കേരളത്തിലെ പ്രൈമറി ക്ലാസ്സുകളിൽ 1997ൽ നടപ്പാക്കിയ പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായി മാതൃഭാഷാപഠനത്തെ സംബന്ധിച്ച നിരവധി കാഴ്ചപ്പാടുകൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. അവ പുസ്തകരൂപത്തിലും ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളായും പഠനറിപ്പോർട്ടുകളായുമാണ് അവതരിപ്പിക്കപ്പെട്ടത്.

വിദ്യാഭ്യാസദാർശനികരുടെ ചിന്തകൾ, മനഃശാസ്ത്രം മുന്നോട്ടുവയ്ക്കുന്ന പഠനസംബന്ധമായ കാഴ്ചപ്പാടുകൾ, സൈദ്ധാന്തിക മേഖലയിലുണ്ടായ വളർച്ച, നവമനഃശാസ്ത്ര സിദ്ധാന്തങ്ങൾ, ഭാഷാപഠനത്തിനുള്ള നവീനസമീപനങ്ങൾ എന്നിവ 'വിദ്യാഭ്യാസപരിവർത്തനത്തിന് ഒരാമുഖം' എന്ന ഗ്രന്ഥം ചർച്ച ചെയ്യുന്നുണ്ട്.[13]

ജില്ലാ പ്രാഥമികവിദ്യാഭ്യാസ പരിപാടി, കേരളം പ്രസിദ്ധീകരിച്ച 'പ്രൈമറി പാഠ്യപദ്ധതിയുടെ സൈദ്ധാന്തികവശങ്ങൾ', 'ഭാഷയും ഭാഷാപഠനവും' എന്നീ മോണോഗ്രാഫുകൾ പുതിയ പാഠ്യപദ്ധതി രൂപപ്പെടുത്തിയത് ഏറ്റവും നൂതനമായ പഠനരീതിശാസ്ത്രത്തിന്റെയും ആധുനിക മനഃശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിലാണെന്ന് അവകാശ

12. Anitha Ramphal 2, *Curriculam change for quality education, A Study of schools in D.P.E.P. and non D.P.E.P. districts in Kerala*, (New Delhi: NCERT, 2001) 51-52

13. കെ.എം. രമേശനും മറ്റും 1, *വിദ്യാഭ്യാസ പരിവർത്തനത്തിന് ഒരാമുഖം.* (കൊച്ചി: കെ.എസ്.എസ്.പി., 2002)

പ്പെടുന്നുണ്ട്.[14]

കോഴിക്കോട് സർവകലാശാലാ മനഃശാസ്ത്രവിഭാഗം നടത്തിയ പഠനത്തിന്റെ റിപ്പോർട്ട്, പാഠ്യപദ്ധതിയുടെ പൊതുവായ പുരോഗമനസ്വഭാവം വെളിപ്പെടുത്തുന്നതാണ്.[15] കുട്ടിയെ സംബന്ധിച്ച് സന്തോഷകരമായ അനുഭവമാണ് സ്കൂളിലുള്ളതെന്നും എന്നാൽ രക്ഷിതാക്കൾ, മാധ്യമങ്ങൾ സൃഷ്ടിച്ച ആശങ്കയുടെ പിടിയിലാണെന്നും അതിനെ മറികടക്കാൻ ഫലപ്രദമായ പ്രവർത്തനങ്ങൾ വേണമെന്നും റിപ്പോർട്ടിൽ ആവശ്യപ്പെടുന്നുണ്ട്.

എന്നാൽ ഇവയൊന്നും ഗവേഷണപ്രബന്ധങ്ങളല്ല. നിലവിലുള്ള പാഠ്യപദ്ധതിയെക്കുറിച്ച് സാമാന്യമായ പരാമർശങ്ങളുണ്ടെങ്കിലും മാതൃഭാഷാസ്വീകരണത്തിൽ പാഠ്യപദ്ധതിയുടെ സ്വാധീനമെന്തെന്ന് ഇവയിൽ നിരീക്ഷിച്ചിട്ടില്ല.

കേരളത്തിലെ വിദ്യാഭ്യാസമേഖലയിലെ ചലനങ്ങളൊക്കെത്തന്നെ ആനുകാലികങ്ങളിൽ സജീവമായി ചർച്ച ചെയ്യപ്പെടാറുണ്ട്. പാഠ്യപദ്ധതി, സിലബസ്, പാഠഭാഗങ്ങൾ, പരീക്ഷ എന്നീ മേഖലകളുമായി ബന്ധപ്പെട്ട പഠനങ്ങളും റിപ്പോർട്ടുകളും ലേഖനങ്ങളും ഇതിൽ ഉൾപ്പെടുന്നു. വിദ്യാഭ്യാസമേഖലയുടെ നവീകരണത്തെ ഇത്തരം ചർച്ചകൾ ഏറെ സ്വാധീനിച്ചിട്ടുണ്ട്. അക്കിത്തത്തിന്റെ 'എങ്ങോട്ടു പോണു മുത്ത്യമ്മേ' എന്ന കവിത തിരുത്തിയതും[16] 'ആത്യേ പൂത്യേ' എന്ന പാഠത്തിന്റെ തലക്കെട്ടിനെക്കുറിച്ചുള്ള വിമർശനവും[17] ഇതിനുദാഹരണങ്ങളാണ്. വിവാദങ്ങളും റിപ്പോർട്ടുകളും ലേഖനങ്ങളും പാഠ്യപദ്ധതിയുമായി സജീവമായ മാധ്യമബന്ധം സൃഷ്ടിച്ചെടുക്കാറുണ്ട്. പാഠ്യപദ്ധതി പരിഷ്കരണത്തിനു മുമ്പും പിമ്പുമുള്ള പഠനങ്ങൾ സാമൂഹികമായി ഈ രംഗത്തുണ്ടായ ബൗദ്ധിക ഇടപെടൽ കൃത്യമായി അടയാളപ്പെടുത്തുന്നു.

പാഠങ്ങൾ പഠിപ്പിക്കുക എന്ന പേരിൽ കുട്ടികളിലേക്ക് ജരാനരകൾ കടത്തിവിടുകയാണ് നിലവിലുള്ള പാഠ്യപദ്ധതിയുടെ സഹായത്തോടെ അധ്യാപകർ ചെയ്യുന്നതെന്ന്, 'പുതിയ കുട്ടികൾ പഴയ ഏടുകൾ' എന്ന ലേഖനത്തിൽ നിത്യചൈതന്യയതി ചൂണ്ടിക്കാട്ടുന്നു. കുഞ്ഞുങ്ങളുടെ മാനസികാവസ്ഥയും നിലവിലുള്ള പാഠ്യവസ്തുക്കളുടെ ഉള്ളട

14. ആനന്ദൻ 1, രമേശൻ 2

15. കേരള സർക്കാർ 41, വിദ്യാഭ്യാസവകുപ്പ്, *കേരള മനഃശാസ്ത്രപരിഷത്ത്, പഠനറിപ്പോർട്ട്,* (തേഞ്ഞിപ്പലം: കോഴിക്കോട് സർവകലാശാല, 1996) 8

16. കേരള സർക്കാർ 25, ചാത്തൂനെ കണ്ടോ കുട്ട്യോളേ? *പാഠപുസ്തകം, സ്റ്റാന്റേർഡ് 3* (തിരുവനന്തപുരം: ഡി.പി.ഇ.പി., 1997) 87

17. കേരള സർക്കാർ 24, വിദ്യാഭ്യാസവകുപ്പ്, 'ആത്യേ പൂത്യേ', *പാഠപുസ്തകം സ്റ്റാന്റേർഡ് 2* (തിരുവനന്തപുരം: ഡി.പി.ഇ.പി., 1997) 8

ക്കവും താരതമ്യം ചെയ്തുകൊണ്ടാണ് ലേഖകൻ ഇത്തരം ഒരു നിഗമനത്തിൽ എത്തിച്ചേരുന്നത്. ഈ ലേഖനം വ്യക്തിയും വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധത്തെ പുനർനിർണയിക്കുന്നു.[18]

സംസ്കൃതി വിദ്യാഭ്യാസ സെമിനാർ റിപ്പോർട്ടിൽ എം.കെ.സി. നായർ, ബി. ഇക്ബാൽ, രാജൻ ഗുരിക്കൾ എന്നിവരുടെ വിദ്യാഭ്യാസ വീക്ഷണങ്ങൾ പഠനവുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യുന്നു. നമ്മുടെ വിദ്യാലയങ്ങൾ കുട്ടികളെ യന്ത്രങ്ങളാക്കി മാറ്റുകയാണെന്ന് സെമിനാർ അഭിപ്രായപ്പെടുന്നു.[19]

നാടിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് വളരേണ്ട ഒരു തലമുറ അതിൽ നിന്നും മാറിനിന്നുകൊണ്ട് വിദ്യ അഭ്യസിക്കേണ്ടിവരുന്നതിലെ അനൗചിത്യം ചൂണ്ടിക്കാണിക്കുന്ന ലേഖനത്തിൽ കേരള വിദ്യാഭ്യാസമേഖലയിലെ അശാസ്ത്രീയതകൾ എം.ജി.എസ്. നാരായണൻ തുറന്നുകാട്ടുന്നു. കൊളോണിയൽ മാതൃകകൾ തകർക്കാതെ നമ്മുടെ വിദ്യാഭ്യാസമേഖലയെ രക്ഷപ്പെടുത്താനാവില്ലെന്ന് ലേഖകൻ സ്ഥാപിക്കുന്നു.[20]

പാഠ്യപദ്ധതിയുടെയും വിശേഷിച്ച് മാതൃഭാഷാപഠനത്തിന്റെയും നിലവാരത്തിന്റെ പ്രശ്നങ്ങളിലേക്കാണ് മേൽപ്പറഞ്ഞ പഠനങ്ങളും ലേഖനങ്ങളും വിരൽ ചൂണ്ടിയത്. പുതിയ പാഠ്യപദ്ധതി 1998-99 അധ്യയന വർഷത്തിൽ കേരളത്തിലൊട്ടുക്ക് നിലവിൽ വന്നപ്പോൾ സമീപനങ്ങളുടെ പ്രസക്തിയും പരിമിതികളും ഏറെ ചർച്ച ചെയ്യപ്പെടുകയുണ്ടായി. 1998 മുതൽ 2001 വരെ പുറത്തിറങ്ങിയ ആനുകാലികങ്ങളിൽ പുതിയ പാഠ്യപദ്ധതിയുടെ മികവുകളും ന്യൂനതകളും ചർച്ച ചെയ്യപ്പെട്ടിരുന്നു.

പുതിയ പാഠ്യപദ്ധതി കുട്ടികൾക്ക് ഏറെ യോജിച്ചതാണെന്ന് അഭിപ്രായപ്പെടുന്ന 'മാറുന്നതെന്ത്? മാറ്റങ്ങളെന്തിന്?' എന്ന കെ. ജയകുമാറിന്റെ ലേഖനത്തിൽ ഭാഷയിൽ ഉദ്ഗ്രഥിത സമീപനത്തിന്റെ ആവശ്യകത എടുത്തു പറയുന്നുണ്ട്. ആധുനിക മനഃശാസ്ത്ര സമീപനങ്ങൾ അവലംബിച്ചാണ് പുതിയ പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നതെന്ന് ലേഖകൻ വിശദീകരിക്കുന്നു.[21]

---

18. നിത്യചൈതന്യയതി, 'പുതിയ കുട്ടികൾ പഴയ ഏടുകൾ' *കേരള കൗമുദി വീക്കെൻഡ് മാഗസിൻ* (തിരുവനന്തപുരം, ഫെബ്രു, 9, 1992) 1

19. സി.ആർ. പ്രസാദ്, 'അഞ്ചരവയസ്സുള്ള കുട്ടികൾ', *കലാകൗമുദി വാരിക, ലക്കം 990* (കോഴിക്കോട്: സപ്തം. 4, 1994) 13

20. എം.ജി.എസ്. നാരായണൻ, വിദ്യാഭ്യാസം ഒരു ദുരന്തം, *മാതൃഭൂമി ആഴ്ചപ്പതിപ്പ് 72, 22* (കോഴിക്കോട്: ആഗ. 17, 1993) 19–24.

21. കെ. ജയകുമാർ, 'മാറുന്നതെന്ത്? മാറ്റങ്ങളെന്തിന്?', *കലാകൗമുദി വാരിക, ലക്കം 1239* (കോഴിക്കോട്: ജൂൺ 6, 1999) 22.

പുതിയ പാഠ്യപദ്ധതിയിലെ പഠനസമീപനവും അതിൽ അധ്യാപകരുടെ പങ്കും എടുത്തുപറയുന്ന എസ്. ഗുപ്തൻനായരുടെ ലേഖനത്തിൽ അധ്യാപകകേന്ദ്രിതമായ പഠനരീതിയെ പുതിയ പാഠ്യപദ്ധതിയിലൂടെ മാറ്റിയെടുത്ത് ശിശുകേന്ദ്രിതമാക്കാമെന്ന് ചൂണ്ടിക്കാട്ടുന്നു.[22]

എന്നാൽ അടിസ്ഥാനമില്ലാത്ത പാഠ്യപദ്ധതിയും സമീപനങ്ങളുമാണ് ഇവിടെ രൂപപ്പെട്ടിരിക്കുന്നത് എന്നു സമർത്ഥിക്കുന്ന ലേഖനങ്ങളുമുണ്ട്. കുട്ടികൾ എഴുത്തും വായനയും ശീലിക്കാതെ പാടിയും കളിച്ചും വളരുന്നു എന്നതാണ് സമീപനത്തിന്റെ 'മികവ്' എന്ന് എൻ.എ. കരീം വിമർശിക്കുന്നു.[23]

പാഠ്യപദ്ധതിയുടെ പരിമിതികൾ ചർച്ചചെയ്യുന്ന ലേഖനങ്ങൾ വേറെയും പ്രസിദ്ധം ചെയ്തിട്ടുണ്ട്. പാഠപുസ്തകത്തിലെ തെറ്റുകൾ ചർച്ചചെയ്യുന്ന രണ്ടു ലേഖനങ്ങൾ എം.ആർ. രാഘവവാരിയരുടേതായിട്ടുണ്ട്. ഭാഷാപഠനം, ശബ്ദാനുഭവവും വസ്തുബോധവും ആശയരൂപവത്കരണവും തമ്മിലുള്ള സങ്കീർണമായ ബന്ധസാകല്യങ്ങളിൽ വ്യാപരിക്കുന്ന ഒരു പ്രക്രിയയാണ്. അതിനാൽ വിദ്യാഭ്യാസത്തിന്റെ പ്രാഥമികഘട്ടത്തിൽ ശബ്ദാനുഭവം, വസ്തുബോധം, ആശയം എന്നിവയുടെ പരസ്പരബന്ധം ഉണ്ടാകേണ്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.[24] ഇങ്ങനെ മാധ്യമങ്ങളിലൂടെ വിനിമയം ചെയ്യപ്പെടുന്ന ആശയങ്ങൾ എത്രമാത്രം സാധുതയുള്ളതാണെന്ന് കണ്ടെത്തുന്നതിനും ഈ ഗവേഷണം സഹായിക്കും.

## 0.4 ഗവേഷണരീതി

ഗവേഷണത്തിനായി സ്വീകരിച്ച പ്രക്രിയകളെ ഏഴ് ഘട്ടങ്ങളിലായി ക്രോഡീകരിക്കാവുന്നതാണ്.

**0.4.1.** പഠനസൗകര്യം മുൻനിർത്തി പാഠ്യപദ്ധതിയെ കാലഘട്ടത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് ഘട്ടങ്ങളായി തരംതിരിച്ചു.

0.4.1.1. 1959ൽ കേരള വിദ്യാഭ്യാസചട്ടം രൂപീകരിക്കുന്നതിനുമുമ്പുള്ള കാലം–പൂർവഘട്ടം.

---

22. എസ്. ഗുപ്തൻനായർ, പ്രാഥമിക വിദ്യാഭ്യാസത്തിന്റെ നവീകരണം, *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 78.15 (ജൂൺ 4, 2000) 68.
23. എൻ.എ. കരീം, പാളിപ്പോയ പ്രാഥമികവിദ്യാഭ്യാസ പരിഷ്കാരം, *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 79.17 (ജൂൺ 1723, 2001) പു. 17.
24. എം.ആർ. രാഘവവാരിയർ, 'മുലപ്പാലിൽ വിഷം ചേർക്കുന്നവർ', *സമകാലിക മലയാളം വാരിക* 2, 52 (എറണാകുളം: മെയ് 4 1999).

0.4.1.2. 1959ൽ കേരള വിദ്യാഭ്യാസചട്ടം രൂപീകൃതമായതിനുശേഷമാണ് കേരളത്തിൽ ഏകീകൃതമായ പാഠ്യപദ്ധതി നിലവിൽ വന്നത്. അതുമുതൽ 1980 കൂടിയുള്ള കാലം-മാനകീകരണഘട്ടം.

0.4.1.3. 1981 മുതൽ 1994ൽ എം.എൽ.എൽ പദ്ധതി നിലവിൽവരുന്നതിനു മുമ്പുള്ള കാലം-എം.എൽ.എൽ പൂർവഘട്ടം.

0.4.1.4. 1994 മുതൽ 1997ൽ പുതിയ പാഠ്യപദ്ധതി നിലവിൽ വരുന്നതുവരെയുള്ള കാലം-എം.എൽ.എൽ ഘട്ടം.

0.4.1.5. 1997ൽ പുതിയ പാഠ്യപദ്ധതി നടപ്പാക്കിയതുമുതലുള്ള കാലഘട്ടം- പുതിയ പാഠ്യപദ്ധതി ഘട്ടം.

**0.4.2.** പാഠ്യപദ്ധതിയുടെ അടിസ്ഥാന ഘടകങ്ങളായ ഭാഷാപഠനലക്ഷ്യം, കുട്ടി, അധ്യാപകൻ, ആസൂത്രണം, പഠനരീതി, പഠനപ്രക്രിയ, പഠനതന്ത്രം, പഠനപ്രവർത്തനം, പാഠപുസ്തകം, മൂല്യനിർണയം എന്നിവയെക്കുറിച്ച് പൂർവഘട്ടം, മാനകീകരണഘട്ടം, എം.എൽ.എൽ പൂർവഘട്ടം, എം.എൽ.എൽ ഘട്ടം എന്നിവയിലെ മാതൃഭാഷാപാഠ്യപദ്ധതിയുടെ കാഴ്ചപ്പാടുകളും സമീപനങ്ങളുമെന്തെന്ന് കണ്ടെത്തുകയും പരസ്പരം താരതമ്യപ്പെടുത്തുകയും ചെയ്തു.

**0.4.3.** പാഠ്യപദ്ധതിയുടെ അടിസ്ഥാനഘടകങ്ങളെക്കുറിച്ച് പുതിയ പാഠ്യപദ്ധതിയുടെ കാഴ്ചപ്പാടുകളും സമീപനങ്ങളും കണ്ടെത്തുകയും പൂർവഘട്ടങ്ങളിലെ സമീപനങ്ങളുമായി താരതമ്യപ്പെടുത്തുകയും ചെയ്തു.

**0.4.4.** ആധുനിക ഭാഷാശാസ്ത്ര-മനഃശാസ്ത്രസിദ്ധാന്തങ്ങൾ, സാമൂഹ്യദർശനങ്ങൾ, അവയിൽനിന്നും രൂപപ്പെട്ട ബോധനശാസ്ത്രരീതികൾ എന്നിവ പാഠ്യപദ്ധതിയുടെ അടിസ്ഥാനഘടകങ്ങളിൽ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾ ക്രോഡീകരിച്ചു.

**0.4.5.** ആധുനിക ഭാഷാശാസ്ത്ര-മനഃശാസ്ത്ര സിദ്ധാന്തങ്ങളുടെ സമഗ്രരൂപമായ ഭാഷാസമഗ്രതാദർശനം മുൻനിർത്തി വ്യവഹാരരൂപങ്ങളെ വിശകലനം ചെയ്ത് പാഠ്യപദ്ധതി ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, ഉള്ളടക്കം എന്നിവയിലെ വളർച്ച കണ്ടെത്തി.

**0.4.6.** ആധുനിക ഭാഷാശാസ്ത്ര-മനഃശാസ്ത്ര സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതിയെ വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ വികസിപ്പിക്കുകയും പുതിയ പാഠ്യപദ്ധതിയെ വിലയിരുത്തുകയും ചെയ്തു.

**0.4.7.** വിലയിരുത്തലിന്റെ ഫലമായ കണ്ടെത്തലുകൾ ക്രോഡീകരിക്കുകയും പരിമിതികൾ മറികടക്കാനുള്ള നിർദ്ദേശങ്ങൾ ഭാഷാസമഗ്രതാദർശനത്തിന്റെ വെളിച്ചത്തിൽ മുന്നോട്ടുവയ്ക്കുകയും ചെയ്തു.

പാഠ്യപദ്ധതിരേഖകൾ, പാഠപുസ്തകങ്ങൾ, അധ്യാപകസഹായികൾ, ഈ ദിശയിലുള്ള മറ്റ് സർക്കാർ പ്രസിദ്ധീകരണങ്ങൾ, അധ്യാപകരുടെ ആസൂത്രണരേഖകൾ, പഠനറിപ്പോർട്ടുകൾ, പഠനോല്പന്നങ്ങൾ എന്നിവയാണ് പഠനത്തിനുവേണ്ടി പ്രയോജനപ്പെടുത്തിയ ആധികാരിക രേഖകൾ.

## 0.5 പ്രബന്ധസ്വരൂപം

മാതൃഭാഷാസ്വീകരണത്തിൽ പാഠ്യപദ്ധതിയുടെ പങ്ക് ഭാഷാശാസ്ത്രപരവും മനഃശാസ്ത്രപരവുമായി വിശകലനം ചെയ്യുന്ന ഈ പ്രബന്ധം ആറ് അധ്യായങ്ങളിലായി ക്രോഡീകരിക്കുന്നു. ഒന്നാമധ്യായം മാതൃഭാഷാപഠനത്തിന്റെ പൂർവകാലസമീപനങ്ങളും മാതൃകകളും അന്വേഷിക്കുന്നതാണ്. 1997ലെ പുതിയ പാഠ്യപദ്ധതിയിലെ ഘടകങ്ങളുടെ കാഴ്ചപ്പാടുകളും സമീപനങ്ങളും കണ്ടെത്തുകയും അവ പൂർവസമീപനങ്ങളുമായി താരതമ്യത്തിന് വിധേയമാക്കുകയുമാണ് രണ്ടാമധ്യായത്തിൽ. മൂന്നാമധ്യായത്തിൽ കാലികപ്രസക്തിയുള്ളതും നമ്മുടെ നാടിന്റെ വിദ്യാഭ്യാസലക്ഷ്യവുമായി പൊരുത്തപ്പെടുന്നതുമായ ഭാഷാശാസ്ത്ര- മനഃശാസ്ത്ര സിദ്ധാന്തങ്ങളും ദർശനങ്ങളും പരിചയപ്പെടുത്തുന്നു. കൂടാതെ ഈ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ട ബോധനരീതിശാസ്ത്രങ്ങളും ചർച്ച ചെയ്യുന്നു. നാലാമധ്യായത്തിൽ ഭാഷാസമഗ്രതാദർശനം പരിചയപ്പെടുത്തുകയും 'കഥ' എന്ന വ്യവഹാരരൂപം വിശദമായ വിശകലനത്തിന് വിധേയമാക്കുകയും ചെയ്യുന്നു. അഞ്ചാമധ്യായത്തിൽ ഭാഷാശാസ്ത്ര-മനഃശാസ്ത്രസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ 1997 ലെ പാഠ്യപദ്ധതി വിശകലനം ചെയ്യുന്നു. ആറാമധ്യായത്തിൽ മുൻ അധ്യായത്തിലെ വിശകലനഫലങ്ങളെ ക്രോഡീകരിക്കുകയും മാതൃഭാഷാസ്വീകരണം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്യുന്നു.

## അധ്യായം ഒന്ന്

# മാതൃഭാഷാപഠനം: പൂർവസമീപനങ്ങളും മാതൃകകളും

# 1. മാതൃഭാഷാപഠനം: പൂർവസമീപനങ്ങളും മാതൃകകളും

## 1.0 ആമുഖം

കേരളത്തിൽ 1997ൽ ആരംഭിച്ച ലോവർപ്രൈമറി ക്ലാസ്സിലെ മാതൃഭാഷാപാഠ്യപദ്ധതിഭാഷാശാസ്ത്രപരവും മനഃശാസ്ത്രപരവുമായി വിശകലനം ചെയ്ത് മാതൃഭാഷാസ്വീകരണത്തിൽ പാഠ്യപദ്ധതിയുടെ പങ്ക് കണ്ടെത്തുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. 1997ൽ പുതിയ പാഠ്യപദ്ധതി നിലവിൽ വരുന്നതിനുമുമ്പുള്ള ഭാഷാപഠനസമീപനങ്ങളെന്തെന്ന് അന്വേഷിച്ചറിയാനാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്. 1997നു മുമ്പുള്ള കാലഘട്ടത്തെ പഠനസൗകര്യത്തിനായി ഇവിടെ നാലായി തരംതിരിച്ചിട്ടുണ്ട്. 1959ൽ കേരള വിദ്യാഭ്യാസചട്ടം നിലവിൽ വരുന്നതിനു മുമ്പുള്ള കാലഘട്ടത്തെ ഒന്നാം ഘട്ടമായി പരിഗണിക്കുന്നു. ഈ ഘട്ടത്തെ 'പൂർവഘട്ടം' എന്നു വിളിക്കാം. 1959നു ശേഷമാണ് ഏകീകൃത പാഠ്യപദ്ധതി കേരളത്തിൽ നിലവിൽ വന്നത്. അതിനാൽ 1960 മുതൽ 1980 കൂടിയുള്ള കാലഘട്ടത്തെ 'മാനകീകരണഘട്ടം' എന്നും 1981 മുതൽ 1993 കൂടിയുള്ള ഘട്ടത്തെ 'എം.എൽ.എൽ പൂർവഘട്ടം' എന്നും 1994 മുതൽ 1997ൽ പുതിയ പാഠ്യപദ്ധതി രൂപപ്പെടുന്നതുവരെയുള്ള കാലത്തെ എം.എൽ.എൽ ഘട്ടം എന്നും തരംതിരിച്ചു. പഠനസൗകര്യം മുൻനിർത്തിയുള്ള വിഭജനം മാത്രമാണിത്.

ഈ അധ്യായത്തിന്റെ രചനയ്ക്ക് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഉപയോഗപ്പെടുത്തിയ പ്രധാന സാമഗ്രികൾ അതതു ഘട്ടത്തിലെ പാഠപുസ്തകങ്ങൾ, സിലബസ്, പാഠ്യപദ്ധതി, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ അധ്യാപകസഹായികൾ, വിവിധ കാലഘട്ടങ്ങളിലെ കമ്മീഷൻ റിപ്പോർട്ടുകൾ, പഠന റിപ്പോർട്ടുകൾ എന്നിവയാണ്.

പാഠ്യപദ്ധതിക്ക് ഭാഷാപഠനലക്ഷ്യങ്ങൾ, കുട്ടി, അധ്യാപകൻ, പാഠപുസ്തകം, പഠനരീതി, ആസൂത്രണം, പഠനപ്രവർത്തനം, മൂല്യനിർണയം എന്നീ പ്രധാന ഘടകങ്ങളുണ്ട്. ഈ ഘടകങ്ങളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും ലഭ്യമായ വിവരങ്ങളുടെ ക്രോഡീകരണവും താരതമ്യവുമാണ് ഈ അധ്യായത്തിൽ ലക്ഷ്യമിടുന്നത്.

## 1.1. ഭാഷാപഠനലക്ഷ്യങ്ങൾ

കേരളത്തിലെ ലോവർപ്രൈമറി ക്ലാസ്സുകളിലെ മാതൃഭാഷാപഠനം കൊണ്ട് വിവിധ കാലഘട്ടങ്ങളിൽ എന്താണ് ലക്ഷ്യമിട്ടിരുന്നത് എന്നാണ് ഈ ഖണ്ഡത്തിൽ അന്വേഷിക്കുന്നത്. അവയെ സാമാന്യമായി വിശദീകരിക്കുവാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

### 1.1.1. പൂർവഘട്ടം

1959നു മുമ്പുള്ള കാലഘട്ടത്തിലെ ഭാഷാപഠനലക്ഷ്യങ്ങൾ കണ്ടെത്തുന്നതിന് അക്കാലത്ത് നിലവിലിരുന്ന പാഠപുസ്തകങ്ങളെയാണ് ആശ്രയിച്ചിരിക്കുന്നത്. ഒന്നു മുതൽ നാലു വരെ ക്ലാസ്സിലെ പാഠപുസ്തകങ്ങൾ അപഗ്രഥിക്കുമ്പോൾ പദങ്ങളുടെ പഠനത്തിന് പ്രത്യേകം ഊന്നൽ നൽകിയതായി കാണാം. പള്ളത്ത് രാമൻ എഡിറ്റ് ചെയ്ത ഒന്നാംക്ലാസ്സിലേക്കുള്ള മലബാർ കോഹിനൂർ പാഠാവലി(1939)യിൽ അഞ്ഞൂറ്റി പതിനാറ് പദങ്ങളുണ്ട്. അതിൽ ഇരുനൂറ്റിരണ്ട്  പദങ്ങൾ കുട്ടികൾക്ക് പരിചയമില്ലാത്തവയാണ്. കൂടാതെ പാഠാരംഭത്തിൽ പുതിയ പദങ്ങൾ പ്രത്യേകം എടുത്തു ചേർത്തിട്ടുണ്ട്. ഇവയെല്ലാം സൂചിപ്പിക്കുന്നത് പദസമ്പത്ത് വർധിപ്പിക്കുക എന്നത് ഭാഷാപഠനത്തിന്റെ പ്രധാന ലക്ഷ്യമായി കരുതിയിരുന്നു എന്നാണ്.

പദങ്ങളുടെ ഉച്ചാരണത്തിനും ലേഖനത്തിനും പ്രാധാന്യം നൽകിക്കാണുന്നു. സ്പഷ്ടമായ ഉച്ചാരണത്തിനും ശരിയായ ലേഖനത്തിനും കൂട്ടക്ഷരങ്ങളും സംയുക്താക്ഷരങ്ങളുമായുള്ള പരിചയം അത്യാവശ്യമാണ്. അതുകൊണ്ട് ഒന്നാം ക്ലാസ്സിൽ തന്നെ മലയാളത്തിൽ സാധ്യമായ എല്ലാ കൂട്ടക്ഷരങ്ങളും സംയുക്താക്ഷരങ്ങളും അവതരിപ്പിക്കപ്പെട്ടു.

"ഭ്രമജനകങ്ങളായ സംയുക്താക്ഷരങ്ങൾ ഉണ്ടെങ്കിൽ അവയുടെ സ്വരൂപകഥനം ആവശ്യമാണ്. അവ ഉച്ചരിച്ചും ഉദാഹരിച്ചും വിശദമാക്കണം. പ്രയാസമേറിയ പദങ്ങൾ ശുദ്ധവും സ്പഷ്ടവുമായി ഉച്ചരിച്ച് അധ്യേതാവിന് സുഗ്രഹമാക്കണം. പാഠാരംഭത്തിൽ കൊടുത്തിട്ടുള്ള കഠിനപദങ്ങളുടെ അർത്ഥം നല്ലപോലെ വിസ്തരിക്കണം"[1] എന്ന് അധ്യാപകർക്കു നിർദ്ദേശം നൽകിയിരുന്നു. ഇതിൽനിന്നും ഭാഷാപഠനം കൊണ്ട് പദസമ്പത്ത് വർധിപ്പിക്കലും അക്ഷരബോധം കൈവരിക്കലുമാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് അനുമാനിക്കാം.

വാക്യങ്ങളും ഗദ്യപദ്യപാഠങ്ങളും പരിശോധിക്കുമ്പോൾ സാരോപദേശങ്ങൾക്കും ഗുണപാഠങ്ങൾക്കും ആസ്വാദനത്തിനും ഊന്നൽ നൽകുന്നതു കാണാം. പഴഞ്ചൊല്ലുകളും പാഠഭാഗങ്ങളും ആസ്വദിക്കുന്നതിന്റെ മാനദണ്ഡം അവയുടെ ആശയഗ്രഹണവും ഗുണപാഠ

1. ടി.പി. വർഗീസ് 1, *നവീന മലയാള പാഠാവലി രണ്ടാം പുസ്തകം* (മംഗലാപുരം: ബാസൽ മിഷൻ പ്രസ്സ്, 1938) vi

സ്വീകരണവുമാണ്. "കഥകളിൽ അനുമേയമായ സാന്മാർഗികത്വം വിദ്യാർത്ഥി സ്വയം നിഗമനം ചെയ്യേണ്ടതാണ്. അധ്യാപകൻ പറഞ്ഞുകൊടുക്കേണ്ടതില്ല"[2] എന്ന് പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

ഈ കാലഘട്ടത്തിലെ ഒന്നാം പാഠപുസ്തകത്തിൽ നാലോ അഞ്ചോ പാഠം കഴിയുമ്പോൾ ഒരു ആവർത്തനപാഠം ചേർത്തിട്ടുണ്ട്. പഠിച്ച പദങ്ങളും അക്ഷരങ്ങളും ഉറപ്പിക്കുകയാണ് അതിന്റെ ലക്ഷ്യം. എന്നാൽ ഭാഷണം, വായന, ഭാഷാഘടന, സാഹിത്യാസ്വാദനം എന്നീ മേഖലകളിൽ എന്താണ് ലക്ഷ്യംവച്ചിട്ടുള്ളത് എന്നു മനസ്സിലാക്കാൻ ഈ ആവർത്തനപാഠങ്ങൾ പര്യാപ്തമല്ല. പാഠപുസ്തകത്തിലെ പദങ്ങളുടെ സ്വഭാവം, പാഠങ്ങളുടെ തെരഞ്ഞെടുപ്പ് എന്നിവ പരിഗണിച്ചാൽ വരേണ്യമായ ഒരു സംസ്കാരത്തിലേക്കും വരേണ്യഭാഷാബോധത്തിലേക്കും കുട്ടിയെ നയിക്കുക എന്നതാണ് ലക്ഷ്യം എന്ന് കാണാൻ പ്രയാസമില്ല. ഭാഷയിലെ പ്രാദേശികത പൂർണമായും ഒഴിവാക്കുന്നതിനും മാനകീകൃതമായ ഭാഷ ഉപയോഗിക്കുന്നതിനും അക്കാലത്ത് ഭാഷാപഠനത്തിലൂടെ ലക്ഷ്യമിട്ടിരുന്നു. അതിനനുസൃതമായാണ് പാഠപുസ്തകം തയ്യാറാക്കിയിട്ടുള്ളത്.[3]

### 1.1.2 മാനകീകരണഘട്ടം

ഈ ഘട്ടത്തിൽ കേരളത്തിലുണ്ടായ പാഠ്യപദ്ധതി, സിലബസ് പരിഷ്കരണത്തിന്റെ ഭാഗമായി മുന്നോട്ടുവെച്ച ഭാഷാപഠനലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് ക്രോഡീകരിക്കാനാണ് ഇനിയുള്ള ശ്രമം.

1962നു മുമ്പ് നിലനിന്നിരുന്ന പാഠ്യപദ്ധതികളുടെ പരിമിതികൾ മറികടക്കുന്നതിനുള്ള ശ്രമം എന്ന നിലയ്ക്കാണ് 1962ൽ പാഠ്യപദ്ധതി പരിഷ്ക്കരണം നടത്തിയത്. 1962നു മുമ്പുള്ള പാഠ്യപദ്ധതിയുടെ പ്രധാന പരിമിതികളായി ചൂണ്ടിക്കാട്ടിയത് താഴെപ്പറയുന്ന കാര്യങ്ങളാണ്: ശബ്ദപ്രധാനമായിരുന്നു പാഠ്യപദ്ധതി. ആശയങ്ങളിലേക്കും അനുഭവങ്ങളിലേക്കും അത് ഇറങ്ങിച്ചെന്നിരുന്നില്ല. പദങ്ങൾക്കും അക്ഷരോച്ചാരണത്തിനും കൊടുത്ത അമിതപ്രാധാന്യവും ജീവിതാനുഭവങ്ങളിൽ നിന്നുള്ള അകൽച്ചയുമാണ് പൂർവഘട്ടത്തിന്റെ പരിമിതിയായി കണ്ടത്. ആരോഗ്യതാല്പര്യം, അഭിലഷണീയ അഭിഭാവം, നല്ല ശീലം, പ്രയോജനകരമായ കർമനൈപുണി, സഞ്ചിതവിജ്ഞാനം ഉപയോഗിച്ചുള്ള പ്രശ്നനിർധാരണം ഇവയൊന്നും പരിഗണിക്കാതെ വിജ്ഞാനസമ്പാദനം മാത്രമേ ലക്ഷ്യ

2. വർഗീസ് 1 vi
3. പള്ളത്ത് രാമൻ, *മലബാർ കോഹിനൂർ പാഠാവലി ഒന്നാം പുസ്തകം*. (കുന്ദംകുളം: എ.ആർപി. പ്രസ്സ്, 1939) 7

മിട്ടിരുന്നുള്ളൂ. അക്കാലത്ത് കലാലയപഠനത്തിന് വിദ്യാർത്ഥികളെ തയ്യാറാക്കലായിരുന്നു പ്രൈമറി പഠനത്തിന്റെ ലക്ഷ്യം. അതിനാൽ, കലാലയപഠനപദ്ധതിയുടെ ലഘുരൂപമായിരുന്നു സ്കൂൾ പാഠ്യപദ്ധതി. എന്തെല്ലാം പഠിപ്പിക്കണമെന്ന് പാഠ്യപദ്ധതിയിൽ കൃത്യമായ സൂചനയില്ലായിരുന്നു. ഓരോ വിഷയം പഠിപ്പിക്കുന്നതുകൊണ്ടും കൈവരിക്കേണ്ട ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് ഈ പാഠ്യപദ്ധതിയിൽ നിർവ്വചിച്ചിട്ടുണ്ട്.

മാനകീകരണഘട്ടത്തിൽ മാതൃഭാഷാഭ്യസനം കൊണ്ട് കൈവരിക്കേണ്ട കഴിവുകളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പരിശോധിക്കാം:

മാതൃഭാഷാഭ്യസനം നടത്തുന്ന വിദ്യാർത്ഥിക്ക് സാമാന്യം വേഗത്തിൽ സംസാരിക്കുന്നത് മനസ്സിലാക്കുന്നതിനും നല്ല ഭാഷയിൽ സ്പഷ്ടമായും തുടർച്ചയായും അനായാസമായും സ്വന്തം ആശയങ്ങൾ മറ്റുള്ളവരെ പറഞ്ഞു മനസ്സിലാക്കുന്നതിനും ലിഖിതഭാഷയിലുള്ള ആശയങ്ങൾ വായിച്ചു ഗ്രഹിക്കുന്നതിനും അർത്ഥം വ്യക്തമാകത്തക്കവണ്ണം വായിക്കുന്നതിനും നല്ല ഭാഷയിൽ എഴുതി പ്രകടിപ്പിക്കുന്നതിനും സാഹിത്യാസ്വാദനത്തിനും കഴിവുണ്ടാകണം. ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിൽ പഠിച്ചു വിദ്യാലയം വിടുന്ന ഒരു വിദ്യാർത്ഥിക്ക് ലഭിച്ച അക്ഷരജ്ഞാനം നഷ്ടമായിപ്പോകാതെ അറിവു നേടിക്കൊണ്ടിരിക്കാൻ വർത്തമാനപത്രങ്ങളും കഥാപുസ്തകങ്ങളും ലളിതഗ്രന്ഥങ്ങളും വായിക്കുന്നതിനുള്ള താല്പര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്.[4]

കുട്ടികളുടെ ലജ്ജാസങ്കോചാദികൾ നശിക്കുന്നതിനും ശ്രദ്ധ വളർത്തുന്നതിനും ആശയപ്രകാശനശക്തി വികസിപ്പിക്കുന്നതിനും പാഠ്യപദ്ധതി ലക്ഷ്യമിടുന്നു. ഭാഷാഘടനയെ സംബന്ധിച്ച വസ്തുതകൾ ഒന്നു മുതൽ നാലു വരെയുള്ള മാതൃഭാഷാപഠനം കൊണ്ട് കുട്ടി തിരിച്ചറിയണം. ആഖ്യ, ആഖ്യാതം, കർത്താവ്, കർമം, ക്രിയ, വിശേഷണം എന്നിവയെപ്പറ്റി സാമാന്യം അറിവുണ്ടാകണം.

വായനയെക്കുറിച്ചും നിയതമായ ലക്ഷ്യം നിർദ്ദേശിച്ചിട്ടുണ്ട്. ശ്രാവ്യവായനയിൽ തുടങ്ങി മൂന്നാംക്ലാസ്സിലെ രണ്ടാം പകുതിയെത്തുമ്പോഴേക്കും മൗനവായനയിലെത്തുകയാണ് ലക്ഷ്യം. ലേഖനത്തിലും കൃത്യമായ ലക്ഷ്യം നിർവചിക്കുന്നുണ്ട്. അനുഭവങ്ങളെ ആസ്പദമാക്കിയുള്ള രചനയ്ക്ക് പ്രാധാന്യം നൽകണം. രചനയുടെ സാങ്കേതികവസ്തുതകൾ പാലിച്ച് ലേഖനം നിർവഹിക്കാൻ കഴിയണം. ഖണ്ഡികാകരണം, വാക്യഘടന,

---

4. കേരള സർക്കാർ 1, വിദ്യാഭ്യാസവകുപ്പ്, *ലോവർപ്രൈമറി ക്ലാസ്സുകളിലേക്കുള്ള സിലബസ്* 1-4 (തിരുവനന്തപുരം: ഗവ. പ്രസ്സ്, 1962) 1

ബിന്ദു, കാകു, വിക്ഷേപിണി[5] തുടങ്ങിയ ചിഹ്നങ്ങൾ ഉപയോഗിക്കാനുള്ള കഴിവ് എന്നിവ വേണം. ഇവയെല്ലാമാണ് രചനാസങ്കേതങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്[6].

പദ്യങ്ങൾ ചൊല്ലുന്നതിലെ സംഗീതാലാപനശേഷി പ്രാഥമിക ലക്ഷ്യമല്ലെങ്കിലും അഭിലഷണീയമായി ഗണിക്കുന്നു. അന്യരിൽ നിന്നും അനുകരണം മൂലം വശമാക്കിയ പദങ്ങളുമായാണ് കുട്ടി സ്കൂളിലെത്തുന്നത്. നൈസർഗികമായ ശക്തി ഉപയോഗിച്ചാണ് കുട്ടി ഇത് സ്വായത്തമാക്കിയത്. പ്രത്യേക ബോധനമൊന്നും കൂടാതെത്തന്നെ കുട്ടിയിൽ ആയാസരഹിതമായി മാതൃഭാഷാസ്വീകരണം നടക്കുന്നു. എന്നാൽ, സ്കൂളിലെത്തുന്നതോടെ മേൽ സൂചിപ്പിച്ച ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനു വേണ്ടിയാണ് പാഠ്യപദ്ധതിയും മറ്റു സംവിധാനങ്ങളും വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

1962ലെ പാഠ്യപദ്ധതി വിഭാവനം ചെയ്ത ഭാഷാഭ്യസനലക്ഷ്യങ്ങൾ തന്നെയാണ് 1970കളിലും പരാമർശിച്ചു കാണുന്നത്. എന്നാൽ, അവ സൂക്ഷ്മമായി അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട് എന്നുമാത്രം. മന:ശാസ്ത്രജ്ഞനായ ബെഞ്ചമിൻ ബ്ലൂമിനെ പിന്തുടർന്നുകൊണ്ടുള്ള രീതിയാണ് ഇവിടെ അവലംബിച്ചിട്ടുള്ളത്.[7] ഒന്നാംക്ലാസ്സ് പ്രാഥമികഘട്ടമായും രണ്ടു മുതൽ നാലു വരെ ക്ലാസ്സുകളെ ദ്വിതീയഘട്ടമായുമാണ് പരിഗണിച്ചിട്ടുള്ളത്. അറിവുനേടുന്നു, ഗ്രഹിക്കുന്നു, പ്രകടിപ്പിക്കുന്നു, പ്രയോഗിക്കുന്നു, ആസ്വദിക്കുന്നു, നൈപുണി നേടുന്നു, താല്പര്യങ്ങളുണ്ടാക്കുന്നു എന്നിങ്ങനെ ഏഴു തലങ്ങളായി ഈ ഘട്ടങ്ങളിൽ ഭാഷാബോധനോദ്ദേശ്യങ്ങളെ വിഭജിച്ചിരിക്കുന്നു.[8]

### 1.1.2.1. പ്രാഥമിക ഘട്ടം

ഒന്നാംക്ലാസ്സിലെ ഭാഷാബോധന ഉദ്ദേശ്യങ്ങളാണ് ഇവിടെ പരാമർശിക്കുന്നത്.

1.1.2.1.1 അറിവു നേടുക എന്ന വിഭാഗത്തിൽ വാക്കുകളുടെ ഉച്ചാരണം ഓർമ്മിക്കുന്നു, സംഭാഷണത്തിനാവശ്യമായ പദങ്ങളുടെ പരിചയം നേടുന്നു, നിത്യോപയോഗത്തിലുള്ള നാമം, ക്രിയ, ഭേദകം, നിപാതം അവ്യയം എന്നീ വിഭാഗത്തിൽപ്പെട്ട ശബ്ദങ്ങളുമായി പരിചയപ്പെടുന്നു. അക്ഷരങ്ങളുടെ ഉച്ചാരണം ഓർമ്മിക്കുന്നു, അക്ഷരരൂപം പരിചയപ്പെ

5. കാകു (?) ചോദ്യവിഭാഗത്തിൽപെട്ട വാക്യങ്ങളുടെ അവസാനം ചേർക്കുന്ന ചിഹ്നം.
   വിക്ഷേപിണി (!) ആശ്ചര്യം, സങ്കടം, ആശംസ തുടങ്ങിയ ഭാവങ്ങളെ ദ്യോതിപ്പിക്കുന്ന വാക്യങ്ങളുടെ ഒടുവിൽ ചേർക്കുന്ന ചിഹ്നം. [ഡി. തുണ്ടിയിൽ, *കൈരളീമിത്രം* (കോട്ടയം: വിദ്യാർത്ഥിമിത്രം പ്രസ്സ്, 1979) 160-161]
6. കേരള സർക്കാർ 1 7
7. കേരള സർക്കാർ 2, വിദ്യാഭ്യാസ വകുപ്പ്, *ഉദ്ദേശ്യാധിഷ്ഠിത ബോധനം, വാർഷിക പ്ലാൻ, യൂണിറ്റ് പ്ലാൻ* (തിരുവനന്തപുരം: എസ്.ഐ.ഇ., 1970) 60
8. കേരള സർക്കാർ 2 60

ടുന്നു. പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, വസ്തുവും വസ്തുവിനെക്കുറിക്കുന്ന പദവും തമ്മിലുള്ള ബന്ധം എന്നിവ ഓർമിക്കുന്നു. സ്വരചിഹ്നങ്ങൾ, കൂട്ടക്ഷരരൂപം, പൂർണവിരാമം, കാകുചിഹ്നം, കവിതകൾ എന്നിവ പരിചയപ്പെടുകയും പാഠ്യാംശങ്ങൾ ഓർമിക്കുകയും ചെയ്യുന്നു.[9]

1.1.2.1.2 ഗ്രഹണം എന്ന രണ്ടാമത്തെ വിഭാഗത്തിൽ വാക്കുകളുടെ അർത്ഥം, അർത്ഥവ്യത്യാസം എന്നിവ കണ്ടെത്തുക, അക്ഷരസ്ഫുടതയോടുകൂടി നിറുത്തേണ്ടിടത്ത് നിറുത്തി വായിക്കുക, വിവക്ഷിതം കണ്ടുപിടിക്കുക, ഉദാഹരണങ്ങളും ശരിയുത്തരവും നൽകുക തുടങ്ങിയ സൂക്ഷ്മാംശങ്ങളാണ് നൽകിയിട്ടുള്ളത്.[10]

1.1.2.1.3 പ്രകടനം എന്ന ഘട്ടത്തിലാകട്ടെ, വാചികമായും ലിഖിതമായും പ്രകടിപ്പിക്കുന്നതിന്റെ സൂക്ഷ്മാംശങ്ങൾ വെവ്വേറെ നൽകിയിട്ടുണ്ട്.[11]

1.1.2.1.4 പ്രയോഗത്തിന്റേതായ നാലാമത്തെ ഘട്ടത്തിൽ അക്ഷരം ചേർത്ത് പദമുണ്ടാക്കുന്നതിനും പദം വാക്യത്തിൽ പ്രയോഗിക്കുന്നതിനും പുതിയ ഉദാഹരണങ്ങൾ കണ്ടുപിടിക്കുന്നതിനും ലക്ഷ്യമിടുന്നു.[12]

1.1.2.1.5. കവിത യോജിച്ച ഈണത്തിൽ ചൊല്ലുന്നതിനും ശബ്ദമാധുര്യം കണ്ടെത്തുന്നതിനും പരപ്രേരണ കൂടാതെ കവിത ഹൃദിസ്ഥമാക്കുന്നതിനും ഇഷ്ടപ്പെട്ട വരികൾ കണ്ടുപിടിക്കുന്നതിനുമാണ് ആസ്വാദനഘട്ടത്തിൽ ലക്ഷ്യമിടുന്നത്.[13]

1.1.2.1.6 അക്ഷരമെഴുതുന്നതിൽ വടിവു പാലിക്കുന്നതിനും ചുണ്ടനക്കാതെ മൗനമായി വായിക്കുന്നതിനുമുള്ള ശേഷികളെയാണ് നൈപുണിയായി കണ്ടിരിക്കുന്നത്[14].

1.1.2.1.7 പാഠ്യേതരകവിതകൾ മനഃപാഠമാക്കുക, കഥകൾ കേൾക്കാൻ താല്പര്യമുണ്ടാക്കുക, ചിത്രകഥകളും പദ്യപുസ്തകങ്ങളും ശേഖരിക്കുക എന്നിവയെല്ലാം വിദ്യാർത്ഥി

---

9. കേരള സർക്കാർ 2 60
10. കേരള സർക്കാർ 2 60
11. വാചികം: ശബ്ദം നിയന്ത്രിച്ച് ആവശ്യാനുസരണം വേഗത്തിൽ ഉച്ചാരണശുദ്ധിയോടുകൂടി, തുടർച്ചയായി ശുദ്ധമായ ഭാഷയിൽ സംസാരിക്കുന്നതിനും കഥകൾ പറയുന്നതിനും ചിത്രങ്ങളിൽ അടങ്ങിയ കഥകൾ പറയുന്നതിനും ലഘുവാക്യങ്ങളിൽ ഉത്തരം പറയുന്നതിനും ശേഷി നേടണം.

    ലിഖിതം: അക്ഷരങ്ങൾ, പദങ്ങൾ, വാക്യങ്ങൾ എന്നിവ തെറ്റുകൂടാതെ എഴുതുന്നതിനും പദങ്ങൾ അക്ഷരം ചേർത്ത് പൂരിപ്പിക്കുന്നതിനും വാക്യങ്ങൾ പൂരിപ്പിക്കുന്നതിനും വാക്യങ്ങൾ ചേർത്ത് ലഘുഖണ്ഡികകൾ ഉണ്ടാക്കുന്നതിനും ലക്ഷ്യമിടുന്നു. (കേരള സർക്കാർ 2 60)
12. കേരള സർക്കാർ 2 61
13. കേരള സർക്കാർ 2 61
14. കേരള സർക്കാർ 2 61

യുടെ ഭാഷാപരമായ താല്പര്യം വെളിവാക്കുന്നു എന്ന് ഈ ഘട്ടം അവകാശപ്പെടുന്നു.[15]

**1.1.2.2. ദ്വിതീയഘട്ടം**

രണ്ടുമുതൽ നാലുവരെ ക്ലാസ്സുകളിലെ ഭാഷാബോധനോദ്ദേശ്യങ്ങളാണ് ഇവിടെ പരാമർശിക്കുന്നത്.

1.1.2.2.1. വിദ്യാർത്ഥി അറിവ് നേടുന്നു. പദങ്ങളുടെ ഉച്ചാരണം തിരിച്ചറിയുന്നതിനും പുതിയ പദങ്ങളുടെ പരിചയം നേടുന്നതിനും വാക്യം, ഖണ്ഡിക, കഥ, നാടകം, വിവരണം, കവിത തുടങ്ങിയവയുടെ രൂപങ്ങളുമായി പരിചയപ്പെടുന്നതിനും ഓരോ പദങ്ങളുമായി ബന്ധപ്പെട്ട മറ്റു പദങ്ങൾ ഓർമിക്കുന്നതിനും അനുപ്രയോഗം കൊണ്ടുള്ള അർത്ഥവ്യത്യാസം കണ്ടുപിടിക്കുന്നതിനും സമസ്തപദങ്ങളുടെ വിഗ്രഹാർത്ഥം, ഭാഷാവൃത്തങ്ങളുടെ കഥനം എന്നിവ പരിചയപ്പെടുന്നതിനും നല്ല ഗദ്യപദ്യഭാഗങ്ങൾ ഹൃദിസ്ഥമാക്കുന്നതിനും പാഠ്യവസ്തുക്കൾ ഓർമിക്കുന്നതിനും ലക്ഷ്യമിടുന്നു[16].

1.1.2.2.2. വിദ്യാർത്ഥി ഗ്രഹിക്കുന്നു. വിവക്ഷിതം കണ്ടുപിടിക്കുന്നു. ഉദാഹരണങ്ങൾ നൽകുന്നു. ഗ്രഹിച്ച വസ്തുക്കളെ വർഗീകരിക്കുന്നു. ആശയങ്ങൾ സാമാന്യവല്ക്കരിക്കുന്നു. സന്ദർഭം കൊണ്ട് പദങ്ങൾക്കുണ്ടാകുന്ന അർത്ഥഭേദം കണ്ടുപിടിക്കുന്നു. കേന്ദ്രാശയവും ശരിയായ ഉത്തരവും കണ്ടുപിടിക്കുന്നു. ഉചിതമായ ചോദ്യങ്ങൾ ചോദിക്കുന്നതിനും മുന്നറിവുമായി താരതമ്യപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു.[17]

1.1.2.2.3. വിദ്യാർത്ഥി ഗ്രഹിച്ചത് പ്രകടിപ്പിക്കുന്നു. ഇവിടെ വാചികവും ലിഖിതവും വെവേറെ നൽകിയിട്ടുണ്ട്.[18]

1.1.2.2.4. വിദ്യാർത്ഥി പ്രയോഗിക്കുന്നു. സ്വന്തമാക്കേണ്ട പദങ്ങൾ, പ്രയോഗവിശേഷങ്ങൾ, ശൈലികൾ ഇവ സ്വന്തം വാക്യത്തിൽ പ്രയോഗിക്കുന്നു. പുതിയ ഉദാഹരണങ്ങൾ കണ്ടുപിടിക്കുന്നതിനും അർത്ഥവ്യത്യാസം കൂടാതെ രൂപാന്തരപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു[19].

---

15. കേരള സർക്കാർ 2 62
16. കേരള സർക്കാർ 2 62
17. കേരള സർക്കാർ 2 62
18. വാചികം: ആവശ്യാനുസരണം ശബ്ദം നിയന്ത്രിച്ചും വേഗത്തിലും നിറുത്തേണ്ടിടത്ത് നിറുത്തിയും ശുദ്ധമായ ഭാഷയിലും ഉചിതമായ പദങ്ങൾ ഉപയോഗിച്ചും അനുചിതമായ അംഗവിക്ഷേപങ്ങൾ കൂടാതെയും സംസാരിക്കുന്നതിനും ഭാഷണത്തിൽ സഭ്യതയും മര്യാദയും പാലിക്കുന്നതിനും നിറുത്തേണ്ടിടത്ത് നിറുത്തി വായിക്കുന്നതിനും ലക്ഷ്യമിടുന്നു.

    ലിഖിതം: തെറ്റു കൂടാതെ പൂർവാപരബന്ധത്തോടു കൂടി ശരിയായ ചിഹ്നങ്ങൾ, ഉദ്ധരണികൾ, ഉചിതപദങ്ങൾ ചേർത്ത് എഴുതുന്നതിന് ഉദ്ദേശിക്കുന്നു. (കേരള സർക്കാർ 2 63)
19. കേരള സർക്കാർ 2 64

1.1.2.2.5. വിദ്യാർത്ഥി ആസ്വദിക്കുന്നു. പദ്യങ്ങൾ ഈണത്തിൽ ചൊല്ലുന്നതിനും ഇതിവൃത്തം പറയുന്നതിനും ശബ്ദസൗന്ദര്യം, അർത്ഥഭംഗി, സുന്ദരമായ വരികൾ, ഇഷ്ടപ്പെട്ട വരികൾ, അതിനുള്ള കാരണങ്ങൾ എന്നിവ കണ്ടെത്തുന്നതിനും ലക്ഷ്യമിടുന്നു.[20]

1.1.2.2.6. വിദ്യാർത്ഥി ഭാഷാപരമായ നൈപുണ്യം നേടുന്നു. മൗനവായനയിലും ശ്രാവ്യവായനയിലും വേഗത നേടുന്നതിനും ദൃഷ്ടിവ്യത്യാസത്തിന്റെ വ്യാപ്തി വർദ്ധിക്കുന്നതിനും അക്ഷരങ്ങൾ, പദങ്ങൾ, വരികൾ എന്നിവ തമ്മിലുള്ള അകലത്തിൽ നിഷ്ഠവയ്ക്കുന്നതിനും അക്ഷരവടിവ്, വ്യക്തത, ഭംഗി എന്നിവ ദീക്ഷിക്കുന്നതിനും കഴിവു നേടുന്നു.[21]

1.1.2.2.7 വിദ്യാർത്ഥികൾക്ക് ഭാഷാപരമായ അഭിരുചി ഉണ്ടാക്കുന്നു. പാഠ്യേതര ഗ്രന്ഥങ്ങൾ വായിക്കുന്നതിനും കവിതാഭാഗങ്ങൾ ഹൃദിസ്ഥമാക്കുന്നതിനും സാഹിത്യസമാജങ്ങളിലും കലാപരിപാടികളിലും പങ്കെടുക്കുന്നതിനും ഗ്രന്ഥങ്ങളോടും ഗ്രന്ഥകാരന്മാരോടും ബഹുമാനം ഉണ്ടാക്കുന്നതിനും ഗ്രന്ഥങ്ങൾ സൂക്ഷിക്കുന്നതിൽ നിഷ്ഠ വയ്ക്കുന്നതിനും ഉദ്ദേശിക്കുന്നു.[22]

**1.1.3. എം.എൽ.എൽ പൂർവഘട്ടം**

1981 മുതൽ 1994ൽ എം.എൽ.എൽ പദ്ധതി ആരംഭിക്കുന്നതുവരെയുള്ള കാലത്ത് ഭാഷാബോധന ലക്ഷ്യങ്ങളിൽ വന്നിരിക്കുന്ന വികാസ പരിണാമങ്ങളാണ് ഇനി ചർച്ചക്ക് വിധേയമാക്കുന്നത്. 1964–66ലെ ഇന്ത്യൻ എഡ്യുക്കേഷൻ കമ്മീഷന്റെ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി എൻ.സി.ഇ.ആർ.ടി. തയ്യാറാക്കിയ കരട് സിലബസിന്റെ വെളിച്ചത്തിൽ സംസ്ഥാനത്ത് സിലബസ് പരിഷ്കരണം 1968ൽ തന്നെ ആരംഭിച്ചു. 1970–71ൽ ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകളിലെ സിലബസ് പരിഷ്ക്കരണം നടന്നു. 1976 ൽ പരിഷ്കരിച്ച പാഠ്യപദ്ധതി നടപ്പാക്കി. 1976–ൽ പുറത്തിറക്കിയ പാഠ്യപദ്ധതിയുടെ പരിഷ്ക്കരണമാണ് 1980– 81ൽ നടന്നത്. പിന്നീട് 1986ലെ ദേശീയ വിദ്യാഭ്യാസനയ(എൻ.പി.ഇ)ത്തിന്റെ ഭാഗമായി 1990ൽ വീണ്ടും പാഠ്യപദ്ധതി പരിഷ്കരിച്ചു. ഈ പരിഷ്കരണങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള മാതൃഭാഷാഭ്യസന ലക്ഷ്യങ്ങൾ കണ്ടെത്തുകയാണ് ഈ ഖണ്ഡത്തിൽ ചെയ്യുന്നത്.

20. കേരള സർക്കാർ 2 64
21. കേരള സർക്കാർ 2 64
22. കേരള സർക്കാർ 2 64

### 1.1.3.1. 1981ലെ പാഠ്യപദ്ധതി പരിഷ്കരണം

1981ലെ സിലബസിന്റെ ആമുഖമായി പൊതുവിദ്യാഭ്യാസലക്ഷ്യം പ്രഖ്യാപിക്കുന്നുണ്ട്. ജനങ്ങളുടെയും മതങ്ങളുടെയും പ്രദേശത്തിന്റേയും രാജ്യത്തിന്റെതന്നെയും സംസ്കാരത്തിലും ജീവിതരീതിയിലും അഭിമാനം കൊള്ളാനും അവശത അനുഭവിക്കുന്നവരെ സഹായിക്കുന്നതിൽ സന്നദ്ധത ഉണ്ടാക്കുന്ന തരത്തിൽ സാമൂഹ്യ ഉത്തരവാദിത്വം വികസിപ്പിക്കുന്നതിനും ഉല്പാദന പ്രക്രിയയിലും സാമൂഹ്യ വികസനപ്രക്രിയയിലും പങ്കാളിയായി രാജ്യസേവനത്തിനുള്ള താല്പര്യം വികസിപ്പിച്ച് ജീവിതം അർത്ഥപൂർണമാക്കുന്നതിനും ലക്ഷ്യമിടുന്നു. വിശാലമായ ഈ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിലാണ് ഭാഷാബോധനലക്ഷ്യങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. "അന്യർ സാമാന്യം വേഗത്തിൽ സംസാരിക്കുന്നത് ഗ്രഹിക്കുക, സ്വന്തം ആശയങ്ങൾ മറ്റുള്ളവരെ അനായാസമായി ശുദ്ധഭാഷയിൽ പറഞ്ഞു മനസ്സിലാക്കുക, ആശയങ്ങൾ വായിച്ചു ഗ്രഹിക്കുക, അർത്ഥം വ്യക്തമാകത്തക്കവണ്ണം വായിക്കുക, നല്ല ഭാഷയിൽ എഴുതി പ്രകടിപ്പിക്കുക എന്നിവയാണ് ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ ഭാഷാബോധനലക്ഷ്യങ്ങൾ."[23] നാലാംക്ലാസ്സു വരെ പഠിച്ച് കഴിയുമ്പോൾ അക്ഷരജ്ഞാനം നഷ്ടമായിപ്പോവാതെ അറിവു നേടിയെടുക്കാനും വർത്തമാനപത്രങ്ങളും കഥാപുസ്തകങ്ങളും ലളിതഗ്രന്ഥങ്ങളും വായിക്കുന്നതിനുള്ള താല്പര്യം ഉണ്ടാക്കിയെടുക്കാനും അതുവരെയുള്ള ഭാഷാബോധനം കൊണ്ട് കഴിയണം.

ഇതുവരെ ചർച്ച ചെയ്തത് ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലെ ഭാഷാബോധനത്തിന്റെ പൊതുലക്ഷ്യങ്ങളാണ്. ഓരോ ക്ലാസ്സിന്റെയും ലക്ഷ്യങ്ങൾ പ്രത്യേകമായി നിർവചിച്ചിട്ടുണ്ട്.[24]

---

23. കേരള സർക്കാർ 3, വിദ്യാഭ്യാസ വകുപ്പ്, *പ്രൈമറി സ്കൂൾ സിലബസ് 1-7* (തിരുവനന്തപുരം: എസ്.ഐ.ഇ., 1981) 7

24. ഒന്നാം ക്ലാസ്സിലെ ഭാഷാബോധന ലക്ഷ്യങ്ങളായി നിർദ്ദേശിച്ചിട്ടുള്ളത് പ്രധാനമായും നാലു കാര്യങ്ങളാണ്. അന്യർ സംസാരിക്കുന്നത് ഗ്രഹിക്കുക, സ്വന്തം ആശയങ്ങൾ മറ്റുള്ളവരെ അനായാസമായി ഗ്രഹിപ്പിക്കുക, അവ എഴുതുക എന്നിവ.

    രണ്ടാംക്ലാസ്സിലെ ബോധനലക്ഷ്യങ്ങൾ ഒന്നാംക്ലാസ്സിലേതിൽ നിന്നും ഏറെ വിഭിന്നമല്ല. ഒന്നാം സ്റ്റാന്റേഡിൽ നേടിയ ഭാഷാപരമായ കഴിവുകൾ സംപുഷ്ടമാക്കാൻ പര്യാപ്തമാവണം ഈ സ്റ്റാൻഡേർഡിലെ ബോധനം. (കേരള സർക്കാർ 3 7)

    പഠിച്ച പദങ്ങൾ, കൂട്ടക്ഷരങ്ങൾ, ഉച്ചാരണത്തിലും രൂപത്തിലും സംശയം ഉണ്ടാകാനിടയുള്ള വ്യഞ്ജനങ്ങൾ എന്നിവ ആവർത്തിച്ചുറപ്പിക്കാൻ ഈ സ്റ്റാൻഡേർഡിലെ ആരംഭകാലം ഉപയോഗിക്കാം. ഭാഷണം, വായന, ലേഖനം തുടങ്ങിയ സിദ്ധികൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ തക്കവണ്ണം ആകെയുള്ള സമയത്തെ സമുചിതമായി വിഭജിക്കണം. കൂടാതെ മലയാളം അക്ഷരമാലയിലെ എല്ലാ അക്ഷരങ്ങളും പ്രധാനപ്പെട്ട കൂട്ടക്ഷരങ്ങളും ആവർത്തിച്ചുറപ്പിക്കാനും രണ്ടാം സ്റ്റാൻഡേർഡിൽ അവസരമുണ്ടാക്കുന്നു.

    ഒന്നാം സ്റ്റാൻഡേർഡിൽ ഉദ്ദേശിച്ച ശേഷികളുടെ ദൃഢീകരണവും മെച്ചപ്പെടുത്തലുമാണ് രണ്ടാം സ്റ്റാൻഡേർഡിൽ ഉദ്ദേശിച്ചതെങ്കിൽ മൂന്നാം സ്റ്റാന്റേർഡിൽ ആശയ സ്വീകരണത്തിലും പ്രകടനത്തിലും വേഗതയും കൃത്യതയും വേണമെന്നുദ്ദേശിക്കുന്നു. കൂടാതെ വ്യാകരണകാര്യങ്ങളും മൗന

### 1.1.3.2 1990ലെ പാഠ്യപദ്ധതിപരിഷ്കരണം

എം.എൽ.എൽ പൂർവഘട്ടത്തിൽ 1986ൽ ദേശീയതലത്തിൽ നൂതനവിദ്യാഭ്യാസ നയം രൂപപ്പെട്ടു. ദേശീയവിദ്യാഭ്യാസനയത്തിന്റെ മാർഗനിർദ്ദേശാനുസരണം സംസ്ഥാനത്തെ ലോവർ പ്രൈമറി ക്ലാസ്സുകളിലേക്ക് വേണ്ടി തയ്യാറാക്കിയ പാഠ്യപദ്ധതി 1990-91 വർഷത്തിൽ നിലവിൽ വന്നു. മാതൃഭാഷാപഠനത്തിന്റെ സാമൂഹ്യവത്കരണത്തിലൂന്നിയ കാഴ്ചപ്പാടുകൾ ഈ പാഠ്യപദ്ധതിയിൽ അനാവരണം ചെയ്യുന്നുണ്ട്. ഈ പാഠ്യപദ്ധതിയിൽ മാതൃഭാഷാപഠനം ദൈനംദിന വ്യവഹാരങ്ങൾക്കോ സാഹിത്യസംരംഭങ്ങൾക്കോ മാത്രമുള്ള ഒരുപകരണമായല്ല, വിജ്ഞാനവാഹകവും ബോധനമാധ്യമവും ഭരണഭാഷയും നൈപുണികളുടെ അന്തർധാരയും വിശ്വസാഹിത്യത്തിലേക്കുള്ള ചവിട്ടുപടിയും ആയാണ് വിഭാവനം ചെയ്തിട്ടുള്ളത്. നമ്മുടെ അസ്തിത്വത്തിന്റെ ആധാരശിലയാണ് ഭാഷ. ഭാഷ ഭാഷയ്ക്കു വേണ്ടി, ഭാഷ ആശയവിനിമയത്തിനു വേണ്ടി, ഭാഷ സാഹിത്യത്തിനു വേണ്ടി ഇങ്ങനെ പരസ്പര പൂരകങ്ങളായ മൂന്ന് മാനങ്ങൾ ഭാഷയ്ക്കുണ്ട്. ഭാഷയുടെ ഈ ത്രിമാനസ്വഭാവത്തെ സോദ്ദേശ്യമായും ശാസ്ത്രീയമായും വളർത്തുന്നിടത്താണ് അധ്യാപകന്റെ കർത്തവ്യം ആരംഭിക്കുന്നത്. ഇവയെ സമഞ്ജസമായി ഏകീഭവിപ്പിച്ച് ഭാഷാപ്രയോഗക്ഷമത വളർത്തണം. "ഭാഷ സ്വാധീനമാക്കേണ്ടതിന്റെ പരമമായ ലക്ഷ്യം വ്യക്തിയുടെ സാമൂഹ്യവല്ക്കരണമാണ്. ആശയവിനിമയവും, സമഗ്രവും വ്യാപകവുമായ സാഹിത്യാസ്വാദനവും, സാഹിത്യസൃഷ്ടിയുമെല്ലാം വ്യക്തിയുടെ സാമൂഹ്യവല്ക്കരണത്തിലാണ് എത്തിച്ചേരുന്നത്. തദ്വാരാ സാമൂഹിക കാര്യക്ഷമതയിലേക്കും."[25] സാമൂഹ്യവല്ക്കരണവും സാമൂഹ്യകാര്യക്ഷമതയും വ്യക്തിയുടെയും സമൂഹത്തിന്റെയും വികാസത്തിലും

---

വായനയും ഈ ഘട്ടത്തിൽ ആരംഭിക്കുന്നുണ്ട്.

"സാമാന്യം വേഗത്തിൽ മറ്റുള്ളവർ പറയുന്നത് കേട്ടു മനസ്സിലാക്കുവാനും ഭാഷയിൽ സ്പഷ്ടമായും അനായാസമായും സ്വന്തം ആശയം അന്യരെ പറഞ്ഞു മനസ്സിലാക്കുവാനും ആശയങ്ങൾ വായിച്ചു മനസ്സിലാക്കുവാനും കഴിവുണ്ടാവണം" വചനശിക്ഷണം, വായന, ലേഖനം, വ്യാകരണം എന്നിവയ്ക്കായി ആകെ സമയം ഉപയോഗിക്കാം.

നാലാം സ്റ്റാൻഡേർലെത്തുമ്പോൾ ഭാഷാശേഷികളുടെ വികസനത്തിനും അവയുടെ പ്രകടനത്തിനും കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. പാഠപുസ്തകത്തിനു പുറത്തേക്ക് ഭാഷാപഠനത്തെ വ്യാപിപ്പിക്കുവാൻ ഈ ഘട്ടത്തിൽ ലക്ഷ്യമിടുന്നു.

"മൂന്നു സ്റ്റാൻഡേർഡിൽ നേടിയ സിദ്ധികൾ നഷ്ടപ്പെടാതെ നിലനിറുത്തുകയും കൂടുതൽ അറിവുകൾ നേടിയെടുക്കുവാൻ സഹായകമാകുമാറ് പത്രങ്ങളും കഥാപുസ്തകങ്ങളും വായിച്ചു മനസ്സിലാക്കുവാനുള്ള താത്പര്യം വളർത്തിയെടുക്കുകയും ചെയ്യുന്നതിന് ഉതകുന്നതാവണം നാലാം ക്ലാസ്സിലെ ഭാഷാബോധനം."

വായന, ലേഖനം, രചനയെഴുത്ത്, വ്യാകരണം എന്നിവയുടെ പഠനം സാർത്ഥകമാക്കണം.

(കേരള സർക്കാർ3 9-14)

25. കേരള സർക്കാർ 4, വിദ്യാഭ്യാസവകുപ്പ്, *പാഠ്യപദ്ധതി സ്റ്റാൻഡേർഡ് ഒന്നുമുതൽ നാലു വരെ* (തിരുവനന്തപുരം: എസ്.ഐ.ഇ., 1990) 1.

സംസ്ക്കാരത്തിലും കലാശിക്കണമെങ്കിൽ അഭികാമ്യമായ അംശങ്ങൾ പുനഃപ്രതിഷ്ഠിക്കാൻ തക്ക കഴിവുള്ള വ്യക്തികളെ വാർത്തെടുക്കാൻ വിദ്യാഭ്യാസത്തിന് കഴിയണം. ഇവിടെയാണ് മൂല്യവിദ്യാഭ്യാസത്തിന് പ്രത്യേക പ്രസക്തിയും പ്രാധാന്യവും ഉണ്ടാകുന്നത്. നൂതന വിദ്യാഭ്യാസനയത്തിൽ മൂല്യവിദ്യാഭ്യാസത്തിന്റെ അദ്വിതീയ സ്ഥാനം ഊന്നിപ്പറഞ്ഞിട്ടുണ്ട്.[26]

ഭാഷാപ്രയോഗക്ഷമത കൈവരിക്കണമെങ്കിൽ ശ്രവണം, ഭാഷണം, വായന, ലേഖനം ഇവയിൽ നൈപുണി നേടണം. നൈപുണികളുടെ വികസനത്തെ ലക്ഷ്യമിടുന്നതും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നതുമായ ഭാഷാഭ്യസനത്തിനുള്ള ഇരുപത്തിനാല് ബോധനോദ്ദേശ്യങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.[27] (അനു: 1)

### 1.1.4. എം.എൽ.എൽ ഘട്ടം

1994 മുതൽ 1997ൽ പുതിയ പാഠ്യപദ്ധതി പ്രാബല്യത്തിൽ വരുന്നതു വരെയാണ് എം.എൽ.എൽ ഘട്ടം. 1986–ലെ നൂതന വിദ്യാഭ്യാസ നയത്തിൽ വിദ്യാഭ്യാസത്തിന്റെ ഓരോ ഘട്ടത്തിലും അവശ്യപഠനനിലവാരം ഒരു മുൻകരുതൽ എന്ന നിലയിൽ നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞിരുന്നു. അതിന്റെ ഭാഗമായാണ് ഒന്നു മുതൽ അഞ്ചു വരെ ക്ലാസ്സിലെ കുട്ടികൾ ഓരോ വിഷയത്തിലും അവശ്യം നേടിയിരിക്കേണ്ട നിലവാരം നിശ്ചയിച്ചത്. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിക്കപ്പെട്ട ഈ പരിപാടി ഏറെ തനിമയാർന്നതായിരുന്നു. “പ്രാഥമിക വിദ്യാഭ്യാസഘട്ടത്തിൽ പ്രതീക്ഷിക്കപ്പെടുന്ന ഒരുകൂട്ടം പ്രാപ്തികൾ പ്രാവീണ്യ നിലവാരത്തിൽ എല്ലാ വിദ്യാർത്ഥികളും നേടിയിരിക്കുക എന്നതാണ് അവശ്യപഠനനിലവാരം.”[28] ഓരോ ജില്ലയിലെയും ഇരുപത് സ്കൂളുകളിലാണ് ആദ്യം ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചത്. അടുത്ത വർഷം മുതൽ സബ്ജില്ലയിലെ ഇരുപതു സ്കൂളുകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിച്ചു. ആദ്യവർഷം ഒന്ന്, രണ്ട് ക്ലാസ്സുകളിലും 95–96 വർഷത്തിൽ ഇത് മൂന്ന്, നാല് ക്ലാസ്സുകളിലും നടപ്പാക്കി.

**1.1.4.1** പ്രാഥമിക പാഠ്യപദ്ധതിയുടെ കേന്ദ്രബിന്ദുവാണ് ഭാഷ. മറ്റ് വിഷയങ്ങൾ സരളമായി ഗ്രഹിക്കുന്നതിൽ ഭാഷയ്ക്ക് ശ്രദ്ധേയമായ പങ്കുണ്ട്. വിദ്യാർത്ഥിയുടെ വ്യക്തിത്വം

26. Govt.of India 1, Ministry of Human Resource Development, Department of Education, *National policy on Education-1986* (New Delhi: M.H.R.D., 1986 ) 21.
27. Govt. of India 1 21.
28. കേരള സർക്കാർ 5, വിദ്യാഭ്യാസവകുപ്പ്, എസ്.സി.ഇ.ആർ.ടി., *ആവശ്യ പഠനനിലവാരം പ്രാഥമിക തലത്തിൽ* (തിരുവനന്തപുരം: ഡി.പി.ഇ.പി., 1995) 6

രൂപപ്പെടുത്തുന്നതിലും ദൈനംദിന ജീവിതത്തിൽ ഫലപ്രദമായി പ്രതികരിക്കുന്നതിലും ഭാഷാനൈപുണികൾക്ക് പ്രധാന സ്ഥാനമുണ്ട്. ശ്രവണം, വചനം, വായന, ലേഖനം, ആശയഗ്രഹണം, വ്യാകരണം, സ്വയംപഠനം, ഭാഷാപ്രയോഗം, ഉചിതമായ പദപ്രയോഗം എന്നിങ്ങനെ ഒമ്പതു പ്രാപ്തികളാണ് ഭാഷാപഠനത്തിൽ പരിഗണിക്കപ്പെട്ടത്.

ശ്രദ്ധാപൂർവം ഗ്രഹിക്കുന്നതിനുള്ള കഴിവ് നേടുക, സാർത്ഥകവും സന്ദർഭോചിതവുമായി സംസാരിക്കുന്നതിനുള്ള കഴിവ് നേടുക, യുക്തിപൂർവ്വവവും സർഗപരവും നിപുണവുമായി എഴുതുന്നതിനുള്ള കഴിവ് നേടുക, ശ്രദ്ധാപൂർവം വായിച്ച് ആശയം ഗ്രഹിക്കുന്നതിനുള്ള കഴിവ് നേടുക, സന്ദർഭോചിതമായ വ്യാകരണത്തെറ്റ് കൂടാതെയുള്ള ഭാഷ പ്രയോഗിക്കുന്നതിനുള്ള കഴിവ് നേടുക എന്നിവയാണ് എം.എൽ.എൽ ഘട്ടത്തിലെ ഭാഷാപഠനത്തിന്റെ ഉദ്ദേശ്യങ്ങളായി പരാമർശിക്കപ്പെട്ടിരിക്കുന്നത്.[29]

**1.1.4.2.** പഠനത്തിന്റെ അവശ്യനിലവാരത്തെ പ്രാപ്തി എന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കാൻ ശ്രമിച്ചു എന്നതാണ് ഈ ഘട്ടത്തിലെ പ്രധാന സവിശേഷത. "ഓരോ വിദ്യാർത്ഥിയും വിദ്യാലയത്തിൽ നിന്നും പഠനപ്രവർത്തനങ്ങൾ വഴിയും ആർജിക്കുന്ന ശേഷിയെയാണ് പ്രാപ്തി എന്നു പറയുന്നത്".[30] വാർഷികാടിസ്ഥാനത്തിലാണ് പ്രാപ്തികൾ ക്രമീകരിച്ചിട്ടുള്ളത്. ഒന്നു മുതൽ അഞ്ചു വരെ ക്ലാസ്സുകളെ നിശ്ചിത യൂണിറ്റായി എടുത്ത് പ്രാപ്തികളുടെ ക്രമികമായ പുരോഗതി എം.എൽ.എൽ പാഠ്യപദ്ധതിയിൽ വിശദീകരിക്കുന്നു. ശ്രവണം, വചനം, വായന, ലേഖനം എന്നിവയാണ് അടിസ്ഥാന പ്രാപ്തികൾ. പഠനതലങ്ങൾ സ്പഷ്ടമാക്കുന്നതിനുവേണ്ടി പ്രാപ്തികൾ വിഭജിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവ തമ്മിലുള്ള പരസ്പരബന്ധം സ്വാഭാവികമാണെന്നു ചൂണ്ടിക്കാണിക്കുന്നു.

**1.1.4.3.** ഓരോ ക്ലാസ്സിലെയും പ്രാപ്തികളെ രണ്ടോ മൂന്നോ ഉപപ്രാപ്തികളായും വിഭജിച്ചിട്ടുണ്ട്. ശ്രവണം, വചനം, വായന, ലേഖനം, ആശയഗ്രഹണം എന്നിവയിലാണ് ഉപപ്രാപ്തികൾ നിർണയിക്കപ്പെട്ടിട്ടുള്ളത്. ഉദാഹരണമായി ശ്രവണമെന്ന അടിസ്ഥാന പ്രാപ്തിക്ക് ഒന്നാം തരത്തിൽ മൂന്ന് ഉപപ്രാപ്തികൾ കല്പിച്ചിട്ടുണ്ട്. ലളിതവും പരിചിതവും പ്രശസ്തവുമായ ശിശുഗാനങ്ങളും നാടോടിഗാനങ്ങളും കവിതകളും കഥകളും ശ്രദ്ധാപൂർവം ശ്രവിക്കുന്നതിന്, പരിചിതമായ സന്ദർഭങ്ങളിലെ സംഭാഷണങ്ങൾ വിവരിക്കുന്നതിന്, പരിചിതമായ സന്ദർഭങ്ങളിൽ വാചികമായ അപേക്ഷകളും ലളിതമായ നിർദ്ദേശങ്ങളും ഗ്രഹിക്കുന്നതിന് എന്നിവയാണവ. ഇപ്രകാരം അഞ്ചാംതരം വരെയുള്ള ഓരോ

29. കേരള സർക്കാർ 5, 12

30. കേരള സർക്കാർ 5, 12

പ്രാപ്തിക്കും ഉപപ്രാപ്തികൾ നിശ്ചയിച്ചിട്ടുണ്ട്. ഓരോ പ്രാപ്തിയിലും ഒരു ക്ലാസ്സിൽ നിന്നും അടുത്ത ക്ലാസ്സിലെത്തുമ്പോൾ ഭാഷയുടെ അവശ്യനിലവാര പ്രസ്താവനകളിൽ ഗണനീയമായ വികാസം നിർദ്ദേശിച്ചിട്ടുണ്ട്[31] (അനു: 2).

**1.1.4.4.** കുട്ടി കൈവരിക്കേണ്ട പ്രാപ്തിയെക്കുറിച്ച് വ്യക്തമായ ധാരണ നൽകാൻ കഴിഞ്ഞു എന്നതാണ് ഈ ഘട്ടത്തിന്റെ സവിശേഷത. പഠനലക്ഷ്യവും പ്രവർത്തനവും തമ്മിൽ ബന്ധിപ്പിച്ച് കൂടുതൽ മൂർത്തമായ ധാരണ നൽകുന്നവയാണ് അവശ്യപഠനനില വാര പ്രസ്താവനകൾ. അധ്യാപകനെ ലക്ഷ്യബോധത്തോടെ പ്രവർത്തിക്കാൻ ഈ പ്രസ്താവനകൾ സഹായിക്കും. വായന എന്ന അടിസ്ഥാന പ്രാപ്തിയുടെ ഒന്നാം തര ത്തിലെ അവശ്യപഠനനിലവാര പ്രസ്താവനകൾ ഇത് സാക്ഷ്യപ്പെടുത്തുന്നു.[32]

**1.1.4.5.** ശ്രവണം, വചനം, വായന, ലേഖനം എന്നീ അടിസ്ഥാനപ്രാപ്തികൾക്കപ്പുറം അഞ്ചോളം അനുബന്ധ പ്രാപ്തികളും നിർദ്ദേശിച്ചിട്ടുണ്ട്. ഇവിടെ ആറാമതായി സൂചിപ്പി ക്കപ്പെട്ട പ്രായോഗിക വ്യാകരണത്തിൽ തത്ത്വാനുമാനരീതിക്കും തത്ത്വസമർഥനരീതിക്കും പ്രാധാന്യം നൽകുന്നു. പാഠ്യപദ്ധതിയുടെ പൂർവഘട്ടം മുതൽ പദങ്ങൾക്കു നൽകിയ ഊന്നൽ ഇവിടെയും തുടരുന്നുണ്ട്.

പദാവലിവികസനമെന്ന അനുബന്ധപ്രാപ്തി ഇതിന് ഉദാഹരണമാണ്. ഒന്നാം ക്ലാസ്സിൽ ആയിരത്തിഞ്ഞൂറോളം പദങ്ങൾ വായിച്ച് ഗ്രഹിക്കുകയും പ്രയോഗിക്കുകയും ചെയ്യണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്. രണ്ടാം ക്ലാസ്സിൽ രണ്ടായിരം, മൂന്നിൽ മൂവാ യിരം, നാലിൽ നാലായിരം എന്നിങ്ങനെ ഇവിടെയും പ്രാപ്തിയുടെ ക്രമികവികാസം ഉറ പ്പാക്കിയിട്ടുണ്ട്.[33]

---

31. ഉദാഹരണമായി ഭാഷണത്തിൽ ഒന്നാം ക്ലാസ്സിൽ ലഘുവാക്യങ്ങൾ ശരിയായി ഏറ്റുചൊല്ലുക എന്ന താണ് ഒന്നാമത്തെ ഉപപ്രാപ്തി. രണ്ടാം ക്ലാസ്സിലെത്തുമ്പോൾ എല്ലാ ഭാഷാശബ്ദങ്ങളും ഉച്ചരി ക്കാനുള്ള കഴിവ് കുട്ടി നേടിയിരിക്കണമെന്നാണ് വിവക്ഷ. മൂന്നാം ക്ലാസ്സിൽ ഉച്ചാരണശുദ്ധിയോടെ സംസാരിക്കാനും നാലാം ക്ലാസ്സിൽ അസ്വാഭാവികമായ നിർത്തലുകളില്ലാതെ തുടർച്ചയായി സംസാ രിക്കാനും കുട്ടിക്ക് കഴിയണം. ഈ രീതിയിൽ ഓരോ പ്രാപ്തിയുടെയും ഉപപ്രാപ്തികൾക്ക് ക്രമി കമായ വികാസം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട് (കേരള സർക്കാർ 5 14).

32. ഭാഷയിലെ അക്ഷരങ്ങൾ തനിച്ചും കൂട്ടത്തിലും പദത്തിലും നിൽക്കുമ്പോൾ തിരിച്ചറിയുന്നതിന്, ബ്ലാക്ക്ബോർഡ്, ഫ്ളാഷ്കാർഡ് തുടങ്ങിയവയിൽ എഴുതിയതും അച്ചടിച്ചതുമായ വലിയ അക്ഷ രങ്ങൾ വായിക്കുന്നതിന്, ലളിതവും പരിചിതവുമായ പദങ്ങൾ ഉച്ചത്തിൽ വായിക്കുന്നതിന് ശ്രവ ണത്തിന്റെ കാര്യത്തിൽ സൂചിപ്പിച്ചതുപോലെ ഇവിടെയും ഉപപ്രാപ്തികളുടെ ക്രമികമായ വികാസം കാണാം. രണ്ടാം തരത്തിലെ കുട്ടി വലുതും ചെറുതുമായ അക്ഷരങ്ങൾ വായിക്കുകയും കുട്ടിപ്പാ ട്ടുകളും ലളിതമായ കഥകളും ഉച്ചത്തിൽ വായിക്കുകയും വേണം. മൂന്നിലും നാലിലുമെത്തുമ്പോൾ വായന ബാലസാഹിത്യകൃതികളിലേക്കും മാസികകളിലേക്കും വളരണം. മൂന്നാം തരത്തിൽ റോഡ ടയാളങ്ങൾ, ലഘുനോട്ടീസുകൾ തുടങ്ങിയവ വായിക്കാനും നാലാം തരത്തിൽ ചുവർമാസിക, കത്തുകൾ എന്നിവ വായിക്കാനും ലക്ഷ്യമിടുന്നു. ഈ പ്രസ്താവനകളിലൂടെ കടന്നുപോകുന്ന ഒരധ്യാപകന് തന്റെ ലക്ഷ്യത്തെക്കുറിച്ചു മാത്രമല്ല, താൻ ക്ലാസ്സിൽ നടത്തേണ്ട പഠനപ്രവർത്തന ങ്ങളെക്കുറിച്ചും തെളിമയാർന്ന ധാരണ ലഭിക്കുന്നു (കേരള സർക്കാർ 5 6).

33. കേരള സർക്കാർ 5 16

## 1.2. കുട്ടി

പൂർവഘട്ടം മുതൽ എം.എൽ.എൽ ഘട്ടം വരെ വിവിധ പാഠ്യപദ്ധതികൾ കുട്ടിയെക്കുറിച്ച് രൂപപ്പെടുത്തിയ സങ്കല്പങ്ങൾ എന്തെല്ലാമെന്ന് ചർച്ച ചെയ്യാനാണ് ഈ ഘട്ടത്തിൽ ലക്ഷ്യമിടുന്നത്.

### 1.2.1 പൂർവഘട്ടം

ഈ ഘട്ടത്തിലെ ഒന്നാം പാഠപുസ്തകത്തിലെ ചില വാക്യങ്ങൾ കുട്ടിയെക്കുറിച്ചുള്ള അന്നത്തെ കാഴ്ചപ്പാടുകൾ വിശദമാക്കുന്നവയാണ്: 'പഠിക്കാത്തവൻ മടിയൻ', 'ഗുണമുള്ള കുട്ടി ഗുരുനാഥനെ അനുസരിക്കും', 'ലാളനം കൊണ്ട് ദോഷം, താഡനം കൊണ്ട് ഗുണം', 'ശീലമാണ് ബാലന് ആഭരണം'.[34]

പഠിക്കാത്ത കുട്ടി മടിയനാണ്. അവന്റെ പഠനശേഷിയോ സൗകര്യങ്ങളോ ഒരു വ്യക്തി എന്ന നിലയിൽ അവനുള്ള പരിമിതികളോ ഇവിടെ പരിഗണിക്കുന്നില്ല. പഠനവേഗതയോ പഠനശൈലിയോ പരിഗണിക്കുന്നില്ല. ഗുരുനാഥനെ അക്ഷരംപ്രതി അനുസരിക്കുന്നവനാണ് ഗുണമുള്ള കുട്ടി. സ്വതന്ത്രമായ അഭിപ്രായപ്രകടനം നടത്തുന്നതിനോ ചിന്തിക്കുന്നതിനോ ഇവിടെ സ്ഥാനമില്ല. 'ഡ', 'ഷ' എന്നീ അക്ഷരങ്ങൾ ആവർത്തിച്ചുറപ്പിക്കാനാണ് 'ലാളനം കൊണ്ട് ദോഷം, താഡനം കൊണ്ട് ഗുണം' എന്ന വാക്യം ചേർത്തിട്ടുള്ളതെങ്കിലും അതിന്റെ പിന്നിലുള്ള സാമൂഹ്യവിവക്ഷ നിശിതമായ വിമർശനത്തിന് വിധേയമാക്കേണ്ടതാണ്. ശിശുസൗഹൃദമല്ലാത്ത അന്തരീക്ഷം കുടുംബത്തിലും സ്കൂളിലും നിലനിന്നതിന്റെ അടയാളമാണിത്. 'ശീലമാണ് ബാലന് ആഭരണം.' ഭ, ബ എന്നീ അക്ഷരങ്ങളുറപ്പിക്കാനാണ് ഈ വാക്യം ചേർത്തിട്ടുള്ളതെങ്കിലും വ്യതിരിക്ത ചിന്തയെയും പ്രവർത്തനത്തെയും അസാധ്യമാക്കുന്ന അതിയാഥാസ്ഥിതികവാദം ഇവിടെ പുനരുൽപാദിപ്പിക്കപ്പെടുന്നു.

പാഠപുസ്തകത്തിന്റെ ആദ്യത്തിൽ കൊടുത്ത അധ്യാപകർക്കുള്ള നിർദേശം അന്നത്തെ ബോധനരീതി വ്യക്തമാക്കുന്നതാണ്. ഇവിടെ കുട്ടി ഒരു കേൾവിക്കാരൻ മാത്രം. ഒരിക്കലും തെറ്റു വരാനനുവദിക്കാതെ ശരികളിലൂടെ മാത്രം കുട്ടിയെ കൊണ്ടുപോകാനാണ് നിർദ്ദേശം.[35] കുട്ടിക്ക് തന്റെ മികവുകളും പരിമിതികളും തിരിച്ചറിഞ്ഞ് മെച്ചപ്പെടാനുള്ള അവസരം നിഷേധിക്കപ്പെട്ടിരുന്നു.

34. പള്ളത്ത് രാമൻ 28

35. വർഗീസ് 1, vi

### 1.2.2 മാനകീകരണ ഘട്ടം

ഈ ഘട്ടത്തിൽ കുട്ടിയിലെ ശൂന്യത അന്വേഷിച്ചുകൊണ്ടാണ് പാഠ്യപദ്ധതി തുടങ്ങുന്നത്. സാമാന്യം വേഗത്തിൽ സംസാരിക്കുന്നത് മനസ്സിലാക്കാനുള്ള കഴിവുപോലും കുട്ടിക്കില്ല എന്നു പരാമർശിക്കുന്നു: "ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ പഠിച്ച് വിദ്യാലയം വിടുന്ന ഒരു വിദ്യാർത്ഥിക്ക് ലഭിച്ച അക്ഷരജ്ഞാനം നഷ്ടമായിപ്പോകാതെ അറിവു നേടിക്കൊണ്ടിരിക്കാൻ വർത്തമാനപത്രങ്ങളും കഥാപുസ്തകങ്ങളും ലളിതഗ്രന്ഥങ്ങളും വായിക്കുന്നതിനുള്ള താൽപര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതാകുന്നു."[36]

ഒന്നുമുതൽ നാലുവരെയുള്ള പഠനവേളയിലാണ് കുട്ടിയിൽ ജ്ഞാനം നിറയ്ക്കപ്പെട്ടത് എന്നും ഭാവിയിൽ അതു ചോർന്നുപോകാനിടയുണ്ടെന്നുമാണ് ഇവിടെ വിവക്ഷ. അതുപോലെ കുട്ടിക്ക് സഹജമായ താൽപര്യമില്ല എന്നും അത് അധ്യാപകനിലൂടെ ഉണ്ടാകേണ്ടതാണെന്നും വിശ്വസിക്കുന്നു. കുട്ടിക്ക് സഹജമായുള്ളത് ശൈശവാസ്ഥയിലുള്ള ജിജ്ഞാസ മാത്രമാണ്. അത് അസംസ്കൃതവുമാണ്. അതിനെ സംസ്കരിച്ചെടുക്കുന്ന ജോലിയാണ് അധ്യാപകന്റേത്.[37]

സദസദ്വിവേചനത്തിനുള്ള പ്രാപ്തി, സൗന്ദര്യാസ്വാദനത്തിനുള്ള കഴിവ് എന്നിവയെല്ലാം ഇവിടെ സംസ്ക്കരണത്തിലൂടെ കൈവരിക്കണമെന്ന് ആഗ്രഹിക്കുന്നു. കുട്ടിയുടെ സഹജമായ സൗന്ദര്യാസ്വാദനശേഷിയും നന്മതിന്മകൾ തിരിച്ചറിയാനുള്ള കഴിവിനെയും ഇവിടെ അംഗീകരിക്കുന്നില്ല. സ്കൂളിലെത്തുന്ന കുട്ടിക്ക് ജിജ്ഞാസ പോലെ ലജ്ജാസങ്കോചാദികളുമുണ്ട്. അവ മാറ്റിയെടുക്കേണ്ടത് അധ്യാപകന്റെ ചുമതലയാണ്. ആവർത്തനത്തിലൂടെ മെരുക്കിയെടുക്കപ്പെടേണ്ട ഒരു സത്തയാണ് കുട്ടിയിൽ പ്രവർത്തിക്കുന്നത്. കേട്ടെഴുത്ത്, പകർത്തിയെഴുത്ത് എന്നിവയ്ക്ക് നൽകിയ ഊന്നൽ ഈ ആശയം ദൃഢപ്പെടുത്തുന്നു.[38]

കുട്ടിയുടെ പ്രയാസനിലവാരം നിർണയിക്കുന്നത് പൂർവനിശ്ചിതമായ ചില ധാരണകളുടെ അടിസ്ഥാനത്തിലാണ്. എഴുത്തും ഭാഷണവും ലാളിത്യത്തിൽനിന്ന് സങ്കീർണതയിലേക്കാണ് നീങ്ങുന്നതെന്ന ധാരണ ഇതിൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഒന്നാണ്. ശിശു അനുകരണം മൂലമാണ് ഭാഷ അഭ്യസിക്കുന്നതെന്നത് കുട്ടിയുടെ ഭാഷാസ്വീകരണത്തെ സംബന്ധിച്ച ഒരു മുൻധാരണയാണ്. ആവർത്തിച്ചാവർത്തിച്ചുള്ള പഠനമാണ് അവന്റെ

36. കേരള സർക്കാർ 1 1
37. കേരള സർക്കാർ 1 1
38. കേരള സർക്കാർ 1 1

ധാരണകളെ ഉറപ്പിക്കുന്നത് എന്ന തത്ത്വമാണ് അഭ്യാസം നൽകുന്നതിനും മൂല്യനിർണയം നടത്തുന്നതിനും മാനദണ്ഡമായി സ്വീകരിക്കുന്നത്.[39]

### 1.2.3 എം.എൽ.എൽ പൂർവഘട്ടം

ഈ ഘട്ടത്തിൽ പഠനപ്രക്രിയയിയിൽ കുട്ടിയുടെ പങ്ക് കൂടുതലും അധ്യാപകന്റെ പങ്ക് കുറവുമാവണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. പഠനം അനുഭവാധിഷ്ഠിതമാവണമെന്നും കുട്ടിയുടെ ആവശ്യത്തിൽനിന്നു തുടങ്ങണമെന്നും നിർദ്ദേശിക്കുന്നുണ്ട്.[40] പാഠപുസ്തകത്തിലും പഠനരീതിയിലും ഈ സങ്കല്പം എത്രമാത്രം പ്രതിഫലിക്കുന്നുവെന്നു വിലയിരുത്തപ്പെടണം.

### 1.2.4 എം.എൽ.എൽ ഘട്ടം

കുട്ടിക്ക് സ്വയം പഠിക്കാൻ കഴിയുമെന്നുള്ള ധാരണ എം.എൽ.എൽ ഘട്ടം വരെ അംഗീകരിച്ചിരുന്നില്ല. ബാലവിജ്ഞാനകോശങ്ങളുടെ ഉപയോഗം, നിഘണ്ടുക്കളുടെ ഉപയോഗം എന്നിവയിലൂന്നിക്കൊണ്ടുള്ള പരിമിതമായ സാധ്യതകളേ ഈ ഘട്ടത്തിലും സ്വയംപഠനം എന്ന അനുബന്ധ പ്രാപ്തിക്ക് നൽകിക്കാണുന്നുള്ളൂ.[41] മാനകീകരണ ഘട്ടത്തിൽനിന്നു തുടങ്ങി എം.എൽ.എൽ ഘട്ടത്തിലേക്ക് എത്തുമ്പോഴേക്കും കുട്ടിയെക്കുറിച്ചുള്ള കർതൃസങ്കല്പത്തിൽ ക്രമികമായ ചില മാറ്റങ്ങൾ വന്നിരുന്നു.[42]

---

39. “ഉച്ചാരണത്തിനും വായനയ്ക്കും എഴുത്തിനും എല്ലാം യാന്ത്രികമായ പ്രായോഗികാഭ്യാസങ്ങൾ കൂടാതെ സാധ്യമല്ല. പല തവണ ശ്രദ്ധിച്ചെഴുതിയാൽ മാത്രമേ തെറ്റുകൂടാതെ ഒരു വാക്ക് എഴുതാനോ ഒരു വാക്യം രചിക്കാനോ അക്ഷരം ഭംഗിയായി എഴുതാനോ സാധിക്കുകയുള്ളൂ” എന്നത് കുട്ടിയെ യാന്ത്രികമായി കാണുന്ന ഒരു വീക്ഷണത്തിന്റെ പ്രതിഫലനമാണ്. കുട്ടിയുടെ ജൈവികമായ സിദ്ധികളോ താൽപര്യങ്ങളോ ഇവിടെ പരിഗണിക്കുന്നില്ല. ഒരിക്കലും തെറ്റായ വസ്തുത കേൾക്കുവാനോ പറയാനോ എഴുതാനോ അവസരം നൽകരുത് എന്ന അധ്യാപകനുള്ള മുന്നറിയിപ്പ് കുട്ടിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൂടി വെളിപ്പെടുത്തുന്നതാണ്. തന്റെ പരിമിതികളും മികവുകളും തിരിച്ചറിയേണ്ടത് താനല്ല എന്ന ധാരണയാണ് കുട്ടിക്ക് കിട്ടുന്നത്. (കേരള സർക്കാർ വിദ്യാഭ്യാസവകുപ്പ് *ഗൈഡ് ബുക്ക് മലയാള പാഠാവലി, സ്റ്റാന്റേർഡ് 1,* (തിരുവനന്തപുരം ഗവ. പ്രസ്സ്, 1965) 7)
40. കേരള സർക്കാർ 3 xi
41. കേരള സർക്കാർ 5 16
42. സനാതനമൂല്യങ്ങൾക്കും നാടുവാഴിത്തമൂല്യങ്ങൾക്കും പകരം ജനാധിപത്യമൂല്യങ്ങൾക്കാണ് ഊന്നൽ. ദേശീയോദ്ഗ്രഥനം, ദേശഭക്തി, മതസൗഹാർദ്ദം തുടങ്ങിയ ആധുനിക മൂല്യങ്ങൾക്ക് പ്രസക്തി ഉയർന്നു. അതായത്, കുട്ടിയെ ആധുനിക ദേശീയതയ്ക്ക് അനുരൂപമായ ഒരു പ്രജയാക്കി മാറ്റുകയെന്നതാണ് പുതിയ കാലഘട്ടത്തിലെ വിദ്യാഭ്യാസലക്ഷ്യം. 1986ലെ പുതിയ വിദ്യാഭ്യാസനയം മൂല്യവിദ്യാഭ്യാസത്തെ സംബന്ധിച്ച ഈ കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിച്ചിട്ടുണ്ട്. ഇന്ത്യൻ സമൂഹത്തിന്റെ വൈവിധ്യം, നാനാത്വത്തിൽ ഏകത്വം, സാർവലൗകിക മാനവികത, ശാസ്ത്രീയബോധം, അഹിംസ, ദേശീയപാരമ്പര്യം, ദേശീയലക്ഷ്യം എന്നീ ഘടകങ്ങളെയാണ് മൂല്യവിദ്യാഭ്യാസത്തിന്റെ ഭാഗമായി എൻ.പി.ഇയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. കടന്നുപോന്ന എല്ലാ ഘട്ടങ്ങളിലും കുട്ടിയെ അരൂപിയായാണ് സങ്കല്പിച്ചിട്ടുള്ളത്. അരൂപിയായ ഈ ശൈശവഘട്ടത്തിന് രൂപം നൽകുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. ഏതു രൂപം നൽകണമെന്ന കാഴ്ചപ്പാടിൽ

## 1.3 അധ്യാപകൻ

വിദ്യാഭ്യാസപ്രക്രിയയിൽ അധ്യാപകന്റെ പങ്ക് നിർണായകമാണ്. അതുകൊണ്ടുതന്നെ അധ്യാപകനെക്കുറിച്ചുള്ള കാഴ്ചപ്പാടും പ്രധാനമാകുന്നു. ഗുരുവിനെ ദൈവതുല്യനായി കാണാൻ ശ്രമിച്ച പ്രാചീനകാല ദർശനവും സഹപഠിതാവും സഹായിയുമായി കാണാൻ ശ്രമിക്കുന്ന ആധുനിക സിദ്ധാന്തങ്ങളും നിലനിൽക്കുന്നു. ഇത് ഓരോ കാലഘട്ടത്തിലും അധ്യാപകനെക്കുറിച്ചുള്ള ദാർശനിക കാഴ്ചപ്പാടിൽ വന്ന മാറ്റമാണ് സൂചിപ്പിക്കുന്നത്. പഠനത്തെയും പഠനബോധനസമ്പ്രദായങ്ങളെയും നേരിട്ട് സ്വാധീനിക്കുന്ന ഘടകങ്ങളാണിവ.

### 1.3.1 പൂർവഘട്ടം

അധ്യാപകനെ ദൈവത്തിനും പിതാവിനും തുല്യം പരിഗണിക്കണമെന്ന ആശയമാണ് പൂർവഘട്ടത്തിലെ പാഠപുസ്തകങ്ങളിൽ നിറഞ്ഞുനിൽക്കുന്നത്. എങ്കിൽ മാത്രമേ ഭാവി ജീവിതത്തിൽ ഗുണം വരൂ എന്നും സർവകാര്യങ്ങളും സമംഗളം നടക്കുകയുള്ളൂ എന്നും പറയുന്നു.[43]

കുട്ടിയെക്കുറിച്ചുള്ള കാഴ്ചപ്പാടിന് പൂരകമായിരിക്കും അധ്യാപക സങ്കല്പനവും. ഒന്നുമറിയാതെ സ്കൂളിലെത്തുന്ന കുട്ടിയെ എല്ലാ അറിവുകളും പകർന്നുകൊടുത്ത് പൂർണനാക്കേണ്ട ചുമതല അധ്യാപകനാണ്. കുട്ടിയുടെ സ്വയംപഠനശേഷിയെ ഈ കാലഘട്ടത്തിൽ പരിഗണിക്കുന്നില്ല എന്ന സൂചനയാണ് പാഠപുസ്തകാപഗ്രഥനത്തിലൂടെ ലഭിക്കുന്നത്.

ഓരോ പാഠത്തിലും പ്രതിപാദിച്ചിരുന്ന വിഷയം അധ്യാപകൻ ആദ്യംതന്നെ സ്വന്തം വാക്കുകൾ കൊണ്ട് വ്യക്തമായും രസാവഹമായും വിവരിക്കണം. പാഠഭാഗത്തിൽ കൊടുത്ത ചിത്രങ്ങൾ കുട്ടിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചോദ്യങ്ങൾ ചോദിച്ച് ആശയം ഹൃദിസ്ഥമാക്കുകയും വേണം.[44]

---

മാത്രമേ ഈ ഘട്ടങ്ങൾ തമ്മിൽ മൗലികമായി അന്തരം നിലനിൽക്കുന്നുള്ളൂ. വിവിധ ഘട്ടങ്ങളിൽ കുട്ടിയുടെ കഴിവിൽ വിശ്വാസം അർപ്പിക്കുന്ന സമീപനം ഉണ്ടായിരുന്നില്ല. തെറ്റുവരാതെ നേരായ വഴിയിൽ നടത്തേണ്ട ചുമതല അധ്യാപകനിൽ നിക്ഷിപ്തമാണെന്നും അറിവ് നിറയ്ക്കപ്പെടേണ്ടതാണെന്നും അതിനാൽ ചോർന്നുപോകാതെ നോക്കണമെന്നും നിർദ്ദേശിക്കുന്നിടത്തും കുട്ടിയെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് വ്യക്തമാകുന്നത്.

43. 1. ഗുരുതാൻ ദൈവമെന്നുള്ളിൽ/ കരുതീടണമെപ്പോഴും
വരുമെന്നാൽ ഗുണം മേന്മേൽ/ ഒരു സംശയമില്ലതിൽ (വർഗീസ് 1 30)
2. ദൈവം മാതാ പിതാ ദൈവം/ദൈവം താൻ ഗുരുനാഥനും
ഈ വണ്ണമോർത്തിടുന്നോർക്കേ/ കൈവരൂ സർവകാര്യവും. (വർഗീസ് 1 54)

44. വർഗീസ് 1 vi

ഇവിടെ അധ്യാപകന്റെ മേൽക്കൈ ആവശ്യപ്പെടുന്നു. കുട്ടിക്ക് ആശയം മനസ്സിലാവ ണമെങ്കിൽ അധ്യാപകന്റെ മാതൃകാവായന കൂടിയേ തീരൂ എന്ന് ഉറച്ചു വിശ്വസിക്കുന്നു. വേണ്ട ദിക്കിൽ നിർത്തി, ആശയം വിശദമാകത്തക്ക വിധത്തിൽ അധ്യാപകൻ മാതൃക യായി വായിച്ചു കേൾപ്പിക്കേണ്ടതാണ്.[45] ഇവിടെയെല്ലാം അധ്യാപകന്റെ പങ്ക് കൃത്യമായി നിർവചിച്ചിരിക്കുന്നു. മാതൃകാവായന, കഠിനപദങ്ങളുടെ വിവരണം, പ്രതിപാദ്യവസ്തു വിശദമാക്കൽ ഇങ്ങനെ അധ്യാപകകേന്ദ്രീകൃതമായ പഠനത്തിന് ഊന്നൽ നൽകുന്ന സമീ പനമാണ് ആ കാലഘട്ടത്തിന്റെ മുഖമുദ്ര.

### 1.3.2 മാനകീകരണ ഘട്ടം

ഈ ഘട്ടത്തിൽ അധ്യാപകനെ പരിശീലകനായാണ് കണ്ടിരുന്നത്. കുട്ടികളെ പരി ശീലിപ്പിക്കുന്ന ഒരു ശിക്ഷകനാണ് അധ്യാപകൻ. അതുകൊണ്ടുതന്നെ അധ്യാപകൻ കൂടു തൽ പഠിക്കുകയും അറിയുകയും വേണം. മൂലഗ്രന്ഥങ്ങൾ വായിച്ച് അധ്യാപകൻ പാഠസ ന്ദർഭം മനസ്സിലാക്കണം. അധ്യാപകന്റെ ഉച്ചാരണം ശുദ്ധമായിരിക്കണം, മാതൃകാപരവു മാകണം. അക്ഷരം നോക്കി മനസ്സിലാക്കാനും പദങ്ങൾ വേണ്ടപോലെ ഒന്നിച്ചുചേർത്തു വായിക്കാനും പരിശീലനം നൽകണം. “ഒരിക്കലും കുട്ടികൾക്ക് തെറ്റായിട്ടുള്ളത് കേൾക്കു വാനോ പറയുവാനോ വായിക്കുവാനോ എഴുതുവാനോ സന്ദർഭം നൽകരുത്.[46] കുട്ടിയെ ശരിയിലൂടെ മാത്രം സഞ്ചരിപ്പിക്കാനാണ് ശ്രമം. സ്വന്തം ശക്തിദൗർബല്യങ്ങൾ തിരിച്ചറി യാനുള്ള അവസരം ഇതിന്റെ ഭാഗമായി നിഷേധിക്കപ്പെടുന്നു.

“ഓരോ വിദ്യാർത്ഥിയും സംഭാഷണം ചെയ്യുന്നത് അവന്റെ അനുഭവത്തിന്റെയും അവൻ ഗ്രഹിച്ചിട്ടുള്ള ആശയങ്ങളുടെയും അവന്റെ ഭാഷാസിദ്ധികളുടെയും അടിസ്ഥാന ത്തിലായിരിക്കണം. ചിലർക്ക് ഉച്ചാരണവൈകല്യങ്ങൾ കാണാം. ഇവരെയെല്ലാം പരിഗ ണിച്ചുകൊണ്ടു വേണം അധ്യാപകന്റെ ബോധനാസൂത്രണം.”[47]

ആത്മവിശ്വാസം ഏതൊരു പഠനത്തിനും മുന്നുപാധിയാണ്. ഉച്ചാരണത്തിൽ വരുന്ന തെറ്റുകളും മറ്റും കുട്ടിയെ നിരുത്സാഹപ്പെടുത്താതെ ശരിപ്പെടുത്തുന്ന അധ്യാപകൻ അധ്യാ പനകലയുടെ മർമം കണ്ടവനാണ്.

45. “പാഠാരംഭത്തിൽ കൊടുത്തിട്ടുള്ള കഠിനപദങ്ങളുടെ അർത്ഥം നല്ലപോലെ വിവരിക്കണം, അന ന്തരം ഒന്നുകൂടി വായിച്ച് പ്രതിപാദ്യ വസ്തുവിന്റെ ഗ്രഹണത്തിന് അധ്യേതാവിന്റെ ഹൃദയം സജ്ജമാക്കണം” (കേരള സർക്കാർ 1 2)

46. കേരള സർക്കാർ 6 3

47. കേരള സർക്കാർ 6 10

"അധ്യാപകന് കഥ പറയാനുള്ള കഴിവ് ഉണ്ടാകണം. ധാരാളം ശേഖരവും അനിവാര്യമാണ്. ഇവയുടെ വൈവിധ്യപൂർണമായ അവതരണശേഷിയും അധ്യാപകർക്കു വേണം."[48] അധ്യാപകന്റെ അപ്രമാദിത്വം ഈ ഘട്ടത്തിന്റെ അവസാനത്തിൽ ശിഥിലമാകുന്നത് ചില രേഖകളിൽ കാണാം.[49]

## 1.3.3 എം.എൽ.എൽ പൂർവഘട്ടം

ഈ ഘട്ടത്തിൽ പഠനപ്രക്രിയയിൽ അധ്യാപകന്റെ പങ്ക് കുറവും വിദ്യാർത്ഥിയുടെ മുൻകൈ കൂടുതലുമാവണമെന്ന് ഈ പാഠ്യപദ്ധതി ഉദ്ദേശിക്കുന്നു. പഠനം അനുഭവാധിഷ്ഠിതമായിരിക്കണം. പഠനപ്രവർത്തനങ്ങൾ കുട്ടിയുടെ ആവശ്യത്തിൽനിന്നും ആരംഭിക്കുന്നതായിരിക്കണം. അവ കുട്ടികളും അധ്യാപകരും ചേർന്ന് തയ്യാറാക്കുകയും വേണം.[50] അതിനനുഗുണമായ പങ്കാണ് ഈ കാലഘട്ടത്തിൽ അധ്യാപകർക്കുള്ളത് എന്ന് മനസ്സിലാക്കാം. എന്നാൽ, അധ്യാപകനെ പരിശീലകനായി കാണുന്ന രീതി ദൃഢമായിരുന്നു എന്നതിന് ദൃഷ്ടാന്തങ്ങളേറെയുണ്ട്.[51]

കുട്ടിയുടെ ഭാഷണം ശ്രദ്ധിച്ച് തെറ്റുതിരുത്തി പൂർണതയിലേക്ക് നയിക്കുക, കുട്ടി ഭാഷണം ചെയ്യുമ്പോഴും ചോദ്യങ്ങൾ ചോദിക്കുമ്പോഴും ഭാഷാഘടനകൾ വികസിപ്പിക്കുക, ഭാഷാഭേദങ്ങൾക്കൊപ്പം അംഗീകൃതരൂപം അവതരിപ്പിക്കുക, ശരിയായ വാക്യഘടനകൾ

---

48. കേരള സർക്കാർ 6 12

49. "ബോധനോദ്ദേശ്യങ്ങളെ നിഷ്കൃഷ്ടമായി കണ്ടെത്തുക. ഓരോ ഉദ്ദേശ്യവും സാക്ഷാത്കരിക്കുന്നതിനു വേണ്ടവിധം പാഠത്തെ ആവിഷ്കരിക്കുക, ഉദ്ദേശ്യാധിഷ്ഠിത മൂല്യനിർണയം മുഖേന പോരായ്മകൾ കണ്ടുപിടിച്ച് പരിഹാരബോധനം നൽകുക തുടങ്ങിയ ആശയങ്ങൾ മുന്നോട്ടുവയ്ക്കുമ്പോൾ സ്വാഭാവികമായും അധ്യാപകന്റെ ആസൂത്രണത്തിലും നടത്തിപ്പിലും അതുവരെയുണ്ടായിരുന്ന രീതിയിൽ പ്രകടമായ മാറ്റം അനിവാര്യമാകും. ബോധനപ്രക്രിയയേക്കാൾ പഠനപ്രക്രിയയ്ക്ക് ഊന്നൽ നൽകുന്ന രീതി നടപ്പാക്കാനുള്ള ശ്രമം തുടങ്ങിയതായി കാണാൻ കഴിയും" (കേരള സർക്കാർ 7, വിദ്യാഭ്യാസവകുപ്പ്, *ഏകകബോധന പദ്ധതി,* എസ്.ഐ.ഇ., 1968) 1

50. കേരള സർക്കാർ 3 Xi

51. ഒന്നാം ക്ലാസ്സിലെ ബോധനലക്ഷ്യങ്ങൾ വിശദീകരിക്കുന്ന ഭാഗത്ത് "ഒന്നാം ക്ലാസ്സിലും രണ്ടാം ക്ലാസ്സിലുമായി നൽകുന്ന ആലേഖന പരിശീലനത്തിനടിസ്ഥാനമായ പേശീനിയന്ത്രണം, കരചലനങ്ങൾ, അക്ഷരങ്ങളുടെ അടിസ്ഥാനരൂപങ്ങൾ എന്നിവ പരിശീലിപ്പിക്കുക; കേട്ടു പരിചയമുള്ള ലളിതമായ വാക്കുകളും വാക്യഘടനകളും വായിക്കാനും എഴുതാനും പരിശീലിപ്പിക്കുക, ലളിതമായ കവിതാശകലങ്ങൾ ഈണത്തിൽ ചൊല്ലി ആസ്വദിക്കാനുള്ള പരിശീലനം നൽകുക. സംഭാഷണത്തിനാവശ്യമായ കുറച്ച് പുതിയ പദങ്ങളും പരിസരപഠനം, സാമാന്യശാസ്ത്രം മുതലായവ അഭ്യസിക്കാനാവശ്യമായ പദങ്ങളും പരിചിതമാക്കുക" തുടങ്ങി അഭ്യസിപ്പിക്കലിന്റെയും പരിശീലനത്തിന്റെയും ചുമതലക്കാരനായി അധ്യാപകൻ മാറുന്നു [കേരള സർക്കാർ 45, *വിദ്യാഭ്യാസവകുപ്പ്, അധ്യാപകസഹായി സ്റ്റാന്റേർഡ് 1* (തിരുവനന്തപുരം: എസ്.ഐ.ഇ. 1986) 35]

പറഞ്ഞുകൊടുക്കുക[52] -ഇങ്ങനെ ഓരോ ഘട്ടത്തിലും നിരന്തരം ഇടപെട്ടുകൊണ്ടിരിക്കേണ്ട ഒരാളായാണ് അധ്യാപകനെ വിഭാവനം ചെയ്തിട്ടുള്ളത്.

ഇങ്ങനെ ഇടപെടേണ്ട അധ്യാപകനെക്കുറിച്ചുള്ള മുൻവിധിയും പ്രസ്താവ്യമാണ്. സ്വന്തമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനോ അവ അവതരിപ്പിക്കാനോ ഉള്ള കഴിവ് അധ്യാപകനുള്ളതായി പാഠ്യപദ്ധതി വിശ്വസിക്കുന്നില്ല. കുട്ടിയെപ്പോലെ അഭ്യസനവും പരിശീലനവും അധ്യാപകനും ആവശ്യമാണെന്ന് ഒന്നാം തരത്തിലെ അധ്യാപകസഹായി വിഭാവനം ചെയ്യുന്നു.[53]

“അധ്യാപകൻ പുസ്തകത്തിലെ കവിതകൾ പല പ്രാവശ്യം ചൊല്ലിക്കൊടുക്കണം. പിന്നീട് കുട്ടികൾക്ക് അവസരം നൽകണം.”[54] അടിസ്ഥാനപരമായി അധ്യാപകനെയും കുട്ടിയെയും യാന്ത്രികമായി സമീപിക്കുന്ന ഒരു പാഠ്യപദ്ധതിയെയാണ് ഇവിടെ നാം പരിചയപ്പെടുന്നത്.

അധ്യാപക സങ്കല്പങ്ങളെക്കുറിച്ച് പാഠ്യപദ്ധതി, സിലബസുകൾ, അധ്യാപകസഹായികൾ എന്നിവയിലുള്ള വൈരുദ്ധ്യം പ്രകടമാണ്. അധ്യാപകനെ കേവലം പരിശീലകൻ എന്ന തലത്തിൽനിന്ന് മോചിപ്പിക്കാനുള്ള ശ്രമമാണ് പാഠ്യപദ്ധതിയിലും സിലബസുകളിലും കാണുന്നത്. ബോധനപ്രക്രിയയേക്കാൾ പഠനപ്രക്രിയയ്ക്കാണ് പാഠ്യപദ്ധതിയിൽ ഊന്നൽ നൽകിക്കാണുന്നത്. എന്നാൽ, അത് നടപ്പാക്കാനുള്ള സൂക്ഷ്മാംശങ്ങൾ വിശകലനം ചെയ്യാത്തതിനാലാവാം അധ്യാപകസഹായിയിൽ ഒരു തിരിച്ചുപോക്ക് ദൃശ്യമാവുന്നത്.

52. കേരള സർക്കാർ 45 43

53. ഒന്നാം തരത്തിലെ (1986) സംഭാഷണപരിചയത്തിലെ മൂന്നാം പേജിലെ രണ്ടാമത്തെ ചിത്രം എങ്ങനെ അവതരിപ്പിക്കണമെന്ന് പറഞ്ഞിരിക്കുന്നു. “ചോദ്യങ്ങളും സംഭാഷണവിഷയങ്ങളും: ചിത്രത്തിലെന്തൊക്കെ കാണാം? അമ്മ എന്തു ചെയ്യുന്നു? ചിത്രത്തിൽ കാണുന്ന പച്ചക്കറികളുടെ പേരു പറയുക, കുട്ടികൾക്കറിയാവുന്ന അവർക്കിഷ്ടമുള്ള പച്ചക്കറികളുടെ പേരു പറയിക്കുക, അടുക്കള ഉപകരണങ്ങളുടെ പേര് പറയിക്കുക, ആഹാരം പാകം ചെയ്യുന്നതിന്റെ ആവശ്യകത പറഞ്ഞുകൊടുക്കുക, പച്ചക്കറികൾ എന്തിന് (ആരോഗ്യത്തിന് പച്ചക്കറി കഴിക്കണം എന്ന് പറഞ്ഞുമനസ്സിലാക്കി കൊടുക്കുക).” ഇവിടെ ഒരു ചിത്രം ഉപയോഗിച്ചുള്ള സംഭാഷണപാഠം എങ്ങനെ ക്ലാസ്സിൽ അവതരിപ്പിക്കണമെന്നതിന്റെ വിശദീകരണമാണ് നൽകിയിരിക്കുന്നത്. അധ്യാപകന്റെ കഴിവ്, സർഗാത്മകത എന്നിവയിൽ വിശ്വാസമില്ലാത്ത ഒരു പാഠ്യപദ്ധതിയായതുകൊണ്ടാണ് ഇത്രയേറെ വിശദീകരണം ഒരു ചിത്രത്തിനു നൽകേണ്ടിവരുന്നത്. അധ്യാപകന്റെ ചിന്തയും ആസൂത്രണവും പ്രാദേശിക പരിഗണനകളും ഇവിടെ അസാധുവാകുന്നു. “പച്ചക്കറി എന്തിന്” എന്ന ചോദ്യത്തിനുള്ള ഉത്തരം പോലും ബ്രാക്കറ്റിൽ കൊടുത്തിട്ടുണ്ട്. ഇരുപത്തിയൊന്ന് വാക്കുകളും നാല് വാക്യങ്ങളും ഈ ചിത്രത്തെത്തുടർന്ന് പഠിപ്പിക്കുന്നു (കേരള സർക്കാർ 45 18).

54. കേരള സർക്കാർ 45 43

### 1.3.4 എം.എൽ.എൽ ഘട്ടം

ഈ ഘട്ടത്തിലെ ശിശുകേന്ദ്രിതപഠനത്തിനുള്ള ഊന്നൽ മുൻകാലങ്ങളേക്കാൾ വർധിച്ചിട്ടുണ്ട്. ഇവിടെ അധ്യാപകസങ്കല്പത്തിലും മാറ്റം വന്നിട്ടുണ്ട്. "അറിവു പകർന്നു നൽകുന്ന ഒരു വ്യക്തിയെന്ന നിലയിൽനിന്നും മാറി വിദ്യാർത്ഥിയെ പഠനത്തിൽ സഹായിക്കാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുന്നവനായി അധ്യാപകൻ മാറുന്നു. എന്നാൽ, അധ്യാപകസഹായിയിൽ ഇതിന് വിരുദ്ധമായ നിലപാടാണ് കാണുന്നത്.[55]

55. അധ്യാപകസഹായിയിൽ- ലഘുപദങ്ങൾ വായിക്കുന്നു എന്ന പ്രാപ്തി(4.13)യുടെ ആസൂത്രണത്തിൽ- കൊടുത്തിട്ടുള്ള വിശദാംശങ്ങൾ പരിശോധിക്കാം: "കാർഡ് നിവർത്തി 'തറ' എന്നു വായിക്കുക. കുട്ടികൾ സംഘമായി പറയട്ടെ. പാഠത്തിന്റെ ഒരു പകർപ്പ് ബ്ലാക്ക്ബോർഡിൽ എഴുതണം. അത് അധ്യാപകൻ വായിക്കുന്നു. കുട്ടികൾ സംഘമായും ഒറ്റയ്ക്കും വായിക്കുന്നു. അതിനുശേഷം പാഠപുസ്തകം നിവർത്തി സംഘമായും ഒറ്റയ്ക്കും വായിക്കട്ടെ. ബ്ലാക്ക്ബോർഡിൽ നോക്കി സ്ലേറ്റിൽ എഴുതട്ടെ. അധ്യാപകൻ ക്ലാസ്സിൽ നടന്നു പരിശോധന നടത്തണം. അക്ഷരക്കാർഡുകൾ ചേർത്തുവെച്ച് 'തറ' എന്ന വാക്കുണ്ടാക്കുക." എം.എൽ.എൽ പദ്ധതി അധ്യാപകനെ എങ്ങനെ കാണുന്നുവെന്ന് ഇവിടെ വ്യക്തമാക്കുന്നു. അധ്യാപകന്റെ വായന, കുട്ടിയുടെ വായന, സംഘപ്രവർത്തനം, വ്യക്തിഗത പ്രവർത്തനം, അധ്യാപകന്റെ നിരീക്ഷണം എന്നീ പ്രക്രിയകളാണ് ക്ലാസ്സിൽ നടക്കുന്നത്. ഇവിടെ മുൻഘട്ടവുമായി താരതമ്യം ചെയ്യുമ്പോൾ അടിസ്ഥാനപരമായ മാറ്റം ദൃശ്യമല്ല. [കേരള സർക്കാർ 8, വിദ്യാഭ്യാസവകുപ്പ്, എസ്.സി.ഇ.ആർ.ടി, *അധ്യാപകസഹായി സ്റ്റാൻഡേർഡ് 1* (തിരുവനന്തപുരം: ഡി.പി.ഇ.പി, 1995) 9, 19]

## 1.4 പഠനരീതി

പഠനത്തിനായി ഒരുക്കുന്ന അന്തരീക്ഷം, സഹായം, ക്രമീകരണങ്ങൾ എന്നിവ എന്തെല്ലാമാണെന്നും അതിനുവേണ്ടി ഉപയോഗിക്കുന്ന സങ്കേതങ്ങളും തന്ത്രങ്ങളും എന്തെല്ലാമാണെന്നും പഠനോപകരണങ്ങളുടെ സ്വഭാവം എന്തെല്ലാമാണെന്നുമാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

### 1.4.1 പൂർവഘട്ടം

#### 1.4.1.1. അക്ഷരപഠനം

പൂർവഘട്ടത്തിൽ മാതൃഭാഷാപഠനം ആരംഭിക്കുന്നത് അക്ഷരപഠനത്തിലൂടെയാണ്. എഴുതാൻ എളുപ്പമുള്ള അക്ഷരങ്ങൾ വരുന്ന പദങ്ങളാണ് ആദ്യം പഠനത്തിനുവേണ്ടി നിർദ്ദേശിച്ചിരിക്കുന്നത്. അക്ഷരങ്ങളുടെ ആവർത്തനത്തിനും അതിലൂടെ അവയുടെ ദൃഢീകരണത്തിനും സാധിക്കുമെന്ന് പൂർവഘട്ടത്തിൽ വിശ്വസിച്ചിരുന്നു. ചില വസ്തുക്കളുടെ ചിത്രങ്ങൾ നൽകി താഴെ അവയുടെ നാമം എഴുതുകയും അതിൽതന്നെ അക്ഷരങ്ങളെ പ്രത്യേകം പ്രത്യേകം ശ്രദ്ധിക്കുന്നതിനായി കറുപ്പും വെളുപ്പും നിറത്തിൽ അച്ചടിക്കുകയും ചെയ്തിട്ടുണ്ട്. അവയുടെ ആവർത്തനവായനയ്ക്കും എഴുത്തിനും അവസരമൊരുക്കുന്നതാണ് തുടർന്നുള്ള പാഠങ്ങൾ.[64] എല്ലാ അക്ഷരങ്ങളും കൂട്ടക്ഷരങ്ങളും സംയുക്താക്ഷരങ്ങളും അവയുടെ പിരിച്ചെഴുത്തും ചില്ലക്ഷരങ്ങളും എല്ലാം ഒന്നാം തരത്തിൽതന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. അക്ഷരങ്ങളുടെ പ്രബലനത്തിനും ചില വാക്യങ്ങൾ കൊടുത്തിട്ടുണ്ട്. 'മലബാറിൽ ഒമ്പത് താലൂക്കുണ്ട്' എന്ന വാക്യം 'ബ' എന്ന അക്ഷരത്തിന്റെ പ്രബലനത്തിനായി ഒന്നാം പാഠപുസ്തകത്തിൽ ചേർത്തിട്ടുള്ളതാണ്. അതുപോലെ 'അശോകൻ ദയാലുവായ രാജാവ് ആയിരുന്നു', 'ഷൺമുഖൻ ശിവപുത്രൻ', 'വീരർക്കു മരണം തൃണം'. ഈ വാക്യങ്ങളെല്ലാം കുട്ടിയുടെ ആശയതലവുമായോ പരിസരവുമായോ ബന്ധമുള്ളതല്ല. ഇവയെല്ലാം ചില അക്ഷരങ്ങൾ പരിചയപ്പെടുത്താനും അവയുടെ പ്രബലനത്തിനും വേണ്ടിയുള്ളതാണ്. കുട്ടികളുടെ മുന്നനുഭവത്തെ പ്രയോജനപ്പെടുത്തി ഭാഷാപഠനം നടത്തുക എന്ന തത്ത്വം അംഗീകരിച്ചിട്ടില്ല. പകുതിയിലേറെ പദങ്ങളും ബഹുഭൂരിപക്ഷം വാക്യങ്ങളും കുട്ടികളുടെ ജീവിതവുമായോ പരിസരവുമായോ ബന്ധമില്ലാത്തവയാണ്.

#### 1.4.1.2. അധ്യാപകകേന്ദ്രിത പഠനം

അക്ഷരങ്ങൾ, പദങ്ങൾ, ചിത്രങ്ങൾ, ആശയങ്ങൾ ഇവ വിശദീകരിക്കുകയും കുട്ടികൾക്കു ഗ്രാഹ്യമാകുന്ന തരത്തിൽ അധ്യാപകൻ വിശദീകരിക്കുകയും ചെയ്യുന്ന രീതിയാണ് നിലനിന്നിരുന്നത്. പഠനത്തിൽ കുട്ടിയുടെ പങ്ക് സ്വീകർത്താവിന്റേതു മാത്രമാണ്.

പഠനപ്രക്രിയയിൽ കുട്ടിയുടെ പങ്കാളിത്തം വളരെ കുറവാണെന്നു പറയാം. ഇങ്ങനെ ഏക മുഖമായ പഠനരീതിയാണ് മറ്റു ഭാഷാശേഷികൾ നേടുന്നതിനും നിർദ്ദേശിക്കുന്നത്. "അധ്യാപകന്റെ മാതൃകാവായന വേണം. പാഠാരംഭത്തിൽ നൽകിയ കഠിനപദങ്ങളുടെ അർത്ഥം നല്ലപോലെ വിവരിക്കണം. വീണ്ടും വായിച്ചുകൊടുത്ത് ഗ്രഹണത്തിന് സഹായിക്കണം."[56] ഇവിടെ കുട്ടി കേൾവിക്കാരനാണ്. സ്വാഭാവികമല്ലാത്തതും ജീവിതഗന്ധിയല്ലാത്തതുമായ ഈ രീതി വശമാക്കിയ ഒരാളായാണ് അധ്യാപകനെ വീക്ഷിക്കുന്നത്. കഥകളിലെ തത്ത്വം കുട്ടി സ്വയം കണ്ടെത്തണം. അധ്യാപകൻ പറഞ്ഞുകൊടുക്കേണ്ടതില്ല. ഈയൊരു കാര്യത്തിൽ മാത്രമാണ് കുട്ടിയെ അംഗീകരിക്കുന്നത്. അതിലെ വൈരുദ്ധ്യവും പ്രകടമാണ്. ആശയഗ്രഹണത്തിനോ അർത്ഥബോധം വരുത്തുന്നതിനോ സ്വയം വായിച്ച് ആശയം ഗ്രഹിക്കുന്നതിനോ അവസരം നൽകാതെ കഥകളിലെ തത്ത്വം കുട്ടി സ്വയം കണ്ടെത്തുന്നതെങ്ങനെ? എങ്കിലും കഥയിലെ മൂല്യങ്ങൾ കുട്ടി സ്വയം ആർജിക്കേണ്ടതാണെന്ന ആശയം പൂർവഘട്ടത്തിൽത്തന്നെ പരാമർശിക്കപ്പെട്ടിരുന്നുവെന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

### 1.4.1.3. ആവർത്തനപഠനത്തിന് പ്രാധാന്യം

ആവർത്തനത്തിനും ജപപഠനത്തിനും ഊന്നൽ നൽകുന്ന രീതിക്കാണ് പൂർവഘട്ടത്തിൽ പ്രാമുഖ്യം നൽകിയിരുന്നത്. അധ്യാപകനിൽ കേന്ദ്രീകരിച്ച പഠനരീതിയാണ് പ്രയോഗത്തിലുണ്ടായിരുന്നത്. കുട്ടികളുടെ ജന്മസിദ്ധമായ കഴിവുകളെ വേണ്ടത്ര തിരിച്ചറിഞ്ഞിട്ടില്ല. അക്ഷരങ്ങളും പദങ്ങളും കുട്ടികളിൽ എത്തിക്കുന്നതിനായുള്ള ആദ്യകാലശ്രമം, പദബോധമാണ് കുട്ടിയുടെ ഭാഷാപഠനത്തിന്റെ മാനദണ്ഡം എന്ന ധാരണയാകാം.

അപരിചിതവും കുട്ടികൾക്ക് അന്യവുമായ പദങ്ങൾ പരിചയപ്പെടുത്തുന്നതിലും പദങ്ങളുടെ കാഠിന്യം പരിഗണിക്കാതെ എല്ലാ അക്ഷരങ്ങളും കൂട്ടക്ഷരങ്ങളും സംയുക്താക്ഷരങ്ങളും പരിചയപ്പെടുത്തുന്നതിലും കാണിക്കുന്ന വ്യഗ്രത അക്ഷരത്തിനു നൽകിയ ഊന്നലാണ് വെളിപ്പെടുത്തുന്നത്. കുട്ടിക്ക് ലഭിക്കുന്ന പഠനസമയം പരിഗണിക്കാതെ വളരെ കൂടുതൽ പാഠാംശം ഉൾപ്പെടുത്തുന്നതിന്റെ യുക്തിയും പഠനരീതിയുമായി ബന്ധപ്പെട്ടതാണ്.

56. വർഗീസ് 1 vi

## 1.4.2. മാനകീകരണഘട്ടം

### 1.4.2.1. അനുഭവാധിഷ്ഠിത പഠനത്തിന് ഊന്നൽ

ഈ ഘട്ടത്തിൽ പഠനം അനുഭവാധിഷ്ഠിതമായിരിക്കണമന്നും ഇങ്ങനെ നേടുന്ന വിജ്ഞാനം മാത്രമേ കുട്ടിയുടെ വ്യക്തിത്വത്തിൽ സ്വാംശീകരിക്കപ്പെടുകയുള്ളൂ എന്നും അതുകൊണ്ട് അത്തരം അനുഭവങ്ങൾ ലഭിക്കാനുതകുന്ന പഠനസന്ദർഭങ്ങളും പ്രായോഗിക പ്രവർത്തനങ്ങളുമാണ് പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.[57]

അനുഭവാധിഷ്ഠിത പഠനം എന്നതിന്റെ വ്യാപ്തി പരിമിതമായേ പാഠ്യപദ്ധതി ഉദ്ദേശിക്കുന്നുള്ളൂ എന്നത് വ്യക്തമാണ്. "സ്വാനുഭവങ്ങളിൽക്കൂടി മാത്രം വളരെയൊന്നും പഠിക്കാനാവില്ലല്ലോ. പഠനത്തിനാധാരമായ വസ്തുത അപ്രാപ്യമായിട്ടുള്ളതാണെങ്കിൽ വസ്തുവിന്റെ മാതൃകയോ ചിത്രമോ രൂപരേഖയോ ഉപയോഗിച്ച് പഠിക്കാനേ നിർവാഹമുള്ളൂ. പല കാര്യങ്ങളും വായിച്ചും കേട്ടും പഠിക്കേണ്ടതായിട്ടുമുണ്ട്.[58] വായനയും ഗ്രഹണവും അനുഭവമായി അക്കാലത്ത് കണക്കാക്കിയിട്ടില്ല. പ്രത്യക്ഷാനുഭവത്തിലൂടെയുള്ള പഠനത്തെ മാത്രമേ അനുഭവമായി പരിഗണിച്ചിട്ടുള്ളൂ. അനുഭവത്തിന്റെ മാനസികതലം കണക്കിലെടുക്കാതെയാണ് ഇത്തരമൊരു നിഗമനത്തിലെത്തുന്നത്. അതുകൊണ്ടാണ് സ്വാനുഭവങ്ങളിലൂടെ മാത്രം വളരെയൊന്നും പഠിക്കാനാവില്ല എന്നു ശങ്കിക്കുന്നത്.

### 1.4.2.2. പഠനതന്ത്രങ്ങൾ

"ക്ലാസ്സിലെ ഓരോ പ്രവർത്തനവും വിദ്യാർത്ഥികളുടെ ആവശ്യങ്ങളിൽനിന്നും ഉടലെടുത്തിട്ടുള്ളതാവണമെന്നു മാത്രമല്ല, വിദ്യാർത്ഥികളും അധ്യാപകരും ചേർന്നുള്ള സംയുക്തചർച്ചയുടെ ഫലമായിരിക്കുകയും വേണം. എങ്കിൽ മാത്രമേ വിദ്യാർത്ഥികൾക്ക് പ്രവർത്തനങ്ങളിൽ ഉടമസ്ഥത ഉണ്ടാകൂ. പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ഭിന്ന നിലവാരക്കാരുടെ ആവശ്യങ്ങൾ പരിഗണിക്കണം. സംഘയത്നത്തിനും സഹകരണമനോഭാവത്തിനും മതിയായ പരിശീലനം നൽകാൻ അത്തരത്തിലുള്ള പ്രവർത്തനങ്ങൾ സഹായിക്കും."[59]

1.4.2.2.1. ഓരോ പ്രവർത്തനവും മുൻകൂട്ടി ആസൂത്രണം ചെയ്തിരിക്കണം. തുടർന്ന് ആവർത്തനപാഠവും ചർച്ചയും വേണം. അലസമായ പഠനരീതി ഒഴിവാക്കാൻ ചലച്ചിത്ര

---

57. കേരള സർക്കാർ 1 i
58. കേരള സർക്കാർ 1 i
59. കേരള സർക്കാർ 1 i

പ്രദർശനം, പഠനയാത്ര എന്നിവയ്ക്ക് വിദ്യാർത്ഥികളിൽ താൽപര്യം ജനിപ്പിക്കണം.[60]

1.4.2.2.2 ക്ലാസ്സ് പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിൽ, പഠനസാമഗ്രികൾ നിർണയിക്കുന്നതിൽ, പഠനതന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിൽ മാനകീകരണ ഘട്ടത്തിലുണ്ടായ മാറ്റമാണ് ഇവിടെ വ്യക്തമാകുന്നത്. പുസ്തകങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും ഫലപ്രദമായി ഉപയോഗിക്കുന്നതിൽ കുട്ടികളെ സമർത്ഥരാക്കാൻ പാഠ്യപദ്ധതി ഉദ്ദേശിക്കുന്നുണ്ട്.[61] അനുഭവജ്ഞാനത്തെക്കുറിച്ച് പറഞ്ഞതിൽനിന്നും പുസ്തകനിരാസമല്ല ഉദ്ദേശിക്കുന്നത്.

### 1.4.2.3. പഠനോപകരണങ്ങൾക്കും വായനാപ്രവർത്തനങ്ങൾക്കും പ്രാധാന്യം

അനുഭവാധിഷ്ഠിത ജ്ഞാനസമ്പാദനത്തിന് ഊന്നൽ നൽകുന്നതിന്റെ ഭാഗമായിത്തന്നെ വായനാപ്രവർത്തനങ്ങൾക്കും വൈവിധ്യമാർന്ന പഠനോപകരണങ്ങൾ ഉപയോഗിച്ചിട്ടുള്ള പഠനത്തിനും ഊന്നൽ നൽകിയിരിക്കുന്നു എന്നു മനസ്സിലാക്കാം. വസ്തുതകൾ 'കാണാപ്പാഠം' പഠിക്കുന്ന രീതിക്ക് പ്രാധാന്യം കുറവായിരുന്നു എന്നു വേണം കരുതാൻ. "നൂറുകൂട്ടം കാര്യങ്ങൾ ഹൃദിസ്ഥമാക്കുന്നതിനേക്കാൾ ആവശ്യമുള്ള വസ്തുതകൾ ഗ്രന്ഥങ്ങൾ നോക്കി കണ്ടുപിടിക്കുന്നതിനുള്ള പരിശീലനം നേടുന്നതാണ് കൂടുതൽ പ്രയോജനപ്രദം."[62] ഈ പ്രസ്താവനയിൽ നിന്ന് ജഡപാഠങ്ങളുടെ ജപപഠനത്തിന് പ്രാധാന്യം നൽകേണ്ടതില്ലെന്നും കുട്ടികളിൽ റഫറൻസിനുള്ള കഴിവ് വളർത്താനാണുദ്ദേശിച്ചിട്ടുള്ളത് എന്നും മനസ്സിലാക്കാം. മുൻകാലങ്ങളിലെ പഠനരീതിയിൽ നിന്നും വ്യത്യസ്തമായ കാഴ്ചപ്പാടാണിത്.

### 1.4.2.4. വഴക്കമുള്ള പാഠ്യപദ്ധതി

പഠനം കൂടുതൽ രസകരവും താൽപര്യജനകവുമാക്കുന്നതിന് വിദ്യാർത്ഥികളുടെ അനുഭവങ്ങളും പ്രശ്നങ്ങളും ചർച്ച ചെയ്യുന്ന പാഠഭാഗങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഇത് പഠനരീതിയെ നേരിട്ട് സ്വാധീനിക്കുന്ന ഘടകമാണ്. വിദ്യാർത്ഥികൾക്കിണങ്ങുന്ന വിഷയം അവരിൽ താൽപര്യം സ്വയം ജനിപ്പിക്കുകയും അത് പഠനത്തിലേക്ക് നയിക്കുകയും ചെയ്യും. പാഠഭാഗങ്ങൾ തമ്മിലും പരസ്പരബന്ധം വേണമെന്ന് പാഠ്യപദ്ധതി നിർദ്ദേശിക്കുന്നു.[63] പാഠഭാഗങ്ങളും ഓരോ വിഷയത്തിനുമുള്ള സമയവും നിർണയിച്ചിട്ടുണ്ടെങ്കിലും അവ പ്രാദേശിക പ്രത്യേകതകൾക്കനുസൃതമായി മാറ്റം വരുത്തുന്നതിനുള്ള വഴക്കം പാഠ്യ

---

60. കേരള സർക്കാർ 1 i
61. കേരള സർക്കാർ 1 i
62. കേരള സർക്കാർ 1 iii
63. കേരള സർക്കാർ 1 iii

പദ്ധതിയിൽ നിർദ്ദേശിക്കുന്നുണ്ട്."[64] കുട്ടികൾ ഏതെങ്കിലുമൊരു പഠനത്തിൽ കൂടുതൽ താൽപര്യം പ്രകടിപ്പിച്ചാൽ ആ പാഠത്തിന്റെ കൂടുതൽ വിശദീകരണങ്ങളിലേക്ക് പോകാനും ആവശ്യമായ പിരിയേഡുകൾ ഉപയോഗിച്ച് അവ സാക്ഷാത്കരിക്കാനും അധ്യാപകന് സ്വാതന്ത്ര്യം നൽകുന്നുണ്ട്.

### 1.4.2.5. പദസ്വാധീനം വർധിപ്പിക്കാൻ

പദസ്വാധീനമാണ് ഭാഷാശേഷിയുടെ ഒരു പ്രധാന ഘടകമായി അക്കാലത്ത് നിനച്ചിരുന്നത്. അതിനാൽ, പദസമ്പത്ത് വർധിപ്പിക്കുന്നതിനുള്ള നിരവധി പ്രവർത്തനങ്ങൾക്ക് മേൽക്കൈ ഉണ്ടായിരുന്നു. പര്യായം, നാനാർത്ഥം എന്നിവ പഠിപ്പിക്കണം. നൂതനപദങ്ങൾ വാക്യത്തിൽ പ്രയോഗിച്ച് അർത്ഥബോധം വരുത്തേണ്ടതാണ് തുടങ്ങിയ പഠനരീതികളുടെ വേര് പദസമ്പത്തുമായി ബന്ധപ്പെട്ടുകിടക്കുന്നു.

സംഭാഷണങ്ങളും കഥാകഥനവും നാടകാഭിനയവും പ്രാരംഭകാലത്ത് നടത്തുന്നതുകൊണ്ട് ആശയവും പദസമ്പത്തും വിപുലമാവുകയും ഉച്ചാരണശുദ്ധിയും വാക്യബോധവും ജനിക്കുകയും ചെയ്യും.[65] ഇങ്ങനെയുള്ള പ്രവർത്തനങ്ങളിലൂടെ ഉച്ചാരണശുദ്ധി, വാക്യബോധം, പദസമ്പത്ത് എന്നിവ വളർത്തുകയാണ് പ്രധാന ഉദ്ദേശ്യമായി കണ്ടിരുന്നത്.

### 1.4.2.6. അക്ഷരപഠനം

വചനശിക്ഷണവും രചനയും ഒരുമിച്ചു പോകണം. വിദ്യാർത്ഥികളുടെ അനുഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള രചനയ്ക്ക് പ്രാധാന്യം നൽകണം. ഒരു വർഷത്തിൽ പന്ത്രണ്ട് മുതൽ പതിനഞ്ചു വരെ രചന എഴുതിച്ച് തിരുത്തിയെഴുതിക്കണം. രചനാശിക്ഷണത്തിൽ ഖണ്ഡികാകരണം, ചിഹ്നം, ആശയങ്ങളുടെ പൂർവാപരബന്ധം എന്നിവയ്ക്ക് ഊന്നൽ നൽകണം. എന്നാൽ, ഒന്നാം തരത്തിൽ കുട്ടി വായിച്ചുതുടങ്ങുന്നതോടു കൂടിത്തന്നെ വായിച്ച പദങ്ങൾ എഴുതിച്ചുതുടങ്ങാം. "വായന പഠിപ്പിക്കാൻ പരിചിതവസ്തുക്കളുടെ ചിത്രങ്ങൾ ഉപയോഗിക്കാം. ചിത്രങ്ങൾ നോക്കി അവയ്ക്കു താഴെ എഴുതിയിരിക്കുന്നത് അവയുടെ പേരുകളാണെന്ന് മനസ്സിലാക്കിച്ചു വായിപ്പിക്കണം. പലതവണ അങ്ങനെ ചിത്രത്തിന്റെ സഹായത്തോടെ വായിച്ചുകഴിഞ്ഞാൽ പിന്നീട് ചിത്രം കാണാതെത്തന്നെ പേര്

64. ജപ്പാനിൽ അഗ്നിപർവതം പൊട്ടിയതായി പത്രത്തിൽ വായിച്ചാൽ അഗ്നിപർവതങ്ങളെപ്പറ്റി പഠിപ്പിക്കാൻ അതിലും മെച്ചപ്പെട്ട ഒരവസരം വേറെയില്ല. ആകാശത്തിൽ മഴവില്ലു കാണുമ്പോൾ ആ സന്ദർഭം ഉപയോഗിച്ച് മഴവില്ലുണ്ടാകാനുള്ള കാരണം വിശദീകരിക്കാതെ സിലബസിലെ മുറയും കാത്തുകഴിയുന്ന അധ്യാപകൻ ഈ പാഠ്യപദ്ധതിയുടെ ചൈതന്യം ഉൾക്കൊണ്ടിട്ടില്ലതന്നെ. (കേരള സർക്കാർ 1 ii)

65. കേരള സർക്കാർ 1 2

വായിക്കാൻ അവർക്ക് സാധിക്കും. പിന്നീട് അക്ഷരങ്ങൾ എഴുതിത്തുടങ്ങാം."[66]

"ഓരോ വാക്കിലും വരുന്ന ലിപിയും ഉച്ചാരണവും പഠിപ്പിച്ചശേഷം അടുത്ത പദത്തിലേക്ക് എന്നാണ് ക്രമം. ആദ്യത്തെ ചിത്രം 'തറ'യുടേതാണെങ്കിൽ അടുത്തത് ഒരു 'പറ'യുടേതായിരിക്കണം. പുതിയ ലിപി പരിചയിച്ചശേഷം ആ ലിപി ഉൾക്കൊള്ളുന്ന പദം മുഴുവനും വായിപ്പിക്കുകയും എഴുതിക്കുകയും വേണം. സ്വരങ്ങളും വ്യഞ്ജനങ്ങളും പഠിപ്പിച്ചുകഴിഞ്ഞാൽ അകാരാദിക്രമത്തിൽ എഴുതി പഠിപ്പിക്കാം."[67]

ഇങ്ങനെ എളുപ്പമുള്ള അക്ഷരങ്ങളിൽനിന്നു തുടങ്ങി അക്ഷരങ്ങളുടെ വായനയും എഴുത്തും പൂർത്തിയാക്കുകയെന്ന രീതിയാണ് ഇവിടെ തുടരുന്നത്. അതിന്റെ സ്വാഭാവികമായ അന്ത്യം അക്ഷരമാല അകാരാദിക്രമത്തിലെഴുതുകയുമാകുന്നു. ഇതിന്റെ ഭാഗമായി "പരിചിതവസ്തുക്കളുടെ സഹായത്തോടുകൂടി, പഠിപ്പിക്കുവാൻ പ്രയാസമായ സ്വരങ്ങളും വ്യഞ്ജനങ്ങളും പദങ്ങൾ പറഞ്ഞ് പരിചയിപ്പിക്കുകയും എഴുതിക്കൊടുത്തു പഠിപ്പിക്കുകയും ചെയ്യാം"[68] എന്നു നിർദ്ദേശിക്കുന്നുണ്ട്.

കൂട്ടക്ഷരങ്ങൾ ഒട്ടുമുക്കാലും ഒന്നാം ക്ലാസ്സിൽതന്നെ പഠിപ്പിക്കുകയും അകാരാദിക്രമത്തിൽ അക്ഷരമാല കാണാതെ ചൊല്ലിക്കുകയും വേണമെന്ന് നിർദ്ദേശിക്കുന്നു. "ഓരോ ക്ലാസ്സിലും നൂതനപദങ്ങൾ അൽപാൽപമായി അവതരിപ്പിച്ച് ക്രമേണ എണ്ണം കൂട്ടണം."[69] പദപഠനരീതി ഇപ്രകാരമായിരുന്നു നടന്നിരുന്നത്. "ഒരു പദം അധ്യാപകൻ പറയുന്നതു കേട്ട ശേഷമേ കുട്ടി പ്രസ്തുത പദത്തിന്റെ ലിപി കാണാവൂ. എങ്കിൽ മാത്രമേ അവ തമ്മിലുള്ള ബന്ധം ബോധ്യപ്പെടൂ."[70] കുട്ടിക്ക് ശബ്ദവും ലിപിയും ബോധ്യപ്പെടാൻ ഈ രീതിയേയുള്ളൂ എന്നും അത് ഇന്നതാണെന്നും അധ്യാപകസഹായിയിൽ നിർദ്ദേശിക്കുന്നു. ഈ ഘട്ടത്തിൽ കേട്ടെഴുത്തും പകർത്തിയെഴുത്തും സംബന്ധിച്ച കാഴ്ചപ്പാടുകൾ വിശദമാക്കുന്നുണ്ട്.[71]

66. കേരള സർക്കാർ 2 3
67. കേരള സർക്കാർ 2 2
68. കേരള സർക്കാർ 2 34
69. കേരള സർക്കാർ 6 3
70. കേരള സർക്കാർ 6 4
71. "കൈയക്ഷരം നന്നാക്കാനും അക്ഷരത്തെറ്റ് പരിഹരിക്കാനും അറിവ് ദൃഢമാക്കാനും തെറ്റാതെ വേഗം എഴുതാനും ധാരണാശക്തി ഉണ്ടാക്കാനും പകർത്തിയെഴുത്ത് ഉപകരിക്കും." വായിച്ചതോ പകർത്തിയെഴുതിയതോ ആയ പദങ്ങളാണ് കേട്ടെഴുതാൻ നൽകുക. വിദ്യാർത്ഥികൾക്ക് അറിഞ്ഞുകൂടാത്ത വാക്കുകളോ വാക്യങ്ങളോ കേട്ടെഴുത്തിനു നൽകരുത്. കുട്ടികൾ വരുത്തുന്ന തെറ്റുകൾ തിരുത്തുന്നതിനുള്ള ചില തന്ത്രങ്ങളും ഈ കൈപ്പുസ്തകത്തിൽ നിർദ്ദേശിക്കുന്നുണ്ട്. തെറ്റിച്ചെഴുതുന്ന പദങ്ങളുടെ ചാർട്ട് ക്ലാസ്സിൽ തൂക്കിയിടുക, ലേഖനസംബന്ധിയായ കളികളിലേർപ്പെടാൻ അവസരമൊരുക്കുക, തെറ്റിക്കുന്ന അക്ഷരം കൊടുത്തു വാക്കുണ്ടാക്കുക" തുടങ്ങി നിരവധി കളികൾ അധ്യാപകസഹായിയിൽ നിർദ്ദേശിക്കുന്നുണ്ട്. (കേരള സർക്കാർ 6)

സാമ്യമുള്ള അക്ഷരങ്ങൾ ഒരുമിച്ചു പഠിപ്പിക്കണം.[72] അതിനുശേഷം കൂട്ടക്ഷരങ്ങളും സ്വരസംയുക്തമായ അക്ഷരങ്ങളും ഉറപ്പിക്കണം. എഴുത്തിൽ സാമ്യമുള്ള അക്ഷരമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അതിന്റെ ശാസ്ത്രീയത ചോദ്യം ചെയ്യത്തക്കതാണ്.

അക്ഷരപഠനത്തിന് പല കളികളും ഉപയോഗപ്പെടുത്തിയിരുന്നു എന്നും കുട്ടികൾ വരുത്തുന്ന തെറ്റുകൾ പലവുരു തിരുത്തിയെഴുതിച്ചിരുന്നു എന്നും കാണാൻ കഴിയും.[73]

### 1.4.2.7. ലേഖനം: പഠനരീതി

ലേഖനക്കാര്യത്തിൽ നല്ല വടിവിൽ ക്രമമായ രീതിയിൽ ഇരട്ടവരയിൽ എഴുതി ശീലിപ്പിക്കുകയും വാക്കുകൾ കേട്ടെഴുത്തിനു നൽകുകയും വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

“ഒന്നാം ക്ലാസ്സിൽ ഒറ്റവരയിൽ എഴുതിക്കുന്നതാണ് നല്ലത്. അല്ലാതെ രണ്ടു വരയിലും തൊടുവിക്കാനുള്ള ശ്രമത്തിൽ കുട്ടിക്ക് ശാരീരികായാസം ഉണ്ടാകുമെന്നു മാത്രമല്ല ദൃഷ്ടിക്ക് ദൂഷ്യവുമുണ്ടാകും.”[74] ഇവിടെ മുൻ പ്രസ്താവനയിൽ നിന്നുള്ള വൈരുദ്ധ്യം ദൃശ്യമാകുന്നുണ്ട്. കോപ്പിയെഴുത്തിനെക്കുറിച്ചുള്ള കാഴ്ചപ്പാടിലും പ്രയോഗത്തിലും വന്ന വൈരുദ്ധ്യം ക്ലാസ്മുറിയിലെ പ്രവർത്തനത്തെ സ്വാധീനിക്കും.

ചിത്രംവരയലാണ് ലേഖനത്തിന്റെ പ്രാരംഭമായി നടത്തേണ്ടത്. അധ്യാപകൻ ചിത്രങ്ങൾ വരയ്ക്കുമ്പോൾ കുട്ടികൾ വായുവിൽ എഴുതുകയും അതിനുശേഷം തറയിൽ മണലിൽ എഴുതുകയും വേണം. ഇതു കൂടാതെ നിരവധി രീതികൾ ലേഖനാഭ്യാസത്തിനായി നിർദ്ദേശിക്കുന്നുണ്ട്. പലകയിൽ അക്ഷരരൂപം പൊഴിച്ചുനോക്കി അതിനടിയിൽ കടലാസ് വച്ച് അതിലൂടെ വിരലോടിക്കൽ, ബോർഡിൽ വരച്ചിട്ടുള്ള ചിത്രങ്ങളിൽ കൂടി ചോക്കു കൊണ്ട് എഴുതൽ എന്നിവയെല്ലാം ലേഖനാഭ്യാസത്തിനായി നിർദ്ദേശിക്കുന്ന രീതികളാണ്. അധ്യാപകന്റെ മാതൃകയും എഴുതുന്ന രീതിയും കുട്ടികൾ അനുകരിക്കണമെന്നു പാഠ്യപദ്ധതിയിൽ നിർദ്ദേശിക്കുന്നുണ്ട്. എഴുതാൻ വിഷമിക്കുന്ന കുട്ടികളെ കൈപിടിച്ചെഴുതിക്കാൻ അധ്യാപകനോടാവശ്യപ്പെടുന്നുമുണ്ട്.

രണ്ടാം ക്ലാസ്സ് മുതൽ ഇരട്ടവരയിൽ പാഠപുസ്തകം പകർത്തിയെഴുതണം. മൂന്ന്, നാല് ക്ലാസ്സുകളിൽ പകർത്തിയെഴുത്ത് ഒറ്റവരയിലും കോപ്പിയെഴുത്ത് വേറെയും വേണം.

72. കേരള സർക്കാർ 6 28

73. ഏതെങ്കിലും ഒരക്ഷരാംശം കൊടുത്ത് ആവശ്യമുള്ള ഇതരാംശങ്ങൾ ചേർത്ത് അതിൽനിന്നും പല അക്ഷരങ്ങൾ നിർമിക്കുക, ഒരക്ഷരത്തെ മറ്റൊരക്ഷരമാക്കുക, അക്ഷരാംശങ്ങൾ വെട്ടിയെടുത്ത കടലാസ് കഷണങ്ങൾ ചേർത്ത് അക്ഷരമുണ്ടാക്കുക തുടങ്ങിയ നിരവധി കളികൾ അധ്യാപകസഹായിയിൽ നിർദ്ദേശിക്കുന്നുണ്ട്. (കേരള സർക്കാർ 6 29)

74. കേരള സർക്കാർ 6 28

ആശയപ്രകാശനത്തിനായി വാചികരചനയും ലേഖനരചനയുമുണ്ട്. വാചികരചനയ്ക്കു ശേഷം ലേഖനം എന്ന ക്രമമാണ് ദീക്ഷിക്കുന്നത്. ഇത്തരം രചനകൾ പരിസരബന്ധി തവും കുട്ടികളുടെ താൽപര്യത്തിൽ നിന്ന് ഉടലെടുക്കുന്നതും ആയിരിക്കണമെന്ന് ഉദ്ദേ ശിക്കുന്നുണ്ട്. രചനയുടെ ഭാഗമായി പരിസരത്തെക്കുറിച്ചുള്ള വിവരണം, കഥാരചന, കത്തെഴുതൽ, പാഠഭാഗങ്ങളിലെ ആശയം, ആസ്വാദനം എന്നിവയെല്ലാം പ്രയോജനപ്പെ ടുത്താം. രചനയിലെ തെറ്റു തിരുത്തിയെഴുതിക്കണമെന്ന് നിർബന്ധവുമുണ്ട്. അതുറപ്പാ ക്കേണ്ടത് അധ്യാപകന്റെ ധർമവുമാണ്.[75] സർഗാത്മക രചനകൾക്ക് ഈ ഘട്ടത്തിൽ അവ സരം നൽകിയിരുന്നു. അവ ക്ലാസ്സിൽ അവതരിപ്പിച്ച രീതിയാവട്ടെ അധ്യാപകകേന്ദ്രിത മാണ്.[76]

### 1.4.2.8. ഭാഷണത്തിന്റെ പ്രാധാന്യം

ഒന്നാംതരത്തിൽ ഏതാനും ആഴ്ചകൾ കുട്ടികൾക്ക് താൽപര്യമുള്ളതും നിത്യപരി ചിതവുമായ വിഷയങ്ങളെക്കുറിച്ച് സംഭാഷണം നടത്തണം. സംഭാഷണം ഫലപ്രദമാകു ന്നതിനായി കുട്ടികൾക്ക് നിസ്സങ്കോചം അഭിപ്രായം പറയാനുള്ള അന്തരീക്ഷം അധ്യാപ കൻ സൃഷ്ടിക്കണം. ഭാഷാശുദ്ധിയിൽ ശ്രദ്ധിക്കുന്നതിനേക്കാൾ തുടർച്ചയായി ഭാഷണം ചെയ്യാനുള്ള കഴിവുണ്ടാക്കുന്നതിലാണ് മനസ്സിരുത്തേണ്ടത്. ചിന്തയുടെ ക്രമത്തിലും അധ്യാപകന്റെ ശ്രദ്ധ പതിയണം. "സംഭാഷണത്തിന്റെ പ്രാധാന്യമറിഞ്ഞുകൊണ്ട് പഠന രീതി രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി ആദ്യ പിരിയേഡിൽ കുറച്ചു സമയം സംഭാഷണത്തിന് ഉപയോഗപ്പെടുത്താനും നിർദ്ദേശമുണ്ട്."[77]

ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ധാത്രീകഥകളും ജന്തുകഥകളും നാടോടിക്കഥകളും കുട്ടി കൾക്ക് പറഞ്ഞുകൊടുക്കണം. എന്നാൽ, രണ്ടാം തരത്തിൽ സംഭാഷണം കുറച്ചുകൂടി വിസ്തൃതമായ രീതിയിൽ പരിശീലിപ്പിക്കണമെന്നു പറയുക മാത്രമാണ് ചെയ്തിട്ടുള്ളത്. അതിന്റെ വിസ്തൃതിയെക്കുറിച്ച് സൂചനയില്ല.[78] മൂന്നാം ക്ലാസ്സിലെത്തുമ്പോഴേക്കും ഭാഷ ണത്തിന് കുറേക്കൂടി ഉയർന്ന നില വരുന്നുണ്ട്. സ്വാനുഭവങ്ങൾ, സാമാന്യവിജ്ഞാന

---

75. കേരള സർക്കാർ 6 37

76. "കഥ എഴുതിക്കുന്നതിനു മുമ്പ് അധ്യാപകൻ കഥ പറയട്ടെ. കഥയെ ആസ്പദമാക്കി അധ്യാപ കൻ ചില ചോദ്യങ്ങൾ ചോദിച്ച് ഉത്തരം പറയിക്കുക, കഥയിലെ വാക്യങ്ങളിൽ ചില പദങ്ങൾ ഉപേക്ഷിച്ചിട്ട് കഥാനിർമാണം നടത്തുക എന്നിവയ്ക്കുശേഷം കുട്ടികളെക്കൊണ്ട് കഥ എഴുതിക്കാം. അധ്യാപകന്റെ മാതൃകയെ അനുസരിച്ച് അവർ കഥ എഴുതും." അധ്യാപകകേന്ദ്രിത സമീപന മാണ് ഇവിടെ സ്വീകരിക്കുന്നത്. (കേരള സർക്കാർ 6 37-38)

77. കേരള സർക്കാർ 1 3

78. കേരള സർക്കാർ 1 5

ത്തിൽ പഠിച്ച ചില വിഷയങ്ങൾ എന്നിവ സംഭാഷണവിഷയമാക്കാം. പാഠപുസ്തകത്തിൽ ഉള്ള കഥകൾ അഭിനയിക്കണം.

"ഉച്ചാരണത്തിലും വായനയ്ക്കും എഴുത്തിനുമെല്ലാം യാന്ത്രികമായ പ്രായോഗികാഭ്യാസങ്ങൾ കൂടാതെ സാധ്യമല്ല. ഈ ധാരണയിൽ നിന്നും രൂപപ്പെട്ട നിരവധി ഭാഷണാഭ്യാസങ്ങൾ വിശദീകരിക്കുന്നുണ്ട്.[79]

കുട്ടികൾ വരുത്തുന്ന തെറ്റുകളോട് മാനകീകരണഘട്ടത്തിൽ സ്വീകരിച്ച സമീപനം ഇപ്രകാരമാണ്. ഉച്ചാരണത്തിൽ വരുന്ന തെറ്റുകളും മറ്റും കുട്ടിയെ നിരുത്സാഹപ്പെടുത്താതെ, സങ്കോചാദികൾക്ക് അടിപ്പെടാതെ ശരിപ്പെടുത്തുന്ന അധ്യാപകൻ അധ്യാപനകലയുടെ മർമം കണ്ടവനാണ്.[80]

ഭാഷണവൈകല്യം പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ അധ്യാപകസഹായിയിലുണ്ട്. "ശ്വസനാഭ്യാസങ്ങളും സ്വനനാഭ്യാസങ്ങളും നൽകി വചനശിക്ഷണത്തിൽ വരാവുന്ന കുഴപ്പങ്ങളും പരിഹരിക്കണം."[81] അംഗവൈകല്യമുള്ള കുട്ടികളുടെ കാര്യത്തിലും പ്രത്യേക പരിഗണന നൽകുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കേൾവിക്ക് തകരാറുള്ള കുട്ടികളെ അധ്യാപകൻ അടുത്തിരുത്തുകയും വിക്കുള്ളവരെ നിരുത്സാഹപ്പെടുത്താതെ ഭാഷണത്തിൽ പങ്കുകൊള്ളിക്കുകയും വേണം. വചനശിക്ഷണത്തിനു പുറമെ ഉച്ചാരണശിക്ഷണം എന്നൊരു വിഭാഗത്തിനും പ്രാധാന്യം കല്പിച്ചിരുന്നു. അധ്യാപകൻ ഉച്ചാരണപ്രക്രിയയുടെ സൂക്ഷ്മാംശങ്ങൾ അറിഞ്ഞിരിക്കണം.[82]

---

79. ചിത്രം നോക്കി പദം പറയൽ, വാക്യം പറയിക്കുക, നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്നു നോക്കുക, ശേഷം കുട്ടി ചെയ്ത പ്രവർത്തനം ക്രമമായി വായിക്കുക, അനുഭവങ്ങൾ പറയിക്കുക, ചിത്രമുപയോഗിച്ച് കഥ പറയൽ, അധ്യാപകൻ പറയുന്ന കഥ മുഴുമിപ്പിക്കൽ, സ്വതന്ത്രഭാഷണം എന്നിവ ഭാഷണശേഷി വികസിപ്പിക്കുന്നതിനായി നൽകാവുന്ന പ്രവർത്തനങ്ങളാണ്."

80. കേരള സർക്കാർ 6 11

81. കേരള സർക്കാർ 6 15

82. ശ്വസനേന്ദ്രിയം ശക്തിപ്പെടുത്തുന്നതിന് പലതരം ക്രീഡകൾ നിർദ്ദേശിച്ചിട്ടുണ്ട്. റബർ ബലൂൺ ഊതുക, തൂവൽ, അപ്പൂപ്പൻതാടി, പഞ്ഞി ഇവ ഊതിപ്പറത്തുക, മുട്ടത്തോട് ചുണ്ടുകളുടെ ഇടയ്ക്കു വെച്ചു ഊതിയതിനുശേഷം വായുവിൽ തങ്ങാനായി ഊതിക്കൊണ്ടിരിക്കുക, മെഴുകുതിരി ഊതിക്കെടുത്തുക, തേനീച്ചയെപ്പോലെ മുനയുക, പക്ഷികളെപ്പോലെ പാടുക, വിമാനത്തിന്റെ ശബ്ദം ഉണ്ടാക്കുക- ഇവ കൂടാതെ നിരവധി ഉച്ചാരണാഭ്യാസങ്ങളും നിർദ്ദേശിക്കുന്നുണ്ട്. അവയിൽ ചിലത് ചുവടെ ചേർക്കാം.

    1. ജിഹ്വയ്ക്ക് അയവു വരുത്താൻ സൗകര്യമുണ്ടാക്കുന്ന അക്ഷരപ്രവർത്തനം. ഉദാ: ല ല ല, ലി ലി ലി.
    2. ഒരേ വർഗത്തിലുമുള്ള അക്ഷരങ്ങൾ ഒന്നിച്ച് ഈണത്തിൽ ചൊല്ലിക്കുക. ഉദാ: ച ഛ ജ ഝ ഞ.
    3. അ ഇ ഉ എ ഒ എന്നീ അക്ഷരങ്ങൾ നീട്ടിച്ചൊല്ലിക്കുക. (കേരള സർക്കാർ 6 28)

### 1.4.2.9. വായിക്കാൻ പഠിക്കൽ

വായനയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകിക്കൊണ്ട് അധ്യാപനം നടത്തണം. ശ്രാവ്യ വായനയ്ക്കും മൂന്നാം ക്ലാസ്സിന്റെ ഉത്തരഘട്ടം മുതൽ മൗനവായനയ്ക്കും വേണ്ടത്ര പ്രാധാന്യം നൽകണം. ശ്രാവ്യവായനയ്ക്ക് കളിരീതിയും മൗനവായനയ്ക്ക് അനുയോജ്യമായ അഭ്യാസവും സ്വീകരിക്കാമെന്നും നിർദ്ദേശിക്കുന്നു.[83]

വായനയുടെ താൽപര്യം ഉറപ്പിക്കാൻ വേണ്ട തന്ത്രങ്ങൾ അധ്യാപകസഹായിയിൽ നിർദ്ദേശിക്കുന്നുണ്ട്. താൽപര്യമുള്ള വസ്തുവിന്റെയോ ചിത്രത്തിന്റെയോ പേരു വായിക്കാൻ കുട്ടികൾക്ക് ഇഷ്ടമാണ്. എഴുതാൻ എളുപ്പമായ അക്ഷരങ്ങളാണ് ആദ്യം അവതരിപ്പിക്കേണ്ടത്. പദമുപയോഗിച്ച് വായന അഭ്യസിക്കുന്ന രീതിയാണ് പാഠാവലിയിലുള്ളത്.[84] അക്ഷരപദബോധനത്തിനുള്ള നിരവധി കളിരീതികൾ നിർദ്ദേശിക്കുന്നുണ്ട്.[85]

വായനയുടെ രീതി കുട്ടി അഭ്യസിക്കേണ്ടത് അധ്യാപകന്റെ മാതൃകയിൽ നിന്നാണ്. ഇടത്തുനിന്നും വലത്തോട്ടു വായിക്കുക, ശരിയായ രീതിയിൽ പുസ്തകം പിടിച്ചു വായിക്കുക, പുസ്തകത്തെ മിത്രമായി കരുതുക തുടങ്ങിയ കാര്യങ്ങൾ അധ്യാപകന്റെ മാതൃകയും പ്രദർശനവും വഴി കുട്ടി മനസ്സിലാക്കണം. ആശയഗ്രഹണത്തോടുകൂടി വായിക്കുന്നതാണ് ശരിയെന്ന് നിർദ്ദേശിക്കുന്നു. വായനയിൽ ആശയഗ്രഹണം നടന്നിട്ടുണ്ടോ എന്ന് ഉറപ്പിക്കാൻ ചെറുചോദ്യങ്ങൾ ചോദിക്കാവുന്നതാണ്. ഉച്ചരിക്കാൻ പ്രയാസമുള്ള ഭാഗം ബ്ലാക്ക്ബോർഡിൽ എഴുതി ഉച്ചരിച്ചും ഉച്ചരിപ്പിച്ചും ശരിയാക്കണം. ആവർത്തിച്ച് ഉച്ചരിക്കുമ്പോൾ ഉച്ചാരണം എളുപ്പമാവും.[86]

വായനയിലെ തെറ്റുകൾ പരസ്പരം കണ്ടെത്താൻ കുട്ടികൾക്ക് അവസരം നൽകരുത് എന്നു പറയുമ്പോൾ അധ്യാപകകേന്ദ്രിതമായ, അധ്യാപകന്റെ ആധിപത്യമുള്ള ക്ലാസ് മുറികൾ നിലനിർത്തുക എന്ന് ലക്ഷ്യമിട്ടിരുന്നുവെന്നു വേണം കരുതാൻ.

അക്ഷരപഠനത്തിനും ആവർത്തനപഠനത്തിനും യാന്ത്രികപഠനത്തിനും അക്കാലത്തു നൽകിയ പ്രാധാന്യം ഒരിക്കൽക്കൂടി ബോധ്യപ്പെടുകയാണിവിടെ. എന്നാൽ, പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളുടെ പഠനാന്തരീക്ഷത്തെക്കുറിച്ച് പുരോഗമനാത്മകമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്.

---

83. കേരള സർക്കാർ 1 2
84. കേരള സർക്കാർ 6 21
85. വളയംകളി, ഒളിച്ചോട്ടം, കൂട്ടുകാരനെവിടെ? ആർക്കാർക്ക്, വൃത്താടനം, നേതാവാകാം തുടങ്ങിയവ ഉദാഹരണം.
86. കേരള സർക്കാർ 6 26

### 1.4.2.10. പദ്യബോധനം

പാഠഭാഗങ്ങളെ പദ്യഗദ്യപാഠങ്ങളെന്ന് വ്യവഛേദിക്കുകയും അവയുടെ ബോധനരീതിയിലും ബോധനോദ്ദേശ്യത്തിലും വൈജാത്യം നിർണയിക്കുകയും ചെയ്തിരുന്നു. ഭാഷാവികാസത്തിനുള്ള ഉപാധിയെന്നതിലുപരി ഗദ്യപദ്യപഠനം തന്നെ ലക്ഷ്യമായി കണ്ടിരുന്നുവെന്നു വേണം കരുതാൻ. "പദ്യങ്ങൾ ചൊല്ലുമ്പോൾ പണ്ടുപണ്ടേ സ്വീകരിച്ചിട്ടുള്ള രീതിയാണ് ആദ്യകാലത്ത് സ്വീകരിക്കേണ്ടത്. അത് നല്ലവണ്ണം ഉറച്ചശേഷം നവീനരീതികൾ ഉപയോഗിക്കുന്നതിന് വിരോധമില്ല."[87] ഇത്രയും പറയുന്നുണ്ടെങ്കിലും രീതികൾ എന്തെന്ന് പ്രതിപാദിക്കുന്നില്ല.

"പദ്യപാഠങ്ങൾ എല്ലാം മനഃപാഠമായി ഭംഗിയായി ചൊല്ലാൻ ശീലിക്കണം. എന്നാൽ രണ്ടാം തരം മുതൽ അർത്ഥം ധ്വനിക്കുന്ന വിധത്തിൽ തെറ്റുകൂടാതെ കവിത ഈണത്തിൽ ചൊല്ലാൻ കഴിയണം."[88]

പദ്യബോധനത്തെക്കുറിച്ച് മുൻകാലങ്ങളെ അപേക്ഷിച്ച് കൃത്യമായ ധാരണ മാനകീകരണഘട്ടത്തിൽ ഉണ്ടായിരുന്നു എന്നു വേണം കരുതാൻ. "പഠിപ്പിക്കേണ്ട കവിത അധ്യാപകൻ ശ്രദ്ധയോടുകൂടി പലതവണ വായിച്ച് നല്ലവണ്ണം ചിന്തിച്ചാസ്വദിച്ച് കവിഹൃദയത്തിലെത്തണം. കവിതയിൽ തങ്ങിനിൽക്കുന്ന വികാരവും കവിതാരചനയിൽ കവിക്കുണ്ടായ മനോഭാവവും കുട്ടിയിൽ ഉളവാക്കാൻ മാർഗമാരായണം."[89] കുട്ടികളുടെ മുന്നറിവുകൾ പ്രയോജനപ്പെടുത്തി കവിതയിലെ അന്തരീക്ഷം സൃഷ്ടിക്കണം. കഠിനാശയമുള്ള ഭാഗമാണെങ്കിൽ ആ ആശയം വിദ്യാർത്ഥികളെ പരിചയപ്പെടുത്തണം. അതായത്, കവിതയിലെ വസ്തുക്കൾ ഗ്രഹിക്കാനും അതിൽ താൽപര്യം വളർത്താനുമാണ് അധ്യാപകൻ ആദ്യം ശ്രമിക്കേണ്ടത്.[90]

87. കേരള സർക്കാർ 1 2

88. കേരള സർക്കാർ 1 5

89. കേരള സർക്കാർ 6 23

90. "കവിത വ്യക്തമായും സുന്ദരമായും അവതരിപ്പിക്കണം. കവിതാസൗന്ദര്യം വൃത്തത്തിലായാലും ശബ്ദത്തിലായാലും അർത്ഥത്തിലായാലും വ്യക്തമായി പ്രകടിപ്പിക്കത്തക്കവിധത്തിലും അംഗീരസം ധ്വനിക്കത്തക്ക വിധത്തിലും ആയിരിക്കണം വായന." അധ്യാപകൻ കവിത ചൊല്ലുമ്പോൾ കുട്ടികൾ പുസ്തകത്തിൽ നോക്കാതെ അത് ശ്രദ്ധിക്കട്ടെ. അധ്യാപകൻ ഒരിക്കൽക്കൂടി വായിച്ച ശേഷം നന്നായി വായിക്കുന്ന കുട്ടികളെക്കൊണ്ട് വായിപ്പിക്കുകയോ മൗനവായനയ്ക്ക് നിർദ്ദേശിക്കുകയോ ചെയ്യാം. ആസ്വാദനത്തിന് പറ്റിയ ചോദ്യങ്ങൾക്ക് ഉത്തരം പറയിക്കുകയോ അധ്യാപകൻ തന്നെ ആശയം വിശദീകരിക്കുയോ വേണം. ആലോചനാമൃതമായ വ്യംഗ്യഭംഗി നശിപ്പിക്കരുത്. അത് ആസ്വദിക്കുവാൻ ചില സൂചനകൾ നൽകണം. അനാവശ്യ വിശദീകരണം കൊണ്ട് കുട്ടിയുടെ ആസ്വാദനശക്തി തകർക്കരുത്. കവിതാപഠനത്തിന്റെ യഥാർത്ഥ ലക്ഷ്യത്തിലേക്ക് കുട്ടികളെ ഉപനയിക്കുന്നതിന് വിഭാവനം ചെയ്യുകയാണ് കവിതാബോധനരീതി. കവിയുടെ ഭാവനയിലേക്ക് കുട്ടിയെ നയിക്കാനും സ്വതന്ത്രകല്പനകൾ ചെയ്യുവാൻ കുട്ടികളെ പ്രേരിപ്പിക്കുവാനും കവിതാപഠനത്തിലൂടെ സാധിക്കണം. അല്ലാതെ അർത്ഥം, സാരം എന്നിവ പറയിക്കുന്നത് യഥാർത്ഥ ആസ്വാദനത്തിലേക്ക് നയിക്കുന്നില്ല എന്ന് ചൂണ്ടിക്കാണിക്കുന്നുണ്ട്. (കേരള സർക്കാർ 6 34)

പരിചയത്തിലൂടെ നേടുന്ന വൃത്താലങ്കാരബോധത്തെയാണ് പാഠ്യപദ്ധതി അംഗീക രിക്കുന്നത്. കവിത മനഃപാഠമാക്കണമെന്നും സൗന്ദര്യം സ്ഫുരിക്കുന്ന തരത്തിൽ അവ ചൊല്ലണമെന്നും നിർദ്ദേശിക്കുന്നു.[91] ഇങ്ങനെ പദ്യപാഠങ്ങളുടെ പഠനലക്ഷ്യം സാക്ഷാ ത്കരിക്കാനുതകുംവിധം പഠനരീതി പുനർനിർണയിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ, ഈ ലക്ഷ്യങ്ങളുടെ സാക്ഷാത്കാരത്തെ എങ്ങനെ മൂർത്തവൽക്കരിക്കാമെന്ന് വിശദമാക്കുന്നില്ല.

### 1.4.2.11. ഗദ്യബോധനം

ഗദ്യബോധനത്തിന് പൂർവഘട്ടങ്ങളിൽ നിന്നു വ്യത്യസ്തമായി ബോധനരീതികൾ നിർണയിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഗദ്യപാഠത്തിന്റെ സ്വഭാവമനുസരിച്ച് ബോധനം നടത്തണം. പാഠഭാഗത്തിന് ഉചിതമായ പശ്ചാത്തലം സൃഷ്ടിക്കുകയാണ് അധ്യാപകന്റെ ആദ്യജോലി. ആഖ്യാനം, വിദ്യാർത്ഥിയുമായുള്ള സംഭാഷണം എന്നിവ പശ്ചാത്തലസൃഷ്ടിക്ക് സഹാ യിക്കും.

പഠനത്തെക്കുറിച്ച് വ്യാപകമായ ജ്ഞാനം നൽകിയതിനുശേഷം അധ്യാപകന്റെ മാതൃ കാവായന, കുട്ടികളുടെ മൗനപഠനം എന്നതാണ് ക്രമം. അധ്യാപകന്റെ മാതൃകാവായന ആശയഗ്രഹണത്തിന് സഹായകമാകണം. ആശയഗ്രഹണം നടന്നുവെന്നുറപ്പാക്കാൻ ചില തന്ത്രങ്ങൾ നിർദ്ദേശിക്കുന്നുണ്ട്.[92]

പാഠങ്ങൾ തമ്മിൽ താരതമ്യം ചെയ്യാനും നല്ല ഗദ്യശൈലിയുടെ ഗുണങ്ങൾ ഉൾക്കൊ ള്ളാനും ഉയർന്ന ക്ലാസ്സിൽ വെച്ചു കുട്ടികളെ ഗ്രഹിപ്പിക്കണം.[93] കുട്ടികൾ ചെയ്യേണ്ട പ്രവർത്തനങ്ങളെല്ലാം അധ്യാപകൻ നിർദ്ദേശിക്കുകയാണ്. പഠനപ്രക്രിയയിൽ കുട്ടിയുടെ

91. “ഒന്നും രണ്ടും ക്ലാസ്സുകളിൽ ശബ്ദഭംഗി കളയാതെ വൃത്തരീതിയനുസരിച്ച് ചൊല്ലണം. മൂന്നും നാലും ക്ലാസ്സുകളിൽ മാതൃകാവായനയും കഥനവും കൊണ്ട് ശബ്ദഭംഗി ഗ്രഹിപ്പിക്കാം. ചില പ്രയോഗവിശേഷങ്ങൾ എന്താണെന്നു വിശദീകരിച്ചില്ലെങ്കിലും അതിലെ രസികത വിദ്യാർത്ഥി കൾ മനസ്സിലാക്കണം. അവരുടെ വൈകാരിക പ്രപഞ്ചവും ഉണർത്താൻ വേണ്ടത്ര ശ്രദ്ധിക്കണം” (കേരള സർക്കാർ 6 35)

92. “പ്രധാനാശയം, ശീർഷകം, സൂത്രവാക്യം മുതലായവ പറയിക്കുന്ന സമ്പ്രദായം മൂലം കുട്ടികൾ എത്രമാത്രം ആശയം ഗ്രഹിച്ചു എന്നും അവരെ എത്രത്തോളം ഗ്രഹിപ്പിക്കണമെന്നും മനസ്സിലാ ക്കാൻ കഴിയും. ഖണ്ഡിക വായിക്കുന്നതിനു മുമ്പ് ചോദ്യം നൽകി വായിപ്പിക്കുന്ന രീതിയും സ്വീകരിക്കാം.”

ആശയഗ്രഹണം നടന്നുകഴിഞ്ഞാൽ പദം, വാക്യം, സൂചിതകഥ, വ്യാകരണം മുതലായ ഭാഷാപ രമായ പ്രവർത്തനങ്ങൾ ശ്രദ്ധിക്കാം. പദാർത്ഥങ്ങൾ ഗ്രഹിക്കുന്നതിന് വസ്തുവോ ചിത്രമോ മാതൃ കയോ സന്ദർഭാനുസരണമായോ പ്രായോഗികമോ ആകാം. പ്രയോഗവൈശിഷ്ട്യങ്ങൾ അധ്യാപ കൻ ചൂണ്ടിക്കാണിക്കുകയോ കുട്ടിയെക്കൊണ്ട് പറയിക്കുയോ ചെയ്യേണ്ടതാണ്. വാക്യസൗന്ദര്യം, ഖണ്ഡികാകരണ തത്ത്വങ്ങൾ, ചിഹ്നങ്ങൾ ഇവ ഗ്രഹിപ്പിക്കാൻ തക്ക പരിപാടികളും അധ്യാപ കൻ ചെയ്യണം. (കേരള സർക്കാർ 6 32)

93. കേരള സർക്കാർ 6 33

മുൻകൈ അംഗീകരിക്കുന്നില്ല. എന്നാൽ, ബോധനപ്രക്രിയയിൽ അധ്യാപകൻ കുട്ടിയുടെ പങ്കാളിത്തം ഉറപ്പിക്കാനുള്ള നിർദ്ദേശമുണ്ട്.

### 1.4.2.12. വ്യാകരണപഠനം

വ്യാകരണപഠനത്തെക്കുറിച്ച് പാഠ്യപദ്ധതിയിൽ ചില നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.[94]

ഒരു ശാസ്ത്രമായ വ്യാകരണം പഠിപ്പിക്കുന്നതിന് നിരീക്ഷണം, താരതമ്യപഠനം, പ്രമാണരൂപവത്കരണം, പ്രമാണപ്രയോഗം തുടങ്ങിയ ഘട്ടത്തിലൂടെ തത്ത്വാനുമാനത്തിലെത്തുന്ന സമ്പ്രദായമാണ് സ്വീകരിക്കേണ്ടത്.[95] ഭാഷയുടെ ഘടന മനസ്സിലാക്കാനും ശരിയായ ഭാഷ എഴുതുന്നതിനും ആവശ്യമായ വ്യാകരണമേ നൽകേണ്ടതുള്ളൂ. "വ്യാകരണം പഠിച്ചതുകൊണ്ട് ഭാഷ നന്നാവുകയില്ലല്ലോ. വ്യാകരണനിയമങ്ങൾ ഹൃദിസ്ഥമാക്കണമെന്നില്ല."[96] അവയുടെ പ്രയോഗം മനസ്സിലാക്കണം. രചനയും മറ്റും ഭാഷാപാഠങ്ങളുമായി ബന്ധിപ്പിച്ചു പഠിപ്പിക്കണമെന്നും ആവശ്യമായ ഉദാഹരണങ്ങൾ അധ്യാപകൻ തന്നെ നിർമിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്.

### 1.4.2.13. കാഴ്ചപ്പാടിലെ വൈരുദ്ധ്യങ്ങൾ

ഭാഷാപഠനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളിൽ ചില വൈരുദ്ധ്യങ്ങൾ കാണാൻ കഴിയും. "ബുദ്ധി പ്രയോഗിച്ച് അഭ്യസിക്കാനുള്ള ഒന്നല്ല ഭാഷ. നിരന്തരമായ അഭ്യാസം കൊണ്ട് ബോധപൂർവമോ അല്ലാതെയോ നാം ഭാഷാപരമായ ശീലങ്ങൾ രൂപവൽക്കരിക്കുന്നു. ശീലരൂപീകരണം പലതരത്തിലുള്ള അഭ്യാസങ്ങൾ കൊണ്ടേ സാധ്യമാകൂ."[97] ഇവിടെ ഭാഷാപഠനത്തിന് ബുദ്ധിവ്യാപാരമായി ബന്ധമില്ലെന്നും കേവലം അഭ്യാസം കൊണ്ടു നേടാനാവുമെന്നും കരുതുന്നു.

വ്യക്തിഗത പഠനത്തിനും സംഘപഠനത്തിനും ഈ ഘട്ടത്തിൽ അവസരമൊരുക്കിയിരിക്കുന്നു. എന്നാൽ, സംഘപ്രവർത്തനത്തിന് ചില നിയന്ത്രണങ്ങളും ഉപാധികളും നിർദ്ദേശിച്ചിട്ടുണ്ട്. "ഒറ്റയ്ക്കുള്ള ഉച്ചാരണം പ്രയാസമാകുമ്പോൾ സംഘയത്നം നൽകണം."[98] പരിഹാരബോധനതന്ത്രമായിക്കൂടിയാണ് ഇവിടെ സംഘയത്നം നിർദ്ദേശിക്കു

94. "പ്രയോഗത്തെ മനസ്സിൽ വെച്ചുകൊണ്ട് വ്യാകരണമെന്ന് തോന്നാതെ വ്യാകരണകാര്യങ്ങൾ പഠിപ്പിക്കണം. ആഖ്യ, ആഖ്യാതം, കർത്താവ്, കർമം, ക്രിയ, വിശേഷണം എന്നിവയെപ്പറ്റി സാമാന്യമായി അറിവുണ്ടാകണം. ഒന്നുമുതൽ മൂന്നുവരെ വ്യാകരണം ആവശ്യമില്ല. നാലാം ക്ലാസ്സിലെ വ്യാകരണ പഠനം തന്നെ പാഠപുസ്തകത്തിൽ നിന്നും ധാരാളം ഉദാഹരണങ്ങളെടുത്ത് തത്ത്വാനുമാനരീതി ഉപയോഗിച്ചു വേണം പഠിപ്പിക്കാൻ." (കേരള സർക്കാർ 1 3)

95. കേരള സർക്കാർ 6 38

96. കേരള സർക്കാർ 6 38

97. കേരള സർക്കാർ 6 6

98. കേരള സർക്കാർ 6 7

ന്നത്. "നിരന്തര ശിക്ഷണത്തിനു ശേഷമേ സ്വതന്ത്രയത്നത്തിന് അവസരമൊരുക്കാവൂ."[99] കുട്ടി സ്വയം പ്രവർത്തനത്തിലേർപ്പെട്ടാൽ തെറ്റു വന്നുപോകുമോ എന്ന ആശങ്കയാണ് ഇത്തരമൊരു നിഷ്കർഷയിലേക്ക് നയിച്ചത്. പഠനപ്രക്രിയയുടെ ഒരു ഘട്ടമായ തെറ്റു വരൽ എന്ന ആശയം ഈ ഘട്ടത്തിൽ അംഗീകരിച്ചിട്ടില്ല. അധ്യാപകന്റെ മാതൃകയും അതിനെ ആസ്പദമാക്കിയുള്ള ശിക്ഷണവും കഴിഞ്ഞശേഷം വ്യക്തിയത്നത്തിന് പ്രാധാന്യം നൽകുന്നത് നന്ന് എന്നതാണ് നിർദ്ദേശം.

ശിക്ഷ കൊണ്ട് പഠനം ഫലപ്രദമാവുകയില്ല. തെറ്റു തിരുത്തുമ്പോൾ അതിനാസ്പദ മായ നിയമങ്ങളും ഉദാഹരണങ്ങളും നൽകണമെന്ന് അനുശാസിക്കുന്നുണ്ട്. നിഘണ്ടു നിർമാണം, ഉപപാഠപുസ്തകത്തിന്റെ സ്ഥൂലപഠനം എന്നിവയും പഠനത്തിന്റെ ഭാഗമാക്കിയിരുന്നു.

## 1.4.3 എം.എൽ.എൽ പൂർവഘട്ടം

### 1.4.3.1. ദേശീയ കാഴ്ചപ്പാടിന്റെ പ്രതിഫലനം

മാനകീകരണഘട്ടത്തിലെ പഠനരീതിയിൽനിന്നും ഒരു വലിയ മാറ്റം ഈ ഘട്ടത്തിൽ ഉണ്ടായിട്ടുണ്ടെന്ന് പറയാൻ വയ്യ. എങ്കിലും ദേശീയതലത്തിലും സംസ്ഥാനതലങ്ങളിലുമുണ്ടായ വിദ്യാഭ്യാസനയത്തിലും കാഴ്ചപ്പാടിലും വന്ന മാറ്റം ഈ ഘട്ടത്തിൽ പ്രതിഫലിക്കുന്നുണ്ട്. "പഠനം പ്രവർത്തനാധിഷ്ഠിതമാവണം, പ്രായോഗിക പ്രവർത്തനങ്ങളിലൂന്നിയ പഠനം വേണം. പ്രവർത്തനം കുട്ടികളുടെ ആവശ്യത്തിൽ നിന്നാരംഭിക്കണം. അവ കുട്ടികളും അധ്യാപകരും ചേർന്ന് രൂപീകരിക്കുന്നതാവണം. പ്രവർത്തനങ്ങൾ വൈവിധ്യവും ഭിന്നനിലവാരക്കാരെ പരിഗണിക്കുന്നതുമാവണം"[100] തുടങ്ങി നിരവധി നിർദ്ദേശങ്ങൾ ഇക്കാലത്ത് ഉണ്ടായിട്ടുണ്ട്. സംഘപ്രവർത്തനം സഹകരണമനോഭാവം വളർത്തുന്നതിന് ഏറെ സഹായകമാകുമെന്നും ഉദ്ഗ്രഥിത സമീപനമാണ് പ്രൈമറി ക്ലാസ്സുകളിൽ നടപ്പാക്കേണ്ടത് എന്നും പാഠ്യപദ്ധതിയുടെ ആമുഖത്തിൽ വ്യക്തമാക്കുന്നു.

ബോധനരീതി എങ്ങനെയായിരിക്കണമെന്ന് വിശദീകരിക്കാൻ ഈ ഘട്ടത്തിൽ ശ്രമിച്ചിട്ടുണ്ട്. പഠനോദ്ദേശ്യത്തിനും പഠനസന്ദർഭത്തിനും പഠനപ്രവർത്തനങ്ങൾക്കും പഠന ഉൽപന്നങ്ങൾക്കും ഊന്നൽ നൽകുന്ന പഠനരീതിയാണ് നിർദ്ദേശിക്കുന്നത്. പഠനോൽപന്നങ്ങളുടെ പൂർത്തീകരണം വരെ എത്തിനിൽക്കുന്ന പഠനരീതി ഇതിനു മുമ്പ് ഉണ്ടായിട്ടില്ലതന്നെ.

---

99. കേരള സർക്കാർ 6 8

100. കേരള സർക്കാർ 3 Xi

ശിശുകേന്ദ്രിതമായ പഠനരീതി ബോധപൂർവം പ്രാവർത്തികമാക്കാനുള്ള ശ്രമവും ഈ ഘട്ടത്തിൽ തുടങ്ങിവയ്ക്കുന്നുണ്ട്. അധ്യാപികയുടെ പങ്കാളിത്തം കുറയ്ക്കുകയും കുട്ടികൾക്ക് പ്രാധാന്യം നൽകുകയും ചെയ്തു. അനുഭവമായിരിക്കണം പഠനത്തിന്റെ അടിത്തറ. സ്വയംപഠനത്തിന് നൽകിയ ഊന്നൽ, യഥാർത്ഥ ജീവിതവുമായി ബന്ധപ്പെടുത്തിയുള്ള പഠനം എന്നിവ ഈ ഘട്ടത്തിന്റെ പ്രത്യേകതയാണ്.[101] ഈ ഘട്ടത്തിലുണ്ടായ മറ്റൊരു വളർച്ച ഉള്ളടക്കത്തിനും പ്രക്രിയക്കും തുല്യപ്രാധാന്യം നൽകണം എന്ന കാഴ്ചപ്പാടാണ്. ഇത് പഠനരീതിയെ നിർണയിക്കുന്ന പ്രധാന ഘടകവുമാണ്. "എന്തു പഠിച്ചുവെന്നതു പോലെത്തന്നെ എങ്ങനെ പഠിച്ചുവെന്നതും പ്രധാനമാകുന്നു.[102] പഠനമാധ്യമം ഏതായിരിക്കണമെന്ന് യുക്തിസഹമായി നിർദ്ദേശിക്കാനും ഈ ഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. "ആശയങ്ങളുടെ സ്വീകരണവും പ്രകടനവും മാതൃഭാഷാ മാധ്യമത്തിലൂടെ മാത്രമേ ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ. അതുകൊണ്ട് നാലാം ക്ലാസ്സുവരെ എല്ലാ വിഷയങ്ങളും മാതൃഭാഷയിൽത്തന്നെ അഭ്യസിക്കണം."[103]

വിദ്യാഭ്യാസത്തിൽ ദേശീയലക്ഷ്യങ്ങൾ കൈവരിക്കാൻ സഹായകമായ വിധത്തിൽ ദേശീയ പാഠ്യപദ്ധതിയിലെ പത്ത് അടിസ്ഥാന ഘടകങ്ങൾ പരിഗണിച്ചുകൊണ്ടാണ് പാഠ്യക്രമവും പഠനരീതിയും പഠനതന്ത്രങ്ങളും നിശ്ചയിച്ചിരിക്കുന്നത്. നിഗീർണ പാഠ്യപദ്ധതി എന്ന ആശയം ശക്തമായി ഉന്നയിച്ചത് എം.എൽ.എൽ. പൂർവഘട്ടത്തിലാണ്.[104]

### 1.4.3.2. പഠനോപകരണങ്ങളുടെ സ്ഥാനം

വൈവിധ്യമാർന്ന പഠനരീതി ഉറപ്പുവരുത്തുന്നതിൽ ബോധനസാമഗ്രികളുടെ സ്ഥാനം അദ്വിതീയമാണ്. പഠനം ഫലപ്രദവും കാര്യക്ഷമവുമാകുന്നതിന് പഠനോപകരണങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ ഘട്ടമാണിത്. ഇതിനായി പ്രയോജനപ്പെടുത്തേണ്ട വിവിധതരം സാമഗ്രികളിൽ പാഠപുസ്തകങ്ങൾക്കു പുറമെ റഫറൻസ് ഗ്രന്ഥങ്ങൾ, പാഠ്യവിഷയവുമായി ബന്ധപ്പെട്ട പുതിയ പുസ്തകങ്ങൾ, അധ്യാപകസഹായികൾ, അധ്യാപകർക്കുള്ള

101.കേരള സർക്കാർ 3 xi

102.കേരള സർക്കാർ 4 iv

103.കേരള സർക്കാർ 4 v

104.ഉള്ളടക്കത്തിൽ ഒളിഞ്ഞിരിക്കുന്ന ആശയങ്ങളും സൂചനകളും കണ്ടെത്തണം. "അനുഭവങ്ങളുടെ സ്വാംശീകരണം സാധ്യമാകുന്നത് പ്രകടമായ പാഠ്യപദ്ധതിയേക്കാളേറെ നിഗീർണ പാഠ്യപദ്ധതിയിലാണെന്നു കരുതപ്പെടുന്നു. കാരണം, അത്തരത്തിലുള്ള പഠനാനുഭവങ്ങൾ പഠനസംക്രമണത്തെ പരമാവധി വർധിപ്പിക്കുകയും അങ്ങനെ പഠിതാവിൽ സ്ഥിരമായ സ്വാധീനം ചെലുത്തുകയും ചെയ്യും. ക്ലാസ്സിലെ ബൗദ്ധികവും മാനസികവുമായ കാലാവസ്ഥ, പഠനപ്രക്രിയക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പഠനബോധന ശൈലി, പഠിതാവ് സഹപാഠികളോടും അധ്യാപകനോടും വിദ്യാലയത്തിന്റെ പരിതഃസ്ഥിതിയോടും പ്രകൃതിയോടും പുലർത്തുന്ന അഭിഭാവം തുടങ്ങിയവ ഈ നിഗീർണ പാഠ്യപദ്ധതിയുടെ അംശങ്ങളത്രേ." (കേരള സർക്കാർ 4 v)

പാഠപുസ്തകം, കരിക്കുലം ഗൈഡ്, മറ്റു സഹായകസാമഗ്രികൾ എന്നിവയും കുട്ടികൾക്ക് വർക്ക്ബുക്ക്, പ്രോഗ്രാംഡ് ഇൻസ്ട്രക്ഷൻ സാമഗ്രികൾ, അധികവായനാ പുസ്തകങ്ങൾ എന്നിവയും ദൃശ്യശ്രാവ്യമാധ്യമങ്ങളും ലഭ്യമാക്കണമെന്ന് നിഷ്കർഷിക്കുന്നു. ഇത് പഠനരീതിയും വൈവിധ്യവും വൈപുല്യവും ഉറപ്പാക്കും.[105]

കേരള പാഠാവലിക്കു പുറമെ സംഭാഷണപരിചയം, ആലേഖനപരിചയം എന്നീ രണ്ടു പാഠപുസ്തകങ്ങൾ ഒന്നാം ക്ലാസ്സിലും ഭാഷാപരിചയം എന്ന പേരിൽ രണ്ടു മുതൽ നാലു വരെ ക്ലാസ്സിലും ലഭ്യമാക്കി. ഇതിന്റെ പ്രധാന ലക്ഷ്യം കുട്ടികളുടെ ഭാഷണം, ലേഖനം എന്നിവയുടെ ഫലപ്രദമായ പഠനമാണ്.

### 1.4.3.3. ഉദ്ഗ്രഥിത പഠനം

മറ്റു വിഷയങ്ങളുമായി ഭാഷാപഠനത്തെ ഉദ്ഗ്രഥിപ്പിക്കുന്നതിനുള്ള ശ്രമം ഈ ഘട്ടത്തിൽ നടന്നിട്ടുണ്ട്. വചനശിക്ഷണത്തിന്റെ മുഖ്യാംശമായ സംഭാഷണം, കഥാകഥനം നാടകാഭിനയം തുടങ്ങിയവ എല്ലാ ക്ലാസ്സിലും നടക്കണം. അതിലേക്കുള്ള വിഷയങ്ങൾ ചുറ്റുപാടിൽ നിന്നെന്നപോലെ സാമൂഹ്യപാഠങ്ങൾ, സാമാന്യശാസ്ത്രം എന്നിവയുമായി ബന്ധപ്പെട്ട മണ്ഡലങ്ങളിൽ നിന്നും തെരഞ്ഞെടുക്കണം.[106]

### 1.4.3.4. വായനയുടെ തലങ്ങൾ

ശ്രാവ്യവായനയ്ക്കും മൗനവായനയ്ക്കുമുള്ള പ്രാധാന്യം ഈ ഘട്ടത്തിലും നിലനിർത്തുന്നുണ്ട്. മൗനവായനയ്ക്ക് അഭ്യാസങ്ങളും ശ്രാവ്യവായനയ്ക്ക് പലതരം ക്രീഡാരീതികളും സ്വീകരിക്കാവുന്നതാണ്.[107]

വായനയ്ക്ക് തൊട്ടുപിന്നാലെ എഴുത്ത് ആരംഭിക്കണം. കേട്ടെഴുത്ത്, പകർത്തിയെഴുത്ത് എന്നിവയ്ക്ക് പ്രാധാന്യം നൽകിയിരുന്നു. വായന, എഴുത്ത് എന്നിവ ക്രീഡാരീതിയിൽ അഭ്യസിപ്പിക്കണം. അഭിനയം, സംഘഗാനം തുടങ്ങിയ പാഠാനുബന്ധ പ്രവർത്തനങ്ങൾ, അഭിനയഗാനം, സംഭാഷണപാഠം, കഥാകഥനം എന്നിവ ബോധനത്തിന്റെ ഭാഗമായി നടക്കണം.

### 1.4.3.5. വ്യാകരണപഠനം

വ്യാകരണപഠനം മുൻകാലങ്ങളിലെ കാഴ്ചപ്പാടുമായി സമരസപ്പെട്ടുപോകുന്നവയാണ്. "പ്രയോഗങ്ങളെ മനസ്സിൽ കണ്ടുകൊണ്ടാണ് വ്യാകരണമെന്നു തോന്നാത്തവിധം വ്യാക

105. കേരള സർക്കാർ 3 xii

106. കേരള സർക്കാർ 3 8

107. കേരള സർക്കാർ 3 8

രണകാര്യങ്ങൾ പഠിപ്പിക്കണം."[108] ഗദ്യപാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യാകരണപഠനം നടത്തണം. വായന പഠിപ്പിക്കാൻ പദരീതി, വാക്യരീതി, സങ്കലനരീതി എന്നിവ ഉപയോഗിക്കണം. വസ്തുതകൾ, മാതൃകകൾ, ചിത്രങ്ങൾ, ഫ്ളാഷ് കാർഡ് എന്നീ പഠനോപകരണങ്ങൾ ബോധനത്തിൽ പ്രയോജനപ്പെടുത്തണം.

**1.4.3.6. അക്ഷരപഠനം**

എല്ലാ അക്ഷരങ്ങളും ഒന്നാം ക്ലാസ്സിൽതന്നെ പഠിപ്പിച്ചുതീർക്കണമെന്നില്ല. ഒന്നും രണ്ടും സ്റ്റാൻഡേർഡുകൾ അശ്രേണീകൃത യൂണിറ്റാകയാൽ അതിഖരമൃദുഘോഷങ്ങൾ രണ്ടാം സ്റ്റാൻഡേർഡിലേക്കു മാറ്റിയാലും അപകടമൊന്നുമില്ല[109] എന്ന ധാരണയാണുള്ളത്. ഭാഷാഭ്യസനം വൈവിധ്യപൂർണമാക്കുന്നതിന് ഈ പരിശീലനപുസ്തകങ്ങൾ സഹായകമാകണം. കുട്ടിക്ക് അഭ്യാസങ്ങൾ ആവർത്തിച്ചുറപ്പിച്ച് സ്വാംശീകരിക്കാനും കഴിയണം. പരിശീലനപുസ്തകത്തിലെ കവിതകൾ വിശദപഠനത്തിനുള്ളതല്ല. കവിതാസ്വാദനത്തിനുവേണ്ടിയാണ് അവ പ്രയോജനപ്പെടുത്തേണ്ടത്.

ഈ ഘട്ടത്തിലും പദാവലിവികസനത്തിന് വലിയ പ്രാധാന്യം നൽകിയിരുന്നു. "നൂതനപദങ്ങളിൽ പ്രധാനമായിട്ടുള്ളവ വിദ്യാർത്ഥികൾ സ്വന്തം വാക്യത്തിൽ പ്രയോഗിച്ച് അർത്ഥബോധം വരുത്തണം."[110] പര്യായപദം, നാനാർത്ഥം, വിപരീതപദം തുടങ്ങിയവ കുട്ടിക്ക് പരിചയപ്പെടുത്തണം എന്നീ നിർദ്ദേശങ്ങൾ ഇതാണ് തെളിയിക്കുന്നത്.

ഭാഷാശുദ്ധി, ഉച്ചാരണശുദ്ധി, ശബ്ദാവലി പോഷണം എന്നിവയെ ലക്ഷ്യമാക്കി വേണം വചനശിക്ഷണം. രചന എഴുത്തിനും അവയുടെ തിരുത്തിയെഴുത്തിനും ഊന്നൽ നൽകിയിരുന്നു. സ്വതന്ത്രരചനയ്ക്കുള്ള അവസരമായിരുന്നു ഈ സന്ദർഭങ്ങൾ. മൂന്ന്, നാല് ക്ലാസ്സുകളിൽ നിരവധി തുടർപ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. ഭാഷണം, ലേഖനം, അഭിനയം, ശേഖരണം, ചർച്ചാക്കുറിപ്പ്, ബാലസഭ തുടങ്ങിയവയാണവ.

"അധ്യാപകന്റെ ഉച്ചാരണമാണ് കുട്ടിയുടെ മാതൃക. ഉച്ചാരണവൈകല്യങ്ങൾ ഇല്ല എന്നുറപ്പുവരുത്തണം. വ്യക്തിഭാഷാസ്വാധീനം പ്രാദേശികഭാഷാസ്വാധീനം എന്നിവ ഉച്ചാരണത്തിൽ കടന്നുകൂടാതെ ശ്രദ്ധിക്കണം."[111] ഇവിടെ പ്രാദേശികഭാഷാഭേദങ്ങളെ അംഗീകരിക്കുകയില്ലെന്ന പൂർവഘട്ട സമീപനം തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്.

---

108. കേരള സർക്കാർ 3 8

109. കേരള സർക്കാർ 3 8

110. കേരള സർക്കാർ 6 6

111. കേരള സർക്കാർ 45 45

തെറ്റുണ്ടാകുന്നതെങ്ങനെയെന്നും അവയുടെ പരിഹാരബോധനം എങ്ങനെയെന്നും അന്വേഷിക്കുന്നതിനുള്ള ശ്രമം ഈ ഘട്ടത്തിൽ നടന്നിട്ടുണ്ട്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പഠനപ്രശ്നങ്ങൾ തിരിച്ചറിയാനും അവയോട് അനുഭാവപൂർവമായ നിലപാടുകൾ സ്വീകരിക്കാനും ഈ ഘട്ടത്തിൽ ശ്രദ്ധിച്ചിട്ടുണ്ട്.

## 1.4.4 എം.എൽ.എൽ ഘട്ടം

### 1.4.4.1. പഠനരീതി

വ്യക്തമായി തിട്ടപ്പെടുത്തിയ പ്രാപ്തികളാണ് അവശ്യപഠനനിലവാരത്തിന്റെ മുഖമുദ്ര. ഓരോ കുട്ടിയും ഈ പ്രാപ്തികൾ പ്രാവീണ്യനിലവാരത്തിൽ നേടുകയും വേണം. ഇങ്ങനെ ഓരോ കുട്ടിയും പ്രാപ്തികൾ നേടണമെങ്കിൽ ഓരോ പ്രാപ്തിക്കും ഏറ്റവും അനുയോജ്യമായതും എല്ലാ കുട്ടികൾക്കും പങ്കെടുക്കാവുന്നതുമായ പഠനാനുഭവങ്ങൾ ആവശ്യമായി വരുന്നു. അതിനെ അടിസ്ഥാനമാക്കി പഠന ബോധനതന്ത്രങ്ങൾ രൂപീകരിക്കണം. "പ്രാപ്തികൾ പ്രാവീണ്യ നിലവാരത്തിൽ നേടുന്നതിന് വേണ്ടി വിദ്യാർത്ഥിയുടെ ഭാഗത്തു നിന്നും അധ്യാപകസഹായത്താലുള്ള പഠനം പരസ്പരപഠനം, സ്വയംപഠനം ഇവ ഉണ്ടാകണം. ഇത്തരത്തിലുള്ള മൂന്ന് പ്രവർത്തനങ്ങളിലൂടെ മാത്രമേ പ്രാവീണ്യ നിലവാരത്തിൽ എത്താൻ കഴിയൂ."[112]

പരിഹാരബോധന പ്രവർത്തനങ്ങളിലൂന്നിയ പഠനരീതിയാണ് ഈ ഘട്ടത്തിൽ നിലനിന്നിരുന്നത്. ഓരോ കുട്ടിയും പ്രാവീണ്യനിലവാരത്തിൽ പ്രാപ്തികൾ നേടിയിട്ടുണ്ടോയെന്ന് നിരന്തരം അന്വേഷിക്കുമ്പോൾ "പ്രാപ്തിയുടെ ഏത് സൂക്ഷ്മാംശത്തിലാണ് അവൻ പിറകിൽ നിൽക്കുന്നതെന്ന് കണ്ടെത്തുകയും പ്രസ്തുത സൂക്ഷ്മാംശങ്ങൾ നേടാൻ ഏറ്റവും അനുയോജ്യമായ പരിഹാരബോധനപ്രവർത്തനങ്ങൾ അധ്യാപകൻ ആസൂത്രണം ചെയ്യുകയും വേണം. ഇങ്ങനെ പ്രാപ്തി നേടിയ കുട്ടികളിൽ പ്രബലനപ്രവർത്തനങ്ങൾ വഴി പഠനതാൽപര്യം വർധിപ്പിക്കാൻ സാധിക്കുമെന്നും കരുതിയിരുന്നു"[113]

---

112. പരസ്പരപഠനത്തിനു വേണ്ടി കളികൾ, അഭിനയം, കൊച്ചുകൊച്ചു പ്രൊജക്ടുകൾ എന്നിവയും സ്വയംപഠനത്തെ ഉദ്ദേശിച്ച് വർക്ക്ബുക്കുപയോഗിച്ചുള്ള പ്രവർത്തനങ്ങളുമുണ്ട്. അധ്യാപകന്റെ നേതൃത്വത്തിലും പഠനാനുഭവങ്ങൾ ഒരുക്കി ലക്ഷ്യം നേടണം.

    ശിശുകേന്ദ്രിത സമീപനത്തിനനുയോജ്യമായി പഠനരീതി ആവിഷ്ക്കരിച്ചു. മുൻ ഘട്ടങ്ങൾ ശിശുകേന്ദ്രിതമായിരുന്നില്ല. വിദ്യാർത്ഥിയെ കേന്ദ്രബിന്ദുവാക്കിക്കൊണ്ടുള്ള പഠനരീതിയാണിത്. ഇവിടെ കുട്ടികൾ സ്വയം പ്രശ്നപരിഹാരകരായി മാറുന്നു. പ്രവർത്തനങ്ങളിൽ കുട്ടികൾ ഏർപ്പെടുമ്പോൾ വർഗീകരിക്കാനും താരതമ്യം ചെയ്യാനും നിഗമനങ്ങളിലെത്തിച്ചേരാനും ക്രമേണ പഠിച്ച കാര്യങ്ങൾ ആവശ്യാനുസരണം പ്രയോഗിക്കാനും പ്രാപ്തരാകുന്നു. ഈ രീതി സ്വായത്തമാക്കിയാൽ ക്രമേണ സ്വയംപഠനത്തിലേക്ക് നയിക്കാൻ സഹായകമാകും. (കേരള സർക്കാർ 5 9).

113. കേരള സർക്കാർ 5 10

### 1.4.4.2. പ്രവർത്തനാധിഷ്ഠിത പഠനരീതി

പ്രവർത്തനങ്ങളിലൂന്നിയ പഠനത്തിനും ജീവിതസന്ദർഭവുമായി ബന്ധപ്പെടുത്താനും പഠനപ്രക്രിയയിൽ നൈസർഗികമായ താൽപര്യം ഉണർത്താനും ഉതകുന്ന തരത്തിലുള്ള പഠനബോധനരീതി ഈ ഘട്ടത്തിൽ നിർദ്ദേശിക്കുന്നുണ്ട്.[114]

### 1.4.4.3. സംഘപഠനം, സംഘാധ്യാപനം

സംഘപഠനത്തിന്റെ ആവശ്യവും പ്രാധാന്യവും തിരിച്ചറിഞ്ഞ് പഠനരീതി രൂപപ്പെടുത്തുന്നതിനായി ശ്രമിച്ചിട്ടുണ്ട്.[115] സംഘപഠനം പോലെ സംഘാധ്യാപനത്തിന്റെ സാധ്യതകളും പ്രയോജനപ്പെടുത്താൻ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നു. പഠനപ്രക്രിയയിലും പരിഹാരബോധനത്തിനും ഈ തന്ത്രം പ്രയോജനപ്പെടുന്നു. ഒരു വിഷയത്തെ വിവിധ വശങ്ങളിലൂടെ സമീപിക്കുന്നതെങ്ങനെയെന്നും അവയ്ക്ക് വിവിധ രീതിയിൽ പരിഹാരമാർഗങ്ങൾ കണ്ടെത്തുന്നതെങ്ങനെയെന്നും കുട്ടിക്ക് മനസ്സിലാക്കാനവസരം ലഭിക്കുന്നു.

### 1.4.4.4. വിദ്യാഭ്യാസം സാമൂഹ്യജീവിതത്തിന്

“വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിൽ നല്ല വ്യക്തിയായി ജീവിക്കാനാവശ്യമായ അടിസ്ഥാന പ്രാപ്തികൾ വികസിപ്പിക്കുകയാണല്ലോ നാം ചെയ്യുന്നത്.”[116] ഇത് ഫലപ്രദമാവണമെങ്കിൽ പഠനം ക്ലാസ്മുറിയിൽ നിന്നും പുറത്തേക്ക് നയിക്കപ്പെടണം.

ഓരോ ക്ലാസ്സിലും കുട്ടികൾ കൈവരിക്കാൻ തിട്ടപ്പെടുത്തിയിരിക്കുന്ന പ്രാപ്തികൾ മിക്കവയും നമ്മുടെ ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടവയാണ്. അതിനാൽ, അവ പ്രാവീണ്യനിലവാരത്തിൽ കൈവരിക്കാൻ സമൂഹത്തിൽനിന്നും വീട്ടിൽനിന്നും ലഭിക്കുന്ന അനുഭവങ്ങൾ വിലപ്പെട്ടതായി മാറുന്നു.[117]

---

114. പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനമാവുമ്പോൾ പ്രശ്നപരിഹാരത്തിനുള്ള നൈസർഗിക താൽപര്യം കുട്ടിയിൽ ഉണരുന്നു. പ്രശ്നപരിഹരണ പ്രവർത്തനത്തിലൂടെ കുട്ടിക്ക് ഓരോ പ്രാപ്തിയും അതിന്റെ പ്രാവീണ്യ നിലവാരത്തിൽ നേടാനും സാധിക്കുന്നു. കുട്ടിയുടെ ശ്രദ്ധ പാഠപുസ്തകത്തിൽ മാത്രം ഒതുക്കിനിർത്താതെ പ്രകൃതിയിലേക്ക് തിരിക്കാനും ചുറ്റുപാടുകളെ നിരീക്ഷിച്ചും വിശകലനം ചെയ്തും നിഗമനങ്ങളിലെത്താനും സഹായിക്കുന്ന രീതിയാണ് അഭികാമ്യം. (കേരള സർക്കാർ 5 10)

115. സംഘപഠനത്തിലൂടെ പ്രശ്നപരിഹാരത്തിന് അവസരമൊരുക്കുകയും ചെയ്യുന്നു. “പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് മറ്റു കൂട്ടുകാരിൽ നിന്നുള്ള സഹായത്തിലൂടെ പ്രാപ്തികൾ നേടാനും സാധിക്കുന്നു. കൂടാതെ സാമൂഹ്യബോധം, സഹകരണമനോഭാവം, ഉത്തരവാദിത്വബോധം എന്നീ വൈജ്ഞാനികേതര പ്രാപ്തികൾ കൂടി കുട്ടിയിൽ വികസിപ്പിക്കുന്നതിന് കൂട്ടായ പഠനത്തിന് കഴിയും” (കേരള സർക്കാർ 5 10).

116. കേരള സർക്കാർ 5 11

117. ദേശീയോത്സവങ്ങളിലും മറ്റ് ആഘോഷങ്ങളിലും പങ്കെടുത്ത്, അവയുടെ സാമ്യവ്യത്യാസങ്ങൾ കണ്ടെത്തുക, വീടും പരിസരവും ശുചിയായി സൂക്ഷിക്കുക തുടങ്ങിയ പ്രാപ്തികൾ നേടുന്നതിന് പഠനമേഖല വീടും സമൂഹവുമാവുകതന്നെ വേണം (കേരള സർക്കാർ 5 11).

### 1.4.4.5. പ്രവർത്തനത്തിലെ വൈവിധ്യം

ഭാഷാപഠനത്തിന് ഭാഷാകേളികൾ, സംഭവവിവരണം, സംഘചർച്ച, കഥാകഥനം, നാടകം, വിദ്യാലയത്തിലെ വിവിധ പരിപാടികളിൽ നടക്കുന്ന ചർച്ചകൾ എന്നിവയിൽ പങ്കെടുക്കുക, ബാലസാഹിത്യകൃതികളുടെ വായന, നിഘണ്ടുനിർമാണം തുടങ്ങിയ പ്രവർത്തനങ്ങളിലൂന്നിയ ഭാഷാപഠനരീതിയാണ് ഉദ്ദേശിക്കുന്നത്. ഒന്നാം ക്ലാസ്സിൽ കഥയ്ക്കും പാട്ടിനും മുൻഗണന നൽകണം. കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിലായിരിക്കണം പഠനരീതി.

"ആദ്യത്തെ തൊണ്ണൂറ് പിരിയേഡ് ശ്രവണം, ഭാഷണം എന്നീ നൈപുണികളുടെ വികസനത്തിനും അവയുടെ സഹായത്തോടെയുള്ള ആശയഗ്രഹണത്തിനും സംഭാഷണപരിചയത്തിനുമാണ് നീക്കിവച്ചിരിക്കുന്നത്.[118] ശ്രാവണ-ഭാഷണമേഖലയിലെ പ്രസ്താവനകളിൽ വിവരിക്കുന്ന പ്രാപ്തികൾ കൈവരിക്കാനുതകുന്ന തരത്തിൽ അധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സ്ഥൂല-സൂക്ഷ്മപേശീചലനവും ഇവയ്ക്കുള്ള പ്രവർത്തനങ്ങളും ക്ലാസ്സിന്റെ ആരംഭത്തിൽ നൽകുന്നുണ്ട്. കൂടുതൽ ആവർത്തനപ്രവർത്തനങ്ങൾ നൽകി അഭ്യസിപ്പിച്ച് ശേഷികളുടെ പ്രാവീണ്യനിലവാരത്തിലെത്തിക്കാനാണ് ഉദ്ദേശിക്കുന്നത്.[119]

ഘ, ഛ, ഝ, ഢ, ഫ എന്നീ അക്ഷരങ്ങളും മിക്ക കൂട്ടക്ഷരങ്ങളും രണ്ടാം ക്ലാസ്സിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അവ ഓരോ പാഠത്തിലും പ്രബലപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ആദ്യത്തെ മൂന്നു പാഠങ്ങൾ ഒന്നാം ക്ലാസ്സിൽ പഠിച്ച പ്രാപ്തികൾ പ്രബലപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുള്ളതാണ്.

"രണ്ടാം ക്ലാസ്സിലെ ഇരുപത്തിയൊന്നാം പാഠം മുതൽ പഴയ രീതിയിലാണ് എഴുതി പരിശീലിക്കേണ്ടത്."[120] പഠനപ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ കഴിയണം. അതിനു സഹായകമായ കളികളും പ്രവർത്തനങ്ങളും കൈപ്പുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

---

118. കേരള സർക്കാർ 8 1

119. കേരള സർക്കാർ 9, വിദ്യാഭ്യാസവകുപ്പ്, എസ്.സി.ഇ.ആർ.ടി.,*അധ്യാപകസഹായി, സ്റ്റാന്റേർഡ് -2* (തിരുവനന്തപുരം ഡി.പി.ഇ.പി., 1995) 1

120. കേരള സർക്കാർ 9 9

### 1.4.4.6. കറുകയും മഞ്ചാടിയും

1996 ജൂൺ മാസത്തിൽ ഫലപ്രദമായ പ്രവർത്തനാധിഷ്ഠിത ക്ലാസ്സ് നടപ്പാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും 'കറുക', 'മഞ്ചാടി' എന്നീ രണ്ടു തരം കൈപ്പുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്തു. പ്രവർത്തനാധിഷ്ഠിത പഠനത്തിന് ഊന്നൽ നൽകുന്നതിന് സഹായകമായിരുന്നു അവ.[121]

121. 'കറുക' പൊതുസമീപനവും പഠനതന്ത്രങ്ങളും വിശദീകരിക്കുമ്പോൾ 'മഞ്ചാടി' വിഷയങ്ങളിലൂന്നിയ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി. എന്നാൽ, അവ പൂർണമായും എം.എൽ.എല്ലിന് പൂരകമായിരുന്നില്ല. എം.എൽ.എൽ ഭാഷാപ്രാപ്തികളായി നിർദ്ദേശിച്ച ഒമ്പതെണ്ണത്തിൽ നിന്ന് വീണ്ടും നാലു മേഖലയായി ചുരുക്കിയാണ് 'മഞ്ചാടി'യിൽ നൽകിയിരിക്കുന്നത്. ശ്രവണം, ഭാഷണം എന്നിവയിലൂടെയുള്ള ആശയഗ്രഹണവും ആസ്വാദനവും പ്രായോഗിക വ്യാകരണം, സ്വയംപഠനം, ഭാഷാപ്രയോഗം, പദാവലി വികസനം ഇവയെല്ലാം ശ്രവണം, ഭാഷണം, വായന, ലേഖനം എന്നീ നൈപുണികളിൽ ഒതുക്കിയാണ് 'മഞ്ചാടി', 'കറുക എന്നിവയുടെ നിർമാണം. പഠനോപകരണങ്ങളുടെ നിർമാണത്തിലും പുതുമ പുലർത്താൻ ശ്രമിച്ചിരുന്നു. അതിനായി ഓരോ പ്രാപ്തിമേഖലയിലും കടന്നുവരുന്ന പഠനോപകരണത്തിന്റെ പേര്, നിർമാണസാമഗ്രികൾ, നിർമാണരീതി, ഉപയോഗക്രമം, പഠനത്തിന്റെ പ്രവർത്തനങ്ങൾ, റിമാർക്സ് എന്നിവ പ്രത്യേകം കോളങ്ങളിലായി വിന്യസിച്ചിരിക്കുന്നു. [കേരള സർക്കാർ 12, വിദ്യാഭ്യാസവകുപ്പ്, *കറുക* (തിരുവനന്തപുരം: ഡി.പി.ഇ.പി., 1996)], [കേരള സർക്കാർ 13, വിദ്യാഭ്യാസവകുപ്പ്, *മഞ്ചാടി* (തിരുവനന്തപുരം: ഡി.പി.ഇ.പി., 1996).]

## 1.5 ആസൂത്രണം

ഏതൊരു പാഠ്യപദ്ധതിയെയും വിജയത്തിലേക്കു നയിക്കുന്നത് അതിന്റെ ആസൂത്രണത്തിലുള്ള മികവു തന്നെയാണ്. വിദ്യാഭ്യാസ പ്രക്രിയയുടെ സമസ്ത മേഖലയിലുമുള്ള ഫലപ്രദമായ ആസൂത്രണം കൊണ്ടേ ഉദ്ദേശിച്ച ഫലം നേടാനാവൂ. അക്കാദമിക പ്രവർത്തനങ്ങളുടെ ആസൂത്രണ പ്രക്രിയയിൽ വിവിധ ഘട്ടങ്ങളിലെ വികസനം എന്തെന്ന് പരിശോധിക്കാനാണ് ശ്രമിക്കുന്നത്. വാർഷികാസൂത്രണം, പ്രതിമാസാസൂത്രണം, പ്രതിവാരാസൂത്രണം, ദൈനംദിനാസൂത്രണം എന്നിങ്ങനെ ക്ലാസ്തലത്തിൽ പാഠ്യപദ്ധതി നടത്തിപ്പിന്റെ ഫലപ്രാപ്തി ഉറപ്പാക്കാൻ നടത്തിയ ശ്രമങ്ങളാണ് ഇവിടത്തെ ചർച്ചാ വിഷയം.

### 1.5.1. പൂർവഘട്ടം

ഈ ഘട്ടത്തിലെ ആസൂത്രണത്തെക്കുറിച്ച് വിവരം ലഭിക്കുന്നതിനുള്ള പ്രധാനാകരം പാഠപുസ്തകം തന്നെയാണ്. അധ്യാപകകേന്ദ്രിതവും പാഠപുസ്തകകേന്ദ്രിതവുമായ അന്നത്തെ പഠനക്രമത്തിൽ അധ്യാപകൻ പാഠപുസ്തകത്തിലെ ആശയങ്ങൾ പൂർണമായും ഉൾക്കൊള്ളുകയും അവ രസാവഹമായി ക്ലാസ്സിൽ അവതരിപ്പിക്കുന്നതിനുള്ള തയ്യാറെടുപ്പ് നടത്തുകയും വേണം. "ഓരോ പാഠത്തിലും പ്രതിപാദിച്ചിരിക്കുന്ന വിഷയം അധ്യാപകൻ ആദ്യംതന്നെ സ്വന്തം വാക്കുകൾ കൊണ്ട് വ്യക്തമായും രസാവഹമായും വിവരിക്കുന്നു."[122] ഇങ്ങനെ ക്ലാസ്തല പ്രവർത്തനങ്ങൾ എങ്ങനെയാവണം എന്ന് നിർദ്ദേശിക്കുമ്പോൾ അവയ്ക്കനുസൃതമായ ആസൂത്രണം ആവശ്യമാണെന്ന നിഗമനത്തിലെത്താനാവും. വാർഷികാസൂത്രണം, പ്രതിമാസാസൂത്രണം തുടങ്ങിയ മേഖലയിൽ പൂർവഘട്ടത്തിലെ വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല. എന്നാൽ, 1953ൽ സ്കൂൾ പഠനസമയം അഞ്ച് മണിക്കൂറിൽ നിന്നും മൂന്നു മണിക്കൂറായി കുറച്ചുകൊണ്ട് പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതി പരിഷ്ക്കരിച്ചു. "രണ്ടുമുതൽ അഞ്ചുവരെയുള്ള തലങ്ങളിൽ കുട്ടികൾ മൂന്നു മണിക്കൂർ ഇരുന്നാൽ മതി."[123] എന്നാൽ, അടിസ്ഥാന വിദ്യാലയങ്ങൾക്കും ഗ്രാമങ്ങളിലെ ഹയർ എലിമെന്ററി സ്കൂളുകൾക്കും ഇത് ബാധകമല്ല. ആഴ്ചയിലെ പ്രവൃത്തി ആറു ദിവസമായി ഉയർത്തുകയും വർഷത്തിൽ ഇരുനൂറ്റിയിരുപത് പ്രവൃത്തിദിവസം ഉറപ്പാക്കുകയും ചെയ്തു. ഈ പരിഷ്ക്കാരങ്ങൾ അധ്യാപകന്റെ ജോലിഭാരം ഉയർത്തി. ആസൂത്രണത്തിന്റെ ഭാരവും സ്വാഭാവികമായി ഉയർന്നു.

---

122.വർഗീസ് vi

123.മദ്രാസ് സർക്കാർ, വിദ്യാഭ്യാസ വകുപ്പ്, *പ്രാഥമിക വിദ്യാഭ്യാസം, പരിഷ്ക്കരിച്ച പദ്ധതി*, (മംഗലാപുരം: ഇൻഫർമേഷൻ & പബ്ലിസിറ്റി ഡയറക്ടറുടെ ഓഫീസ്, 1953) 6

### 1.5.2 മാനകീകരണഘട്ടം

ഈ ഘട്ടത്തിൽ മാനകീകരണഘട്ടത്തിൽ ആസൂത്രണത്തിൽ കുറേക്കൂടി വ്യക്തമായ കാഴ്ചപ്പാടുകളും രീതികളും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. 1956ൽ പ്രശസ്ത അമേരിക്കൻ മനഃശാസ്ത്രജ്ഞനായ ബെഞ്ചമിൻ ബ്ലൂം വികസിപ്പിച്ച ടാക്സോണമിയുടെ ചുവടുപിടിച്ചു കൊണ്ടുള്ള പാഠാസൂത്രണമാണ് ഈ ഘട്ടത്തിൽ നിർദേശിക്കപ്പെട്ടത്. ആസൂത്രണനയം തീരുമാനിക്കുന്നത് പഠനരീതിയാണ്. ഉദ്ദേശ്യാധിഷ്ഠിത പഠനബോധന പ്രക്രിയക്ക് അനുഗുണമായ ആസൂത്രണമാണ് ഇക്കാലത്ത് നിർദ്ദേശിക്കപ്പെട്ടത്. ഒന്ന്, രണ്ട് ക്ലാസ്സുകളിൽ പതിനൊന്നും മൂന്ന്, നാല് ക്ലാസ്സുകളിൽ ഒമ്പതും വീതം പീരിയഡുകളാണ് ഒരാഴ്ചയിലുള്ളത്. അവയെ ഒന്ന്, രണ്ട് ക്ലാസ്സുകളിൽ വായന അഞ്ച് പീരിയഡ്, പദ്യം ചൊല്ലൽ മൂന്നു പീരിയഡ്, കഥാകഥനം മൂന്ന് പീരിയേഡ് എന്നു തിരിച്ചിട്ടുണ്ട്. മൂന്നാം തരത്തിൽ നാല് പീരിയഡ് വായന, മൂന്ന് പീരിയഡ് പദ്യം ചൊല്ലൽ, രണ്ട് പീരിയേഡ് കഥാകഥനം, നാലാം തരത്തിൽ നാല് പീരിയഡ് ഗദ്യം, രണ്ട് പീരിയഡ് പദ്യം, ഒരു പീരിയഡ് വ്യാകരണം, രണ്ട് പീരിയഡ് രചന എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്.[124]

പാഠം ക്ലാസ്സിലവതരിപ്പിക്കുന്നതിനു മുമ്പ് കൃത്യമായി പാഠാസൂത്രണം നടത്തുന്ന രീതി കൈപ്പുസ്തകത്തിൽ അവതരിപ്പിക്കുന്നുണ്ട്.[125]

---

124. കേരള സർക്കാർ 3 3-6

125. "പാഠാസൂത്രണത്തിൽ കുട്ടികളുടെ ശരാശരി വയസ്സ്, ക്ലാസ്സ്, പാഠഭാഗം, സമയം എന്നിവ ആമുഖമായി കാണിച്ചിരിക്കണം. തുടർന്ന് പാഠ്യവസ്തുവുമായി ബന്ധപ്പെട്ട മുന്നറിവെന്തെന്ന് രേഖപ്പെടുത്തണം. 'പറ'യുടെയും 'പന'യുടെയും ചിത്രം കാണിച്ച് 'പറ'യെന്നും 'പന'യെന്നും പറയിച്ച ശേഷം 'പറ'യെന്നും 'പന'യെന്നും എഴുതിയിരിക്കുന്നതു വായിപ്പിച്ച ശേഷം 'പ' എന്ന അക്ഷരം വായിപ്പിക്കുകയും എഴുതിക്കുകയും ചെയ്യുക" എന്ന മട്ടിൽ ഉദ്ദേശ്യപ്രസ്താവന എന്തെന്ന് എഴുതണം. പിന്നീട് "എന്തെല്ലാം പഠനോപകരണങ്ങളാണ് ഈ പാഠത്തിൽ ഉപയോഗിക്കുന്നത് എന്ന് ഉപകരണങ്ങൾ എന്ന തലക്കെട്ടിനു താഴെ എഴുതിച്ചേർക്കണം. (1) 'പറ'യുടെയും 'പന'യുടെയും ചിത്രങ്ങൾ, (2) ഈ പദങ്ങൾ വലുതായി എഴുതിയിട്ടുള്ള കട്ടി ബോർഡുകൾ, (3) 'പ' മാത്രം ചുവന്ന മഷിയിലെഴുതിയിട്ടുള്ള 'പറ' കാർഡുകൾ, (4) 'പ' എന്ന അക്ഷരം മാത്രം എഴുതിയിട്ടുള്ള കാർഡുകൾ, (5) പൂവ്, പുളിങ്കുരു, മഞ്ചാടി, മുത്ത്, ചോക്കുപൊടി, നിറമുള്ള ചോക്ക് എന്നിവ." ഇത്രയും സാമഗ്രികൾ ഒരുക്കണം.

തുടർന്ന് പാഠാവതരണഘട്ടമാണ്.

"വീട്ടിലോ വഴിയിലോ കണ്ടിട്ടുള്ള വൃക്ഷങ്ങളുടെ പേര് പറയിക്കുക. അവയിൽ 'പന'യുടെ ഒരു ലഘുവിവരണം പറയട്ടെ. 'പന'യുടെ ചിത്രം കാണിച്ച് 'പന' എന്നുച്ചരിച്ച ശേഷം ചിത്രം നോക്കി 'പന' എന്നു പറയിക്കുക. ചിത്രം മാറ്റിവെച്ചശേഷം വരച്ച പടം പ്രദർശിപ്പിച്ചോ പടം വരച്ചു കാണിച്ചോ അതിനിടയിൽ 'പന' എന്നെഴുതിയിരിക്കുന്നത് കാണിച്ചു വായിപ്പിക്കുക. ചിത്രത്തിന്റെ സമീപം കാണുന്ന എഴുത്ത് കുട്ടികൾ കുറച്ചു സമയം നോക്കുമ്പോൾ പദത്തിന്റെ ചിത്രം മനസ്സിൽ പതിയും. ഇതുപോലെ 'പറ'യും അവതരിപ്പിക്കുക. 'പ' മാത്രം ഉച്ചരിച്ചു കൊടുത്ത ശേഷം 'പ' വേർതിരിച്ചു കാണിച്ച് ഉച്ചരിപ്പിക്കുക. 'പ' ചുവന്ന മഷിയിൽ എഴുതിയിരിക്കുന്ന കാർഡ് നോക്കിയും മനസ്സിലാക്കട്ടെ. കുട്ടികൾ കൂട്ടമായും ഒറ്റയ്ക്കും വായിച്ച ശേഷം 'പ' എന്ന മാതൃക എഴുതിക്കാണിക്കാം." എഴുതുന്ന മാതൃക കുട്ടികൾ നോക്കിക്കാണണം. അധ്യാപകൻ എഴുതുന്ന രീതിയിൽ കുട്ടികൾ മണലിലും എഴുതട്ടെ. മേശപ്പുറത്തോ തറയിലോ 'പ'യുടെ രൂപം എഴുതി

1970ൽ ഏകബോധനപദ്ധതിയുടെ ഭാഗമായി വിഷയങ്ങൾക്ക് വാർഷിക പ്ലാൻ, യൂണിറ്റ് പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടുണ്ട്.[126] ഏകകപദ്ധതിക്കു പുറമെ പ്രതിദിനപാഠക്കുറിപ്പില്ല.

### 1.5.2.1. വാർഷിക പദ്ധതി

ഇവിടെ ക്ലാസ്സ്, വിഷയം, ആകെ പീരിയഡ് എന്നിവയുടെ അടിസ്ഥാനത്തിലാണ് പാഠാസൂത്രണം. ഒന്നാം ക്ലാസ്സിൽ മലയാളത്തിന് മൂന്നൂറ്റിത്തൊണ്ണൂറ് പീരിയഡാണ് ഒരു വർഷത്തിൽ ലഭിക്കുക. മാസം, ക്രമനമ്പർ, ഏകകങ്ങൾ-പാഠങ്ങൾ, അവയുടെ ഉദ്ദേശ്യങ്ങൾ-വിജ്ഞാനം, ഗ്രഹണം, പ്രകടനം, പ്രയോഗം, ആസ്വാദനം, നൈപുണ്യം, താല്പര്യം എന്നിങ്ങനെ നൽകിയിട്ടുണ്ട്. അടുത്ത കോളം പിരിയേഡ് ക്രമീകരണവുമായി ബന്ധപ്പെട്ടതാണ്. ഓരോ യൂണിറ്റിനുമുള്ള ആകെ പിരിയേഡുകളെ ബോധനത്തിനും പരിശോധനയ്ക്കുമായി വിഭജിച്ചിട്ടുണ്ട്. ഇങ്ങനെ ഒന്നാം ക്ലാസ്സിലെ അറുപത്തിയെട്ട് പാഠങ്ങളേയും ക്രമീകരിച്ചു നൽകിയിട്ടുള്ളതാണ് ഒന്നാം ക്ലാസ്സിലെ മലയാളത്തിന്റെ വാർഷിക പ്ലാൻ (അനു: 3).

### 1.5.2.2 ഏകകബോധനപദ്ധതി

ഏകകബോധനപദ്ധതി എന്ന ബോധനരീതിയുടെ പ്രത്യേകതകൾ ഇങ്ങനെ ക്രോഡീകരിക്കാം: ബോധനോദ്ദേശ്യം കൃത്യമായി കണ്ടെത്തി അത് സാക്ഷാത്കരിക്കുന്ന വിധം പാഠം ആവിഷ്കരിക്കുക, ഒരു പാഠത്തെ ഒരു ഏകകമായിക്കണ്ട് അതിനുള്ള പാഠക്കുറിപ്പ് തയ്യാറാക്കുക, ബോധനത്തേക്കാൾ പഠനത്തിന് പ്രാധാന്യം നൽകുകയും സ്വയംപഠനത്തിന് അവസരമൊരുക്കുകയും ചെയ്യുക, ഉദ്ദേശ്യാധിഷ്ഠിത മൂല്യനിർണയത്തിലൂടെ പോരായ്മ കണ്ടെത്തി പരിഹാരബോധനം നടത്തുക[127] തുടങ്ങിയവയാണവ.

പഠനാസൂത്രണത്തിന്റ കാഴ്ചപ്പാടിന് ഒരു പുതിയ മുഖം നൽകാൻ ഇക്കാലത്ത് സാധിച്ചിട്ടുണ്ട്. വിഷയം, ക്ലാസ്സ്, ഏകകം, ആവശ്യമായ പീരിയഡ് എന്നിവ സൂചിപ്പിച്ചുകൊണ്ടാണ് ഏകകാസൂത്രണം ആരംഭിക്കുന്നത്. തുടർന്നുള്ള ആസൂത്രണഘട്ടങ്ങൾ ഉപക്രമം,

---

അതിൽ മഞ്ചാടിക്കുരു, പൂവ്, കുന്നിക്കുരു എന്നിവ നിരത്തിവയ്ക്കുകയോ ചോക്കുപൊടിയോ ഏതെങ്കിലും നിറമുള്ള വസ്തുവോ ഇടുകയോ ആവാം. അക്ഷരരൂപം അധ്യാപകൻ എഴുതുന്ന രീതിയിൽ കുട്ടികൾ വായുവിൽ എഴുതുന്നതും കൊള്ളാം. തുടർന്ന് അഭ്യാസം കൂടി രേഖപ്പെടുത്തിയാൽ പാഠാസൂത്രണം പൂർണമായി. അഭ്യാസത്തിൽ കുറച്ചു പ്രവർത്തനങ്ങൾ നൽകുകയാണ് ചെയ്യുന്നത്. പഠിപ്പിച്ച അക്ഷരം ഉറച്ചോ എന്ന മൂല്യനിർണയം തന്നെയാണിവ.

(കേരള സർക്കാർ 6 76)

126. കേരള സർക്കാർ 2 14-33

127. കേരള സർക്കാർ 7 i

മുന്നറിവ്, ഉപകരണങ്ങൾ എന്നിവയാണ്.[128] ഇത്രയുമായാൽ ആസൂത്രണത്തിന്റെ ഒരു ഘട്ടം കഴിഞ്ഞു. ഇതിനെ അടിസ്ഥാനമാക്കി അഞ്ചു കോളങ്ങളിലായി വളരെ വിശദമായി പാഠസന്ദർഭങ്ങളെ അടിസ്ഥാനമാക്കി ബോധനഘട്ടങ്ങൾ നിശ്ചയിക്കുകയാണ്. ഒന്നാം കോളത്തിൽ ഉദ്ദേശ്യങ്ങളും സ്പഷ്ടീകരണവും എഴുതണം. രണ്ടാം കോളം പാഠാപഗ്രഥനം, മൂന്നാം കോളത്തിൽ പഠനസന്ദർഭങ്ങൾ, നാലാം കോളം മൂല്യനിർണയം, അഞ്ചാം കോളം ക്രമപ്പട്ടിക എന്നിങ്ങനെ തിരിച്ചിരിക്കുന്നു (അനു: 4).

ഏകകാസൂത്രണത്തിൽ നിന്നും ഓരോ പീരിയഡിലും ഏതെല്ലാം പഠനസന്ദർഭങ്ങൾ കുട്ടിയെ പഠിപ്പിക്കണമെന്ന് ക്രമപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുണ്ട്. അവയുടെ ക്രമം അധ്യാപകന് തീരുമാനിക്കുകയും ചെയ്യാം. ഇങ്ങനെ എൺപത്തിനാല് പഠനസന്ദർഭങ്ങളിലൂടെയാണ് തള,വള, തവള എന്നീ മൂന്നു പദങ്ങളുടെ വായന, ഉച്ചാരണം, ലേഖനം എന്നിവ ഉറപ്പിക്കുന്നത്.[129]

1974ൽ സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട് അധ്യാപകർക്കുള്ള കൈപ്പുസ്തകം തയ്യാറാക്കി. ഓരോ പാഠത്തിന്റെയും ഉദ്ദേശ്യങ്ങൾ പൊതുവായും മുന്നറിവ്, പഠനസാമഗ്രികൾ, പാഠാവതരണം, ആശയം, അഭ്യാസത്തിലെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തുടങ്ങിയവ അതിൽ നൽകിയിട്ടുണ്ട്. ഇത് അധ്യാപകനെ നേരിട്ട് പാഠാസൂത്രണത്തിലേക്ക് പോകാൻ സഹായിക്കും.[130]

### 1.5.3 എം.എൽ.എൽ പൂർവഘട്ടം

ആസൂത്രണത്തിന്റെ തന്ത്രങ്ങളിൽ കാതലായ മാറ്റങ്ങൾ ഉൾക്കൊണ്ട ഒരു ഘട്ടമാണിത്. മാനകീകരണഘട്ടത്തിലെ ഏകകബോധനപദ്ധതിയുടെ തുടർച്ചയായി ഇതിനെ കണക്കാക്കാം. ഒന്നാം ക്ലാസ്സിലെ സംഭാഷണപരിചയം, ആലേഖനപരിചയം, കേരള പാഠാവലി എന്നീ മൂന്നു പുസ്തകങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ആസൂത്രണം ഈ ഘട്ടത്തിൽ അനിവാര്യമാകുന്നു. രണ്ടുമുതൽ നാലുവരെ ക്ലാസ്സിൽ ഭാഷാപരിചയം എന്ന പുസ്തകവും പാഠാവലിക്കു പുറമെ അവതരിക്കപ്പെട്ടു.

---

128. ഉപക്രമം: ഇതിൽ ഏകകത്തിലെ ഉള്ളടക്കവും ലക്ഷ്യവും വ്യക്തമാക്കുന്നു.
 മുന്നറിവ്: ഇവിടെ ആശയപരവും ഭാഷാപരവുമായ മുന്നറിവെന്തെന്ന് നിർദ്ദേശിക്കുന്നു.
 ഉപകരണങ്ങൾ: അധ്യാപകന്റെ പ്രമാണഗ്രന്ഥങ്ങളും പാഠവികസനത്തിനുതകുന്ന സാമഗ്രികളും വ്യാപകപഠനത്തിന് സഹായിക്കുന്ന സാമഗ്രികളും ഉൾപ്പെടും. (കേരള സർക്കാർ 7)

129.കേരള സർക്കാർ 2 14-33

130. കേരള സർക്കാർ 14, വിദ്യാഭ്യാസവകുപ്പ്, *അധ്യാപകർക്കുള്ള കൈപ്പുസ്തകം* (തിരുവനന്തപുരം: എസ്.ഐ.ഇ., 1974) 1-3

ദേശീയ പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പത്ത് അടിസ്ഥാന ഘടകങ്ങൾ[131] പരിഗണിച്ചുകൊണ്ടും നിർദിഷ്ട പാഠ്യപദ്ധതിയിലധിഷ്ഠിതവുമായ പാഠാസൂത്രണം ഈ ഘട്ടത്തിൽ അനിവാര്യമായിരുന്നു. മൂല്യങ്ങളും ദേശീയ കാഴ്ചപ്പാടുകളും വിവിധ വിഷയങ്ങളുമായും പഠനതന്ത്രങ്ങളുമായും ഉദ്ഗ്രഥിച്ചും നിഗീരണം ചെയ്തും അവതരിപ്പിക്കുക എന്ന ദൗത്യം ആ കാലഘട്ടത്തിൽ സവിശേഷ ആസൂത്രണം നിർബന്ധമാക്കുന്നു.

### 1.5.4 എം.എൽ.എൽ ഘട്ടം

വ്യക്തമായ ലക്ഷ്യബോധമാണ് ഈ കാലഘട്ടത്തിന്റെ മുഖമുദ്ര. വിദ്യാഭ്യാസലക്ഷ്യം സാക്ഷാത്കരിക്കണമെങ്കിൽ അതിനു യോജിച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. വൈവിധ്യമാർന്ന തന്ത്രങ്ങളുടെ ആസൂത്രണവും പ്രയോഗവും ഉറപ്പാക്കുക എന്നതാണ് അധ്യാപകൻ നേരിടുന്ന വെല്ലുവിളി. ലക്ഷ്യങ്ങൾക്കനുസൃതമായ പ്രവർത്തനങ്ങൾ ഒന്നൊന്നായി ചെയ്താൽ മാത്രം പോരാ, അവ എത്രമാത്രം കുട്ടികൾക്ക് നേടാൻ സാധിച്ചിട്ടുണ്ടെന്ന് കണ്ടെത്തുകയും നേടാൻ കഴിയാത്തവ ആർജിക്കാനുള്ള ആസൂത്രണം നടത്തുകയും വേണം.

പ്രാപ്ത്യാധിഷ്ഠിത പഠനരീതി ഫലപ്രദമാകണമെങ്കിൽ ഓരോ പ്രാപ്തിയും നടത്തുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും കഴിയണം. അധ്യാപകനും കുട്ടിയും, കുട്ടിയും കുട്ടിയും, കുട്ടിയും പഠനസാമഗ്രികളും തമ്മിലുള്ള ഇടപെടലിന് അവസരമൊരുക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. പ്രാപ്തി പ്രസ്താവനകൾക്ക് അനുസൃതമായ പഠനപ്രവർത്തനങ്ങൾ കണ്ടെത്തി അനുയോജ്യമായ പഠനതന്ത്രങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം.

വിദ്യാർത്ഥിയെ പഠനത്തിൽ സഹായിക്കാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുന്ന ഒരാൾ[132] എന്ന നിലയിലാണ് ശിശുകേന്ദ്രീകൃത പഠനരീതിയിൽ അധ്യാപകന്റെ പങ്ക്. ഈ ഘട്ടത്തിൽ കുട്ടിക്ക് സ്വയംപഠനത്തിന് അവസരമൊരുക്കുന്ന തരത്തിൽ പാഠങ്ങൾ ആസൂത്രണം ചെയ്യണം. പ്രവർത്തനങ്ങളെ സസൂക്ഷ്മം നിരീക്ഷിക്കുകയും പിന്നാക്കാവസ്ഥയ്ക്കുള്ള കാരണങ്ങൾ കണ്ടെത്തി പരിഹാരബോധനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയെന്നതും പ്രധാനമാണ്.

---

131.കേരള സർക്കാർ 4 v

132.കേരള സർക്കാർ 5 9

സംഘപഠനത്തിനും സംഘാധ്യാപനത്തിനും സാധ്യതയുള്ള സന്ദർഭങ്ങൾ മുൻകൂട്ടിക്കണ്ട് അധ്യാപകൻ ആസൂത്രണം നടത്തണം. ഇങ്ങനെ ഫലപ്രദമായ ആസൂത്രണത്തിലൂടെ ശാസ്ത്രീയമായ മുന്നേറ്റമാണ് എം.എൽ.എൽ ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്.

"ഒരു പാഠത്തെ മൊത്തമായെടുത്ത് അപഗ്രഥിച്ച് ഓരോ പ്രാപ്തിക്കും പഠനപ്രവർത്തനം നിർദ്ദേശിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. പീരിയഡ് അടിസ്ഥാനത്തിലുള്ള ആസൂത്രണം അധ്യാപകൻ സ്വയം നടത്തണം. കുട്ടികളുടെ നിലവാരമനുസരിച്ച് ഗ്രേഡു ചെയ്ത പഠനപ്രവർത്തനങ്ങൾ നൽകാൻ അധ്യാപകന് കഴിയും."[133] പഠനബോധനപ്രവർത്തനങ്ങൾ വൈവിധ്യവും ആകർഷകത്വവുമുള്ളവയാവണം. അതിന് സഹായകമായ കളികളും പ്രവർത്തനങ്ങളും കൈപുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

മുൻഘട്ടങ്ങളെയപേക്ഷിച്ച് പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ ആസൂത്രണതന്ത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. ആസൂത്രണത്തിന് അധ്യാപകസഹായിയിൽ ഇത്രമാത്രം സൂചനകൾ നൽകുന്നതിന്റെ സാംഗത്യം ചർച്ച ചെയ്യാവുന്നതാണ്. പഠനോപകരണങ്ങളുടെ ആസൂത്രണവും കൃത്യമായി ഈ ഘട്ടത്തിൽ നടന്നിട്ടുണ്ട്. അതിനായി ഒരു കൈപ്പുസ്തകം തന്നെ പുറത്തിറക്കുകയുണ്ടായി.

---

133. കൈപ്പുസ്തകത്തിലെ ആസൂത്രണരീതി ഇങ്ങനെയാണ്. പാഠത്തിന്റെ പേര്, നിശ്ചയിക്കപ്പെട്ട പീരിയഡ്, മുഖ്യപ്രാപ്തികൾ, മുന്നറിവ്, തുടർന്ന് പ്രാപ്തികൾ, അവയ്ക്കുള്ള പഠനപ്രവർത്തനങ്ങൾ, മൂല്യനിർണയം എന്നീ മൂന്നു കോളങ്ങൾ വളരെ വിശദമായി വിവരിക്കുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞ പോലെ പഠനസങ്കേതങ്ങളും പ്രവർത്തനങ്ങളും അധ്യാപകൻ കണ്ടെത്തേണ്ട ആവശ്യം ഇല്ലതന്നെ. (കേരള സർക്കാർ 9 1-2)

## 1.6. പാഠപുസ്തകം

പാഠപുസ്തകവിശകലനത്തിൽ മുഖ്യമായും രണ്ടു കാര്യങ്ങളാണ് പരിഗണിക്കാനുള്ളത്. ഒന്ന്: കരിക്കുലം വിഭാവനം ചെയ്തതനുസരിച്ചാണോ പാഠപുസ്തകങ്ങൾ നിർമിക്കപ്പെട്ടിട്ടുള്ളത് എന്നു പരിശോധിക്കുക. രണ്ട്: വ്യവസ്ഥയുടെ ഭാഗമായി കുട്ടിയുടെ കർതൃത്വത്തെ രൂപപ്പെടുത്തിയെടുക്കുന്നതിൽ പാഠപുസ്തകത്തിന്റെ ഉള്ളടക്കം വഹിച്ച പങ്ക് പരിശോധിക്കുക. ഓരോ ഘട്ടത്തിലും പാഠ്യപദ്ധതി മാറ്റുന്നതിനനുസരണമായി പാഠപുസ്തകങ്ങളും പുതുക്കിയിട്ടുണ്ട്.[134] എന്നാൽ, അവ പാഠ്യപദ്ധതിയുമായി എത്രമാത്രം സമരസപ്പെടുന്നു എന്ന് പരിശോധിക്കാനാണിവിടെ ശ്രമിക്കുന്നത്. വ്യവഹാരരൂപങ്ങൾ, പാഠസംവിധാനം, ചിത്രങ്ങൾ, വലുപ്പം, അക്ഷരത്തിന്റെ സ്വഭാവം എന്നിവയുടെയെല്ലാം അടിസ്ഥാനത്തിലാണ് ഈ വിശകലനം നടത്തുന്നത്. ഒന്നാം ക്ലാസ്സിലെ പാഠപുസ്തകങ്ങൾ പ്രധാനമായും പദങ്ങളെ അടിസ്ഥാനമാക്കിയുള്ള അപഗ്രഥനത്തിനും വിധേയമാക്കുന്നു.

### 1.6.1. പൂർവഘട്ടം

**1.6.1.1.** ഈ ഘട്ടത്തിലെ ഒന്നുമുതൽ നാലുവരെ ക്ലാസ്സിലെ ഭാഷാപാഠപുസ്തകമാണ് വിശകലനവിധേയമാക്കുന്നത്. പള്ളത്ത് രാമൻ എഡിറ്റ് ചെയ്ത മലബാർ കോഹിനൂർ പാഠാവലിയിലെ ഒന്നാം പാഠപുസ്തകമാണ് ഇവിടെ വിശകലനം ചെയ്യുന്നത്. 1939ലാണ് ഈ പുസ്തകം പുറത്തിറങ്ങിയത്. പ്രധാനമായും പദങ്ങളും ലഘുവാക്യങ്ങളും പഴഞ്ചൊല്ലുകളും ലഘുവിവരണങ്ങളും സാരോപദേശ കവിതകളുമാണ് ഈ ഘട്ടത്തിലെ പാഠപുസ്തകത്തിന്റെ ഉള്ളടക്കം. അൻപത് പാഠങ്ങളിലായി അഞ്ഞൂറ്റിപ്പതിനാറ് പദങ്ങളും അറുപത്തെട്ട് വാക്യങ്ങളും മൂന്ന് ലഘുവിവരണവും ഒരു കഥയും രണ്ട് പദ്യങ്ങളുമുണ്ട്. ഒന്നാം തരത്തിൽ അവതരിപ്പിച്ചിട്ടുള്ള അഞ്ഞൂറ്റിപ്പതിനാറ് പദങ്ങളിൽ നാനൂറ്റിതൊണ്ണൂറ്റിയെട്ട് നാമപദങ്ങളും അഞ്ച് ക്രിയാപദങ്ങളും മൂന്ന് സർവനാമങ്ങളും ഇരുപത് ക്രിയാനാമവുമാണുള്ളത്. നാനൂറ്റി തൊണ്ണൂറ്റിയെട്ട് നാമപദങ്ങളിൽ ഇരുനൂറ്റിരണ്ട് പദങ്ങളും കുട്ടികളുടെ പരിചയസീമയിൽ പെടുന്നതല്ല. അപരിചിതപദങ്ങളിൽ ഭൂരിഭാഗവും സംസ്കൃ

134. സ്വതന്ത്രമായ ഭാഷാവബോധത്തെയും സ്വതന്ത്രമായ ചിന്തയും പരസ്പരപൂരകങ്ങളാണ്. ഭാഷയും ചിന്തയും തമ്മിലുള്ള ഈ ബന്ധം അടുത്ത അധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്. സമൂഹവും വ്യക്തിയും തമ്മിലുള്ള വൈരുദ്ധ്യാത്മക ബന്ധമാണ് വ്യക്തിയുടെ ചിന്തയെ നിർണയിക്കുന്നത്. സാമൂഹ്യനിയമങ്ങളോടും വ്യവസ്ഥയോടും കലഹിക്കുന്ന മനസ്സും ആശയങ്ങളും എല്ലാ വ്യക്തികളിലുമുണ്ട്. എന്നാലിത്തരം വിധ്വംസകചിന്തകളെ ഒതുക്കിനിർത്തുക എന്നതാണ് സമൂഹത്തിലെ അധികാരശ്രേണിയുടെ ദൗത്യം. ഈ അർത്ഥത്തിൽ വ്യക്തിയുടെ ചിന്തയും അയാളുടെ ഭാഷയും ഒരു സാമൂഹ്യനിർമിതിയാണ് എന്നു പറയാം. ഈ സാമൂഹ്യനിർമിതിക്കായി അധികാരവ്യവസ്ഥ അറിവിനെയും വിദ്യാഭ്യാസത്തെയും ഉപയോഗപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ പാഠപുസ്തകം ഒരു രാഷ്ട്രീയോപകരണമായി വിലയിരുത്തപ്പെടുന്നു.

തപദങ്ങളാണ്. നാമപദങ്ങളിൽ നൂറ്റിമൂന്ന് വസ്തുനാമവും ഇരുനൂറ്റിപത്തൊമ്പത് ആശയങ്ങളും അമ്പത് ജന്തുനാമങ്ങളും മുപ്പത്തിയൊമ്പത് സസ്യനാമങ്ങളും മനുഷ്യലോകവുമായി ബന്ധപ്പെട്ട അമ്പത്തൊമ്പത് പദങ്ങളും പ്രകൃതിപരമായ പതിനൊന്ന് പദങ്ങളും അവയവസംബന്ധിയായ പന്ത്രണ്ട് പദങ്ങളും തൊഴിലുമായി ബന്ധപ്പെട്ട അഞ്ച് പദങ്ങളുമാണ് ഉള്ളത്. കൃഷി, കൈത്തൊഴിൽ, കുലത്തൊഴിൽ ഇവയുമായി ബന്ധപ്പെട്ട പദങ്ങൾ വളരെ കുറവാണ് (അനു: 5). എല്ലാ അക്ഷരങ്ങളും കൂട്ടക്ഷരങ്ങളും സംയുക്താക്ഷരങ്ങളും ഒന്നാം പാഠത്തിൽ തന്നെ ചേർത്തിട്ടുണ്ട്. വളരെ സങ്കീർണമായ സംയുക്താക്ഷരങ്ങളുടെ പിരിച്ചെഴുത്തും ചേർത്തിരിക്കുന്നു.

അറുപത്തിയെട്ട് വാക്യങ്ങളാണ് ഒന്നാംപാഠപുസ്തകത്തിലുള്ളത്. മുപ്പത്തിനാല് വാക്യങ്ങൾ സാധാരണവാക്യങ്ങളും മറ്റുള്ളവ സാരോപദേശം, പഴഞ്ചൊല്ല്, പുരാണം, ചരിത്രം എന്നീ വിഭാഗത്തിൽ പെടുന്നു. ഇതിൽ അൻപത്തിയേഴ് വാക്യങ്ങൾ കുട്ടികൾക്ക് അപരിചിതമാണ് (അനു: 6).

വാക്യഘടനയിലും പ്രയോഗത്തിലും അസ്വാഭാവികതയും ക്ലിഷ്ടതയും ഏറെയുണ്ട്. ഉദാഹരണമായി, മുന്തിരിങ്ങ നല്ല മാധുര്യമുള്ള ഫലമാണ്. ഇവിടെ മധുരമുള്ള എന്നതിന് പകരം മാധുര്യമുള്ള എന്ന് പ്രയോഗിക്കുക വഴി പ്രയോഗം ക്ലിഷ്ടമായിത്തീരുന്നു. മൂന്ന് ലഘുവിവരണങ്ങളും ഒരു കഥയുമടക്കം നാല് ഗദ്യപാഠങ്ങളും പുസ്തകത്തിലുണ്ട്. കുട്ടി പഠിച്ച പദങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഗദ്യരചന. സ്വാഭാവിക സന്ദർഭങ്ങളിലൂടെ അർത്ഥബോധം വളർത്താൻ ഇത് സഹായിക്കും.

ഒന്നാം പാഠപുസ്തകത്തിൽ രണ്ടു പദ്യങ്ങളാണുള്ളത്. അതിലൊന്ന് വണ്ടിനെക്കുറിച്ചും മറ്റേത് സാരോപദേശവുമാണ്. വണ്ടിനെക്കുറിച്ചുള്ള പദ്യം കുട്ടികൾക്കിണങ്ങുന്നതാണ്. എന്നാൽ സാരോപദേശം കുട്ടിയുടെ പ്രകൃതത്തിനു യോജിച്ചതല്ല.

പാഠപുസ്തകം വളരെ അനാകർഷകമായാണ് സംവിധാനം ചെയ്തിട്ടുള്ളത്. അന്നത്തെ സാങ്കേതികവിദ്യയുടെ പരിമിതി അച്ചടിയെ ബാധിച്ചിട്ടുണ്ട്. പാഠപുസ്തകം അറുപത് പേജാണുള്ളത്. ക്രൗൺ സൈസ്. പുറംചട്ട പുസ്തകം പബ്ലിഷ് ചെയ്യുന്നവരുടെയും എഡിറ്ററുടെയും പേരും യോഗ്യതയും ഉദ്യോഗപ്പേരും എഴുതി നിറച്ചിരിക്കുന്നു. പുസ്തകത്തിന്റെ പേര് ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിച്ചിട്ടുണ്ട്. പതിനേഴാമത്തെ പാഠം മുതൽ ചെറിയക്ഷരം ഉപയോഗിക്കാൻ തുടങ്ങുന്നു. ഒരു പേജിൽ നാലു ചിത്രങ്ങളും അവയുടെ പേരുകളും അക്ഷരങ്ങളുടെ പിരിച്ചെഴുത്തും പരിചയപ്പെടുത്തുന്നു. ദീർഘാക്ഷരം, കൂട്ടക്ഷരം, പുതിയ പദങ്ങൾ, ലഘുവാക്യങ്ങൾ ഇവയെല്ലാം ചേർത്ത് തിങ്ങി

നിറയുമ്പോൾ കുട്ടിയുടെ വായനാതാല്പര്യമാണ് ഇല്ലാതാവുന്നത്.

പാഠങ്ങളുടെ നമ്പർ മലയാള അക്കത്തിലാണ് എഴുതിയിരിക്കുന്നത്. പാഠങ്ങൾ പുതിയ പേജിൽ തുടങ്ങുക എന്ന രീതി സ്വീകരിച്ചിട്ടില്ല. വർണചിത്രങ്ങൾ ഇല്ല. ചിത്രങ്ങൾക്ക് വ്യക്തത കുറവാണ്. ചിത്രങ്ങളും ചുവടെ എഴുതിയ പേരും തമ്മിൽ പൊരുത്തപ്പെടുന്നില്ല. 'വല' എന്നെഴുതിയതിനു മുകളിൽ വലയിൽ മത്സ്യം ഉള്ള ചിത്രമാണ് നൽകിയിരിക്കുന്നത്.[135]

1.6.1.2 ടി.പി. വർഗീസ് എഡിറ്റ് ചെയ്ത 1938ൽ പ്രസിദ്ധീകരിച്ച നവീന മലയാള പാഠാവലിയാണ് രണ്ടാം ക്ലാസ്സിലെ പുസ്തക വിശകലനത്തിന് വിധേയമാക്കിയത്. രണ്ടാം പാഠപുസ്തകത്തിൽ മുപ്പത്തിയഞ്ച് പാഠങ്ങളാണുള്ളത്. അവയിൽ ഇരുപത്തിയെട്ട് ഗദ്യവും ഏഴ് പദ്യപാഠങ്ങളുമാണ് ഉള്ളത്. ഇരുപത്തിയെട്ട് ഗദ്യപാഠങ്ങളിൽ രണ്ട് മൃഗകഥകൾ, എട്ട് അനുഭവകഥകൾ എന്നിങ്ങനെ പത്ത് കഥാപാഠങ്ങളുണ്ട്. ഒരു സംഭാഷണപാഠവും പതിനേഴ് വിവരണപാഠങ്ങളുമുണ്ട് (അനു: 7).

വിവരണങ്ങൾ എല്ലാം തന്നെ പരിസരബന്ധിതവും കുട്ടികളുടെ പരിചയസീമയിൽ വരുന്നവയുമാണ്. പശു, കാക്ക, ആട്, കോഴി തുടങ്ങിയ ജീവികളും പ്ലാവ്, തെങ്ങ്, കുരുമുളകുകൊടി തുടങ്ങിയ സസ്യജാലങ്ങളുമാണ് വിവരണ വിഷയങ്ങൾ. പാഠപുസ്തകത്തിലെ ഭാഷ ഉള്ളടക്കത്തിന്റെ വിശദാംശങ്ങളിലാണ് ഊന്നുന്നത്.[136] കുട്ടിയുടെ അനുഭവസീമയിലുള്ള സംവാദാത്മകഭാഷയല്ല ഉപയോഗിച്ചിട്ടുള്ളത്. ആറു ഖണ്ഡികകളിലായുള്ള ആനയെക്കുറിച്ചുള്ള പഠനത്തിൽ എല്ലാ വാക്യങ്ങളും പ്രസ്താവനാരൂപത്തിലുള്ള

135. സാധാരണമായി നമ്മുടെ പരിസരത്തു കാണുന്ന ആടിന്റെ ചിത്രമല്ല നൽകിയിരിക്കുന്നത്. ചെമ്മരിയാടിന്റെ ചിത്രമാണ്. നഖത്തിന്റെ ചിത്രം കുട്ടികളിൽ ഭ്രമമുളവാക്കുന്നതാണ്. വിവിധ തരം നഖങ്ങളുടെ കൂട്ടമാണ് ചിത്രത്തിലുള്ളത്.

കൊടി, യൂണിയൻജാക്ക് ആണ് നൽകിയിട്ടുള്ളത്. രാജ്ഞി എന്ന വാക്കിന് വിക്ടോറിയാ രാജ്ഞിയുടെ പടമാണ് ചേർത്തിട്ടുള്ളത്. ചിത്രങ്ങളുടെ വലുപ്പം ആനുപാതികമല്ല. ഞണ്ട്, സിംഹം, മാങ്ങ, സഞ്ചി എന്നിവയുടെ ചിത്രത്തിൽ ഞണ്ടിനേക്കാൾ ചെറുതാണ് സിംഹം. സിംഹത്തേക്കാൾ വലിയ മാങ്ങയും സഞ്ചിയും. ഇത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല.

ഊഞ്ഞാൽ എന്നെഴുതി കുട്ടി ഇരിക്കുന്ന ഊഞ്ഞാലിന്റെ ചിത്രമാണ് നൽകിയത്. ഊഞ്ഞാൽ എന്നെഴുതിയാൽ ഊഞ്ഞാൽ മാത്രമേ നൽകേണ്ടതുള്ളൂ. കാളിയമർദ്ദനമാടുന്ന കൃഷ്ണന്റെ ചിത്രത്തിന് കൃഷ്ണൻ എന്നു മാത്രമെഴുതിയിരിക്കുന്നു.

ഋഷി, ബുദ്ധൻ, രാജ്ഞി, കൃഷ്ണൻ ഈ ചിത്രങ്ങളുടെയും വലുപ്പം ആനുപാതികമല്ല. 91 സചിത്ര പദങ്ങൾ നൽകിയിട്ടുണ്ട്. (രാമൻ 3)

136. ഉദാഹരണമായി ആനയെക്കുറിച്ചുള്ള വിവരണത്തിൽ ആനക്ക് രണ്ട് കൊമ്പുകളുണ്ട്, ആന കറുത്തതാകുന്നു, തടിച്ച നാല് കാലുകളുണ്ട് തുടങ്ങിയ വാക്യങ്ങൾ ആനയെക്കുറിച്ച് വിവരങ്ങൾ നൽകുന്നതിലാണ് ഊന്നുന്നത് (വർഗീസ് 1 48).

വയാണ്. വെള്ളത്തിൽ കളിപ്പാനും കുളിപ്പാനും അതിനെന്തൊരു രസമാണെന്നോ![137] എന്ന ഒറ്റ വാക്യം മാത്രമാണ് ഇതിൽ നിന്നും വ്യത്യസ്തമായിട്ടുള്ളത്.

കുട്ടികൾ മൃഗകഥകൾ വളരെയേറെ ഇഷ്ടപ്പെടുന്നു. എന്നാൽ, അത്തരം കഥകൾ രണ്ടെണ്ണം മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. എട്ട് അനുഭവകഥകൾ പറയുന്നുണ്ടെങ്കിലും അവയിൽ ഒന്നുമാത്രമാണ് കേരളപശ്ചാത്തലത്തിൽ നടക്കുന്നത്. മറ്റെല്ലാം അന്യസംസ്ഥാനങ്ങളിലും രാജ്യങ്ങളിലും നടക്കുന്നവയാണ്. വിവരണങ്ങളിൽ പ്രാദേശികത ദീക്ഷിക്കുകയും അനുഭവങ്ങളിൽ അവ ഉപേക്ഷിക്കുകയും ചെയ്യുന്നു. ഓരോ പാഠഭാഗത്തിലും തുടക്കത്തിൽ കുറച്ചു പദങ്ങൾ നൽകിയിട്ടുണ്ട്. അവയുടെ പഠനം ഉറപ്പു വരുത്താൻ അധ്യാപകർക്ക് പ്രത്യേകം നിർദ്ദേശവുമുണ്ട്. ഇവിടെ പാഠഭാഗത്തിലെ ആശയത്തിനും വ്യവഹാരരൂപത്തിനും ഉപരിയായ പ്രാധാന്യം പദപഠനത്തിന് നൽകിയിട്ടുണ്ട്.

ആരോഗ്യശീലങ്ങളുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള സംഭാഷണപാഠം തികച്ചും യാന്ത്രികമാണ്. സംഭാഷണത്തിൽ നാടകീയത തീരെയില്ല. അമിതമായ ഭക്ഷണം രോഗം വരുത്തും എന്ന ആശയം ഉറപ്പിക്കാനാണ് ഈ പാഠത്തിൽ ശ്രമിക്കുന്നത്. അല്ലാതെ സംഭാഷണം എന്ന വ്യവഹാരരൂപത്തെ പരിചയപ്പെടാനല്ല.

പാഠപുസ്തകത്തിലെ വാക്യഘടന പരിശോധിക്കുമ്പോൾ ധാരാളം പ്രാദേശിക പ്രയോഗങ്ങളും പദങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.[138] 'ആരോഗ്യത്തെ നശിപ്പിക്കും' എന്ന ആശയത്തെ 'ആരോഗ്യത്തെ നശിപ്പിക്കാതിരിക്കില്ല' എന്ന രീതിയിൽ വളച്ചുകെട്ടി പറയുന്ന വാക്യങ്ങൾ ഏറെയുണ്ട്.[139]

സമസ്തപദങ്ങളായി പ്രയോഗിക്കേണ്ട പദങ്ങളെ സന്ധിചേർക്കാതെ വേർതിരിച്ച് എഴുതുന്ന രീതി പാഠഭാഗത്തിലുടനീളം കാണാം. ഇത് വായനയിൽ അസ്വാഭാവികത സൃഷ്ടിക്കുന്നു. 'വൃക്ഷം ആണ്'[140], 'ആരോഗ്യകരം ആയിരിക്കും'[141] തുടങ്ങിയവ ചിലതു മാത്രം.

137. വർഗീസ് 1 49

138. വീടുകൾ ഉണ്ടാക്കീട്ടല്ല ജീവിച്ചിരുന്നത്. നിമിത്തം, പുഴുങ്ങുക, മടല്, ചവിണി തുടങ്ങിയ പദങ്ങളും വാക്യങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. വെച്ചു കൊണ്ടിരിപ്പാൻ എന്ന രീതിയിലുള്ള പ്രയോഗം ധാരാളം കാണാം. ചെയ്‌വാൻ, തടിച്ച മനുഷ്യനെ വഹിപ്പാനോ ഭാരമുള്ള വണ്ടി വലിപ്പിക്കാനോ അതിനു കഴിയില്ല, എടുപ്പാൻ കഴിയും, കളിപ്പാനും കുളിപ്പാനും. (വർഗീസ് 1 20-22, 5-6, 29, 41, 44, 48, 62)

139. കുരുമുളകുകൊടി കൃഷി ചെയ്യുന്നതിന് വളരെ പ്രയാസം ഇല്ല, ആരും അത് സമ്മതിക്കാതിരുന്നില്ല എന്നിവയും ഉദാഹരണമാണ്. (വർഗീസ് 1 51)

140. വർഗീസ് 1 22

141. വർഗീസ് 1 40

ആകുന്നു എന്നവസാനിക്കുന്ന ധാരാളം വാക്കുകൾ പാഠപുസ്തകത്തിലുണ്ട്. 'അധികം രുചിയുണ്ടാക്കുന്നതും ഉപ്പാകുന്നു', 'സുഖക്കേടുകൾ നേരിടാൻ എളുപ്പമാകുന്നു' തുടങ്ങി എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനാവും. ഇത്തരം രൂപങ്ങൾ ഉപയോഗിച്ചുള്ള രചനാരീതി ആദ്യകാല മലയാള ഗദ്യത്തിന്റെ സ്വഭാവങ്ങൾ വെളിപ്പെടുത്തുന്നു.[142]

ഏഴ് പദ്യപാഠങ്ങൾ ഉണ്ട്. അവയിൽ അഞ്ചെണ്ണം സാരോപദേശവും രണ്ട് വിവരണപദ്യവുമാണ്. കുട്ടിക്ക് ആസ്വാദ്യകരമായ ഈണമോ താളമോ വിഷയമോ അല്ല അവയ്ക്കുള്ളത്. സംസ്കൃതവൃത്തത്തിൽ രചിച്ചിട്ടുള്ളവയാണവ. ഗുരുഭക്തി, ഈശ്വരഭക്തി, പിതൃഭക്തി തുടങ്ങിയ ആശയങ്ങളാണ് പദ്യങ്ങളിലുള്ളത്. നാടൻപാട്ടുകൾ, കുട്ടിക്കവിതകൾ എന്നിവ പൂർണമായും അവഗണിക്കപ്പെട്ടിരിക്കുന്നു. സംഭാഷണപദ്യങ്ങളുമില്ല.

കഠിനപദങ്ങളും തലക്കെട്ടും ഒരേ അക്ഷരവലുപ്പത്തിലാണ് അച്ചടിച്ചിരിക്കുന്നത്. അവ കൂടുതൽ കറുപ്പിച്ചിട്ടുണ്ട്. അതിനേക്കാൾ അല്പം വലുപ്പം കുറഞ്ഞ അക്ഷരങ്ങളാണ് പാഠത്തിലുള്ളത്. സാധാരണ പുസ്തകം അച്ചടിക്കുന്ന വിധത്തിൽ പേജിൽ ഒട്ടുംതന്നെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലമില്ലാതെയാണ് അച്ച് നിരത്തിയിട്ടുള്ളത്.

**1.6.1.3** ടി.പി. വർഗീസ് എഡിറ്റു ചെയ്ത് 1937ൽ പ്രസിദ്ധീകരിച്ച നവീന മലയാള പാഠാവലി മൂന്നാം പാഠപുസ്തകമാണ് വിശകലനവിധേയമാക്കിയത്. ഇരുപത്തിയൊമ്പത് ഗദ്യപാഠങ്ങളും അറ് പദ്യങ്ങളുമടക്കം മുപ്പത്തിയഞ്ച് പാഠങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. പതിനെട്ട് വിവരണപാഠങ്ങളും രണ്ട് സംഭാഷണപാഠങ്ങളും ഒരു മൃഗകഥയും നാല് അനുഭവകഥകളും നാല് പുരാണകഥകളുമടങ്ങുന്ന ഗദ്യവിഭാഗവും, നാല് പ്രാചീനപദ്യവും രണ്ട് ആധുനികപദ്യങ്ങളുമടങ്ങുന്ന പദ്യവിഭാഗവും ഉണ്ട്[143] (അനു: 7).

**1.6.1.4.** ജി. ശങ്കരക്കുറുപ്പ് എഡിറ്റു ചെയ്ത, 1937ൽ പ്രസിദ്ധീകരിച്ച മാതൃകാപാഠാവലിയാണ് വിശകലനത്തിനായി നാലാംക്ലാസ്സിൽ തെരഞ്ഞെടുത്തത്. മുപ്പത്തിമൂന്ന് പാഠങ്ങളാണ് ആകെയുള്ളത്. അതിൽ ഇരുപത്തിയൊമ്പത് ഗദ്യവും നാലു പദ്യപാഠങ്ങളും ഉണ്ട്. ഗദ്യവിഭാഗത്തിൽ പതിനെട്ട് വിവരണപാഠങ്ങളും ഏഴ് അനുഭവ കഥകളും നാല് പുരാണകഥകളുമാണുള്ളത്. പദ്യവിഭാഗത്തിൽ രണ്ട് പുരാണപദ്യങ്ങളും രണ്ട് വർണന

142. വർഗ്ഗീസ് 1 35

143. ഓണം, പുലി, മാൻ, കാപ്പി, സമുദ്രം തുടങ്ങിയ വിഷയങ്ങളാണ് വിവരണത്തിനുവേണ്ടി പരിഗണിച്ചത്. പുരാണകഥകൾക്കും ഗുരുഭക്തി, പിതൃഭക്തി എന്നിവ വളർത്തുന്ന കഥകൾക്കും പ്രാധാന്യം നൽകി, ശ്രീരാമൻ മൂന്നു ഭാഗങ്ങൾ, സ്വാമിഭക്തി, പ്രഭാകരൻ, പശ്ചാത്താപം തുടങ്ങിയ പാഠങ്ങൾ ഇതിനുദാഹരണമാണ്. വെള്ളം, നിദ്ര, കുളി തുടങ്ങിയ പാഠങ്ങൾ നല്ല ആരോഗ്യശീലങ്ങൾ വളർത്താനുള്ള ശ്രമമാണ് (വർഗീസ് 1). എന്നാൽ പാഠങ്ങളുടെ അവതരണത്തിലെ അസ്വാഭാവികത വിഷയത്തിലേക്കുള്ള കുട്ടിയുടെ പ്രവേശനത്തെ തടയുംവിധമാണ്.

കളുമുണ്ട്. സൂര്യൻ, വായു, നദികൾ തുടങ്ങിയ പ്രകൃതിപ്രതിഭാസങ്ങളെക്കുറിച്ചും നെൽകൃഷി, തേയില, പരുത്തി, പട്ടുനൂൽപുഴു തുടങ്ങിയ കാർഷിക മേഖലയെക്കുറിച്ചും കൽക്കരി, മണ്ണെണ്ണ, കടലാസ് തുടങ്ങിയ പ്രകൃതിവിഭവങ്ങളെക്കുറിച്ചും വിവരണങ്ങൾ നൽകുന്നുണ്ട്. ധ്രുവൻ, കാളിയൻ, ഹീര, ചമ്പാവതി തുടങ്ങിയ പുരാണകഥകളും തപാലിനെക്കുറിച്ച് പരിചയപ്പെടുത്തുന്ന പാഠവുമുണ്ട്[144] (അനു: 7). മുൻക്ലാസ്സുകളിലെ പാഠപുസ്തകത്തിന്റെ സ്വഭാവം ഇവിടെയും കാണാം.

144. കുട്ടികൾക്ക് ഈണത്തിൽ ചൊല്ലാനും അഭിനയിക്കാനും കഴിയുന്ന പദ്യപാഠങ്ങൾ വളരെ കുറവാണ്. ഉള്ളവ തന്നെ പുരാണപ്രധാനങ്ങളും. പാഠപുസ്തകത്തിലെ ഭാഷ കുട്ടികളോട് സംവദിക്കുന്ന തരത്തിലുള്ളതല്ല. മൂന്നാംക്ലാസ്സിലെ 'പശ്ചാത്താപം' എന്ന പാഠത്തിൽ പതിനാറ് പദങ്ങൾ കുട്ടികൾക്ക് അപരിചിതമാണ്. ഭാഷയിലെ വ്യവഹാരരൂപങ്ങളെ പരിചയപ്പെടുത്താൻ ശ്രമിച്ചിട്ടില്ല എന്നത് പാഠപുസ്തകങ്ങളുടെ പരിമിതിയായി കാണണം. വിവരണത്തിനു മാത്രമാണ് പ്രാധാന്യം നൽകിയത്. സംഭാഷണപാഠങ്ങളും ആസ്വാദനരൂപങ്ങളും കത്ത്, നാടകം, ആത്മകഥ, ജീവചരിത്രം തുടങ്ങിയ രൂപങ്ങളും പരിചയപ്പെടുത്തിയിട്ടില്ല. നാലാംതരത്തിൽ ഒറ്റ സംഭാഷണപാഠമോ മൃഗകഥകളോ ഇല്ല. മൂന്നാംതരത്തിൽ ഒരു മൃഗകഥ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്യപാഠങ്ങളിൽ നാടൻപാട്ടുകൾക്കും ദ്രാവിഡവൃത്തത്തിലുള്ള കവിതകൾക്കും പ്രവേശനം നൽകിയിട്ടില്ല.

പഠനം പരിപൂർണമായും പാഠപുസ്തകത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു ഘട്ടത്തെയാണ് പൂർവ്വഘട്ടം സൂചിപ്പിക്കുന്നത്. അറിവിന്റെ ഉറവിടമായി പാഠപുസ്തകങ്ങളെയാണ് സങ്കല്പിച്ചിരിക്കുന്നത്. സ്കൂളിലെത്തുന്ന കുട്ടിക്ക് ഭാഷാപരമോ അനുഭവപരമോ ആയ എന്തെങ്കിലും മുന്നറിവ് ഉള്ളതായി പാഠപുസ്തകം വിഭാവനം ചെയ്യുന്നില്ല. അത്തരം അറിവുകൾ ഉണ്ടെങ്കിൽത്തന്നെ അവയെ അസംസ്കൃതവും അസ്വീകാര്യവുമായാണ് കണക്കാക്കിയിട്ടുള്ളത്. പാഠപുസ്തകത്തിലെ അറിവ് കുട്ടിയിലെത്തിക്കുക എന്ന ദൗത്യമാണ് അധ്യാപകന് നിർവഹിക്കാനുള്ളത്. ഇക്കാര്യം പാഠപുസ്തകത്തിന്റെ ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അധ്യാപകന്റെ വിവരണം, ചിത്രങ്ങളെ മുൻനിർത്തിയുള്ള ചോദ്യങ്ങൾ, സംയുക്താക്ഷരങ്ങളുടെ ഉച്ചാരണം, പദവിവരണം, മാതൃകാവായന എന്നിങ്ങനെയുള്ള തന്ത്രങ്ങളിലൂടെ പാഠപുസ്തകത്തിലെ അറിവ് അധ്യാപകൻ കുട്ടിയിലെത്തിക്കുന്നു.

കുട്ടികൾ കേട്ടിരിക്കാനിടയുള്ള നാടോടിക്കഥകളോ നാടൻപാട്ടുകളോ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. മറിച്ച്, വൈദേശിക അനുഭവങ്ങളും പാത്രങ്ങളുമുള്ള കഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കുട്ടിക്ക് ചിരപരിചിതമായ മൃഗങ്ങൾ, വസ്തുതകൾ എന്നിവയെക്കുറിച്ചുള്ള വിവരണങ്ങിളിലാവട്ടെ കുട്ടിയോട് സംവദിക്കുന്ന ഭാഷ ഉപയോഗിക്കാത്തതുമൂലം ഭാഷാപരമായ അന്യത്വം സൃഷ്ടിക്കുന്നു. അനുഭവപരവും ഭാഷാപരവുമായ ഈ അന്യത്വവൽക്കരണം യാദൃച്ഛികമെന്ന് കരുതാൻ വയ്യ. അറിവിനെ സംബന്ധിച്ച വരേണ്യവാദപരമായ സങ്കല്പമാണ് ഇതിന് പിന്നിൽ പ്രവർത്തിച്ചിരുന്നത്.

അറിയാത്ത കാര്യങ്ങൾ അറിയിക്കാനുള്ള ഒരു പ്രക്രിയയായാണ് പഠനത്തെ വിഭാവനം ചെയ്തത്. നൈസർഗികമായ ആവിഷ്ക്കാരങ്ങൾക്കോ അന്വേഷണങ്ങൾക്കോ പാഠപുസ്തകത്തിൽ ഇടമുണ്ടായിരുന്നില്ല. ഗുണപാഠകഥകളിൽ നിന്നും സന്മാർഗതത്ത്വം കുട്ടികൾ സ്വയം നിഗമനം ചെയ്തെടുക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും അതിനുള്ള അവസരം പാഠത്തിൽ നൽകിക്കാണുന്നില്ല. പാഠാന്ത്യത്തിൽ ഗുണപാഠം ആവർത്തിച്ചുറപ്പിക്കുന്ന വിധത്തിലാണ് അവ സംവിധാനം ചെയ്തിട്ടുള്ളത്. 'അന്നു മുതൽ പ്രഭാകരൻ ഗുരുവിനെ ദൈവത്തെ പോലെയാണ് ഗണിച്ചു വന്നത്'. എന്നിങ്ങനെ ഏതൊരു കഥയും അതിന്റെ ഗുണപാഠത്തെ പ്രസ്താവനാരൂപത്തിൽ പറഞ്ഞുറപ്പിക്കുന്നുണ്ട്. കണിശമായ സാമൂഹികനിയന്ത്രണങ്ങളാണ് സാന്മാർഗ്ഗികതത്വങ്ങളായി പലപ്പോഴും അവതരിപ്പിക്കപ്പെടുന്നത്. കുട്ടിയുടെ സ്വതന്ത്രമായ വ്യക്തിത്വം പഠനസമയത്ത് ക്ലാസ്സിലെത്തുന്നതുപോലെ അധ്യയനത്തിനുശേഷം സമൂഹത്തിലും നിയന്ത്രിക്കപ്പെടുന്നുണ്ടെന്ന് പാഠപുസ്തകം ഉറപ്പുവരുത്തുന്നു.

## 1.6.2 മാനകീകരണ ഘട്ടം

പാഠപുസ്തകത്തെ സംബന്ധിച്ച മാനകീകരണ ഘട്ടത്തിലെ കാഴ്ചപ്പാട് ഇപ്രകാരം പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. “പാഠപുസ്തകത്തിലെ ഭാഷ ലളിതവും അതാതു ക്ലാസ്സിനു യോജിക്കുന്നതുമായിരിക്കണം. മനുഷ്യനെയും അവന്റെ ചുറ്റുപാടുകളെയും കുറിച്ച് ജ്ഞാനം നൽകുകയും ശൈശവസഹജമായ ജിജ്ഞാസ വളർത്തുകയും സദസദ് വിവേ

---

പാഠപുസ്തകങ്ങളിൽ നിഴലിക്കുന്ന സാമൂഹ്യമൂല്യങ്ങളെ പ്രധാനമായും രണ്ടായി തിരിക്കാം. ഒന്ന് പാരമ്പര്യവും മതാത്മകവുമായ മൂല്യങ്ങൾ, രണ്ട്: ആധുനികമായ ജനാധിപത്യമൂല്യങ്ങൾ. വിധി വിശ്വാസം, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള വൈരുദ്ധ്യം തിരിച്ചറിയായ്ക, സാംസ്ക്കാരിക മായ അന്യത്വാരോപണം, വർഗം, ലിംഗം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള അധികാരരൂപ ങ്ങൾ, പൂർവനിർമിതമായ കർതൃത്വം എന്നിവയെല്ലാം മതാത്മകമായ മൂല്യങ്ങളാണ്.

സെക്കുലറിസം, ശാസ്ത്രബോധം, പരിസ്ഥിതിസങ്കല്പം, ദേശീയബോധം, സാംസ്കാരിക വൈവി ധ്യത്തിലുള്ള ഊന്നൽ, സോഷ്യലിസം, ജനങ്ങളുടെ ഉയർന്ന സ്വാതന്ത്ര്യബോധം, കർതൃത്വം, ഓരോ വ്യക്തിക്കും നിർണയിക്കാനുള്ള അവകാശം എന്നിവയെല്ലാം ആധുനികമായ ജനാധിപത്യമൂല്യ ങ്ങളാണ്.

പൂർവഘട്ടത്തിൽ മേൽസൂചിപ്പിച്ച മതാത്മകമൂല്യങ്ങൾക്കാണ് പാഠപുസ്തകങ്ങളിൽ മേൽക്കൈ ഉണ്ടായിരുന്നത്. ഗുരുഭക്തി, ദൈവഭക്തി, പിതൃഭക്തി എന്നിവയെല്ലാം വിവിധ തരത്തിലുള്ള അധി കാരരൂപങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. മനുഷ്യൻ ദൈവത്തിനും കുട്ടികൾ പിതാവിനും ശിഷ്യന്മാർ ഗുരുവിനും മുന്നിൽ സ്വയം കീഴടങ്ങുന്നവരായി ഈ കഥകളിൽ പ്രത്യക്ഷപ്പെടുന്നു. സന്മാർഗചിന്ത വളർത്താൻ ഇത്തരത്തിലുള്ള ധാരാളം പദ്യപാഠങ്ങളും ഗദ്യപാഠങ്ങളും പാഠപു സ്തകത്തിൽ ഉൾപ്പെടുത്തിയിരുന്നു.

മനഃപാഠത്തിന് ഉദ്ദേശിച്ചുള്ള സാരോപദേശ പദ്യപാഠങ്ങൾ അതിനു സഹായകമായ അനുഷ്ടുപ്പ് വൃത്തത്തിലാണ് രചിച്ചിട്ടുള്ളത്. രൂപപരമായിത്തന്നെ മതാത്മകമായ ഒന്നാണ് അനുഷ്ടുപ്പ് വൃത്തം. നമ്മുടെ പ്രാചീന മന്ത്രങ്ങളും ശ്ലോകങ്ങളും ഇതിന് തെളിവാണ്. വിശകലനാത്മക ചിന്തയ്ക്ക് ഈ പഠനപ്രക്രിയയിൽ യാതൊരു സ്ഥാനവുമില്ല. സാമൂഹ്യഘടനയിൽ പൂർവനിർമിതമായ ഒരു സ്ഥാനത്ത് പഠിതാവ് സ്വയം കേന്ദ്രീകരിക്കുന്നു.

ഈ ഘട്ടത്തിൽ ഒന്നാം ക്ലാസ്സു മുതൽ തന്നെ പദപരിചയത്തിന്റെ ഭാഗമായി പഴഞ്ചൊല്ലുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. “പാരമ്പര്യനിഷ്ഠവും 'പതിരില്ലാത്തതുമായ' അറിവിനെയാണ് എല്ലാ സമൂ ഹവും പഴഞ്ചൊല്ലുകളായി സ്വീകരിച്ചിട്ടുള്ളത്. കോടതിയിൽ തന്റെ ന്യായത്തെ പഴഞ്ചൊല്ലിന്റെ വെളിച്ചത്തിൽ സാധൂകരിച്ചാൽ അതിനെ ചോദ്യംചെയ്യരുതെന്ന് വിലക്കിയിട്ടുള്ള ആഫ്രിക്കൻ സമൂഹങ്ങളെക്കുറിച്ച് സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. പഴഞ്ചൊല്ലിന് ഒരു സമൂഹം നൽകുന്ന ആധികാരി കതയാണതു സൂചിപ്പിക്കുന്നത്” [രാഘവൻ പയ്യനാട്, *ഫോക്‌ലോർ*, (തിരുവനന്തപുരം: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1997) 289].

ഫ്യൂഡൽ അധികാരവ്യവസ്ഥ അതിന്റെ ഇച്ഛകളെ പുനരുത്പാദിപ്പിക്കാൻ ഏറ്റവുമധികം പ്രയോ ജനപ്പെടുത്തിയിരിക്കുന്നത് പഴഞ്ചൊല്ലുകളെയാണ്. സമൂഹത്തിലെ വിരുദ്ധപ്രത്യയശാസ്ത്രങ്ങളെ നിഗൂഹനം ചെയ്തിട്ടുള്ള രൂപങ്ങളാണ് പഴമൊഴികൾ. ആധിപത്യം പുലർത്തുന്ന വിഭാഗത്തിന്റെ പ്രത്യയശാസ്ത്രപ്രയോഗമായാണ് അവ വിലയിരുത്തപ്പെടുന്നത് [കെ.ഇ.എൻ., *കറുപ്പിന്റെ സൗന്ദ ര്യശാസ്ത്രം*, (തിരുവനന്തപുരം: ചിന്താ പബ്ലിക്കേഷൻസ്, 1999) 101].

പഴഞ്ചൊല്ലുകളുടെ അതേ സാമൂഹ്യധർമം നിർവഹിക്കുന്നതു കൊണ്ടാവണം പാഠപുസ്തകങ്ങ ളിൽ ധാരാളമായി അവയെ ഉൾച്ചേർക്കുന്നത്. കേവലം പദപരിചയം മാത്രമല്ല അവിടെ ഉദ്ദിഷ്ടം. കുട്ടികൾക്കേറ്റവും പ്രിയങ്കരവും സ്വാംശീകരണ സാധ്യതയുള്ളതുമായ, രൂപപരമായി പഴഞ്ചൊ ല്ലിന് സമാനമായ കടങ്കഥകൾ ഈ പുസ്തകങ്ങളിൽ കടന്നുവരുന്നില്ല എന്നത് മേൽപ്പറഞ്ഞ നിഗ മനത്തെ ബലപ്പെടുത്തുന്നു.

ചനം ഉളവാക്കുകയും സൗന്ദര്യാസ്വാദനത്തിന് പ്രാപ്തി വരുത്തുകയും ചെയ്യുന്ന പാഠങ്ങൾ ഉണ്ടായിരിക്കണം."[145] പാഠങ്ങളുടെ സ്വഭാവം എന്തായിരിക്കണമെന്നും വിശദമാക്കുന്നുണ്ട്. പാഠങ്ങളിൽ പകുതി കഥകളും ബാക്കിയുള്ളവ വിവരണം, വർണനം, സംഭാഷണം, നാടകം, ആത്മകഥ, ഉപന്യാസം, ജീവചരിത്രം എന്നിങ്ങനെയുള്ള പല രൂപങ്ങളിലായിരിക്കണം. കവിതകൾ ഭാഷാസംസ്കൃതവൃത്തത്തിൽ ഉള്ളവയായിരിക്കണം. കൂടാതെ അവ വിവിധ വികാരങ്ങളെ പ്രകടിപ്പിക്കുന്നവയായിരിക്കണം. പാഠാവസാനത്തിൽ അഭ്യാസങ്ങൾ വേണം. ആശയം, ആസ്വാദനം ഇവയ്ക്കുള്ള അഭ്യാസം പദ്യാവസാനത്തിലും നൽകണം. പാഠഭാഗങ്ങളെക്കുറിച്ചുള്ള വിശദീകരണക്കുറിപ്പു നൽകണം. അനുബന്ധത്തിൽ കൂടുതലായി അറിയേണ്ട കാര്യങ്ങൾ ചേർക്കണം. ഇത്രയും പൊതുനിർദ്ദേശങ്ങൾക്കു ശേഷം ഓരോ ക്ലാസ്സിന്റെയും പാഠപുസ്തകത്തിന്റെ സ്വഭാവം വിശദമാക്കുന്നുണ്ട്.[146]

പാഠപുസ്തകത്തെക്കുറിച്ച് മേൽ പ്രസ്താവിച്ച കാര്യങ്ങൾ എത്രമാത്രം പ്രാവർത്തികമായി എന്നു പരിശോധിക്കുകയാണ് ഇനി വേണ്ടത്.

**1.6.2.1.** മാനകീകരണഘട്ടത്തിലെ ഒന്നാം ക്ലാസ്സിലേക്കുള്ള കേരള പാഠാവലിയിൽ നാനൂറ്റി എൺപത്തിരണ്ട് പദങ്ങളാണുള്ളത്. അവയിൽ നാനൂറ്റിമുപ്പത് നാമപദങ്ങളും ഇരുപത്തിയെട്ട് ക്രിയാപദങ്ങളുമാണ്. ഇരുപത്തിയൊന്ന് ക്രിയാനാമങ്ങളും മൂന്ന് സർവനാമങ്ങളുമുണ്ട് (അനു: 5).

നാമങ്ങളെ വീണ്ടും തരംതിരിച്ചപ്പോൾ വസ്തുക്കൾ നൂറ്റിയമ്പത്, ആശയങ്ങൾ നൂറ്റിനാല്പത്തിയാറ്, ജന്തുക്കൾ മുപ്പത്തൊമ്പത്, പ്രകൃതി പന്ത്രണ്ട്, സസ്യങ്ങൾ ഇരുപത്തിയഞ്ച്, അവയവങ്ങൾ പതിനെട്ട്, മനുഷ്യലോകം മുപ്പത്തിയേഴ്, തൊഴിൽ മൂന്ന് എന്നിങ്ങനെയാണ് കാണാൻ കഴിഞ്ഞത്. ആകെയുള്ള നാനൂറ്റിമുപ്പത് നാമപദങ്ങളിൽ തൊണ്ണൂറ്റിയാറെണ്ണം കുട്ടികൾക്ക് അപരിചിതമാണ്. മുൻഘട്ടത്തേക്കാൾ ക്രിയാപദങ്ങൾ അഞ്ചിൽ നിന്ന് ഇരുപത്തിയെട്ടായി വർധിക്കുകയും അപരിചിതപദങ്ങൾ തൊണ്ണൂറ്റിയാറായി കുറയുകയും ചെയ്തിട്ടുണ്ട്. മുൻഘട്ടത്തെ അപേക്ഷിച്ച് പാഠപുസ്തകം കൂടുതൽ ശിശുസൗഹൃദപരമാണെന്നു കാണാം. എട്ടുപത്തു വരിയുള്ള പത്തുപന്ത്രണ്ടു പദ്യങ്ങളാണ് പാഠ്യ

145. കേരള സർക്കാർ 1 1

146. ഒന്നാം പാഠപുസ്തകം ഉദ്ദേശം എൺപത് പേജ് വേണം. രണ്ട്, മൂന്ന് പാഠപുസ്തകങ്ങൾ അറുപത്തിയഞ്ച് പുറവും നാലാം പുസ്തകം എൺപത്തിയഞ്ച് പുറവും വേണമെന്ന് നിർദ്ദേശിക്കുന്നു. ഒന്നാം പാഠപുസ്തകത്തിൽ കുറെ പദങ്ങൾക്കുശേഷം ചെറുവാക്യങ്ങൾ അടങ്ങിയ പാഠങ്ങൾ വേണം. രണ്ടാം തരത്തിൽ രണ്ടു പുറം വീതമുള്ള ഇരുപത്തിയഞ്ച് പാഠങ്ങൾ. അതിൽ ഒട്ടുമുക്കാലും കഥകളായിരിക്കണം. പൊതുവിഷയത്തിൽ അറിവു നൽകുന്നതിനുള്ള പാഠങ്ങളും ഉണ്ടാകാവുന്നതാണ്. ഗദ്യപാഠങ്ങൾ ആഖ്യാനം, ആത്മകഥ, സംഭാഷണം, നാടകം എന്നിത്യാദി വിവിധ രൂപത്തിലായിരിക്കണം" (കേരള സർക്കാർ 1 1).

പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും എട്ടു പദ്യങ്ങൾ മാത്രമേ പാഠപുസ്തകത്തിലുള്ളൂ. അവയിൽ അഭിനയഗാനങ്ങളും ശിശുഗാനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. പാഠപുസ്തകത്തിൽ നാലു കഥകളും ഒരു വിവരണവും നൽകിക്കൊണ്ട് പാഠ്യപദ്ധതി നിർദ്ദേശം പാലിച്ചിട്ടുണ്ട്. നാലു പഴഞ്ചൊല്ലുകൾ നൽകിയിട്ടുണ്ടെങ്കിലും കുട്ടികളുമായി കൂടുതൽ സംവദിക്കുന്ന കടങ്കഥകൾ ഒഴിവാക്കിയിരിക്കുന്നു. ഇത് പാഠ്യപദ്ധതി നിർദ്ദേശത്തിന് നിരക്കുന്നതല്ല.[147]

**1.6.2.2.** രണ്ടാം ക്ലാസ്സിലെ മലയാള പാഠാവലിയിൽ മുപ്പതു പാഠങ്ങളാണുള്ളത്. അതിൽ പത്ത് പദ്യപാഠങ്ങളും ഇരുപത് ഗദ്യപാഠങ്ങളുമുണ്ട്. ഗദ്യപാഠങ്ങളിൽ പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ഭാഷാരൂപങ്ങളുമുണ്ട്. എന്നാൽ, പദ്യവിഭാഗത്തിൽ നാടോടിപ്പാട്ട്, ഓണപ്പാട്ട്, വഞ്ചിപ്പാട്ട് എന്നിവ ഉൾപ്പെട്ടിട്ടില്ല.[148]

**1.6.2.3.** മൂന്നാം ക്ലാസ്സിലെ പാഠപുസ്തകത്തിൽ, പദ്യവിഭാഗത്തിൽ ദ്രാവിഡസംസ്കൃത വൃത്തങ്ങൾ വരണമെന്ന് ശഠിക്കുന്നുണ്ട്. മൂന്നാം ക്ലാസ്സിലെ പാഠഭാഗങ്ങളിൽ ആത്മകഥ, ജീവചരിത്രം എന്നിവ ചേർത്തിട്ടില്ല (അനു: 7).[149]

**1.6.2.4.** നാലാം ക്ലാസ്സിലെ പാഠപുസ്തകത്തിൽ ഗദ്യവിഭാഗത്തിൽ വിവരണം, സംഭാഷണം, അനുഭവകഥ, പുരാണകഥ എന്നീ രൂപങ്ങളും പദ്യവിഭാഗത്തിൽ മൂന്ന് പ്രാചീന പുരാണപദ്യങ്ങളും നാല് വർണ്ണനകളും സംഭാഷണഗാനം, സാരോപദേശം എന്നീ വിഭാഗത്തിൽപ്പെടുന്ന ഓരോ പദ്യവുമുണ്ട്. ഗദ്യപദ്യവിഭാഗങ്ങളിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല.[150]

147. "ഒന്നാം പാഠപുസ്തകത്തിലെ ആദ്യപകുതിയിൽ വലിയ ലിപികൾ ഉപയോഗിക്കണം. അതിൽ പിന്നീട് പകുതി വലുപ്പം മതി. വർണചിത്രങ്ങളും എട്ടുപത്തു വരിയുള്ള പത്തുപന്ത്രണ്ടു കവിതകളും നാലു ചെറിയ കഥകളും പഴഞ്ചൊല്ലുകൾ, കടങ്കഥകൾ എന്നിവയും ഉണ്ടായിരിക്കണം. കവിതകളിൽ അഭിനയഗാനങ്ങളും ശിശുഗാനങ്ങളും വേണം (കേരള സർക്കാർ 1 5).

148. പദ്യവിഭാഗത്തിൽ രണ്ടാം ക്ലാസ്സിൽ വിവിധ വൃത്തത്തിലുള്ള പദ്യങ്ങൾ വേണം. താരാട്ട്, തുള്ളൽ, നാടോടിപ്പാട്ട്, വടക്കൻപാട്ട്, വഞ്ചിപ്പാട്ട്, ഗാഥ, അഭിനയഗാനങ്ങൾ എന്നിവ വേണം. "പദ്യവിഭാഗത്തിൽ മൂന്നാം ക്ലാസ്സിൽ താരാട്ട്, പാന, ഗാഥ, തുള്ളൽ, അന്നനട എന്നീ ദ്രാവിഡവൃത്തങ്ങളിലും സംസ്കൃതവൃത്തങ്ങളിലുമുള്ള പഴയതും പുതിയതുമായ കവിതകൾ ഉണ്ടായിരിക്കണം. ലളിതമായ പദ്യമേ സ്വീകരിക്കാവൂ എന്ന് വ്യക്തമാക്കുന്നുണ്ട്. നാലാം ക്ലാസ്സിലെ പദ്യങ്ങളും ഇതേ തരത്തിലുള്ളവയായിരിക്കണം. (കേരള സർക്കാർ 1 5).

149. മൂന്നാംതരത്തിൽ പാഠങ്ങളുടെ എണ്ണത്തിൽ വ്യത്യാസമില്ല. എന്നാൽ, ഭാഷാരൂപങ്ങളിൽ മാറ്റമുണ്ട്. "പലതരം കഥകൾ, ആത്മകഥകൾ, മറുനാട്ടിലെ കുട്ടികളുടെ എഴുത്ത്, ജന്തുക്കൾ കഥാപാത്രങ്ങളായ കൊച്ചു നാടകം എന്നീ വിഷയങ്ങളും വിവരണം, ആഖ്യാനം, സംഭാഷണം, വർണ്ണനം, നാടകം എന്നീ വിവിധ രൂപങ്ങളിലുള്ള പാഠങ്ങളുമായിരിക്കണം എന്ന് പാഠ്യപദ്ധതി വിവിക്ഷിക്കുന്നു" (കേരള സർക്കാർ 1 5).

150. നാലാം ക്ലാസ്സിൽ മൂന്നു പുറമുള്ള ഇരുപത്തിയഞ്ച് പാഠങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. പന്ത്രണ്ട് കഥകൾ, ലഘുനാടകങ്ങൾ, കത്തുകൾ, ജീവചരിത്രം, യാത്രാവിവരണം, സ്വാനുഭവ വിവരണം, വർണ്ണനം തുടങ്ങി ഭാഷാവ്യവഹാരരൂപങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത് (കേരള സർക്കാർ 1 5).

### 1.6.3. എം.എൽ.എൽ പൂർവഘട്ടം

പാഠപുസ്തകരചനയിൽ പ്രകടമായ മാറ്റം സംഭവിച്ച കാലഘട്ടമാണിത്. ബാഹ്യവും ആന്തരികവുമായ സ്വഭാവത്തിലും കാഴ്ചപ്പാടിലും ഈ ഘട്ടത്തിൽ രൂപമാറ്റം സംഭവിച്ചിട്ടുണ്ട്. എന്നാൽ, പാഠപുസ്തകസമീപനത്തിൽ അടിസ്ഥാനമാറ്റം ഉണ്ടായിട്ടില്ലെന്നു തെളിയിക്കുന്ന പ്രസ്താവനയാണ് പാഠ്യപദ്ധതിയിലുള്ളത്. ഭാഷാബോധനത്തിന് സഹായിക്കുന്ന പ്രധാന ഉപകരണം പാഠപുസ്തകമാണ് എന്നും പാഠത്തിന്റെ സ്വരൂപം എങ്ങനെയാകണമെന്നുമുള്ള ചില പരാമർശങ്ങൾ പാഠ്യപദ്ധതിയിൽ ഉണ്ട്.[151]

**1.6.3.1.** 1985-86 മുതൽ ഒന്നാം ക്ലാസ്സിൽ മൂന്ന് പാഠപുസ്തകങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്. സംഭാഷണ പരിചയം, ആലേഖന പരിചയം, കേരള പാഠാവലി എന്നിവയാണവ. "കുട്ടികൾക്ക് അനായാസമായി അക്ഷരം എഴുതാനുള്ള പരിശീലനം നൽകുകയാണ് ആലേഖന പരിചയത്തിന്റെ ലക്ഷ്യം. പദസമ്പത്ത്, വാക്യപരിചയം, സംഭാഷണപാടവം തുടങ്ങിയ ഭാഷയുടെ അടിസ്ഥാന ഘടകങ്ങളുമായി വിദ്യാർത്ഥികളെ ബന്ധപ്പെടുത്തുകയാണ് സംഭാഷണ പരിചയത്തിന്റെ ഉദ്ദേശ്യം. ഒന്നും രണ്ടും ഭാഗങ്ങളിലൂടെ നേടിയ അനുഭവങ്ങൾ പ്രയോജനപ്പെടുത്തി വിവിധ ഭാഷാശേഷികൾ വളർത്തുന്നതിന് ഉദ്ദേശിച്ചുള്ളതാണ് കേരള പാഠാവലി."[152]

കേരള പാഠാവലിയുടെ വിശദമായ അപഗ്രഥനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. മുന്നൂറ്റി അറുപത്തിയേഴ് പദങ്ങളാണ് ആകെയുള്ളത്. ഇതിൽ മുന്നൂറ്റിമുപ്പത്തിയൊമ്പത് നാമപദങ്ങളും ഇരുപത്തിയൊന്ന് ക്രിയാപദങ്ങളും രണ്ട് ക്രിയാനാമങ്ങളും അഞ്ച് സർവനാമങ്ങളുമാണുള്ളത്. നാമപദങ്ങളുടെ വിശകലനം ഇങ്ങനെയാണ്: വസ്തുക്കൾ നൂറ്റിയിരുപത്തിയേഴ്, ആശയങ്ങൾ എഴുപത്തിയെട്ട്, ജന്തുക്കൾ നാൽപത്തിമൂന്ന്, സസ്യങ്ങൾ നാൽപത്തിയാറ്, പ്രകൃതി ഇരുപത്, അവയവങ്ങൾ ഏഴ്, മനുഷ്യലോകം പതിനേഴ്, തൊഴിൽ ഒന്ന്, മുന്നൂറ്റി മുപ്പത്തിയൊമ്പത് നാമപദങ്ങളിൽ അൻപത്തിയേഴ് എണ്ണം അപരിചിത പദങ്ങളാണ്. തൊഴിലുമായി ബന്ധപ്പെട്ട പദങ്ങൾ കുറഞ്ഞുവെന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു (അനു: 5).

151."ഒന്നാംക്ലാസ്സിലെ പാഠപുസ്തകം ആകർഷകമാവണം. ലിപി ആദ്യഭാഗത്ത് വലുതും പകുതിക്കു ശേഷം ചെറുതുമാവണം. നൂറ്റിഇരുപതു പേജുകളും നല്ല ബൈന്റിംഗും വേണം. രണ്ടോ മൂന്നോ ചിത്രകഥ, അക്ഷരപഠനത്തിന് ഉപകരിക്കുന്ന പാഠങ്ങൾ, ഇരുപതു കുഞ്ഞിക്കവിതകൾ, ഏതാനും കഥകൾ എന്നിവയും വേണം. എഴുതാൻ എളുപ്പമുള്ള അക്ഷരങ്ങൾ ആദ്യം അവതരിപ്പിക്കണം. അഞ്ചോ ആറോ അക്ഷരങ്ങൾക്കു ശേഷം ആവർത്തന പഠനം. കവിതകൾക്കു പ്രാസഭംഗിയും ഇമ്പമുള്ള ഈണവും വേണം. ധാത്രികഥ, ജന്തുകഥ, പ്രകൃതികഥ, നാടോടിക്കഥ തുടങ്ങിയ കഥാവിഭാഗം ഉണ്ടായിരിക്കണം. കഥകൾ ഒന്നോ രണ്ടോ പുറം അതായത് ഇരുപതു വാക്യങ്ങളിൽ അധികമാവരുത് എന്ന് പാഠ്യപദ്ധതിയിൽ നിർദ്ദേശിക്കുന്നു."(കേരള സർക്കാർ 3 8).

152 കേരള സർക്കാർ 15, വിദ്യാഭ്യാസവകുപ്പ്, *കേരള പാഠാവലി, സ്റ്റാന്റേർഡ് 1* (തിരുവനന്തപുരം: എസ്.ഐ.ഇ. 1986) i

നൂറ്റിമുപ്പത്തിയാറ് വാക്യങ്ങളാണ് ഉള്ളത്. അവയിൽ ഏഴ് പഴഞ്ചൊല്ലുകളും ഈണ ത്തിൽ ചൊല്ലാവുന്ന മൂന്ന് വാക്യങ്ങളുമുണ്ട്. ഏഴ് വാക്യങ്ങൾ സാരോപദേശങ്ങളാണ്. രണ്ടു പദം വീതമുള്ള അറുപത് വാക്യങ്ങളും രണ്ടിൽ കൂടുതൽ പദമുള്ള അൻപത്തി യൊമ്പത് വാക്യങ്ങളുമുണ്ട്. മുൻ പാഠപുസ്തകത്തിൽ ആകെ വാക്യങ്ങൾ മുപ്പത്തിരണ്ട് മാത്രമാണ്. മുപ്പത്തിരണ്ട് പദപഠനവും ആറ് ഗദ്യപാഠവും മൂന്ന് പദ്യപാഠവുമടക്കം നാൽപത്തിയൊന്ന് പാഠങ്ങളാണുള്ളത്. ഗദ്യപാഠങ്ങൾ അക്ഷരപഠനത്തെ ഉദ്ദേശിച്ചുള്ള താണ്. ചിത്രകഥകളും കുഞ്ഞിക്കവിതകളും കഥ പറയാനുള്ള അവസരവും സംഭാഷണ പരിചയത്തിൽ ചേർത്തിട്ടുണ്ട്. മുൻകാലങ്ങളിലെ പഠനരീതിയുടെ ചട്ടക്കൂടിൽനിന്നും പുറത്തുകടക്കാൻ പുതിയ പുസ്തകങ്ങൾക്ക് കഴിഞ്ഞിട്ടില്ലെങ്കിലും കുട്ടിയുടെ അനുഭവ തലത്തെ ഉദ്ദീപിപ്പിക്കുന്ന ഉപകരണമായി ആലേഖന പരിചയവും സംഭാഷണ പരിച യവും മാറിയിട്ടുണ്ട്. എന്നാൽ, പാഠ്യപദ്ധതി നിർദ്ദേശങ്ങൾ പൂർണമായും പാഠപുസ്തക ത്തിൽ പ്രതിഫലിച്ചിട്ടില്ല (അനു: 7).

**1.6.3.2.** 1985-86ലെ രണ്ടാം പാഠപുസ്തകത്തിൽ മുപ്പത് പാഠങ്ങളാണുള്ളത്. അതിൽ പത്തു പദ്യവും ഇരുപതു ഗദ്യവുമാണ്. ഏഴ് വിവരണപാഠങ്ങളും ഒരു സംഭാഷണപാഠവും മൂന്ന് മൃഗകഥകളും എട്ട് അനുഭവകഥകളും ഒരു നാടകവുമാണുള്ളത്. പദ്യവിഭാഗത്തിൽ നാല് വർണനകളും അഞ്ച് സംഭാഷണഗാനങ്ങളും ഒരു സാരോപദേശപദ്യവുമുണ്ട്. പാഠ്യ പദ്ധതി നിർദ്ദേശങ്ങൾ പാലിക്കാൻ രണ്ടാം ക്ലാസ്സിലെ പാഠപുസ്തകത്തിന് സാധിച്ചിട്ടു ണ്ട്.

മുൻ പാഠപുസ്തകങ്ങളെ അപേക്ഷിച്ച് കേരളീയമായ ഒരു പരിസരം കാത്തുസൂക്ഷി ക്കാൻ ഈ പാഠപുസ്തകങ്ങളിൽ കഴിഞ്ഞിട്ടുണ്ട്. പദ്യഗദ്യവിഭാഗത്തിൽ പെടാത്ത ചില ഭാഗങ്ങളും പാഠപുസ്തകത്തിലുണ്ട്. അക്ഷരമാലയും അക്ഷരമാലയുടെ 'പെരുക്കപ്പ ട്ടിക'യുമാണത്. ക, കാ, കി, കീ തുടങ്ങി ഭാഷയിലെ മുഴുവൻ വ്യഞ്ജനങ്ങൾക്കും സ്വരം ചേർന്നുള്ള അക്ഷരങ്ങൾ നൽകുകയാണിവിടെ. ഒന്നാം ക്ലാസ്സിൽ പരിചയപ്പെടാത്ത അക്ഷ രങ്ങളുടെ പരിചയപ്പെടുത്തലും പാഠപുസ്തകത്തിൽ നടക്കുന്നുണ്ട്. ദീർഘമായ അഭ്യാ സപ്രവർത്തനങ്ങളാണ് മറ്റൊരു പ്രത്യേകത. രണ്ടു പേജ് പാഠത്തിന് മൂന്ന് പേജ് അഭ്യാസം എന്ന രീതിയിൽ നൽകിയിട്ടുണ്ട്. കൂടുതൽ പദ്യങ്ങളും അഭ്യാസങ്ങളും കോപ്പിയെഴുത്തും ഉറപ്പാക്കാൻ ഭാഷാപരിചയം എന്ന പാഠപുസ്തകം അവസരമൊരുക്കുന്നുണ്ട്.[153]

153. രണ്ടാം ക്ലാസ്സിൽ മുപ്പത്തഞ്ച്-നാൽപത് പാഠം വേണമെന്നും അവയിൽ ഭൂരിഭാഗവും കഥകളായി രിക്കണമെന്നും വിവക്ഷിക്കുന്നു. സാമൂഹ്യശാസ്ത്രത്തിലും ശാസ്ത്രപഠനത്തിലും ഊന്നൽ നൽകുന്ന പാഠങ്ങൾ വേണം. ആഖ്യാനം, വിവരണം, കഥ, സംഭാഷണം, എന്നീ രൂപങ്ങൾ ഉണ്ടാ

**1.6.3.3.** 1985-86 വർഷത്തിൽ സർക്കാർ പ്രസിദ്ധീകരിച്ച മൂന്നാം പാഠപുസ്തകം കേരള പാഠാവലിയിൽ മുപ്പത്തിരണ്ട് പാഠങ്ങളാണുള്ളത്. ഒമ്പത് പദ്യവും ഇരുപത്തിമൂന്ന് പാഠവും. അതിൽ ഗദ്യവിഭാഗത്തിൽ എട്ട് വിവരണം, ഒരു സംഭാഷണം, പതിനൊന്ന് അനുഭവകഥകൾ, രണ്ട് പുരാണകഥകൾ, ഒരു കത്ത് എന്നിവയുടെ പാഠങ്ങളും പദ്യവിഭാഗത്തിൽ ആറ് വർണ്ണനകളും ഒരു സാരോപദേശ കവിതയും രണ്ട് പുരാണപദ്യങ്ങളുമുണ്ട്. താരാട്ട്, തുള്ളൽ തുടങ്ങിയ പദ്യവിഭാഗങ്ങൾ ഭാഷാപരിചയം എന്ന പുസ്തകത്തിലാണ് നൽകിയിട്ടുള്ളത്. സംഭാഷണ പരിചയത്തിൽ ചിത്രകഥ, പദ്യങ്ങൾ, കോപ്പിയെഴുത്ത്, അഭ്യാസം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് അവസരമൊരുക്കുന്നുണ്ട് (അനു: 7). എന്നാൽ, പാഠ്യപദ്ധതി വിഭാവനം ചെയ്ത ഭാഷാരൂപങ്ങളെല്ലാം പാഠപുസ്തകത്തിൽ വന്നിട്ടില്ല.[154]

**1.6.3.4.** നാലാം തരത്തിലേക്കുള്ള കേരള പാഠാവലിയിൽ ഇരുപത്തിയെട്ട് പാഠങ്ങളാണുള്ളത്. അതിൽ പത്ത് പദ്യങ്ങളും പതിനെട്ട് ഗദ്യപാഠങ്ങളുമാണുള്ളത്. പതിനെട്ടു ഗദ്യപാഠങ്ങൾ വിവിധ രൂപങ്ങളിലായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഒമ്പത് വിവരണം, ഒരു സംഭാഷണം, ഒരു മൃഗകഥ, മൂന്ന് അനുഭവകഥകൾ, രണ്ടു പുരാണകഥകൾ, ഒരു കത്ത്, ഒരു നാടകം എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്. പദ്യഭാഗങ്ങളിൽ രണ്ട് പുരാണപദ്യഭാഗവും ആറ് വർണ്ണനകളും ഒരു സാരോപദേശകവിതയും ഒരു സംഭാഷണഗാനവും ഉൾപ്പെടുത്തിയിരിക്കുന്നു. ഭാഷാപരിചയത്തിൽ കഥകളും കവിതകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവിടെയും പാഠ്യപദ്ധതിനിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.[155] ഈ വർഷത്തിൽ ലിപി പരിഷ്കരണം നടന്നിട്ടുണ്ട്. പാഠപുസ്തകത്തിന്റെ ആദ്യഭാഗത്ത് അവ എന്തെന്ന് വിശദമാക്കുന്നുണ്ട് (അനു: 8).

---

കണം. താരാട്ട്, തുള്ളൽ, നാടോടിപ്പാട്ട്, ഗാഥ തുടങ്ങിയ ഭാഷാകവിതകളും സംസ്കൃതവൃത്തത്തിലുള്ള ലളിതമായ പദ്യങ്ങളും വേണം. പാഠപുസ്തകത്തിന്റെ വലുപ്പം നൂറു പുറം വേണം. നൂതനപദങ്ങളുടെ പട്ടിക നൽകുകയും വേണം (കേരള സർക്കാർ 3 11).

154. മൂന്നാം ക്ലാസ്സിൽ 35-40 പാഠങ്ങൾ വേണം. പകുതിയിലേറെ കഥകളായിരിക്കണം. ലഘുവിവരണം, വർണ്ണനം, സംഭാഷണം, നാടകം, കത്ത്, ജന്തുകഥ, വിവിധ വിജ്ഞാനശാഖകളുമായി ബന്ധപ്പെട്ട പാഠങ്ങൾ എന്നിവ വേണം. മുൻക്ലാസ്സിനേക്കാൾ നിലവാരമുള്ള പദ്യങ്ങളാവണം. ഗാഥ, പാന, തുള്ളൽ, താരാട്ട്, കുറത്തിപ്പാട്ട് തുടങ്ങിയ ഗാനരീതിയിലുള്ള കവിതകളും പ്രാചീനവും ആധുനികവുമായ കവിതകളും വേണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. പാഠപുസ്തകം 100 പുറം ആവാം. മൂല്യാധിഷ്ഠിത പഠനത്തിന് സഹായകമാവണം. സംഭാഷണ പരിചയത്തിൽ ഒറ്റവരയിലും ഇരട്ടവരയിലും എഴുത്തുപരിശീലനത്തിനവസരം വേണം.[1] ഇത്രയും നിർദ്ദേശങ്ങളാണ് 1981ലെ പാഠ്യപദ്ധതിയിൽ മുന്നോട്ടുവയ്ക്കുന്നത്.

155. "നാലാം ക്ലാസ്സിൽ മൂന്ന് പുറമുള്ള ഇരുപത്തിയഞ്ച് പാഠങ്ങൾ വേണം. കഥകൾക്കു പുറമെ വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമുണ്ടാക്കണം. ലഘുനാടകം, ലഘുജീവചരിത്രം എന്നിവ നൽകണം. പദ്യങ്ങൾ മൂന്നിലെങ്കിലും നിലവാരമുള്ളതായിരിക്കണം. വ്യാകരണകാര്യങ്ങൾ ഉൾപ്പെടുത്തണം." രണ്ടാമത്തെ പുസ്തകത്തിൽ കോപ്പിയെഴുത്തിനും നോക്കിയെഴുത്തിനും പ്രവർത്തനം ഉണ്ടായിരിക്കണം എന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നു (കേരള സർക്കാർ 3 14).

## 1.6.4. എം.എൽ.എൽ ഘട്ടം

1993ൽ ഡി.പി.ഇ.പി നടത്തിയ 'ബേസ്‌ലൈൻ അസസ്മെന്റ് സ്റ്റഡി'യുടെ ഫലങ്ങൾ കൂടി വിശകലനം ചെയ്തുകൊണ്ടാണ് എം.എൽ.എൽ ആരംഭിച്ചത്. ഈ ഘട്ടത്തിൽ പാഠപുസ്തകത്തിന്, മുമ്പുള്ള ഘട്ടങ്ങളെ അപേക്ഷിച്ച് കുറഞ്ഞ പ്രാധാന്യമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ വിഷയത്തിലും ഓരോ മേഖലയിലും കുട്ടി നേടേണ്ട പ്രാപ്തികൾ നിർണയിച്ചിട്ടുണ്ട്. അവ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുക- ഇതാണ് അധ്യാപകൻ ചെയ്യേണ്ടത്. പ്രാപ്തികൾ ആർജിക്കാൻ പാഠപുസ്തകത്തിന്റെ ആവശ്യകത ഇല്ല തന്നെ. ഇവിടെ ഭാഷ, പാഠപുസ്തകത്തിൽ നിന്നും പുറത്തുകടക്കുന്നു. ഭാഷ പ്രയോഗിക്കുന്നതിനുള്ള സന്ദർഭങ്ങൾ ഒരുക്കുകയും ചെയ്യുന്നു. അതുകൊണ്ടാവാം അവശ്യനിലവാര പാഠ്യപദ്ധതിരേഖയിൽ പാഠപുസ്തകത്തെക്കുറിച്ച് മൗനം പാലിച്ചത്.

"എന്നാൽ ഓരോ പ്രാപ്തിപ്രസ്താവനകൾക്കും പ്രത്യേകം പ്രത്യേകം പാഠങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്ന രീതിയാണ് പാഠപുസ്തകരചനയിൽ സ്വീകരിച്ചത്."[156] ഇത് പിന്നീട് വിമർശനവിധേയമാവുകയും ചെയ്തു.

**1.6.4.1** എം.എൽ.എൽ ഭാഷാപാഠ്യപദ്ധതിയിൽ ആകെ പത്തൊമ്പതു പ്രാപ്തി പ്രസ്താവനകളാണ് ഒന്നാം ക്ലാസ്സിലുള്ളത്. ഇത് വിനിമയം ചെയ്യുന്നതിന് സഹായകമായ പാഠപുസ്തകം തയ്യാറാക്കിയിട്ടുണ്ട്. അഞ്ഞൂറ്റി എഴുപത്തിയേഴ് പദങ്ങളും നൂറ്റിപതിനാറ് വാക്യങ്ങളും നാല് ലഘുപദ്യങ്ങളുമുണ്ട്. ഈ പാഠപുസ്തകത്തിൽ വർണചിത്രങ്ങളും ബഹുവർണലിപികളും കുട്ടികളിൽ താൽപര്യം വളർത്തും.

അഞ്ഞൂറ്റിയമ്പത് പദങ്ങളിൽ നാനൂറ്റി തൊണ്ണൂറ്റിയഞ്ച് എണ്ണവും നാമപദങ്ങളാണ്. ഇരുപത്തിയൊമ്പത് ക്രിയാപദവും പത്തു സർവനാമവും പതിനാറ് ക്രിയാവിശേഷണവും ഉണ്ട്. നാമപദങ്ങളെ വർഗീകരിക്കുമ്പോൾ നൂറ്റിമുപ്പത്തിരണ്ട് വസ്തുനാമം, നൂറ്റി അൻപത്തിയൊമ്പത് ആശയങ്ങൾ, എൺപത്തിയൊന്ന് ജന്തുനാമം, നാൽപത്തൊമ്പത് സസ്യനാമം, പത്തൊൻപത് പ്രകൃതിപരമായവ, പതിമൂന്ന് അവയവനാമം, നാല്പത്തിരണ്ട് മനുഷ്യലോകവുമായി ബന്ധപ്പെട്ടവ, തൊഴിൽസംബന്ധമായ ഒറ്റ വാക്കും ഇല്ല. അപരിചിതപദങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ് (അനു: 5).

ലഘുപദ്യങ്ങളിൽ പൂമ്പാറ്റയോട്, അണ്ണാറക്കണ്ണൻ തുടങ്ങിയവയിലെ ആശയം ഒന്നാം

156. കേരള സർക്കാർ 21, വിദ്യാഭ്യാസവകുപ്പ്, എസ്.സി.ഇ.ആർ.ടി., *മലയാള പാഠാവലി, സ്റ്റാന്റേർഡ് 3.* (തിരുവനന്തപുരം: ഡി.പി.ഇ.പി., 1995) 1, 5, 12.

തരത്തിനു യോജിക്കുന്നവയാണെങ്കിലും രചനയുടെ ഘടന ഈണവും താളവും ഇല്ലാത്തതാണ്.[157]

**1.6.4.2** രണ്ടാം തരത്തിൽ ഇരുപത്തിയാറ് പാഠങ്ങളിൽ എട്ട് പദ്യങ്ങളും പതിനെട്ട് ഗദ്യപാഠങ്ങളുമാണുള്ളത്. അതിൽ എട്ടു വിവരണാത്മക പാഠങ്ങളും മൂന്ന് സംഭാഷണപാഠങ്ങളും മൂന്ന് മൃഗകഥകളും നാല് അനുഭവകഥകളുമാണ്. പദ്യങ്ങളുടെ ആശയങ്ങളെല്ലാം കുട്ടികളോട് സംവദിക്കുന്നവയാണ്. കൊച്ചുതുമ്പി, മഴവില്ല്, കൊച്ചുപൂവ്, പൂവാനം, ഓണപ്പാട്ട് തുടങ്ങിയവ ലളിതവും ആലാപനസുഖവും ഉള്ളവയാണ്. മലയാളം രചന എന്ന പേരിൽ ഒരു പുസ്തകം കൂടി രണ്ടാം ക്ലാസ്സിലേക്കുണ്ട്. ഇത് ഒരു വർക്ക്ബുക്കാണ്. ചിത്രകഥകൾ, കോപ്പി, ചിത്രം നോക്കി പൂരിപ്പിക്കൽ, ചിത്രവായന, പാഠാവലിയിലെ പാഠങ്ങൾക്കുള്ള കൂടുതൽ അഭ്യാസങ്ങൾ, അക്ഷരചിത്രങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളാണ് ഇതിലുള്ളത്. യാന്ത്രികമായ ആവർത്തനത്തിന് പ്രയോജനപ്പെടുന്നവയാണ് മിക്ക പ്രവർത്തനങ്ങളും (അനു: 7).

**1.6.4.3** 1995ൽ പ്രസിദ്ധീകരിച്ച മൂന്നാം പാഠപുസ്തകത്തിൽ ഇരുപത്തിരണ്ട് പാഠങ്ങളാണുള്ളത്. എട്ട് പദ്യപാഠങ്ങളും പതിനാല് ഗദ്യപാഠങ്ങളുമുണ്ട്. ഗദ്യപാഠങ്ങളിൽ അഞ്ച് വിവരണങ്ങൾ, രണ്ട് സംഭാഷണം, രണ്ട് മൃഗകഥ, രണ്ട് പുരാണകഥ, ഒരു നാടകം, രണ്ട് അനുഭവകഥകൾ എന്നിവയും പദ്യവിഭാഗത്തിൽ ഏഴ് വർണനാപരമായ കവിതകളും ഒരു നാടൻപാട്ടുമാണുള്ളത്. കുട്ടിത്തം തുളുമ്പുന്ന ഇത്തിരിപ്പൂവ്, മഞ്ഞക്കുരുവി, മുത്താരം, അമ്മയുടെ കണ്ണും കരളും, ഞാൻ തുടങ്ങിയ കവിതകളും നാടൻപാട്ടിന്റെ വിഭാഗത്തിൽ പെടുന്ന ചീരപ്പാട്ട്, കവിതാവിഭാഗത്തിൽ പെടുന്ന കുഞ്ഞേടത്തി, സിനിമാഗാനമായി പ്രചാരം നേടിയ കാക്കയ്ക്കും പൂച്ചയ്ക്കും കല്യാണം തുടങ്ങി വൈവിധ്യമുള്ള പദ്യങ്ങൾ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. ആയിരത്തിലേറെ പദങ്ങളുടെ പട്ടിക പാഠപുസ്തകത്തിൽ അവസാനഭാഗത്ത് ചേർത്തിട്ടുണ്ട്. കൂടാതെ, സചിത്ര നിഘണ്ടുവും നൽകിയിട്ടുണ്ട്. മൂന്നാം തരത്തിലെ കുട്ടി നേടേണ്ട ഭാഷാപ്രാപ്തികൾ എന്തെല്ലാമെന്ന് പാഠാരംഭത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇത് കുട്ടിക്ക് സ്വയം വിലയിരുത്താനും രക്ഷിതാവിനും കുട്ടിയുടെ നിലവാരമറിഞ്ഞ് സഹായിക്കാനുമുതകുന്നതാണ് (അനു: 7).

---

157. പൂമ്പൊടിയുണ്ടു നിറച്ചെന്നോ/ പൂന്തേൻ കുടിച്ചു മദിച്ചെന്നോ!

എന്നാൽ അടുത്തൊന്നു വന്നൂടെ/ ഒന്നിച്ചിരുന്നു കളിച്ചൂടെ?

'പൂന്തേൻ കുടിച്ചു' എന്നതിനു പകരം 'പൂന്തേനുണ്ടു' എന്നും 'എന്നാലടുത്തൊന്നു' എന്നതിനു പകരം 'എന്നാലരികെ' എന്നുമായിരുന്നെങ്കിൽ കൂറേക്കൂടി ആസ്വാദ്യകരമാവുമായിരുന്നു. [കേരള സർക്കാർ 19, വിദ്യാഭ്യാസവകുപ്പ്, എസ്.സി.ഇ.ആർ.ടി., *മലയാള പാഠാവലി, സ്റ്റാന്റേർഡ് 1.* (തിരുവനന്തപുരം: ഡി.പി.ഇ.പി., 1995) 100].

മൂന്നാം തരത്തിൽ രചനാപുസ്തകം വേറെയില്ല. പാഠത്തിന്റെ അഭ്യാസത്തോടനുബ ന്ധമായി രചനാപ്രവർത്തനങ്ങൾ ചേർത്തിരിക്കുന്നു. ഓരോ പാഠത്തിനു മുകളിലും പ്രസ്തുത പാഠം ഏത് പ്രാപ്തിയുമായി ബന്ധപ്പെട്ടതാണെന്നറിയാൻ പ്രാപ്തി നമ്പർ നൽകിയിട്ടുണ്ട്.

**1.6.4.4.** 1995ലാണ് നാലാം തരത്തിലേക്കുള്ള എം.എൽ.എൽ കേരള പാഠാവലി പുറ ത്തിറങ്ങിയത്. ഇരുപതു പാഠങ്ങളാണ് ആകെയുള്ളത്. ഏഴ് പദ്യപാഠങ്ങളും പതിമൂന്ന് ഗദ്യപാഠങ്ങളും. നാല് വിവരണം, ഒരു സംഭാഷണം, രണ്ടു മൃഗകഥകൾ, മൂന്ന് അനുഭവ കഥകൾ, ഒരു പുരാണകഥ, ഒരു കത്ത്, ഒരു നാടകം എന്നിങ്ങനെ വൈവിധ്യമാർന്ന ഭാഷാ രൂപങ്ങൾ പരിചയപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. പദ്യവിഭാഗത്തിൽ അഞ്ച് വർണനാപരമായ പദ്യങ്ങളും രണ്ട് സംഭാഷണഗാനങ്ങളുമാണുള്ളത്. ആശയഗ്രഹണം, വ്യാകരണകാര്യ ങ്ങൾ, സ്വയംപഠനം, ഭാഷാപ്രയോഗം, പദാവലി വിപുലീകരണം തുടങ്ങിയ പ്രാപ്തിമേഖ ലകൾക്കാണ് പാഠപുസ്തകത്തിൽ പ്രാധാന്യം കൊടുത്തിട്ടുള്ളത്. ദേശീയ പാഠ്യപദ്ധതി നിർദ്ദേശങ്ങൾ ഉള്ളടക്ക നിർണയത്തിൽ മാനദണ്ഡമാക്കിയിട്ടുണ്ട്.[158]

**1.6.4.5.** മൂന്നാം ക്ലാസ്സിലെ പാഠപുസ്തകത്തിന്റെ അതേ കെട്ടും മട്ടും തന്നെയാണ് നാലാം തരത്തിലുള്ളത്. എന്നാൽ, നാടൻപാട്ടുകളോ അഭിനയഗാനങ്ങളോ ഇല്ലതന്നെ. പുരാണകൃതികളെ പൂർണമായും ഒഴിവാക്കിയിട്ടുണ്ട്. അഭ്യാസപ്രവർത്തനങ്ങളുടെ ഭാഗത്ത് രക്ഷിതാക്കൾക്കുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.[159]

ഒന്നുമുതൽ നാലുവരെ പാഠപുസ്തകങ്ങൾ എ-ഫോർ വലുപ്പത്തിലാണ് തയ്യാറാ ക്കിയിട്ടുള്ളത്. എല്ലാ ക്ലാസ്സിലും ചിത്രങ്ങൾ നൽകിയിട്ടുണ്ട്. അച്ചടിയിലും പാഠസംവിധാ നത്തിലും പുതുമ ദീക്ഷിച്ചിട്ടുണ്ട്. പക്ഷേ, ഉള്ളടക്കത്തിന്റെ ആധിക്യം വായനാ താല്പര്യം കെടുത്തും. മുൻകാലങ്ങളിലെ പാഠപുസ്തകങ്ങളെ അപേക്ഷിച്ച് വ്യക്തതയുള്ള ചിത്ര ങ്ങളും വർണസങ്കലനവും സാധിച്ചിട്ടുണ്ട്.

**1.6.4.6.** കുട്ടിക്ക് സ്വന്തമായി പ്രവർത്തനങ്ങളിലേർപ്പെടുന്നതിന് സഹായകമായ അവ സരം നൽകുന്നുണ്ട്. എന്നാൽ കുട്ടിയുടെ താല്പര്യം, മാനസിക പങ്കാളിത്തം എന്നിവ ഉറപ്പുവരുത്താൻ എത്രമാത്രം കഴിയുമെന്നത് പരിശോധിക്കപ്പെടേണ്ടതാണ്. ഉദാഹരണ

---

158. കേരള സർക്കാർ 22, വിദ്യാഭ്യാസവകുപ്പ്, എസ്.സി.ഇ.ആർ.ടി., *മലയാള പാഠാവലി, സ്റ്റാന്റേർഡ് 4.* (തിരുവനന്തപുരം: ഡി.പി.ഇ.പി, 1995) i

159. "താങ്കൾ കുട്ടിയെ പഠിപ്പിക്കുന്നുവെങ്കിൽ/ ട്യൂഷൻമാസ്റ്ററാണ് എങ്കിൽ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. പാഠവുമായി ബന്ധപ്പെടുത്തിയാണ് രചന സംവിധാനം ചെയ്തിട്ടുള്ളത്. ബന്ധ പ്പെട്ട പാഠം പൂർണമായി വായിക്കുക" (കേരള സർക്കാർ 22 81).

മായി മാതൃക നോക്കി പൂരിപ്പിക്കുക, ബ്രായ്ക്കറ്റിൽ കൊടുത്ത പദങ്ങളിൽനിന്നും ഉചിത പദം കണ്ടെത്തുക, വാക്യത്തിൽ പ്രയോഗിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടി സ്വയം ചെയ്യുന്നതിന് ആവശ്യമായ പ്രേരണ പാഠപുസ്തകത്തിലും പഠനസഹായിയിലുമില്ല. മുൻ ഘട്ടങ്ങളെപ്പോലെ ശിശുകേന്ദ്രിതസമീപനത്തിന് പാഠപുസ്തകം ഇവിടെയും തടസ്സമാകുന്നു.[160]

160. സ്വാതന്ത്ര്യാനന്തരഘട്ടത്തിൽ മൗലികമായ ചില സങ്കല്പനങ്ങൾ സമൂഹത്തിൽ പ്രബലമായി. വ്യക്തികളെ മാനിക്കുകയും അവന്റെ/അവളുടെ സ്വതന്ത്രമായ വികസനം ഉറപ്പുവരുത്തേണ്ടത് ഭരണകൂടത്തിന്റെ ബാധ്യതതയാണെന്ന് സിദ്ധാന്തിക്കപ്പെടുകയും ചെയ്തു. ഈ മാറ്റം പാഠപുസ്തകത്തിലും നിഴലിച്ചു.

പുരോഗമനാത്മകമായ ഈ വ്യതിയാനത്തെയാണ് ജനാധിപത്യമൂല്യങ്ങൾ എന്നു വിളിക്കുന്നത്. ദേശീയബോധത്തിനു നൽകിയ ഊന്നലാണ് ഇതിലേറ്റവും പ്രകടമായിട്ടുള്ളത്. ഝാൻസി റാണി, ബാപ്പുജി, നെഹ്റു, അക്കമ്മ ചെറിയാൻ, സ്വാതന്ത്ര്യദിനാഘോഷം, നേതാജി, ഗോഖലെ തുടങ്ങിയ പാഠങ്ങളും ദേശീയ പുനർനിർമ്മാണത്തിന് ഊന്നൽ നൽകുന്ന കൊച്ചി തുറമുഖം, ബോട്ട്, നമ്മുടെ ഭാരതഭൂമി, തൊഴിലാളികളുടെ കഥ, പഠിപ്പു തീർന്നാൽ എന്നീ പാഠങ്ങളും പ്രത്യേകം പരാമർശിക്കപ്പെടാവുന്നവയാണ്. ഭാരതത്തിന്റെ സാംസ്കാരികവൈവിധ്യം കുട്ടികളെ പരിചയപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടു കൂടി ഉൾപ്പെടുത്തിയിട്ടുള്ള കഥകളി, തിരുവോണം, പണിയർ, ക്രിസ്തുമസ്സ്, വള്ളംകളി, വടക്കൻപാട്ട് കഥ, ശ്രീയേശു തുടങ്ങിയ പാഠങ്ങളും കൊച്ചു തുമ്പി, ഓണപ്പാട്ട് തുടങ്ങിയ നാടൻ പാട്ടുകളും ഇക്കൂട്ടത്തിൽ പരിഗണിക്കപ്പെടേണ്ടവയാണ്.

മതാത്മകതയ്ക്കു പകരം ശാസ്ത്രബോധം വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഉൾപ്പെടുത്തിയിട്ടുള്ള ചില പാഠങ്ങളാണ് പ്രകൃതിയുടെ പ്രകൃതം, വെള്ളം, ശുചിത്വം, സൂക്ഷിച്ചാൽ ദു:ഖിക്കേണ്ട, ന്യൂട്ടൻ എന്നിവ. ഇതേ ഘട്ടത്തിൽ രൂപപ്പെട്ടുവരുന്ന മറ്റൊരു പ്രധാന സാമൂഹ്യ പ്രശ്നം പരിസരമലിനീകരണമാണ്. ഇതിനെതിരെ കുട്ടികളെ ബോധവല്ക്കരിക്കുക എന്ന ഉദ്ദേശ്യത്തോടെ മരം ഒരു വരം, പരിസര സംരക്ഷണം, കാടും മലയും തുടങ്ങിയ പാഠങ്ങളും ഈ വിഷയത്തിലൂന്നിക്കൊണ്ടുള്ള സുഗതകുമാരിയുടേയും മറ്റും കവിതകളും ഉൾപ്പെടുത്തി കാണുന്നു. നമ്മുടെ സമൂഹത്തിന്റെ ചലനാത്മകതയെയും വികാസത്തെയുമാണ് ഈ പുത്തൻ മൂല്യങ്ങൾ പ്രതിനിധാനം ചെയ്യുന്നത്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം, വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം എന്നിവയെല്ലാം ഈ മൂല്യങ്ങളിലൂടെ പുനർനിർമ്മിച്ചിരിക്കുന്നു.

പുത്തൻ മൂല്യങ്ങളുടെ ഉണർവ് പ്രകടിപ്പിക്കുമ്പോൾത്തന്നെ പാരമ്പര്യവും മതാത്മകവുമായ പഴഞ്ചൻ പ്രപഞ്ചബോധത്തിന്റെ അടിയൊഴുക്ക് ഇക്കാലത്തെ പാഠപുസ്തകങ്ങളിൽ ഉണ്ട്. സമൂഹത്തിലെ ഓരോ വ്യക്തിയുടെയും കർതൃത്വം ഒരു സാമൂഹ്യനിർമ്മിതിയാണെന്ന യാഥാർത്ഥ്യത്തെ മറച്ചുവെച്ചുകൊണ്ട് അതിനെയൊരു പൂർവനിർമ്മിതിയായി അവതരിപ്പിക്കുന്ന കഥകളും സംഭവങ്ങളും ഇക്കാലത്തെ പാഠപുസ്തകങ്ങളിലും കാണുന്നു. ബുദ്ധിമാൻ-മണ്ടൻ, കള്ളൻ-സത്യസന്ധൻ, യജമാൻ-ഭൃത്യൻ എന്നിങ്ങനെയുള്ള നിരവധി വൈരുദ്ധ്യങ്ങളെ നന്മ-തിന്മ, പുണ്യം-പാപം എന്നിങ്ങനെയുള്ള മതാത്മകവൈരുദ്ധ്യങ്ങളുടെ പട്ടികകയിലേക്ക് ഉൾക്കൊള്ളിക്കാനുള്ള പ്രേരണ പല പാഠങ്ങളിലും ഒളിഞ്ഞിരിക്കുന്നു. സൂക്ഷ്മമായ വായനയിലൂടെ മാത്രമേ ഇത്തരം ബന്ധങ്ങൾ കണ്ടെത്താനാവൂ.

ജനാധിപത്യ സങ്കല്പങ്ങളുടെ വികാസഘട്ടത്തിൽ അതിശക്തമായി രൂപപ്പെട്ട ആശയമാണ് ലിംഗവിവേചനത്തിനെതിരെയുള്ള വിമർശനം. എന്നാൽ ഈ ആശയത്തെ സ്വീകരിക്കാൻ സാമൂഹ്യചിന്തയിലെ പാരമ്പര്യധാരകൾ ഇനിയും തയ്യാറായിട്ടില്ല, ഈ മാറ്റം സ്വാംശീകരിക്കാൻ സ്വാന്ത്ര്യാനന്തര ഘട്ടത്തിലുള്ള പാഠപുസ്തകങ്ങൾക്കും സാധിച്ചിട്ടില്ല. 'മങ്ക കങ്കണമണിയും', 'തങ്കമ്മ കുങ്കുമം തൊടും', 'രമണിയുടെ മാല' എന്നിങ്ങനെയുള്ള സാധാരണ വാക്യങ്ങളിൽ തുടങ്ങി 'എന്റെ അമ്മ' എന്ന പാഠംവരെ എത്തിനിൽക്കുന്നു. ലിംഗവിവേചനസൂചനകൾ നിശിതമായി വിമർശനത്തിന് വിധേയമാക്കേണ്ടതാണ്. സമൂഹത്തിലെ സ്ത്രീയുടെ രണ്ടാംകിട പൗരത്വം ഉറപ്പുവരുത്തുന്ന

## 1.7. പഠനപ്രവർത്തനം

പഠനബോധനപ്രക്രിയയുടെ ഭാഗമായുള്ള വിലയിരുത്തൽരീതി എങ്ങനെയെന്നും അവയുടെ കാഴ്ചപ്പാടുകൾ എന്തൊക്കെയെന്നും അന്വേഷിക്കുകയാണ് ഈ ഖണ്ഡത്തിന്റെ ഉദ്ദേശ്യം. ഓരോ പാഠഭാഗങ്ങൾക്കും ശേഷം കൊടുക്കുന്ന അഭ്യാസപ്രവർത്തനങ്ങൾ, അവയുടെ സ്വഭാവം, ലക്ഷ്യം, തുടർപഠനത്തെ എങ്ങനെ സ്വാധീനിക്കുന്നു തുടങ്ങിയ കാര്യങ്ങൾ അന്വേഷിക്കേണ്ടതുണ്ട്. മൂല്യനിർണയസമീപനം, നിരന്തര മൂല്യനിർണയത്തിന്റെ പ്രായോഗിക പ്രയോഗം തുടങ്ങിയവയും വിവിധ കാലഘട്ടങ്ങളിൽ എന്തായിരുന്നു എന്ന് ലഭ്യമായ ആകരങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കുകയാണിവിടെ.

### 1.7.1 പൂർവഘട്ടം

ഈ ഘട്ടത്തിൽ പാഠഭാഗങ്ങളെത്തുടർന്ന് അഭ്യാസപ്രവർത്തനങ്ങൾ നൽകിയിരുന്നില്ല. എന്നാൽ, പാഠഭാഗത്തിലെ കഠിനപദങ്ങൾ പാഠാരംഭത്തിൽ തന്നെ നൽകിയിരുന്നു. അവയുടെ ആവർത്തന പഠനത്തിനുള്ള നിർദ്ദേശം ആമുഖത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്. ഒന്നാം ക്ലാസ്സിലെ മലബാർ കോഹിനൂർ പാഠാവലിയിൽ അഞ്ചു പാഠങ്ങൾ കഴിയുമ്പോൾ ഒരു ആവർത്തനപാഠം നൽകിക്കാണുന്നു. രണ്ടാം ക്ലാസ്സിൽ മൂല്യനിർണയത്തിന്റെ ഒരു പ്രവർത്തനവും നൽകിക്കാണുന്നില്ല.[161]

---

ഇത്തരം പാഠ സൂചനകൾ യഥാർത്ഥത്തിൽ ജനാധിപത്യവിരുദ്ധമായ സാമൂഹ്യഘടനയുടെ പ്രതിഫലനമാണ്.

നാടോടിപ്പാട്ടുകൾ, നാടൻകഥകൾ തുടങ്ങിയ സാംസ്കാരിക വൈവിധ്യത്തിന്റെ അടയാളങ്ങൾക്ക് പാഠപുസ്തകത്തിൽ ലഭിച്ച പരിമിതമായ പ്രാതിനിധ്യം പുത്തൻ ജനാധിപത്യ സങ്കൽപവുമായി ചേർത്തുവയ്ക്കേണ്ടതാണ്. എന്നാൽ, കഥകളിയിലും വള്ളംകളിയിലും ഓണാഘോഷത്തിലും ഈ അടയാളങ്ങൾ ഒതുങ്ങിനിൽക്കുന്നു എന്നത് ഗൗരവമായൊരു കീഴാളപക്ഷ വിമർശനത്തിന് ഈ പാഠങ്ങളെ പ്രേരിപ്പിക്കുന്നു. നാടോടിഭാഷയിലും നാടോടി സംസ്ക്കാരത്തിലുമുള്ള പ്രാന്തവൽകൃത സമൂഹങ്ങളുടെ വിപുലമായ സംഭാവനയെ സ്വാതന്ത്ര്യാനന്തര ഘട്ടത്തിലും പാഠപുസ്തകങ്ങൾ മൂടിവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിനെ വിമർശനാത്മകമായി സമീപിക്കാനുള്ള ശ്രമങ്ങൾ കാഞ്ച ഐലയ്യപ്പോലുള്ള സാമൂഹ്യശാസ്ത്രകാരന്മാരുടെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ട്. (കാഞ്ച ഐലയ്യ, *ഞാനെന്തുകൊണ്ട് ഹിന്ദുവല്ല* (തിരുവനന്തപുരം: ഇൻസൈറ്റ്, 2001) 7).

മതങ്ങൾ, വിദ്യാലയങ്ങൾ, ഇതര സാമൂഹ്യസ്ഥാപനങ്ങൾ എന്നിവയെല്ലാം പ്രത്യയശാസ്ത്ര ഉപകരണങ്ങളായി പ്രവർത്തിക്കുന്നതെങ്ങനെയെന്ന് ലൂയി അൽത്തൂസർ വിശദീകരിക്കുന്നുണ്ട്. [Goran Therborn, *The Ideology of Power and the Power of Ideology* (London: WI, Verso Editions and NLB, 15 Greek street, 1982) 16] ഓരോ വ്യക്തിയെയും സമൂഹം അതിന്റെ ഭദ്രത ഉറപ്പു വരുത്തുംവിധം വാർത്തെടുക്കുയാണ് ചെയ്യുന്നത്. ഈ അർത്ഥത്തിൽ പാഠപുസ്തകങ്ങളും ഇതേ ദൗത്യം തന്നെയാണ് ഓരോ കാലഘട്ടത്തിലും ഏറ്റെടുക്കുന്നത്.

161. രാമൻ 7

## 1.7.2. മാനകീകരണ ഘട്ടം

ഈ ഘട്ടത്തിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ അഭ്യാസത്തിൽ ചേർത്തിട്ടുണ്ട്. പദ്യപാഠങ്ങളിൽ ആസ്വാദനത്തിനും ആശയഗ്രഹണത്തിനും സഹായകമായ ചോദ്യങ്ങളും ചേർത്തെഴുത്ത്, പിരിച്ചെഴുത്ത്, അഭിനയം തുടങ്ങിയ ഭാഷാപരമായ പ്രവർത്തനങ്ങളും നൽകിയിട്ടുണ്ട്. ഗദ്യപാഠങ്ങളിൽ കേട്ടെഴുത്ത്, പ്രയോഗങ്ങൾ, അർത്ഥവ്യത്യാസം, പദപരിചയം, വിപരീതപദം, പര്യായപദം, ആശയങ്ങൾ ഗ്രഹിക്കുന്നതിനുള്ള ചോദ്യങ്ങൾ, വാക്യത്തിൽ പ്രയോഗിക്കുക, വ്യാകരണം (കർത്താവ്, കർമം, ക്രിയ), അഭിനയം തുടങ്ങിയ പ്രവർത്തനങ്ങളാണ് നൽകിയിരിക്കുന്നത്. ആശയഗ്രഹണം, ആസ്വാദനം, വ്യാകരണ തത്വങ്ങൾ എന്നീ പ്രവർത്തനങ്ങൾ പൂർണമായും പാഠപുസ്തകകേന്ദ്രിതമായ രീതിയിലാണ് അവതരിപ്പിച്ചിട്ടുള്ളത്. കുട്ടിയുടെ സ്വതന്ത്രചിന്തയെയും സ്വതന്ത്രരചനയെയും ഇവിടെ പരിഗണിക്കുന്നില്ല. ചോദ്യങ്ങളെല്ലാം പാഠവുമായി ബന്ധപ്പെട്ടതാണ്.

## 1.7.3. എം.എൽ.എൽ പൂർവഘട്ടം

ഈ ഘട്ടത്തിൽ അഭ്യാസപ്രവർത്തനങ്ങളുടെ ബാഹുല്യം ശ്രദ്ധേയമാണ്. രണ്ടോ മൂന്നോ പേജിലുള്ള പാഠഭാഗങ്ങൾക്ക് അത്രയും പേജിൽ അഭ്യാസപ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. അവയെല്ലാം എല്ലാ പാഠങ്ങളിലും ആവർത്തിച്ചു വരുന്നുമുണ്ട്.[162]

---

162. ഗദ്യപാഠങ്ങളിൽ ആശയഗ്രഹണം നടന്നുവോ എന്നറിയുന്നതിനുള്ള ലഘുചോദ്യങ്ങൾക്ക് ഉത്തരം പറയുക, കഠിനപദങ്ങൾ വായിക്കുക, ചേരുംപടി ചേർത്തു വായിക്കുക, വിട്ടുപോയ വാക്കു ചേർത്ത് വാക്യം പൂരിപ്പിക്കുക, ചേരുംപടി ചേർത്തെഴുതുക, പട്ടിക ഉപയോഗിച്ച് വാക്യങ്ങൾ നിർമിക്കുക, മാതൃക അനുസരിച്ച് വാക്യം മാറ്റിയെഴുതുക, മാതൃകയനുസരിച്ച് അടിയിൽ വരയിട്ടിരിക്കുന്ന വാക്കുകൾക്കു പകരം ചേർക്കാവുന്ന പദങ്ങൾ ഉപയോഗിച്ച് വാക്യം മാറ്റിയെഴുതുക, ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക തുടങ്ങിയവയാണ്.

പദ്യപാഠങ്ങളിൽ ഉത്തരം പറയുക, പൂരിപ്പിച്ചു ചൊല്ലുക, വായിക്കുക, ഈണത്തിൽ ചൊല്ലുക, ചേരുംപടി ചേർത്ത് വായിക്കുക, വിട്ടുപോയ വാക്ക് ചേർത്ത് വാക്യം പൂരിപ്പിക്കുക, പിരിച്ചെഴുതുക, ഉത്തരമെഴുതുക തുടങ്ങിയവയാണ് നൽകിയിട്ടുള്ളത്. രണ്ട്, മൂന്ന്, നാല് ക്ലാസ്സുകളിൽ ഈ രീതിയാണ് തുടരുന്നത്. എന്നാൽ ഒന്നാം ക്ലാസ്സിൽ അഞ്ച് പാഠങ്ങൾക്കുശേഷം അഭ്യാസപാഠമാണ്. ആദ്യത്തെ അഞ്ചു പാഠങ്ങളിൽ പഠിച്ച അക്ഷരങ്ങൾക്കും പദങ്ങൾക്കും ആവർത്തനം നൽകുന്ന പ്രവർത്തനമാണിവിടെ. വിട്ട അക്ഷരം പൂരിപ്പിക്കലിൽ തുടങ്ങി അവസാന ഭാഗത്ത് പ്രത്യയങ്ങൾ ചേർത്ത് പൂരിപ്പിച്ചെഴുതുകയും വേണം.

പാഠഭാഗങ്ങളിലെ ആശയഗ്രഹണവും പദപഠനവും വ്യാകരണകാര്യങ്ങളും അർത്ഥബോധം വളർത്തലുമാണ് പ്രധാനമായും നടക്കുന്നത്. ഭാഷാശേഷി വികസനത്തിനുള്ള സ്വതന്ത്രരചനകൾക്കും സ്വർഗാത്മക പ്രവർത്തനങ്ങൾക്കും അവസരമില്ല. പാഠത്തിലെ ആശയത്തോട് സ്വയം സംവദിക്കാനുള്ള അവസരം നൽകുന്നില്ല. അഭ്യാസപ്രവർത്തനങ്ങൾ ഒരു പാഠത്തിൽ തുടങ്ങി അതിൽത്തന്നെ അവസാനിക്കുകയും ചെയ്യുന്നു. പാഠ്യപദ്ധതിയിലൂന്നിപ്പറഞ്ഞ സാമൂഹ്യവൽക്കരണവും പാഠ്യപദ്ധതിയുടെ നിഗീരണസ്വഭാവവും ആശയം മാത്രമായി നിലനിൽക്കുന്നു. അഭ്യാസപ്രവർത്തനങ്ങളുടെ മറ്റൊരു പ്രത്യേകത അവയെല്ലാം വ്യക്തിഗത പ്രവർത്തനങ്ങളാണെന്നതാണ്. സംഘയത്നത്തിനോ പഠനത്തിനോ അവസരമൊരുക്കുന്നില്ല. മുൻഘട്ടങ്ങളിൽ ഉണ്ടായിരുന്ന അഭിനയം, നാടകീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഈ ഘട്ടത്തിൽ ഒഴിവാക്കിയിരിക്കുന്നു.

### 1.7.4 എം.എൽ.എൽ ഘട്ടം

ഒന്നാം ക്ലാസ്സിൽ ഓരോ പാഠത്തോടനുബന്ധമായി അക്ഷരങ്ങളുടെ 'സ്ട്രോക്ക്' പരിചയപ്പെടുത്തുന്നതിനും അവ എഴുതി പരിശീലിപ്പിക്കുന്നതിനും അവസരമുണ്ട്. സൂക്ഷ്മ പേശീപരിശീലനത്തിനുള്ള പ്രവർത്തനങ്ങളും പുസ്തകത്തിൽ തന്നെയുണ്ട്. രണ്ടാം ക്ലാസ്സു മുതൽ മാതൃക നോക്കി പൂരിപ്പിക്കുക. ചോദ്യോത്തരം പറയുക, വായിക്കുക, വിട്ട വാക്ക് പൂരിപ്പിക്കുക, ഉത്തരം പറയുക, സ്വരങ്ങളും വ്യഞ്ജനങ്ങളും പരിചയപ്പെടുക, ചേർത്തു വായിക്കുക തുടങ്ങിയ അഭ്യാസങ്ങൾ നൽകിക്കാണുന്നു. പദ്യപാഠങ്ങളിലും ഈയൊരു രീതി തന്നെയാണ് തുടരുന്നത്. എന്നാൽ മൂന്ന്, നാല് ക്ലാസ്സുകളിൽ വ്യത്യസ്തമായ പ്രവർത്തനങ്ങളുണ്ട്.[163]

## 1.8. മൂല്യനിർണയം

ഏതൊരു പഠനപദ്ധതിയുടെയും നിയാമകശക്തിയായി വർത്തിക്കുന്നത് മൂല്യനിർണയമാണ്. ഒരു സമൂഹം എങ്ങനെ ആയിത്തീരണമെന്ന് നിശ്ചയിക്കുന്ന ഘടകമാണിത്. മൂല്യനിർണയം എന്ത്, എന്തിന് തുടങ്ങിയ ചോദ്യങ്ങൾക്ക് വിവിധ ഘട്ടങ്ങളിൽ നിന്നു ലഭിക്കുന്ന ഉത്തരങ്ങൾ ക്രോഡീകരിക്കുകയാണ് ഇവിടെ.

### 1.8.1. പൂർവഘട്ടം

പൂർവഘട്ടത്തിലെ മൂല്യനിർണയ സമീപനത്തെക്കുറിച്ച് വളരെ കുറച്ചു മാത്രം വിവരങ്ങളേ ലഭ്യമായിട്ടുള്ളു. പാഠപുസ്തകത്തെ കേന്ദ്രീകരിച്ചും അതിലെ ഉള്ളടക്കത്തെ അടിസ്ഥാനമാക്കിയുമുള്ള മൂല്യനിർണയമാണ് നടന്നിരുന്നത്. വളരെ ചിട്ടയോടെ ആത്യന്തിക മൂല്യനിർണയം നടന്നു എന്നതിന് സൂചനകളില്ല.

### 1.8.2 മാനകീകരണഘട്ടം

മാനകീകരണഘട്ടത്തിൽ ബെഞ്ചമിൻ ബ്ലൂമിന്റെ കാഴ്ചപ്പാടുകളെ മൂല്യനിർണയത്തിനുപയോഗിക്കാൻ ശ്രമം നടന്നു. അതിന്റെ വ്യാപനത്തിനും നടത്തിപ്പിനും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷൻ തന്നെ നേതൃത്വം നൽകിയതായും സൂചിപ്പിക്കുന്ന പുസ്തകങ്ങൾ ലഭ്യമാണ്.[164]

---

163. അഭ്യാസം എന്നും രചന എന്നും രണ്ട് ഭാഗങ്ങളുണ്ട്. രചനയുടെ ഭാഗമായി മാതൃക നോക്കി പൂരിപ്പിക്കൽ, മാതൃക നോക്കി പിരിച്ചെഴുതൽ, ബ്രാക്കറ്റിൽ നിന്നും ശരിയായ രൂപം എടുത്തെഴുതൽ, മാതൃക നോക്കി വാക്യരചന, പകരം പദം കണ്ടെത്തൽ, ചേരുംപടി ചേർക്കൽ, ഗാന്ധിജിയെക്കുറിച്ച് അഞ്ചു വാക്യമെഴുതൽ, നാടകീകരണം, ചിത്രത്തിലെ ജീവിയെക്കുറിച്ച് എഴുതൽ തുടങ്ങി സ്വതന്ത്രരചനകൾ പൂർവഘട്ടങ്ങളിൽ നിന്നും പൂർണമായും മുക്തമായിട്ടില്ലെങ്കിലും ഭാഷാശേഷി വികസനത്തിലേക്കു നയിക്കുന്ന ധാരാളം പ്രവർത്തനങ്ങൾ അഭ്യാസത്തിൽ ചേർത്തിട്ടുണ്ട് (കേരള സർക്കാർ 22).

164. കേരള സർക്കാർ 2

ഈ ഘട്ടത്തിലും പാഠപുസ്തകകേന്ദ്രിതമായ മൂല്യനിർണയത്തിനാണ് ഊന്നൽ നൽകിയിട്ടുള്ളത്. ആദ്യകാലങ്ങളിൽ വിവിധ തരം ചോദ്യമാതൃകകൾ നൽകുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്.[165]

ഏകകബോധനപദ്ധതിയുടെ ഭാഗമായി ഏകകശോധകവും നിർണയിക്കുന്നുണ്ട്. ഉദ്ദേശ്യാധിഷ്ഠിത ബോധനത്തിന്റെ ഭാഗമായി മൂല്യനിർണയ രൂപരേഖ തയ്യാറാക്കുകയും അവയിൽ ഉദ്ദേശ്യങ്ങളുടെ, പാഠ്യവസ്തുക്കളുടെ, ചോദ്യരൂപങ്ങളുടെ, പ്രയാസനിലയുടെ ആപേക്ഷിക പ്രാധാന്യം നിർണയിക്കുകയും ചെയ്യുന്നു. ഇത് ഒന്നാം ക്ലാസ്സിൽത്തന്നെ തുടങ്ങുന്നു എന്നതും ശ്രദ്ധേയമാണ്. അറിവ്, ഗ്രഹണം, പ്രകടനം, പ്രയോഗം തുടങ്ങിയ ഉദ്ദേശ്യങ്ങൾ വിലയിരുത്താനും കുട്ടിയുടെ നില വസ്തുനിഷ്ഠമായി കണ്ടെത്താനും ഇവിടെ ശ്രമിക്കുന്നുണ്ട്.[166]

പുസ്തകകേന്ദ്രിതവും ഓർമ പരിശോധിക്കുന്നതിന് ഊന്നൽ നൽകുന്നതും അധ്യാപകകേന്ദ്രിതവുമായ രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. ഒന്നാം ക്ലാസ്സിൽ പോലും പദം ശരിയായാൽ എഴുപത്തിയഞ്ച് ശതമാനം മാർക്കും അക്ഷരവടിവിന് ഇരുപത്തിയഞ്ച് ശതമാനം മാർക്കും നൽകുന്ന സമീപനമാണ് തുടർന്നത്. അക്ഷരപഠനവും പദപഠനവുമാണ് ഭാഷാപഠനം എന്ന ധാരണയിലേക്ക് നയിക്കാൻ ഇടയാക്കിയ സന്ദർഭങ്ങളാണിവ.[167]

മുൻഘട്ടത്തെ അപേക്ഷിച്ച് മൂല്യനിർണയത്തിന് മൂർത്തമായ രൂപം ഉണ്ടായത് ഇക്കാലത്താണ്. അന്ന് പ്രബലവും നൂതനവുമായ ബ്ലൂമിന്റെ ടാക്സോണമിയെ അടിസ്ഥാനമാക്കി പഠനബോധനതന്ത്രങ്ങളും മൂല്യനിർണയവും നടന്നു എന്നത് ഗണനീയമാണ്.

### 1.8.3 എം.എൽ.എൽ പൂർവഘട്ടം

എം.എം.എൽ പൂർവഘട്ടത്തിൽ മൂല്യനിർണയ സമീപനത്തിലും പ്രയോഗത്തിലും ഉണ്ടായ വികാസപരിണാമങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നത്.

---

165. "വിദ്യാർത്ഥികളുടെ സിദ്ധികൾ പരിശോധിക്കാൻ പലതരം ചോദ്യങ്ങൾ നൽകേണ്ടതുണ്ട്. അവ പല തരത്തിലാകാം. ഉയർന്ന ക്ലാസ്സുകളിൽ അരപ്പുറത്തിൽ കവിയാത്ത വിവരങ്ങളും ഖണ്ഡികകളും രണ്ടോ മൂന്നോ വാക്യങ്ങളിലുള്ള ഉത്തരങ്ങളും നവീനരീതിയിലുള്ള ചോദ്യങ്ങളുമാവാം." എന്നാൽ നാലാംക്ലാസ്സിൽ നവീനമാതൃകയിലുള്ള ചോദ്യങ്ങൾ ആയിരിക്കണം.

ഒറ്റവാക്കർത്ഥമെഴുതുക (പിതാവ്-അച്ഛൻ) സമാനപദം പാഠത്തിൽനിന്നും കണ്ടുപിടിച്ചെഴുതുക, പര്യായപദമെഴുതുക, ഒന്നിലധികം അർത്ഥമുണ്ടെങ്കിൽ അതു നൽകുക, വിപരീതപദമെഴുതുക. ഒറ്റ വാക്കായി എഴുതുക, രണ്ടു വാക്കായി പിരിക്കുക, ചേരുംപടി ചേർക്കുക തുടങ്ങിയ ചോദ്യമാതൃകകൾ ഉപയോഗിച്ചിട്ടുണ്ട് (കേരള സർക്കാർ 6 40).

166. കേരള സർക്കാർ 2 34-44.

167. കേരള സർക്കാർ 2 43.

മൂല്യനിർണയത്തെക്കുറിച്ച് ആധുനികമായ കാഴ്ചപ്പാടുകൾ രൂപീകരിക്കാൻ ഈ ഘട്ടത്തിൽ സാധിച്ചിട്ടുണ്ട്.[168] എന്നാൽ, ഒന്നാം ക്ലാസ്സിൽ പരീക്ഷ വാചികമായും ലിഖിതമായും നടത്തണം. വസ്തുനിഷ്ഠമായ രീതികൾ ഉപയോഗിക്കണം[169] എന്ന് പറയുന്നുണ്ട്. ഈ പ്രസ്താവന തന്നെ മേൽപ്പറഞ്ഞ ദർശനങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ഈ കാലഘട്ടത്തിൽ പുറത്തിറക്കിയ മറ്റൊരു രേഖയിൽ ഒന്നാം ക്ലാസ്സിൽ രണ്ട്, മൂന്ന് ടേമുകളിൽ വാചികവും ലിഖിതവുമായ പരീക്ഷ നടത്തണമെന്നും മാർക്ക് നൽകണമെന്നും പറയുന്നുണ്ട്. രണ്ടാം ക്ലാസ്സു മുതൽ ഭാഷാപരിചയത്തിന് വാചികവും ലിഖിതവുമായ പരീക്ഷ വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.[170]

മൂല്യനിർണയത്തെക്കുറിച്ചും സങ്കല്പങ്ങളെക്കുറിച്ചും കുറേക്കൂടി വികസിച്ച ധാരണങ്ങൾ നൽകുന്നുണ്ടെങ്കിലും അവയുടെ പ്രയോഗതലത്തിൽ ചില അപചയങ്ങൾ ദൃശ്യമാകുന്നുണ്ട്. എങ്കിലും നിരന്തര മൂല്യനിർണയത്തിലധിഷ്ഠിതമായ മൂല്യനിർണയ സമീപനം രൂപപ്പെട്ടുവെന്നത് പ്രസക്തമാണ്. പഠനഫലം അപ്പപ്പോൾ അറിയാൻ പറ്റിയ വിധത്തിലുള്ള ഫീഡ്ബാക്ക്, പ്രയാസങ്ങളുടെ നിദാനനിർണയം, പരിഹാരബോധനം എന്നിവ ഉൾപ്പെടുന്ന പഠനപ്രക്രിയക്കാണ് കരിക്കുലം ഊന്നൽ നൽകുന്നത്.[171]

## 1.8.4. എം.എൽ.എൽ ഘട്ടം

പഠനപ്രവർത്തനങ്ങളിൽ നിന്നും വിദ്യാർത്ഥി ആർജിച്ചിരിക്കേണ്ട അവശ്യപ്രാപ്തികൾ സ്വായത്തമാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് അധ്യാപകനെ സഹായിക്കത്തക്ക വിധത്തിലാണ് അവശ്യപഠനനിലവാരം രൂപകല്പന ചെയ്തിട്ടുള്ളത്.[172]

ദൈനംദിന ജീവിതത്തിലെ സൃഷ്ടിപരമായ ഭാഷാപ്രയോഗവും മൂല്യനിർണയത്തിൽ വിലയിരുത്തണം. മൂല്യനിർണയത്തിന് ധാരാളം പഠനസാമഗ്രികളും സാമൂഹ്യപങ്കാളി

168. നിരന്തരവും സമഗ്രവുമായ മൂല്യനിർണയമാണ് നടപ്പാക്കേണ്ടത്. പഠനോദ്ദേശ്യങ്ങൾ കുട്ടി എത്ര മാത്രം നേടിയിട്ടുണ്ട് എന്നറിയുന്ന വിധമാകണം മൂല്യനിർണയം. മൂല്യനിർണയത്തിന്റെ സമഗ്രതയിൽ ഊന്നൽ നൽകിക്കാണുന്നു. പ്രൈമറിതലത്തിൽ വളരെ കർക്കശമായ മൂല്യനിർണയം അവശ്യമില്ല. കുട്ടികളെ ജയപരാജയങ്ങൾക്ക് വിധേയമാക്കുന്നത് ശരിയല്ല. ഈ രീതി അശാസ്ത്രീയവും ഉപേക്ഷിക്കേണ്ടതുമാണ്. നിരന്തര മൂല്യനിർണയത്തിനുള്ള ഉപാധിയായി യൂണിറ്റ് ടെസ്റ്റ് ഉപയോഗിക്കണം. മൂല്യനിർണയം പഠനപ്രക്രിയയുമായി ഉദ്ഗ്രഥിക്കുകയും വേണം (കേരള സർക്കാർ 3 xii).

169. കേരള സർക്കാർ 3 11

170. കേരള സർക്കാർ 4 11

171. കേരള സർക്കാർ 3, vii

172. "പഠനപ്രക്രിയയിൽ അനൗപചാരികമായ ഒരു സാമൂഹികാന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ടോ എന്നതിനാണ് പ്രകടമായ ഊന്നൽ നൽകേണ്ടത് (കേരള സർക്കാർ 5 13).

ത്തവും അനിവാര്യമാണ്. വാചികം, ലിഖിതം, പ്രകടനം എന്നിവയിലൂന്നിയുള്ള പ്രവർത്തനങ്ങൾ മൂല്യനിർണയത്തിന്റെ  ഭാഗമായി കണ്ടിരുന്നു.

പഠനപ്രവർത്തനത്തിന്റെ ആസൂത്രണഘട്ടത്തിൽ  തന്നെ മൂല്യനിർണയ ശോധകങ്ങളും കൈപ്പുസ്തകത്തിൽ നൽകിയിട്ടുണ്ട്. അവയിൽ ഭൂരിഭാഗവും ചോദ്യങ്ങളും ഉള്ളടക്കവുമായി ബന്ധപ്പെട്ടതാണ്.[173]

എന്നാൽ, ഭാഷാശേഷികൾ നേടുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ ഏറെയില്ല. പ്രവർത്തനാധിഷ്ഠിത മൂല്യനിർണയം എന്നത് ആശയതലത്തിൽ മാത്രം ഒതുങ്ങി എന്നതാണ് ഈ ഘട്ടത്തിലെ അനുഭവം. നിരന്തര മൂല്യനിർണയത്തിന്റെ പ്രാധാന്യം എടുത്തുകാട്ടാനും പഠനപ്രക്രിയയുടെ ഭാഗമായി മൂല്യനിർണയം നടത്തുകയെന്ന രീതി പ്രാവർത്തികമാക്കാനും ഈ ഘട്ടത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്.[174]

## 1.9. ഉപസംഹാരം

1997ൽ പുതിയ പാഠ്യപദ്ധതി നടപ്പാക്കുന്നതിനു മുമ്പുള്ള കാലഘട്ടത്തിലെ ഭാഷാപഠന ലക്ഷ്യങ്ങൾ കുട്ടി, അധ്യാപകൻ, പഠനരീതി, ആസൂത്രണം, പാഠപുസ്തകം, പഠനപ്രവർത്തനം, മൂല്യനിർണയം തുടങ്ങിയ പാഠ്യപദ്ധതി ഘടകങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ സാമാന്യമായി ചർച്ച ചെയ്തു. എം.എൽ.എൽ പദ്ധതി വരെ എത്തിനിൽക്കുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിൽ, സമീപനത്തിലും പ്രയോഗത്തിലും ഓരോ ഘട്ടത്തിലും ചില ശക്തിദൗർബല്യങ്ങൾ എടുത്തുകാണിക്കാനാവും.

---

173. ഉദാഹരണമായി 'ര' എന്ന അക്ഷരം ചേർന്ന വാക്കുകൾ പഠിപ്പിക്കുന്ന പാഠത്തിലെ ആസൂത്രണപേജിൽ മൂല്യനിർണയത്തിന്റെ കോളത്തിൽ കൊടുത്തിരിക്കുന്ന ചോദ്യം ഇതാണ്. പെട്ടിയിൽ ഇട്ടിരിക്കുന്ന അക്ഷരങ്ങളുടെ കൂട്ടത്തിൽ 'ര' എടുത്തുകൊണ്ടു വരാൻ ആവശ്യപ്പെടുക. ബ്ലാക്ക്ബോർഡിൽ നിന്നും വായിക്കുക: 'വര'. എന്നിങ്ങനെ ഉള്ളടക്കപരമായ ചോദ്യങ്ങളാണ്. കേരള സർക്കാർ 8  2

174. കേരള സർക്കാർ 5 49

# പാഠ്യപദ്ധതി വിവിധ ഘട്ടങ്ങളിലൂടെ: ഒരു താരതമ്യം

പട്ടിക: 1

| | പൂർവഘട്ടം | മാനകീകരണഘട്ടം | എം.എൽ.എൽ പൂർവഘട്ടം | എം.എൽ.എൽ ഘട്ടം |
|---|---|---|---|---|
| ഭാഷാപഠനലക്ഷ്യം | പദപഠനം, ഉച്ചാരണം, അക്ഷരവടിവ് എന്നിവ പ്രധാന കാര്യങ്ങൾ. പ്രാദേശിക ഭാഷ അവഗണിക്കപ്പെട്ടു. സാരോപദേശം, ഗുണപാഠപഠനം എന്നിവ ലക്ഷ്യം വെച്ചു. | ശ്രവണം, ഭാഷണം, വായന, ലേഖനം, വ്യാകരണപഠനം എന്നിവ പ്രധാന ലക്ഷ്യം. ബെഞ്ചമിൻ ബ്ലൂമിന്റെ ടാക്സോണമിയെ അടിസ്ഥാനമാക്കിയുള്ള ലക്ഷ്യനിർണയം. അക്ഷരവടിവ്, ഉച്ചാരണസ്ഫുടത എന്നിവക്ക് ഊന്നൽ. ഈണത്തിൽ ചൊല്ലൽ, ആസ്വാദനം എന്നിവ പദ്യപഠനലക്ഷ്യം. | പദപഠനം, ഉച്ചാരണ സ്ഫുടത, ശ്രവണം, ഭാഷണം, വായന, ലേഖനം, വ്യാകരണം, സ്വതന്ത്രവായന, രചന എന്നിവ ലക്ഷ്യം. ഭാഷാപഠനത്തിലൂടെ സാമൂഹ്യവത്കരണം, മൂല്യവിദ്യാഭ്യാസം, മാതൃഭാഷയിലൂടെ പഠനം എന്നീ ലക്ഷ്യങ്ങൾ. | ശ്രവണം, ഭാഷണം, വായന, ലേഖനം, ആശയഗ്രഹണം, വ്യാകരണം, സ്വയംപഠനം, ഉചിതമായ പ്രയോഗം, ഭാഷാപ്രയോഗം എന്നിവ ഭാഷാപഠന ലക്ഷ്യങ്ങൾ. പദാവലിവികസനം, ഉച്ചാരണസ്ഫുടത, മാതൃഭാഷ എന്നിവയ്ക്ക് ഊന്നൽ. ഭാഷാപഠനലക്ഷ്യങ്ങൾ പ്രസ്താവനാരൂപത്തിൽ. പ്രാപ്തിയും ഉപപ്രാപ്തിയും നിർണയിച്ചു. പ്രാദേശികഭാഷയോട് ക്രിയാത്മക നിലപാടെടുത്തില്ല. |
| കുട്ടി | കുട്ടിയുടെ കഴിവുകളെ അംഗീകരിക്കുന്നില്ല. സദ്വൃത്തത്തനും സദാചാരബോധമുള്ളവനുമാക്കാനുള്ള ശ്രമം. നാടുവാഴിത്ത മൂല്യങ്ങളിൽ (രാജഭക്തി, ഗുരുഭക്തി, ദൈവഭക്തി, പിതൃഭക്തി) ഊന്നിനിന്നുകൊണ്ടാണ് കുട്ടിയുടെ കർതൃത്വം കല്പിക്കപ്പെട്ടിരുന്നത്. | ജ്ഞാനം നിറയ്ക്കപ്പെടുന്നത് സ്കൂളിൽ നിന്നാണ്. സ്കൂളിലെത്തുന്ന കുട്ടിക്ക് അസംസ്കൃതമായ ജിജ്ഞാസയാണുള്ളത്. അധ്യാപകൻ അത് സംസ്കരിക്കണം. സഹജമായ സൗന്ദര്യാസ്വാദനശേഷി, നന്മതിന്മാവിവേചനശേഷി എന്നിവ കുട്ടിക്കുള്ളതായി വിശ്വസിക്കുന്നില്ല. ആവർത്തനത്തിലൂടെ മെരുക്കിയെടുക്കേണ്ട സത്തയാണ് കുട്ടിയിലുള്ളത്. കുട്ടിയുടെ ജന്മസിദ്ധമായ കഴിവുകളെ അംഗീകരിക്കുന്നില്ല. ജനാധിപത്യമൂല്യങ്ങൾക്ക് ഊന്നൽ | പഠനപ്രക്രിയയിൽ കുട്ടിക്ക് മുൻതൂക്കം നൽകണമെന്ന് നിർദ്ദേശിക്കുന്നു. കുട്ടിയുടെ ആവശ്യത്തിൽ നിന്നാണ് പഠനം ആരംഭിക്കേണ്ടത്. അനുഭവാധിഷ്ഠിതപഠനമാണ് വേണ്ടത്. മൂല്യവിദ്യാഭ്യാസത്തിന് ഊന്നൽ. | കുട്ടിയുടെ സ്വയംപഠനശേഷി അംഗീകരിച്ചു. പഠനം ശിശുകേന്ദ്രീകൃതമാക്കാനുള്ള ശ്രമം തുടങ്ങി. |
| അധ്യാപകൻ | ദൈവത്തിനും പിതാവിനും തുല്യമായി പരിഗണിക്കപ്പെടണം. അധ്യാപക കേന്ദ്രിതമായ പഠനം. പാഠപുസ്തകത്തിലെ അറിവ് കുട്ടിയിലെത്തിക്കുക എന്ന ധർമം. | പരിശീലകന്റെ റോളിലാണ് അധ്യാപകൻ. കുട്ടിക്ക് തെറ്റുവരാതെ നോക്കണം. ഉദ്ദേശ്യാധിഷ്ഠിത ബോധനത്തിന് അനുസൃതമായ ആസൂത്രണം. മൂല്യനിർണയം പരിഹാരബോധനം എന്നിവ അധ്യാപകന്റെ ചുമതല. | പരിശീലകന്റെ റോളിൽ. പഠനപ്രക്രിയ അതിസൂക്ഷ്മമായി നൽകുന്ന പഠനസഹായികൾ അധ്യാപകന്റെ സർഗാത്മകത അംഗീകരിക്കുന്നില്ല. അനുഭവാധിഷ്ഠിതവും ശിശുകേന്ദ്രിതവുമായ പഠനത്തിന് ഊന്നൽ. | അധ്യാപകന് സഹായിയുടെ റോൾ നൽകുന്നു. അധ്യാപകനെ ആസൂത്രണത്തിൽ സഹായിക്കാൻ കൈപ്പുസ്തകങ്ങൾ. കൈപ്പുസ്തകങ്ങളിൽ അധ്യാപകന് പരിശീലകന്റെ റോൾ. |
| ആസൂത്രണം | അധ്യാപകകേന്ദ്രിതപഠനത്തിന് സഹായകമായ തയ്യാറെടുപ്പ് | ഉദ്ദേശ്യാധിഷ്ഠിതബോധനത്തെ ആസ്പദമാക്കിയുള്ള ആസൂത്രണം, വാർഷികപദ്ധതി, ഏകകബോധനപദ്ധതി | ദേശീയ പാഠ്യപദ്ധതി നിർദ്ദേശിച്ച പത്ത് അടിസ്ഥാന ഘടകങ്ങൾ കൂടി പരിഗണിച്ച് ആസൂത്രണം. | പ്രാപ്തിപ്രസ്താവനകൾക്കനുസരിച്ച പാഠാസൂത്രണം. കൈപ്പുസ്തകത്തിൽ ആസൂത്രണം പൂർണമായി നൽകി. പഠനോപകരണങ്ങൾക്ക് ഊന്നൽ. |

| | പൂർവ്വഘട്ടം | മാനകീകരണഘട്ടം | എം.എൽ.എൽ. പൂർവ്വഘട്ടം | എം.എൽ.എൽ.ഘട്ടം |
|---|---|---|---|---|
| പഠനരീതി | മുന്നനുഭവത്തെ പരിഗണിക്കുന്നില്ല. അധ്യാപകകേന്ദ്രിതപഠനരീതി. ഉള്ളടക്കബാഹുല്യം. വ്യാകരണ പഠനത്തിന് ഊന്നൽ ആവർത്തനത്തിനും ജപപഠനത്തിനും ഊന്നൽ. | അനുഭവാധിഷ്ഠിതവും പ്രവർത്തനാധിഷ്ഠിതപഠനത്തിന് ലക്ഷ്യം വെക്കുന്നു. പക്ഷെ പൂർണ്ണവിശ്വാസമില്ല. ആവർത്തനപഠനം, മന:പാഠമാക്കൽ. ഉച്ചാരണത്തിനും എഴുത്തിനും വായനക്കും യാന്ത്രികാവർത്തനം അനിവാര്യം. പഠനോപകരണങ്ങൾക്ക് പ്രാധാന്യം. വ്യാകരണപഠനത്തിന് ഊന്നൽ. അധ്യാപക കേന്ദ്രിതപഠനം. കോപ്പി എഴുത്തിനും കേട്ടെഴുത്തിനും പ്രാധാന്യം. ഭിന്ന നിലവാരപരിഗണന, സംഘപ്രവർത്തനസാധ്യത. | പഠനോദ്ദേശ്യം, പഠനസന്ദർഭം, പഠനപ്രവർത്തനം, പഠനോൽപന്നം എന്നിവക്ക് ഊന്നൽ. പ്രവർത്തനാധിഷ്ഠിതപഠനം, ശിശുകേന്ദ്രിത സമീപനം, നിഗീർണപാഠ്യപദ്ധതി എന്നിവ നിർദ്ദേശിച്ചു. ഉള്ളടക്കത്തിനും പ്രക്രിയക്കും തുല്യപ്രാധാന്യം. വ്യാകരണപഠനത്തിന് ഊന്നൽ. ദേശീയകാമ്പ് പാഠ്യപദ്ധതിയനുസരിച്ച് പഠനരീതി, ഉദ്ഗ്രഥിതഭാഷാപഠനം ഈ ഘട്ടത്തിന്റെ ആശയം. | പ്രാപ്തികളുടെ പ്രബലനത്തിന് ഊന്നൽ ശിശുകേന്ദ്രിതവും പ്രവർത്തനാധിഷ്ഠിതവുമായ പഠനരീതി നിർദേശിച്ചു. പഠനോപകരണങ്ങൾക്ക് ഊന്നൽ. ആദ്യത്തെ 90 പീരിയഡ് ഒന്നാം ക്ലാസിൽ ശ്രവണവും ഭാഷണവും. സംഘപഠനം, സംഘാധ്യാപനം നിർദേശിച്ചു. പഠനത്തിൽ എല്ലാ കുട്ടികളെയും പരിഗണിക്കണമെന്ന ആശയം. പാഠപുസ്തകത്തിനു പുറത്തുള്ള പഠനം. പരിഹാരബോധനത്തിന് ഊന്നൽ. |
| പാഠപുസ്തകം | പാഠപുസ്തകത്തെ കേന്ദ്രീകരിച്ച പഠനം. പാഠപുസ്തകങ്ങൾ കുട്ടിയുടെ മുന്നറിവ്. പ്രാദേശികത എന്നിവ പരിഗണിച്ചില്ല. കുട്ടിക്ക് അന്യമായ ഉള്ളടക്കം, ഭാഷ, ചിത്രങ്ങൾ, അനുഭവം. നൈസർഗ്ഗികാവിഷ്കാരത്തിന് ഇടമില്ല ഗുണപാഠകഥകൾക്ക് പ്രാധാന്യം മതാത്മകമൂല്യങ്ങൾക്ക് മേൽക്കൈ | പൂർവഘട്ടത്തെ അപേക്ഷിച്ച് കുട്ടിയോട് സംവദിക്കുന്ന ഉള്ളടക്കം, ഭാഷ, ചിത്രങ്ങൾ എന്നിവ ഉണ്ടായി. ഉള്ളടക്കത്തെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ. യാന്ത്രികരചനയ്ക്ക് അവസരമൊരുക്കുന്ന പാഠങ്ങൾ. | ഭാഷാബോധനത്തിനുള്ള പ്രധാന ഉപകരണമായി പാഠപുസ്തകത്തെ കാണുന്നു. വൈവിധ്യമാർന്ന ഭാഷാരൂപങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. പാഠപുസ്തകത്തെക്കുറിച്ച കാഴ്ചപ്പാട് രൂപീകരിക്കുന്നതിൽ ജനാധിപത്യമൂല്യങ്ങൾക്ക് ഉള്ളടക്കത്തിൽ സ്ഥാനമുണ്ട്. | ഓരോ പ്രാപ്തിപ്രസ്താവനയ്ക്കും പാഠങ്ങൾ. ഭാഷാശേഷി വികസനത്തിന് വർക്ക് ബുക്ക് തയ്യാറാക്കി. ഉള്ളടക്കബാഹുല്യം. പ്രാദേശിക സാംസ്കാരിക വൈവിധ്യം പ്രതിഫലിക്കുന്നില്ല. |
| പ്രവർത്തനം | നിയതമായ രൂപമില്ല. പദങ്ങളുടെ ആവർത്തനം. അഞ്ചു പാഠം കഴിഞ്ഞാൽ ആവർത്തനപാഠം (ഒന്നാം ക്ലാസിൽ). | ഉള്ളടക്കവുമായി ബന്ധപ്പെട്ട അഭ്യാസപ്രവർത്തനങ്ങൾ. വ്യാകരണ പ്രവർത്തനങ്ങൾ നൽകിയിരുന്നു. | ഉള്ളടക്കകേന്ദ്രിത പ്രവർത്തനങ്ങൾ. പ്രവർത്തനങ്ങളുടെ ബാഹുല്യം. സ്വതന്ത്രരചനകളില്ല. | ഉള്ളടക്കകേന്ദ്രിതം. സർഗാത്മകത വികസിപ്പിക്കുന്നതും സ്വതന്ത്രചിന്തയ്ക്കുതകുന്നതുമായ പ്രവർത്തനങ്ങൾ കുറവ്. |
| മൂല്യനിർണ്ണയം | ഉള്ളടക്കം പദസമ്പത്ത് ഇവയിലൂന്നിയ മൂല്യനിർണയം | . ചോദ്യരൂപങ്ങളിൽ മാറ്റം. ഉള്ളടക്കകേന്ദ്രരീതി. | മൂല്യനിർണയം പഠനപ്രക്രിയയുടെ ഭാഗമാണ്. പ്രൈമറിയിൽ കർശനമായ ജയപരാജയം വേണ്ട. | മൂല്യനിർണയത്തിൽ സാമൂഹ്യപങ്കാളിത്തം. അനൗപചാരികസ്വഭാവം, വൈവിധ്യമാർന്ന തന്ത്രങ്ങൾ. |

പഠനലക്ഷ്യങ്ങൾ നിർണയിക്കുന്നതിലും പഠനരീതിയിലും എം.എൽ.എൽ ഘട്ടം മറ്റ് ഘട്ടങ്ങളെ അപേക്ഷിച്ച് മുന്നിട്ടുനിൽക്കുന്നു. ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും പരിഗ ണിക്കണമെന്ന് പാഠ്യപദ്ധതി തന്നെ നിഷ്കർഷിക്കുന്നത് ഈ ഘട്ടത്തിലാണ്. എന്നാൽ ആധുനിക സൈദ്ധാന്തിക ധാരണകൾ പാഠ്യപദ്ധതി രൂപപ്പെടുത്തുന്നതിലോ വിനിമയം ചെയ്യുന്നതിലോ ഉൾച്ചേർന്നിരുന്നില്ല എന്ന് കാണാനാവും. കൂടാതെ, ദേശീയതലത്തിൽ നടന്ന വിലയിരുത്തലുകളിൽ കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തകർച്ച മറികടക്കാൻ എം.എൽ.എൽ പദ്ധതി അപര്യാപ്തമാണെന്ന് കണ്ടെത്തി.[175]

ദേശീയ-സംസ്ഥാനതലങ്ങളിൽ തയ്യാറാക്കിയ എം.എൽ.എൽ പാഠ്യപദ്ധതി കുട്ടിക ളുടെ പ്രായത്തിന് യോജിച്ചതല്ല. ഉദ്ദേശിച്ച പഠനനിലവാരം കുട്ടികളുടെ നിലവാരത്തിലും ഉയർന്നതും ഉള്ളടക്കബഹുലവുമാണ്. ഒന്നാം ക്ലാസ്സിൽ 6-ാമത്തെ വയസ്സിലാണ് കുട്ടി കളെ ചേർക്കുന്നത് എന്ന ധാരണയിലാണ് മാനവശേഷി വികസന വകുപ്പ് കുട്ടി നേടേണ്ട അവശ്യനിലവാരം നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ, കേരളത്തിൽ അഞ്ചാമത്തെ വയസ്സി ലാണ് ഒന്നാം ക്ലാസ്സിൽ ചേർക്കുന്നത്. കുട്ടികൾക്കും അധ്യാപകർക്കും ലഭ്യമാകുന്ന യഥാർത്ഥ അധ്യയനസമയം കരിക്കുലത്തിൽ പരിഗണിച്ചിട്ടില്ല. അധ്യാപകസഹായികൾ പല കാരണങ്ങളാലും അപര്യാപ്തമാണ്. അധ്യാപക പരിശീലനങ്ങൾക്ക് തുടർച്ചയില്ല. കൂടാതെ, ധാരാളം അധ്യാപകർക്ക് ഇനിയും പരിശീലനം ലഭിച്ചിട്ടില്ല. അധ്യാപകർക്കുള്ള തത്സമയ സഹായവും തീരെയില്ല. പാഠപുസ്തകങ്ങൾ ഭിന്നനിലവാരത്തിലുള്ള പഠനബോ ധനത്തിന് പര്യാപ്തമല്ല. രേഖീയമായ പഠനസമീപനമാണ് സ്വീകരിക്കുന്നത്. എന്നാൽ, കുട്ടികൾ പഠിക്കുന്നത് ചാക്രിക രീതിയിലാണ്.[176]

ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കറുക, മഞ്ചാടി തുടങ്ങിയ കൈപ്പു സ്തകങ്ങൾ പ്രവർത്തനാധിഷ്ഠിതമാക്കി തയ്യാറാക്കിയെങ്കിലും നിലവിലുള്ള പാഠപുസ്ത കവുമായി ഇതു പൊരുത്തപ്പെടുമായിരുന്നില്ല. ഈ സാഹചര്യത്തിലാണ് പുതിയ പാഠ്യ പദ്ധതിയും പാഠപുസ്തകങ്ങളും പ്രൈമറിതലത്തിൽ അനിവാര്യമായത്. പുതിയ പാഠ്യ പദ്ധതിയെ ചരിത്രപരമായി സമീപിക്കാനും വിമർശനാത്മകമായി വിലയിരുത്താനും സഹാ യകമാകുന്ന തരത്തിൽ പൂർവകാല സമീപനങ്ങളെ അപഗ്രഥിക്കാനാണ് ഈ അധ്യായ ത്തിൽ ശ്രമിച്ചിട്ടുള്ളത്. പുതിയ പാഠ്യപദ്ധതിയുടെ കാഴ്ചപ്പാടുകളും ഉപാധികളുമാണ് അടുത്ത അധ്യായത്തിൽ ചർച്ച ചെയ്യുന്നത്.

---

175. Vinitha Kaul, *Text book with a difference, A Study of two DPEP experience*. (New Delhi: Department of Pre School and Elementary Education, NCERT, 1998) 24.

176. Vinitha Kaul 24.

അധ്യായം രണ്ട്

# പുതിയ പാഠ്യപദ്ധതി: കാഴ്ചപ്പാടും ഉപാധികളും

# 2. പുതിയ പാഠ്യപദ്ധതി: കാഴ്ചപ്പാടും ഉപാധികളും

## 2.0 ആമുഖം

1997ലെ 'പുതിയ പാഠ്യപദ്ധതി' മുന്നോട്ടുവെച്ച ഭാഷാപഠന സമീപനം പരിചയപ്പെടുത്താനും പൂർവസമീപനങ്ങളുമായി അതിനെ താരതമ്യം ചെയ്ത് ഭാഷാപഠനരംഗത്തുണ്ടായ മാറ്റം തിരിച്ചറിയാനുമാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്. 1997ലെ പാഠ്യപദ്ധതിരേഖ, അന്നത്തെ ഒന്നുമുതൽ നാലുവരെ ക്ലാസ്സിലെ പാഠപുസ്തകങ്ങൾ, അധ്യാപക സഹായികൾ, അധ്യാപകരുടെ ആസൂത്രണരേഖ, മൂല്യനിർണയ സമീപനരേഖ, സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രസിദ്ധീകരിച്ച കൈപ്പുസ്തകങ്ങൾ, ലഘുലേഖകൾ, അവലോകനക്കുറിപ്പുകൾ, പഠനറിപ്പോർട്ടുകൾ, കുട്ടികളുടെ മാസികകൾ, മറ്റു പ്രസിദ്ധീകരണങ്ങൾ, എസ്.സി.ഇ.ആർ.ടി പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ നിന്നാണ് ഈ അധ്യായത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്.

പുതിയ പാഠ്യപദ്ധതിപ്രകാരം സ്കൂളിനകത്തും പുറത്തും കുട്ടിക്കു ലഭിക്കുന്ന പഠനാനുഭവങ്ങളുടെ ആകത്തുകയാണ് പാഠ്യപദ്ധതി. കുട്ടിയുടെ വൈവിധ്യമാർന്ന കഴിവിന്റെ നിലയും ആവശ്യവും പരിഗണിച്ചായിരിക്കണം പരസ്പരബന്ധിതവും രസകരവുമായ അനുഭവങ്ങൾ ഒരുക്കേണ്ടത്. കുട്ടിയുടെ പ്രായത്തിനും ശേഷിക്കുമനുസരിച്ച് എന്തൊക്കെ അനുഭവങ്ങൾ ഒരുക്കണമെന്ന് അധ്യാപകർക്കും വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന ആസൂത്രകർക്കും ജനങ്ങൾക്കും വ്യക്തമായ മാർഗനിർദ്ദേശങ്ങൾ നൽകുന്ന രേഖയാണ് പാഠ്യപദ്ധതി.[1] പാഠ്യപദ്ധതി വിശകലനം ചെയ്യുന്നതിനായി തെരഞ്ഞെടുക്കുന്ന മേഖലകൾ ഭാഷാപഠനലക്ഷ്യങ്ങൾ, കുട്ടി, അധ്യാപകൻ, പഠനരീതി, പഠനതന്ത്രങ്ങൾ, ആസൂത്രണം, പാഠപുസ്തകം, പഠനപ്രവർത്തനങ്ങൾ, മൂല്യനിർണയം എന്നിവയാണ്.

---

1. കേരള സർക്കാർ 31, വിദ്യാഭ്യാസവകുപ്പ്, *പ്രാഥമിക വിദ്യാഭ്യാസ പാഠ്യപദ്ധതി* (തിരുവനന്തപുരം: ഡി.പി.ഇ.പി., 1997) 1

## 2.1. ഭാഷാപഠനലക്ഷ്യങ്ങൾ

"ജീവിതസാഹചര്യത്തിൽ ഫലപ്രദമായി ആശയം പ്രകടിപ്പിക്കുന്നതിനും സ്വീകരിക്കുന്നതിനും കുട്ടിയെ പ്രാപ്തനാക്കുക എന്നതാണ് പ്രാഥമികഘട്ടത്തിൽ ഭാഷാഭ്യസനത്തിന്റെ ഉദ്ദേശ്യം. ഭാഷ കൈകാര്യം ചെയ്യുന്നതിൽ കുട്ടിയിൽ ആത്മവിശ്വാസം ജനിപ്പിക്കുന്ന രീതിയിലായിരിക്കണം പ്രാഥമികഘട്ടത്തിൽ ഭാഷാപഠനപ്രക്രിയയുടെ ഊന്നൽ എന്നും ഉച്ചാരണസ്ഫുടത, ലേഖനത്തിലെ പൂർണത, വ്യാകരണം എന്നിവയിലുള്ള അമിതമായ ഊന്നൽ കുട്ടിയുടെ ആത്മവിശ്വാസത്തെ തകർക്കുകയും ഭാഷാപഠനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്നും പുതിയ പാഠ്യപദ്ധതി നിരീക്ഷിക്കുന്നു.[2] ശ്രവണം, ഭാഷണം, വായന, ലേഖനം, സർഗാത്മക പ്രകടനം എന്നീ അഞ്ചു മേഖലകളിലായാണ് കുട്ടി നേടേണ്ട ഭാഷാശേഷികൾ ക്രോഡീകരിച്ചിട്ടുള്ളത്.[3]

### 2.1.1 ശ്രവണം

രസകരവും ജിജ്ഞാസ ഉണർത്തുന്നതുമായ അനുഭവങ്ങൾ ശ്രവണ നൈപുണിയുടെ വികാസത്തിനായി നൽകണമെന്നും കഥകൾ, പാട്ടുകൾ, ലഘുവിവരണങ്ങൾ, നിർദ്ദേശങ്ങൾ, സംഭാഷണങ്ങൾ, ലഘുഭാഷണങ്ങൾ, അറിയിപ്പുകൾ എന്നിവ അർത്ഥബോധത്തോ

---

2. കേരള സർക്കാർ 31 9.

3. ഭാഷാപഠനലക്ഷ്യങ്ങൾ പൂർവസമീപനങ്ങളിൽ മികച്ച നിലയിൽ ഭാഷാപഠന ലക്ഷ്യങ്ങൾ നിർണയിച്ചത് എം.എൽ.എൽ ഘട്ടത്തിലാണ്. എന്നാൽ, എം.എൽ. എൽ. ഘട്ടത്തിലെ പരിമിതികളെ മറികടക്കാൻ പുതിയ പാഠ്യപദ്ധതിയിൽ ശ്രമങ്ങൾ നടന്നിട്ടുണ്ട്. എം.എൽ.എൽ ഘട്ടത്തിൽ ഒമ്പതു പ്രാപ്തികളാണ് ഭാഷാപഠനത്തിനായി നിർണയിച്ചിട്ടുള്ളത്. ശ്രവണം, വചനം, വായന, ലേഖനം, ആശയഗ്രഹണം, വ്യാകരണം, സ്വയംപഠനം, ഭാഷാപ്രയോഗം, ഉചിതമായ പ്രയോഗം എന്നിവയാണവ. ഇവിടെ നിർദ്ദേശിച്ചിട്ടുള്ള ആദ്യത്തെ നാലു പ്രാപ്തികൾ ഭാഷാനൈപുണികളാണ്. ആശയഗ്രഹണം, ഭാഷാപ്രയോഗം, ഉചിതമായ പ്രയോഗം എന്നിവ ഭാഷ സ്വീകരിക്കുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള ഉപാധിയും വ്യാകരണം ഭാഷ ഉപയോഗിക്കുന്നതു സംബന്ധിച്ച വ്യാഖ്യാനവും സ്വയംപഠനം എന്നത് പഠനതന്ത്രവുമാണ്. ഇവയെല്ലാം വ്യത്യസ്ത ധർമങ്ങളാണ് ഭാഷാപഠനത്തിൽ നിർവഹിക്കുന്നത്. അതിനാൽ ഇവയെല്ലാം പ്രാപ്തി എന്ന തലക്കെട്ടിൽ ഉൾക്കൊള്ളിക്കുന്നതിന്റെ യുക്തി വ്യക്തമാക്കിയിട്ടില്ല. കൂടാതെ ഈ ഒമ്പതു പ്രാപ്തികൾ നേടുന്നതിനായി ഓരോ ക്ലാസ്സിലും ഉപയോഗിക്കേണ്ട ഭാഷാവ്യവഹാരരൂപങ്ങൾ ഏതെല്ലാമെന്ന് ക്രോഡീകരിച്ചിട്ടില്ലതാനും.

   പുതിയ പാഠ്യപദ്ധതിയിൽ ശ്രവണം, ഭാഷണം, വായന, ലേഖനം, സർഗാത്മകപ്രകടനം എന്നിവയാണ് പ്രധാന മേഖലകളായി നിർണയിച്ചിട്ടുള്ളത്. ഭാഷാനൈപുണികളാണെങ്കിലും സർഗാത്മകപ്രകടനം എന്ന മേഖല വേറിട്ടുനിൽക്കുന്നു. സർഗാത്മകപ്രകടനം മറ്റു ഭാഷാനൈപുണികളുടെ ഭാഗമാണ്. അവയിലുൾപ്പെടാത്ത ആവിഷ്കാരം, നാടകീകരണം, മറ്റു ദൃശ്യാവിഷ്കാരങ്ങൾ എന്നിവയ്ക്ക് സർഗാത്മക പ്രകടനം എന്ന മേഖലയിൽ ഇടമുണ്ട്. പക്ഷേ, അവ പൂർണമായും ഭാഷാപ്രവർത്തനത്തിൽ ഒതുങ്ങുന്നില്ല എന്ന പരിമിതിയുണ്ട്. എന്നാൽ ഭാഷണം, ലേഖനം, വായന എന്നിവയ്ക്ക് സാധ്യതയുള്ള പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ ക്രോഡീകരിച്ചിട്ടുള്ളത്. വായിച്ചു മനസ്സിലാക്കിയ ആശയങ്ങൾക്കു തലക്കെട്ടു നൽകുക, സംഭവചിത്രങ്ങൾക്ക് അടിക്കുറിപ്പ് എഴുതുക, കൈയെഴുത്ത് മാസികയിലേക്ക് ലഘുരചനകൾ നടത്തുക, കഥകൾ, സംഭവങ്ങൾ, കവിതകൾ, തുടങ്ങിയവ വ്യത്യസ്ത രീതിയിൽ അവതരിപ്പിക്കുക. (അനു: 9)

ടെയുള്ള ശ്രവണാനുഭവങ്ങൾക്കായി നൽകാമെന്നും പുതിയ പാഠ്യപദ്ധതി നിർദ്ദേശിക്കുന്നു.[4]

## 2.1.2. ഭാഷണം

ലഘുചർച്ചകളിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ പറയുന്നതിനും ലഘുവിവരണങ്ങൾ നൽകുന്നതിനും കൂടുതൽ വിവരങ്ങൾ അന്വേഷിച്ചറിയുന്നതിനും സമപ്രായത്തിലുള്ള സംഘത്തോട് സംസാരിക്കുന്നതിനും നിർദ്ദേശങ്ങൾ നല്കുന്നതിനുമുള്ള ശേഷി രൂപപ്പെടാനുള്ള പഠനാനുഭവങ്ങളാണ് പ്രാഥമികതലത്തിൽ കുട്ടിക്ക് ലഭിക്കേണ്ടത്. കേവലം ചോദ്യോത്തരത്തിലുപരിയായി സ്വാഭാവികമായി ഒഴുക്കോടെ സന്ദർഭാനുസരണം ഭാഷണം നടത്താനുള്ള കഴിവ് കുട്ടിക്ക് സിദ്ധിക്കണമെന്ന് പാഠ്യപദ്ധതി ലക്ഷ്യമിടുന്നുണ്ട്.[5]

---

4. കേരള സർക്കാർ 31 8.

 പുതിയ പാഠ്യപദ്ധതിയിൽ ഒന്നാം ക്ലാസ്സിൽ പരിചിതമായ സന്ദർഭങ്ങളിലെ സംഭാഷണങ്ങൾ, നിർദ്ദേശങ്ങൾ, ചോദ്യങ്ങൾ എന്നിവ ആശയഗ്രഹണത്തോടെ കേൾക്കുന്നതിനും എന്നും നാലാം ക്ലാസിലെത്തുമ്പോൾ കഥകൾ, കവിതകൾ, നാടൻപാട്ടുകൾ, ആഖ്യാനങ്ങൾ, വിവരണങ്ങൾ, ലഘുഭാഷണങ്ങൾ, വാർത്തകൾ, അറിയിപ്പുകൾ, നാടകം, കഥാപ്രസംഗം എന്നിവ മനസ്സിലാക്കുന്നതിനുള്ള ശ്രവണാനുഭവങ്ങളും വായനാനുഭവങ്ങളും ഉണ്ടാകുന്നു എന്നുമാണ്. (അനു: 9)

 ആശയസ്വീകരണ മേഖലയിൽ ഒന്നാം ക്ലാസ്സിലെ ഉയർന്ന തലം പരിചിതമായ സന്ദർഭങ്ങളിൽ വാചികമായ അപേക്ഷകളും ലളിതമായ നിർദ്ദേശങ്ങളും ഗ്രഹിക്കുന്നു. ശ്രവണാന്തരം ആര്, എപ്പോൾ, എവിടെ എന്നീ ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നു എന്നും നാലാം ക്ലാസ്സിലെത്തുമ്പോൾ ഒരു പ്രവൃത്തി ചെയ്യുന്നതിനുള്ള വാചിക നിർദ്ദേശങ്ങൾ ശ്രദ്ധിക്കുന്നു എന്നും ശ്രവണത്തിനും വായനയ്ക്കും ശേഷം 'കാരണം', 'എന്തുകൊണ്ട്' എന്നീ പദങ്ങൾ ഉപയോഗിച്ച് ഉത്തരം നൽകുന്നതിനുമാണ് എം.എൽ.എൽ ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത്. (അനു: 2)

 വാചികനിർദ്ദേശങ്ങൾ ഗ്രഹിച്ച് പ്രവർത്തിക്കുകയും ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതിന് സഹായകമായ തലത്തിൽ ചോദ്യങ്ങൾ കേട്ടു മനസ്സിലാക്കുക എന്നതിൽ ചില പ്രശ്നങ്ങളുണ്ട്. നിർദ്ദേശങ്ങൾ കേട്ട് പ്രവർത്തിക്കുമ്പോൾ ശ്രവണം എത്രമാത്രം നടന്നിട്ടുണ്ടെന്ന് മനസ്സിലാക്കാനാവും. എന്നാൽ ശ്രവിച്ച ചോദ്യം ഗ്രഹിച്ചു എന്നതിന്റെ തെളിവായി 'കാരണം' 'എന്തുകൊണ്ടെന്നാൽ' എന്നീ പദങ്ങൾ ഉപയോഗിച്ച് ഉത്തരം പറയുന്നതിനെ കണക്കാക്കാനാവില്ല. ഉത്തരം പറയണമെങ്കിൽ ചോദ്യം കൊണ്ടെന്താണ് അർത്ഥമാക്കുന്നത് എന്ന് ഗ്രഹിക്കണം. ചോദ്യത്തിനുള്ള ഉത്തരം എന്താണെന്ന് അറിയണം. നിശ്ചിത പദങ്ങൾ ഉൾക്കൊള്ളിച്ച് ഉത്തരം പറയാൻ കഴിയണം. ഇതിൽ രണ്ടും മൂന്നും കാര്യങ്ങൾ ചോദ്യങ്ങൾ ശ്രവിച്ച് മനസ്സിലാക്കിയില്ല എന്നുറപ്പിക്കാൻ പര്യാപ്തമായ കാര്യങ്ങളല്ല. അതിനാൽ ഈ വക ശാഠ്യം ഭാഷാപഠനലക്ഷ്യങ്ങൾ നിർണയിക്കുന്നതിന്റെ പരിമിതിയിലാണ് ഉൾക്കൊള്ളുക. ഇവിടെ സ്വാഭാവികത എന്ന ഭാഷയുടെ അടിസ്ഥാന സ്വഭാവം നിയന്ത്രിക്കപ്പെടുന്നു (അനു: 2, 9).

 പുതിയ പാഠ്യപദ്ധതിയിൽ ഈ ദിശയിലല്ല ശ്രവണാനുഭവത്തെ നോക്കിക്കാണുന്നത്. ഇവിടെ പ്രധാന മാറ്റം ഭാഷാപഠനദർശനത്തിലാണ്. ഭാഷയുടെ പ്രധാനധർമം ആശയവിനിമയമാണല്ലോ. ഇത് നടക്കുന്നത് ഭാഷാവ്യവഹാരരൂപങ്ങളിലൂടെയാണ്. (ഡോ. കെ.എൻ. ആനന്ദൻ, *ഭാഷയും ഭാഷാപഠനവും,* (തിരുവനന്തപുരം: ഡി.പി.ഇ.പി., 2000) 20.

 ഭാഷാവ്യവഹാരരൂപങ്ങളിലുള്ള ശ്രവണാനുഭവമാണ് കുട്ടിക്ക് ലഭിക്കേണ്ടത്. ഇതിനു സഹായകമാണ് മാറിയ പഠനസങ്കല്പം എന്ന് പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്ന പഠനലക്ഷ്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

5. പുതിയ പാഠ്യപദ്ധതിയിലെ പാഠ്യപദ്ധതി പ്രസ്താവനകൾ ഭാഷണത്തിൽ കൃത്യമായ വളർച്ചയും ഭാഷണമൂല്യങ്ങളും ഉൾക്കൊള്ളുന്നു എന്ന് വിലയിരുത്താൻ കഴിയും. 'പ്രദർശിപ്പിച്ച വസ്തുക്കൾ, ചിത്രങ്ങൾ എന്നിവയെക്കുറിച്ച് സ്വന്തം ഭാവനയ്ക്കനുസരിച്ച് ഭാഷണം നടത്തുന്നതിന്' - ഒന്നാം ക്ലാസ്സ്, 'കഥകൾ തന്റേതായ ഭാഷയിൽ അവതരിപ്പിക്കുന്നതിന്" - രണ്ടാം ക്ലാസ്സ്, 'വായിച്ച ബാലമാസികകൾ, ബാലസാഹിത്യകൃതി എന്നിവയിലെ സംഭവങ്ങൾ ക്രമത്തിൽ പറയുന്നതിന്'-മൂന്നാം ക്ലാസ്സ്, നിശ്ചിത വിഷയത്തെക്കുറിച്ചുള്ള ചർച്ചകളിൽ പങ്കെടുത്ത് മറ്റുള്ളവരുടെ അഭിപ്രായങ്ങളെ മാനിച്ച് തന്റേതായ

### 2.1.3. വായന

പരിചിതമായ സന്ദർഭങ്ങളിൽ കേട്ട ശബ്ദങ്ങളും അവയുടെ ലിഖിതരൂപവും തമ്മിൽ ബന്ധപ്പെടുത്തി അർത്ഥം കണ്ടെത്തുകയാണ് വായനയിലൂടെ നടക്കുന്നത്. വായിക്കുമ്പോൾ പുതിയ പദങ്ങളുടെ അർത്ഥവും വാക്യങ്ങളിലെ ആശയവും സന്ദർഭത്തിൽ നിന്ന് കുട്ടി വായിച്ചറിയുകയാണ്. ഏറ്റവും താല്പര്യമുള്ളവ വായിക്കുന്നതിലൂടെയാണ് വായനയിൽ ആത്മവിശ്വാസം ലഭിക്കുക. അർത്ഥം ഗ്രഹിക്കുന്നതിന് അനുകൂലമായ അന്തരീക്ഷം ഉറപ്പാക്കുന്ന വായനാസാമഗ്രികളാണ് കുട്ടിക്ക് നൽകേണ്ടത്.[6] ഒറ്റപ്പെട്ടുനിൽക്കുന്ന അക്ഷരങ്ങളോ പദങ്ങളോ വായനയ്ക്കായി നൽകുന്നതിനു പകരം ഒരാശയത്തിൽ ബന്ധിച്ച് തുടർന്ന് വായിക്കുവാൻ പ്രേരിപ്പിക്കുന്നതാവണം ആദ്യഘട്ടത്തിൽ വായനയ്ക്കായി നൽകേണ്ടത്. കുട്ടികളുടെ ഭാവനയും സർഗശേഷിയും ചിന്താശേഷിയും ഉയർത്താൻ ഉതകുന്ന ബാലസാഹിത്യകൃതികൾ വായിക്കുവാൻ പ്രാഥമികഘട്ടം പൂർത്തിയാക്കുന്നതോടെ കുട്ടിക്കു കഴിയണമെന്ന് പാഠ്യപദ്ധതി ലക്ഷ്യമിടുന്നു.[7]

---

ആശയങ്ങളെ കാര്യമാത്രപ്രസക്തമായി പ്രകടിപ്പിക്കുന്നതിന്. പങ്കെടുത്ത ലഘുചർച്ചകളിലെ പ്രധാന നിഗമനങ്ങൾ തന്റേതായ രീതിയിൽ ക്രോഡീകരിച്ച് പറയുന്നതിനും എഴുതുന്നതിനും സംഗ്രഹങ്ങൾ തയ്യാറാക്കുന്നതിനും ഇഷ്ടമുള്ള വിഷയത്തെക്കുറിച്ച് സമപ്രായക്കാരുടെ സംഘത്തിൽ ആത്മവിശ്വാസത്തോടെയും ഒഴുക്കോടെയും ഭാഷണം നടത്തുന്നതിനും നാലാം ക്ലാസ്സ് (അനു:9). ഭാഷണത്തിന്റെ ധർമം വളരെ കൂടുതൽ സാർത്ഥകമാവുന്നത് ഈ ഘട്ടത്തിലാണ് കൂടാതെ ഭാഷയുടെ ഏറ്റവും പ്രധാന ധർമമാണ് ഭാഷണം. ഭാഷണത്തിന് എപ്പോഴും ശ്രോതാവ് ആവശ്യമാണ്. എന്നാൽ വായനയും എഴുത്തും മറ്റൊരു വ്യക്തിയെ നേരിട്ട് ആവശ്യപ്പെടുന്നില്ല. അതുകൊണ്ടുതന്നെ ഭാഷണത്തിന്റെ രീതി, ഭാഷ, വികാരം, എന്നിവ ജനാധിപത്യപരവും സാമൂഹ്യമര്യാദ, പരസ്പരബഹുമാനം എന്നിവയിലധിഷ്ഠിതവുമാവണം.

6. കേരള സർക്കാർ 31 10.

7. എന്നാൽ എം.എൽ.എൽ. ഘട്ടത്തിൽ കുട്ടിയിൽനിന്ന് കേവലം അഭ്യാസത്തിൽനിന്നും ആർജ്ജിക്കേണ്ട ശേഷികൾ മാത്രമാണ് പ്രതീക്ഷിച്ചിരുന്നത്. (അനുബന്ധം 1.2)

പുതിയ പാഠ്യപദ്ധതി ലളിതമായ പദങ്ങളും വാക്യങ്ങളും വായിക്കുന്നതിനും ചിത്രങ്ങളിൽ നിന്ന് കഥ കണ്ടെത്തി പറയുന്നതിനും ലളിതവും ചിത്രങ്ങളോടുകൂടിയതുമായ ബാലസാഹിത്യ രചനകൾ കൂട്ടുകാരുമൊത്തു വായിക്കുന്നതിനുമുള്ള കഴിവ് ഒന്നാംക്ലാസ്സിലെ കുട്ടി നേടുന്നതിന് ലക്ഷ്യമിടുന്നു. നാലാം ക്ലാസ്സിലെത്തുമ്പോഴേക്കും ബാലസാഹിത്യ കൃതികൾ-കഥകൾ, കവിതകൾ, ജീവചരിത്രം, യാത്രാവിവരണം, ആത്മകഥ, ശാസ്ത്രസംബന്ധമായ കാര്യങ്ങൾ, വിവരണങ്ങൾ– വായിക്കുന്നതിനും വേഗത്തിൽ വായിച്ച് പ്രധാനാശയങ്ങൾ കണ്ടെത്തുന്നതിനും കുട്ടികൾ എഴുതിയ കത്തുകൾ, കുറിപ്പുകൾ, മറ്റു രചനകൾ എന്നിവ വായിച്ച് ആശയം ഗ്രഹിക്കുന്നതിനും ചിത്രം വായിച്ച് അതിലുള്ള ആശയം വരുന്ന ഖണ്ഡിക കണ്ടെത്തുന്നതിനുമുള്ള ശേഷി കുട്ടി നേടേണ്ടതുണ്ട്. (അനു: 9) ഒന്നാംക്ലാസ്സിൽ ബാലസാഹിത്യരചന വായിക്കുന്ന കുട്ടി നാലാം ക്ലാസ്സിലെത്തുമ്പോൾ വിവിധ വ്യവഹാര രൂപങ്ങളുടെ ആശയഗ്രഹണത്തോടു കൂടിയ വായനയാണ് പാഠ്യപദ്ധതി ലക്ഷ്യമിടുന്നത്. (കേരള സർക്കാർ 31 9)

എം.എൽ.എൽ ഘട്ടത്തിൽ ഒന്നാം ക്ലാസ്സുകാരൻ മൂന്നക്ഷരമുള്ള പദങ്ങൾ വായിക്കുവാനാണ് ലക്ഷ്യമിടുന്നത്. രണ്ടാംക്ലാസ്സിൽ ശിശുഗാനങ്ങളും കവിതകളും ഉച്ചത്തിൽ വായിക്കണം. മൂന്നാം ക്ലാസ്സിൽ കുട്ടി ലഘുകഥകൾ, പുസ്തകങ്ങൾ മൗനമായി വായിക്കണം. നാലിലെ കുട്ടി മാസിക വായിക്കണം. കുട്ടിയിൽ നിന്നു കേവലം അഭ്യാസത്തിലൂടെ ആർജിക്കേണ്ട ശേഷികൾ മാത്രമാണ് പ്രതീക്ഷിക്കുന്നത് (അനു: 2).

### 2.1.4. ലേഖനം

വിവിധ സന്ദർഭങ്ങളിൽ കേട്ടറിഞ്ഞ പദങ്ങൾ സ്വന്തം സംഭാഷണത്തിൽ ഉൾപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന അതേ ആത്മവിശ്വാസമാണ് പരിചിതവും എളുപ്പം അർത്ഥഗ്രഹണം സാധ്യമാകുന്നതുമായ പദങ്ങൾ വായിക്കുമ്പോഴും അങ്ങനെ പലതവണ വായിച്ചുറച്ചവ എഴുതുമ്പോഴും കുട്ടിക്ക് അനുഭവപ്പെടുന്നത്. എഴുതാനുള്ള ലാളിത്യത്തെക്കാൾ മുൻഗണന നൽകേണ്ടത്, എഴുതുന്ന പദം കുട്ടിക്ക് എത്രമാത്രം പരിചിതവും പ്രിയപ്പെട്ടതുമാണ് എന്നതിനായിരിക്കണം. പ്രാഥമികഘട്ടം പൂർത്തിയാകുന്നതോടെ പരിചിതമായ വസ്തുക്കൾ, സംഭവങ്ങൾ, അനുഭവങ്ങൾ എന്നിവയെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുന്നതിനും ലളിതമായ കത്തുകളും അപേക്ഷകളും എഴുതുന്നതിനും, വായിച്ച ബാലസാഹിത്യകൃതിയെപ്പറ്റി ലഘുകുറിപ്പുകൾ തയ്യാറാക്കുന്നതിനും കൈയെഴുത്തുമാസികകളിൽ ലഘുരചനകൾ നടത്തുന്നതിനും കഴിയത്തക്കവിധത്തിൽ കുട്ടിയിൽ ലേഖനനൈപുണി വികസിക്കണമെന്ന് പാഠ്യപദ്ധതിരേഖയിൽ പറയുന്നു.[8]

### 2.1.5 സർഗാത്മകപ്രകടനം

"നൈസർഗിക വാസനകളെയും സർഗാത്മകതയെയും പോഷിപ്പിക്കണം, കേവലം എഴുത്തും വായനയും എന്നതിലുപരി സർഗാത്മകപ്രകടനത്തിന് പ്രാധാന്യം നൽകുമ്പോൾ മാത്രമേ ഭാഷാഭ്യസനം പൂർണമാകൂ. സൂചനകൾ, ചിത്രങ്ങൾ എന്നിവയെ ബന്ധപ്പെടുത്തി കഥകൾ നിർമിക്കൽ, കഥാകവിതാപൂരണം, നാടകീകരണം, റോൾപ്ലേ, മൈമിങ്, അടിക്കുറിപ്പുകൾ, പുനരാഖ്യാനം എന്നിവ സർഗാത്മകപ്രകടനത്തിനായി നൽകാവുന്നതാണ് എന്ന് നിർദ്ദേശിക്കുന്നു.[9]

---

8. അക്ഷരങ്ങളും പദങ്ങളും നോക്കിയും കേട്ടും എഴുതുന്നതിനും ഉചിതമായ ചിഹ്നം ചേർത്ത് എഴുതാനുമാണ് എൻ.എൽ.എൽ പദ്ധതി 4ാം ക്ലാസ്സ് വരെ ലക്ഷ്യമിടുന്നത്. എന്നാൽ സ്വതന്ത്രവും സർഗാത്മകവുമായ രചനകൾക്കും വൈവിധ്യമാർന്ന വ്യവഹാര രൂപങ്ങളിൽ രചന നടത്തുന്നതിനും പുതിയ പാഠ്യപദ്ധതി ലക്ഷ്യമിടുന്നു. (അനു:9). എം.എൽ.എൽ പദ്ധതിയുടെ പ്രധാന ന്യൂനതയായി എടുത്തുകാണിക്കുന്ന കാര്യം പദപഠനത്തിനു നൽകിയ ഊന്നലാണ്. പാഠ്യപദ്ധതിയുടെ പൂർവഘട്ടം മുതൽ പദങ്ങൾക്കു നൽകിയ ഊന്നൽ എം.എൽ.എൽ ഘട്ടത്തിലും തുടരുകയാണ്. ഒന്നാം ക്ലാസ്സിൽ 1500 പദങ്ങൾ, രണ്ടാം ക്ലാസ്സിൽ 2000, മൂന്നാം ക്ലാസ്സിൽ 3000, നാലാം ക്ലാസ്സിൽ 4000 എന്നിങ്ങനെയാണ് നിർണയിച്ചിട്ടുള്ളത്. (കേരള സർക്കാർ 31 15-16) വിവിധ പ്രാപ്തികളുടെ ഓരോ ക്ലാസ്സിലെയും ഉയർന്ന നില ഇവ്വിധമാണ് എം.എൽ.എൽ ഘട്ടത്തിൽ നിർണയിച്ചിട്ടുള്ളത്. ഇത് കുട്ടിയുടെ ഭാഷാവികസനശേഷിയെയല്ല ലക്ഷ്യം വയ്ക്കുന്നത്. എന്നാൽ കുട്ടിയുടെ ഭാഷാശേഷിവികസനത്തിന് സഹായകമായ രീതിയിൽ ലക്ഷ്യങ്ങൾ നിർവചിക്കാൻ പുതിയ പാഠ്യപദ്ധതിയിൽ ശ്രമം നടന്നിട്ടുണ്ട് (അനു: 9).

9. കേരള സർക്കാർ 31 10.

## 2.1.6. പാഠ്യപദ്ധതി പ്രസ്താവനകൾ

ഭാഷാപഠനലക്ഷ്യങ്ങളെ ആശയസ്വീകരണം, ആശയപ്രകടനം, സർഗാത്മകപ്രകടനം എന്നിങ്ങനെ തിരിച്ച് വിശദമായ പാഠ്യപദ്ധതി പ്രസ്താവനാരൂപത്തിൽ നൽകിയിട്ടുണ്ട് [10] (അനു: 9) ഈ മേഖലകളിൽ അനുഭവങ്ങൾ നൽകുന്നതിനായി ഒന്നാം ക്ലാസ്സിൽ അഞ്ചും രണ്ടാം ക്ലാസ്സിൽ നാലും മൂന്നിൽ പതിനെട്ടും നാലിൽ ഇരുപത്തിനാലും വ്യവഹാരരൂപ ങ്ങൾ നൽകിയിട്ടുണ്ട്. (പട്ടിക 4) ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ഉദ്ഗ്രഥിതപഠന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.[11]

10. കുട്ടി നേടണമെന്ന് പാഠ്യപദ്ധതി ലക്ഷ്യംവയ്ക്കുന്ന ശേഷികൾ നേടുന്നതിന് സഹായകമായ പഠനാനുഭവങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇതിനായി പാഠ്യപദ്ധതി ലക്ഷ്യങ്ങൾ പ്രസ്താവനാരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു (അനു: 9).

11. ഉദ്ഗ്രഥിത സമീപനം: കുട്ടി ലോകത്തെ കാണുന്നത് സമഗ്രമായിട്ടാണ്. വ്യത്യസ്ത വിഷയങ്ങളുടെ അന്യോന്യം ബന്ധമില്ലാത്ത അറകളായിട്ടല്ല, സമഗ്രമായ അനുഭവമായാണ് പ്രകൃതിയിൽ നിന്നും സ്വീകരിക്കുന്നത്. പഠനം സ്വാഭാവികവും അനായാസവുമാവണമെങ്കിൽ സമഗ്രവും പരസ്പരബന്ധിതവുമായ പഠനാനുഭവങ്ങൾ കുട്ടികൾക്ക് നൽകണം. ഈ ധാരണയിൽ വിഷയങ്ങളുടെ വേർതിരിവില്ലാതെ പഠനാനുഭവങ്ങൾ നൽകുന്ന രീതിയാണ് ഉദ്ഗ്രഥിത സമീപനം (കേരള സർക്കാർ 31 6).

## 2.2. കുട്ടി

കുട്ടിക്ക് പഠനപ്രക്രിയയിൽ കേന്ദ്രസ്ഥാനമാണ് പുതിയ പാഠ്യപദ്ധതി നൽകിയിട്ടു ള്ളത്. പാഠ്യപദ്ധതി കുട്ടിയെക്കുറിച്ച് ചില സങ്കല്പങ്ങളും ധാരണകളും രൂപപ്പെടുത്തിയി ട്ടുണ്ട്. സ്വയം ചിന്തിക്കാനും ആശയങ്ങൾ പ്രകടിപ്പിക്കാനും സൃഷ്ടിപരമായി പ്രവർത്തി ക്കാനും കഴിയുന്നവരാണ് കുട്ടികൾ എന്ന് പുതിയ പാഠ്യപദ്ധതി വിശ്വസിക്കുന്നു. കുട്ടി ധാരാളം ആശയങ്ങളും അവശ്യം വേണ്ട പദസമ്പത്തും നേടിയിട്ടുണ്ട്. കുട്ടികൾക്ക് കളി കൾ ഏറെ ഇഷ്ടമാണ്. കുട്ടി ലോകത്തെ കാണുന്നത് അതിന്റെ സമഗ്രതയിലാണ്. കുട്ടി കൾ ചലനാത്മകതയുള്ളവരാണ്. അവർക്ക് പ്രവർത്തനങ്ങൾ ഇഷ്ടമാണ്. ജന്മസിദ്ധമായി ജിജ്ഞാസുക്കളാണ് കുട്ടികൾ. ഏറെ നേരം ഒരു പ്രവർത്തനത്തിൽ ശ്രദ്ധ കേന്ദ്രീകരി ക്കാൻ അവർക്കാവില്ല. വൈവിധ്യമുള്ള പ്രവർത്തനങ്ങൾ അവർ ഇഷ്ടപ്പെടുന്നു. മൂർത്താ നുഭവങ്ങളും പഠനോപകരണങ്ങളുപയോഗിച്ചുമുള്ള പഠനവും ഇഷ്ടപ്പെടുന്നു. സൃഷ്ടി പരത മുറ്റിയതാണ് അവരുടെ പ്രകൃതം. കഥകളും പാട്ടുകളും നിർമാണപ്രവർത്തനങ്ങളും അവർ ഇഷ്ടപ്പെടുന്നു.[12]

### 2.2.1 പഠനാനുഭവമൊരുക്കുമ്പോൾ

കുട്ടിയെക്കുറിച്ചുള്ള മാറിയ സങ്കൽപനത്തിൽ നിന്നുകൊണ്ടാണ് പഠനാനുഭവങ്ങൾ ഒരുക്കേണ്ടത്. അങ്ങനെ പഠനാനുഭവങ്ങൾ നൽകുമ്പോൾ അവയ്ക്ക് ഒട്ടേറെ പ്രത്യേകത കൾ ഉണ്ടാകണമെന്ന് പാഠ്യപദ്ധതി നിഷ്കർഷിക്കുന്നുണ്ട്.

ഭയരഹിതമായ അന്തരീക്ഷം ഉറപ്പാക്കുന്നവ, ശാരീരികവും മാനസികവുമായ വളർച്ചക്ക് ഊന്നൽ നൽകുന്നവ, അപരിചിതത്വം ഒഴിവാക്കുന്നവ, മാതൃഭാഷ ഉപയോഗിച്ചുകൊണ്ടു ള്ളവ, പ്രാദേശികവ്യത്യാസങ്ങളും വിഭവങ്ങളും പഠനപ്രവർത്തനങ്ങളിൽ പരമാവധി ഉൾപ്പെ ടുന്നവ, ചാക്രികാരോഹണരീതിയിലുള്ളവ, ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിനകത്തെ പൊതുകാമ്പ്ഘടകങ്ങൾ[13] ഉൾക്കൊള്ളുന്നവ എന്നിവയാണവ.[14]

12. കേരള സർക്കാർ 31 4

13. കാമ്പ്ഘടകം : ഭരണഘടന വിഭാവനം ചെയ്യുന്ന സ്ഥിതിസമത്വം, സ്വാതന്ത്ര്യം, മതേതരത്വം, ജനാധിപ ത്യം, ശാസ്ത്രാവബോധം എന്നീ ആശയങ്ങൾ നിർബന്ധമായും പാഠ്യപദ്ധതിപരിഷ്കരണത്തിന്റെ ഭാഗ മാകേണ്ടതുണ്ട്. ഭരണഘടന മുന്നോട്ടു വയ്ക്കുന്നതും ദേശീയവും അന്തർദേശീയവുമായി ഇന്ത്യ ഉൾക്കൊള്ളുന്നതുമായ ആശയങ്ങളെയാണ് പാഠ്യപദ്ധതിയുടെ കാമ്പ്ഘടകം എന്നതുകൊണ്ട് ഉദ്ദേശി ക്കുന്നത്.

14. കേരള സർക്കാർ 31 5-6.

## 2.2.2. പഠിതാവിന്റെ സവിശേഷതകൾ

കുട്ടിയുടെ സഹജമായ കഴിവുകളെ അംഗീകരിക്കുകയും അതനുസരിച്ച് പഠനത്തെ പുനർനിർവചിക്കുകയും ചെയ്യുമ്പോൾ പഠനത്തെയും പഠിതാവിനെയും സംബന്ധിച്ച് പുതിയ ദർശനം രൂപപ്പെടുന്നു. വിജയത്തിലേക്ക് ഉയർന്ന പഠിതാവിന് പ്രധാനമായും നാലു സവിശേഷതകൾ ഉണ്ടാവും. ജിജ്ഞാസയുള്ളവളും സ്വയം നിർണയിക്കാൻ കഴിവുള്ളവളും തന്ത്രജ്ഞയും അനുതാപചിന്തയുള്ളവളുമാണ്. പഠിതാവ്, സാമഗ്രികൾ, അധ്യാപിക, സന്ദർഭം എന്നിവയുടെ പരസ്പര ഇടപഴകലിൽ കൂടി രൂപം കൊള്ളുന്നതാണ് ഈ പഠനപ്രക്രിയ.[15]

## 2.2.3. പഠനസാധ്യത

പൂർവഘട്ടങ്ങളിൽനിന്ന് വിഭിന്നമായി കുട്ടിയെക്കുറിച്ചുള്ള ധാരണകളും സങ്കല്പനങ്ങളും പുതിയ പാഠ്യപദ്ധതിയിൽ രൂപപ്പെടുത്തിയിട്ടുണ്ട്. അതിനെ ആധാരമാക്കിയാണ് പാഠപുസ്തകം, പഠനപ്രവർത്തനങ്ങൾ, പഠനരീതി, വിഷയസമീപനങ്ങൾ എന്നിവ രൂപപ്പെടുത്തിയിരിക്കുന്നത്. കുട്ടിക്ക് തന്റേതായ വ്യക്തിത്വവും ചിന്താശേഷിയുമുണ്ടെന്നും നിരവധി ധാരണകളുമായാണ് കുട്ടി സ്കൂളിലെത്തുന്നത് എന്നും പാഠ്യപദ്ധതി തിരിച്ചറിഞ്ഞിട്ടുണ്ട്. കുട്ടിയുടെ സഹജമായ പ്രകൃതത്തെ അംഗീകരിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന പുതിയ പാഠ്യപദ്ധതി അവയെ പഠനസാധ്യതകളായി തിരിച്ചറിയുകയും ഉപയോഗപ്പെടുത്തുകയും ചെയ്യാൻ ലക്ഷ്യമിടുന്നു.[16]

## 2.2.4. മാനവിക സമീപനം

കുട്ടി സമൂഹത്തിൽ നിന്നും ക്ലാസ്സ് മുറിയിൽ നിന്നും മാന്യമായ പെരുമാറ്റം പ്രതീക്ഷിക്കുന്നു. മാനവികമായ ഈ സമീപനമാണ് പുതിയ പാഠ്യപദ്ധതിയിലുള്ളത്. ഇത്തരം മാനവികമായ മൂല്യങ്ങൾ പ്രായോഗികമാകണമെങ്കിൽ അധ്യാപകന്റെയും രക്ഷിതാക്കളുടെയും മനോഭാവത്തിൽ മാറ്റം വരണം. അതിനു സഹായകമായ പഠനവും പരിശീലനവും പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായി നൽകുകയുണ്ടായി. തെറ്റുകൾ പഠനപ്രക്രിയയുടെ ഭാഗമാണെന്നും അവ കുട്ടി സ്വയം തിരിച്ചറിഞ്ഞ് പരിഹരിക്കാനുള്ള അവസരമൊരുക്കിയാണ് കുട്ടിയെ സഹായിക്കേണ്ടതെന്നും പുതിയ പാഠ്യപദ്ധതി വെളിപ്പെടുത്തുന്നു.[17]

---

15. കെ.എം. രമേശനും മറ്റും 1, *വിദ്യാഭ്യാസപരിവർത്തനത്തിന് ഒരാമുഖം*, (കൊച്ചി: കെ.എസ്.എസ്.പി., 2002) 117
16. കേരള സർക്കാർ 31 4
17. രമേശൻ 1 19

## 2.3. അധ്യാപകൻ

പ്രവർത്തനരീതി, കുട്ടികളോടുള്ള സമീപനം, പഠനോന്മുഖമായ മനോഭാവം, പ്രശ്ന വിശകലനശേഷി തുടങ്ങിയ തലങ്ങളിലുള്ള അധ്യാപകന്റെ പങ്കിൽ പുതിയ പാഠ്യപദ്ധതി നവീന ആശയങ്ങൾ എന്തെല്ലാമെന്ന് അന്വേഷിക്കുകയാണ് ഇവിടെ.

### 2.3.1. അധ്യാപകൻ ഒരു സുഹൃത്ത്

പഠനം സ്വാഭാവികമായി നടക്കുന്നതിന് സാഹചര്യം ഒരുക്കിക്കൊടുക്കുന്ന സുഹൃത്താണ് അധ്യാപകൻ. ഒരു ക്ലാസ്സിൽ ഒരധ്യാപകൻ എന്ന രീതിയാണ് പ്രൈമറിയിൽ അഭികാമ്യം. അധ്യാപകന് നിരന്തര പരിശീലനം ആവശ്യമാണ്. ഫലപ്രദമായ അധ്യാപനത്തിനു വേണ്ട അക്കാദമികവും ഭരണപരവുമായ പിന്തുണ, പരിഗണനകൾ പാഠ്യപദ്ധതി ഉൾക്കൊള്ളണം. അധ്യാപകരുടെ സർഗാത്മകവും ചിന്താപരവുമായ ശേഷി പരിപോഷിപ്പിക്കുന്നതിനുള്ള അവസരമുണ്ടാവണം.[18] ഈ ആശയങ്ങൾ പ്രാവർത്തികമാക്കാൻ അധ്യാപകർ എന്തെല്ലാം ചെയ്യണമെന്ന് അധ്യാപക സഹായിയിലും പരിശീലനങ്ങളിലും ചർച്ച ചെയ്യുന്നുണ്ട്. വിജ്ഞാനത്തിന്റെ വിതരണക്കാർ എന്ന നിലയിൽ നിന്നും അനുയോജ്യമായ പഠനസന്ദർഭങ്ങൾ ഒരുക്കുന്ന സഹായി എന്ന നിലയിലേക്ക് സ്വയം മാറുക. കുട്ടിയെ എല്ലാം സ്വീകരിക്കുന്ന ആൾ എന്നതിൽ നിന്നും പ്രവർത്തിച്ചു നേടുന്ന ആൾ എന്ന നിലയിലേക്ക് ബോധപൂർവം മാറ്റുക. പുസ്തക പ്രധാനമായ ബോധനപ്രവർത്തനങ്ങൾക്കുപകരം ക്ലാസ്സിനു പുറത്ത് നടക്കുന്നതും നേരനുഭവം ലഭിക്കുന്നതുമായ പ്രവർത്തനങ്ങൾ ഒരുക്കുക. സാധ്യമായ സന്ദർഭങ്ങളിലെല്ലാം ഉദ്ഗ്രഥിതാനുഭവങ്ങൾ നൽകുക. അർത്ഥപൂർണമല്ലാത്ത അഭ്യാസങ്ങൾ, മനഃപാഠമാക്കൽ എന്നിവയ്ക്കു പകരം കുട്ടിയെ ചിന്തിപ്പിക്കുന്ന, കണ്ടെത്തുന്ന ഒരാളായി മാറ്റുക. കുട്ടിയുടെ ബൗദ്ധികവും വൈകാരികവുമായ വികസനത്തിന് ഊന്നൽ നൽകുക. സഹകരണാത്മകവും സഹവർത്തിതവുമായ പഠനം സാധ്യമാക്കുക. കുട്ടിയുടെ പ്രശ്നങ്ങൾ സൂക്ഷ്മവിശകലനം ചെയ്ത് പരിഹാരപ്രവർത്തനങ്ങൾ സ്വാഭാവികമായി ഒരുക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലേക്ക് അധ്യാപകന്റെ പങ്ക് നിർണയിച്ചിരിക്കുന്നു. [19]

### 2.3.2. പ്രവർത്തനം അവതരിപ്പിക്കുമ്പോൾ

പുതിയ കാഴ്ചപ്പാടനുസരിച്ച് ചിത്രവായനയ്ക്കുള്ള പ്രവർത്തനം ക്ലാസ്സിൽ അവതരിപ്പിക്കുന്നത് എങ്ങനെയെന്ന് അധ്യാപകസഹായിയിൽ നൽകിയിരിക്കുന്നു. ഈ

18. കേരള സർക്കാർ 31 5

19. കേരള സർക്കാർ 27, വിദ്യാഭ്യാസവകുപ്പ്, *അധ്യാപകസഹായി, സ്റ്റാന്റേർഡ് 1* (തിരുവനന്തപുരം: എസ്.സി.ഇ.ആർ.ടി., 1998) 7-8

പ്രവർത്തനം ക്ലാസ്സിൽ അവതരിപ്പിക്കുന്നതിന്റെ ഘട്ടങ്ങൾ എന്തെല്ലാമായിരിക്കും.[20]

ഇവിടെ കുട്ടികൾ സ്വയം പഠിക്കുന്നതിനുള്ള അവസരമൊരുക്കുകയാണ് അധ്യാപിക ചെയ്തിട്ടുള്ളത്. കുട്ടികളുടെ പരിമിതികൾ കണ്ടെത്താനും അവ തരണം ചെയ്യാനും അധ്യാപികയെ ഈ പ്രക്രിയ സഹായിക്കുന്നു. പാഠപുസ്തകത്തിലെ ചിത്രങ്ങളെ പ്രയോജനപ്പെടുത്തി പാഠവായനയിലേക്കുള്ള പ്രവേശനം ഉറപ്പാക്കാൻ സ്വാഭാവികസന്ദർഭം ഒരുക്കുകയാണ് ഇവിടെ. സംഘവായന, ചർച്ച തുടങ്ങിയ കാര്യങ്ങളുടെ വിശദമായ ആസൂത്രണം ക്ലാസ്സിന്റെ നിലയനുസരിച്ച് വ്യത്യാസപ്പെടുത്താനുള്ള ഇടം പ്രവർത്തനത്തിൽ തന്നെയുണ്ട്. ഇങ്ങനെ അധ്യാപകന് പഠനപ്രവർത്തനത്തിൽ സഹായിക്കുന്ന ആൾ, സഹപഠിതാവ്, ജനാധിപത്യവാദിയായ സംഘത്തലവൻ, പ്രശ്നപരിഹാരകൻ എന്നീ തലങ്ങളിലുള്ള പങ്ക് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. വിവിധ നിലവാരക്കാരായ അധ്യാപകരെ സഹായിക്കുന്ന തരത്തിൽ അധ്യാപകനുമായി സംവദിക്കുന്ന ചില ചോദ്യങ്ങളും പ്രവർത്തനത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട്.[21]

---

20. ചിത്രവായന: മൂന്നാംക്ലാസ്സിലെ 'നമുക്ക് ഒരു നാടകം കളിക്കാം' എന്ന പാഠത്തിലെ ചിത്രങ്ങൾ ഓരോ ഗ്രൂപ്പും പരിശോധിക്കട്ടെ. ആ ചിത്രത്തിലെ എല്ലാ മൃഗങ്ങളുടെയും പേരുകൾ വലത്തുനിന്നും ഇടത്തോട്ട് ആദ്യം എഴുതുന്ന ഗ്രൂപ്പ് ഏതാണെന്ന് കണ്ടെത്തുക. തുടർന്ന് ഈ ചിത്രത്തിൽ കാണുന്നതെന്ത്? എന്നു പറയട്ടെ. തുടർന്ന് ഇതിനു മുമ്പ് എന്തു സംഭവിച്ചിരിക്കും? ഇതിനുശേഷം എന്തു സംഭവിച്ചിരിക്കും? കുട്ടികൾ ഊഹിച്ചു പറയട്ടെ. അതുപോലെത്തന്നെ ചിത്രത്തിൽ കാണുന്ന മൃഗങ്ങളുടെ പേരുകളും ഓരോ ഗ്രൂപ്പും കണ്ടെത്തണം. ഓരോ ഗ്രൂപ്പും കണ്ടെത്തിയ ഊഹം ക്ലാസ്സിൽ അവതരിപ്പിക്കുമല്ലോ.

    ഞങ്ങൾ വായിക്കാം: കുട്ടികൾ അതത് ഗ്രൂപ്പിൽ തന്നെ തിരിഞ്ഞിരുന്ന് പാഠം മുഴുവൻ വായിക്കണം. അവർ ആദ്യം കണ്ടെത്തിയ ഊഹം ശരിയായിരുന്നുവോ എന്ന് പറയട്ടെ. എങ്കിൽ എന്തായിരുന്നു സംഭവിച്ചത്? ഒടുവിൽ എന്തു സംഭവിച്ചു?

    ഈ പ്രവർത്തനത്തിലൂടെ ആശയഗ്രഹണത്തോടെയുള്ള വായന നടക്കുന്നുണ്ടോ? എങ്ങനെ? അധ്യാപകന്റെ മാതൃകാവായന ഇല്ലാതെത്തന്നെ കുട്ടികൾക്ക് ഈ പാഠം വായിക്കാൻ കഴിഞ്ഞുവോ? അവർക്കനുഭവപ്പെട്ട പ്രയാസങ്ങൾ എന്തൊക്കെയായിരുന്നു? ഈ പ്രയാസങ്ങൾ ഉണ്ടാവാനുള്ള കാരണങ്ങൾ എന്താവാം?

    മുമ്പ് പല പാഠങ്ങളിലായി അവതരിപ്പിച്ച ഭാഷാപഠനപ്രവർത്തനങ്ങളിൽ അനുയോജ്യമായവ ഇവിടെ ചെയ്യേണ്ടതുണ്ട്.

    'എങ്കിൽ സന്ദർഭം പറയാം കണ്ടെത്താം', 'ചോദ്യോത്തരപയറ്റ്', 'വാചകമേള' എന്നിവ ക്ലാസ്സിൽ അവതരിപ്പിക്കുന്നത് എപ്പോഴായിരിക്കും. [കേരള സർക്കാർ 29 വിദ്യാഭ്യാസവകുപ്പ്, *അധ്യാപകസഹായി, സ്റ്റാന്റേർഡ് 3* (തിരുവനന്തപുരം: എസ്.സി.ഇ.ആർ.ടി. 1999) 105–106].

    കുട്ടികളെ ചിത്രവായനയ്ക്കായി ഗ്രൂപ്പാക്കൽ. മൃഗങ്ങളുടെ പേരെഴുതൽ, ചോദ്യം ചോദിക്കൽ, കുട്ടികൾ ഊഹിച്ചുപറയൽ, ഗ്രൂപ്പിൽ ചർച്ച, ഊഹം ക്ലാസ്സിൽ അവതരിപ്പിക്കൽ. കുട്ടികൾ പാഠം വായിച്ച് (ഗ്രൂപ്പിൽ) ഊഹം ശരിയാണോ എന്ന് പരിശോധിക്കൽ, യഥാർത്ഥത്തിലെന്താണ് സംഭവിച്ചത് എന്ന് കണ്ടെത്തൽ, ക്ലാസ്സിൽ പങ്കുവയ്ക്കൽ അധ്യാപികയുടെ ക്രോഡീകരണം.

21. ആശയഗ്രഹണം നടന്നിട്ടുണ്ടോ? എങ്ങനെ? മാതൃകാവായന ഇല്ലാതെ എങ്ങനെയാണ് കുട്ടികൾ ആശയം ഗ്രഹിച്ചത്? എന്തെല്ലാം പ്രയാസങ്ങളാണ് കുട്ടിക്ക് അനുഭവപ്പെട്ടത്? ഇവ അപഗ്രഥിച്ച് നല്ലൊരു പ്രശ്നപരിഹാരകന്റെ പങ്കിലേക്ക് ഉയരാൻ അധ്യാപകന് അവസരമൊരുക്കുന്നു. പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് വിവിധ തരം ഗ്രൂപ്പിങ്ങിലൂടെ അറിവിന്റെ പങ്കുവയ്ക്കലാണ് അവസരമൊരുക്കാൻ അധ്യാപകനെ ഈ നിർദ്ദേശങ്ങൾ സഹായിക്കുന്നത്. അങ്ങനെ ജനാധിപത്യവാദിയായ സംഘത്തലവനായും കുട്ടികളുടെ കൂടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സഹപഠിതാവായും അധ്യാപകൻ മാറുന്നു. മുൻപാഠങ്ങളിൽ പരിചയപ്പെട്ട കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു സഹായിക്കുന്ന പ്രവർത്തനങ്ങൾ തെരഞ്ഞെടുത്ത് ഉപയോഗിക്കുമ്പോൾ പാഠ്യപദ്ധതിയുടെ ചാക്രികാരോഹണവും ഭിന്നനിലവാരക്കാരെ പരിഗണിക്കാനുള്ള തന്ത്രവും രൂപപ്പെടുന്നു. (കേരള സർക്കാർ 29 106)

പുതിയ പാഠ്യപദ്ധതിയിൽ അധ്യാപകന്റെ പങ്ക് എപ്രകാരമാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്നും അത് എത്രമാത്രം പ്രവർത്തനങ്ങളിൽ പ്രതിഫലിക്കണമെന്നും പാഠ്യപദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന് സഹായകമാവണം അധ്യാപകസഹായിയിലെ പ്രവർത്തനങ്ങൾ. എന്നാൽ എം.എൽ.എൽ ഘട്ടത്തിൽ പുതിയ പാഠ്യപദ്ധതിയിലും അധ്യാപകന്റെ പ്രവർത്തനരീതി താഴെ കൊടുത്ത പ്രവർത്തനങ്ങളിൽനിന്നും വ്യക്തമാകും.[22]

---

22.

പ്രവർത്തനം

എം.എൽ.എൽ ഘട്ടം

വിവരണവാക്യങ്ങൾ എഴുതുക.

ആനയെക്കുറിച്ച് ചർച്ച നടത്തുന്നു ആനയുടെ പ്രത്യേകതകൾ കുട്ടികൾ പറയട്ടെ. ചെറുസംഘങ്ങളായി ആലോചിച്ച് ഓരോ വാക്യം വീതം പറഞ്ഞാൽ മതി. അവ ബോർഡിൽ അധ്യാപകൻ എഴുതിയിടണം. ഏതു വാക്യം ആദ്യം പറയുന്നതാണ് നല്ലത്? കുട്ടികളുമായി ചർച്ച ചെയ്ത് വാക്യങ്ങൾ ക്രമപ്പെടുത്തി എഴുതിയത് കുട്ടികൾ വായിക്കട്ടെ. അതിനുശേഷം തുടച്ചു കളയുക. കുട്ടികളുടെ സംഘങ്ങൾ കൂട്ടായി ആലോചിച്ച് ആനയെക്കുറിച്ച് എഴുതട്ടെ. കുട്ടികൾ 5 വാക്യം എഴുതിയാൽ മതിയാകും.

[കേരള സർക്കാർ 9 വിദ്യാഭ്യാസവകുപ്പ്, *അധ്യാപകസഹായി, സ്റ്റാന്റേർഡ് 2* (തിരുവനന്തപുരം: എസ്.സി.ഇ.ആർ.ടി. 1995) 70].

പ്രവർത്തനം

പുതിയ പാഠ്യപദ്ധതി

വിശേഷങ്ങൾ വിശേഷങ്ങൾ

നിങ്ങളുടെ കുട്ടികൾ ഈയിടെ ഏതെല്ലാം ഉത്സവങ്ങളിൽ പങ്കെടുത്തിട്ടുണ്ട്? ഉറൂസ്, തെയ്യം, തിറ, പെരുന്നാൾ, പൊങ്കാല...? ആഘോഷങ്ങളോ? ഓണം, വിഷു, ക്രിസ്മസ്, നബിദിനം? ഉത്സവങ്ങളുമായി ബന്ധപ്പെട്ട് ഒരുപാട് കാഴ്ചകളും വിശേഷങ്ങളും കുട്ടികൾക്ക് പറയാനുണ്ടാവും. അവ ഏതൊക്കെ അംശങ്ങളുമായി ബന്ധപ്പെട്ടവയായിരിക്കും?




വിശേഷങ്ങൾ കുട്ടികളെക്കൊണ്ട് വിവരിക്കുന്നതിന് നിങ്ങൾ എന്തു തന്ത്രമാണ് സ്വീകരിക്കുക? ഇങ്ങനെയായാലോ? ആഘോഷം / ഉത്സവങ്ങളുടെ പേരെഴുതിയ നറുക്ക് കുട്ടികൾ എടുക്കുന്നു. അവർ ജോഡികളാകുന്നു. കിട്ടിയ നറുക്കുമായി ബന്ധപ്പെട്ട സ്വന്തം അനുഭവം കൂട്ടുകാരോട് പറയുന്നു. കൂട്ടുകാരൻ ചോദ്യങ്ങൾ ചോദിച്ച് പ്രോത്സാഹിപ്പിക്കണം. പിന്നീട് ഒരേ നറുക്ക് കിട്ടിയവർ ഒത്തുകൂടി ഒന്നുകൂടി പറയുന്നു. ഗ്രൂപ്പിലെ ഒരാൾ അവർ പറഞ്ഞ കാര്യങ്ങൾ പൊതുവായി അവതരിപ്പിക്കുന്നു.

? ഏതൊക്കെ വിശേഷങ്ങളെക്കുറിച്ചാണ് കുട്ടികൾ മനസ്സിലാക്കേണ്ടത്? പ്രാദേശികോത്സവം, ഓണം, വിഷു, പെരുന്നാൾ.... ഇവയൊക്കെ ഒരുമിച്ച് നൽകേണ്ടതുണ്ടോ? എന്തൊക്കെ നൽകണമെന്ന് നിങ്ങളുടെ പ്രദേശത്തിന്റെ സവിശേഷത വെച്ച് തീരുമാനിക്കൂ.

● വിവരണത്തിന് എല്ലാ കുട്ടികൾക്കും അവസരം നൽകാൻ പലതരം ഗ്രൂപ്പിംഗ് തന്ത്രങ്ങൾ സ്വീകരിക്കണം.

● ചില കുട്ടികൾ മറ്റാരും പങ്കെടുക്കാത്ത ഉത്സവത്തിൽ പങ്കെടുത്തിട്ടുണ്ടാവും. അവർക്കും അവസരം നൽകണം. (കേരള സർക്കാർ 24 148–149)

---

ഇങ്ങനെ കൃത്യമായി ആശയരൂപീകരണം നടത്തിയ ശേഷമാണ് ഭാഷണത്തിനും ലേഖനത്തിനും അവസരം നൽകുന്നത്. ഓരോ കുട്ടിക്കും സ്വതന്ത്രമായി എഴുതാനവസരം. പൊതുഅവതരണവും ടീച്ചറുടെ അവതരണവും കുട്ടിയുടെ ധാരണകൾ മെച്ചപ്പെടുത്തും. ഗ്രൂപ്പിലും പൊതുവായും അവതരിപ്പിച്ച് മെച്ചപ്പെടുത്തുന്നതിലൂടെ രചനയുടെ ഗുണം കൂടും.

അധ്യാപകകേന്ദ്രിതമാണോ തന്റെ ക്ലാസ്സെന്ന് സ്വയം വിലയിരുത്താനും ശിശുകേന്ദ്രിതമാക്കുന്നതിനും സഹായിക്കുന്ന ഒരു ചെക്ക്‌ലിസ്റ്റ് അധ്യാപകസഹായിയിൽ നൽകിയിരിക്കുന്നു. (അനു: 10)

### 2.3.3. അധ്യാപകൻ ഒരു ഗവേഷകൻ

അധ്യാപകനെ ഒരു ഗവേഷകനാക്കുക എന്ന ലക്ഷ്യമാണ് പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്നത്. പഠനോന്മുഖമായ മനസ്സും കുട്ടിയെ അറിഞ്ഞ് മുന്നേറാനുള്ള വൈഭവവും പ്രാദേശികവിഭവങ്ങളെ പ്രയോജനപ്പെടുത്താനുള്ള മനോഭാവവും ആസൂത്രണത്തിലെ മികവും അധ്യാപകനിൽ നിന്നും പാഠ്യപദ്ധതി പ്രതീക്ഷിക്കുന്നു. കുട്ടിയുടെ പഠനത്തെക്കുറിച്ചും അധ്യാപകന്റെ പങ്കിനെക്കുറിച്ചുമുള്ള സ്വാമി വിവേകാനന്ദന്റെ നിരീക്ഷണങ്ങൾ ഇവിടെ പ്രസക്തമാകുന്നു.[23]

### 2.3.4. അധ്യാപക ശാക്തീകരണം

പാഠ്യപദ്ധതിയുടെ സമസ്ത മേഖലകളിലും ഉണ്ടായ മാറ്റം ക്ലാസ്സ് മുറിയിൽ പ്രതിഫലിക്കണമെങ്കിൽ അധ്യാപക ശാക്തീകരണം അനിവാര്യമാണ്. എന്നാൽ, നിലവിലുള്ള സംവിധാനത്തിലെ ഏറ്റവും ദുർബലമായ കണ്ണികളാണ് അധ്യാപക പരിശീലനവും മോണിറ്ററിംഗും എന്ന് പാഠ്യപദ്ധതി തിരിച്ചറിഞ്ഞിട്ടുണ്ട്.[24] അധ്യാപക പരിശീലനം, ഔദ്യോഗികതലത്തിലും ജനകീയതലത്തിലുമുള്ള മോണിറ്ററിംഗ് എന്നീ മേഖലകളിൽ വൻപദ്ധതികളാണ് പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായി നടപ്പാക്കപ്പെട്ടത്. ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി(ഡി.പി.ഇ.പി)യുടെ വിഭവമുപയോഗിച്ചാണ് പാഠ്യപദ്ധതി പ്രവർത്തനങ്ങൾ മുന്നേറിയത്.[25]

---

23. കുട്ടി സ്വയം ശിക്ഷിതനാവുകയാണ്. വിദ്യ അഭ്യസിപ്പിക്കുകയാണ് എന്നു വിചാരിക്കുന്ന ഗുരുനാഥൻ എല്ലാം തകരാറിലാക്കുന്നു. ഉള്ളിലുള്ള ജ്ഞാനത്തെ ഉണർത്തുക മാത്രമേ അയാൾ ചെയ്യേണ്ടതുള്ളൂ. കണ്ണും കാതും കരചരണങ്ങളും ബുദ്ധിശക്തിയും ഉപയോഗിച്ച് പ്രവർത്തിക്കാൻ കുട്ടിക്ക് ആവശ്യമുള്ള പ്രചോദനം നൽകുകമാത്രമാണ് നമ്മുടെ ധർമം." സ്വാമി വിവേകാനന്ദന്റെ നിരീക്ഷണമാണിത്. [കെ.എം. രമേശൻ മറ്റും 2, *പാഠ്യപദ്ധതിയുടെ സൈദ്ധാന്തികവശങ്ങൾ* (തിരുവനന്തപുരം: ഡി.പി.ഇ.പി., 2000) 43]

24. കേരള സർക്കാർ 31 8-9

25. 1997ൽ കേരളത്തിലെ ആറ് ജില്ലകളിലാണ് പുതിയ പാഠ്യപദ്ധതി നടപ്പിലാക്കിയത്. 1998ൽ മറ്റുജില്ലകളിലേക്ക് പാഠ്യപദ്ധതി വ്യാപിപ്പിച്ചു ആറ് ജില്ലകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡി.പി.ഇ.പിയുടെ ഭാഗമായി ജില്ലാ പ്രൊജക്ടുകൾ ഉണ്ടായി. മറ്റു ജില്ലകളിൽ എസ്.സി.ഇ.ആർ.ടി, ജില്ലാ വിദ്യാഭ്യാസ പരിശീലനകേന്ദ്രം (ഡി.ഐ.ഇ.ടി.) എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അധ്യാപക പരിശീലനം നടന്നു. 14 ജില്ലയിലെയും പരിശീലനരീതി, ഉള്ളടക്കം എന്നിവ സംസ്ഥാനതലത്തിലാണ് രൂപപ്പെടുത്തിയത്. ഇത് സംസ്ഥാനത്തിലെല്ലായിടത്തും ഒരേ തലത്തിലുള്ള ആശയരൂപീകരണത്തിന് സഹായിച്ചു.

    ഓരോ പരിശീലനങ്ങൾക്കും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് സമ്പൂർണപരിശീലന മൊഡ്യൂളുകളോ, പരിശീലന ചട്ടക്കൂടോ തയ്യാറാക്കി നൽകിയിരുന്നു. ഇതുകൂടാതെ അധ്യാപകസഹായി, കറുക, കിങ്ങിണിക്കൂട്ടം പതിപ്പുകൾ 98, 99, 2000 എന്നീ പ്രസിദ്ധീകരണങ്ങളും സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്, തത്സമയ

### 2.3.4.1. പരിശീലനങ്ങളുടെ സവിശേഷതകൾ

പഠനത്തിന്റെ അടിസ്ഥാനത്തിൽ പരിശീലനാവശ്യങ്ങൾ നിർണയിക്കുകയും സംസ്ഥാനതലത്തിൽ മൊഡ്യൂളുകൾ തയ്യാറാക്കുകയും ചെയ്തു. പരിശീലനം പ്രവർത്തനാധിഷ്ഠിതമാക്കി, ഗുണമേന്മ ഉറപ്പാക്കുന്നതിന് എസ്.ആർ.ജി അംഗത്തിന് ഓരോ സബ്ജില്ലക്കും ചുമതല നൽകി. ട്രെയിനർമാരുടെ ശാക്തീകരണം ഉറപ്പാക്കി. പങ്കാളിത്തപരിശീലനരീതി, ദൈനംദിനാസൂത്രണം, തുടർപരിശീലനങ്ങളും തത്സമയസഹായവും. പരിശീലനങ്ങളിൽ വൈവിധ്യമാർന്ന തന്ത്രങ്ങളുടെ ഉപയോഗം-വർക്ക്ഷീറ്റ്, കെയ്സ്ഷീറ്റ്, പത്രവാർത്തകൾ, ലഘുലേഖകൾ, സെമിനാർ, റോൾപ്ലേ, ചർച്ച, സംവാദം, ഉണർത്തുപ്രവർത്തനങ്ങൾ, പ്രതിദിന അവലോകനം തുടങ്ങിയവ അധ്യാപകരിൽ താല്പര്യമുണർത്തി (അനു: 11)

### 2.3.4.2. മോണിറ്ററിംഗ്

അക്കാദമിക മോണിറ്ററിംഗിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ പാഠ്യപദ്ധതി അതിനനുസൃതമായ സംവിധാനങ്ങൾ ഒരുക്കി. പ്രൈമറി തലത്തിൽ ഡി.ഐ.ഇ.ടി., എ.ഇ.ഒ, ഹെഡ്മാസ്റ്റർ ഇവരാണ് പ്രധാന ഔദ്യോഗിക മോണിറ്ററിംഗ് ഏജൻസികൾ. എന്നാൽ സ്കൂളുകളുടെ ബാഹുല്യം അധ്യാപകരുടെ എണ്ണം ഇവ പരിഗണിച്ച് സബ്ജില്ലാതലത്തിൽ പരിശീലനത്തിനും മോണിറ്ററിംഗിനുമായി ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ സ്ഥാപിച്ചു. ഇവിടത്തെ ട്രെയിനർമാർ സ്കൂൾതലത്തിൽ തത്സമയസഹായം നൽകുന്നതിനായി പാഠ്യപദ്ധതി വിഭാവനം ചെയ്തു. കൂടാതെ ജനപ്രതിനിധികളുടെ തലത്തിൽ പഞ്ചായത്ത് മോണിറ്ററിംഗ് കമ്മറ്റിയുടെ ഭാഗമായി സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പാഠ്യപദ്ധതി ലക്ഷ്യം വയ്ക്കുന്നു[26]

---

പിന്തുണാസംവിധാനം, ക്ലസ്റ്റർ സെന്ററുകൾ, പഞ്ചായത്ത് വിദ്യാഭ്യാസസമിതി, ബ്ലോക്ക് റിസോഴ്സ് സെന്റർ, ജില്ലാ വിദ്യാഭ്യാസപരിശീലനകേന്ദ്രം എന്നീ തലങ്ങളിലും അധ്യാപകർക്ക് സഹായം ലഭിച്ചു. പ്രാദേശിക ഗവൺമെന്റുകളും അധ്യാപക ശാക്തീകരണപ്രവർത്തനങ്ങൾ സംഘടിപ്പിച്ച് പാഠ്യപദ്ധതി മികച്ചനിലയിൽ നടപ്പിലാക്കാൻ സഹായിച്ചു.

അധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായി അവധിക്കാല പരിശീലനം, മൂല്യനിർണയ പരിശീലനം, പ്രതിമാസ ക്ലസ്റ്റർ പരിശീലനങ്ങൾ, നൂതന പരിപാടികളും ഗവേഷണപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പരിശീലനങ്ങൾ എന്നിങ്ങനെ പല തലങ്ങളിലുള്ള പരിശീലനങ്ങൾ നടന്നു. [കേരള സർക്കാർ, 32, വിദ്യാഭ്യാസവകുപ്പ്, *പരിവർത്തനം കുറിച്ച പാഠ്യക്രമം* (മലപ്പുറം: ഡി.പി.ഇ.പി. 2003) 46]

26. കേരള സർക്കാർ 31 9

## 2.4 പഠനരീതി

പാഠ്യപദ്ധതി നിർവ്വഹണത്തിന്റെ മികവ് നിർണയിക്കുന്നത് പഠനരീതിയാണ്. പാഠ്യപദ്ധതി ലക്ഷ്യങ്ങൾ കുട്ടിയിലെത്തുന്ന ഘട്ടമാണിത്. അതുകൊണ്ടുതന്നെ ഈ ഘട്ടം വളരെ പ്രാധാന്യമർഹിക്കുന്നു.

### 2.4.1. ഉദ്ഗ്രഥിത പഠനരീതി

ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ഉദ്ഗ്രഥിത പഠന രീതിയാണ് പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്നത്. ഈ രീതി കുട്ടിക്ക് ഒരാശയത്തെ/വസ്തുവിനെ/വസ്തുതയെ അതിന്റെ സ്വാഭാവികമായ അവസ്ഥയിൽ സമഗ്രമായി മനസ്സിലാക്കാൻ സഹായിക്കുന്നതിനും, ജീവിതഗന്ധിയും പരസ്പരബന്ധിതവുമായ പഠനം ഉറപ്പാക്കുന്നതിനും പഠനത്തിന് തുടർച്ച ലഭിക്കുന്നതിനും സഹായകമാണെന്നും, പഠനാനുഭവങ്ങൾ കൂടുതൽ അർത്ഥപൂർണമാക്കാനും അധ്യാപകന്റെ പ്രവർത്തനസന്നദ്ധത, സർഗാത്മകത എന്നിവ പരിപോഷിപ്പിക്കുന്നതിനും ഉദ്ഗ്രഥിതപഠനരീതി ലക്ഷ്യം വയ്ക്കുന്നു. കൂടാതെ കലാകായിക പ്രവൃത്തിപരിചയ വിദ്യാഭ്യാസം എന്നിവയിൽ കൂടിയും വിവിധ ശേഷികളെ സ്വാഭാവികമായി ബന്ധപ്പെടുത്താൻ സഹായിക്കുന്നു എന്നും വിശദമാക്കുന്നു.[27]

### 2.4.2. കുട്ടി ഭാഷ പഠിക്കുന്ന രീതി

കുട്ടി ഭാഷ പഠിക്കുന്നതെങ്ങനെയെന്നതിനെക്കുറിച്ച് കൃത്യമായ കാഴ്ചപ്പാട് പുതിയ പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്നു. അതിങ്ങനെയാണ്: പരിചിതവും അർത്ഥപൂർണവുമായ സന്ദർഭങ്ങളുമായി പ്രതികരിച്ചുകൊണ്ടാണ് കുട്ടി ഭാഷ പഠിക്കുന്നത്. തന്റെ അനുഭവങ്ങളും പരിചിതസന്ദർഭങ്ങളുമായി ബന്ധപ്പെട്ട വാക്യങ്ങൾ, പദങ്ങൾ എന്നിവ കേൾക്കുമ്പോൾ ആ സന്ദർഭങ്ങളിലെ പദങ്ങളുടെയും വാക്യങ്ങളുടെയും അർത്ഥം കുട്ടി ഊഹിച്ചെടുക്കുകയാണ് ചെയ്യുന്നത്. സമാനസന്ദർഭങ്ങളിൽ ഈ ഊഹം പ്രയോഗിച്ചുനോക്കുകയും ശരിയാണെന്നു ബോധ്യപ്പെട്ടാൽ ആത്മവിശ്വാസത്തോടെ ഉപയോഗിച്ച് ഉറപ്പിച്ച് ഭാഷ സ്വായത്തമാക്കുകയും ചെയ്യുന്നു. സ്വാഭാവികമായ ഈ രീതിതന്നെയാണ് പ്രാഥമികഘട്ടത്തിൽ പിൻതുടരേണ്ടത്. ആത്മവിശ്വാസമുളവാക്കാൻ കഴിയുക എന്നതിനായിരിക്കണം പ്രാഥമികഘട്ടത്തിലെ ഭാഷാപഠന പ്രക്രിയയുടെ ഊന്നൽ. ഉച്ചാരണസ്ഫുടത, ലേഖനത്തിലെ പൂർണത, വ്യാകരണം എന്നിവയിലുള്ള അമിതമായ ഊന്നൽ ആത്മവിശ്വാസത്തെ തകർക്കുകയും ഭാഷാപഠനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും. മേൽപറഞ്ഞ ആശയങ്ങളുടെ വിശദാംശങ്ങൾ അധ്യാപകസഹായിയിൽ നൽകിയിട്ടുണ്ട്.[28]

27. കേരള സർക്കാർ 31 7-8

28. കേരള സർക്കാർ 31 8-9

### 2.4.3. വാമൊഴി

ഭാഷയുടെ ജീവൽ സ്വരൂപം വാമൊഴിയാണെന്നും അതിനാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടതെന്നും വ്യക്തമാക്കുന്നു. "അധ്യാപകന്റെയും കുട്ടിയുടെയും കൂട്ടായ്മയിലൂടെയാണ് ഭാഷാശേഷി വികസിക്കുന്നത്. അധ്യാപകൻ ക്ലാസ്സിലുപയോഗിക്കുന്നത് കുട്ടിയുടെ ഭാഷയായിരിക്കണം. മാനകഭാഷ ഉപയോഗിച്ചാൽ അത് കുട്ടിക്ക് അപരിചിതമാണ്. കുട്ടിയുടെ ആത്മവിശ്വാസം കുറയ്ക്കുന്നതിന് ഇത് കാരണമാവും."[29]

സ്കൂളിലെത്തുന്നതിനു മുമ്പ് കുട്ടി ഭാഷ പഠിച്ച രീതിയുടെ തുടർച്ചയായിരിക്കണം ഒന്നാം ക്ലാസ്സിൽ തുടരേണ്ടത് എന്ന് പാഠ്യപദ്ധതി നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ അർത്ഥപൂർണമായി ഇടപെട്ട് ഭാഷാശേഷികൾ വികസിപ്പിക്കുന്നതിനുള്ള വൈവിധ്യമാർന്ന പഠനാനുഭവം ക്ലാസ്സിൽ ഒരുക്കുക, ആത്മവിശ്വാസത്തോടെ ഭാഷാപ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയുന്ന തരത്തിൽ പഠനരീതി രൂപപ്പെടുത്തുക, യാന്ത്രികമായ അഭ്യാസം മനഃപാഠമാക്കൽ എന്നിവ ഒഴിവാക്കുക, വാമൊഴിയിൽനിന്ന് വരമൊഴിയിലേക്കുള്ള സ്വാഭാവിക പരിണാമം ഉറപ്പാക്കുക, കുട്ടി വരുത്തുന്ന തെറ്റുകൾ ശരിയായ പ്രയോഗത്തിലേക്കെത്താനുള്ള സ്വാഭാവികശ്രമത്തിന്റെ ഭാഗമാണെന്നു തിരിച്ചറിയുക."[30]

### 2.4.4. അക്ഷരപഠനം

കുട്ടിയുടെ ഭാഗത്തു നിന്നുകൊണ്ടാണ് അക്ഷരപഠനത്തെ പുതിയ പാഠ്യപദ്ധതി വീക്ഷിക്കുന്നത്. കുട്ടി നിരന്തരം കാണുന്ന ലിപി രൂപങ്ങൾക്കും കൂടുതലായി ഉപയോഗിക്കുന്ന പദങ്ങളിലെ അക്ഷരങ്ങൾക്കുമാണ് മുൻഗണന നൽകിയിട്ടുള്ളത്. 'പത്രമാധ്യമങ്ങളിലും പുസ്തകങ്ങളിലും നിലവിലിരിക്കുന്ന ലിപി സമ്പ്രദായമാണ് പാഠപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നത്[31]. ഒന്നും രണ്ടും ക്ലാസ്സുകൾ ഒരു യൂണിറ്റായി പരിഗണിക്കുകയും

---

29. പൂർവഘട്ടം മുതൽ പ്രാദേശികഭാഷയോടുള്ള സമീപനം ധനാത്മകമല്ല. അത് എം.എൽ.എൽ ഘട്ടത്തിലും തുടർന്നു. പ്രാദേശികഭാഷാസംരക്ഷിക്കുന്നതിനും പ്രദേശികഭാഷ കരുത്താർജിക്കുന്നതിനും സഹായകമായ ഭാഷാസമീപനമാണ് പുതിയ പദ്ധതി കൈക്കൊണ്ടിട്ടുള്ളത്. ഭാഷയുടെ ജീവത്തായ സ്വരൂപമാണ് പ്രാദേശികത്വം. ഇതംഗീകരിക്കുക എന്നതിനർത്ഥം മാനകഭാഷയോട് നിഷേധാത്മക നിലപാടു സ്വീകരിക്കുക എന്നല്ല. വൈദേശികഭാഷയ്ക്ക് ഉന്നതപദവി നൽകി മാതൃഭാഷയെ അവജ്ഞയോടെ സമീപിക്കുന്നതും മാനകഭാഷക്ക് ഉത്കൃഷ്ടസ്ഥാനം നൽകി ഭാഷാഭേദങ്ങളെ അംഗീകരിക്കാതിരിക്കുന്നതും ഒരേ മനോഭാവത്തിന്റെ രണ്ടു മുഖങ്ങളാണ്. പ്രാദേശികത്തനിമ പ്രതിഫലിക്കുന്ന വായ്മൊഴിഭേദങ്ങൾ നമ്മുടെ ഭാഷയുടെ സമ്പത്താണെന്ന് തിരിച്ചറിയേണ്ടതുണ്ട്. അതിനാൽ മാനകഭാഷയിലുള്ള വായനാസാമഗ്രികൾ പരിചയപ്പെടുമ്പോഴും കുട്ടിക്ക് പ്രാദേശിക വ്യവഹാരഭാഷയുടെ ജീവനും ശക്തിയും സൗന്ദര്യവും തിരിച്ചറിയാനും അവസരം ലഭിക്കണം. നാടൻപാട്ടുകൾ, കഥകൾ, നാടകങ്ങൾ, നോവലുകൾ തുടങ്ങിയ സാഹിത്യകൃതികളുമായി ഇടപഴകുന്നതിലൂടെ അതു സാധ്യമാവും. സർഗാത്മക രചനയിലും ആശയപ്രകടനത്തിലും തന്റേതായ ശൈലി രൂപപ്പെടുത്തിയെടുക്കുന്നതിനും ഇതു സഹായകമാവും– [കെ.എൻ.ആനന്ദൻ മറ്റും 1, *ഭാഷയും ഭാഷാപഠനവും* (തിരുവനന്തപുരം: ഡി.പി.ഇ.പി. 2000) 45]

30. കേരള സർക്കാർ 31 10–11

31. കേരള സർക്കാർ 27, വിദ്യാഭ്യാസവകുപ്പ്, എസ്.സി.ഇ.ആർ.ടി. *അധ്യാപകസഹായി, സ്റ്റാന്റേർഡ് 1* (തിരുവനന്തപുരം: ഡി.പി.ഇ.പി. 1998) 18

രണ്ടാം ക്ലാസ്സിന്റെ അവസാനമാകുമ്പോഴേക്കും ഭാഷയിലെ എല്ലാ അക്ഷരങ്ങളും കുട്ടി പരിചയപ്പെടുകയും വേണം. കൂടുതൽ ആവൃത്തി വരുന്ന പദങ്ങളും അക്ഷരങ്ങളുമാണ് ഒന്നാം ക്ലാസ്സിൽ കുട്ടി പഠിക്കേണ്ടത്. ഭാഷയിൽ കുറച്ചു മാത്രം പ്രയോഗിക്കുന്ന അക്ഷരങ്ങൾ രണ്ടാം ക്ലാസ്സിൽ പഠിച്ചാൽ മതി എന്ന് പാഠ്യപദ്ധതി നിർദ്ദേശിക്കുന്നു.[32]

### 2.4.4 ഭാഷാനൈപുണിക്ക് ഊന്നൽ

ഭാഷാനൈപുണികളിലൂന്നിയ പഠനരീതിയാണ് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത്. എന്നാൽ "നൈപുണികളെ ഒറ്റയൊറ്റയായി പരമ്പരാഗത രീതിയിലെന്നപോലെ പരിശീലിപ്പിക്കുന്നില്ല. പാഠപുസ്തകത്തെ മാത്രം അടിസ്ഥാനമാക്കി മുൻകൂട്ടി നിശ്ചയിച്ച ക്രമത്തിൽ നൈപുണികൾ അഭ്യസിക്കലും ഓർമിക്കലും പ്രയോഗിക്കലും പരീക്ഷ എഴുതലും എന്ന സാമ്പ്രദായിക രീതികൾക്കുപകരം കുട്ടിയുടെ താല്പര്യവും ആവശ്യവും പ്രയോജനപ്പെടുത്തി ഭാഷാനൈപുണികൾ പരമാവധി കാര്യക്ഷമതയോടെ നേടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുകയാണ് ഭാഷാസമഗ്രതാദർശനത്തിലൂന്നിയ (4.2.1.) പഠനരീതിയിൽ ചെയ്യുന്നത്. ഇതിന്റെ ഫലമായി സ്വതന്ത്രമായ ഭാഷാവ്യവഹാരത്തിൽ ഫലപ്രദമായി ഏർപ്പെടുന്നതിനുള്ള കഴിവാണ് കുട്ടിയിൽ വളരുന്നത്. കേവലമായി എഴുത്തു പഠിക്കുക എന്നതാണ് ഭാഷാപഠനത്തിന്റെ താക്കോൽ എന്ന സമീപനത്തെ പുതിയ രീതി പൂർണമായും നിരാകരിക്കുന്നു. എല്ലാ ഭാഷാശേഷികളുടെയും സമഗ്രമായ വികാസമാണ് ഇവിടെ ലക്ഷ്യമിടുന്നത്."[33]

'തുടക്കത്തിൽ വൈവിധ്യമാർന്ന ശ്രവണ-ഭാഷണസന്ദർഭങ്ങളും പ്രാഗ് വായന-ലേഖനപ്രവർത്തനങ്ങളുമാണ് കുട്ടിക്ക് ലഭിക്കേണ്ടത്. ഭാഷാപരമായ പഠനാനുഭവങ്ങൾക്കാണ് പ്രാമുഖ്യം. വായന, പകർത്തിയെഴുത്ത്, ചോദ്യങ്ങൾക്കുത്തരം കണ്ടെത്തൽ എന്നിവയ്ക്കപ്പുറം പുനരാഖ്യാനം, ഭാവനാപരമായ സംഭാഷണങ്ങൾ, വിവരണങ്ങൾ എന്നിവ തയ്യാറാക്കൽ, തലക്കെട്ട് നൽകൽ, അടിക്കുറിപ്പ് എഴുതൽ, കഥകളും കവിതകളും പൂരിപ്പിക്കൽ, പദകേളികൾ തുടങ്ങി ഭാഷാനൈപുണികളെ സമഗ്രമായി കാണുന്ന പഠനാനുഭവങ്ങൾ പാഠ്യപദ്ധതി നിർദ്ദേശിക്കുന്നു. കുട്ടിക്ക് ലഭിക്കേണ്ട ഭാഷാപരമായ ധാരാളം പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള അവസരം പാഠപുസ്തകത്തിലുണ്ടാവണമെന്നും, വൈവിധ്യമാർന്ന സംസ്കാരം, തനിമ, ഭാഷാസമ്പത്ത് അതിന്റെ വാമൊഴി എന്നിവയും പഠനപ്രക്രിയയിൽ പരിഗണിക്കേണ്ടതുണ്ടെന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നു.[34]

32. കേരള സർക്കാർ 31 10-11
33. ആനന്ദൻ 1 20
34. കേരള സർക്കാർ 31 8-11

### 2.4.4.1 വായനയുടെ രീതിശാസ്ത്രം

ശ്രവണ-ഭാഷണ നൈപുണികൾ സാമാന്യമായി സ്കൂളിൽ വരുന്നതിനു മുമ്പുതന്നെ കുട്ടി സ്വാഭാവികമായി നേടിയിട്ടുണ്ട്. എന്നാൽ വായന, ലേഖനം എന്നീ ശേഷികളിൽ മുന്നനുഭവമില്ല. വായനയുടെ രീതി, ലക്ഷ്യം എന്നിവ പാഠ്യപദ്ധതിരേഖയിലും അധ്യാപകസഹായിയിലും വ്യക്തമാക്കുന്നുണ്ട്. "ലിപിയെ ശബ്ദമാക്കിമാറ്റുന്ന പ്രക്രിയയല്ല മറിച്ച് ആശയം ഗ്രഹിച്ചെടുക്കുന്ന പ്രക്രിയയാണ് വായന എന്ന സമീപനം വായനപരിശീലനത്തിന്റെ തുടക്കം മുതൽ പരിഗണിക്കുന്നുണ്ട്. അതിനാൽ ഒറ്റപ്പെട്ട അക്ഷരങ്ങളുടെ ഉച്ചാരണത്തിൽ തുടങ്ങുന്ന സമ്പ്രദായം ഉപേക്ഷിക്കേണ്ടിവരുന്നു. കുട്ടി ആദ്യം നടത്തുന്ന വായനാപ്രവർത്തനം തന്നെ അർത്ഥപൂർണമാവണം."[35]

**2.4.4.1.1.** 'വായനയ്ക്കായി നൽകുന്ന സാമഗ്രി കുട്ടിക്ക് താല്പര്യമുണർത്തുന്നതും പ്രിയങ്കരവുമായിരിക്കണം. ഒന്നാം ക്ലാസ്സിൽ സ്വന്തം പേര്, കൂട്ടുകാരുടെയും വീട്ടുകാരുടെയും പേരുകൾ, പരിചിതമായ സ്ഥലനാമങ്ങൾ എന്നിവയൊക്കെ വായനയ്ക്കായി നൽകാം.[36]

ഒന്നാംക്ലാസ്സിൽ വായന തുടങ്ങുമ്പോൾ നൽകേണ്ട പ്രവർത്തനങ്ങളുടെ ക്രമം അധ്യാപകരെ പരിചയപ്പെടുത്തുന്നുണ്ട്.[37]

**2.4.4.1.2.** ഒന്നാം ക്ലാസ്സിലെ 'ആന വരുന്നേ ആമ വരുന്നേ' എന്ന രണ്ടാമത്തെ പാഠം വായനയുടെ രീതി പരിചയപ്പെടുത്തുന്നുണ്ട്. ആനയുടെയും ആമയുടെയും കഥകളും ചിത്രംവരയും അഭിനയഗാനവുമൊക്കെ കഴിഞ്ഞശേഷം ചിത്രവായനയിൽനിന്ന് പാട്ടിലേക്കും അഭിനയത്തോടെ പാട്ടുപാടൽ, ആനയുടെ വരവ് ചിത്രത്തിൽ നിരീക്ഷിക്കൽ, ചാർട്ടിലെഴുതിയ പാട്ട് അധ്യാപകനോടൊപ്പം പാടൽ, പാട്ടിലെ വരികൾ തിരിച്ചറിയൽ, നിർദ്ദേശിക്കുന്ന വരി കണ്ടെത്തൽ, ഓരോ വരിയും കടലാസുതുണ്ടിലെഴുതി ചാർട്ട് പേപ്പറിൽ ക്രമരഹിതമായി ഒട്ടിക്കൽ, പാട്ട് ക്രമത്തിലാക്കൽ, 'ആന' എന്ന പദം എവിടെയെന്ന് കണ്ടെത്തൽ, എത്ര തവണ 'ആന' ആവർത്തിച്ചിട്ടുണ്ട്? പുസ്തകത്തിൽ 'ആമ' എന്നെഴു

---

35. കേരള സർക്കാർ 31 8-11
36. കേരള സർക്കാർ 27 19
37. സ്വന്തം പേരെഴുതിയ തുണ്ടുകൾ, ബാഡ്ജുകൾ വായിച്ച് തെരഞ്ഞെടുക്കൽ, ഹാജർ ചാർട്ടുകളിൽനിന്നും സ്വന്തം പേര് വായിക്കൽ, മറ്റുള്ളവരുടെ പേര് വായിക്കൽ, ക്ലാസ്സ് മുറിയിലെ വസ്തുക്കളുടെ പേരെഴുതി കളിക്കൽ, ചിത്രങ്ങളും പ്ലക്കാർഡുകളും തമ്മിൽ ബന്ധിപ്പിക്കൽ, കുട്ടികൾ പറയുന്ന വാക്യങ്ങൾ അധ്യാപകൻ ബോർഡിൽ എഴുതിയ ശേഷം അവ വായിക്കൽ, താളാത്മകമായ ലഘു കവിതകൾ, ലഘു വാക്യങ്ങൾ എന്നിവ പാടിയും അഭിനയിച്ചും അവതരിപ്പിക്കൽ, പദങ്ങളുടെ ആവർത്തനം കൊണ്ടും താളാത്മക ശബ്ദവും തമ്മിൽ ബന്ധിപ്പിച്ച് എളുപ്പം വായിച്ചെടുക്കൽ. ഈ രീതി പാഠപുസ്തകത്തിൽ സ്വീകരിച്ചിരിക്കുന്നു. (കേരള സർക്കാർ 27 20)

തിയിരിക്കുന്നത് എവിടെയാണ്? കുട്ടികൾക്കു താല്പര്യമുള്ള മറ്റു പദങ്ങൾ കണ്ടെത്തൽ. തിരിച്ചറിഞ്ഞ പദം ബോർഡിൽ കണ്ടെത്തൽ, പദങ്ങൾ വായിക്കൽ എന്നിങ്ങനെ വായനയുടെ വൈവിധ്യമായ അനുഭവങ്ങൾ നൽകുന്നു. നിർദ്ദിഷ്ട അക്ഷരങ്ങൾ തിരിച്ചറിയൽ. അക്ഷരങ്ങൾ ചേർത്തുണ്ടാക്കിയ പുതിയ പദങ്ങൾ വായിക്കൽ. എല്ലാ പദങ്ങളും കുട്ടി തുടക്കത്തിൽ അറിയേണ്ടതില്ലെന്നും ആന, ആമ, വരുന്നു, പാറ, തത്ത, തത്തി എന്നീ പദങ്ങൾ ഈ പാഠത്തിൽ തിരിച്ചറിയുകയും പാഠത്തിലെ മറ്റു പദങ്ങൾ പിന്നീട് തിരിച്ചറിഞ്ഞശേഷം പാഠത്തിലേക്ക് തിരിച്ചുവരാനും അധ്യാപകസഹായിയിൽ നിർദ്ദേശിക്കുന്നു.[38]

**2.4.4.1.3.** രണ്ട്, മൂന്ന്, നാല് ക്ലാസ്സുകളിലെത്തുന്ന കുട്ടിയുടെ വായനയുടെ തലം വ്യത്യസ്തമാണ്. പദങ്ങളിലും വാക്യങ്ങളിലും അടങ്ങിയ ആശയം ഇന്നതായിരിക്കുമെന്ന് ഊഹിച്ചുകൊണ്ടാണ് കുട്ടി വായിക്കുന്നത്. ഇത് ഫലപ്രദമായി നടക്കണമെങ്കിൽ ആശയത്തെ വേർതിരിച്ചെടുക്കുന്നതിന് ധാരാളം അനുഭവങ്ങൾ കുട്ടിക്ക് ലഭിക്കണം. വായന ഫലപ്രദമാവണമെങ്കിൽ വായനാസാമഗ്രി കുട്ടിയിൽ താല്പര്യം ജനിപ്പിക്കുന്നതാവണം. ഇതിനായി ഉപയോഗിക്കാവുന്ന സാമഗ്രികൾ ഏതെല്ലാമെന്ന് അധ്യാപകസഹായിയിൽ നിർദ്ദേശിക്കുന്നുണ്ട്.[39]

ഒന്നും രണ്ടും ക്ലാസ്സുകളിൽ നൽകാവുന്ന വൈവിധ്യമാർന്ന വായനാപ്രവർത്തനങ്ങൾ അധ്യാപകസഹായിയിൽ നൽകിയിട്ടുണ്ട്. മൂന്ന് നാല് ക്ലാസ്സുകളിൽ ചിത്രവായനയും ആശയഗ്രഹണം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും അധ്യാപകസഹായിയിൽ നൽകിയിട്ടുണ്ട്.[40]

### 2.4.4.2. എഴുത്തിന്റെ സംഘാടനം

ഭാഷയുടെ വികാസഘട്ടത്തിലെ ഒരു നാഴികക്കല്ലാണ് എഴുത്തിന്റെ രൂപീകരണം. ആശയം പ്രകടിപ്പിക്കാനും സൂക്ഷിച്ചു വയ്ക്കാനും എഴുത്ത് സഹായിക്കുന്നു. കുട്ടിക

38. കേരള സർക്കാർ 27 63

39. "ചിത്രങ്ങൾ, ചിത്രകഥകൾ, സൂചനാചിത്രങ്ങൾ, ബാലപ്രസിദ്ധീകരണങ്ങൾ, കുട്ടി നിർമിച്ച പാഠങ്ങൾ, അധ്യാപിക കുട്ടികൾക്കുവേണ്ടി തയ്യാറാക്കിയ ചുമർപത്രിക, വാർത്താബുള്ളറ്റിൻ, നോട്ടീസുകൾ, പരസ്യങ്ങൾ, പാഠപുസ്തകം" [കേരള സർക്കാർ 29, *അധ്യാപകസഹായി സ്റ്റാന്റേർഡ് 3* (തിരുവനന്തപുരം: ഡി.പി.ഇ.പി., 1999) 25]

40. സംയുക്തവായന, അയ്യോ തെറ്റി വായന, ഛെ, ഛെ വായന, ഗ്രൂപ്പുവായന, ഒറ്റയ്ക്കുള്ള വായന, വിപരീതം വായിക്കൽ, പൂരിപ്പിച്ചു വായന, ഒളിച്ചിരിക്കുന്നതാരെന്നു കണ്ടെത്തൽ, എത്ര വട്ടം ആവർത്തിച്ചു എന്നു കണ്ടെത്തൽ, കഥാപാത്രങ്ങളെ മാറ്റൽ, അന്യോന്യം പൂരിപ്പിച്ചു വായിക്കൽ (കേരള സർക്കാർ 27 64). ചിത്രവായനയ്ക്കുള്ള പ്രവർത്തനങ്ങൾ: ചിത്രത്തിൽ എന്തൊക്കെയുണ്ട്, എന്താണ് നടക്കുന്നത്, ഇതിനുമുമ്പ് എന്തു സംഭവിച്ചിരിക്കും, ഇനി എന്തു നടക്കും, രണ്ടുപേർ തമ്മിലുള്ള സംഭാഷണം എന്താവാം, ചിത്രത്തിന്റെ അടിയിൽ എഴുതിയതെന്ത്, ഏറ്റവും ഇഷ്ടപ്പെട്ടത് ഏത്? എന്തുകൊണ്ട്, ചിത്രമുപയോഗിച്ച് കഥയുണ്ടാക്കാമോ? ആശയഗ്രഹണം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ: നാടകാവിഷ്കാരം, മൈമിംഗ്, റോൾപ്ലേ, ചിത്രംവര, കവിതാപൂരണം, കഥ മാറ്റം വരുത്തൽ, ചോദ്യോത്തരപ്പയറ്റ്, ആശയം ചുരുക്കിപ്പറയൽ, കഥാപാത്രമായി സങ്കല്പിച്ചു പറയൽ, കഥാപൂരണം, കഥാവിപുലനം, ആശയം പരത്തിപ്പറയൽ (കേരള സർക്കാർ 29 26).

ളുടെ എഴുത്തിന്റെ തുടക്കത്തെക്കുറിച്ചും അക്ഷരവടിവ്, പകർത്തിയെഴുത്ത് എന്നിവയോടുള്ള  സമീപനത്തെക്കുറിച്ചും പാഠ്യപദ്ധതിരേഖയിലും അധ്യാപകസഹായിയിലും വ്യക്തമാക്കുന്നുണ്ട്.[41]

ആശയവിനിമയത്തെ സഹായിക്കുന്ന ഘടകങ്ങൾ എന്ന നിലയിൽ അക്ഷരവടിവും അക്ഷരങ്ങൾക്കിടയിലുള്ള അകലം പാലിക്കലും അഭിലഷണീയമാണെന്നു പറയാം. എന്നാൽ, അവ രൂപപ്പെടേണ്ടത് യാന്ത്രികമായ പ്രവർത്തനങ്ങളിലൂടെയല്ല, മറിച്ച്, കുട്ടിയുടെ താല്പര്യത്തോടെയും സ്വാഭാവികമായുമുള്ള എഴുത്തിലൂടെയുമാണ്. അതിനുള്ള വിവിധ മാർഗങ്ങൾ അധ്യാപകസഹായിയിൽ നൽകിയിട്ടുണ്ട്.[42]

**2.4.4.2.1.** എന്റെ കഥാപുസ്തകം, പാട്ടുപുസ്തകം: കുട്ടികൾ പഠനപ്രവർത്തനത്തിന്റെ ഭാഗമായും അല്ലാതെയും സ്വതന്ത്രമായി രചിക്കുന്നതും ശേഖരിക്കുന്നതുമായ കഥകളും പാട്ടുകളും എഴുതിവയ്ക്കുന്ന പുസ്തകമാണിത്. ഇവയിലെ വിഭവങ്ങളെ പഠനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നത് കുട്ടികളിൽ ആത്മവിശ്വാസവും സംതൃപ്തിയും ഉളവാക്കും.[43]

---

41. "കുട്ടികൾ അവരുടെ സ്വന്തമായ ലേഖനരീതിയും അവർക്ക് ദീക്ഷിക്കാൻ പറ്റിയ ഒരു ലേഖനനിയമവും ഉണ്ടാക്കാൻ ആഗ്രഹിക്കുന്നവരാണ്. അവരുടെ സ്വന്തമായ രീതിയും നിയമവും പരീക്ഷണങ്ങളിലൂടെ രൂപീകരിക്കാൻ അവർക്ക് അവസരം ലഭിക്കണം. കുട്ടികളുടെ ഈ ആദ്യകാല ലേഖനശ്രമങ്ങൾ വടിവ്, അകലം, വരയ്ക്കുമുകളിലെഴുതൽ തുടങ്ങിയ നിയന്ത്രണങ്ങളെക്കൊണ്ട് തടസ്സപ്പെടുത്താതിരിക്കണം. കോപ്പിയെഴുതുമ്പോൾ കുട്ടി അനുഭവിക്കുന്ന വിഷമം ലേഖനപ്രക്രിയയോട് വെറുപ്പുളവാക്കും. അക്ഷരവടിവ് ഒരു സമയത്ത് നന്നായാൽ തന്നെയും കാലത്തിന്റെയും വികാരങ്ങളുടെയും സ്വാധീനംകൊണ്ട് വ്യത്യസ്തത വരാറുണ്ട്. എഴുത്ത് ഭംഗിയുള്ളതാവുന്നത് സ്വാഭാവികമായി എഴുതുന്നതിലൂടെ വേണം. പകർത്തിയെഴുത്തിനോടുള്ള സമീപനവും അതുതന്നെ" (കേരള സർക്കാർ 29 27-28).

    അക്ഷരവടിവ്, ഉച്ചാരണം എന്നിവയ്ക്ക് ആശയാവതരണരീതി അമിതമായ ഊന്നൽ നൽകുന്നില്ല. ലഭ്യമാകുന്ന ഭാഷാനുഭവങ്ങളിൽ നിന്ന് നിഗമനങ്ങളിൽ എത്തിച്ചേരാനും സ്വയം വിലയിരുത്തി മെച്ചപ്പെടാനുമുള്ള കഴിവ് കുട്ടിക്കുണ്ട്. അതിനുള്ള അവസരങ്ങൾ ഒരുക്കുകയാണ് ചെയ്യുന്നത്. പതിനൊന്നു വയസ്സോടുകൂടിയാണ് കുട്ടി ഉച്ചാരണ വൈദഗ്ധ്യം നേടുന്നത്. എന്നാൽ, എല്ലാവരിലും ഒരുപോലെ ഉച്ചാരണവൈദഗ്ധ്യം ഈ കാലയളവിൽ ഉണ്ടാവണമെന്നുമില്ല എന്നാണ് വിദഗ്ധരുടെ അഭിപ്രായം. ഉച്ചാരണമെന്നത് കുറേയേറെ ശാരീരികാവയവങ്ങളുടെ സംയോജിതപ്രവർത്തനമാണ്. അതാകട്ടെ ജനിതകമായി ചിട്ടപ്പെടുത്തിയതുമാണ്. ഭാഷ പഠിച്ചുതുടങ്ങുമ്പോൾ തന്നെ മാതൃകാപരമായ രീതിയിലാവണം കുട്ടിയുടെ ഉച്ചാരണം എന്ന് നിർബന്ധിക്കുന്നത് ശാസ്ത്രീയമല്ല. (രമേശൻ 2 18)

42. മെച്ചപ്പെട്ട മാതൃകകൾ പ്രദർശിപ്പിച്ചാൽ കുട്ടികൾ തന്റെ എഴുത്തിനെ താരതമ്യം ചെയ്ത് എഴുത്ത് മെച്ചപ്പെടുത്തണമെന്ന തോന്നൽ കുട്ടികളിൽ ഉണ്ടാവാൻ ഇതു സഹായിക്കും. ഇതിനായി 'എന്റെ പുസ്തകങ്ങൾ' ചുമർ പത്രികകൾ, കൈയെഴുത്തു മാസികകൾ എന്നിവ ഉപയോഗപ്പെടുത്താൻ അധ്യാപികക്ക് കഴിയണം." (കേരള സർക്കാർ 29 27-28).

43. കേരള സർക്കാർ 29 28

**2.4.4.2.2.** തെറ്റുകളോടുള്ള സമീപനം: രചനകളിലെ തെറ്റു തിരുത്തുന്നതു സംബന്ധിച്ച് ശിശുസൗഹൃദപരവും മാനവികവും മനഃശാസ്ത്രപരവുമായ സമീപനമാണ് പാഠ്യ പദ്ധതി വിഭാവനം ചെയ്യുന്നതായി കാണുന്നത്. "ഓരോ കുട്ടിയും അവളുടെ ഭാഷയിൽ സംസാരിക്കണം. എങ്കിലേ ആത്മവിശ്വാസമുണ്ടാകൂ. കുട്ടി സ്വാഭാവികമായും ധാരാളം പ്രാദേശികപദങ്ങൾ ഉപയോഗിച്ചേക്കാം. അവ ഉടനെ തിരുത്തേണ്ടതില്ല. ക്രമേണ കുട്ടി മാനകഭാഷയിലേക്ക് വന്നുകൊള്ളും. സർഗാത്മക പ്രകടനം ആദ്യഘട്ടത്തിൽ തന്നെ പൂർണമാകണം എന്ന ശാഠ്യം ശരിയല്ല. സർഗാത്മകരചനയിലെ തെറ്റുകൾ ഉടനെ തിരുത്തേണ്ടതില്ല. കുട്ടിയുടെ സൃഷ്ടിയെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.[44]

**2.4.4.2.3.** അർത്ഥപൂർണമായ എഴുത്ത്: "എഴുത്തിലും അർത്ഥപൂർണമായ തുടക്കമാണ് ആവശ്യം. ആശയവിനിമയ പ്രക്രിയയുടെ ഭാഗമായിത്തന്നെ എഴുത്ത് ആരംഭിക്കണം. എഴുത്തിന്റെ മുന്നോടിയായി പ്രാക്-ലേഖനപ്രവർത്തനങ്ങൾ നടന്നിരിക്കണം. കുട്ടിയുടെ താല്പര്യം ഇഷ്ടം എന്നിവ പരിഗണിച്ചു വേണം എഴുത്ത്. തുടർന്ന് പാഠപുസ്തകത്തിലെ വായനയും അതിനുശേഷം എഴുത്തും തുടങ്ങാം. എല്ലാ കുട്ടികളും ഒരേ പദങ്ങൾ തന്നെ ആദ്യം എഴുതണമെന്ന് നിർബന്ധമില്ല. വായനയും എഴുത്തും പരസ്പരം ബന്ധപ്പെട്ട പ്രവർത്തനങ്ങളാകയാൽ അവ ഒരുമിച്ച് ആരംഭിക്കാം. അപ്പോൾ ലിപിയും ശബ്ദവും പരസ്പരം ബന്ധിപ്പിക്കാൻ കുട്ടികൾക്കാവും. വ്യത്യസ്ത പദങ്ങളിൽ ഒരേ അക്ഷരം ആവർത്തിച്ചുവരുമ്പോൾ ആ അക്ഷരങ്ങളെ പ്രത്യേകമായി തിരിച്ചറിയാനാവും. ഉദാഹരണമായി

---

44. കേരള സർക്കാർ 29 30

തെറ്റുകൾ ഉടൻ തിരുത്തണമെന്ന സങ്കല്പം വ്യവഹാര മനഃശാസ്ത്രത്തിന്റെ സംഭാവനയാണ്. ജ്ഞാന നിർമിതി സിദ്ധാന്തപ്രകാരം തെറ്റുകൾ ആശയരൂപീകരണപ്രക്രിയയുടെ ഭാഗവും അതുകൊണ്ട് സ്വാഭാവികവുമാണ്. തെറ്റുകൾ പഠിതാവിന്റെ ഭാഗത്തുള്ള അജ്ഞതകൊണ്ടോ അപര്യാപ്തമായ പഠനം കൊണ്ടോ ഉണ്ടാകുന്നതല്ല. 'തെറ്റ് വരുത്തിയവർ' എന്ന് മുദ്ര കുത്തൽ കുട്ടികളുടെ ആത്മവിശ്വാസത്തെ തകർക്കുകയാണ് ചെയ്യുന്നത്. തിരുത്തലുകൾ കുട്ടിയെ ശങ്കാലുവാക്കുകയും ആത്മവിശ്വാസത്തോടെ വിചാരവികാരങ്ങൾ പ്രകടിപ്പിക്കുന്നതിൽനിന്നു പിന്തിരിപ്പിക്കുകയും ചെയ്യുന്നു. ഇത് സ്വാഭാവിക പഠനത്തിന് തടസ്സം സൃഷ്ടിക്കുന്നു. കുട്ടിയുടെ നിരീക്ഷണപരവും ഗവേഷണപരവുമായ അന്വേഷണങ്ങളെ ഹനിക്കുന്നതിൽ ഇത്തരം പ്രക്രിയകൾക്ക് വലിയ പങ്കുണ്ട്. ആകയാൽ 'തെറ്റ്' എന്ന കുറ്റപ്പെടുത്തലിനു പകരം ശരിയായ മാതൃകകളാണ് കുട്ടികൾക്കാവശ്യം. സ്വയം തിരുത്തുന്നതും സഹപാഠികളാൽ തിരുത്തപ്പെടുന്നതും അഭികാമ്യമാണെന്ന് സ്കെമ്പ് (1976), ഡെൻവിർ (1985) എന്നിവർ വ്യക്തമാക്കിയിട്ടുണ്ട്. (രമേശൻ 2 19) 'ചിന്തയുടെ വികാസത്തിൽ സൃഷ്ടിപരമായ വളരെ ഉയർന്ന പങ്ക് കുട്ടികളുടെ തെറ്റുകൾക്ക് നിർവഹിക്കാനാവും. എന്നാൽ സ്വയം മനസ്സിലാക്കാതെ വരുത്തുന്ന തെറ്റുകൾക്ക് വലിയ വിലയില്ലതാനും. അതുകൊണ്ട് തെറ്റുകളെ വിദ്യാഭ്യാസത്തിൽ പ്രയോജനപ്പെടുത്തണം. എന്നുണ്ടെങ്കിൽ അവരുടെ തെറ്റുകളെക്കുറിച്ച് ബോധവാൻമാരാക്കുന്നതിന്-അതായത്, 'എനിക്ക് തെറ്റുപറ്റി' എന്ന നിർണായകമായ തിരിച്ചറിവ് ഉണ്ടാകുന്നതിന്, എങ്ങനെ സഹായിക്കാൻ കഴിയും എന്നതിനെക്കുറിച്ച് നാം ബോധവാൻമാരാകേണ്ടതുണ്ട്." (രമേശൻ 2 107-108).

ആന, ആമ എന്നതിൽ 'ആ' എന്ന അക്ഷരം. പരിചയപ്പെട്ട അക്ഷരങ്ങൾ ചേർത്ത് പുതിയ പദങ്ങൾ നിർമിക്കുകയും അങ്ങനെ അർത്ഥത്തെ ഉപേക്ഷിക്കാതെത്തന്നെ അക്ഷരബോധത്തിലേക്ക് എത്തിച്ചേരുന്ന ആശയാവതരണരീതിയാണിവിടെ സ്വീകരിച്ചിട്ടുള്ളത്.[45]

**2.4.4.2.4.** ആശയത്തിൽനിന്നും അക്ഷരത്തിലേക്ക്: കുട്ടി ആശയത്തിൽ നിന്നും അക്ഷരത്തിലേക്കും തിരിച്ചും പോകുന്ന പ്രക്രിയ എന്തെന്നും അതിന്റെ ഘട്ടമെന്തെന്നും അധ്യാപകസഹായിയിൽ വിശദമാക്കുന്നുണ്ട്.




"രസകരമായ നിരവധി പ്രവർത്തനങ്ങളിലൂടെ -പാട്ട്, റോൾപ്ലേ, മൈമിങ്, ചിത്രവായന, കഥ പറയൽ- പരിചിതമായ ആശയത്തിന്റെ ലിഖിതരൂപത്തിൽ നിന്നും വാക്യങ്ങളും പദങ്ങളും തിരിച്ചറിയുന്നു. ഇങ്ങനെ തിരിച്ചറിഞ്ഞ പദങ്ങളുടെ ലിഖിതരൂപവും സാർത്ഥകമായ ആവർത്തനത്തിലൂടെ- പാട്ട്, വാചകമേള, പദകേളി, ലഘുകഥകൾ- കുട്ടിയിൽ ഉറയ്ക്കുന്ന പദങ്ങളിലെ അക്ഷരങ്ങൾ താരതമ്യം ചെയ്യാനും തിരിച്ചറിയാനും ഉതകുന്ന പ്രവർത്തനങ്ങളിൽ-ആദ്യാക്ഷരി, അന്താക്ഷരി, കഥയ്ക്കിടയിൽ- ഏർപ്പെടുന്നു. തിരിച്ചറിഞ്ഞ അക്ഷരങ്ങൾ ഉപയോഗിച്ച് പുതിയ പദങ്ങൾ നിർമിക്കുന്നു നിർമിച്ച പദങ്ങൾ പുതിയ സന്ദർഭത്തിൽ പ്രയോഗിക്കുന്നതിലൂടെ-കഥ, പാട്ട്, വിവരണം- അവ സ്വന്തമാക്കുന്നു.[46]

## 2.4.5. ഗദ്യപഠനരീതി

ഗദ്യപാഠാവതരണത്തിനുള്ള വിവിധ തന്ത്രങ്ങൾ അധ്യാപകസഹായിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പാഠത്തിന്റെ അല്പഭാഗം പറഞ്ഞാൽ ബാക്കിഭാഗം ഊഹിക്കലും ഊഹം ശരിയാണോയെന്ന് വായിച്ചു പരിശോധിക്കലും, പാഠത്തിന്റെ വ്യവഹാരരൂപമായോ ആശയവുമായോ സമാനതയുള്ള പ്രവർത്തനവുമായോ ബന്ധിപ്പിക്കൽ. പാഠത്തിലെ ചിത്രം

45. കേരള സർക്കാർ 27 20

46 കേരള സർക്കാർ 27 21-22

വായിച്ച് ഊഹിച്ചു പറയൽ. നിശ്ചിത ആശയമുള്ള ഖണ്ഡിക കണ്ടെത്തൽ. ചോദ്യങ്ങൾക്ക് പാഠത്തിൽനിന്നും ഉത്തരം കണ്ടെത്തൽ എന്നിങ്ങനെ പാഠാവതരണ മാർഗങ്ങൾ നിരവധിയാണ്."[47]

ആശയഗ്രഹണമാണ് വായനയുടെ ലക്ഷ്യമായി പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്നത്. ആശയം ഗ്രഹിച്ചോ എന്നറിയാനും തുടർന്ന് ആശയപ്രകടനത്തിനും അവസരമൊരുക്കുന്ന പ്രവർത്തനങ്ങൾ അധ്യാപകസഹായിയിൽ നൽകിയിട്ടുണ്ട്.[48]

## 2.4.6. പദ്യപഠനരീതി

പദ്യപഠനത്തിന്റെ പ്രഥമോദ്ദേശ്യം ആസ്വാദനമാണ്. അല്ലാതെ അധ്യാപകന്റെ വ്യാഖ്യാനമോ വിശദീകരണമോ കുട്ടിയെ പഠിപ്പിക്കുകയല്ല, സ്വന്തമായി കവിത വ്യാഖ്യാനിക്കാൻ കുട്ടിക്കു കഴിയുക എന്നതാണ്. അവർക്ക് താല്പര്യം ഉണരുംവിധം ചെറുവിശദീകരണം കിട്ടിക്കഴിഞ്ഞാൽ കൂട്ടുകാരോടൊത്തുചേർന്ന് അവരുടെ വിശദീകരണം കണ്ടെത്തും, വ്യാഖ്യാനിക്കും. അതിനു പറ്റിയ ചോദ്യങ്ങൾ ചോദിക്കുകയും സാധ്യതകൾ ചൂണ്ടിക്കാണിക്കുകയും ചെയ്യും.[49]

കവിതാസ്വാദനത്തിന്റെ തലങ്ങളും ആസ്വാദനപ്രക്രിയയും അധ്യാപിക തിരിച്ചറിഞ്ഞാൽ മാത്രമേ കുട്ടിയെ സഹായിക്കാനാവൂ. "കവിതാസ്വാദനം വ്യക്തിഗതമായ ഒരു പ്രക്രിയയാണ്. ഒരു കവിത ഒന്നാം വായനയിൽ പൂർണമായി ആസ്വദിക്കപ്പെടണമെന്നില്ല. ഒന്നാം ടേമിലെ ആസ്വാദനനിലയിൽനിന്നും മൂന്നാം ടേമാവുമ്പോഴേക്കും കുട്ടിയുടെ

---

47. കേരള സർക്കാർ 29 33-37

48. ആശയം ഗ്രഹിച്ചോ എന്നറിയാനുള്ള പ്രവർത്തനങ്ങൾ. ഇതിൽ പിന്നാക്കക്കാരെയും പരിഗണിക്കുന്നുണ്ട്. സ്വയം ചോദ്യങ്ങൾ കണ്ടെത്തുക. ഗ്രൂപ്പുതിരിഞ്ഞ് ചോദ്യോത്തരപയറ്റ്, അപരിചിതപദങ്ങളുടെ അർത്ഥം ഊഹിച്ചു പറയൽ, വായിച്ചതിലെ കഥാപാത്രങ്ങൾ, വസ്തുതകൾ, സംഭവങ്ങൾ എന്നിവ വിവരിക്കലും ചിത്രം വരക്കലും. വായിച്ചതിനു തലക്കെട്ടു നൽകൽ, തെരഞ്ഞെടുപ്പിന്റെ കാരണം പറയൽ, പ്രസ്താവന ശരിയോ തെറ്റോ, തെറ്റെങ്കിൽ തിരുത്തൽ, പാഠത്തിന്റെ അവസാനം മാറ്റിപ്പറയൽ, ഒരു പ്രസ്താവന ഏതു കഥാപാത്രം കണ്ടതാണെന്നു പറയൽ, പാഠത്തിലെ ആശയം ചുരുക്കിപ്പറയൽ.

ആശയപ്രകടനമാർഗങ്ങൾ : കഥയെ നാടകമാക്കൽ, കഥാസന്ദർഭത്തെ സംഭാഷണമാക്കൽ, കഥയെ പാട്ടാക്കിമാറ്റൽ, ഒരു സന്ദർഭത്തെ റോൾപ്ലേയിലൂടെ/മൈമിംഗിലൂടെ അവതരിപ്പിക്കൽ, ചിത്രം വരക്കൽ, പാഠത്തെ ഒരു പത്രറിപ്പോർട്ടോ, നോട്ടീസോ പോസ്റ്ററോ ആക്കി മാറ്റൽ.

തുടർപ്രവർത്തനങ്ങൾ : തുടർവായനക്കുള്ള പുസ്തകങ്ങൾ പരിചയപ്പെടൽ, കൈയെഴുത്ത്, ചുമർമാസിക, വാർത്താബോർഡ് തുടങ്ങിയവയുടെ നിർമാണവും ഉപയോഗവും, വായന, കോർണർ, സ്കൂൾ ക്ലാസ്സ് ലൈബ്രറി പ്രവർത്തനം, വായനാകുറിപ്പുകൾ തയ്യാറാക്കൽ, എന്റെ കഥാപാട്ടുപുസ്തകം (കേരള സർക്കാർ 29 33-37).

49. കേരള സർക്കാർ 29 40-41

ആസ്വാദനശേഷി വളർന്നിട്ടുണ്ടാവും. ഈ വളർച്ച നാം അംഗീകരിക്കണം. അതിനാൽ കവിതകളെ ടേമിനുള്ളിൽ തളച്ചിടരുത്. പുനർവായനയ്ക്ക് വിധേയമാക്കണം.[50] കവിതയിലെ ആശയഗ്രഹണത്തിനും ആശയപ്രകടനത്തിനുമുള്ള വിവിധ തന്ത്രങ്ങൾ, കവിതാരചനയുടെ സാധ്യതകൾ എന്നിവ അധ്യാപകസഹായിയിൽ നൽകിയിരിക്കുന്നു.[51]

## 2.4.7. സംയോജിത പഠനരീതി

കുട്ടികളുടെ പഠനശൈലി, പഠനവേഗത എന്നിവ സംബന്ധിച്ച കാഴ്ചപ്പാട് പാഠ്യപദ്ധതി മുന്നോട്ടുവച്ചിട്ടുണ്ട്. തുടർന്ന് ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കും കാഴ്ചക്കുറവ്, കേൾവിക്കുറവ് എന്നിവയുള്ള കുട്ടികൾക്കും വേണ്ടി പാഠ്യപദ്ധതി അനുരൂപീകരണം നടത്തുകയും അധ്യാപകർക്കായി പ്രത്യേക പരിശീലനങ്ങളും കൈപ്പുസ്തകങ്ങളും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഒന്നുമുതൽ നാലുവരെ ക്ലാസ്സിലേക്ക് പ്രത്യേകം പ്രവർത്തന സഹായികളും മറ്റ് അനുബന്ധ സാമഗ്രികളും ലഭ്യമാക്കിയിട്ടുണ്ട്. (അനു: 12).

50. കേരള സർക്കാർ 29 40-41

51. കവിതയിലെ ആശയഗ്രഹണപ്രവർത്തനങ്ങൾ: സ്വയം വായിക്കൽ. ഗ്രൂപ്പിൽ ചർച്ചചെയ്യൽ. പ്രധാനാശയം ഉൾക്കൊള്ളുന്ന വരി കണ്ടെത്തുന്നു. ചോദ്യങ്ങൾക്ക് ഗ്രൂപ്പായി ഉത്തരം കണ്ടെത്തുന്നു. അധ്യാപകന്റെ വായന, മനസ്സിൽ പതിഞ്ഞ ആശയം, ചിത്രം, കുറിച്ചിടൽ, ഈണംതാളം പാലിച്ച് ആലപിക്കൽ, ഗ്രൂപ്പായി കവിതയ്ക്ക് ഈണം നൽകൽ, ഭാവം ഉൾക്കൊണ്ട് ചൊല്ലൽ, സംഭാഷണകവിതകളുടെ ചോദ്യോത്തരരീതിയിലുള്ള അവതരിപ്പിക്കൽ, കവിതാസന്ദർഭം റോൾപ്ലേ ആയി അവതരണം, സമാന കവിതയുടെ ശേഖരണം.

    ആശയപ്രകടനത്തിനും സ്വതന്ത്രരചനയ്ക്കും ഉള്ള പ്രവർത്തനം: കവിത ആലപിച്ചും അഭിനയിച്ചും വരച്ചും പ്രകടിപ്പിക്കൽ, മാതൃകപോലെ തുടർന്ന് കവിത എഴുതൽ, ആദ്യത്തെയും അവസാനത്തെയും വരി നൽകി പൂരിപ്പിക്കൽ, എഴുതിയ ഗ്രൂപ്പിൽ/ക്ലാസ്സിൽ ചർച്ച, സ്വതന്ത്രരചന, തെരഞ്ഞെടുത്ത രചനകൾ സാഹിത്യസമാജത്തിൽ അവതരിപ്പിക്കൽ, ചുമർമാസിക തയ്യാറാക്കൽ, ബാലപ്രസിദ്ധീകരണങ്ങളിലേക്ക് അയച്ചുകൊടുക്കൽ. (കേരളസർക്കാർ 29 42-43)

## 2.5. പഠനതന്ത്രങ്ങൾ

1997ലെ പുതിയ പാഠ്യപദ്ധതി വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. പൂർവ്വസമീപനങ്ങളിൽ ശിശുകേന്ദ്രിത സ്വഭാവം വിഭാവനം ചെയ്തിരുന്നെങ്കിലും അവ ഫലപ്രദമായി നടപ്പാക്കാനുള്ള പഠനതന്ത്രങ്ങൾ രൂപീകരിക്കപ്പെട്ടിരുന്നില്ല എന്ന് അന്നത്തെ പാഠപുസ്തകവും പഠനരീതിയും വിലയിരുത്തൽ സമ്പ്രദായവും സാക്ഷ്യപ്പെടുത്തുന്നു. പുതിയ പാഠ്യപദ്ധതി പാഠപുസ്തകത്തിലും പഠനരീതിയിലും, മൂല്യനിർണയത്തിലും വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ നിഷ്കർഷിക്കുന്നു. അവയിൽ പ്രധാനപ്പെട്ടവ ഗ്രൂപ്പു പ്രവർത്തനം, പഠനയാത്ര, പ്രാദേശികപാഠം, വായനമൂല, അഭിമുഖം, പതിപ്പുകൾ, എന്റെ പുസ്തകം, ബാലസഭ, സഹവാസ ക്യാമ്പുകൾ, ദിനാഘോഷങ്ങൾ, എന്റെ ഡയറി എന്നിവയാണ്.

### 2.5.1. ഗ്രൂപ്പുപ്രവർത്തനം

പഠനപ്രക്രിയയുടെ അനിവാര്യഘടകം എന്ന നിലയിൽ ഗ്രൂപ്പുപ്രവർത്തനത്തെ ഉൾക്കൊള്ളിച്ചിരിക്കുന്നു. പാഠ്യപദ്ധതി പ്രസ്താവനകളിലും പാഠ്യപദ്ധതി അടിസ്ഥാനമാക്കിയ പഠനസിദ്ധാന്തങ്ങളുടെ പിൻബലത്തിലുമാണ് ഗ്രൂപ്പുപ്രവർത്തനം പഠനപ്രക്രിയയുടെ ഭാഗമാവുന്നത്.[52]

കുട്ടികൾ സംഘമായി പഠനപ്രവർത്തനത്തിലേർപ്പെടുന്ന പ്രക്രിയയാണ് ഗ്രൂപ്പു പ്രവർത്തനം. ഗ്രൂപ്പു പ്രവർത്തനത്തിൽ ഊന്നൽ നൽകേണ്ടതിന്റെ പ്രാധാന്യം താഴെ കൊടുക്കുന്നു. "ഗ്രൂപ്പിനുള്ളിൽ കുട്ടികൾ തമ്മിലുള്ള ഇടപെടൽ വളരെ ശക്തമായിരിക്കും. അതിന്റെ തീവ്രതക്കനുസരിച്ച് പഠനം രസകരവും ഫലപ്രദവുമാവും. കൂട്ടായ്മയിലൂടെ പ്രശ്നപരിഹാരം എളുപ്പമാവുമ്പോൾ പഠനത്തിൽ കുട്ടിയുടെ താല്പര്യം വർദ്ധിക്കും."[53]

#### 2.5.1.1. ഗ്രൂപ്പുപ്രവർത്തനം ഫലപ്രദമാവാൻ

ഗ്രൂപ്പുപ്രവർത്തനങ്ങളിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി "പ്രശ്നം ഗ്രൂപ്പിന് മൊത്തമായി അനുഭവപ്പെടുത്തുക. എല്ലാവർക്കും പങ്കെടുക്കാൻ കഴിയുന്ന ഒരു ഘട്ടമെങ്കിലും പ്രവർത്തനത്തിലുണ്ടവുക. പ്രശ്നപരിഹാരം എല്ലാവരു

52. സംഘമായി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള അവസരമുണ്ടാകുന്നു, കഥകളെ ഒറ്റയ്ക്കും സംഘമായും പുനരാവിഷ്കരിക്കുന്നതിനുള്ള അവസരങ്ങൾ ലഭിക്കുന്നു, ചർച്ചകളിൽ പങ്കെടുത്ത് മറ്റുള്ളവരുടെ അഭിപ്രായങ്ങളെ മാനിച്ചുകൊണ്ട് തന്റേതായ ആശയങ്ങൾ പ്രകടിപ്പിക്കുന്നു–പാഠ്യപദ്ധതി പ്രസ്താവനകൾ. [(കേരളസർക്കാർ 30, വിദ്യാഭ്യാസ വകുപ്പ്, *അധ്യാപകസഹായി സ്റ്റാന്റേർഡ് 4* (തിരുവനന്തപുരംഃ ഡി.പി.ഇ.പി., 1999) 154]

53. കേരള സർക്കാർ 33, *കറുക, കിങ്ങിണിക്കൂട്ടം പതിപ്പ്* (തിരുവനന്തപുരം: ഡി.പി.ഇ.പി., 1998) 18

ടെയും പങ്കാളിത്തം ആവശ്യപ്പെടുന്നതാവുക. ഗ്രൂപ്പ് സ്വയമേവ ചുമതല ഏറ്റെടുക്കുന്ന തരത്തിൽ പ്രോത്സാഹനം നൽകുക, ഗ്രൂപ്പിന് ഒരു ലീഡർ ഉണ്ടാവുക, ആവശ്യമുള്ളപ്പോൾ മാത്രം പ്രസക്തമായ നിർദ്ദേശങ്ങൾ നൽകുക എന്നീ തന്ത്രങ്ങളാണ് മുന്നോട്ടുവെച്ചിട്ടു ള്ളത്."[54] ഗ്രൂപ്പുതിരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. പ്രവർത്തനത്തിന്റെ സ്വഭാവം, പ്രവർത്തനത്തിന്റെ സമയം, ഉത്പന്നങ്ങളുടെ സ്വഭാവം, ആകെ അംഗങ്ങളുടെ എണ്ണം, കുട്ടികളുടെ ശേഷിനിലവാരം, കുട്ടികളുടെ അഭിരുചി, പഠനോപകരണങ്ങളുടെ ലഭ്യത എന്നിവ പരിഗണിച്ചു വേണം സംഘനിർണയം നടത്താൻ. വിവിധ തരം ഗ്രൂപ്പിംഗ് തന്ത്രങ്ങളുണ്ട്. അവ രണ്ടംഗ ഗ്രൂപ്പ്, ഒരേ ശേഷിനിലവാരമുള്ളവരുടെ ഗ്രൂപ്പ്, സമ്മിശ്ര ഗ്രൂപ്പ്. ശേഷിനിലവാരം, വയസ്സ് എന്നിവ പരിഗണിച്ച്, പഠനപ്രവർത്തനമുപയോഗിച്ച് ഗ്രൂപ്പു തിരിക്കാം.[55]

ഗ്രൂപ്പുപ്രവർത്തനം കൃത്യമായി വിലയിരുത്തപ്പെടണം. വ്യക്തിഗതമായും ഗ്രൂപ്പുതല ത്തിലും വിലയിരുത്തലാവാം. ഗ്രൂപ്പുപ്രവർത്തനം വിലയിരുത്തുമ്പോൾ കടന്നു പോയ പ്രക്രിയ, ഗ്രൂപ്പിംഗിന്റെ അനുയോജ്യത, നിർദ്ദേശങ്ങളുടെ വ്യക്തത, നിയന്ത്രണത്തിന്റെ കൃത്യത, മുന്നറിവ്, സമയനിഷ്ഠ എന്നിവ പരിഗണിക്കണമെന്ന് രേഖപ്പെടുത്തിയിരി ക്കുന്നു.[56]

### 2.5.1.2. ഗ്രൂപ്പുപ്രവർത്തനത്തിന്റെ സാമൂഹ്യതലം

ഗ്രൂപ്പുപ്രവർത്തനത്തിന്റെ സാമൂഹ്യ-സാംസ്കാരികതലം വിസ്മരിച്ചുകൂടാ. "ഗ്രൂപ്പു പ്രവർത്തനങ്ങൾ പഠനത്തെ കാര്യക്ഷമമാക്കുന്നു എന്നതിലുപരി അമിതമാത്സര്യത്തെ ഒഴിവാക്കുകയും സഹകരണം, സഹിഷ്ണുത, സംഘബോധം, പരസ്പരസ്നേഹം, പര സ്പരവിശ്വാസം, മുതലായ ജീവിതമൂല്യങ്ങളെ വളർത്തിയെടുക്കുകയും ചെയ്യുന്നു. ഇതോ ടൊപ്പം കുട്ടികളിൽ നീതിബോധവും ജനാധിപത്യചിന്തയും ഊട്ടിയുറപ്പിക്കുന്നതിനും ഗ്രൂപ്പു

54. കേരള സർക്കാർ 33 18

55. പഠനപ്രവർത്തനങ്ങളിലൂടെ ഗ്രൂപ്പുതിരിക്കുന്ന രീതി, പറയൂ പറയൂ എത്ര പേർ: കുട്ടികൾ ഗ്രൗണ്ടിൽ വൃത്താകൃതിയിൽ നില്ക്കുന്നു. ഒരു കുട്ടി വൃത്തത്തിന്റെ നടുവിൽ വന്ന് 'പറയൂ പറയൂ എത്രപേർ' എന്ന് താളത്തിൽ പറയണം. അപ്പോൾ മറ്റു കുട്ടികൾ 'നിങ്ങൾ പറയൂ എത്രപേർ' എന്ന് പറയണം. മധ്യ ത്തിൽ നില്ക്കുന്ന കുട്ടി പത്തിൽ താഴെയുള്ള ഒരു സംഖ്യ പറയും. അത്രയും അംഗങ്ങളുള്ള ഗ്രൂപ്പുക ളാവണം. നിശ്ചിത എണ്ണത്തിൽ കുറവോ കൂടുതലോ അംഗങ്ങൾ ഗ്രൂപ്പിലുണ്ടാവാൻ പാടില്ല. അങ്ങനെ വന്നാൽ അവർ പുറത്താകും. ഈ കളിയിലൂടെ കുട്ടികളെ നമുക്കാവശ്യമുള്ള എണ്ണം വരുന്ന ഗ്രൂപ്പുക ളാക്കാം. ഒരേ സമയം വ്യത്യസ്ത ഗ്രൂപ്പുകൾക്ക് ഒരേ പ്രവർത്തനം നൽകാം. വ്യത്യസ്ത ഗ്രൂപ്പുകൾക്ക് വ്യത്യസ്ത പ്രവർത്തനം, ഗ്രൂപ്പുപ്രവർത്തനങ്ങളെ തുടർന്ന് വ്യക്തിഗത പ്രവർത്തനം, വ്യക്തിഗത പ്രവർത്തനത്തെ തുടർന്ന് ഗ്രൂപ്പുപ്രവർത്തനം- ഇങ്ങനെ വൈവിധ്യമാർന്ന രീതി ഗ്രൂപ്പുപ്രവർത്തനത്തിൽ ദീക്ഷിക്കാം.

56. കേരളസർക്കാർ 33 19

പ്രവർത്തനങ്ങൾ പ്രയോജനപ്പെടുന്നുണ്ട്. ഗ്രൂപ്പുപ്രവർത്തനത്തെ സംബന്ധിച്ച് വിഗോഡ്സ്കി, ബ്രൂണർ എന്നിവരുടെ നിരീക്ഷണങ്ങളും ഇവിടെ പ്രസക്തമാണ്.[57]

### 2.5.2. പഠനയാത്ര

ഒരു പ്രശ്നം പരിഹരിക്കുന്നതിന് ആസൂത്രിതമായി നടത്തുന്ന യാത്രയാണിത്. അതുകൊണ്ടുതന്നെ പഠനയാത്രയുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളും പങ്കാളികൾ മുൻകൂട്ടി അറിയുകയും ആസൂത്രണത്തിൽ പങ്കാളികളാവുകയും വേണം. പഠനയാത്രക്കുമുമ്പ്, പഠനയാത്രയിൽ, പഠനയാത്രയ്ക്കുശേഷം എന്ന തരത്തിൽ പ്രവർത്തനം ആസൂത്രണം ചെയ്യുകയും കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി അവതരിപ്പിക്കുകയും വേണം. അറിവിന്റെ സ്വാഭാവികമായ നിർമ്മാണം ഉറപ്പാക്കുന്നതിൽ പഠനയാത്രക്കുള്ള പങ്ക് - കറുകയിൽ വിശദമാക്കുന്നുണ്ട്.[58]

### 2.5.3 അഭിമുഖം

വിവരശേഖരണത്തിനുള്ള സ്വാഭാവികപ്രവർത്തനമെന്ന നിലയിലാണ് അഭിമുഖം എന്ന പഠനതന്ത്രം ഉപയോഗപ്പെടുത്തുന്നത്. പ്രാദേശികമായി ലഭ്യമായ വിദഗ്ദ്ധരെ സ്കൂളിലേക്ക് വിളിച്ചും വീട്ടിൽ ചെന്ന് കണ്ടും അഭിമുഖം നടത്താം. അഭിമുഖത്തിനു മുമ്പ് കൃത്യമായ ആസൂത്രണം നടത്തുകയും ചോദ്യാവലി തയ്യാറാക്കുകയും വേണം. ചോദ്യങ്ങളും ഉപചോദ്യങ്ങളും സ്വാഭാവികതയോടെ ചോദിക്കണം. ലഭിക്കുന്ന വിവരങ്ങൾ കുറിച്ചെടുക്കുകയും തുടർന്ന് റിപ്പോർട്ട് തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുകയും വേണം.[59]

---

57. കുട്ടികൾ തമ്മിലുള്ള ബന്ധങ്ങളും സഹകരണവും പഠനത്തെ വളരെയധികം സഹായിക്കുമെന്ന് വിഗോഡ്സ്കി സിദ്ധാന്തിച്ചിട്ടുണ്ട്. "കുട്ടിക്ക് എന്താണോ ഇന്ന് സഹകരണത്തോടെ ചെയ്യാൻ കഴിയുന്നത് അത് അവന് നാളെ ഒറ്റയ്ക്ക് ചെയ്യാനാവും." [L.S.Vygotsky, *Thought and language*, (Cambridge, MA: M.I.T. Press, 1986) 188]

   "ഏതാണ്ടെല്ലാ ചുറ്റുപാടുകളിലും നടക്കുന്ന പഠനവും ഒരു സമൂഹപ്രവർത്തനമാണെന്ന് അഥവാ സംസ്കാരത്തിന്റെ പങ്കുവയ്ക്കലാണെന്ന് ഞാൻ കൂടുതൽ കൂടുതൽ തിരിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ്. കുട്ടി അറിവിനെ തന്റേതാക്കി മാറ്റിയാൽ മാത്രം പോര അതിനെ താനുൾപ്പെടുന്ന സമൂഹത്തിന്റേതുകൂടിയാക്കി മാറ്റണം. അതുകൊണ്ടാണ് പഠനപ്രക്രിയയുടെ ഭാഗമായി കണ്ടെത്തലിനും പങ്കുവയ്ക്കലിനും ചർച്ച ചെയ്യലിനും കുട്ടി ഊന്നൽ നൽകണമെന്ന ആശയത്തിലേക്ക് ഞാൻ നയിക്കപ്പെട്ടത്. ഒറ്റ വാകൃത്തിൽ പറഞ്ഞാൽ, കൂട്ടായ സംസ്കാരം നിർമിക്കലാണ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. താൻ ജീവിക്കുന്ന സമൂഹത്തിലെ അംഗമായിത്തീരുന്നതിനുള്ള അനുയോജ്യമായ ചുവടുവയ്പ്പ് ഇതാണ്." (Jerome S. Bruner, *Actual Minds, Posible works*, 1986) 127 കുട്ടികൾ തമ്മിൽ പഠിക്കണമെന്ന കാര്യത്തിൽ വിഗോഡ്സ്കിയും ബ്രൂണറും യോജിക്കുന്നു.

58. കേരളസർക്കാർ 33 21-22

59. കേരളസർക്കാർ 30 95

### 2.5.4. പ്രാദേശികപാഠം

പാഠപുസ്തകത്തിലെ എല്ലാ പാഠങ്ങളും എല്ലാ പ്രദേശത്തും പ്രസക്തവും എല്ലാ കുട്ടികളുടേയും അനുഭവങ്ങളുമായി അടുത്തു നില്ക്കുന്നതുമയിരിക്കണമെന്നില്ല. ഉദാഹരണമായി 'കടൽപറഞ്ഞ സ്വകാര്യം', എന്ന മൂന്നാം ക്ലാസ്സിലെ പാഠം വിവിധ പ്രദേശങ്ങളിൽനിന്നും സാഹചര്യങ്ങളിൽനിന്നും വരുന്ന കുട്ടികൾക്ക് അഭിരുചികളിൽ വൈവിധ്യമുണ്ടാവും. എല്ലാ കുട്ടികളിലും താല്പര്യം വളർത്തുന്നതിനും നിശ്ചിതശേഷി നിലവാരത്തിലേക്ക് നയിക്കുന്നതിനും വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഒരുക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പ്രദേശത്തിന്റെ ഭാഷയും സംസ്കാരവും പ്രതിഫലിപ്പിക്കുന്നതും കുട്ടിയുടെ അനുഭവതലത്തോട് ഇണങ്ങിച്ചേരുന്നതും ശേഷിവികസനത്തിന് അനുയോജ്യവുമായ ചില പാഠങ്ങൾ കണ്ടെത്തി ഉപയോഗിക്കേണ്ടിവരും. ഇത്തരം പ്രാദേശിക പാഠങ്ങൾ കണ്ടെത്തുന്നതിനുള്ള സ്വാതന്ത്ര്യം പാഠ്യപദ്ധതി അധ്യാപകന് നൽകുന്നുണ്ട്.[60] (അനു:13).

ഭാഷാപഠനം ബോധപൂർവമല്ലാതെ നടക്കുന്ന പ്രക്രിയയാണെന്നും സഹജമായ ഭാഷാബോധത്തിൽനിന്നും സ്വന്തം ഭാഷ കുട്ടി ഉരുത്തിരിച്ചെടുക്കുകയാണ് എന്നുമുള്ള സമീപനമാണ് പുതിയ പാഠ്യപദ്ധതിയിൽ സ്വീകരിക്കുന്നത്. ഇവിടെ സ്വാഭാവികമായ പാഠങ്ങൾക്കാണ് പ്രസക്തി. അനുയോജ്യമായ പ്രാദേശിക പാഠങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ഭാഷാപഠനസാമഗ്രിയുടെ സവിശേഷതകൾ പാലിക്കുന്നവയാണ് എന്നുറപ്പാക്കണം.[61]

### 2.5.5 വായനമൂല

"ക്ലാസ്സ്മുറിയിലെ പ്രവർത്തനങ്ങളിലൂടെ ഭാഷാശേഷി വികസിപ്പിക്കുന്ന പ്രക്രിയ ത്വരിതപ്പെടുത്തുവാനും സർഗാത്മകശേഷി മെച്ചപ്പെടുത്താനും തുടർച്ചയായ വായനയിലൂടെ കുട്ടിയെ ഉയർത്തിക്കൊണ്ടുവരാനും സാധിക്കും. ഇതിനായി ഓരോ ക്ലാസ്സിലും സജീവ

---

60. പുതിയ പാഠ്യപദ്ധതിയിൽ പ്രാദേശിക സാധ്യതകളും വിഭവങ്ങളും പഠനപ്രവർത്തനങ്ങളിൽ പരമാവധി ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുന്നുണ്ട് (കേരള സർക്കാർ 31 5) .

ഇങ്ങനെ തയ്യാറാക്കുമ്പോൾ കുട്ടിയുടെ കഴിവ്, താല്പര്യം, മനോഭാവം, നിലവാരം എന്നിവ പരിഗണിക്കേണ്ടതുണ്ട്. പ്രാദേശികപാഠങ്ങളായി എന്തെല്ലാം ഉൾപ്പെടും എന്ന് അധ്യാപകസഹായിയിൽ വിശദമാക്കുന്നുണ്ട്.

പ്രാദേശിക സമൂഹത്തിൽ പ്രചാരമുള്ള കഥകൾ, നാടൻപാട്ടുകൾ, കവിതകൾ, അധ്യാപകൻ കുട്ടികളുടെ കൂടി പങ്കാളിത്തത്തോടെ രൂപപ്പെടുത്തുന്ന പാഠങ്ങൾ, അധ്യാപകൻ തയ്യാറാക്കുന്ന വാക്യങ്ങൾ, കഥകൾ, പാട്ടുകൾ, എന്റെ കഥ, കവിതാപുസ്തകത്തിലെ പ്രാദേശിക സ്വഭാവമുള്ള രചനകൾ, കൈയെഴുത്ത്, ചുവർ പത്രികളിലെ വിഭവങ്ങൾ, പൊതുജനങ്ങൾക്കുള്ള അറിയിപ്പുകൾ, പരസ്യവാചകം, നോട്ടീസുകൾ ഇവയെല്ലാം ഉപയോഗപ്പെടുത്തി പ്രാദേശികപാഠങ്ങൾ രൂപപ്പെടുത്താം (കേരള സർക്കാർ 29 10-11).

61. ആനന്ദൻ 1 46

മായ ഒരു വായനാമൂല ഒരുക്കണം. മാസികകളിൽ നിന്നും ബാലസാഹിത്യകൃതിയിലേക്ക് ഈ വായനാ കൂട്ടായ്മ വളരണം.[62]

## 2.5.6. പതിപ്പുകൾ

ഓരോ യൂണിറ്റ് കഴിയുമ്പോഴും ചില പതിപ്പുകൾ ക്ലാസ്സിൽ തയ്യാറാക്കണം. അതിൽ പ്രധാനമായും പഠനപ്രവർത്തനത്തിന്റെ ഭാഗമായി രൂപപ്പെട്ട കുട്ടികളുടെ സൃഷ്ടികൾ ചേർത്താണ് ഇവ തയ്യാറാക്കുക. പഠിച്ച കാര്യങ്ങളിൽ പുനരനുഭവം ലഭിക്കാനും പിന്നാക്കക്കാരുടെ പഠനം കൂടുതൽ ഫലപ്രദമാക്കാനും പതിപ്പുകൾ സഹായിക്കും. സർഗാത്മകസൃഷ്ടികൾ, ശേഖരിച്ച വിവരങ്ങൾ, ചിത്രങ്ങൾ, കുറിപ്പുകൾ എല്ലാം പതിപ്പിന്റെ ഭാഗമാക്കാം.[63]

## 2.5.7 ബാലസഭ

ഓരോ ആഴ്ചയുടെയും അവസാന പ്രവൃത്തിദിവസം ഉച്ചയ്ക്കു ശേഷമാണ് ബാലസഭ നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്. ക്ലാസ്സ് അടിസ്ഥാനത്തിൽ നടക്കുന്ന ബാലസഭയിൽ ആ ആഴ്ചയിൽ ക്ലാസ്സിൽ നടന്ന പ്രവർത്തനങ്ങളുടെ പ്രകടനസാധ്യതയുള്ള ഇനങ്ങളുടെ അവതരണവും പ്രദർശനവും നടക്കും. കഥ, കവിതാലാപനം, സമാനകവിതകളുടെ അവതരണം, കഥയെ നാടകമാക്കി അവതരിപ്പിക്കൽ, യാത്രാവിവരണം, കുസൃതി കണക്ക്, കൗതുകവാർത്തകൾ ഇങ്ങനെ വിവിധ വിഷയങ്ങളിലെ ഇനങ്ങളും കടന്നുവരും.

---

62. കേരള സർക്കാർ 29 26

സ്വയംപഠനത്തിലൂന്നുന്ന ഒരു പാഠ്യപദ്ധതി ഫലപ്രദമായി നടപ്പാക്കണമെങ്കിൽ വായനമൂല അനിവാര്യമാണ്. ഒരു ക്ലാസ്സിലെ കുട്ടികളുടെ പഠനത്തിന് സഹായകമായ വായനസാമഗ്രികൾ ഒരുക്കുന്ന ഇടമാണ് വായനമൂല. പത്രങ്ങൾ, മാസികകൾ, ബാലസാഹിത്യകൃതികൾ, പതിപ്പുകൾ, പ്രാദേശികപാഠങ്ങൾ എന്നിവ വായനമൂലയിൽ ലഭ്യമാക്കണമെന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നു. [കേരളസർക്കാർ 35, വിദ്യാഭ്യാസവകുപ്പ്, *കറുക, കിങ്ങിണിക്കൂട്ടം പതിപ്പ്* (തിരുവനന്തപുരം: ഡി.പി.ഇ.പി., 2000) 44]

വായനമൂല ഒരുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ 'കറുക'യിൽ വ്യക്തമാക്കുന്നുണ്ട്. "ഓരോ ക്ലാസ്സിലും ഓരോ വായനമൂല ഉണ്ടായിരിക്കണം. കുട്ടിയുടെ താല്പര്യത്തിനും അഭിരുചിക്കും ഇണങ്ങിയ, നിലവാരത്തിനുയോജിച്ച പുസ്തകങ്ങൾ ലഭ്യമാക്കണം. സ്വതന്ത്രമായി പുസ്തകങ്ങളെടുക്കാനും വായിക്കാനും കുറിപ്പെടുക്കാനുമുള്ള അവസരം. വായനമൂലയുടെ ചുമതലയും പുസ്തകങ്ങളുടെ സൂക്ഷിപ്പും കുട്ടികൾക്കായിരിക്കണം. പുസ്തകങ്ങളുടെ വൈവിധ്യം ഉറപ്പാക്കണം. സംശയനിവാരണത്തിനും മാർഗനിർദ്ദേശങ്ങൾക്കും ഒരധ്യാപകന്റെ സേവനം ഉറപ്പാക്കണം. വായനമൂല ഒരു സ്ഥിരം സംവിധാനമായിരിക്കണം." (കേരള സർക്കാർ, 33 16–17).

വായനമൂലയിലൂടെ നടത്താവുന്ന പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒരിനമാണ് വായന കൂട്ടായ്മ. സ്കൂളിലെ കുട്ടികളെ അധ്യാപകരുടെ എണ്ണമനുസരിച്ച് സംഘങ്ങളായി തിരിക്കുക. ഒരു അധ്യാപകന് ഒരു സംഘത്തിന്റെ ചുമതല. ഒരു സംഘത്തിൽ വിവിധ ക്ലാസ്സിലെ കുട്ടികളുണ്ടാകും. ഈ ഭിന്നതല കൂട്ടായ്മ ആഴ്ചയിലൊരിക്കൽ കൂടിച്ചേർന്ന് വായനാനുഭവങ്ങൾ പങ്കുവയ്ക്കണം. (കേരളസർക്കാർ 35 57)

63. (കേരളസർക്കാർ 35 44–45)

ഈ രീതിയിൽ ബാലസഭകൾ നടക്കുമ്പോൾ ഇത് പഠനപ്രക്രിയയുടെ ഭാഗമാവുന്നു. ആവശ്യബോധത്തോടെ ക്ലാസ്സിൽ പ്രവർത്തനങ്ങൾ ചെയ്യുന്നതിനും അർത്ഥപൂർണമായ പുനരനുഭവം ഒരുക്കുന്നതിനും ഇത് സഹായകമാവുന്നു.

### 2.5.8. സഹവാസക്യാമ്പുകൾ

ചില ആശയമേഖലകളെടുത്തുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായോ തെരഞ്ഞെടുത്ത ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കോ നിശ്ചിത ദിവസങ്ങൾ പഠനപ്രവർത്തനങ്ങളുടെ അനൗപചാരിക അനുഭവങ്ങൾ നൽകുന്ന സംവിധാനമാണിത്. സാധാരണ ക്ലാസ്സിൽ അവതരിപ്പിക്കാൻ കഴിയാത്ത പഠനാനുഭവങ്ങൾ നൽകുന്നതിന് ഇതുപകരിക്കും. ക്ലാസ്സുമുറിയുടെ ചട്ടക്കൂടിനകത്തുള്ള അനുഭവങ്ങൾ ആവശ്യപ്പെടുന്ന പ്രവർത്തനങ്ങൾ ഓരോ മേഖലയിലെയും വിദഗ്ധരുടെ സേവനം ഉറപ്പാക്കാൻ കഴിയും. ഇതെല്ലാം ഈ പഠനതന്ത്രത്തിന്റെ സവിശേഷതയാണ്.[64] (അനു: 14)

### 2.5.9. ദിനാഘോഷങ്ങൾ

പഠനം സ്വാഭാവികവും വൈവിധ്യപൂർണമാകുന്നതിനുള്ള ഒരു തന്ത്രം എന്ന നിലയിലാണ് ദിനാഘോഷങ്ങൾ സ്കൂളിൽ പ്രയോജനപ്പെടുത്തുന്നത്. ഭാഷയിലെ വിവിധ വ്യവഹാരരൂപങ്ങൾ കുട്ടികളിൽ ഫലപ്രദമായി എത്തിക്കുന്നതിനുള്ള ഉപാധി കൂടിയാണിത്. ആവശ്യബോധവും താല്പര്യവും ഉണർത്തുന്നതിനുള്ള അവസരമായി ഇതു മാറുന്നു. ഇതിനായി ഫലപ്രദമായ ആസൂത്രണം ആവശ്യമാണ്[65] (അനു: 15 ). ഇങ്ങനെ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക വഴി പഠനപ്രക്രിയ സ്വാഭാവികമാകുന്നതിന് സന്ദർഭമൊരുങ്ങി.[66]

---

64. കേരള സർക്കാർ 33 48

65 കേരള സർക്കാർ 33 48

66. പൂർവഘട്ടങ്ങളിൽ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടിരുന്നില്ല. പാഠഭാഗങ്ങൾ നേരിട്ട് പഠിപ്പിക്കുന്ന രീതിയായിരുന്നു അവലംബിച്ചിരുന്നത്. പഠനയാത്ര, ബാലസഭ, ദേശീയപ്രാധാന്യമുള്ള ദിനങ്ങളുടെ ആഘോഷം എന്നിവ നടത്താറുണ്ടെങ്കിലും ഭാഷാപഠനലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള ഉപാധി എന്ന നിലയിൽ അവയെ കണ്ടിരുന്നില്ല. പുതിയ പാഠ്യപദ്ധതി, പാഠ്യപദ്ധതിലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ അവതരിപ്പിക്കുകയും അവയെ സ്വാഭാവികപഠനത്തിനുള്ള അവസരങ്ങളായി മാറ്റാൻ ശ്രമിക്കുകയും ചെയ്തു. പഠനത്തിന്റെ സ്വാഭാവികത ഉറപ്പുവരുത്തുന്നതിനും പുനരനുഭവങ്ങൾക്കുള്ള ഇടം ഒരുക്കുന്നതിനും ഇത് സഹായിച്ചു.

## 2.6. ആസൂത്രണം

ഏതൊരു പാഠ്യപദ്ധതിയും പ്രവർത്തനപഥത്തിലെത്തുന്നത് നിയതമായ ആസൂത്രണത്തിന്റെ ഫലമായാണ്. പുതിയ പാഠ്യപദ്ധതി ഈ മേഖലയിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുള്ളതായി കാണാം. ഓരോ വിഷയത്തിലും കുട്ടി നേടണമെന്നുദ്ദേശിക്കുന്ന ശേഷികൾ പാഠ്യപദ്ധതിയിൽ നൽകിയിട്ടുണ്ട്. അവ പ്രസ്താവനാരൂപത്തിലാണ് നൽകിയിട്ടുള്ളത്.[67] (അനു: 9)

ഒരു വർഷം കൊണ്ട് കുട്ടികളിൽ വികസിക്കേണ്ട ശേഷികളാണ് അവ. ഇവ നേടാനാവശ്യമായ പഠനാനുഭവങ്ങൾ ഒരുക്കുകയാണ് അധ്യാപകൻ ചെയ്യേണ്ടത്. സ്വന്തം ക്ലാസ്സിന്റെയും കുട്ടികളുടെയും നിലവാരം പരിഗണിച്ചായിരിക്കണം ഇത് ആസൂത്രണം ചെയ്യുന്നത്. ഇതിനായി പാഠപുസ്തകങ്ങൾ, അധ്യാപകസഹായി, ക്ലസ്റ്റർ പരിശീലനം, സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്, തത്സമയ വിദഗ്ധ സഹായം എന്നിവ വിഭാവനം ചെയ്യുന്നു.

### 2.6.1 ടീച്ചിംഗ് മാന്വൽ

പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നതിന് അധ്യാപകൻ ശാക്തീകരിക്കപ്പെടണം. ഇതിന്റെ ഭാഗമായി അധ്യാപകന്റെ തയ്യാറെടുപ്പുകൾ, സ്കൂൾതല ആസൂത്രണം, സൂക്ഷ്മതല ആസൂത്രണം, വിലയിരുത്തലുകൾ എന്നിവ ആവശ്യമായിവരും. ഇതാണ് എന്റെ സ്വന്തം ടീച്ചിംഗ് മാന്വൽ.[68]

### 2.6.2 സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്

സ്കൂളിലെ മുഴുവൻ അധ്യാപകരും ഉൾക്കൊള്ളുന്ന അക്കാദമിക കൂട്ടായ്മയാണ് സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (എസ്.ആർ.ജി.). എസ്.ആർ.ജിയുടെ പ്രവർത്തനങ്ങൾ ഏകോ

---

67. കേരള സർക്കാർ 31 23, 40

68. കേരള സർക്കാർ 36, വിദ്യാഭ്യാസവകുപ്പ്, *കറുക, എന്റെ സ്വന്തം ടീച്ചിംഗ് മാന്വൽ*, (തിരുവനന്തപുരം: ഡി.പി.ഇ.പി., 1998) 15-16.

ടീച്ചിംഗ് മാന്വലിന് നാലുഭാഗങ്ങളുണ്ടെന്ന് വിശദമാക്കുന്നു.

1. ടീച്ചറുടെ ബയോഡാറ്റ, തന്നെക്കുറിച്ച്, കുട്ടിയെ കുറിച്ചുള്ള ധാരണ, അധ്യാപകനെ കുറിച്ചുള്ള സങ്കല്പങ്ങൾ, പ്രവർത്തനങ്ങളുടെ പ്രക്രിയഘട്ടങ്ങൾ...

2. ശേഖരങ്ങൾ: കഥ, കവിത, പഴഞ്ചൊല്ല്, കടംകഥ, അനുഭവം, വായനാകുറിപ്പ്.

3. പ്രവർത്തനാസൂത്രണം: പാഠ്യപദ്ധതി പ്രസ്താവനകൾ, പഠനോപകരണങ്ങൾ, പ്രവർത്തനങ്ങളുടെ പ്രക്രിയ, ഘട്ടങ്ങൾ.

4. വിലയിരുത്തൽ: പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി, കുട്ടികളുടെ പ്രതികരണം, പുതിയ കണ്ടെത്തലുകൾ, എസ്.ആർ.ജിയിലും ക്ലസ്റ്ററിലും ചർച്ച ചെയ്യേണ്ട പ്രധാന പ്രശ്നങ്ങൾ. (കേരള സർക്കാർ 29 12 -14).

പിപ്പിക്കാൻ ഒരു കൺവീനർ ഉണ്ടാകും. സ്കൂൾ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യു ന്നതിനും നടപ്പാക്കുന്നതിനും ഹെഡ്മാസ്റ്ററെ സഹായിക്കുന്ന മുഖ്യപങ്ക് എസ്.ആർ.ജി കൺവീനർക്കാണ്. കൺവീനറുടെ ചുമതലകൾ കറുക കിങ്ങിണിക്കൂട്ടം പതിപ്പിൽ (1999) വിശദീകരിക്കുന്നുണ്ട്.[69]

## 2.6.3 ക്ലസ്റ്റർ പരിശീലനം

മാസത്തിലൊരു ദിവസം ഓരോ പഞ്ചായത്തിലെയും അധ്യാപകർ അതതു പഞ്ചായ ത്തിലെ ലീഡ്സ്കൂളിൽ ക്ലാസ്സ് അടിസ്ഥാനത്തിൽ കൂടിച്ചേർന്ന് കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തലും അടുത്ത മാസത്തെ പ്രവർത്തനങ്ങളുടെ ആസൂ ത്രണവും നടത്തുന്നു. ക്ലസ്റ്ററിൽ നടക്കുക. കൂടാതെ, പ്രയാസമനുഭവിക്കുന്ന മേഖലകൾ കൂട്ടായി ചർച്ച ചെയ്ത് പരിഹാരം കാണുന്നതിനും സഹായിക്കും. ക്ലസ്റ്ററിന് നേതൃത്വം നൽകാൻ ഒരു പരിശീലകൻ ഉണ്ടായിരിക്കും.[70] (അനു: 18)

വാർഷികാസൂത്രണം പാഠ്യപദ്ധതിയിലും ടേം തിരിച്ചുള്ള ആസൂത്രണം അധ്യാപക സഹായിയിലും പ്രതിമാസ ആസൂത്രണം ക്ലസ്റ്റർ പരിശീലനത്തിലും പ്രതിവാര ആസൂ ത്രണം എസ്.ആർ.ജിയിലും ദൈനംദിനാസൂത്രണം ഓരോ ദിവസവും വൈകുന്നേരം വ്യക്തിഗതമായും നടത്തുവാനാണ് പാഠ്യപദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.[71]

## 2.6.4. ഉദ്ഗ്രഥനം

ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ഉദ്ഗ്രഥനരീതിയാണുള്ളത്. മറ്റു ക്ലാസ്സുകളുടെ ആസൂത്രണ ത്തിൽനിന്നും വ്യത്യസ്തമായ രീതിയാണ് ഇവിടെ അവലംബിക്കുന്നത്. ഉദ്ഗ്രഥനരീതി യിൽ പ്രവർത്തനം രൂപപ്പെടുത്തുന്നതിന്റെ പ്രക്രിയ ഇങ്ങനെ സംഗ്രഹിക്കാം: കുട്ടികൾ നേടേണ്ട ശേഷികൾ എന്തെല്ലാമെന്ന് നിശ്ചയിക്കൽ, അനുയോജ്യമായ ആശയമേഖല കൾ കണ്ടെത്തൽ, വിവിധ വിഷയങ്ങളുടെ സാധ്യതകൾ കണ്ടെത്തൽ, നിശ്ചിത നിലവാ രത്തിലുള്ള ശേഷികൾക്കുവേണ്ടിയുള്ള പ്രവർത്തനം കണ്ടെത്തൽ, കുട്ടികൾക്ക് ആവശ്യ

69. "കൺവീനർ കഴിവും താല്പര്യവുമുള്ള അധ്യാപകനായിരിക്കണം. വി.ഇ.സി തലത്തിൽ അനുഭവം പങ്കുവയ്ക്കണം. മറ്റു വിദ്യാലയങ്ങൾ സന്ദർശിച്ച് മികവ് വ്യാപിപ്പിക്കണം. പ്രതിവാര- ദൈനംദിന ആസൂ ത്രണം ഫലപ്രദമാക്കണം." [കേരള സർക്കാർ 34, വിദ്യാഭ്യാസ വകുപ്പ്, കറുക കിങ്ങിണിക്കൂട്ടം പതിപ്പ് (തിരുവനന്തപുരം: ഡിപിഇപി, 1999) 33]

70. കേരള സർക്കാർ 34 34

71. കേരള സർക്കാർ 27 190-194

ബോധവും താല്പര്യവും ജനിപ്പിക്കുംവിധം ലഘുപ്രൊജക്ടുകളായി അവതരിപ്പിക്കൽ. മൂന്ന്, നാല് ക്ലാസ്സിലെ ആസൂത്രണത്തിലും ഉദ്ഗ്രഥനസാധ്യത പ്രയോജനപ്പെടുത്താം.[72]

## 2.6.5 പഠനസാമഗ്രികളുടെ ആസൂത്രണം

പഠനസാമഗ്രികൾ വൈവിധ്യമാർന്ന രീതിയിൽ തയ്യാറാക്കുന്നതിനും ഉപയോഗിക്കുന്നതിനും അവസരമൊരുക്കണമെന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നു. പ്രത്യേകപരിശീലനങ്ങളും നൽകിയിട്ടുണ്ട്. ഓരോ മാസവും നടക്കുന്ന ക്ലസ്റ്റർ പരിശീലനത്തിൽ അടുത്ത മാസത്തെ പഠനസാമഗ്രികൾ എന്തെല്ലാമെന്ന് കണ്ടെത്തുകയും ചിലവ തയ്യാറാക്കുന്ന സെഷനുകളും ഉണ്ടാകാറുണ്ട്. (അനു: 18).

72. കേരള സർക്കാർ 29 16

## 2.7. പാഠപുസ്തകവും അധ്യാപകസഹായിയും

പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായി രൂപപ്പെട്ട പാഠപുസ്തകവും അധ്യാപകസഹായിയും വിശകലനം ചെയ്യുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് വിശകലനവിധേയമാക്കേണ്ടത്? പാഠപുസ്തകഘടന, പാഠ്യപദ്ധതിലക്ഷ്യം, ഭാഷ, സമീപനം എന്നിവയുമായുള്ള പൊരുത്തം, പാഠപുസ്തകത്തിലെ ഉള്ളടക്കം, ചിത്രീകരണം, അധ്യാപകസഹായിയുടെ സ്വരൂപം, സവിശേഷതകൾ എന്നിവ വിശകലനവിധേയമാക്കണം. പാഠപുസ്തകം സംബന്ധിച്ച വിദ്യാഭ്യാസ കമ്മീഷനുകളുടെ നിരീക്ഷണങ്ങളും ഈ സന്ദർഭത്തിൽ പ്രസക്തമാവുന്നു.[73]

### 2.7.1 പാഠപുസ്തകഘടന

കുട്ടികൾക്ക് ഉപയോഗിക്കാൻ സൗകര്യപ്രദമായ വലുപ്പത്തിലാണ് പാഠപുസ്തകങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. കുട്ടികളുടെ നിലവാരമനുസരിച്ച് അക്ഷരവലുപ്പം ഒന്ന്, രണ്ട് ക്ലാസ്സുകളിൽ വലുതാണ്. ഒന്ന്, രണ്ട് ക്ലാസ്സുകളിൽ കൂടുതൽ ചിത്രങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.[74]

---

73. "സാഹസികരായ ചില അധ്യാപകരും വിദ്യാലയങ്ങളും ആവിഷ്കരിച്ചിട്ടുള്ള ബോധനരീതികൾ വിദ്യാഭ്യാസസമ്പ്രദായത്തിലാകെ പ്രചരിച്ചെങ്കിലേ പ്രയോജനമുള്ളൂ. എന്നാൽ നിർഭാഗ്യവശാൽ വിജയകരമായിത്തീർന്നിട്ടുള്ള പരീക്ഷണങ്ങൾ അവ ആരംഭിച്ച ആളോടുകൂടി അവസാനിച്ചുപോകുന്നത് സാധാരണമായിത്തീർന്നിട്ടുണ്ട്. അതിനാൽ ധീരവും നവീനവുമായ മാർഗങ്ങളെ മറ്റുള്ളവരെക്കൊണ്ട് സ്വീകരിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ഇതിനായി പുതിയ സിദ്ധാന്തങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള പാഠപുസ്തകങ്ങൾ, അധ്യാപകസഹായികൾ, മറ്റ് ബോധനസാമഗ്രികൾ എന്നിവ ഉപയോഗിക്കണം. പാഠപുസ്തകങ്ങളുടെ നിർമാണത്തിലും തയ്യാറാക്കലിലും ഗവേഷണത്തിന്റെ അപര്യാപ്തത പ്രകടമാണ്." "പാഠപുസ്തകം തുടർച്ചയായി നവീകരിക്കപ്പെടുന്നു എന്നതും സമ്പൂർണമായ നവീകരണം കുറഞ്ഞ പക്ഷം അഞ്ചുവർഷത്തിലൊരിക്കലെങ്കിലും നടക്കണമെന്നതും വിദ്യാഭ്യാസത്തിന്റെ ഒരു ഉദ്ദേശ്യമായിരിക്കണം." (ഭാരത സർക്കാർ 2, *ഇന്ത്യൻ എജുക്കേഷൻ കമ്മീഷൻ റിപ്പോർട്ട്,* (ന്യൂഡൽഹി, എൻ.സി.ഇ.ആർ.ടി., 1966) 248

74. ഒന്നാംക്ലാസ്സിൽ ഇരുപത്തിരണ്ട് പാഠങ്ങളാണ് ഉള്ളത്. ഗദ്യപാഠങ്ങളിൽ എട്ട് വിവരണപാഠങ്ങളും അഞ്ച് കഥാപാഠങ്ങളും ഉണ്ട്. പദ്യവിഭാഗത്തിൽ രണ്ട് അഭിനയഗാനവും ആറ് കുട്ടിക്കവിതകളും ഒരു കടങ്കവിതയും ഉണ്ട്. ഒന്നാം ക്ലാസ്സിൽ പരിചയപ്പെടുത്തുന്ന പദങ്ങളുടെ എണ്ണം ഇരുനൂറ്റി എൺപത്തിയേഴ് ആണ്. ഇവയിൽ ഇരുനൂറ്റി ഇരുപത്തിയെട്ട് പരിചിതപദങ്ങളും ഒമ്പത് അപരിചിതപദങ്ങളും ഉണ്ട്. നൂറ്റിയറുപത്തഞ്ച് നാമപദങ്ങളിൽ നൂറ്റിയമ്പത്തിയേഴ് പരിചിതപദങ്ങളും എട്ട് അപരിചിതപദങ്ങളുമാണുള്ളത്. എൺപത്തിയൊന്ന് ക്രിയാപദങ്ങളിൽ ഒന്നൊഴികെ മറ്റെല്ലാം പരിചിതപദങ്ങളാണ്. മറ്റു വിഭാഗത്തിൽ പെടുന്ന പതിനേഴ് പദങ്ങളും കുട്ടികൾക്ക് പരിചിതമാണ്. ശിശുസൗഹൃദപരമായ ഇരുപത്തിനാല് പദങ്ങൾ ഉണ്ട്. വാക്യങ്ങളുടെ കാര്യത്തിൽ ആകെ നൂറ്റിഇരുപത്തിനാല് വാക്യങ്ങളാണ് ഉള്ളത്. രണ്ടു വാക്കുകളുള്ള വാക്യങ്ങൾ തൊണ്ണൂറ്റിനാലും അതിൽ കൂടുതൽ പദങ്ങളുള്ള വാക്യങ്ങൾ മുപ്പതുമാണ്. ഇവയിൽ പന്ത്രണ്ട് വാക്യങ്ങൾ ഈണത്തിൽ പറയാവുന്നവയാണ്. എല്ലാ വാക്യങ്ങളും കുട്ടികളുടെ പരിചയസീമയിൽ പെടുന്നവയാണ്. (അനു: 20) (കേരള സർക്കാർ 23).

    രണ്ടാംക്ലാസ്സിൽ പത്തൊമ്പത് പാഠങ്ങളുണ്ട്. പതിമൂന്ന് ഗദ്യവും ആറ് പദ്യവും. ഗദ്യവിഭാഗത്തിൽ പത്ത് കഥകളും മൂന്ന് വിവരണങ്ങളുമുണ്ട്. പദ്യവിഭാഗത്തിൽ മൂന്ന് കുട്ടിക്കവിത, രണ്ട് നാടൻപാട്ട്, ഒരു അഭിനയഗാനം എന്നിവയുണ്ട്. (കേരളസർക്കാർ 24).

    മൂന്നാം ക്ലാസ്സിൽ ഇരുപത്തിനാല് പാഠങ്ങളുണ്ട് ഇവയിൽ പതിനാല് ഗദ്യം, പത്ത് പദ്യം. ഗദ്യത്തിൽ ഒമ്പത് കഥകളുണ്ട്. അവയിൽ മൂന്ന് മൃഗകഥ, മൂന്ന് അമാനുഷകഥ, രണ്ട് മനുഷ്യൻ പ്രധാനമായി

**2.7.2 പാഠ്യപദ്ധതിലക്ഷ്യങ്ങളുമായുള്ള ബന്ധം:** പ്രവർത്തനാധിഷ്ഠിതവും ശിശു കേന്ദ്രിതവും ജ്ഞാനനിർമാണത്തിന് സഹായിക്കുന്ന തരത്തിലുമാണ് പാഠപുസ്തകം രൂപപ്പെടുത്തിയിരിക്കുന്നത് എന്ന് അവകാശപ്പെടുന്നുണ്ട്. "കുഞ്ഞിനെക്കുറിച്ചും പ്രവർത്ത നങ്ങൾ നിറഞ്ഞ ക്ലാസ്സുമുറിയെക്കുറിച്ചുമുള്ള സങ്കല്പങ്ങളും സമീപനങ്ങളുമാണ് 'കിങ്ങിണി'യുടെയും ഈ അധ്യാപകസഹായിയുടെയും അടിത്തറ." എന്ന് അധ്യാപക സഹായി സാക്ഷ്യപ്പെടുത്തുന്നു.[75]

എൻ.സി.ഇ.ആർ.ടി നടത്തിയ പഠനത്തിൽ പഠനസാമഗ്രികളുടെ വികസനം സംബ ന്ധിച്ച് ഇങ്ങനെ പറയുന്നു: "കുട്ടികൾക്ക് വൈവിധ്യമാർന്ന അനുഭവങ്ങൾ ലഭിക്കാനും അറിവ് നിർമിക്കാനും അവസരമൊരുക്കുന്നു."[76] പാഠങ്ങൾ തുടർപ്രവർത്തനത്തിന് സഹാ യകമായ രീതിയിൽ തുറന്ന പാഠങ്ങളായാണ് നൽകിയിട്ടുള്ളത്. ഉദാഹരണമായി 'ഈ രഹസ്യം ആരോടും പറയരുത്.'– 3ാം ക്ലാസ്സ്. 'ചെറുങ്ങോരൻ'– 4-ാം ക്ലാസ്സ്.

പാഠപുസ്തകം, പഠനസാമഗ്രി ഇവ ഉപയോഗിച്ചുകൊണ്ടു മാത്രമേ പാഠ്യപദ്ധതി ലക്ഷ്യ ങ്ങൾ സാക്ഷാത്കരിക്കാനാവൂ. പാഠപുസ്തകത്തിൽ നൽകിയ വൈവിധ്യമാർന്ന പ്രവർത്ത നങ്ങൾ ഭാഷാശേഷി വികസനത്തിന് സഹായിക്കുന്നവയാണ് (അനു: 22) കുട്ടികൾക്ക് സ്വയംപഠനത്തിനും ഗ്രൂപ്പിൽ അനുഭവങ്ങൾ പങ്കുവെക്കാനും അവസരമൊരുക്കുന്നുണ്ട്.[77]

---

വരുന്ന രണ്ട് കഥ, ഒരു നർമകഥ, കൂടാതെ ഒരു ആത്മകഥ, മൂന്ന് വിവരണം എന്നിവയുമുണ്ട്. പദ്യവിഭാ ഗത്തിൽ എട്ട് കവിതകളുണ്ട്. അവയിൽ ഏഴ് കവിത, രണ്ട് നാടൻപാട്ട്, ഒരു പ്രാചീന കവിത എന്നിവ യാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. (കേരളസർക്കാർ 25)

നാലാംക്ലാസ്സിൽ പത്തൊമ്പത് പാഠങ്ങളിൽ പതിനൊന്ന് ഗദ്യവും എട്ട് പദ്യവുമാണ്. ഗദ്യപാഠങ്ങളിൽ ഏഴ് കഥകളുണ്ട്. അവയിൽ ആറ് മൃഗകഥകൾ, ഒരു അമാനുഷകഥ, കൂടാതെ ഒരു വിവരണം, ഒരു ജീവചരിത്രം, ഒരു ആത്മകഥ, ഒരു കത്ത് എന്നിവയും പദ്യപാഠങ്ങളിൽ അഞ്ച് കവിതകളും മൂന്ന് നാടൻ പാട്ടുകളുമാണുള്ളത്. (കേരള സർക്കാർ 26) (അനു: 21)

75. കേരള സർക്കാർ 29 1

76. Content, Quality and efficiency of material developed. The observations under this head are based on : Experts view regarding strength and weakness of Material developed through a systematic desk analysis discussed in detail in Chap. I - The book - Hand Book - Supporting materials. Material Included Poothiri, calss 1 and 2, Kingini Class 3 and 4. Field visits to schools for observation of the class room teaching learning process in actual class Room situations.

Approach : Over all approach to curriculum development adopted appears to be child - centered and more in tune with the constructivist theoritical frame work which lays emphares on : creating a learning environment for children where in children through acting on then environment and geting varried experiences, construct there own knowledge (Vinitha Kawl Etl., *Text Book with difference a study of the DPEP experiements*, (New Delhi: NCERT, 1998) 30

77. കേരള സർക്കാർ 25 12-14, കേരള സർക്കാർ 26 64-67

### 2.7.3 പാഠപുസ്തകത്തിലെ ഉള്ളടക്കം

പാഠപുസ്തകങ്ങൾക്ക് കേരള പാഠാവലി എന്നതിനുപകരം ഒന്ന്, രണ്ട് ക്ലാസ്സുകളിൽ പൂത്തിരി എന്നും മൂന്ന്, നാല് ക്ലാസ്സുകളിൽ കിങ്ങിണി എന്നും പേരു നൽകിയിരിക്കുന്നു. കുട്ടികൾക്ക് പ്രവർത്തനങ്ങൾ ചെയ്യാനും നിറം നൽകാനും കഥ, കവിത എന്നിവ പൂരിപ്പിക്കാനും പാഠപുസ്തകത്തിൽ ഇടമുണ്ട്. മുൻപാഠങ്ങളിൽ പഠിച്ച അക്ഷരങ്ങൾ, പദങ്ങൾ കവിതകൾ എന്നിവ അർത്ഥപൂർണമായി ആവർത്തിക്കാൻ അവസരം നൽകിയിട്ടുണ്ട്.[78] നിരവധി പ്രവർത്തനങ്ങളും കളികളും പാഠപുസ്തകത്തിലുണ്ട്. ബഹുമുഖ ബുദ്ധിയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് കലാകായികപ്രവൃത്തിപരിചയ പ്രവർത്തനങ്ങൾക്ക് അവസരം നൽകിയിട്ടുണ്ട്.[79] (അനു: 22)

പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായി രൂപപ്പെട്ട പാഠഭാഗങ്ങൾ പാഠ്യപദ്ധതി പ്രസ്താവനകൾ കൃത്യമായി നേടുന്നതിന് സഹായകമായ രീതി അവലംബിക്കുന്നതായി കാണാം. പ്രവർത്തനങ്ങളിലൂടെ പാഠത്തിലേക്കും പാഠത്തിൽ നിന്ന് പ്രവർത്തനത്തിലേക്കും പ്രവേശിക്കുന്നതിന് തടസ്സമില്ലാത്ത രീതിയാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത്; അതിനു സഹായകമായ ചിത്രീകരണവും.[80]

---

78. കേരള സർക്കാർ 23 34-35

79. കഥകളും കവിതകളും കുട്ടികളുടെ താല്പര്യങ്ങൾക്കിണങ്ങുന്ന വിധം അവതരിപ്പിച്ചിട്ടുണ്ട്. മറ്റു പാഠപുസ്തകങ്ങളിൽ നിന്ന് വിഭിന്നമായി കുട്ടികൾക്കിഷ്ടപ്പെട്ട പദങ്ങൾ, താളത്തിലും ഈണത്തിലും ചൊല്ലാൻ പറ്റിയ ഇരുപത്തിനാലു പദങ്ങൾ കഥകളിലും പാട്ടുകളിലുമായി സന്നിവേശിപ്പിച്ചിട്ടുണ്ട്. ഉദാഹരണമായി തത്തക്കം പിത്തക്കം, തതരം പിതരം, ചറപറ, ചുക് ചുക് എന്നിവ. കുട്ടികളുടെ ഭാവന വികസിക്കുന്നതിന് സഹായകമായ ധാരാളം പ്രവർത്തനങ്ങളും, അവസരങ്ങളും പാഠപുസ്തകം ഒരുക്കുന്നുണ്ട്. വൈവിധ്യമാർന്ന 28 ഭാഷാവ്യവഹാരരൂപങ്ങൾ നാലാം ക്ലാസ്സിലെത്തുമ്പോഴേക്കും പരിചയപ്പെടുന്നുണ്ട്. (പട്ടിക 4) പഴഞ്ചൊല്ല്, സാരോപദേശം, ചരിത്രവസ്തുതകൾ, പുരാണ സന്ദർഭം തുടങ്ങിയ മേഖല പാഠപുസ്തകത്തിന്റെ ഉള്ളടക്കത്തിൽ നിന്നും പൂർണമായി ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ നാടൻപാട്ട്, കടംകഥ, ചിത്രകഥ തുടങ്ങിയവ സ്ഥാനം പിടിച്ചിട്ടുണ്ട്. കഥകളിൽ മൃഗങ്ങൾ കഥാപാത്രമായി വരുന്ന അമാനുഷകഥകളും മനുഷ്യർ കഥാപാത്രങ്ങളായി വരുന്ന കഥകളുമുണ്ട്. ആത്മകഥ, നർമ്മകഥ എന്നിവയും പാഠപുസ്തകത്തിൽ സ്ഥാനം പിടിക്കുന്നു (കേരള സർക്കാർ 26 31, 37). പദ്യവിഭാഗത്തിൽ കുട്ടിക്കവിതകളും നാടൻപാട്ടുകളും അഭിനയസാധ്യതയുള്ള പാട്ടുകളുമാണ് ഉള്ളത്. ഓലപ്പീപ്പി, ചെണ്ട തുടങ്ങിയ വസ്തുക്കളുടെ ആത്മകഥ ഭാവനാപൂർണമായി പാഠപുസ്തകത്തിൽ നൽകിയിരിക്കുന്നു. ഗാന്ധിജി, സ്കൂൾ, ദ്വീപുകൾ, ജീവികൾ എന്നീ മേഖലയിൽനിന്നുള്ള വിവരണങ്ങളുമുണ്ട്. പദ്യവിഭാഗത്തിൽ കുട്ടിയുടെ കാഴ്ചയിലെ സംഭവങ്ങളും സന്ദർഭങ്ങളും അനുഭവങ്ങളുമാണ് പ്രമേയമാക്കുന്നത്. പാഠപുസ്തകത്തിൽ ഇദംപ്രഥമമായി മാപ്പിളപ്പാട്ട് എന്ന നാടൻപാട്ടുശാഖ അവതരിപ്പിക്കുന്നുണ്ട്. കുട്ടികളുടെ നിരീക്ഷണം, താളബോധം, അഭിനയസാധ്യത എന്നിവയ്ക്ക് ഊന്നൽ നൽകുന്ന കവിതകളാണ് നൽകിയിരിക്കുന്നത്.

80. 'ഈ രഹസ്യം ആരോടും പറയരുത്' എന്ന പാഠഭാഗം എങ്ങനെ പഠനോപാധിയായി ഉപയോഗിച്ചിരിക്കുന്നു എന്നു നോക്കാം. രഹസ്യം പറയാൻ കളി: കുട്ടികൾ വട്ടത്തിൽ നിൽക്കുന്നു. ഒരു കുട്ടി അടുത്തുനില്ക്കുന്ന കുട്ടിയുടെ ചെവിയിൽ ഒരു രഹസ്യം പറയുന്നു. ആ രഹസ്യം ആ കുട്ടി അടുത്ത കുട്ടിയോടു പറയുന്നു. അങ്ങനെ അവസാനത്തെ കുട്ടി കേട്ട രഹസ്യം ഉറക്കെ പറയണം. ആദ്യം രഹസ്യം പറഞ്ഞ കുട്ടി എന്താണ് പറഞ്ഞിരുന്നതെന്നും പരസ്യമായി പറയുന്നു. ഇവ തമ്മിൽ വ്യത്യാസമുണ്ടോ എന്നു കണ്ടെത്തുന്നു. തുടർന്ന് ഓരോ കുട്ടിയും താൻ കേട്ട രഹസ്യം പറയട്ടെ.

പദകേളി: കാടുമായി ബന്ധപ്പെട്ട പദങ്ങൾ കണ്ടെത്തിപ്പറയൽ, കൊമ്പരെ കൊമ്പരെ... ചേർത്ത് മൃഗ

## 2.7.4. ചിത്രീകരണം

പാഠപുസ്തകത്തിലെ മുഖചിത്രം മുതൽ പേജിലെ ചിത്രങ്ങളുടെ സംവിധാനത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടായിരിക്കുന്നു എന്ന് നിരീക്ഷിക്കപ്പെടുന്നു. കുട്ടികളുമായി സംവദിക്കുന്ന ചിത്രങ്ങളാണവ. ചിത്രങ്ങളെ കൂടി ഉൾക്കൊള്ളുന്ന പാഠങ്ങളാണ് പുസ്തകത്തിലുള്ളത്. ചിത്രങ്ങളുടെ സ്വഭാവത്തിലും മാറ്റം ദൃശ്യമാണ്. ചലനാത്മക ചിത്രങ്ങളാണ് നൽകിയിട്ടുള്ളത്. ചിത്രങ്ങൾ കളർ അല്ലാത്തതിനാൽ കുട്ടികളുടെ ഭാവനയ്ക്കനുസരിച്ച് നിറം നൽകാനുള്ള സാധ്യത നിലനിൽക്കുകയും അത്തരം പ്രവർത്തനങ്ങൾ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയതായും കാണുന്നു.[81] പാഠപുസ്തകത്തിന്റെ വൈവിധ്യം ഉറപ്പാക്കാൻ ഇതു സഹായിക്കും. ആകെ പേജുകളിൽ മൂന്നിലൊന്നുഭാഗം ചിത്രങ്ങളാണ്. രണ്ടു പേജുകളിലായി നിറഞ്ഞുനിൽക്കുന്ന ചിത്രീകരണരീതി അതീവഹൃദ്യമാണ്. ഡോ. വേദമണി മാന്വൽ നടത്തിയ പഠനത്തിൽ പാഠത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള ഉപാധിയായി ചിത്രങ്ങൾ മാറിയിരിക്കുന്നു എന്ന് നിരീക്ഷിക്കുന്നുണ്ട്.[82]

2.7.4.1. പഠനപ്രവർത്തനങ്ങൾക്കായി ചിത്രങ്ങൾ ഉപയോഗിക്കുക എന്നതാണ് മറ്റൊരു സവിശേഷതയായി എടുത്തു പറയുന്നത്. ചിത്രങ്ങളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് പാഠത്തെ പൂർണമാക്കുന്നത്. ചിത്രത്തെ പഠനോപാധിയാക്കുന്ന രീതിയും സ്വീകരിച്ചിട്ടുണ്ട്.[83]

---

ത്തിന്റെ പേര് പറയണം. അപ്പോൾ കുട്ടികൾ തലയിൽ കൊമ്പ് കാണിക്കണം. കൊമ്പില്ലാത്ത മൃഗമാണെങ്കിൽ നിശ്ചലമായി നില്ക്കണം. ഇത് തെറ്റിയാൽ പുറത്ത്. ചിത്രം വായിക്കാം രഹസ്യം പറയാം. സ്റ്റാന്റേർഡ് മൂന്നിലെ പാഠപുസ്തകം പേജ് 12, 14 ലെ ചിത്രങ്ങളിലെ വ്യത്യാസം ഗ്രൂപ്പിൽ കണ്ടെത്തി അവതരണം. 'ഞങ്ങൾ വായിക്കാം' – രണ്ടാമത്തെ ചിത്രത്തിലെ 'സിംഹം സട വളർത്തിയത് വളർത്തിയത് എന്തിന്?' പാഠം വായിച്ച് കണ്ടെത്തൂ. ചോദ്യോത്തരപ്പയറ്റ് – പാഠത്തിലെ ആശയം കണ്ടെത്താൻ (കേരളസർക്കാർ 25 61–62).

ഇങ്ങനെ പ്രവർത്തനങ്ങൾക്കുള്ള ഉപാധിയായി പാഠഭാഗങ്ങളെ കാണുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. ഇതിനു സഹായകമായ രീതിയിലാണ് അധ്യാപകസഹായി രൂപകല്പന ചെയ്തിട്ടുള്ളത്.

വിവരണം, സംഭാഷണം, കഥകൾ, കത്ത്, നാടകം, ആത്മകഥ, വർണന തുടങ്ങിയ ഏഴ് ഭാഷാരൂപങ്ങൾ എം.എൽ.എൽ പാഠപുസ്തകത്തിൽ പരിചയപ്പെടുത്തുമ്പോൾ പുതിയ പാഠ്യപദ്ധതി ഇരുപത്തിയെട്ട് വൈവിധ്യമാർന്ന ഭാഷാവ്യവഹാരരൂപങ്ങൾ പരിചയപ്പെടുത്തുന്നുണ്ട് (പട്ടിക 4). അവ ഓരോന്നും പലതവണ അർത്ഥപൂർണമായി ആവർത്തിക്കുന്നുണ്ട് പാഠങ്ങളിൽ. പാഠപുസ്തകത്തിലെ പാഠങ്ങളെ പല സന്ദർഭങ്ങളിലായി ഉപയോഗപ്പെടുത്തുന്നതിന് അധ്യാപകസഹായി ലക്ഷ്യമിടുന്നു (കേരള സർക്കാർ 30 71).

81. കേരള സർക്കാർ 23 21–22

82. "Poothiri 1, open with pictures that convey the joy of living. presumbly hoping to transfor to the joy of living. The opening (P.P. 2- 3) is with a double page picture featuring children, various animals a for plants and branches with the caption 'Kadhaparayam'. Infact more than one third of the book filled with pictures. They are mood creating, decorative, illustrative and occassionally information and situation creating for pedagogic transaction; (Dr. Vedamani Manual, *Study on integrative approaches* (Thiruvananthapuram: DPEP, 2001) 130.

83. കേരള സർക്കാർ 26 89,97,100,115,121.

പാഠപുസ്തകത്തിന്റെ ഉള്ളടക്കപരമായ സത്ത ഘടനാവാദാനന്തരചിന്തയുടെ സവിശേഷതകളിലൊന്നായ ബഹുസ്വരത അംഗീകരിക്കുന്നു. എല്ലാവരെയും ഒരേസമയം കർതൃത്വത്തിലേക്ക് പരിവർത്തിപ്പിക്കാനുള്ള ശ്രമമാണ് പുതിയ പാഠ്യപദ്ധതിയിൽ നടക്കുന്നത്.[84]

---

84. നിരവധി പഠനസാമഗ്രികളിൽലൊന്നാണ് പാഠപുസ്തകം എന്നതാണ് പുതിയ പാഠ്യപദ്ധതി സമീപനം. പാഠപുസ്തകത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പഠനപ്രക്രിയയല്ല ക്ലാസ്സുമുറികളിൽ നടക്കേണ്ടത്. ഭാഷാപരമായ ശേഷി വികസിപ്പിക്കുന്നതിന് നിരവധി ഭാഷാരൂപങ്ങളുമായി കുട്ടി ഇടപഴകണം. അത്തരത്തിലുള്ള ഭാഷാരൂപത്തിന്റെ ഒരു സാമാന്യമാതൃകയാണ് പാഠപുസ്തകത്തിലെ 'പാഠം'. പഠനപ്രക്രിയ പുരോഗമിക്കുന്നതിനനുസരിച്ച്, ഒരു പാഠത്തിൽ നിന്ന് നിരവധി പാഠങ്ങൾ ജനിക്കുന്നത് കാണാം. ഇവയോരോന്നും അനന്യമാണ്. എല്ലാ പാഠങ്ങളും അതിന്റേതായ തരത്തിൽ സ്വതന്ത്രവും യഥാർത്ഥവുമാണ്. ഏതെങ്കിലും ഒരു പാഠത്തിന്റെ പാഠഭേദമായല്ല, ഓരോ സ്വതന്ത്രപാഠമായാണ് ക്ലാസ്സുമുറിക്കകത്തും പുറത്തും വെച്ച് സൃഷ്ടിക്കപ്പെടുന്ന പാഠങ്ങളെ ഗണിക്കേണ്ടത്. പാഠങ്ങളുടെ ഈ ബഹുസ്വരത ഘടനാവാദാനന്തര ചിന്തയുടെ സവിശേഷതകളിലൊന്നായി പരിഗണിക്കപ്പെടാറുണ്ട്. സത്യത്തിന്റെ ഈ ബഹുമുഖമായ അസ്തിത്വത്തെ പുതിയ പാഠ്യപദ്ധതി അംഗീകരിക്കുന്നു എന്നുപറയാം.

ദേശീയതയുടെ ഘട്ടത്തെയാണ് എം.എൽ.എൽനു മുമ്പുള്ള പാഠപുസ്തകങ്ങൾ പ്രതിനിധീകരിച്ചത്. രാഷ്ട്രനിർമാണത്തിനനുഗുണമായ പ്രജകളെ സൃഷ്ടിക്കുകയായിരുന്നു അക്കാലത്തെ വിദ്യാഭ്യാസപ്രക്രിയയുടെ ലക്ഷ്യം. പഞ്ചവത്സരപദ്ധതികൾ, കാർഷിക-വ്യവസായ മേഖലകളിലുണ്ടായ വളർച്ചയുടെ കുതിച്ചുകയറ്റം, മതനിരപേക്ഷത, ഫെഡറലിസം എന്നിവയ്ക്കെല്ലാം ഊന്നൽ നൽകുന്ന പാഠങ്ങൾ പ്രസ്തുത ഘട്ടത്തിൽ കാണാം. ദേശരാഷ്ട്രം എന്ന ആശയവും ഘടനാവാദവും ഏകകാലികമായാണ് നമ്മുടെ ചിന്താമണ്ഡലത്തിൽ വ്യവഹരിച്ചുകാണുന്നത്. അതേസമയം, ഘടനാവാദാനന്തര ദർശനങ്ങൾ, ദേശരാഷ്ട്രത്തിന്റെ തകർച്ചയെ അഥവാ ദേശരാഷ്ട്രം എന്ന സങ്കല്പത്തിനകത്ത് രൂപപ്പെട്ട സംഘർഷത്തെ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നുണ്ട്.

ആധുനികതയുടെ കാലത്ത് രൂപപ്പെട്ട ദേശരാഷ്ട്രങ്ങൾ, അവയുടെ പരിധിയിൽ നിന്ന് നിരവധി ജനവിഭാഗങ്ങളെ പുറംതള്ളി. ഇപ്രകാരം പുറംതള്ളപ്പെട്ടവരെ ഉൾക്കൊള്ളാനും അവർക്ക് ശബ്ദം നൽകാനുമാണ് ആധുനികോത്തരസിദ്ധാന്തങ്ങൾ ശ്രമിച്ചത്. പ്രാദേശികഭാഷകൾ, സംസ്കൃതികൾ എന്നിവയെല്ലാം അടയാളപ്പെടുത്താനുള്ള ശ്രമങ്ങൾ ആധുനികോത്തര ദശയിൽ നടക്കുന്നുണ്ട്. പുതിയ പാഠ്യപദ്ധതിയിലും ഇത്തരമൊരു സമീപനം വികസിച്ചുവരുന്നതായി കാണാം. പാഠപുസ്തകങ്ങളിൽ നാടൻപാട്ടുകൾ, നാടോടിക്കഥകൾ എന്നിവയ്ക്കു നൽകിയ പ്രാധാന്യം ഇതുതന്നെയാണ് വെളിപ്പെടുത്തുന്നത്. ഓരോ ദേശരാഷ്ട്രത്തിനകത്തും മേൽക്കോയ്മ നേടിയിരുന്ന ഭാഷാഗോത്രവിഭാഗങ്ങളുണ്ട്. ലിഖിത പാരമ്പര്യത്തിനു പകരം പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ മൗലികപാരമ്പര്യത്തിന് ഊന്നൽ നൽകുന്നവയാണ് നാടൻപാട്ടുകളും മറ്റ് ഫോക്‌ലോർ രൂപങ്ങളും. ഉപരിതലത്തിൽനിന്ന് കേന്ദ്രത്തിലേക്കും വൈവിധ്യത്തിൽനിന്ന് ഏകത്വത്തിലേക്കുമാണ് ആധുനികത ചലിച്ചതെങ്കിൽ, കേന്ദ്രത്തിൽനിന്ന് വൈവിധ്യത്തിലേക്കാണ് ആധുനികോത്തരതയുടെ ഗതി. ഇത് പുതിയ പാഠ്യപദ്ധതിയിലും പ്രസക്തമാണ്. നിയതമായ പാഠത്തെ തകർത്തുകളഞ്ഞതുപോലെ എഴുത്തുകാരനെ പാഠത്തിന്റെ കർത്തൃത്വത്തിൽനിന്ന് പുറംതള്ളുന്ന ഒരു സമീപനം ആധുനികോത്തരതയിൽ കാണാം. പാഠപുസ്തകത്തെയും അധ്യാപകനെയും അധ്യയനവ്യവഹാരത്തിന്റെ കേന്ദ്രസ്ഥാനത്തുനിന്ന് പുറംതള്ളുന്ന പുതിയ പാഠ്യപദ്ധതിയിലും ഈ ദർശനത്തിന്റെ ഊർജം കാണാം. വ്യവഹാരത്തിലെ ഉച്ചനീചത്വങ്ങൾ തകർത്ത് എല്ലാവരെയും ഒരേസമയം കർത്തൃത്വത്തിലേക്ക് പരിവർത്തിപ്പിക്കാനാണ് പുതിയ പാഠ്യപദ്ധതി ശ്രമിക്കുന്നത്. 'മഹാന്മാരുടെ കവിതകൾ', 'മഹാന്മാരുടെ ജീവചരിത്രം' എന്നിവക്കു പകരം അജ്ഞാത കർത്തൃകമോ, കർത്താവിന് പ്രസക്തിയില്ലാത്തതോ ആയ പാട്ടുകൾ ചെരുപ്പിന്റെ മുതൽ ജീവിതത്തിൽ കടന്നുവരുന്ന എന്തിന്റെയും ഏതിന്റെയും ആത്മകഥകൾ എന്നിവയാണ് പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൊക്കുടന്റെയും നളിനി ജമീലയുടെയും ആത്മകഥകൾ മലയാളത്തിൽ എഴുതപ്പെടുമ്പോൾ തന്നെയാണ് ക്ലാസ്സ് റൂമിനകത്തും ഈ പ്രക്രിയ നടക്കുന്നതെന്നത് ശ്രദ്ധേയമാണ്.

ആഗോളവത്കരണത്തിന്റെ ഘട്ടത്തിൽ ദേശരാഷ്ട്രങ്ങൾ ദുർബലമാകുന്നതിനെക്കുറിച്ചും പൊതുജീവിതം ബഹുസ്വരമാകുന്നതിനെക്കുറിച്ചും നിരവധി അന്വേഷണങ്ങൾ നടന്നതായി കാണാം. ഈ രാഷ്ട്രീയ ഗതിമാറ്റം പാഠ്യപദ്ധതിയിലും പ്രതിഫലിക്കും. മുമ്പ് സൂചിപ്പിച്ചതുപോലെ, ഒരു സമൂഹത്തിലെ ഭരണകൂടത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ താല്പര്യങ്ങൾ പ്രചരിപ്പിക്കുന്നതും പുനരുത്പാദിപ്പി

## 2.7.5 അധ്യാപകസഹായിയുടെ സ്വരൂപം :

ഒന്നുമുതൽനാലു വരെ ക്ലാസ്സിലേക്ക് പ്രത്യേകം പ്രത്യേകം അധ്യാപകസഹായികൾ തയ്യാറാക്കിയിട്ടുണ്ട്. ഒന്ന്, രണ്ട് ക്ലാസ്സുകളിലേക്ക് ഉദ്ഗ്രഥനരീതിയിൽ ഓരോ അധ്യാപക സഹായിയും മൂന്ന്, നാല് ക്ലാസ്സുകളിലേക്ക് ഭാഷ, ഗണിതം, പരിസരപഠനം, ഇംഗ്ലീഷ് എന്നിവക്ക് പ്രത്യേകം അധ്യാപകസഹായികളുമുണ്ട്. അധ്യാപകസഹായിയിൽ ആദ്യത്തെ അഞ്ച് യൂണിറ്റ് പാഠ്യപദ്ധതിയുടെയും വിഷയസമീപനത്തിന്റെയും പൊതുസവിശേഷത കൾ വെളിപ്പെടുത്തുന്നവയാണ്. അതിൽ കുട്ടിയും പഠനവും, പഠനപ്രക്രിയ, പഠനപ്രവർത്ത നത്തിന്റെ പ്രത്യേകതകൾ, പ്രവർത്തനാധിഷ്ഠിത പഠനവേളയിൽ ശ്രദ്ധിക്കേണ്ട കാര്യ ങ്ങൾ, ചാക്രികാരോഹണരീതി, പ്രാദേശികപാഠങ്ങൾ, പ്രവർത്തനാധിഷ്ഠിത പാഠ്യപദ്ധ തിയിൽ അധ്യാപികയുടെ പങ്ക്, ടീച്ചിംഗ് മാന്വൽ, ഉദ്ഗ്രഥിത സമീപനം, ഗ്രൂപ്പുപ്രവർത്തനം നടത്തുമ്പോൾ തുടങ്ങിയ ഉപശീർഷകങ്ങളിൽ പാഠ്യപദ്ധതി സമീപനം വിശദമാക്കുന്നു. കൂടാതെ, കുട്ടിയെ അറിയുമ്പോൾ എന്ന ഉപശീർഷകത്തിൽ കുട്ടി നേടിയ കഴിവുകൾ, നാം ചെയ്യേണ്ടത് എന്തെല്ലാം എന്നിവ വിശദീകരിക്കുന്നു. ആശയവിനിമയത്തിലൂടെ ഭാഷാ പഠനം എന്ന ശീർഷകത്തിൽ, ഭാഷ പഠിക്കുന്നതെങ്ങനെ, ക്ലാസ്സിലെ ഭാഷ, ഭാഷാപഠന ത്തിൽ രക്ഷിതാവിന്റെ പങ്ക്, വായന, എഴുത്ത്, എന്റെ കഥാപുസ്തകം, എന്റെ പാട്ടു പുസ്തകം, സർഗാത്മക പ്രവർത്തനങ്ങൾ, ഭാഷാപഠനക്ലാസ്സിൽ നടക്കേണ്ടത് എന്നീ കാര്യ ങ്ങൾ വിശദമാക്കുന്നു. തുടർന്ന് പദ്യഗദ്യപാഠങ്ങളുടെ അവതരണരീതി, ഉദ്ദേശ്യം എന്നിവയും വിശദമാക്കുന്നു. ഇതോടെ ആദ്യഭാഗം അവസാനിക്കും.[85]

ഇതിനെത്തുടർന്ന് പാഠഭാഗങ്ങളുടെ പഠനരീതി, പ്രവർത്തനം എന്നിവയാണ് ചർച്ച ചെയ്യുന്നത്. ഓരോ പാഠത്തിന്റെയും ആമുഖമായി പാഠത്തിന്റെ ഉദ്ദേശ്യം, പാഠം അവതരി പ്പിക്കുന്നതിലൂടെ പാഠത്തിലേക്ക് പ്രവേശിപ്പിക്കൽ, ആശയഗ്രഹണത്തിനും വിലയിരുത്ത

---

ക്കുന്നതുമായ പ്രത്യയശാസ്ത്ര ഉപകരണമാണ് വിദ്യാഭ്യാസ പദ്ധതി എന്ന കാര്യത്തിന് അടിവരയിടു ന്നതാണ് പുതിയ പാഠപുസ്തകങ്ങളിൽ കടന്നുവരുന്ന പാഠങ്ങളിലെ ജീവിതദർശനം.

പാഠപുസ്തകത്തിന്റെ പ്രാധാന്യം കുറയ്ക്കുകയും പ്രാപ്തികൾക്ക് പ്രാധാന്യം നൽകുകയും ചെയ്യുക എന്ന ആശയം മുന്നോട്ടുവയ്ക്കുമ്പോഴും എം.എൽ.എൽ ഘട്ടത്തിൽ തയ്യാറാക്കിയ പാഠപുസ്തകങ്ങ ളിൽ ഓരോ പാഠവും ഒരു പ്രാപ്തിക്കുവേണ്ടിയായിരുന്നു. ഗാന്ധിജി നമ്മുടെ രാഷ്ട്രപിതാവ് എന്ന മൂന്നാം ക്ലാസ്സിലെ അഞ്ചാമത്തെ പാഠം. 3.3.3 ലഘുകഥകളും പുസ്തകങ്ങളും മറ്റു ബാലസാഹിത്യകൃ തികളും മൗനമായി വായിക്കുന്നു എന്ന പ്രാപ്തി നേടുന്നതിനുവേണ്ടിയാണ് ഉദ്ദേശിച്ചിട്ടുള്ളത്, എന്ന ആറാമത്തെ പാഠം. 1.3.3 എന്ന പ്രാപ്തി-കളികൾ, ലഘുപ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള വാചിക നിർദ്ദേശങ്ങൾ ശ്രവിക്കുന്നു എന്ന പ്രാപ്തി നേടുന്നതിനുവേണ്ടിയാണ് (ഗാന്ധിജി നമ്മുടെ രാഷ്ട്രപി താവ്, പശുവും പുലിയും (കേരള സർക്കാർ 21 22-27, 28-33). ഭാഷാശേഷികൾക്ക് ഒറ്റക്ക് നിലനി ല്പില്ല എന്നറിയുമ്പോഴും അത്തരത്തിലുള്ള രേഖീയമായ ഭാഷാപഠനസാമഗ്രിയാണ് എം.എൽ.എൽ സംഭാവന ചെയ്തത്.

85. കേരള സർക്കാർ 29 143

ലിനുമുള്ള പ്രവർത്തനങ്ങൾ, അധ്യാപകർക്ക് ചിന്തിക്കാനും കണ്ടെത്താനുമുള്ള ചോദ്യങ്ങൾ എന്നിവ നൽകിയിരിക്കുന്നു.[86]

ഓരോ പാഠത്തിന്റെയും ചെറിയ പതിപ്പ് അധ്യാപകസഹായിയിൽ നൽകിയിരിക്കുന്നു. പാഠപുസ്തകത്തിലെ പുതിയ പ്രവർത്തനങ്ങളുടെ വിശദാംശവും അധ്യാപകസഹായിയിൽ വിശദമാക്കുന്നു. അവസാനഭാഗത്ത് കുട്ടികളുടെ വായനയ്ക്കുള്ള വായനാസാമഗ്രികളുടെ പട്ടികയും അധ്യാപകർക്കുള്ള റഫറൻസ് ഗ്രന്ഥങ്ങളുടെ വിവരങ്ങളും നൽകിയിരിക്കുന്നു. പ്രവർത്തന സൂചിക, അധ്യാപകസഹായി വിലയിരുത്താനുള്ള സൂചകം, പാഠ്യപദ്ധതി പ്രസ്താവനകൾ എന്നിവയും നൽകിയിട്ടുണ്ട്.[87]

പദമൂല എന്ന പേരിൽ അപരിചിതപദങ്ങളുടെ അർത്ഥം നൽകിയിട്ടുണ്ട്. ഇത് കുട്ടിയെ സ്വയം പഠനത്തിന് സഹായിക്കുന്ന ഒരു രീതിയാണ്. പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള സൂചകം നൽകിയിട്ടുണ്ട്. പാഠ്യപദ്ധതിയിലെ ആശയങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള ശ്രമങ്ങളായി ഇതിനെ കാണാം. അധ്യാപകസഹായിയെ കുറിച്ചുള്ള വിലയിരുത്തൽ എൻ.സി.ഇ.ആർ.ടി 1998ൽ നടത്തിയ പഠനത്തിൽ വ്യക്തമാക്കുന്നുണ്ട്.[88]

കേരളത്തിൽ നടന്ന പാഠ്യപദ്ധതിപരിഷ്കരണപ്രക്രിയ പഠിച്ച എൻ.സി.ഇ.ആർ.ടി വിദഗ്ധർ പങ്കാളിത്തരീതിയിൽ വികസിപ്പിച്ച പാഠ്യപദ്ധതിയും പാഠപുസ്തകവും അധ്യാപകസഹായിയും ശിശുകേന്ദ്രിതരീതിക്ക് അനുയോജ്യമായതാണെന്ന് വ്യക്തമാക്കുന്നു.[89]

86. കേരള സർക്കാർ 29 47

87. കേരള സർക്കാർ 29 174-180

88. The hand book for teachers should be prepared in a way that allows for flexibility and the freedom for the teacher to devise her own activities. Yet, it should also not be too open - ended for teachers to the extend that they find it difficult to get anything concrete out of it. The Kerala hand books were found to be very rich in material but the approach adopted was to not make then prescriptive. The teachers interacted with shared the view that not only would they prefer some more structure and prescription in the hand book but also they world like workshops to be held for the development of learning aids. since they find it difficult to do this on their own. While really the approach adopted by Kerala is good the fact that teachers have been used to a certain dependance on prescription all these years indicate its need to make the shift only gradually towards complete autonomy for the teachers (Vinitha Kaul 43)

89. "Particularly by DPEP Kerala, have for the first time demonstrated possibilities of looking at the entire process of curriculum development and development of text Books and Hand books in a very participatory and contextually relevent maner. The text book that have emerged from this exerciese can very well be considered pace setters in realm of child friendly text books since they are books that will undoubtedly attract children towards learning and schooling, books that little children will love to posses-(Vinitha Kaul 44)

## 2.8. പഠനപ്രവർത്തനങ്ങൾ

പുതിയ പാഠ്യപദ്ധതിയിൽ പ്രവർത്തനാധിഷ്ഠിതപഠനത്തിനാണ് ഊന്നൽ നൽകുന്നത്. പഠനപ്രവർത്തനങ്ങളെക്കുറിച്ചുള്ള ധാരണ കൃത്യമാക്കുന്നതിനുള്ള ശ്രമം പാഠ്യപദ്ധതി വിനിമയത്തിന്റെ ഭാഗമായി നടന്നിട്ടുണ്ട്. "വിവിധങ്ങളായ ഇന്ദ്രിയാനുഭവങ്ങൾക്കും മാനസികാനുഭവങ്ങൾക്കും അവസരം നൽകുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് ഹൃദ്യവും രസകരവുമായിത്തീരും. അത് കുട്ടികളെ ഫലവത്തായ പഠനത്തിലേക്ക് നയിക്കും. പഠനം ഒരു സജീവ പ്രവർത്തനമാകേണ്ടതിന്റെ ആവശ്യകത വിഗോഡ്സ്കിയെപ്പോലുള്ള ഗവേഷകർ ചൂണ്ടിക്കാട്ടുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 'ആക്റ്റിവിറ്റി' എന്നത് പഠനത്തിന്റെ കേന്ദ്രബിന്ദുവാണ്. പഠനപ്രവർത്തനങ്ങളെ കേവലമായ കളികളോ ശാരീരികമായ അഭ്യാസങ്ങളോ ആയിട്ടല്ല പുതിയ പാഠ്യപദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്."[90] ഏതൊരു പഠനപ്രവർത്തനങ്ങൾക്കും ഉണ്ടായിരിക്കേണ്ട സവിശേഷതകൾ എന്തെല്ലാമെന്ന് നിർണയിച്ചിട്ടുണ്ട്.

പഠനപ്രവർത്തനത്തിന്റെ സവിശേഷതകൾ: പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടായിരിക്കണം. പ്രവർത്തനങ്ങൾ കുട്ടികളെ സജീവ ചിന്തയിലേക്ക് നയിക്കണം. പഠനപ്രവർത്തനങ്ങളിൽ ശാരീരികമായ പ്രവർത്തനങ്ങൾ ഉണ്ടായിരിക്കണമെന്ന് നിർബന്ധമില്ല. മാനസികമായ കഴിവുകളുടെ ഉപയോഗം നിർബന്ധമായും വേണം. പഠനപ്രവർത്തനങ്ങളിൽ കുട്ടികൾക്ക് താല്പര്യവുമായിരിക്കണം. ഓരോ പ്രവർത്തനവും കുട്ടിയുടെ മാനസിക നിലവാരത്തിന് അനുസരിച്ച് വെല്ലുവിളികൾ ഉയർത്തേണ്ടതാണ്.[91]

പഠനപ്രവർത്തനങ്ങളിലൂടെയാണ് കുട്ടിയിൽ ആശയങ്ങളും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും വികസിക്കേണ്ടത്. അതിനാൽ പഠനപ്രവർത്തനങ്ങൾക്ക് ഉണ്ടായിരിക്കേണ്ട സവിശേഷതകൾ അധ്യാപകസഹായിയിലും വിശദീകരിക്കുന്നുണ്ട്.[92]

---

90. രമേശൻ 2 28-29

91. രമേശൻ 2 28-29

92. പഠനപ്രവർത്തനങ്ങൾ കുട്ടികളിൽ ആവശ്യബോധം ജനിപ്പിക്കുന്നതും വെല്ലുവിളി ഉയർത്തുന്നതും മുന്നനുഭവവുമായി ബന്ധിപ്പിക്കുന്നതുമായിരിക്കണം. യുക്തിചിന്തയെ പ്രോത്സാഹിപ്പിക്കുന്നതും മാനസിക പ്രക്രിയയിലൂടെ കടന്നുപോകാൻ അവസരം നൽകുന്നതും വൈവിധ്യമാർന്ന വഴികളിലൂടെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതുമാവണം. ഭാവനയും സർഗാത്മകതയും വളർത്തുന്നതും തുടർപഠനസാധ്യതയുള്ളതും അനുഭവങ്ങളും പഠനഫലങ്ങളും പങ്കുവയ്ക്കുവാൻ സഹായകവുമായിരിക്കണം. കുട്ടികളുടെ നിലവാരത്തിന് യോജിച്ചതും സംഘമായോ ഒറ്റയ്ക്കോ ചെയ്യാവുന്നതും പ്രാദേശിക സാധ്യതകൾക്കിണങ്ങുന്നതുമായിരിക്കണം. പരസ്പര വിലയിരുത്തലിനും സ്വയം വിലയിരുത്തലിനും സാധ്യതയുള്ളതായിരിക്കണം. (കേരളസർക്കാർ 29 7-8).

പൊതുവെ പഠനപ്രവർത്തനങ്ങളെ നാലുതലങ്ങളിലായി വിഭജിക്കാം.

സന്നദ്ധതാപ്രവർത്തനങ്ങൾ, പ്രാഥമികപ്രവർത്തനങ്ങൾ, ഭാഷാശേഷിവികസനം ലക്ഷ്യംവയ്ക്കുന്ന പ്രവർത്തനങ്ങൾ, കലാകായിക പ്രവൃത്തിപരിചയ പ്രവർത്തനങ്ങൾ. ഇത്തരം പ്രവർത്തനങ്ങൾ പാഠപുസ്തകത്തിലും അധ്യാപകസഹായിയിലുമായി നൽകിയിരിക്കുന്നു (അനു: 22).

### 2.8.1 സന്നദ്ധതാപ്രവർത്തനങ്ങൾ

ഒന്നാംക്ലാസ്സിന്റെ ആരംഭത്തിൽ കുട്ടികളിൽ പഠനസന്നദ്ധത വളർത്താൻ നൽകുന്നതിനായി തയ്യാറാക്കിയ പ്രവർത്തനങ്ങളാണിവ. എന്നാൽ, എല്ലാ ക്ലാസ്സുകളിലും എല്ലാ പാഠങ്ങൾക്കും മുന്നോടിയായി സന്നദ്ധതാപ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ഇവ അധ്യാപകസഹായിയിലാണ് ഉള്ളത്. പേശീചലനം, പഞ്ചേന്ദ്രിയ പരിശീലനം, അനുകരണം, അഭിനയം, ആസ്വാദനം, ശ്രവണം, ഭാഷണം എന്നീ മേഖലകളിലാണ് ഒന്നാം ക്ലാസ്സിന്റെ ആരംഭത്തിൽ സന്നദ്ധതാപ്രവർത്തനങ്ങൾ നൽകിയിട്ടുള്ളത്.[93]

### 2.8.2 പ്രാഥമിക ഭാഷാശേഷി പ്രവർത്തനം

വായന, ലേഖനം എന്നീ ഭാഷാശേഷികൾ കുട്ടികളിൽ രൂപപ്പെടുത്തിയെടുക്കുന്നതിന് സഹായിക്കുന്ന പ്രവർത്തനങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. വായനയ്ക്കും എഴുത്തിനും മുമ്പ് കുട്ടികൾ ആർജിക്കേണ്ട ശേഷികൾ വളർത്തുക എന്നതാണ് ഇവിടെ ഉദ്ദേശിക്കുന്നത്. വായനയുടെയും എഴുത്തിന്റെയും ആദ്യഘട്ടമായി ഈ പ്രവർത്തനങ്ങളെ പരിഗണിക്കാവുന്നതാണ്.[94]

### 2.8.3 പഠനപ്രവർത്തനങ്ങൾ

ഭാഷണം, വായന, ലേഖനം, ഭാഷാകേളി, കടംകഥ, പഴഞ്ചൊല്ല്, ചിത്രംവര, അഭിനയം എന്നീ മേഖലകളിലായി പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. പാഠപുസ്തകത്തിലെ ഉള്ളടക്കവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത് (അനു. 22). ഒന്ന്, രണ്ട് ക്ലാസ്സുകളിൽ പാഠപുസ്തകം മറ്റു വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചാണ് നൽകിയിരിക്കുന്നത്. ഓരോ ആശയമേഖലകളെ അടിസ്ഥാനമാക്കി ഗണിതം, ഭാഷ, പരിസരപഠനം എന്നീ മൂന്നു വിഷയങ്ങളുടെയും പ്രവർത്തനങ്ങൾ കണ്ണിചേർത്തുകൊണ്ടാണ് നൽകിയിരിക്കുന്നത്. ഇത് കുട്ടികളുടെ സമഗ്രധാരണാവികസനത്തിന് സഹായിക്കുന്നു എന്ന്

93. കേരളസർക്കാർ 27 29-30
94. കേരളസർക്കാർ 27 31-32

അധ്യാപകസഹായി അവകാശപ്പെടുന്നുണ്ട്. കലാകായിക പ്രവൃത്തിപരിചയപ്രവർത്തനങ്ങളും സ്വാഭാവികമായി ഉദ്ഗ്രഥിച്ചാണ് നൽകുന്നത്. ഒന്നാം ക്ലാസ്സിൽ നൂറ്റിഅൻപത്തിയേഴ് പ്രവർത്തനങ്ങളും രണ്ടാംക്ലാസ്സിൽ നൂറ്റി എൺപത്തിനാല് പ്രവർത്തനങ്ങളും മൂന്നിൽ നൂറ്റിഎൺപത്തിയൊന്നും നാലിൽ ഇരുനൂറ്റി ഇരുപത്തിനാലും പ്രവർത്തനങ്ങളുണ്ട് (അനു: 22).

ഒന്നാംക്ലാസ്സിൽ ഭാഷണപ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത് എന്നാൽ മറ്റു ക്ലാസുകളിൽ ലേഖനപ്രവർത്തനങ്ങളാണ് കൂടുതൽ. പുതിയ പാഠപുസ്തകങ്ങളിൽ അഭ്യാസമെന്ന വിഭാഗമോ പ്രയോഗമോ കാണുന്നില്ല. പാഠപുസ്തകങ്ങളിൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങളിൽ ഉള്ളടക്കപരമായ ആശയഗ്രഹണത്തിനാണ് ഊന്നൽ. ഉദാഹരണമായി പറയാം പറയാം, വാക്യങ്ങൾ വാക്യങ്ങൾ, പദപ്പയറ്റ്, എന്ത്, എങ്ങനെ, എന്തുകൊണ്ട്[95] എന്നാൽ സർഗാത്മകമായും സ്വതന്ത്രമായും ആശയപ്രകടനത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ അധ്യാപകസഹായിയിലാണ് നൽകിക്കാണുന്നത്. ഉദാഹരണമായി കുട്ടികളുടെ പാട്ട്, സംഭാഷണം, ആനവിശേഷം.[96] ചില പാഠ്യപദ്ധതിപ്രസ്താവനകൾക്കാവശ്യമായ പ്രവർത്തനങ്ങൾ പാഠപുസ്തകത്തിലോ അധ്യാപകസഹായിയിലോ ഇല്ല. ഉദാഹരണമായി കഥാപ്രസംഗം, നോട്ടീസ്, ആത്മകഥ, ജീവചരിത്രം തുടങ്ങിയ വ്യവഹാരരൂപങ്ങൾക്കുള്ള പാഠ്യപദ്ധതി പ്രസ്താവനകൾ ഉണ്ടെങ്കിലും അവയ്ക്കുള്ള പ്രവർത്തനങ്ങളില്ല.

### 28.3.1. പഠനപ്രവർത്തനങ്ങൾ ഒരുക്കുമ്പോൾ

കുട്ടിയിൽ പഠനം നടക്കുന്നതിന് സഹായകമായ രീതിയിൽ വേണം പഠനപ്രവർത്തനം തയ്യാറാക്കേണ്ടതും നടപ്പാക്കേണ്ടതും എന്ന് അധ്യാപകസഹായി നിർദ്ദേശിക്കുന്നുണ്ട്.[97]

---

95. കേരള സർക്കാർ 27 15-19

96. കേരള സർക്കാർ 27 61,65,66

97. “മറ്റു കുട്ടികളുമായും വസ്തുക്കളുമായും സംവദിക്കാനുള്ള അവസരം ഉണ്ടാവണം. പഠനാനുഭവങ്ങൾ കുട്ടിയുടെ നിലവാരത്തിന് യോജിച്ചതാവണം. കുട്ടിക്ക് ചിന്തിക്കാനും താരതമ്യം ചെയ്യാനും കാരണം കണ്ടെത്താനും വിവരങ്ങൾ ശേഖരിക്കാനും ശേഖരിച്ച വിവരങ്ങൾ ക്രമപ്പെടുത്താനും ഊഹിക്കാനും നിഗമനങ്ങളിലെത്താനും വിവിധ മാർഗങ്ങളിലൂടെ പ്രകടിപ്പിക്കാനും അവസരം ലഭിക്കണം. പഠനം അർത്ഥപൂർണവും താല്പര്യജനകവുമായിരിക്കണം. കുട്ടി ശേഷി നേടുന്നത് അതുമായി ബന്ധപ്പെട്ട പലതരം സന്ദർഭങ്ങളിൽ പലപ്പോഴായി ഇടപെടാൻ കഴിയുന്ന ചാക്രികാരോഹണരീതിയാണ് അഭികാമ്യം. മൂർത്തമായതിൽനിന്നും അമൂർത്തമായതിലേക്കും പരിചിതത്തിൽ നിന്നും അപരിചിതത്തിലേക്കും പോകുന്നതാണ് സ്വാഭാവികം. പഠനപ്രവർത്തനമൊരുക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കണം. അവസരങ്ങൾ, അംഗീകാരം, പ്രോത്സാഹനം എന്നിവ ലഭിച്ചാൽ പഠനപ്രവർത്തനം കൂടുതൽ ഫലപ്രദമാവും” (കേരളസർക്കാർ 27 6-7)..

## 2.9 പഠനപ്രക്രിയ

പഠനപ്രവർത്തനങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കുമ്പോൾ ഓരോ പ്രവർത്തനഘട്ടത്തിലൂടെയും എല്ലാ കുട്ടികൾക്കും കടന്നുപോകാൻ കഴിയുന്നു എന്നുറപ്പാക്കണം. ഇതിനു സഹായകമായ രീതിയിൽ കുട്ടിയെ അറിയാനും അവന്റെ പഠനരീതി, പഠനവേഗത, പഠനശൈലി എന്നിവ അധ്യാപകൻ തിരിച്ചറിയണമെന്നും അതിനനുഗുണമായി ക്ലാസ്സിൽ പ്രവർത്തനങ്ങൾ അവതരിപ്പിക്കണമെന്നും അധ്യാപകസഹായി നിർദ്ദേശിക്കുന്നുണ്ട്.

"കുട്ടികൾ പരസ്പരവും അധ്യാപകനോടും നിർഭയമായി ചോദ്യങ്ങൾ, നിർദ്ദേശങ്ങൾ, ആവശ്യങ്ങൾ, സംശയങ്ങൾ എന്നിവ ഉന്നയിക്കുക. വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ നൽകുക. നിർദ്ദേശങ്ങൾ, പഠനച്ചുമതലകൾ എന്നിവ ആശയവ്യക്തതയോടെ നൽകുക. കുട്ടികൾക്ക് ഒറ്റയ്ക്കും സംഘമായും പഠനപ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹാരം കണ്ടെത്താൻ അവസരമൊരുക്കുക. എത്തിച്ചേർന്ന വ്യത്യസ്ത നിഗമനങ്ങളുടെ യുക്തി ചർച്ച ചെയ്യുക. ടീച്ചർ കുട്ടികളോടൊപ്പം വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുക. പഠനവേളയിൽ കണ്ടെത്തിയ തെറ്റുകൾ സ്വയം തിരിച്ചറിയുന്നതിനും കൂട്ടുകാരുടെ സഹായത്തോടെ ശരിയിലെത്താനും അവസരമൊരുക്കുക. പഠനസാമഗ്രികൾ, റഫറൻസ് പുസ്തകങ്ങൾ എന്നിവ കുട്ടികൾ യഥേഷ്ടം തെരഞ്ഞെടുക്കുകയും ഉപയോഗിക്കുകയും ചെയ്യുക. കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ അവർക്ക് പരിഹരിക്കാൻ കഴിയുന്നില്ലെങ്കിൽ അധ്യാപിക സഹായിക്കുക. ക്ലാസ്സുമുറി പഠനപ്രവർത്തനങ്ങൾക്കനുയോജ്യമായ വിധം ക്രമീകരിക്കുക. സ്കൂൾ പരിസരം, മറ്റു സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവ പഠനവേദിയാക്കുക'[98]

ഈ പ്രക്രിയയിലൂടെ കടന്നുപോകുന്ന കുട്ടി അറിവു നിർമാണത്തിന്റെ ഭാഗമാവുകയും പരിമിതികളുണ്ടെങ്കിൽ ഏതു ഘട്ടത്തിലാണെന്ന് കൃത്യമായി തിരിച്ചറിയാൻ അധ്യാപകന് സാധിക്കുകയും ചെയ്യും. ഇങ്ങനെ സ്വയം അന്വേഷിച്ചും പരസ്പരം പങ്കുവെച്ചും കുട്ടിയുടെ പങ്കാളിത്തത്തോടെ മുന്നേറുന്ന പഠനപ്രക്രിയയാണ് പുതിയ പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്നത്.

98. കേരള സർക്കാർ 29 8-9.

## 2.10. മൂല്യനിർണയം

നിലവിലുണ്ടായിരുന്ന മൂല്യനിർണയരീതിയെ നിരാകരിക്കുന്നതും എന്നാൽ മാറിയ പഠനരീതിക്ക് ഇണങ്ങുന്നതുമായ സമഗ്രമായ മൂല്യനിർണയ കാഴ്ചപ്പാട് അവതരിപ്പിക്കുകയുമാണ് ചെയ്തിട്ടുള്ളത്. മൂല്യനിർണയരീതി പഠനത്തെ സാരമായി സ്വാധീനിക്കുമെന്നും അതിനാൽ നിലവിലുണ്ടായിരുന്ന രീതി സമഗ്രമായി പരിഷ്കരിക്കണമെന്നും കരിക്കുലം രേഖയിൽ പറയുന്നു.[99]

ഓരോ പഠനപ്രവർത്തനത്തെത്തുടർന്നും കുട്ടിയിലുണ്ടാകണമെന്ന് ലക്ഷ്യമിടുന്ന മാറ്റം എത്രമാത്രം ഉണ്ടായിട്ടുണ്ട് എന്നു പരിശോധിക്കണം. ഇതു സാധ്യമാക്കാൻ തുടർച്ചയായ മൂല്യനിർണയം ക്ലാസ്സിൽ ഉറപ്പാക്കേണ്ട ചുമതല അധ്യാപകനുണ്ടെന്നും കരിക്കുലം വിശദമാക്കുന്നു. കുട്ടിയുടെ വ്യക്തിത്വസവിശേഷതകളും കലാകായികപ്രവൃത്തിപരിചയശേഷിയും നിരീക്ഷണത്തിലൂടെ വിലയിരുത്താനാണ് 1997ലെ പുതിയ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത്.[100]

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2000ൽ മൂല്യനിർണയത്തിന്റെ ലക്ഷ്യം നിർണയിച്ചിട്ടുണ്ട്. "മൂല്യനിർണയം കുട്ടിയുടെ പഠനപ്രക്രിയ സംബന്ധിച്ച വിവരശേഖരണവും വിശകലനവും വ്യാഖ്യാനവും ഉൾപ്പെട്ട പ്രക്രിയയാണെന്നും കുട്ടിയുടെ പഠനസംബന്ധമായ ചില തീരുമാനങ്ങൾ എടുക്കുന്നതിനുവേണ്ടിയാണിതെന്നും വിശദമാക്കുന്നു.[101]

ഓരോ വിഷയത്തിലും മേഖലകൾ നിശ്ചയിക്കയാൽ ഓരോ മേഖലയിലും കുട്ടി എത്തിനിൽക്കുന്ന നില തിരിച്ചറിയാൻ സഹായകമായി. ഇത് മൂല്യനിർണയത്തിന്റെ യഥാർഥ ലക്ഷ്യം സാക്ഷാത്കരിക്കാൻ, കുട്ടിയുടെ പഠനം സംബന്ധിച്ച് ശരിയായ തീരുമാനങ്ങൾ എടുക്കുന്നതിനും തുടർപ്രവർത്തനങ്ങൾ ഒരുക്കുന്നതിനും സഹായിച്ചു.

---

99. '1997നു മുമ്പ് നിലനിന്നിരുന്ന മൂല്യനിർണയ സമ്പ്രദായം അനവധി മാനസിക-സാമൂഹ്യപ്രശ്നങ്ങൾക്ക് ഇടയാക്കിയിട്ടുണ്ട്. കുട്ടികളുടെ പഠനപ്രക്രിയയെ തികച്ചും അസ്വാഭാവികമാക്കുകയും അമിതമാത്സര്യം, ഉത്കണ്ഠ, അസൂയ മുതലായ അനാരോഗ്യപ്രവണതകൾ സൃഷ്ടിക്കുകയും ചെയ്യുന്നതിൽ ഇത് വഹിച്ച പങ്ക് നിർണായകമാണ്. (രമേശൻ 2 32)

100. കേരള സർക്കാർ 31 17

101 "Evaluation is a systematic processes of collecting, analysing and interpreting the evidencess of students progress and achievement both in cognitive and non- cognitive areas of learnig for the purpose of taking a veriety of discussions [Govt. of India 3, *National Curriculam Frame work 2000* (New Delhi: NCERT, 2000) 27].

### 2.10.1. പഠനപ്രക്രിയയും മൂല്യനിർണയവും

പഠനപ്രക്രിയക്ക് പ്രാധാന്യം നൽകുകയും മൂല്യനിർണയത്തെ പഠനപ്രക്രിയയുടെ ഭാഗമായി കാണുകയും ചെയ്യുന്ന സമീപനമാണ് പാഠ്യപദ്ധതിയിലുള്ളത്. മൂല്യനിർണയത്തിന്റെ സവിശേഷതകൾ പാഠ്യപദ്ധതി വിശദമാക്കുന്നുണ്ട്. മൂല്യനിർണയം പഠനപ്രക്രിയയുടെ അവിഭാജ്യഘടകമാണ്. മൂല്യനിർണയത്തിന്റെയും പഠനത്തിന്റെയും രീതികൾ ഒന്നുതന്നെയാണ്. കുട്ടിയുടെ പ്രത്യേകതകൾ, പഠനപ്രക്രിയയിൽ കുട്ടി നേരിടുന്ന പ്രശ്നങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ടു മാത്രമേ പഠനാനുഭവം എന്തായിരിക്കണം, എങ്ങനെയായിരിക്കണം എന്ന് തീരുമാനിക്കാനാവൂ.[102]

### 2.10.2. ടേം മൂല്യനിർണയം: പരിപ്രേക്ഷ്യം

മൂല്യനിർണയം കുട്ടിക്ക് രസകരവും ആത്മവിശ്വാസം വർധിപ്പിക്കുന്നതുമായിരിക്കണം. വൈവിധ്യപൂർണവും അർത്ഥപൂർണവുമായ പ്രവർത്തനങ്ങളായിരിക്കണം. പ്രവർത്തനാധിഷ്ഠിത പഠനപ്രക്രിയയിലെ എല്ലാ സൂചകങ്ങളും അടങ്ങിയതായിരിക്കണം. അധ്യാപകന് ലളിതവും രസകരവുമായി ഒരുക്കാനാവുന്നതായിരിക്കണം. പ്രായോഗികമായിരിക്കണം, കുട്ടിയുടെ നിലവാരം, പഠനപ്രശ്നങ്ങൾ എന്നിവ രേഖപ്പെടുത്താനാവണം. കുറഞ്ഞ സമയത്തിനുള്ളിൽ നടത്താൻ കഴിയണം, ഒരു പ്രവർത്തനത്തിലൂടെ ഒന്നിലധികം ശേഷികൾ ഓരോ കുട്ടിയും എത്രമാത്രം നേടിയിട്ടുണ്ട് എന്ന് തിട്ടപ്പെടുത്താൻ സഹായകമാവണം. ഭിന്നനിലവാരക്കാർക്ക് ഒരേസമയം ഏറ്റെടുക്കാവുന്നതാവണം. രക്ഷിതാക്കളെ സംബന്ധിച്ചിടത്തോളം അത് തന്റെ കുട്ടി ഏതെല്ലാം കഴിവുകൾ എത്രത്തോളം നേടിയിട്ടുണ്ടെന്ന് അറിയാൻ കഴിയുന്നതാവണം. തന്റെ കുട്ടിക്ക് ഏതെല്ലാം കഴിവുകൾ വേണ്ടത്ര ഉറച്ചിട്ടില്ലെന്നും അതിന്റെ കാരണമെന്തെന്നറിയാനും സാധിക്കണം. അതിന്റെ അടിസ്ഥാനത്തിൽ എങ്ങനെ സഹായിക്കണമെന്നറിയാൻ കഴിയണം.[103]

---

102. കേരളസർക്കാർ 37, വിദ്യാഭ്യാസവകുപ്പ്, *മൂല്യനിർണയം എന്ത്? എന്തിന്? എങ്ങനെ?* (തിരുവനന്തപുരം: ഡി.പി.ഇ.പി, 1997) 4

കുട്ടികളുടെ പഠനനേട്ടങ്ങളും പഠനപ്രശ്നങ്ങളും മനസ്സിലാക്കുവാനും അവ പരിഹരിക്കാനുള്ള ഉപാധി എന്ന നിലയിലാണ് മൂല്യനിർണയത്തെ വീക്ഷിക്കുന്നത്. കുട്ടിക്ക് സ്വന്തം പഠനനേട്ടങ്ങൾ വിലയിരുത്താനും രക്ഷിതാവിന് കുട്ടിയുടെ പഠനസംബന്ധമായ നില തിരിച്ചറിയുവാനും മൂല്യനിർണയം പ്രയോജനപ്പെടുന്നു. (രമേശൻ 2 33)

103. കേരള സർക്കാർ 37 9-10

### 2.10.3. മൂല്യനിർണയതന്ത്രങ്ങൾ

വ്യക്തിഗതം, ഗ്രൂപ്പുതലം, ക്ലാസ്സ്തലം എന്നിവയാണ്. അവയ്ക്കനുയോജ്യമായ മൂല്യ നിർണയ ഉപാധികൾ തയ്യാറാക്കണം.[104]

### 2.10.4 മൂല്യനിർണയപ്രവർത്തനങ്ങളുടെ സ്വഭാവം

ഭിന്നതലപ്രവർത്തനങ്ങളായിരിക്കണം. ഉദ്ഗ്രഥിതസ്വഭാവം ഉള്ളതായിരിക്കണം. പഠനപ്രവർത്തനത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളണം. പഠനം എങ്ങനെയാണോ ആ രീതി മൂല്യനിർണയത്തിലും അവലംബിക്കണം.[105]

### 2.10.5 മൂല്യനിർണയമേഖലകൾ

ഭാഷണം, ശ്രാവ്യവായന, വായന, ലേഖനം, അഭിനയം, ചിത്രംവര, സർഗാത്മക പ്രകടനം, എന്റെ കഥ/പാട്ടുപുസ്തകം, ഭാഷാപ്രോജക്ട്, ഗ്രൂപ്പുപ്രവർത്തനം. ഇവയിൽ ഭാഷണവും ശ്രാവ്യവായനയും നിരന്തരമൂല്യനിർണയത്തിന്റെ ഭാഗമായി മാത്രമേ ഗ്രേഡ് ചെയ്യേണ്ടതുള്ളൂ. എല്ലാ മേഖലയ്ക്കും ഗുണാത്മക സൂചകങ്ങൾ നൽകിയിട്ടുണ്ട്. ഭാഷാപ്രോജക്ട് ഗ്രൂപ്പുപ്രവർത്തനമായി നടത്തേണ്ടതും ഗ്രൂപ്പുപ്രവർത്തനത്തിന്റെ സൂചകങ്ങൾ ഉപയോഗിച്ച് വിലയിരുത്തേണ്ടതുമാണ്. എല്ലാ മേഖലയിലും സി ഗ്രേഡ് വരെ നൽകിയിട്ടുണ്ട്. സി ഗ്രേഡ് കിട്ടാത്ത കുട്ടിക്ക് ഡി ഗ്രേഡ് നൽകാവുന്നതും അത് 'അമ്മ അറിയാൻ' എന്ന പഠനനിലവാരരേഖയിൽ രേഖപ്പെടുത്തേണ്ടതുമാണ്.[106]

### 2.10.6. ടേം മൂല്യനിർണയത്തിന്റെ പടവുകൾ

ടേം മൂല്യനിർണയത്തിന്റെ പടവുകൾ സമീപനരേഖയിൽ ക്രോഡീകരിച്ചിട്ടുണ്ട്. "ഓരോ ടേമിലും മൂല്യനിർണയത്തിന് വിധേയമാക്കേണ്ട പഠനോദ്ദേശ്യങ്ങൾ പാഠ്യപദ്ധതിയിൽ

---

104. വ്യക്തിഗത മൂല്യനിർണയത്തിൽ ഓരോ കുട്ടിയും സ്വന്തമായി പഠനച്ചുമതല ഏറ്റെടുത്ത് പൂർത്തിയാക്കണം. ഇപ്രകാരമുള്ള പ്രവർത്തനത്തിലൂടെ കുട്ടി നേടിയ ശേഷിയുടെ വ്യക്തമായ നിലവാരം വിലയിരുത്താൻ സാധിക്കും (കേരള സർക്കാർ 37 21-26).

ഗ്രൂപ്പുതല നിർണയ പ്രവർത്തനത്തിൽ പരസ്പരം ആശയങ്ങൾ കൈമാറി, നല്കപ്പെട്ട പഠനച്ചുമതല കൂട്ടായ പ്രവർത്തനങ്ങളിലൂടെ നിർവഹിക്കാൻ കുട്ടികൾക്ക് സാധിക്കുന്നുണ്ടോ എന്നാണ് ഇവിടെ നിരീക്ഷണവിഷയമാക്കുന്നത്. അതോടൊപ്പം ഓരോ കുട്ടിക്കും തന്റെ ശേഷി പ്രകടിപ്പിക്കാനവസരം ലഭിക്കുന്നു.

ക്ലാസ്സ് മൂല്യനിർണയപ്രവർത്തനങ്ങൾ, ഒറ്റ നോട്ടത്തിൽ തന്നെ ക്ലാസ്സിലെ കുട്ടികൾ ഒരു നിശ്ചിതപഠനോദ്ദേശ്യം നേടിയവരെയും നേടാത്തവരെയും കണ്ടെത്തി തരംതിരിക്കാൻ സഹായിക്കുന്നു. (കേരള സർക്കാർ 37 21-26)

105 കേരള സർക്കാർ 37 4, 27, 29

106 കേരള സർക്കാർ 38, വിദ്യാഭ്യാസവകുപ്പ്, *ഗ്രേഡിംഗ് സൂചകങ്ങൾ* (തിരുവനന്തപുരം: ഡി.പി.ഇ.പി., 2000) 28-30

നിന്നും തെരഞ്ഞെടുക്കുക, തെരഞ്ഞെടുത്ത പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾക്ക് അനുയോജ്യ മായ മൂല്യനിർണയ പ്രവർത്തനങ്ങൾ തയ്യാറാക്കുക, പ്രവർത്തനങ്ങളുടെ ഗുണാത്മകത ഉറപ്പാക്കുക, അവതരണക്രമം നിശ്ചയിക്കുക, സൂചകങ്ങൾക്ക് അനുസരിച്ച് വിലയിരുത്താൻ കഴിയും എന്നുറപ്പാക്കൽ, മൂല്യനിർണയം നടത്തിപ്പ് ക്ലസ്റ്ററിൽ തീരുമാനിക്കൽ, മൂല്യ നിർണയം നടത്തൽ, ഓരോ കുട്ടിയുടെ പഠനനില വിലയിരുത്തൽ, കുട്ടിയുടെ പഠന ത്തിലെ ശക്തിദൗർബല്യങ്ങൾ രേഖപ്പെടുത്തിയ റിപ്പോർട്ട് രക്ഷിതാവുമായി ചർച്ച ചെയ്ത് തുടർനടപടികൾ ആസൂത്രണം ചെയ്യൽ. ഇതുപോലെ നിരന്തരമൂല്യനിർണയഫലങ്ങൾ രേഖപ്പെടുത്തുന്നതിനായി 'എന്റെ കുട്ടികൾ' എന്ന രേഖ വികസിപ്പിക്കണം. ക്ലാസ്സിലെ മുഴുവൻ കുട്ടികളുടെയും വ്യക്തിഗത വിവരങ്ങളും സവിശേഷതകളും മേഖല തിരിച്ചുള്ള പഠനനിലയും ഈ പുസ്തകത്തിൽ രേഖപ്പെടുത്തണം എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്."[107]

## 2.10.7. മാർക്കിന് പകരം ഗ്രേഡ്

മാർക്കിന് പകരം ഗ്രേഡിംഗ് സമ്പ്രദായം നിലവിൽ വന്നു. ഇത് കുട്ടികളിൽ പരീക്ഷാ പേടി കുറക്കാൻ സഹായിച്ചു എന്നും കുട്ടികളുടെ യഥാർത്ഥ പഠനനില തിരിച്ചറിയാൻ വഴിയൊരുക്കി എന്നും ആധികാരിക ഗ്രന്ഥങ്ങൾ രേഖപ്പെടുത്തി.[108]

## 2.10.8 അമ്മ അറിയാൻ

കുട്ടികളുടെ പഠനനിലവാരരേഖയാണ് 'അമ്മ അറിയാൻ.' കുട്ടിക്ക് ഓരോ വിഷയ ത്തിലും ഓരോ മേഖലയിലും ലഭിച്ച ഗ്രേഡ് രേഖപ്പെടുത്തി രക്ഷിതാവിന് നൽകും. കുട്ടി യുടെ പഠനനില വാചികമായും ഇതിൽ രേഖപ്പെടുത്തും. ക്ലാസ്സുതല പി.ടി.എ. ചേർന്ന് മൂല്യനിർണയം സംബന്ധിച്ച പൊതുവിവരങ്ങൾ അധ്യാപികൻ വിശദമാക്കും. രക്ഷിതാ ക്കൾക്ക് സ്വന്തം കുട്ടിയുടെ പഠനമികവുകളും പ്രശ്നങ്ങളും അധ്യാപകനുമായി പങ്കുവ യ്ക്കാനുള്ള അവസരമാണിത്.[109]

---

107. കേരള സർക്കാർ 37 64

108. "താരതമ്യേന മെച്ചപ്പെട്ട മൂല്യനിർണയരീതി ആയതുകൊണ്ടാണ് ഗ്രേഡിംഗ് സമ്പ്രദായത്തിന് പുതിയ പാഠ്യപദ്ധതിയിൽ ഊന്നൽ നൽകിയത്. നിരർഥകമായ മാർക്കിനും റാങ്കിനും പകരം നിശ്ചിതമായ അർത്ഥമുള്ള ഗ്രേഡുകളാണ് നൽകുന്നത്. ഗ്രേഡുകൾ കുട്ടിയുടെ പഠനനിലവാരത്തെയാണ് സൂചിപ്പി ക്കുന്നത്. മാത്രമല്ല, ഒരേ ഗ്രേഡിൽ തന്നെ പല കുട്ടികളും നിൽക്കുന്നതിനാൽ ഉച്ചനീചത്വങ്ങൾക്ക് പ്രസക്തി ഇല്ലാതെ വരുന്നു. മാർക്ക് സമ്പ്രദായത്തിന്റെ ന്യൂനതകളും ഗ്രേഡ് സമ്പ്രദായത്തിന്റെ മേന്മ കളും NCERT പ്രസിദ്ധീകരിച്ച Grading in Schools (Feb 2000) എന്ന രേഖയിൽ പ്രതിപാദിക്കുന്നുണ്ട്" (രമേശൻ 2 33).

109. കേരള സർക്കാർ 34 82.

### 2.10.9. മൂല്യനിർണയപഠനങ്ങൾ

പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായി ഭാഷാശേഷിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പഠനവും മൂല്യനിർണയവും നിലവിൽ വന്നു. ഗുണാത്മക സൂചകങ്ങളുടെ അടിസ്ഥാന ത്തിൽ അവ വിലയിരുത്തപ്പെട്ടു. ടേം മൂല്യനിർണയപ്രവർത്തനങ്ങളും ചില ഉത്തരപേപ്പ റുകളും പഠനങ്ങളുടെ ഭാഗമായി വിലയിരുത്തപ്പെട്ടു.[110] (അനു: 24)

പുതിയ മൂല്യനിർണയരീതിയുടെ നടത്തിപ്പും ഫലപ്രാപ്തിയും വിലയിരുത്തുന്നതിന് 1997ൽ ഇന്റേണൽ അക്കാദമിക് സപ്പോർട്ട് മിഷൻ രൂപീകരിച്ചു. മൂല്യനിർണയ സമീപന ത്തിൽ അധ്യാപികയുടെ ധാരണ, ലഭിച്ച പരിശീലനത്തിന്റെ പ്രതിഫലനം, മൂല്യനിർണയ ഉപാധിയുടെ തയ്യാറാക്കൽ പ്രക്രിയ, ഗ്രേഡിംഗ്, തുടർപ്രവർത്തനങ്ങൾ, നിരന്തരവും സമ ഗ്രവുമായ മൂല്യനിർണയം, ശേഷിമേഖലകൾ, മൂല്യനിർണയതന്ത്രങ്ങൾ, ഉദ്ഗ്രഥിത മൂല്യ നിർണയം, ഫലങ്ങളുടെ രേഖപ്പെടുത്തൽ, പാഠപുസ്തകം, അധ്യാപക സഹായി, ലഘു പ്രോജക്ട്, രക്ഷിതാക്കളുടെ വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ അധ്യാപികന് ഇനിയും സഹായങ്ങൾ ആവശ്യമാണെന്ന് നിർദ്ദേശിച്ചു. റിപ്പോർട്ടിന്റെ പ്രസക്തഭാഗം അനുബന്ധ ത്തിൽ ചേർക്കുന്നു. (അനു:25) പുതിയ പാഠ്യപദ്ധതിയിൽ നിരവധി പഠനങ്ങളും പഠനഫ ലങ്ങളുടെ അടിസ്ഥാനത്തിലുള്ള തിരുത്തലുകളും നടന്നു എന്നത് എടുത്തുപറയേണ്ട കാര്യമാണ്[111] (അനു: 25).

## 2.11. ഉപസംഹാരം

പുതിയ പാഠ്യപദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമെന്നും പൂർവകാല ഭാഷാപഠനസ മീപനങ്ങളിൽ നിന്നും എങ്ങനെ അവ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നും ക്രോഡീകരിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

---

110. Anitha Ramphal, *Where exam can be fun, Evaluation of children, Learning achievement in Kerala* (Thiruvananthapuram: DPEP, 2001) 8-11

111. Anitha Ramphal 1 25-27

## പാഠ്യപദ്ധതി: ഒരു താരതമ്യം

| | പുതിയ പാഠ്യപദ്ധതി(1997)ക്കു മുമ്പ് | പുതിയ പാഠ്യപദ്ധതിയിൽ |
|---|---|---|
| ഭാഷാപഠനലക്ഷ്യം | ഭാഷാപഠന ലക്ഷ്യം നിർണയിക്കുന്നതിൽ അവ്യക്തത നിലനിന്നു ● ഒമ്പതു പ്രാപ്തികൾ എം.എൽ.എൽ ഘട്ടത്തിൽ നിർണയിച്ചു ● അവയിൽ പഠനതന്ത്രങ്ങളും വ്യാകരണപഠനവും ആശയഗ്രഹണം തുടങ്ങിയ മേഖലകൾ അവ്യക്തത സൃഷ്ടിച്ചു ● പദപഠനം, ഉച്ചാരണം എന്നിവയ്ക്ക് ഊന്നൽ ● മാതൃഭാഷ പ്രോത്സാഹിപ്പിച്ചു | അഞ്ചു ശേഷികൾ (ശ്രവണം, ഭാഷണം, വായന, ലേഖനം, സർഗാത്മക പ്രകടനം) നിർണയിച്ചു ● ഭാഷയുടെ സമഗ്രതയിൽ ഊന്നിക്കൊണ്ടുള്ള സ്വാഭാവിക പഠനം ലക്ഷ്യം വച്ചു ● പ്രാദേശിക ഭാഷയ്ക്ക് അർഹമായ സ്ഥാനം. |
| കുട്ടി | കുട്ടിക്ക് സ്വീകർത്താവിന്റെ സ്ഥാനം. കുട്ടിയുടെ മുന്നനുഭവങ്ങളെപ്പറ്റി ഗണിക്കുന്നില്ല ● മാനകീകരണഘട്ടം മുതൽ ശിശുകേന്ദ്രിത സമീപനമാണ് തുടരുന്നതെങ്കിലും പാഠപുസ്തകം, പഠനപ്രവർത്തനം എന്നിവയിൽ അവ പ്രതിഫലിക്കുന്നില്ല. | കുട്ടിയെക്കുറിച്ചുള്ള ധാരണകൾ വികസിപ്പിച്ചു ● കുട്ടിയുടെ പ്രകൃതം അംഗീകരിച്ചു ● കുട്ടിയെ ഒരു വ്യക്തിയായി പരിഗണിച്ചു ● ഇതിനെ അടിസ്ഥാനമാക്കി പാഠപുസ്തകം, പഠനരീതി, പഠനപ്രവർത്തനങ്ങൾ, വിഷയസമീപനങ്ങൾ എന്നിവ രൂപപ്പെടുത്തി. |
| അധ്യാപകൻ | അധ്യാപകകേന്ദ്രിതമായ പഠനം. അറിവിന്റെ കേന്ദ്രം അധ്യാപകൻ ● എം. എൽ. എൽ ഘട്ടത്തിൽ സഹായിയുടെ റോൾ നിർദേശിക്കുന്നു ● വിജ്ഞാനത്തിന്റെ വിതരണക്കാർ. | ജനാധിപത്യവാദിയായ സംഘത്തലവൻ, സഹപഠിതാവ്, സഹായി, പ്രശ്നപരിഹാരകൻ, ഗവേഷകൻ ● അധ്യാപക ശാക്തീകരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം. |
| പഠനരീതി, പഠനപ്രക്രിയ | ആവർത്തനത്തിലൂടെ മനഃപാഠമാക്കുന്നതിലൂടെയുള്ള പഠനം ● ഘടകങ്ങളിൽ നിന്നും സമഗ്രതയിലേക്ക് ● ചേഷ്ടാവാദത്തിലധിഷ്ഠിതമായ ഉദ്ദേശ്യാധിഷ്ഠിത ബോധനരീതി ● ബോധനത്തിന് നൽകുന്ന രീതി. ● തെറ്റുവരാതെ നോക്കുകയും ഉടൻ തിരുത്തുകയും ചെയ്യുന്ന സമീപനം ● ഉച്ചാരണം, അക്ഷരവടിവ് എന്നിവയ്ക്ക് പ്രാധാന്യം ● പഠനസാമഗ്രികൾക്ക് പ്രാധാന്യം ● എം.എൽ.എൽ ഘട്ടത്തിൽ കുട്ടിയും കുട്ടിയും, അധ്യാപകനും കുട്ടിയും പഠനസാമഗ്രികളും തമ്മിൽ ഇടപെട്ടുകൊണ്ട് പഠിക്കാനവസരം ഒരുക്കി. ● നിശ്ചിത പ്രാപ്തി നേടുന്നതിന് രേഖീയമായ പഠനരീതി. (ആദ്യം ശ്രവണം, പിന്നീട് ഭാഷണം.) | ഉദ്ഗ്രഥിത പഠനരീതി 1, 2 ക്ലാസ്സുകളിൽ ● ഭാഷാജ്ഞാനത്തിന് ഊന്നൽ ● സ്വാഭാവികസന്ദർഭങ്ങൾ ഒരുക്കിക്കൊണ്ടുള്ള പഠനം ● ആധുനിക ഭാഷാശാസ്ത്രതത്ത്വങ്ങൾ ഉൾക്കൊള്ളുന്നു. ● പ്രാദേശികപാഠങ്ങളുടെ ഉപയോഗം ● ഭാഷ സ്വയം ഉല്പാദിപ്പിക്കാനവസരം ● സർഗാത്മക പ്രവർത്തനങ്ങൾക്ക് ഊന്നൽ. ● ഭാഷാ നൈപുണികളെ സമഗ്രമായി കാണുന്നു ● വ്യവഹാര രൂപങ്ങളിലധിഷ്ഠിതം ● ആശയാവതരണ രീതിയിലൂടെ അക്ഷരത്തിലേക്ക് ● പഠനവേഗത, പഠനശൈലി എന്നിവ പരിഗണിക്കുക. ● തെറ്റുകളെ പഠനപ്രക്രിയയുടെ ഭാഗമായി കണ്ട് സ്വയം തിരുത്താനവസരം നൽകുന്നു ● ഉച്ചാരണം, അക്ഷരവടിവ് എന്നിവയ്ക്ക് അമിത പ്രാധാന്യം നൽകുന്നില്ല. ● അറിവ് പങ്കുവയ്ക്കുന്നതിലൂടെ പഠനം നടക്കുന്നതിനവസരം ● പഠനസാമഗ്രികൾക്ക് പ്രാധാന്യം. |

## പാഠ്യപദ്ധതി ഒരു താരതമ്യം

| | പുതിയ പാഠ്യപദ്ധതിക്കു മുമ്പ് | പുതിയ പാഠ്യപദ്ധതികൾ |
|---|---|---|
| പഠനതന്ത്രം | സംഘപഠനം, സംഘാധ്യാപനം എന്നീ തന്ത്രങ്ങൾ എം.എൽ.എൽ ഘട്ടത്തിൽ നിർദേശിച്ചിരുന്നു. | വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തി: ഗ്രൂപ്പുപ്രവർത്തനം, പഠനയാത്ര, അഭിമുഖങ്ങൾ, സഹവാസക്യാമ്പുകൾ, ദിനാഘോഷങ്ങൾ, ബാലസഭ, ക്ലാസ് ലൈബ്രറി, ലാബ്, പ്രാദേശികത്തനിമ ഉപയോഗപ്പെടുത്തൽ. |
| ആസൂത്രണം | അധ്യാപകകേന്ദ്രിതമായ ആസൂത്രണം അധ്യാപകസഹായിയിൽ വിശദമായി നൽകി. പഠനസാമഗ്രികൾ തയ്യാറാക്കൽ. | നാലു തലങ്ങളിലുള്ള ആസൂത്രണം: വാർഷികം, ടേം, മാസം, ആഴ്ച. തുടർന്ന് അധ്യാപികയുടെ ദൈനംദിനാസൂത്രണം, പ്രാദേശികപാഠങ്ങൾ, പഠനസാമഗ്രികൾ, അറിവിന്റെ നീതിയുക്തമായ വിതരണം, ഭിന്നതലപഠനം, ചാക്രികാരോഹരണ രീതി. പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് അനുയോജ്യമായവിധം പഠനപ്രവർത്തനം തയ്യാറാക്കൽ. ടീച്ചിംഗ് മാന്വൽ. |
| പാഠപുസ്തകം | എം.എൽ.എൽ വലിയ പുസ്തകങ്ങൾ. ഉള്ളടക്ക ബാഹുല്യം. ഓരോ പാഠവും നിശ്ചിത പ്രാപ്തികൾക്കുവേണ്ടി.<br>അധ്യാപകസഹായി അധ്യാപകന്റെ സർഗാത്മകത അംഗീകരിക്കുന്നില്ല. | മുൻകാലങ്ങളേക്കാൾ പാഠപുസ്തകമികവ്: പേര്, വലുപ്പം, ചിത്രീകരണം, ഭാഷ, ഉള്ളടക്കം പ്രവർത്തനസാധ്യത. ഇവയെല്ലാം വിവിധ പഠനങ്ങളിൽ പരാമർശിക്കുന്നുണ്ട്.<br>അധ്യാപകസഹായി കുട്ടിയുടെ പ്രകൃതവും അധ്യാപകനെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാട് അംഗീകരിക്കുന്നു. ഭാഷാപഠനലക്ഷ്യത്തിന് അനുയോജ്യമായ രീതിയിലാണ് പാഠപുസ്തകവും അധ്യാപകസഹായിയും. |
| പ്രവർത്തനങ്ങൾ | എം.എൽ.എൽ ഘട്ടത്തിൽ പ്രവർത്തനാധിഷ്ഠിത പഠനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ.<br>സംഘപഠനം, സംഘാധ്യാപനം. | പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനം. കുട്ടിയുടെ പ്രകൃതം അംഗീകരിക്കുന്നു. സ്വയം പഠനത്തിനും സംഘപഠനത്തിനും ഉതകുന്നത്. അറിവിന്റെ ഉല്പാദനം ഉറപ്പാക്കുന്നു. പ്രാദേശിക പരിഗണന. എല്ലാവരുടേയും പങ്കാളിത്തം ഉറപ്പാക്കുന്നു. അന്വേഷണാത്മകപഠനത്തിന് അവസരം. |
| മൂല്യനിർണയം | മാർക്കിനു പ്രാമുഖ്യം.<br>ഉള്ളടക്ക കേന്ദ്രിത മൂല്യനിർണയം<br>സാമൂഹ്യ പങ്കാളിത്തം ഉറപ്പിക്കാൻ ശ്രമിച്ചു. | ഗുണാത്മക സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി ഗ്രേഡ് ചെയ്യുന്ന രീതി. ഭാഷാശേഷികൾ മൂല്യനിർണയം ചെയ്തു. ഭയരഹിതമായ അന്തരീക്ഷത്തിൽ മൂല്യനിർണയം. പ്രവർത്തനാധിഷ്ഠിതവും നിരന്തരവുമായ മൂല്യനിർണയം. തുല്യപരിഗണന നൽകുന്ന മൂല്യനിർണയ ഉപാധികൾ വികസിപ്പിച്ചു. |

1997ലെ പാഠ്യപദ്ധതി സാമാന്യമായി പരിചയപ്പെടുകയും മുൻകാലങ്ങളിലെ ഭാഷാപാഠ്യപദ്ധതിയുമായുള്ള താരതമ്യപഠനവുമാണ് ഈ അധ്യായത്തിൽ നടത്താൻ ശ്രമിച്ചിട്ടുള്ളത്. പുതിയ പാഠ്യപദ്ധതി ആധുനിക ഭാഷാശാസ്ത്ര-മനഃശാസ്ത്രസിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യേണ്ടതുണ്ട്. അത് സാധ്യമാവണമെങ്കിൽ അവയെന്തെന്നും എപ്രകാരമാണ് അവ പാഠ്യപദ്ധതിയിൽ പ്രതിഫലിക്കുന്നതെന്നും അറിയേണ്ടതുണ്ട്. അടുത്ത അധ്യായത്തിൽ ആധുനിക മനഃശാസ്ത്ര-ഭാഷാശാസ്ത്ര സിദ്ധാന്തങ്ങളും അതിനെ അടിസ്ഥാനമാക്കിയുള്ള ബോധനശാസ്ത്രപരമായ ദർശനങ്ങളും എന്തെല്ലാമെന്ന് അന്വേഷിക്കാനാണ് ലക്ഷ്യമിടുന്നത്.

അധ്യായം മൂന്ന്

# പാഠ്യപദ്ധതിയുടെ സൈദ്ധാന്തിക പരിസരം

# 3. പാഠ്യപദ്ധതിയുടെ സൈദ്ധാന്തിക പരിസരം

## 3.0 ആമുഖം

മനുഷ്യൻ വിവിധ പ്രതിഭാസങ്ങളുടെ ഇടയിലാണ് ജീവിക്കുന്നത്. ഇതിൽ ഭൗതികവും സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പ്രതിഭാസങ്ങളെല്ലാം ഉൾക്കൊള്ളും. ഓരോ കാലത്തും ഈ പ്രതിഭാസങ്ങളെ സാകൂതം നിരീക്ഷിക്കാനും അപഗ്രഥിച്ച് വ്യാഖ്യാനിക്കാനും മനുഷ്യൻ ശ്രമിച്ചിട്ടുണ്ട്. ഈ വ്യാഖ്യാനങ്ങളെ ഓരോന്നിനെയും ഓരോ ചിന്താധാരയെന്നു വിളിക്കാം.

അറിവ്, അറിവു നേടുന്ന രീതി എന്നിവയും മനുഷ്യൻ അന്വേഷണവിധേയമാക്കുകയും ഓരോ കാലത്തും വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ എട്ടു ദശകമായി മനഃശാസ്ത്രരംഗത്തും ഭാഷാശാസ്ത്രരംഗത്തും ഉണ്ടായ വികാസപരിണാമങ്ങൾ പരിശോധിക്കുമ്പോൾ രണ്ട് പ്രധാന കൈവഴികൾ നമുക്ക് ദർശിക്കാനാവും. മൃഗങ്ങളിലും മറ്റുമുണ്ടാകുന്ന വർത്തനവ്യതിയാനങ്ങളെ അടിസ്ഥാനമാക്കി ഭാഷാപഠനത്തെ വിശകലനം ചെയ്യുന്ന രീതിയും മനോവ്യാപാരങ്ങളെ പരിഗണിച്ചുകൊണ്ടുള്ള ഭാഷാപഠനരീതിയുമാണവ. ഇവിടെ കുട്ടിയെക്കുറിച്ചുള്ള കാഴ്ചപ്പാടു മുതൽ ഈ വ്യതിയാനം സ്പഷ്ടമാകുന്നു. കുട്ടി ജനിക്കുമ്പോൾ അവന്റെ മനസ്സ് ശൂന്യമാണെന്നും അത് ഒരു ഒഴിഞ്ഞ പാത്രം പോലെയാണെന്നും ജോൺ ലേക്ക് അഭിപ്രായപ്പെടുന്നു. എന്നാൽ കുട്ടി നൈസർഗികമായ നിരവധി കഴിവുകളോടുകൂടിയാണ് ജനിക്കുന്നത് എന്ന അഭിപ്രായക്കാരാണ് ജ്ഞാനനിർമിതി വാദക്കാർ. ജനനപൂർവമായിത്തന്നെ അവന്റെ മനോവ്യാപാരങ്ങൾ ആരംഭിക്കുന്നുണ്ടെന്ന് ഇവർ സിദ്ധാന്തിക്കുന്നു. ചോദനപ്രതികരണങ്ങളുടെ

അനുബന്ധനത്തെ അടിസ്ഥാനമാക്കി പഠനത്തെ വിശദീകരിക്കാൻ ശ്രമിച്ച വിഭാഗത്തെ ചേഷ്ടാവാദികളെന്നും, മനോവ്യാപാരങ്ങളെ അടിസ്ഥാനമാക്കിയുള്ള വിജ്ഞാനനിർമി തിയാണ് പഠനത്തിലൂടെ നടക്കുന്നതെന്ന് വിശദീകരിച്ച വിഭാഗത്തെ ജ്ഞാതൃസിദ്ധാന്ത വാദികൾ എന്നും വിളിക്കുന്നു. അറിവ് സ്വീകരിക്കുക മാത്രമല്ല, സാമൂഹ്യ ഇടപെടലുക ളിലൂടെ അറിവ് നിർമിക്കപ്പെടുകയും ചെയ്യുന്നു എന്ന ധാരണയാണ് ആധുനിക മനഃശാ സ്ത്രതത്ത്വങ്ങൾ മുന്നോട്ട് വയ്ക്കുന്നത്. ഈ ചിന്താധാരയാണ് സാമൂഹ്യജ്ഞാന നിർമിതി വാദം. ലോകത്തെമ്പാടുമുള്ള പാഠ്യപദ്ധതി രൂപീകരണത്തിൽ ഈ ചിന്താധാരയുടെ സ്വാധീനം പ്രകടമാണ്. നമ്മുടെ നാട്ടിലും ഈ ചിന്താധാരയിലൂന്നിയ പാഠ്യപദ്ധതി രൂപ പ്പെടുത്താനാണ് വിദ്യാഭ്യാസ വിചക്ഷണരും ഭരണകർത്താക്കളും ശ്രമിക്കുന്നത്. ജനാധി പത്യത്തിലും മതേതരത്വത്തിലും സ്വാതന്ത്ര്യത്തിലും വിശ്വസിക്കുന്ന ഒരു സമൂഹത്തിന്റെ വിദ്യാഭ്യാസതാല്പര്യങ്ങൾക്കിണങ്ങുന്ന മനഃശാസ്ത്രസിദ്ധാന്തങ്ങളും വിദ്യാഭ്യാസദർശ നങ്ങളുമാണ് നമുക്കിന്നാവശ്യം. എന്നാൽ, അതിനനുസൃതമായ വിദ്യാഭ്യാസ ദർശനങ്ങളും സിദ്ധാന്തങ്ങളുമാണോ നമ്മുടെ പാഠ്യപദ്ധതിയിൽ നിഴലിക്കുന്നത് എന്നറിയേണ്ടതുണ്ട്. ആധുനിക മനഃശാസ്ത്ര ഭാഷാശാസ്ത്ര-സിദ്ധാന്തങ്ങൾ പരിചയപ്പെടാനുള്ള അവസരം ലഭിക്കാതെ നിലവിലുള്ള പാഠ്യപദ്ധതിയുടെയും നിലനിൽക്കുന്ന പാഠ്യക്രമത്തിന്റെയും സൈദ്ധാന്തികസാധുത വിലയിരുത്താൻ സാധ്യമല്ല. അതിന് ആധുനികമനഃശാസ്ത്ര വിചാ രമാതൃകകളുടെ ചരിത്രപരമായ വളർച്ചയും ഈ സിദ്ധാന്തങ്ങൾ മുന്നോട്ടുവയ്ക്കുന്ന സങ്ക ല്പനങ്ങളിൽ ഊന്നിക്കൊണ്ടുള്ള ബോധനശാസ്ത്രത്തിന്റെയും ദർശനങ്ങളുടെയും വികാ സവും എന്തെന്ന് തിരിച്ചറിയേണ്ടതുണ്ട്. അതിനുള്ള അന്വേഷണമാണ് ഈ അധ്യായ ത്തിൽ.

## 3.1. മനഃശാസ്ത്രസിദ്ധാന്തങ്ങളുടെ ചരിത്രപരമായ വളർച്ച

### 3.1.1.0. ചേഷ്ടാവാദം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലാണ് ചേഷ്ടാവാദം ഉടലെടുത്തത്. 1902ൽ റഷ്യൻ മനഃശാസ്ത്രജ്ഞനായ ഇവാൻ പാവ്‌ലോവ് നായയിൽ നടത്തിയ പഠനങ്ങളോടു കൂടിയാണ് മനഃശാസ്ത്രത്തിൽ ഈ പ്രസ്ഥാനം രൂഢമൂലമായത്. ജെ.ബി. വാട്സൺ, ഇ.എൽ. തോണ്ടെയ്ക്ക്, ഇ.ആർ. ഗത്രി, സി.എൽ. ഹൾ, ബി.എഫ്. സ്കിന്നർ തുടങ്ങിയവർ ചേഷ്ടാവാദപ്രസ്ഥാനത്തിന്റെ പ്രധാന വക്താക്കളാണ്. ചേഷ്ടാവാദത്തിന്റെ ആവിഷ്കർത്താവായിരുന്ന ജെ.ബി. വാട്സന്റെ വാദം ഇങ്ങനെ ക്രോഡീകരിക്കാം. ശാസ്ത്രീയമായ രീതിയിൽ അളക്കാവുന്നതും നിരീക്ഷണവിധേയവുമായ ബാഹ്യപ്രവർത്തനങ്ങളിൽ അഥവാ ചേഷ്ടകളിലാണ് മനഃശാസ്ത്രം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്.[1] ചേഷ്ടാവാദികളുടെ വീക്ഷണത്തിൽ, ഉള്ളിൽ നടക്കുന്ന സംഭവങ്ങൾക്കും പ്രക്രിയകൾക്കും, അതായത് ചിന്ത, പ്രതീകം, ഉദ്ദേശ്യം തുടങ്ങിയവയ്ക്ക് യാതൊരു പരിഗണനയും നൽകേണ്ടതില്ല. 1919ൽ പ്രസിദ്ധീകരിച്ച ജെ.ബി. വാട്സന്റെ 'Psychology from the standpoint of a behaviourist' എന്ന കൃതിയിലാണ് ചേഷ്ടാവാദത്തിന്റെ അടിസ്ഥാനാശയങ്ങൾ ആദ്യമായി ക്രോഡീകരിച്ചത്. ഇവാൻ പാവ്‌ലോവിന്റെ കണ്ടെത്തലുകളും തന്റേതായ ചില ധാരണകളും കൂട്ടിച്ചേർത്താണ് വാട്സൺ ചേഷ്ടാവാദത്തിന് അടിത്തറ പാകിയത്.

### 3.1.1.1. ചേഷ്ടാവാദത്തിലെ മുഖ്യ ആശയങ്ങൾ

**3.1.1.1.1:** മനുഷ്യന്റെ വ്യവഹാരം പ്രേരണയുടെയും പ്രതികരണത്തിന്റെയും പ്രതിപ്രവർത്തനത്തിന്റെയും ഫലമാണ്.

**3.1.1.1.2:** വ്യവഹാരം മാറ്റിയെടുക്കാവുന്ന ഒന്നാണ്.

**3.1.1.1.3:** മൃഗങ്ങളുടെ വ്യവഹാരത്തെക്കുറിച്ചുള്ള പഠനം മനുഷ്യന്റെ വ്യവഹാരത്തെ വിശകലനം ചെയ്യുന്നതിന് സഹായിക്കും.

**3.1.1.1.4** രണ്ടു തരത്തിലുള്ള പാകപ്പെടുത്തൽ ഉണ്ട്. പ്രതികരണബന്ധിത പാകപ്പെടുത്തലും ഉപകരണ ബന്ധിത പാകപ്പെടുത്തലും. ഒരു പുതിയ പ്രേരണവഴി പഴയ പ്രതികരണത്തെ ഉണർത്തുന്ന പഠനത്തെയാണ് പ്രതികരണബന്ധിത പാകപ്പെടുത്തൽ എന്നു പറയുന്നത്. പാവ്‌ലോവ് ആണ് ഈ ആശയം സംഭാവന ചെയ്തത്. വേട്ടക്കാരന്റെ മണം പിടിച്ച ഉടൻ പക്ഷി പറന്നകലുന്നത് ഇതിനുദാഹരണമാണ്.

---

1. ക്ലിഫോർഡ് ടി. മോർഗൻ, റിച്ചാർഡ് എ. കിംഗ്, വിവ. പ്രൊഫ. എൻ. ശങ്കരൻ നായർ, ജോൺ ഇലഞ്ഞിമണ്ണിൽ, *മനഃശാസ്ത്രത്തിന് ഒരു മുഖവുര, വോ. 1, എഡി. 2* (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1990) 48

ആവശ്യത്തെ തൃപ്തിപ്പെടുത്തുന്നതുവഴി ആർജിക്കുന്ന പ്രതികരണമെന്ന നിലയിൽ പഠനത്തെ വീക്ഷിക്കുന്നത് ഉപകരണബന്ധിത പാകപ്പെടുത്തലാണ്. സ്കിന്നറുടെ ആശയമാണിത്.

3.1.1.1.5 നേരിട്ടളക്കാനും ദർശിക്കാനും കഴിയാത്തതിനാൽ മനസ്സിനും മാനസിക പ്രക്രിയകൾക്കും സ്ഥാനമില്ല.

മുകളിൽ ചർച്ച ചെയ്ത കാര്യങ്ങൾ ചേഷ്ടാസിദ്ധാന്തത്തിൽ പഠനത്തെക്കുറിച്ചുള്ള പൊതുവായ ധാരണകളാണ്. ഭാഷ ഉൾപ്പെടെയുള്ള എല്ലാ പഠനങ്ങളും നടക്കുന്നത് പ്രേരണ-പ്രതികരണബന്ധം വഴിയാണെന്ന് സ്ഥാപിക്കാനാണ് ബി.എഫ്. സ്കിന്നറുടെ നേതൃത്വത്തിലുള്ള ചേഷ്ടാവാദികൾ ശ്രമിച്ചത്. അതുകൊണ്ടാണ് ഭാഷയെ വാചികചേഷ്ട എന്ന് സ്കിന്നർ വിശേഷിപ്പിച്ചത്.[2] ചോദനയുടെ നിയന്ത്രണത്തിലുള്ള എല്ലാ വാചികചേഷ്ടകളിലും മൂന്നു കാര്യങ്ങൾ കണക്കിലെടുക്കേണ്ടതുണ്ടെന്ന് സ്കിന്നർ ചൂണ്ടിക്കാട്ടുന്നു. ചോദന, പ്രതികരണം, പ്രബലനം എന്നിവയാണവ. ഇവ മൂന്നും പരസ്പരം ആശ്രയിച്ചിരിക്കുന്നു. ഇവയുടെ പരസ്പരബന്ധം അത്രതന്നെ പ്രകടമല്ലെങ്കിലും ഭാഷയെന്ന വാചികചേഷ്ട പഠിക്കുന്നത് വിശദീകരിക്കാൻ വേറൊരു സിദ്ധാന്തം ആവശ്യമില്ലെന്നാണ് സ്കിന്നറുടെ വാദം. ഭാഷാപഠനവും പൂർണമായും പ്രബലനത്തെ ആശ്രയിച്ചാണിരിക്കുന്നത് എന്നതിൽ സംശയമില്ല. ഒരാളുടെ ഭാഷാപരിസരം രൂപപ്പെടുന്നത് പരീക്ഷണവിധേയമാക്കുന്ന ജീവികൾക്ക് ആഹാരം നൽകിയോ നിഷേധിച്ചോ അവരുടെ ചേഷ്ടകളെ നിയന്ത്രിക്കുന്നതുപോലെയാണെന്ന് സ്കിന്നർ സിദ്ധാന്തിക്കുന്നു. കുട്ടി പുറപ്പെടുവിക്കുന്ന ശബ്ദങ്ങളെയും പദങ്ങളെയും വാക്യങ്ങളെയും പ്രബലനം ചെയ്തുകൊണ്ട് മുതിർന്നവർ അംഗീകരിക്കുന്ന ഭാഷാമാനകങ്ങളിലേക്ക് കുട്ടിയെ എത്തിക്കാമെന്ന് സ്കിന്നർ കരുതുന്നു.[3]

### 3.1.1.2 ചേഷ്ടാവാദം ചോദ്യം ചെയ്യപ്പെടുന്നു

യാന്ത്രികമായി ചേഷ്ടകൾ പ്രകടിപ്പിക്കുന്ന ഒരു ജീവിയെന്ന നിലയിലാണ് മനുഷ്യനെ ചേഷ്ടാവാദികൾ കണ്ടത്. അല്ലാതെ ഇച്ഛാശക്തിയും ലക്ഷ്യബോധവുമുള്ള ജീവിയെന്ന നിലയിലല്ല. ഇത് മനുഷ്യന്റെ ചേഷ്ടകളെ അമിതമായി ലളിതവൽക്കരിക്കുന്നുവെന്നതാണ് ചേഷ്ടാവാദത്തിന് നേരിടേണ്ടിവന്ന കടുത്ത വിമർശനം. ചേഷ്ടാവാദത്തിന് മങ്ങലേറ്റത് ജ്ഞാതൃവാദികളുടെ രംഗപ്രവേശത്തോടെയാണ്. 1957ൽ നോം ചോംസ്കി പുറത്തിറ

2. കെ.എം. രമേശൻ മറ്റും 1, *വിദ്യാഭ്യാസ പരിവർത്തനത്തിന് ഒരാമുഖം*, (കൊച്ചി: കേരള ശാസ്ത്രസാഹിത്യ പരിഷത്ത് 2002) 172

3. B.F. Skinner, *Verbal Behaviour*, (New York: Appletive Century Crafts, 1957) 81

ക്കിയ 'Syntactic Stuctures' എന്ന ഗ്രന്ഥം ഇതിന് കാരണമായി. തുടർന്ന് 1959ൽ സ്കിന്ന റുടെ വാചികചേഷ്ടയെ രൂക്ഷമായി വിമർശിച്ചുകൊണ്ട് അദ്ദേഹം ഒരു പ്രബന്ധം പുറ ത്തിറക്കി. ഭാഷാപഠനവുമായി ബന്ധപ്പെടുത്തി വ്യവഹാരവാദികൾക്ക് വിശദീകരണം നൽകാൻ കഴിയാത്ത ഒട്ടേറെ വസ്തുതകളുണ്ടെന്ന് ചോംസ്കി വാദിച്ചു. അവ എന്തെല്ലാ മെന്ന് പരിശോധിക്കാം.

**3.1.1.2.1.**

അനുകരണത്തിലൂടെയും ആവർത്തനത്തിലൂടെയുമാണ് ഭാഷാപഠനം നടത്തുന്നത് എന്നാണ് ചേഷ്ടാവാദികൾ സിദ്ധാന്തിച്ചത്. എന്നാൽ, പുതിയ സന്ദർഭങ്ങളിൽ പുതിയ ആശയങ്ങളെ ഉൽപാദിപ്പിക്കാനും നൂതനമായ ഭാഷാപ്രയോഗങ്ങൾ നടത്താനും മനുഷ്യന് സാധിക്കുന്നു. അനുകരണവും ആവർത്തനവും വഴിയാണ് ഭാഷ പഠിക്കുന്നതെങ്കിൽ ഈ പുതിയ ആശയങ്ങളെ എങ്ങനെ ഉൽപാദിപ്പിക്കാനും മനസ്സിലാക്കാനും സാധിക്കും എന്ന് വിശദീകരിക്കാൻ ചേഷ്ടാവാദികൾക്ക് കഴിയാതെ പോയി.[4]

**3.1.1.2.2**

ഭാഷ മനുഷ്യർക്ക് മാത്രമുള്ളതാണ്. മൃഗങ്ങളുടെ ആശയവിനിമയവ്യവസ്ഥയേക്കാൾ സങ്കീർണവും കാര്യക്ഷമവുമാണ് മനുഷ്യന്റെ ഭാഷാവ്യവസ്ഥ. ഭാഷ പഠിക്കുക എന്നതു കൊണ്ടുദ്ദേശിക്കുന്നത് ഭാഷാവ്യവസ്ഥയെക്കുറിച്ചുള്ള അവബോധം ഉണ്ടാവുക എന്നതാണ്. മനുഷ്യമനസ്സിൽ എങ്ങനെയാണ് ഭാഷാവ്യവസ്ഥയെക്കുറിച്ച് അവബോധം ഉണ്ടാവുകയെ ന്നതിന് തൃപ്തികരമായ മറുപടി നൽകുവാൻ ചേഷ്ടാവാദികൾക്ക് കഴിഞ്ഞിട്ടില്ല.[5]

**3.1.1.2.3**

രണ്ടു വയസ്സു പ്രായമുള്ള ശിശു അവന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഭാഷ ഉപയോഗിച്ചുതുടങ്ങും. അഞ്ചു വയസ്സോടെ മാതൃഭാഷയിലെ മിക്ക നിയമങ്ങളും അവൻ സ്വായത്തമാക്കും. സങ്കീർണമായ ഭാഷാവ്യവസ്ഥ ഉപയോഗപ്പെടുത്തി അവൻ ഭാഷ വിനി മയം ചെയ്യാനും തുടങ്ങും. ചേഷ്ടാവാദം അനുസരിച്ച് കുട്ടിക്ക് ലഭിക്കുന്ന ചോദനയുടെ അടിസ്ഥാനത്തിലായിരിക്കണം പ്രതികരണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, എന്താണോ ഭാഷാനിവേശമായി ലഭിക്കുന്നത് അതിന് ആനുപാതികമായ ഭാഷാപ്രകടനമാണ് ലഭി ക്കേണ്ടത്. എന്നാൽ അപൂർണവും ക്രമരഹിതവും നാമമാത്രവുമായ ഭാഷാനുഭവങ്ങളാണ് കുട്ടിക്ക് ലഭിക്കുന്നതെങ്കിലും പൂർണവും ക്രമബദ്ധവുമായ ഭാഷാപ്രകടനമാണ് കുട്ടി കാഴ്ച

---

4. Noam Chomski, Interview with John Gliedman, *About language organ in the brain* (Omni 6:11, November 1983) P I-3 of 12

5. K.N. Anandan 2, *Tuition to intuition* (Calicut University: Trancend, 2006) 39-42

വയ്ക്കുന്നത്. പ്രേരണയുടെ ദാരിദ്ര്യം[6] എന്നു വിശേഷിപ്പിക്കപ്പെടുന്ന ഈ പ്രതിഭാസത്തിന് തൃപ്തികരമായ മറുപടി നൽകാൻ ചേഷ്ടാവാദികൾക്ക് സാധിച്ചിട്ടില്ല.

**3.1.1.2.4**

മസ്തിഷ്കവും പഠനവും തമ്മിൽ അഭേദ്യമായ ജൈവബന്ധമുണ്ടെന്നാണ് നാഡീമനഃശാസ്ത്രജ്ഞരുടെ പഠനങ്ങൾ തെളിയിക്കുന്നത്. അതുകൊണ്ടുതന്നെ ഭാഷാപഠനത്തിന്റെ കാര്യവും വ്യത്യസ്തമല്ല. രണ്ടു വയസ്സുമുതൽ പന്ത്രണ്ടു വയസ്സുവരെയാണ് ഭാഷാപഠനം തീവ്രമായി നടക്കുന്നത്. മസ്തിഷ്കത്തിന്റെ വളർച്ചയും പന്ത്രണ്ട് വയസ്സുവരെയാണ് എന്നത് ശ്രദ്ധേയമാണ്. ഭാഷാപഠനം ചില നിശ്ചിത ഘട്ടങ്ങളെ പിന്നിട്ടുകൊണ്ടാണ് മുന്നേറുന്നത്. ലോകത്തിലെ ഏതൊരു കുട്ടിയിലും ഈ ഘട്ടങ്ങൾ ദർശിക്കാനാവും. ഭാഷാപഠനം ജീവശാസ്ത്രപരമായി ചിട്ട ചെയ്യപ്പെട്ട സംവിധാനമുപയോഗിച്ചാണ് നടക്കുന്നതെന്ന് ഇവിടെ വ്യക്തമാകുന്നു.[7]

3.1.1.2.5 ഭാഷാപഠനത്തിൽ ഒരുതരം സാർവലൗകികസ്വഭാവം ഗവേഷകരുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ട്. ലോകത്തിലുള്ള ഏതു കുട്ടിയും ആദ്യഘട്ടത്തിൽ ഒരു പദം മാത്രമുള്ള നിർമിതികളാണ് സൃഷ്ടിക്കുന്നത്. ഇത് ഏറെക്കുറെ സമാനാശയങ്ങൾ സൂചിപ്പിക്കുന്ന പദങ്ങളാണുതാനും (ഭക്ഷണം, വസ്ത്രം, വാഹനം.....) പതിനെട്ട് മാസം പിന്നിടുന്ന കുട്ടി രണ്ടു പദം മാത്രമുള്ള വാക്യങ്ങൾ നിർമിക്കുന്നു.[8] അവയ്ക്കും സമാനതകളുണ്ട്. ആവർത്തനം വഴിയും പ്രബലനം വഴിയുമാണ് കുട്ടി ഭാഷ പഠിക്കുന്നതെങ്കിൽ ലോകത്തിലെ ഒരു കുട്ടിയെങ്കിലും ഭാഷാപഠനത്തിന്റെ ആദ്യഘട്ടത്തിൽ രണ്ടു പദമുള്ള നിർമിതികൾ രൂപീകരിക്കാത്തത് എന്തുകൊണ്ടാണ്?

3.1.1.2.6 ഭാഷയുടെ സാർവലൗകികസ്വഭാവവും ഘടനാപരമായ സാദൃശ്യവും ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇതും ചേഷ്ടാവാദികൾ വകവെച്ചുതരുന്നില്ല. ഇംഗ്ലീഷ് ഭാഷയിൽ 'Take', 'Took' തുടങ്ങിയ ക്രിയാപദങ്ങൾ ഭാഷാപഠനത്തിന്റെ ആദ്യഘട്ടത്തിൽ ഉപയോഗിച്ചു തുടങ്ങുകയും താമസിയാതെ 'Took' എന്നതിനു പകരം 'Take' എന്ന് തെറ്റായി ഉപയോഗിക്കുകയും ചെയ്യുന്നു. കുറച്ചുകാലത്തിനു ശേഷം 'Took' എന്ന ശരിയായ രൂപത്തിലേക്ക് തിരിച്ചുവരികയും ചെയ്യും. ഇവിടെ ആദ്യകാലങ്ങളിൽ ശരിയായി

6. കെ.എൻ. ആനന്ദൻ 3, *ഭാഷാശാസ്ത്രത്തിലെ ചോംസ്കിയൻ വിപ്ലവം* (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2003) 778-780

7. Jean Aitchison, *The articulate mammal; an introduction to psycho linguistics* (London, hutchinson & company, pvt limited, 1976) 52

8. S. Pinker, *Language acquisition, In foundations of cognitive science*, Ed. M. L. Posner (London: MIT press 1989) 104

ഉപയോഗിച്ച ഒരു പദം പിന്നീട് തെറ്റായി ഉപയോഗിക്കുകയും വീണ്ടും ശരിയിലേക്കു വരികയും ചെയ്യുന്നു. ഇതിന്റെ മാനസികപ്രക്രിയ എന്തെന്ന് തിരിച്ചറിയാനോ വിശകലനം ചെയ്യാനോ ചേഷ്ടാവാദികൾ ശ്രമിച്ചിട്ടില്ല.

### 3.1.2.0. ഘടനാവാദവും അനുഭവജ്ഞാനവാദവും

3.1.2.0.1. ഘടനാവാദം: പ്രധാന ചിന്താപദ്ധതികൾ: ഭാഷാശാസ്ത്രം, നരവംശശാസ്ത്രം, മനഃശാസ്ത്രം, സാമൂഹ്യശാസ്ത്രം, രാഷ്ട്രീയ സമ്പദ്വ്യവസ്ഥ എന്നിങ്ങനെ വ്യത്യസ്ത വിജ്ഞാനമേഖലകളിലെ പുതിയ സമീപനങ്ങളിൽ നിന്നാണ് ഘടനാവാദം ഉരുത്തിരിഞ്ഞുവന്നത്. ഫെർഡിനന്റ് ദി സൊസൂർ, ട്രൂബെറ്റ്സ് കോയി, റോമൻ ജാകോപ്സൺ എന്നീ ഭാഷാശാസ്ത്രജ്ഞർ നേതൃത്വം നൽകിയ ഘടനാത്മക ഭാഷാശാസ്ത്രം, ടിച്ച്നർ ആവിഷ്കരിച്ച ഘടനാത്മക മനഃശാസ്ത്രം, ക്ലോഡ് ലെവിസ്ട്രോസിന്റെ ഘടനാത്മകനരവംശശാസ്ത്രം, ജെ.എം. കെയിൻസ്, മിൽട്ടൺ ഫ്രീഡ്മാൻ തുടങ്ങിയവർ മുന്നോട്ടുവെച്ച രാഷ്ട്രീയ സമ്പദ്ഘടന, ലൂയി അൽത്തൂസറുടെ, മാർക്സിസ്റ്റ് ഘടനാവാദം, റോളാംഗ് ബാർത്തിന്റെ ഘടനാത്മക സാഹിത്യനിരൂപണം, ജോൺ ഡ്യൂയിയുടെ നിർവഹണ മനഃശാസ്ത്രം എന്നിവയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടാണ് ഘടനാവാദം എന്ന പദം ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

3.1.2.0.2 ബ്ലൂംഫീൽഡ്: ഘടനയുടെ പ്രവചനാത്മകത: ഭാഷയ്ക്ക് ഘടനാപരമായ സവിശേഷതകളുണ്ടെന്നും വാക്യത്തെ രൂപിമങ്ങളായും രൂപിമങ്ങളെ സ്വനിമങ്ങളായും വിശ്ലേഷിക്കാൻ കഴിയുമെന്നും ഘടനാവാദികൾ കണ്ടെത്തി. വാക്യഘടന വിശകലനം ചെയ്യുന്നതിന് ബ്ലൂംഫീൽഡ് ആവിഷ്കരിച്ച വിശ്ലേഷണരീതി ഏറെ പ്രശസ്തി നേടുകയും ചെയ്തു.[9] വാക്യത്തെ അതിന്റെ തൊട്ടുതാഴെയുള്ള ഘടകങ്ങളായും ഈ ഘടകത്തെ ഉപഘടകങ്ങളായും വിഭജിക്കുന്ന രീതിയാണ് ബ്ലൂംഫീൽഡ് സ്വീകരിച്ചത്. ഭാഷാവ്യവഹാരങ്ങളെ അവയുടെ ഘടകങ്ങളായ വാക്യം, രൂപിമം, സ്വനിമം എന്നിങ്ങനെ തട്ടുകളായി വിശ്ലേഷണം ചെയ്യാമെന്ന കണ്ടെത്തലിൽ ഇന്ന് പുതുമയൊന്നുമില്ല. എന്നാൽ ഭാഷാശാസ്ത്രത്തിലെ മഹാസംഭവമായാണ് അന്ന് അത് വീക്ഷിക്കപ്പെട്ടത്. "ഭാഷ സ്വനിമങ്ങളും രൂപിമങ്ങളും ചേർന്നതാണെന്ന കണ്ടുപിടിത്തത്തെ ഭൗതികശാസ്ത്രത്തിലെ ന്യൂട്ടൺ വിപ്ലവത്തിനോട് താരതമ്യപ്പെടുത്താം."[10] ഭാഷാവിശ്ലേഷകന് മുൻപരിചയമില്ലാത്ത ഏതു ഭാഷയുടെയും ശരിയായ വിവരണം സാധ്യമാകുന്ന രീതിയിൽ വസ്തുനിഷ്ഠവും യാന്ത്രികവും പഴുതുകളില്ലാത്തതുമായ നടപടിക്രമങ്ങൾ ആവിഷ്കരിക്കാനാണ് ഘടനാവാദികൾ ശ്രമി

9. L. Bloom Field, *Language*, 7th Ed (London: George Allen & Unwin ltd, 1961) 136
10. രമേശൻ1 171

ച്ചത്. മുൻപരിചയമില്ലാത്ത ഭാഷയായതുകൊണ്ട് പരിശോധനക്ക് വിധേയമാകുന്ന ഭാഷയിലെ ശബ്ദങ്ങൾ എന്താണർത്ഥമാക്കുന്നതെന്ന് അയാൾക്കറിയില്ല. ചേഷ്ടാവാദത്തെ അടിസ്ഥാനപ്രമാണമാക്കി സ്വീകരിച്ചുകൊണ്ട് ഭൗതികമായി അളക്കാൻ കഴിയാത്തവയും നേരിട്ടു നിരീക്ഷിക്കാൻ കഴിയാത്തവയുമായ എല്ലാ വസ്തുക്കളെയും ശാസ്ത്രീയമായ വിശകലനത്തിൽ നിന്നും ഒഴിച്ചുനിർത്താനാണ് ഘടനാവാദികൾ ശ്രമിച്ചത്. ഭാഷണശബ്ദങ്ങളെക്കുറിച്ചും അവയുടെ വിതരണക്രമത്തെക്കുറിച്ചുമുള്ള പ്രസ്താവനകളെ തെളിവുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കാൻ കഴിയും. എന്നാൽ, അർത്ഥം നിരീക്ഷണത്തിന് വിധേയമാകുന്ന ഒന്നല്ല; മനുഷ്യമനസ്സിൽ മാത്രം നിലനിൽക്കുന്ന ഒന്നാണ്. മനസ്സിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് പഠിക്കാൻ നിലവിലുള്ള അറിവ് പോരാ. അതിനാൽ, ഭാഷാവിശകലനത്തിൽ അർത്ഥവിശകലനം ഉൾപ്പെടുത്തരുതെന്ന് ബ്ലൂംഫീൽഡും അനുയായികളും നിഷ്കർഷിച്ചു.[11]

3.1.2.0.3 അനുഭവജ്ഞാനത്തിന്റെ സ്വാധീനം: അനുഭവജ്ഞാനവാദത്തിന്റെ അനുമാനങ്ങൾ അക്കാലത്തെ ഭാഷാശാസ്ത്രത്തെയും മനഃശാസ്ത്രത്തെയും ഒരുപോലെ സ്വാധീനിച്ചിട്ടുണ്ട്. അനുഭവമാണ് എല്ലാ അറിവിന്റെയും അടിസ്ഥാനമെന്നതാണ് അനുഭവജ്ഞാനത്തിന്റെ അടിത്തറ. അതിനാൽ കുട്ടികൾ വ്യാകരണമഭ്യസിക്കുന്നത് താൻ കേൾക്കുന്ന അസംസ്കൃത ഭാഷാവസ്തുതകളിൽ പ്രാഥമികമായ അനുമാനതത്ത്വങ്ങൾ പ്രയോഗിക്കുക വഴിയാണെന്ന് അനുഭവജ്ഞാനവാദികൾ സിദ്ധാന്തിച്ചു.[12] നിബന്ധനകൾക്ക് വിധേയമായി ഏതാനും ക്രിയകളിലൂടെ അനുമാനങ്ങളിലെത്തുന്ന രീതിയാണ് വൈയാകരണന്റേത്. ഇതേ രീതിയാണ് ഭാഷാപഠനത്തിൽ കുട്ടിയും സ്വീകരിക്കുന്നതെന്ന് അനുഭവജ്ഞാനവാദികൾ വാദിച്ചു. ജനിക്കുമ്പോൾ കുട്ടികൾ ഒഴിഞ്ഞ സ്ലേറ്റുകൾക്ക് സമാനമാണെന്ന് ബ്രിട്ടീഷ് തത്ത്വചിന്തകനായ ജോൺ ലോക്ക് അഭിപ്രായപ്പെട്ടത് അനുഭവജ്ഞാനവാദത്തിന്റെ വീക്ഷണകോണിൽനിന്നുകൊണ്ടാണ്. ലോക്കിന്റെ വാദമനുസരിച്ച് ഭാഷ സ്വായത്തമാക്കുന്നതിനുള്ള ഘടനാപരമായ മുൻധാരണകളൊന്നും കുട്ടികൾക്കില്ല. സംഖ്യയുമായോ, അളവുമായോ ബന്ധപ്പെട്ട മൂർത്തമായ യുക്തിചിന്തയ്ക്കും, വസ്തുതകളുമായോ അവയുടെ അസ്തിത്വവുമായോ ബന്ധപ്പെട്ട പരീക്ഷണവിധേയമായ യുക്തിചിന്തയ്ക്കുമാണ് അനുഭവജ്ഞാനവാദികൾ പ്രാധാന്യം നൽകിയത്.

ഭാഷാശാസ്ത്രത്തിൽ അനുഭവജ്ഞാനവാദം ഒട്ടേറെ സ്വാധീനം ചെലുത്തി. അക്കാലത്ത് നൂറുകണക്കിന് ഭാഷകളെക്കുറിച്ച് പ്രാഥമിക വിവരങ്ങൾ ശേഖരിക്കുന്നതിന് ശ്രമി

11. Bloom Field 139
12. John Loacke, *An essay conserning Human understanding*. (London: Oxford Claranton Press, 1975) 135

ക്കുകയായിരുന്നു ഭാഷാശാസ്ത്രജ്ഞർ. അതിനിടെ ഭാഷയുടെ ആന്തരികരൂപത്തെക്കുറിച്ച് ഹംബോൾഡ് ചില അനുമാനങ്ങൾ നടത്തിയിരുന്നു. എന്നാൽ അന്നത്തെ അക്കാദമികലോകം ഈ വാദം വേണ്ടത്ര പരിഗണിച്ചില്ല. അനുഭവജ്ഞാനവാദവും ഘടനാവാദവും കൂട്ടുചേർന്നതോടുകൂടി ഭാഷയുടെ ആന്തരിക രൂപത്തെക്കുറിച്ചുള്ള ചർച്ച തികച്ചും അശാസ്ത്രീയമാണെന്ന് പലരും കരുതിത്തുടങ്ങി.

### 3.1.2.1. ഘടനാവാദത്തിന്റെയും അനുഭവജ്ഞാനത്തിന്റെയും പ്രതിസന്ധി

3.1.2.1.1. സിദ്ധാന്തമായി തെറ്റിദ്ധരിച്ച രീതി: ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഘടനാവാദത്തിനും അനുഭവജ്ഞാനത്തിനും വ്യാപകമായ അംഗീകാരമുണ്ടായിരുന്നു. എന്നാൽ 1950ന്റെ പകുതിയായപ്പോഴേക്കും ഘടനാത്മകഭാഷാശാസ്ത്രം ഒരു പ്രതിസന്ധിയെ അഭിമുഖീകരിച്ചുതുടങ്ങിയിരുന്നു. കണ്ടെത്തൽ നടപടിക്രമങ്ങൾ വഴി അറിയാത്ത ഭാഷകളുടെ വ്യാകരണം നിർമിക്കാൻ കഴിയുമെന്നായിരുന്നല്ലോ അവരുടെ അവകാശവാദം.[13] സിദ്ധാന്തം എന്ന ആശയത്തെക്കുറിച്ച് ഇന്നുള്ള ധാരണയല്ല അക്കാലത്ത് ഘടനാവാദികൾക്കുണ്ടായിരുന്നത്. രീതിയെ സിദ്ധാന്തമായി തെറ്റിദ്ധരിക്കുകയായിരുന്നു അവർ. പ്രതിഭാസങ്ങളെ വിശദീകരിക്കുകയും പ്രവചിക്കുകയും ചെയ്യുന്ന യുക്തിപരമായ നിർമിതിയാണ് സിദ്ധാന്തം. അങ്ങനെ ഒരു സിദ്ധാന്തത്തിൽ എത്തിച്ചേരുന്നതിനുള്ള വഴിയാണ് രീതി. പ്രതിഭാസങ്ങളെ വിശദീകരിക്കാനോ പ്രവചിക്കാനോ തയ്യാറാകാതെ ഭാഷയുടെ വിവരണത്തിലേക്ക് നയിക്കുന്ന ചില രീതികൾ കണ്ടെത്തുക മാത്രമാണ് ഘടനാവാദികൾ ചെയ്തത്.

3.1.2.1.2 അർത്ഥത്തിന്റെ നിരാകരണം: ഘടനാവാദം അഭിമുഖീകരിച്ച മറ്റൊരു പ്രശ്നം അർത്ഥത്തെ സംബന്ധിക്കുന്നതായിരുന്നു. അർത്ഥത്തെ ഒഴിവാക്കിക്കൊണ്ടുള്ള ഭാഷാവിശകലനരീതിയെയാണല്ലോ ഘടനാവാദികൾ മുന്നോട്ടു വെച്ചത്. എന്നാൽ അർത്ഥത്തെ പൂർണമായും ഒഴിവാക്കുക എന്നത് തികച്ചും അപ്രാപ്യമായ ലക്ഷ്യമാണ്. സ്വനിമത്തെയും രൂപിമത്തെയും വിശകലനം ചെയ്യുന്നതിനുവേണ്ടി ബ്ലൂംഫീൽഡ് ആരംഭിച്ച നടപടിക്രമങ്ങളിൽ അർത്ഥത്തെക്കൂടി ഒരു ലക്ഷണമായി ഉൾപ്പെടുത്തിയിട്ടുണ്ട്.[14]

3.1.2.1.3 അനന്യമല്ലാത്ത ഭാഷണഘടകങ്ങൾ: ഘടനാവാദികൾ ശാസ്ത്രീയമെന്ന രീതിയിൽ അവതരിപ്പിച്ച കണ്ടെത്തൽ നടപടിക്രമങ്ങളും പ്രശ്നവിമുക്തമായിരുന്നില്ല. ഭാഷയുടെ ഭൗതികമായ രേഖയെ ആസ്പദമാക്കി ആദ്യം സ്വനിമകളെയും തുടർന്ന് രൂപിമങ്ങളെയും കണ്ടെത്തുന്ന രീതിയാണ് ഘടനാവാദികളുടേത്. രൂപിമങ്ങളെ തിരിച്ചറിഞ്ഞതിന്

13. C.F. Hocket, *A course in Modern linguistics,* 9th Ed. (New York: Mack Million, 1955) 508-511
14. Bloom Field 139

ശേഷം മാത്രമാണ് അവയുടെ വിന്യാസത്തെയും വാക്യങ്ങൾ കൂടിച്ചേർന്ന സംഭാഷണ ത്തെയും വിശകലനം ചെയ്യുന്നത്. ഈ രീതിയിൽ ഭാഷയെ വിശകലനം ചെയ്യാൻ പ്രയാസമാണ്. ഭാഷയിൽ രൂപിമങ്ങൾ കണ്ടുപിടിക്കണമെങ്കിൽ അവയുടെ ഘടകങ്ങളെ കണ്ടുപിടിക്കണം. അങ്ങനെ വരുമ്പോൾ സ്വനിമങ്ങളെക്കുറിച്ചുള്ള വിവരണത്തിൽ രൂപിമങ്ങളെക്കുറിച്ചോ അവയുടെ വിന്യാസത്തെക്കുറിച്ചോ ഉള്ള വിവരണങ്ങളുണ്ടായിക്കൂടാ. എന്നാൽ ഇങ്ങനെ ചെയ്യാൻ എല്ലായ്പ്പോഴും സാധ്യമാകില്ല.

ഘടനാവാദികൾ ആവിഷ്കരിച്ച വിശകലനരീതികൾ ഉപേക്ഷിക്കാൻ അവരെ നിർബന്ധിക്കുന്ന ഒട്ടേറെ ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിയും. അതിനാൽ വളരെ മടിയോടു കൂടിയാണെങ്കിലും ഘടനാവാദികളുടെ വിശകലനരീതിയെക്കുറിച്ച് ഹോക്കറ്റ് ഇപ്രകാരം പറയുകയുണ്ടായി. "ആർക്കും ഒരു ഭാഷയുടെ വിശകലനം തീർത്തും വസ്തുനിഷ്ഠമായി ചെയ്യാനാവില്ല. വിവരദാതാക്കളോട് മാനസികമായ ഐകരൂപ്യം കാണിക്കാനേ കഴിയൂ."[15]

3.1.2.1.4. രചനാന്തരണ പ്രജനന വ്യാകരണം: കൂടുതൽ ഭാഷകൾ പഠനവിധേയമായതോടുകൂടി ഘടനാവാദികൾ സ്വപ്നം കണ്ടിരുന്ന യാന്ത്രികമായ കണ്ടെത്തൽരീതികൾ കൂടുതൽ അപ്രാപ്യമായിത്തീർന്നു. ഘടനാവാദത്തിന്റെയും അനുഭവജ്ഞാനത്തിന്റെയും സൈദ്ധാന്തികമായ പാപ്പരത്തം ഭാഷാശാസ്ത്രരംഗത്ത് ശൂന്യത സൃഷ്ടിച്ചു. ഈ ശൂന്യതയിലേക്കാണ് ഭാഷാശാസ്ത്രത്തിൽ ഒരു വിപ്ലവത്തിനു തുടക്കം കുറിച്ചുകൊണ്ട് 1957ൽ നോം ചോംസ്കിയുടെ രചനാന്തരണ പ്രജനന വ്യാകരണം കടന്നുവന്നത്.

ഭാഷാവസ്തുതകളിൽ നിന്ന് യാന്ത്രികമായി നിർമിച്ചെടുക്കാവുന്ന ഒന്നാണ് വ്യാകരണം എന്ന അനുഭവജ്ഞാനവാദസമീപനം നോം ചോംസ്കി നിരാകരിച്ചു. ഭാഷയെക്കുറിച്ചുള്ള സിദ്ധാന്തമാണ് വ്യാകരണം. അനന്തമായ ഒരു കൂട്ടം വാക്യങ്ങളെയും അവയുടെ ഘടനാപരമായ വിവരണങ്ങളെയും പ്രജനനം ചെയ്യാൻ കഴിയുന്ന ഒരു സ്വയംശരിവ്യവസ്ഥയാണ് വ്യാകരണം. പ്രാഥമികമായ ഭാഷാവസ്തുതകൾ കൈകാര്യം ചെയ്യാൻ വ്യാകരണത്തിന് കഴിയണം. ഭാഷാവസ്തുതകളെയും പ്രതിഭാസങ്ങളെയും വിശദീകരിക്കാനും പ്രവചിക്കാനും കഴിയുന്ന ഒന്നായിരിക്കണം സിദ്ധാന്തം.

ഘടനാവാദികൾ അവകാശപ്പെടുന്ന ശാസ്ത്രീയത അവർ മുന്നോട്ടു വെച്ച ഭാഷാശാസ്ത്രത്തിനില്ലെന്ന് നോം ചോംസ്കി ചൂണ്ടിക്കാണിച്ചു. സിദ്ധാന്തരൂപീകരണത്തിൽ കുറെ നിബന്ധനകൾ ചുമത്തുക എന്ന ആശയമാണ് ഘടനാവാദികൾക്കുള്ളത്. മനുഷ്യഭാഷ എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെക്കുറിച്ചുള്ള ഉൾക്കാഴ്ചയുമായി പൊരുത്തപ്പെടു

15. Hocket 60-61

ന്നവയല്ല ഇത്തരം നിബന്ധനകൾ. ഭാഷാശാസ്ത്രത്തിന് ചെയ്യാൻ കഴിയുന്ന ഏകകാര്യം വ്യാകരണങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു നടപടിക്രമം നൽകുക മാത്രമാണ്.[16] ഒരു പ്രത്യേക സിദ്ധാന്തമനുസരിച്ചുള്ള രണ്ട് വ്യാകരണങ്ങളെ വിലയിരുത്തിയതിനുശേഷം ഏതാണ് സ്വീകാര്യമെന്ന് വിധികല്പിക്കാനുള്ള യാന്ത്രികമായ രീതിയാണ് ഉദ്ദേശിക്കുന്നത്. ഇങ്ങനെയുള്ള വിലയിരുത്തൽ പോലും പല ശാസ്ത്രങ്ങൾക്കും കൈവരിക്കാൻ കഴിയുന്നതിനേക്കാളും കൂടുതലാണെന്ന് ചോംസ്കി സമർത്ഥിച്ചു.

ഘടനാവാദികൾ കരുതുന്നതുപോലെ ആദ്യം സ്വനം കണ്ടുപിടിക്കുക തുടങ്ങിയ ഒരു കൂട്ടം നിർദ്ദേശങ്ങളിൽ നിന്നല്ല വ്യാകരണം ഉണ്ടാവുന്നത്. ചിലപ്പോൾ സ്വനിമചർച്ചയിൽപ്പോലും രൂപിമങ്ങളെക്കുറിച്ചും അവയുടെ വിന്യാസത്തെക്കുറിച്ചും പറയേണ്ടിവന്നേക്കും. യാന്ത്രികമായ രീതികൾക്കു പുറമെ ഊഹം, ഉൾക്കാഴ്ച, മുന്നനുഭവങ്ങൾ ഇവയെയെല്ലാം ആശ്രയിക്കേണ്ടതായും വരാം.

### 3.1.3.0 ഗസ്റ്റാൾട്ട് മനഃശാസ്ത്രം

ചോംസ്കി മുന്നോട്ടുവെച്ച വാദങ്ങൾ മാത്രമല്ല ചേഷ്ടാവാദത്തിന്റെ തകർച്ചയിലേക്കു നയിച്ചത്. കുട്ടിയുടെ നൈസർഗികശേഷി, പഠനത്തിൽ മാനസികപ്രക്രിയകളുടെ പ്രാധാന്യം എന്നിവ തിരിച്ചറിഞ്ഞ മനഃശാസ്ത്രജ്ഞർ അക്കാലത്ത് വേറെയുമുണ്ടായിരുന്നു. ഘടകങ്ങളുടെ ആകത്തുകയല്ല സമഗ്രത എന്ന് ആദ്യമായി പ്രസ്താവിക്കുകയും തെളിയിക്കുകയും ചെയ്ത ഗസ്റ്റാൾട്ട് മനഃശാസ്ത്രജ്ഞന്മാരുടെ സംഭാവന ഇവിടെ ശ്രദ്ധേയമാണ്.[17] ജർമൻ മനഃശാസ്ത്രജ്ഞനായിരുന്ന മാക്സ് വെർത്തിമർ ആണ് ഗസ്റ്റാൾട്ട് മനഃശാസ്ത്രത്തിന്റെ ഉപജ്ഞാതാവ്. ഭൗതിക പ്രതിഭാസങ്ങളും ദൃശ്യസംവേദങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ വെളിപ്പെടുന്ന പുതുമയാർന്ന പരീക്ഷണങ്ങൾ വഴിയാണ് വെർത്തിമർ ഗസ്റ്റാൾട്ട് പ്രതിഭാസത്തിന് തുടക്കമിട്ടത്. കുർട്ട് കോഫ്ക, വുൾഫ് ഗംഗ്കോളർ തുടങ്ങിയവരും ഗസ്റ്റാൾട്ടിസം വികസിപ്പിക്കുന്നതിനും പ്രയോഗിക്കുന്നതിനും ഏറെ ശ്രമിച്ചിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജർമനിയിലാണ് ഒരു ചിന്താധാരയെന്ന നിലയിൽ ഗസ്റ്റാൾട്ട് മനഃശാസ്ത്രം ഉടലെടുത്തത്. ഭാഗങ്ങളുടെ ആകെ തുകയെക്കാൾ കൂടുതലാണ് സമഗ്രത എന്ന അനുമാനത്തിലധിഷ്ഠിതമാണ് ഗസ്റ്റാൾട്ട് മനഃശാസ്ത്രം.

സംവേദനത്തിൽ വ്യത്യസ്തങ്ങളായ ഇന്ദ്രിയാനുഭവങ്ങൾക്ക് പുറമെ ചില ഗുണവിശേഷങ്ങളും പ്രത്യക്ഷപ്പെടുന്നുണ്ടെന്ന് ഗസ്റ്റാൾട്ടിസ്റ്റുകൾ അനുമാനിക്കുന്നു. ഉദാഹരണ

16. Noam Chomsky 2, *Aspects of the theory of the Syntax*. (Cambridge: M.A. MIT press, 1965) 31-47
17. മോർഗൻ 51

മായി ഒരേ ഈണം തന്നെ പല മാർഗങ്ങളും ഉപയോഗിച്ച് പുറപ്പെടുവിക്കുമ്പോൾ നാദത്തെക്കുറിച്ചുള്ള ഇന്ദ്രിയാനുഭവം മാറുന്നുണ്ടെങ്കിലും ഈണം തിരിച്ചറിയാൻ കഴിയുന്നുണ്ട്.

ചേഷ്ടാവാദികൾ പടുത്തുയർത്തിയ സൈദ്ധാന്തിക സൗധങ്ങൾക്കെതിരെ ശക്തമായ ആക്രമണം അഴിച്ചുവിടാൻ ഗസ്റ്റാൾട്ട് മനഃശാസ്ത്രജ്ഞർക്ക് കഴിഞ്ഞു. രണ്ടു പ്രധാന കാരണങ്ങളെ മുൻനിർത്തിയാണ് അവർ ചേഷ്ടാവാദത്തെ എതിർത്തത്. ഒന്ന്: ചേഷ്ടയെ ചോദന–പ്രതികരണ ബന്ധങ്ങളായി വിശകലനം ചെയ്യുമ്പോൾ സമഗ്രതയെ ഭാഗങ്ങളായി വിശ്ലേഷിക്കുമ്പോഴുണ്ടാകുന്ന അപകടം തന്നെയാണ് സംഭവിക്കുക. രണ്ട്: നിരീക്ഷണവിധേയമാകുന്ന ചേഷ്ടയെ കേന്ദ്രീകരിച്ചല്ല, ബോധാനുഭവത്തെ കേന്ദ്രീകരിച്ചായിരിക്കണം മനഃശാസ്ത്രത്തിലെ പഠനങ്ങൾ.

### 3.1.3.1. ഗസ്റ്റാൾട്ട് മനഃശാസ്ത്രത്തിന്റെ പ്രസക്തി

വ്യവഹാരവാദികൾ ശുപാർശ ചെയ്യുന്ന ആവർത്തനങ്ങളും അഭ്യാസങ്ങളും പഠനത്തെ തടസ്സപ്പെടുത്തുകയേ ഉള്ളൂ എന്ന് ഗസ്റ്റാൾട്ടിസം നമ്മെ ഓർമിപ്പിക്കുന്നു. ഉൾക്കാഴ്ചയിലും സംവേദനത്തിലും മനോമുദ്രകൾ സൃഷ്ടിക്കുന്നതിലും വിശ്വസിക്കുന്ന ഗസ്റ്റാൾട്ട് സിദ്ധാന്തത്തിന് ഏറ്റവും അനുഗുണമായത് പ്രശ്നപരിഹരണരീതിയാണെന്ന് കാണാൻ കഴിയും. ഈ രീതിയിൽ പഠിതാക്കൾ തന്നെയാണ് സാധ്യമായ പരിഹാരങ്ങൾ കണ്ടെത്തുന്നത്. വിമർശനപരമായി ചിന്തിക്കുന്നതിനുള്ള നൈപുണി വളർത്തുന്നതിന് പ്രശ്നപരിഹരണരീതി പ്രയോജനപ്പെടും. പാഠ്യപദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ഗസ്റ്റാൾട്ട് തത്ത്വങ്ങൾക്ക് അർഹമായ പരിഗണന നൽകണം. ഒറ്റപ്പെട്ട വസ്തുതകളുടെ വെറുമൊരു കൂട്ടം എന്ന നിലയിലല്ല ഒരു പ്രത്യേക വിഷയത്തെ കൈകാര്യം ചെയ്യേണ്ടത്. മറിച്ച്, സമഗ്രതയുള്ള ഒന്നായി വിഷയത്തെ ഉദ്ഗ്രഥിക്കുകയാണ് വേണ്ടത്. പ്രചോദനത്തിന് അർഹമായ സ്ഥാനം നൽകുന്നുണ്ടെന്നതിനാൽ കുട്ടിയിൽ താല്പര്യവും കൗതുകവും സൃഷ്ടിക്കുന്നതിനുവേണ്ടി അധ്യാപകർ ശ്രമിക്കേണ്ടതായി വരും. പ്രത്യേക പ്രേരണകളോടുള്ള യാന്ത്രികമായ പ്രതികരണമെന്ന നിലയിലല്ല ഗസ്റ്റാൾട്ട് സിദ്ധാന്തം പഠനത്തെ വീക്ഷിക്കുന്നത്; ബുദ്ധിപരമായ കഴിവുകൾ ആവശ്യമുള്ള പ്രവർത്തനം എന്ന നിലയിലാണ്.

### 3.1.4.0. ജ്ഞാനനിർമിതിവാദം

വാട്സൺ, തോണ്ടേയ്ക്ക്, പാവ്ലോവ്, സ്കിന്നർ തുടങ്ങിയ ചേഷ്ടാവാദികൾ രൂപപ്പെടുത്തിയ സിദ്ധാന്തങ്ങൾ ചോദ്യം ചെയ്യപ്പെട്ടുവെന്ന് സൂചിപ്പിച്ചുവല്ലോ. ഗസ്റ്റാൾട്ട് സിദ്ധാന്തം, മാനസിക വിശകലന സിദ്ധാന്തം, മാനവികതാ മനഃശാസ്ത്രം[18] തുടങ്ങിയവ

18. C. Rojers, *Freedom to learn in the eighties*, (Columbus: Ohio, Merril, 1982) 133

യെല്ലാം ചേഷ്ടാവാദത്തിന്റെ യാന്ത്രിക സമീപനത്തെ നിരാകരിച്ചിട്ടുണ്ട്. 1950കൾക്കു ശേഷം മനുഷ്യന്റെ ഭൗതികപ്രക്രിയകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഒരു ചിന്താസരണി ഉടലെടുത്തു. മനുഷ്യന്റെ ജ്ഞാതൃശേഷിക്ക് ഊന്നൽ നൽകിക്കൊണ്ട് ഒരു വിഭാഗം മനഃശാസ്ത്രജ്ഞൻമാർ മുന്നോട്ടുവന്നു. അവരെയാണ് ജ്ഞാതൃവാദികൾ എന്നു പറയുന്നത്. വിവരങ്ങൾ പാകപ്പെടുത്തൽ, ഓർമിക്കൽ, യുക്തിചിന്ത, അപഗ്രഥനാത്മകചിന്ത, പ്രശ്നപരിഹരണചിന്ത, ശ്രദ്ധ, മുൻതോന്നൽ തുടങ്ങിയ മാനസികപ്രക്രിയകളെയാണ് 'കൊഗ്നീഷ്യൻ' എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്. പഠനത്തിലൂടെ ഓരോരുത്തരും മനോമാതൃകകൾ സൃഷ്ടിക്കുകയാണ് ചെയ്യുന്നത് എന്ന നിഗമനമാണ് ജ്ഞാതൃമനഃശാസ്ത്രജ്ഞർക്കുള്ളത്. അതിനാൽ ഇവരെ ജ്ഞാനനിർമിതിവാദികൾ എന്ന് വിശേഷിപ്പിക്കാറുണ്ട്. ജ്ഞാനനിർമിതിവാദം പഠനത്തെക്കുറിച്ചു മുന്നോട്ടു വെച്ച സിദ്ധാന്തങ്ങൾ ചേഷ്ടാവാദത്തെ പൂർണമായും ഗസ്റ്റാൾട്ടിസം, മാനസിക വിശകലന സിദ്ധാന്തം, മാനവികതാ മനഃശാസ്ത്രം എന്നിവയെ ഭാഗികമായും നിരാകരിച്ചു.

ജീൻ പിയാഷെ, എൽ.എസ്. വിഗോഡ്സ്കി, ജെറോം എസ്. ബ്രൂണർ, നോം ചോംസ്കി, ഡൊണാൾഡ്സൺ, പാപ്പെർട്ട്, സ്കെമ്പ്, പിങ്കർ എന്നിവരാണ് പ്രധാന ജ്ഞാനനിർമിതിവാദികൾ.

### 3.1.4.1. പിയാഷെയുടെ സിദ്ധാന്തങ്ങൾ

മനുഷ്യനിൽ നടക്കുന്ന വൈജ്ഞാനിക വികസനം ഒരു പരിണാമാത്മകപ്രക്രിയയാണെന്ന് പിയാഷെ സിദ്ധാന്തിച്ചു. തന്റെ ചുറ്റുപാടുമായുള്ള അനുരൂപീകരണത്തിന് ശാരീരികഘടന കുട്ടിയെ സഹായിക്കുന്നതുപോലെ ബാഹ്യലോകവുമായുള്ള അനുരൂപീകരണത്തിന് ഉതകുന്ന ഒരു മനോഘടന കുട്ടി സ്വയം നിർമിച്ചെടുക്കുകയാണ് ചെയ്യുന്നത്.[19] വികാസ ഘട്ടങ്ങൾക്കനുസരിച്ച് സവിശേഷ മനോഘടനകൾ രൂപപ്പെടുകയും പൂർവനിർമിതമായവ പുഷ്ടിപ്പെടുകയും നവീകരിക്കപ്പെടുകയും ചെയ്യുന്നു. അനുരൂപീകരണം, സംയോജനം തുടങ്ങിയ സുപ്രധാനമായ രണ്ടു വൈജ്ഞാനികധർമങ്ങൾ വഴിയാണ് ഇതു നടക്കുന്നതെന്ന് പിയാഷെ ചൂണ്ടിക്കാണിക്കുന്നു.[20]

അനുരൂപീകരണ പ്രക്രിയയെ വിശകലനം ചെയ്യുമ്പോൾ പൂരകസ്വഭാവമുള്ള സ്വാംശീകരണം, സംസ്ഥാപനം എന്നീ പ്രവർത്തനങ്ങൾ ഇതിൽ ഉൾച്ചേർന്നിട്ടുണ്ടെന്നു മനസ്സിലാവും. കുട്ടി തന്റെ ചുറ്റുപാടുകളുമായി ഇടപഴകുമ്പോഴാണ് അനുരൂപീകരണം നടക്കുക.

19. Peter Suther Land, *congnitive Development today, Praget and his critics (*London: Paul chapman publishing ltd. 1992) 25
20. Peter Suther Land 25-26

തന്റെ പരിതഃസ്ഥിതിയുമായി ഇടപെടുമ്പോൾ വൈജ്ഞാനികാംശങ്ങൾ– 'സ്കീമ'കൾ– ജ്ഞാതൃഘടനയിൽ സ്വാംശീകരിക്കപ്പെടുന്നു. നിലവിലുള്ള സ്കീമകളുടെ അടിസ്ഥാനത്തിലാണ് പുതിയ അനുഭവങ്ങളെ വ്യാഖ്യാനിക്കുന്നതും സ്വാംശീകരിക്കുന്നതും. എന്നാൽ നിലവിലുള്ള വൈജ്ഞാനിക ഘടനയിൽ ഉൾപ്പെടാത്ത പുതിയ അറിവുകൾ ജ്ഞാതൃഘടനയുടെ വിപുലീകരണത്തിന് കാരണമാവും. ഇങ്ങനെ പുതിയ അറിവുകളുടെ കൂട്ടിച്ചേർക്കലുകളാണ് സംസ്ഥാപനം. കുട്ടിയിൽ മാനസികമായ ഒരു അസന്തുലിതാവസ്ഥ സൃഷ്ടിക്കുമ്പോൾ മനസ്സിന്റെ അസന്തുലിതാവസ്ഥ മാറ്റിയെടുക്കാനുള്ള അന്തഃചോദന കുട്ടിയിലുണ്ടാകും. അതിന്റെ ശ്രമഫലമായാണ് പഠനം നടക്കുന്നത്. മാനസിക തുലനാവസ്ഥയിലെത്തുന്നതിനു വേണ്ടിയാണ് വിജ്ഞാനശകലങ്ങൾ സ്വന്തം ജ്ഞാതൃഘടനയിലേക്ക് സ്വാംശീകരിക്കുന്നതിനും സംസ്ഥാപനം ചെയ്യുന്നതിനും ശ്രമിക്കുന്നത്. വൈജ്ഞാനികവികസനത്തെ സ്വാധീനിക്കുന്ന നാലു ഘടകങ്ങളുണ്ട്. പരിപക്വനം, അനുഭവങ്ങൾ, സാമൂഹിക പരിസ്ഥിതി, സന്തുലിതാവസ്ഥ എന്നിവയാണിവ. ഇതിൽ സാമൂഹികപരിസ്ഥിതിയെക്കുറിച്ച് പിയാഷെ മൗനം പാലിച്ചു എന്ന വിമർശനമുണ്ട്.

### 3.1.4.2. പിയാഷെയുടെ സിദ്ധാന്തങ്ങൾക്കുള്ള പ്രധാന വിമർശനങ്ങൾ

3.1.4.2.1 പിയാഷെയുടെ സിദ്ധാന്തങ്ങൾ നിശിതമായി വിമർശിച്ചവരിൽ പ്രധാനി വിഗോഡ്സ്കിയായിരുന്നു. കുട്ടിയുടെ വൈജ്ഞാനിക വികാസപ്രക്രിയ കർക്കശമായ പ്രായപരിധിക്കുള്ളിൽ മാത്രം നടക്കുന്നു എന്ന വാദത്തെ എൽ.എസ്. വിഗോഡ്സ്കി ശക്തമായി എതിർത്തു. കുട്ടിയുടെ വൈജ്ഞാനിക വികാസമെന്നത് തുടർപ്രക്രിയയാണെന്ന് വിഗോഡ്സ്കി അഭിപ്രായപ്പെട്ടു.[21]

3.1.4.2.2. കുട്ടിയുടെ മനോവികാസപ്രക്രിയ കേവലം ജീവശാസ്ത്രപരമാണെന്ന വാദവും നിശിതമായി വിമർശിക്കപ്പെട്ടു. സാമൂഹികസാംസ്ക്കാരിക സാഹചര്യങ്ങൾക്ക് വമ്പിച്ച സ്വാധീനമുണ്ടെന്ന് വിഗോഡ്സ്കി വാദിച്ചു.[22]

3.1.4.2.3. 12 വയസ്സു വരെയുള്ള കുട്ടികളിൽ അമൂർത്തചിന്ത വികാസം പ്രാപിക്കില്ല എന്ന് പിയാഷെ അഭിപ്രായപ്പെടുമ്പോൾ ശൈശവദശയിൽപ്പോലും കുട്ടികൾക്ക് അവരുടേതായ രീതിയിലുള്ള അമൂർത്തചിന്ത സാധ്യമാണെന്ന് വിഗോഡ്സ്കി സിദ്ധാന്തിക്കുന്നു.[23]

---

21. Anandan 2 51-53
22. Anandan 2 51-53
23. Anandan 2 51-53

### 3.1.5.0. പഠനം ജ്ഞാനനിർമിതി വീക്ഷണത്തിന്

3.1.5.0.1 ജ്ഞാനനിർമിതി വീക്ഷണമനുസരിച്ച് കുട്ടികൾ അനുഭവങ്ങളെ സ്വാംശീകരിക്കുകയും ഉൾക്കൊള്ളുകയും പുതിയ സ്കീമുകൾ നിർമിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് പഠനം. കുട്ടികൾ അവരുടേതായ ആശയങ്ങളും സിദ്ധാന്തങ്ങളും നിർമിക്കുകയും പരിഷ്കരിക്കുകയും ചെയ്യും. സ്കൂളിലെത്തുന്ന ഓരോ കുട്ടിക്കും തന്റെ ചുറ്റുപാടുമുള്ള ചരാചരങ്ങളെയും പ്രതിഭാസങ്ങളെയും സംബന്ധിച്ച് സ്വന്തമായ ആശയങ്ങൾ ഉണ്ടായിരിക്കും. കുട്ടിയുടെ ജ്ഞാതൃപരിസ്ഥിതിയിലുള്ള അന്തരം സ്വാഭാവികമായും അവരുടെ പഠനവേഗതയിലും പഠനരീതിയിലും വ്യത്യസ്തതകൾ സൃഷ്ടിക്കുന്നു.

ജ്ഞാനനിർമിതിവാദം ബോധനത്തേക്കാൾ പഠനത്തിന് ഊന്നൽ നൽകുന്നു. കുട്ടികൾ എന്തു പഠിക്കുന്നു എന്നതിനേക്കാൾ എങ്ങനെ പഠിക്കുന്നുവെന്നതിന് മുഖ്യപരിഗണന നൽകുന്നു. കൂടാതെ പഠനത്തെ ഒരു പ്രക്രിയയായി കാണുന്നു. പഠിതാവിന്റെ നൈസർഗികമായ ജിജ്ഞാസയെ പോഷിപ്പിക്കുന്നതിനും അവരെ ഇച്ഛാശക്തിയും ലക്ഷ്യബോധവുമുള്ളവരായി വീക്ഷിക്കുകയും ചെയ്യുന്നു. പഠിതാവിന്റെ അന്വേഷണമനോഭാവത്തെ പ്രോത്സാഹിപ്പിക്കുകയും വിശ്വാസങ്ങളും മനോഭാവങ്ങളും കണക്കിലെടുക്കുകയും ചെയ്യുന്നു. പഠനത്തിന്റെ എല്ലാ വശങ്ങളിലും പഠിതാവിന്റെ തീരുമാനങ്ങളും മുൻകൈകളും പ്രോത്സാഹിപ്പിക്കുന്നു. അവർ സൃഷ്ടിക്കുന്ന മാനസികമാതൃകകളെ കണക്കിലെടുക്കുന്നു. അനുഭവങ്ങൾക്ക് പഠനത്തിലുള്ള നിർണായക പങ്ക് അംഗീകരിക്കുകയും യഥാർത്ഥ അനുഭവങ്ങളിൽനിന്ന് പുതിയ അറിവുകളും ധാരണകളും നിർമിക്കുന്നതിനുള്ള അവസരമൊരുക്കുകയും ചെയ്യുന്നു. പഠനം നടക്കുന്ന സന്ദർഭത്തിൽ ഊന്നുന്നു. ജീവിതസാഹചര്യങ്ങളിൽക്കൂടിയുള്ള പഠനത്തെ പ്രോത്സാഹിപ്പിക്കുകയും സഹകരണപഠനത്തെ പിന്തുണക്കുകയും ചെയ്യുന്നു. മറ്റു കുട്ടികളുമായും അധ്യാപികയുമായും സംവാദത്തിലേർപ്പെടുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു. പഠനാന്തരീക്ഷം യാഥാർത്ഥ്യത്തെ പല രീതിയിലുള്ള അവതരണങ്ങൾക്ക് അവസരമൊരുക്കുന്നതും അതീവ ലളിതവൽക്കരണത്തെ ഒഴിവാക്കി യഥാർത്ഥ ലോകത്തിന്റെ സങ്കീർണതയെ വെളിപ്പെടുത്തുന്നതുമാകണം. അനുഭവങ്ങളെ ആസ്പദമാക്കി ചിന്തിക്കാനവസരം നൽകുന്നതും സാമൂഹ്യമായ ഇടപെടലുകളിലൂടെ അറിവിന്റെ പങ്കാളിത്തപരമായ നിർമാണത്തെ പിന്തുണക്കുന്നതുമാവണം.[24]

### 3.1.6.0 സാമൂഹ്യജ്ഞാനനിർമിതിവാദം

എൽ.എസ്. വിഗോഡ്സ്കിയുടെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ രൂപം കൊണ്ട ചിന്താധാരയാണ് സാമൂഹ്യജ്ഞാനനിർമിതി വാദം. സാമൂഹ്യ-സാംസ്കാരിക പശ്ചാ

24. കെ.എം. രമേശൻ മറ്റും 2, *പ്രൈമറി പാഠ്യപദ്ധതിയുടെ സൈദ്ധാന്തികവശങ്ങൾ* (തിരുവനന്തപുരം: ഡി.പി.ഇ.പി., 2000) 5, 7, 9

ത്തലത്തിന് കുട്ടിയുടെ വികാസപ്രക്രിയയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ടെന്ന് സാമൂഹ്യജ്ഞാനനിർമിതിവാദികൾ വിശ്വസിക്കുന്നു. പഠനം ജീവശാസ്ത്രപരമായ ഒരു പ്രക്രിയ മാത്രമാണെന്ന അഭിപ്രായമാണ് പിയാഷെയ്ക്കുള്ളത്. എന്നാൽ കുട്ടി അറിവിന്റെ നിർമാതാവാണെന്ന കാര്യത്തിൽ രണ്ടു വിഭാഗവും തമ്മിൽ അഭിപ്രായൈക്യമുണ്ട്.

**3.1.6.1** പ്രധാന ആശയങ്ങൾ: പഠനവും വികാസവും സാമൂഹികവും സാംസ്കാരികവുമായ ഇടപഴകലിലൂടെയാണ് നടക്കുന്നത്. അർത്ഥപൂർണമായ സാമൂഹിക സന്ദർഭങ്ങൾക്ക് പഠനത്തിൽ ഗണ്യമായ സ്ഥാനമാണുള്ളത്. കുട്ടികൾ അറിവ് സ്വയം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. പരസ്പരസഹായത്തോടെയുള്ള കണ്ടെത്തൽ പഠനത്തിന് അവസരമൊരുക്കണം. സഹകരണാത്മകവും സഹവർത്തിതവുമായ രീതി പഠനത്തെ ഫലപ്രദമാക്കും. ഓരോ കുട്ടിയുടെയും പഠനനില പരിഗണിച്ച് മറ്റുള്ളവരുടെ സഹായത്തോടെ ഉയർന്ന നിലയിലെത്തിക്കണം. അധ്യാപകന്റെ സഹായം അവശ്യ സന്ദർഭങ്ങളിൽ നൽകി ക്രമേണ സ്വാശ്രയ പഠനത്തിലേക്ക് നയിക്കണം. സംവാദാത്മകപഠനത്തെ പ്രോത്സാഹിപ്പിക്കണം.[25]

**3.1.6.1.1.: സമീപസ്ഥവികസന മണ്ഡലം:** വിഗോഡ്സ്കിയുടെ സുപ്രധാനമായ ഒരാശയമാണ്. സമീപസ്ഥവികസന മണ്ഡലം എന്നത്. ഓരോരുത്തർക്കും നിലവിലുള്ള കഴിവുപയോഗിച്ച് സ്വപ്രയത്നത്താൽ എത്തിച്ചേരാവുന്ന ഒരു നിലയും, മറ്റുള്ളവരുടെ സഹായത്തോടെ എത്തിച്ചേരാവുന്ന ഒരു ഉയർന്ന നിലയും ഉണ്ട്. ഈ രണ്ടു നിലകൾക്കും ഇടയിലുള്ള മണ്ഡലത്തെയാണ് സമീപസ്ഥവികസന മണ്ഡലം എന്നു പറയുന്നത്.




*X സ്വപ്രയത്നത്താൽ എത്തിച്ചേരാവുന്ന നില,*
*X+1 മറ്റുള്ളവരുടെ സഹായത്തോടെ എത്തിച്ചേരാവുന്ന ഉയർന്ന നില.*

Xൽ നിന്നും X+1 ലേക്ക് എത്തിക്കുന്നതിൽ അധ്യാപകർ, സമൂഹം, സഹപാഠി എന്നിവർക്ക് സുപ്രധാന പങ്കുണ്ട്. എല്ലാവർക്കും ZPD ഒരേ പോലെയായിരിക്കുകയില്ല. ചിലർക്ക് മറ്റു കുട്ടികളേക്കാൾ വിപുലമായ വികസന മണ്ഡലം ഉണ്ടായിരിക്കും. ഓരോ കുട്ടിക്കും

25. Anandan 2 298

അവരുടേതായ ഉയർന്ന നിലയിലെത്താൻ കഴിയുംവിധമുള്ള ഇടപെടലാണ്, സഹായമാണ് അധ്യാപകന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത്. അവശ്യം വേണ്ട സൂചനകൾ, വിശദീകരണങ്ങൾ, ചിന്തയെ നയിക്കുന്ന ചോദ്യങ്ങൾ, മാർഗനിർദ്ദേശങ്ങൾ എന്നിവ നൽകുന്നതിലൂടെയാണ് അധ്യാപകർ ഇതു സാധ്യമാക്കുന്നത്. പ്രവർത്തനഫലങ്ങൾ കുട്ടികൾ പങ്കുവയ്ക്കുമ്പോൾ കുട്ടിക്ക് സഹപഠിതാക്കളുടെ സഹായമാണ് ലഭിക്കുക. തന്റെയും മറ്റുള്ളവരുടെയും ചിന്താപ്രക്രിയയിന്മേൽ വിചിന്തനം നടത്താനുള്ള അവസരം അധ്യാപകർ സൃഷ്ടിക്കുമ്പോഴും കുട്ടിക്ക് അത് സഹായകമാകുന്നുണ്ട്. അധ്യാപകന്റെയും സഹപഠിതാവിന്റെയും മാത്രമല്ല, രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും സഹായവും സമീപസ്ഥ മണ്ഡല വികസനത്തിന് വേണ്ടതുണ്ട്[26]

പഠിതാവിന് സ്വാശ്രയപഠനം സാധ്യമാക്കുംവരെ അധ്യാപകർ കൈത്താങ്ങ് നൽകേണ്ടതാണ്. ചുവടുറപ്പിച്ചു നിന്നു പ്രവർത്തിക്കാൻ സഹായകമായ താൽക്കാലികത്തട്ട് ഒരുക്കിക്കൊടുക്കലാണിത്. തനിയെ നിന്ന് പ്രവർത്തിക്കുന്നതിനു ലക്ഷ്യമിട്ടുകൊണ്ട് നൽകുന്ന ഈ സഹായത്തെ കൈത്താങ്ങ് എന്നാണ് വിഗോഡ്സ്കി വിശേഷിപ്പിക്കുന്നത്. എങ്ങനെ പുരോഗമിക്കണം എന്നറിയാതെ കുട്ടി വിഷമിക്കുമ്പോൾ, നേരിട്ടുള്ള നിർദ്ദേശങ്ങളിലൂടെയും വിശദീകരണം നൽകുന്നതിലൂടേയും, പ്രവർത്തനത്തെ ലളിതഘട്ടങ്ങളാക്കി വിഭജിച്ചു നൽകുന്നതിലൂടെയും സവിശേഷഘട്ടങ്ങളിലേക്ക് ശ്രദ്ധക്ഷണിക്കുക എന്നതിലൂടെയും അധ്യാപകർ കൈത്താങ്ങ് നൽകണം. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സാമൂഹികമായ ഇടപെടലാണിത്. ZPD പരിഗണിച്ചുള്ള പ്രവർത്തനം കൂടിയാണിത്.

3.1.6.1.2. സഹവർത്തിത പഠനം: സാമൂഹ്യജ്ഞാന നിർമിതിയിലധിഷ്ഠിതമായ പഠനവും പാഠ്യപദ്ധതിയും സാക്ഷാത്കരിക്കണമെങ്കിൽ ഫലപ്രദമായ ആശയവിനിമയവും സഹവർത്തിത്വവും ക്ലാസ്സിൽ പുലരണം. അത് മുഖ്യമായും സംവാദത്തിലൂടെയാണ് നടക്കേണ്ടത്. സഹവർത്തിതപഠനം പഠിതാവിൽ പരമ്പരാഗതരീതിയിലുള്ള ബോധനത്തിൽ നിന്നും ലഭിക്കുന്നതിനേക്കാൾ പ്രയോജനം നൽകുന്നു. സഹവർത്തിത്വപഠനത്തിൽ സംഘചിന്തയിലും കൂട്ടായ വിജ്ഞാനത്തിലും ഉള്ള ഊന്നൽ നൽകുന്ന ഈ രീതി അധ്യാപകരുടെയും പഠിതാക്കളുടെയും റോളിലും മാറ്റം ആവശ്യപ്പെടുന്നുണ്ട്.[27]

3.1.6.1.2.1. സഹവർത്തിത ക്ലാസ്സിന്റെ സവിശേഷതകൾ: പ്രധാനമായും നാലു സവിശേഷതകളാണ് സഹവർത്തിത ക്ലാസ്സിനെ മറ്റുള്ളവയിൽ നിന്നും വേർതിരിക്കുന്നത്.

26. രമേശൻ 1 108-109

27. രമേശൻ 1 117-118

3.1.6.1.2.1.1. അധ്യാപകരും കുട്ടികളും തമ്മിലുള്ള അറിവു പങ്കുവയ്ക്കൽ: പഠിതാക്കൾ കൊണ്ടുവരുന്ന അറിവ് വ്യക്തിപരമായ അനുഭവങ്ങൾ, ഭാഷ, തന്ത്രങ്ങൾ, സംസ്കാരം എന്നിവയെ ചിട്ടപ്പെടുത്തി അധ്യാപകന്റെ അറിവും കൂട്ടിച്ചേർത്ത് ഉയർന്ന ജ്ഞാനത്തിലേക്ക് കുട്ടികളെ എത്തിക്കാനാണ് അധ്യാപകന്റെ ശ്രമം. ഇതിന്റെ ഫലമായി തങ്ങളുടെ അറിവും അനുഭവങ്ങളും പരിഗണിക്കപ്പെടുന്നു എന്ന് അറിയുമ്പോഴും സ്വന്തം പഠനവും സ്കൂൾ പഠനവും തമ്മിൽ ബന്ധിപ്പിക്കുമ്പോഴും കുട്ടികളുടെ ശ്രദ്ധയും താല്പര്യവും വികസിതമാവുന്നു.[28] ഈ രീതിയിൽ തുടരുമ്പോൾ പ്രശ്നപരിഹാരത്തിന് കുട്ടിതന്നെ ഭിന്നദിശയിലുള്ള ചിന്തയിലും സർഗാത്മക ചിന്തയിലും ഏർപ്പെടേണ്ടിവരും. ഇത് ഭാവിയിൽ സാമൂഹ്യവും വ്യക്തിപരവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകമാവും. പാരമ്പര്യ പഠനക്രമം കുട്ടികളുടെ സർഗാത്മക ചിന്ത കുറയ്ക്കുന്നതായി പോൾ ടോറൻസ് (1961) നിരീക്ഷിച്ചിട്ടുണ്ട്.

3.1.6.1.2.1.2 അധ്യാപകനും പഠിതാക്കളും അധികാരം പങ്കുവയ്ക്കുന്നു: സഹവർത്തിത ക്ലാസ്സിൽ അധ്യാപകൻ അറിവിനൊപ്പം അധികാരവും കുട്ടികളുമായി പങ്കുവയ്ക്കുന്നു. പ്രവർത്തനലക്ഷ്യം തീരുമാനിക്കുന്നതിലും എന്തു പഠിച്ചു എന്ന് വിലയിരുത്തുന്നതിനുമുള്ള ഉത്തരവാദിത്വം കുട്ടികളുമായി പങ്കുവയ്ക്കാനും സ്വന്തം അറിവും പഠനതന്ത്രങ്ങളും അവർ പങ്കുവയ്ക്കുന്നു എന്ന് ഉറപ്പാക്കാനും പരസ്പര ബഹുമാനത്തോടെ പെരുമാറാനും, ഉയർന്ന തലത്തിലുള്ള പ്രശ്നത്തിന് ഊന്നൽ നൽകാനും വൈവിധ്യമുള്ള സാധ്യതകൾ ശ്രദ്ധിക്കാനും അറിവുകളെ തെളിവുകളോടെ മാത്രം പിൻതാങ്ങാനും വിമർശനപരവും സൃഷ്ടിപരവുമായ ചിന്തയിലേർപ്പെടാനും അർത്ഥപൂർണവും സ്വതന്ത്രവുമായ സംവാദത്തിലേർപ്പെടാനും സഹവർത്തിത ക്ലാസ്സിലെ അധ്യാപകൻ കുട്ടികളെ സഹായിക്കുന്നു.

3.1.6.1.2.1.3. അധ്യാപകൻ കുട്ടികളെയും പഠനത്തെയും ബന്ധിപ്പിക്കുന്ന കണ്ണി: പുതിയ വിവരങ്ങളെ സ്വാനുഭവങ്ങളുമായും മറ്റു മേഖലകളിലെ പഠനവുമായും കൂട്ടിയിണക്കാനും വഴിമുട്ടിനിൽക്കുമ്പോൾ എന്തു ചെയ്യണമെന്നറിയാനും എങ്ങനെ പഠിക്കണമെന്ന് പഠിക്കാനും അധ്യാപകൻ കുട്ടികളെ സഹായിക്കുന്നു.

3.1.6.1.2.1.4. കുട്ടികളെ സങ്കര ഗ്രൂപ്പുകളാക്കൽ: നൈപുണി, പഠനനേട്ടം, താല്പര്യം തുടങ്ങിയ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ കുട്ടികളെ വേർതിരിക്കുന്നില്ല എന്നതാണ് സഹവർത്തിത ക്ലാസ്സിന്റെ നിർണായക സവിശേഷത. എല്ലാവരും ഏതെങ്കിലും മേഖല

28. രമേശൻ 1 118

യിൽ വർധിച്ച അനുഭവവും അറിവുമുള്ളവരാകും. ഇത് ജനാധിപത്യരീതിയിൽ പങ്കുവയ്ക്കുന്നതിന് സങ്കര ഗ്രൂപ്പുകളാണ് സഹായിക്കുക.[29]

3.1.6.1.3 സഹകരണാത്മക പഠനം: സഹവർത്തിത പഠനത്തിന്റെ മറ്റൊരു രൂപമാണ് സഹകരണാത്മക പഠനം, ലക്ഷ്യസാക്ഷാത്കരണത്തിനായി സംഘമായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്.[30]

കുട്ടികൾ ചെറിയ ഗ്രൂപ്പുകളായി പഠനപ്രവർത്തനത്തിലേർപ്പെടുന്ന പ്രക്രിയയാണിത്. സഹവർത്തിതപഠനത്തിൽ ചെറുതും വലുതുമായ സംഘങ്ങളിൽ പഠനം നടക്കും. സഹകരണാത്മക പഠനത്തിന്റെ മികവുകൾ ഗവേഷണങ്ങളിലൂടെ പുറത്തുവന്നിട്ടുണ്ട്. മത്സരത്തിനും വ്യക്തിഗത പഠനത്തിനും അവസരം നിഷേധിക്കുകയും എന്നാൽ വ്യക്തിഗത നില ഏറെ മെച്ചപ്പെടുത്തുകയും ചെയ്യുന്ന പ്രക്രിയയാണിത്. പ്രധാന മികവുകളായി കണ്ടെത്തിയവ ചുവടെ ചേർക്കുന്നു:

3.1.6.1.3.1 വ്യക്തിക്കും സംഘത്തിനും അവരുടെ ഉയർന്ന തലത്തിൽ വിജയം കണ്ടെത്താനാവുന്നു.

3.1.6.1.3.2 യുക്തിചിന്ത വികസിക്കാനുള്ള തന്ത്രങ്ങൾ, ചിന്തയുടെ വഴിയെക്കുറിച്ച് ചിന്തിക്കാനവസരം, പ്രശ്നങ്ങൾക്ക് നൂതന പരിഹാരം കണ്ടെത്താൻ അവസരം ഉണ്ടാക്കുന്നു.

3.1.6.1.3.3 സംഘപ്രവർത്തനത്തിലൂടെ ആന്തരിക അഭിപ്രേരണ വർധിക്കുന്നു.

3.1.6.1.3.4 ബുദ്ധിപരമായി ജിജ്ഞാസുവാകുന്നു.

3.1.6.1.3.5 മറ്റുള്ളവരെ കൂടി ശ്രദ്ധിക്കുകയും സഹായിക്കുകയും ചെയ്യുന്നു.

3.1.6.1.3.6 മാനസികാരോഗ്യം വർധിക്കുന്നു.

കുട്ടികൾ കേവലം കൂട്ടമായി ഇരുന്നു പ്രവർത്തിച്ചാൽ ഈ ഫലങ്ങൾ കിട്ടണമെന്നില്ല. സഹകരണാത്മക പഠനം ഉറപ്പാകണമെങ്കിൽ മൂന്നുപാധികൾ വേണമെന്ന് ജോൺസൺ & ജോൺസൺ അഭിപ്രായപ്പെടുന്നു. കുട്ടികൾക്ക് ധനാത്മകമായ പരസ്പരാശ്രിതത്വം ഉണ്ടാകണം. എങ്കിലേ കുട്ടികൾ സംഘത്തിന്റെ ലക്ഷ്യം നിറവേറ്റുന്നതിന് വ്യക്തിപരമായ ഉത്തരവാദിത്വം ഏറ്റെടുക്കുകയുള്ളൂ. കുട്ടികൾ തമ്മിൽ മുഖത്തോടുമുഖം ഇടപെട്ട് പരസ്പരം സഹായിക്കാൻ അവസരമൊരുക്കണം. വിഭവങ്ങൾ പങ്കുവയ്ക്കാനും ക്രിയാത്മക നിർദ്ദേശങ്ങൾ നൽകാനും, മറ്റംഗങ്ങളെ യുക്തിപരമായും തന്ത്രപരമായും വെല്ലുവിളി

29. രമേശൻ 1 118-120

30. Co-operative, a form of collabotation, is working together to accomplish shared goals (Anandan 2 309)

ക്കാനും, തുറന്ന മനസ്സോടെ സത്യസന്ധമായി ഇടപെടാനും, ആകാംക്ഷ കുറച്ച് സുരക്ഷിതത്വബോധം വളർത്താനും കഴിയണം. സംഘത്തിലെ അംഗങ്ങൾക്ക് വ്യക്തിഗത ഉത്തരവാദിത്വം ഉറപ്പാക്കണം. വ്യക്തിഗത ലക്ഷ്യം നിറവേറ്റുക വഴിയാണ് സംഘലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നത്. ഈ സാഹചര്യങ്ങൾ ഉറപ്പാക്കിക്കൊണ്ട് മാത്രമേ സഹകരണാത്മക പഠനം സാർത്ഥമാക്കാനാവൂ.

### 3.1.6.2 ബ്രൂണർ: വിഗോഡ്സ്കിയുടെ പിന്തുടർച്ച

വിഗോഡ്സ്കിയുടെ സിദ്ധാന്തങ്ങളെ ശരിവയ്ക്കുന്നതായിരുന്നു ഷാഫർ, സാസോ, ബ്രൂണർ എന്നിവരുടെ കണ്ടെത്തലുകൾ. കുട്ടി നേടിയ അറിവിന്റെ അടിത്തറയിൽ പുതിയ ആശയങ്ങളും ധാരണകളും കുട്ടി സ്വയം രൂപപ്പെടുത്തുകയാണ് ചെയ്യുന്നത് എന്ന് ജെറോം എസ്. ബ്രൂണർ സിദ്ധാന്തിക്കുന്നു. ബ്രൂണറുടെ അഭിപ്രായത്തിൽ മൂന്നു ഘട്ടങ്ങളിലൂടെയാണ് ആശയരൂപീകരണം നടക്കുന്നത്. പ്രവർത്തനഘട്ടം, രൂപാത്മകഘട്ടം, പ്രതീകാത്മകഘട്ടം എന്നിവയാണവ. മൂർത്തവസ്തുക്കൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളാണ് ഒന്നാമത്തെ ഘട്ടത്തിലുള്ളത്. രണ്ടാം ഘട്ടത്തിൽ ചിത്രങ്ങൾ, മോഡലുകൾ എന്നിവ ഉപയോഗിച്ചും മൂന്നാം ഘട്ടത്തിൽ പ്രതീകങ്ങൾ, അമൂർത്താശയങ്ങൾ എന്നിവ ഉപയോഗിച്ചുമുള്ള പഠനം നടക്കുന്നു.[31]

കുട്ടി നേടിയ അറിവിന്മേൽ നിരന്തരം അറിവ് സൃഷ്ടിച്ചുചേർത്ത് കൂടുതൽ ആഴത്തിലും വ്യാപ്തിയിലും പോവുക എന്നതാണ് ഓരോരുത്തരുടെ പഠനത്തിലും സംഭവിക്കുന്നത്. ഇതു സാധിക്കണമെങ്കിൽ പാഠ്യപദ്ധതി ചാക്രികാരോഹണരീതിയിൽ ചിട്ടപ്പെടുത്തണം. ഇത് സ്വാഭാവികമായ പഠനരീതിയാണ്. ചാക്രികാരോഹണ സ്വഭാവമുള്ള പാഠ്യപദ്ധതിയിൽ വൈവിധ്യമുള്ള പഠനരീതികളും ഫലപ്രദമായ പഠനത്തിന് സഹായകമാകും.

കുട്ടികൾ സ്വന്തം തത്ത്വങ്ങൾ കണ്ടെത്താൻ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും സംവാദങ്ങളിലൂടെയും ചർച്ചകളിലൂടെയും അവ പങ്കുവയ്ക്കുന്നതിലൂടെയുമാണ് പഠനം നടക്കുന്നത് എന്ന് ബ്രൂണർ സിദ്ധാന്തിക്കുന്നു. അതുകൊണ്ട് പങ്കുവയ്ക്കൽ, കൊടുക്കൽ, വാങ്ങൽ, കണ്ടെത്തൽ എന്നിവ പഠനപ്രക്രിയയുടെ അനിവാര്യഘടകമാകുന്നു. പഠനാനുഭവത്തെ ഒരുക്കുന്ന അധ്യാപകന്റെ പങ്കിനെക്കുറിച്ചും ബ്രൂണർ കൃത്യമായി സൂചിപ്പിച്ചിട്ടുണ്ട്. അധ്യാപകൻ പഠനപങ്കാളിയും പഠനത്തെ സുഗമമാക്കുന്ന ആളും കുട്ടികളുടെ പ്രശ്നങ്ങൾ യഥാസമയം കണ്ടെത്തി പരിഹരിക്കുന്ന പ്രശ്നപരിഹാരകനും കൂടാതെ ജനാധിപത്യവാദിയായ സംഘത്തലവനുമാകണം.[32]

31. Peter Suther Land 61
32. രമേശൻ 1

## 3.2. ബോധനശാസ്ത്രപരമായ വളർച്ച

സാമൂഹ്യജ്ഞാനനിർമിതിവാദം, ബുദ്ധിയുടെ ബഹുമുഖങ്ങൾ, ഭാഷയെക്കുറിച്ചുള്ള ചോംസ്കിയൻ സിദ്ധാന്തങ്ങൾ, നാഡീമനഃശാസ്ത്രം എന്നിവ ഭാഷാപഠനബോധനരംഗത്ത് നിർണായകമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഈ മേഖലയിലുണ്ടായ ധാരണകളുടെ വളർച്ച ക്രോഡീകരിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

### 3.2.1.0. ഭാഷ പഠിക്കുന്ന രീതി

പൊതുവായി ഭാഷ പഠിക്കുന്ന രീതിയാണ് സാമൂഹ്യജ്ഞാനനിർമിതിവാദത്തിൽ ചർച്ച ചെയ്യുന്നത്. ഭാഷാജ്ഞാനത്തെ മറ്റുള്ള അറിവിൽനിന്നും വേറിട്ടു കാണേണ്ടതുണ്ടോ എന്ന പ്രസക്തമായ ചോദ്യമാണ് ചോംസ്കി ഉന്നയിക്കുന്നത്. മറ്റു ജ്ഞാനരൂപങ്ങളുടെ ആർജ വവും ഭാഷാർജവവും തമ്മിലെന്തു മാറ്റമാണുള്ളത്? ഇത്തരം പ്രസക്തമായ ചോദ്യങ്ങളു ന്നയിച്ചുകൊണ്ടാണ് ഭാഷാപഠനത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് ചോംസ്കി തുടക്കം കുറി ക്കുന്നത്.

### 3.2.1.1. ഭാഷ ജന്മസിദ്ധമായ കഴിവ്

ഭാഷ പഠിക്കുന്നതിനാവശ്യമായ ജന്മസിദ്ധമായ സംവിധാനം മനുഷ്യനുണ്ടെന്ന ആശയം ആദ്യമായി മുന്നോട്ടുവെച്ചത് നോം ചോംസ്കിയാണ്.[33] സ്കിന്നറുടെ വ്യവഹാ രവാദത്തിന് എതിരായി ചോംസ്കി അവതരിപ്പിച്ച വാദമുഖങ്ങളാണ് ഒന്നാം ജ്ഞാതൃ വിപ്ലവത്തിന് തിരികൊളുത്തിയത്.

1957ൽ 'Syntactic Structures' പുറത്തിറങ്ങിയതു മുതൽ കഴിഞ്ഞ അഞ്ചു ദശകങ്ങളി ലേറെയായി മൂന്നു ചോദ്യങ്ങളെ കേന്ദ്രീകരിച്ചാണ് ചോംസ്കിയൻ മാതൃകയിലുള്ള ഭാഷാ ശാസ്ത്രം വികാസം പ്രാപിച്ചിട്ടുള്ളത്:

1. ഭാഷയെക്കുറിച്ചുള്ള അറിവ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്.?
2. ഈ അറിവ് നാം സ്വായത്തമാക്കുന്നത് എങ്ങനെയാണ്?
3. ഭാഷയെക്കുറിച്ചുള്ള അറിവിനെ നാം പ്രയോജനപ്പെടുത്തിയതെങ്ങനെയാണ്?

ഇതിൽ ആദ്യത്തെ രണ്ടു ചോദ്യങ്ങളെ ചിലപ്പോഴൊക്കെ 'പ്ലാറ്റോയുടെ പ്രശ്നം' എന്ന് വിശദീകരിക്കാറുണ്ട്. അനുഭവത്തിനതീതമായ അറിവ് മനുഷ്യന് എങ്ങനെ ലഭിക്കുന്നു എന്നതിനെക്കുറിച്ച് ആദ്യം അദ്ഭുതപ്പെട്ടത് പ്ലാറ്റോയാണ്. അനുഭവത്തിനതീതമായ അറിവു

33. ആനന്ദൻ 3 769-770

തന്നെയാണ് ഭാഷയുടെ കാര്യത്തിലും മനുഷ്യനുള്ളത് എന്ന് ചോംസ്കി സമർത്ഥിക്കുന്നു.[34] "വളരെ പരിമിതമായ ഭാഷാവസ്തുക്കളിൽ നിന്ന് സങ്കീർണമായ ഭാഷാവ്യവസ്ഥ സൃഷ്ടിക്കാൻ മനുഷ്യശിശുവിന് കഴിയുന്നത് എങ്ങനെയാണ്? 'പ്രേരണയുടെ ദാരിദ്ര്യം' എന്ന പേരു നൽകിക്കൊണ്ടാണ് ചോംസ്കി ഈ ചോദ്യത്തെ സമീപിക്കുന്നത്. പരിമിതമായ ഭാഷാനുഭവങ്ങളിൽ നിന്ന് ചുരുങ്ങിയ കാലത്തിനുള്ളിൽ സങ്കീർണമായ ഭാഷാവ്യവസ്ഥ സൃഷ്ടിക്കണമെങ്കിൽ മനുഷ്യശിശുവിന് തീർച്ചയായും ഭാഷയെക്കുറിച്ചുള്ള മുന്നറിവ് ഉണ്ടായിരിക്കണം. പ്ലാറ്റോയുടെ ഭാഷയിൽ ഭാഷയെക്കുറിച്ചുള്ള പൂർവജന്മസ്മരണയാണിത്. ആധുനിക ജീവശാസ്ത്രത്തിൽ ജനിതകമായ സിദ്ധി എന്ന നിലയിലാണിത് വിശദീകരിക്കുന്നത്. ഭാഷയെക്കുറിച്ചുള്ള നൈസർഗികമായ അറിവിനെക്കുറിച്ച് ബോധ്യമുണ്ടാക്കുന്ന രണ്ട് ഉദാഹരണങ്ങൾ നോക്കാം:

1. നിഷ അവളെ പാട്ടു പഠിപ്പിച്ചു.

2. നിഷ അവളെ പാട്ടു പഠിപ്പിച്ചു എന്നു പറയുന്നത് ആരെക്കുറിച്ചാണ്?

ഒന്നാമത്തെ വാക്യത്തിൽ നിഷ, അവൾ എന്നീ പദങ്ങൾ രണ്ടു വ്യത്യസ്ത വ്യക്തികളെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ രണ്ടാമത്തെ വാക്യത്തിൽ അങ്ങനെയാവണമെന്നില്ല. വ്യാഖ്യാനത്തിലുള്ള ഈ വ്യത്യാസത്തിന് കാരണമെന്താണ്?

ബോധനം വഴി ലഭിക്കുന്ന അറിവല്ല ഇത്. ഒരു വ്യാകരണപുസ്തകവും ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നില്ല. ആന്തരിക ഭാഷാവ്യവസ്ഥയിലെ ചില ഉപവ്യവസ്ഥകളാണ് ഇത്തരം വാക്യങ്ങളുടെ വ്യാഖ്യാനം എങ്ങനെയാവണം എന്ന് നിശ്ചയിക്കുന്നത്.[35]

മനുഷ്യശിശുവിന്റെ ജന്മസിദ്ധമായ ഭാഷാവ്യവസ്ഥയെ Language Aquisition Device (LAD) എന്നാണ് ആദ്യകാലത്ത് വിശേഷിപ്പിച്ചത്. ചോംസ്കിയൻ മാതൃകയിലുള്ള ഭാഷാശാസ്ത്രം വികാസം പ്രാപിച്ചതിന്റെ ഫലമായി 1980കളിൽ ഇതിന് സർവഭാഷാവ്യാകരണം എന്ന് പേരു നൽകി. സർവഭാഷാവ്യാകരണത്തെക്കുറിച്ചുള്ള സിദ്ധാന്തമാണ് 1980കളിൽ വികാസം പ്രാപിച്ച ശാസനാബന്ധന സിദ്ധാന്തം[36] തത്ത്വങ്ങളുടെയും പരമാത്രകളുടെയും സിദ്ധാന്തം എന്നും പറയാറുണ്ട്. എല്ലാ ഭാഷകൾക്കും പൊതുവായുള്ള സവിശേഷതകളെയാണ് തത്ത്വങ്ങൾ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഒരു ഭാഷയെ മറ്റൊരു ഭാഷയിൽ നിന്നും വേർതിരിക്കുന്ന ലക്ഷണങ്ങളാണ് പരമാത്രകൾ.

34. Noam Chomsky 4, *Knowledge of language* (Newyork: Prager, 1986) 3

35. Anandan 2 57-58

36. ആനന്ദൻ 3 381-382

### 3.2.1.2. തത്ത്വങ്ങളും പരമാത്രകളും

സർവഭാഷാ വ്യാകരണം കൈമുതലായിട്ടുള്ള മനുഷ്യശിശു എങ്ങനെയാണ് ഭാഷ സ്വായത്തമാക്കുന്നത്? വ്യവഹാരവാദികൾ അനുമാനിക്കുന്നതുപോലെ അനുകരണവും ആവർത്തനവും വഴിയാണ് ഭാഷ പഠിക്കുന്നത് എന്ന് പറയുമ്പോൾ മനുഷ്യമസ്തിഷ്കത്തിൽ നടക്കുന്ന സങ്കീർണമായ പ്രവർത്തനങ്ങളെ നിരാകരിക്കുകയും ഭാഷാപഠനത്തെ അതീവമായി ലളിതവത്കരിക്കുകയുമാണ് ചെയ്യുന്നത്. മുപ്പതു കൊല്ലം മുമ്പുള്ള പ്രമാണം ഭാഷാർജനം എന്നത് ആവർത്തനം വഴി നടക്കുന്ന 'അധികപഠന'ത്തിന്റെ നല്ല ഉദാഹരണമാണ് എന്നായിരുന്നു. പഠിതാവിന് ആവശ്യത്തിലധികം തെളിവുകൾ ചുറ്റുപാടിൽ നിന്നു കിട്ടുന്നു എന്നും ഭാഷ എന്നത് ഒരു ശീലവ്യവസ്ഥയാണെന്നുമായിരുന്നു നിഗമനം. പുതിയ വാക്യങ്ങളുടെ ഉൽപാദനവും വ്യാഖ്യാനവും മുന്നനുഭവങ്ങളുടെ വെളിച്ചത്തിൽ അനായാസം ചെയ്യാവുന്ന സംഗതിയാണെന്നും താത്ത്വിക പ്രശ്നങ്ങളൊന്നും അതിൽ അന്തർഭവിച്ചിട്ടില്ലെന്നുമായിരുന്നു വിശ്വാസം'[37] ഈ വിശ്വാസപ്രമാണത്തെ ചോംസ്കി ശക്തിയായി എതിർത്തു. പരിമിതമായ അറിവിൽ നിന്ന് എങ്ങനെയാണ് മനുഷ്യശിശുവിന്റെ മനസ്സിൽ കൃത്യവും സമ്പുഷ്ടവുമായ ജ്ഞാനവ്യവസ്ഥ രൂപം കൊള്ളുന്നത്? ഈ ചോദ്യത്തിനുത്തരം തേടുന്നവർക്ക് നിശ്ചയമായും പഠനവിധേയമാക്കുന്ന വാക്യമാണ് പിഞ്ചുകുട്ടികളുടെ മാതൃഭാഷാർജനം എന്ന് ചോംസ്കി പറയുന്നു. എങ്ങനെയാണ് തന്റെ നിലപാട് അദ്ദേഹം സാധൂകരിക്കുന്നത് എന്നു നോക്കാം.

ചോംസ്കിയൻ മാതൃകയിലുള്ള വ്യാകരണം നിലവിൽ വന്നതിനു ശേഷം സിദ്ധാന്തത്തിനു വന്നിട്ടുള്ള ഒരു മാറ്റം, ഭാഷാ പ്രതിഭാസങ്ങളെ കൃത്യമായി നിരീക്ഷിക്കുകയും വിവരിക്കുകയും ചെയ്യുന്നതിനു പുറമേ അവയെ വിശദീകരിക്കുകയും കൂടി ചെയ്യുക എന്ന ബാധ്യത സിദ്ധാന്തം ഏറ്റെടുത്തു എന്നതാണ്. ഒരു വാക്യം എന്തുകൊണ്ട് സാധുവാകുന്നു, അസാധുവാകുന്നു എന്നതിനെക്കുറിച്ച് വിശദീകരണം നൽകാനാണ് ചോംസ്കി ശ്രമിക്കുന്നത്. കൂടുതൽ ഉൾക്കാഴ്ച ലഭിക്കുന്നതിനു വേണ്ടി അസാധുവായ വാക്യങ്ങളെ ചർച്ചയ്ക്കെടുക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. തെറ്റായ വാക്യങ്ങളിൽ നിന്നാണ് പലതും മനസ്സിലാക്കാൻ കഴിയുക എന്ന ഉൾക്കാഴ്ചയാണ് ചോംസ്കി അവതരിപ്പിക്കുന്നത്.

ഉദാഹരണമായി 7. John wanted Bill to win the race

8. John tried Bill to win the race

37. എം.എ. ബേബി (എഡി.) *നോം ചോംസ്കി, നൂറ്റാണ്ടിന്റെ മനഃസാക്ഷി*, കോട്ടയം ഡി.സി. ബുക്സ് 2002) 48

ഇതിലെ രണ്ടാമത്തെ വാക്യം അസാധുവാണ്. രണ്ടു വാക്യങ്ങൾക്കും ഒരേ ഘടന യാണുള്ളത്. രണ്ടിനും അർത്ഥം കല്പിക്കാനും കഴിയും. എന്നിട്ടും എന്തുകൊണ്ടാണ് രണ്ടാമത്തെ വാക്യം അസാധുവാകുന്നത്? വാക്യഘടനാപരമായി സർവഭാഷാവ്യാകര ണത്തിലെ ഏതോ ഒരു തത്ത്വം അതിൽ ലംഘിക്കപ്പെടുന്നുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇതുപോലെ നിരവധി ഉദാഹരണങ്ങളുണ്ട്. അവയെല്ലാം തന്നെ ഭാഷാപ്ര തിഭാസങ്ങളെക്കുറിച്ച് ഭാഷകന്റെ ഉൾക്കാഴ്ചയെന്താണ് എന്ന് അന്വേഷകനെ ബോധ്യ പ്പെടുത്തുന്നവയാണ്.

വസ്തുതകളുടെ യഥാതഥമായ വിവരണത്തിൽ നിന്നു മാത്രം ഒരു സിദ്ധാന്തവും രൂപമെടുക്കുന്നില്ല. വസ്തുതകളെ ആഴത്തിൽ പരിശോധിക്കുമ്പോൾ മാത്രമേ ഉൾക്കാ ഴ്ചകളുണ്ടാകൂ. ഘടനാവാദ സമ്പ്രദായത്തിന്റെ പിൻതുടർച്ചയായി വന്ന ചോംസ്കിയൻ വ്യാകരണം 1980കളുടെ ആദ്യം വരെ മുൻകാലവിശ്വാസങ്ങളെയും പരികല്പനകളെയും അവലംബിച്ചിരുന്നു. ഭാഷകളുടെ സാമാന്യതകളെയും വ്യത്യസ്തതകളെയും കൈകാര്യം ചെയ്യുക എന്ന വിപരീതദിശയിലുള്ള രണ്ട് ആവശ്യങ്ങളെ സമന്വയിപ്പിച്ചു കൊണ്ടാണ് തത്ത്വങ്ങളും പരമാത്രകളും എന്ന മാതൃക വികസിപ്പിച്ചെടുത്തിട്ടുള്ളത്. U.Gയിലെ തത്ത്വ ങ്ങളുടെയും പരമാത്രകളുടെയും അടിസ്ഥാനത്തിൽ എങ്ങനെയാണ് കുട്ടി ഭാഷ സ്വായ ത്തമാക്കുന്നത്? വിശദീകരണക്ഷമത കൈവരിക്കുന്നത് പരമാത്രകളുടെ എണ്ണം പരമാ വധി കുറയുമ്പോഴാണ്. ഓരോ പരമാത്രയും വിവൃതമാണ്. ഓരോ പരമാത്രയ്ക്കും മൂല്യം കണ്ടെത്തേണ്ടതുണ്ട്. ഉദാഹരണമായി, ഹെഡ്പാരാമീറ്ററിന്റെ കാര്യമെടുക്കാം. വാക്യഘ ടനയുമായി ബന്ധപ്പെട്ട പരമാത്രയാണിത്. ഒരു ഘടനയിലെ അംഗി, അനുപൂരകം എന്നി വയുടെ വിന്യാസം നിശ്ചയിക്കുന്നത് അംഗിപരമാത്രയാണ്. രണ്ടു തരം വിന്യാസം സാധ്യ മാണ്:

അംഗി, അനുപൂരകം 1

അംഗി പരമാത്ര

അനുപൂരകം, അംഗി 2

ഒന്നിലെ വിലയാണ് സ്വീകരിക്കുന്നതെങ്കിൽ ഏതു ഘടനയിലും അംഗി ആദ്യം പിന്നീട് അനുപൂരകം എന്ന വിന്യാസമാണ് ലഭിക്കുക. ഇംഗ്ലീഷ് പോലുള്ള ഭാഷയിൽ ഈ വിന്യാ സമാണുള്ളത്.

താഴെയുള്ള ഉദാഹരണങ്ങൾ നോക്കുക:

1. The child ate a mango

2. The book is on the table.

'ate a mango' എന്നത് ഒരു ക്രിയാപദസമുച്ചയം എന്ന ഘടനയാണ്. ഇതിലെ അംഗി 'ate' ക്രിയാപദമാണ്. 'a mango' എന്നത് അതിന്റെ അനുപൂരകമാണ്. അതുപോലെ 'on the table' എന്ന ഗതിപദസമുച്ചയത്തിൽ അംഗിയായ 'on' എന്ന ഗതി ആദ്യവും 'the table' എന്ന അനുപൂരകം അതിനു ശേഷവുമായി വിന്യസിച്ചിരിക്കുന്നു. രണ്ടിൽ കാണിച്ചതനുസരിച്ചാണ് അംഗിപരമാത്രയുടെ മൂല്യം നിശ്ചയിച്ചിരിക്കുന്നതെങ്കിൽ അനുപൂരകം ആദ്യവും തുടർന്ന് അംഗി എന്ന വിന്യാസവുമാണ് ലഭിക്കുക. മലയാളം പോലെയുള്ള ഭാഷകളിൽ ഈ വിന്യാസമാണുള്ളത്. മുകളിൽ കൊടുത്ത ഉദാഹരണത്തിന്റെ മലയാള പരിഭാഷ നോക്കുക:

1. കുട്ടി മാങ്ങ തിന്നു.

2. പുസ്തകം മേശപ്പുറത്താകുന്നു.

ഇവിടെ ഒന്നാം വാക്യത്തിൽ 'മാങ്ങ' എന്ന അനുപൂരകത്തിനു ശേഷമാണ് അംഗിയായ 'തിന്നു' എന്ന ക്രിയാപദം വരുന്നത് അതുപോലെ രണ്ടാംവാക്യത്തിൽ അനുപൂരകമായ 'മേശ' എന്ന നാമപദം ആദ്യവും അംഗിയായ 'പുറത്ത്' എന്ന ഗതി അതിനു ശേഷവുമാണ് വിന്യസിച്ചിരിക്കുന്നത്.

ഇംഗ്ലീഷ് ഭാഷാസമൂഹത്തിൽ ജീവിക്കുന്ന കുട്ടി തനിക്കു ലഭിക്കുന്ന ഭാഷാസമൂഹത്തിൽ നിന്ന് ആവശ്യമായ സൂചനകൾ ഉൾക്കൊണ്ട് അംഗി, അനുപൂരകം എന്ന ക്രമത്തിൽ അംഗിപരമാത്രയുടെ മൂല്യം നിശ്ചയിക്കുന്നു. മലയാള സമൂഹത്തിൽ ജീവിക്കുന്ന കുട്ടിയാവട്ടെ അനുപൂരകം, അംഗി എന്ന വിന്യാസം അനുവദിക്കുന്ന തരത്തിലാണ് അംഗിപരമാത്രയുടെ മൂല്യം നിശ്ചയിക്കുന്നത്. അംഗിപരമാത്രയുടെ മൂല്യം നിശ്ചയിച്ചതു കൊണ്ടു മാത്രം മലയാളവും ഇംഗ്ലീഷും തമ്മിലുള്ള എല്ലാ വ്യത്യാസങ്ങളും പരിഗണിക്കപ്പെടുന്നില്ല. സർവഭാഷാവ്യാകരണം അനുവദിക്കുന്ന മറ്റു പരമാത്രകളുടെ കാര്യത്തിലും ഇതേ രീതിയിൽ മൂല്യം നിശ്ചയിക്കപ്പെടേണ്ടതുണ്ട്. ഈ രീതിയിൽ എല്ലാ പരമാത്രകളുടെയും മൂല്യം നിശ്ചയിച്ചു കഴിഞ്ഞാൽ കുട്ടിക്ക് ലഭിക്കുന്നത് താൻ ജീവിക്കുന്ന സമൂഹത്തിന്റെ ഭാഷയുടെ കാമ്പ്വ്യാകരണമാണ്. ഇപ്രകാരം മൂല്യങ്ങൾ നിശ്ചയിക്കുന്നതിനെയാണ് ഭാഷാപഠനം എന്നതു കൊണ്ടുദ്ദേശിക്കുന്നത്.[38]

38. രമേശൻ 1 207- 208

സർവഭാഷാവ്യാകരണത്തെക്കുറിച്ചുള്ള ചോംസ്കിയുടെ സിദ്ധാന്തം ഉടലെടുത്തതു മുതൽ ഭാഷയോടുള്ള സമീപനത്തിൽ കാതലായ മാറ്റം വന്നിട്ടുണ്ട്. ഭാഷയെ ഒരു ശീല വ്യവസ്ഥ എന്ന രീതിയിൽ നോക്കിക്കാണുന്നതിനു പകരം ജ്ഞാനവ്യവസ്ഥയായി വീക്ഷി ക്കുന്നു എന്നതാണ് പ്രധാന മാറ്റം. ഭാഷയെ ശേഷികൾ (ശ്രവണം, ഭാഷണം, വായന, ലേഖനം) എന്ന നിലയിൽ കാണുകയും അവയെ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രക ടനശേഷിയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ബോധനരീതി സ്വീകരിക്കുകയുമാണ് ചെയ്തി രുന്നത്. എന്നാൽ ഭാഷയെ ആന്തരികശേഷിയായി വീക്ഷിക്കുകയും അതിനെ പുഷ്ടമാ ക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും ചെയ്യുക എന്ന രീതി പ്രാവർത്തി കമാക്കിയതാണ് മറ്റൊരു മാറ്റം.[39]

### 3.2.1.3. ഭാഷാപഠനവും പരിസരവും

ഭാഷ ഒരു സാമൂഹികോല്പന്നമാണ് എന്ന് ഡർകിം 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. പരിസരത്തിനുള്ള പ്രാമുഖ്യമാണ് ഡർക്കിമിന്റെ ഈ പ്രസ്താവനയി ലുള്ളത്. ഭാഷയെക്കുറിച്ചുള്ള മുന്നറിവുമായി കുട്ടി ജനിക്കുന്നു എന്നതാണ് ചോംസ്കി യൻ കാഴ്ചപ്പാട്. സ്റ്റീവൻ പിങ്കർ ചൂണ്ടിക്കാണിച്ചതുപോലെ ഭാഷ ആന്തരികമാണോ പരി സരത്തുനിന്നു ലഭിക്കുന്നതാണോ എന്ന വാദം അപ്രസക്തമാണ്. ജനിതകമായ സിദ്ധി യാണ് ഭാഷയെങ്കിലും സമൂഹത്തിൽ നിന്നുള്ള ഇടപെടലുകൾ ലഭിക്കുമ്പോൾ മാത്രമേ ഈ അറിവ് സമ്പുഷ്ടമാവുകയുള്ളൂ.

### 3.2.1.4. ഭാഷയുടെ ജീവശാസ്ത്രപരമായ പരിപ്രേക്ഷ്യം

ചേഷ്ടാവാദത്തിന്റെ പരിമിതികൾ സൂചിപ്പിക്കുന്നത് സ്കിന്നർ സിദ്ധാന്തിച്ചതുപോലെ വാചികമായ വർത്തനവ്യതിയാനമല്ല, മറിച്ച്, ജീവശാസ്ത്രപരമായി ചിട്ടപ്പെടുത്തിയ ഒന്നാണ് ഭാഷ. കുട്ടി നടക്കാൻ പഠിക്കുന്നതു പോലെത്തന്നെയാണ് ഭാഷ പഠിക്കുന്നതും. രണ്ടിനും പരപ്രേരണ ആവശ്യമില്ല. ഒരു നിശ്ചിത ഘട്ടത്തിൽ നടക്കാൻ തുടങ്ങുന്നതു പോലെത്തന്നെ കുട്ടി സംസാരിക്കാൻ തുടങ്ങും. രണ്ടിലും നിയതമായ ഘട്ടങ്ങളിലൂടെ കടന്നുപോകുകയും വേണം. നടക്കുന്നതിനു മുമ്പ് കമിഴ്ന്ന് കിടക്കുക, നീന്തുക, മുട്ടിലി ഴയുക എന്നിങ്ങനെയുള്ള ഘട്ടങ്ങളിലുള്ളതുപോലെ ഭാഷ പ്രയോഗിക്കുന്നതിനു മുമ്പ് കരച്ചിൽ, കൂകൽ, അസ്പഷ്ട ശബ്ദമുണ്ടാക്കൽ, ഈണവ്യത്യാസങ്ങൾ, ഒറ്റപദമുള്ള പ്രയോഗങ്ങൾ തുടങ്ങിയ ഘട്ടങ്ങളിലൂടെ കടന്നുപോകുന്നുണ്ട്. ജീവശാസ്ത്രപരമായി ചിട്ട ചെയ്യപ്പെട്ട എല്ലാ ചേഷ്ടകൾക്കും ചില സവിശേഷതകളുണ്ടെന്നും ഭാഷയ്ക്കും അതു ബാധകമാണെന്നും അച്ചിസൺ സിദ്ധാന്തിച്ചിട്ടുണ്ട്.[40]

---

39. Anandan 2 57-58
40. Aitchison 68-73

മനുഷ്യമസ്തിഷ്കത്തെക്കുറിച്ചും പഠനത്തിൽ മസ്തിഷ്കം നിർവഹിക്കുന്ന പങ്കിനെക്കുറിച്ചും ഇന്ന് ഒട്ടേറെ പഠനങ്ങൾ നടക്കുന്നുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളിലായി നാഡീമനഃശാസ്ത്രത്തിന് ഈ ദിശയിലേക്ക് ഒട്ടേറെ വെളിച്ചം പകരാൻ കഴിഞ്ഞിട്ടുണ്ട്. ഭാഷാപഠനവുമായി നേരിട്ടു ബന്ധമുള്ള ബ്രോക്കാ, വെർണിക്കാ തുടങ്ങിയ മസ്തിഷ്കഭാഗങ്ങളെക്കുറിച്ചും അവ ഉപയോഗിച്ച് പഠനം നടക്കുന്നത് എങ്ങനെയെന്നതിനെക്കുറിച്ചും ചില ധാരണകൾ ഇന്നു നമുക്കുണ്ട്. ഭാഷ മനുഷ്യന് ജനിതകമായിത്തന്നെ ലഭിച്ച സിദ്ധിയാണെന്നതിന് നാഡീമനഃശാസ്ത്രത്തിന്റെ പിൻബലം കൂടിയുണ്ട്.

സംവേദനം, പേശീനിയന്ത്രണം, യുക്തിചിന്ത തുടങ്ങിയവയെല്ലാം ജ്ഞാതൃവ്യവസ്ഥകളാണ്. ഇവയെല്ലാം നിയന്ത്രിക്കുന്നത് മസ്തിഷ്കമാണ്. എന്നാൽ ഇത്തരം ജ്ഞാതൃവ്യവസ്ഥകൾക്ക് ബാധകമാകാത്ത തത്ത്വങ്ങൾ മസ്തിഷ്കത്തിലെ ഭാഷാവ്യവസ്ഥയിലുണ്ടെന്നാണ് ചോംസ്കി, ജെ. ഫെഡോർ തുടങ്ങിയ ഭാഷാശാസ്ത്രജ്ഞന്മാരുടെ വാദം.[41] ഭാഷാവയവം എന്ന ഒരാശയം തന്നെ ചോംസ്കി മുന്നോട്ടുവെച്ചിട്ടുണ്ട്. ശസ്ത്രക്രിയ വഴി വേർതിരിച്ച് എടുക്കാവുന്ന ഒരവയവമല്ല അത്. എന്നാൽ ഈ അവയവവും നിയതമായ ഘട്ടങ്ങളിലൂടെ വികാസം പ്രാപിക്കുന്ന ഒന്നാണ്. ഒരു നിശ്ചിത പ്രായമെത്തുമ്പോൾ മനുഷ്യൻ കൗമാരദശ പിന്നിട്ട് പ്രായപൂർത്തിയാകുന്നു എന്നത് ജീവശാസ്ത്രപരമായ പ്രക്രിയയായാണ് കരുതുന്നത്. അതിനും വികാസത്തിന്റെ ചില ഘട്ടങ്ങളുണ്ട്. മനുഷ്യശരീരത്തിലെ ജീവശാസ്ത്രപരമായ ഒരു പ്രതിഭാസമാണ് പ്രായപൂർത്തിയാവൽ, എന്നതുപോലെത്തന്നെ മനുഷ്യ മസ്തിഷ്കത്തിന്റെ പ്രതിഭാസമാണ് ഭാഷ എന്നത്.[42]

### 3.2.1.4.1. ഭാഷാപഠനത്തിന്റെ നാഡീശാസ്ത്രപരമായ പരിപ്രേക്ഷ്യം

1970കളുടെ ആദ്യം ശരീരശാസ്ത്രപരമായ മനഃശാസ്ത്രം പുതിയ കാലഘട്ടത്തിലേക്ക് പ്രവേശിച്ചു. ശരീരഘടനാശാസ്ത്രജ്ഞർ, ശരീരശാസ്ത്രവിദഗ്ധർ, മനഃശാസ്ത്രജ്ഞർ, മനോരോഗചികിത്സാവിദഗ്ധർ, രോഗപ്രതിരോധശേഷീവിദഗ്ധർ, ജൈവരസശാസ്ത്രജ്ഞർ, നാഡീവിദഗ്ധർ തുടങ്ങിയവർ കൂട്ടായി പ്രവർത്തിച്ചുകൊണ്ട് മസ്തിഷ്കസംബന്ധമായ ഗവേഷണങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമം തുടങ്ങിയത് ഇക്കാലത്താണ്. നാഡീശാസ്ത്രം എന്ന് വിളിക്കപ്പെടുന്ന ഈ പുതിയ കൂട്ടുസംരംഭം മസ്തിഷ്കപ്രവർത്തനവും ചേഷ്ടകളും തമ്മിലുള്ള മർമപ്രധാനമായ ബന്ധങ്ങൾ കണ്ടെത്തുന്നതിൽ വിപ്ലവകരമായ മുന്നേറ്റമുണ്ടാക്കി. ന്യൂറോണുകൾ തമ്മിലുള്ള ബന്ധങ്ങളുടെ

41. ആനന്ദൻ 1 14-15

42. Noam Chomsky 5. *New Horizon in the study of language and mind*, (London: Cambridge University Press, 2000) 4

രൂപീകരണമാണ്, നാഡീമനഃശാസ്ത്രമനുസരിച്ച് പഠനം. ഈ പഠനത്തിന് അടിസ്ഥാനം ന്യൂറോൺ ബന്ധങ്ങൾ നടക്കുന്ന ഭാഗത്തെ, അഥവാ സിനാപ്സുകളിലെ ജൈവരാസപ രവും വിദ്യുത്ശരീരശാസ്ത്രപരവുമായ മാറ്റങ്ങളാണ്.

### 3.2.1.4.2. എറിക് കാൻഡലിന്റെ തത്ത്വങ്ങൾ

പഠനത്തിന്റെ ജീവശാസ്ത്രപരമായ വശങ്ങളെക്കുറിച്ച് നടത്തിയ പഠനത്തിന്റെ കണ്ടെ ത്തലുകളാണ് ചുവടെ ചേർക്കുന്നത്:

3.2.1.4.2.1

പഠനത്തിന്റെ പ്രാഥമിക വശങ്ങൾ മസ്തിഷ്കത്തിൽ ആകപ്പാടെ വ്യാപിച്ചല്ല രൂപപ്പെ ടുന്നത്. മറിച്ച് പ്രത്യേകമായ നാഡീകോശങ്ങൾക്കിടയിൽ വികേന്ദ്രീകരിച്ചാണ്. ചില പഠിത ചേഷ്ടകളുടെ രൂപീകരണത്തിൽ വെറും അമ്പതോളം ന്യൂറോണുകൾ മാത്രമാവും പങ്കെ ടുക്കുന്നത്.[43]

3.2.1.4.2.2

പഠനമെന്നത് പുതിയ സിനാപ്തിക ബന്ധങ്ങളുടെ രൂപീകരണഫലം തന്നെയാവണ മെന്നില്ല. നിലവിലുള്ള സിനാപ്തിക ബന്ധങ്ങളിലെ മാറ്റം വഴിയും പഠനം നടക്കാം. ഓർമ രൂപപ്പെടുന്നത് നിലവിലുള്ള സിനാപ്തിക ബന്ധങ്ങളുടെ ശക്തിയിൽ വരുന്ന വ്യതിയാ നമെന്ന നിലയിലാണ്.[44]

ന്യൂറോണുകൾ പരസ്പരം ബന്ധപ്പെടുന്ന സ്ഥാനത്തിനിടയിൽ വിവരവിനിമയത്തിന് സഹായിക്കുന്ന രാസവസ്തുവിന്റെ അളവിൽ വരുന്ന മാറ്റത്തിലൂടെയാണ് സിനാപ്തിക ബന്ധങ്ങളുടെ ശക്തി ദീർഘകാലം നിലനിൽക്കുന്നതും മാറ്റങ്ങളുണ്ടാകുന്നതും.

സങ്കീർണമായ മാനസികപ്രക്രിയകൾ എങ്ങനെയാണ് ക്രമികമായി സംഭവിക്കുന്ന തെന്ന് വിശദീകരിക്കാൻ സിനാപ്തിക ബന്ധങ്ങളുടെ ശക്തിയിൽ മാറ്റം വരുത്തുന്ന വിവിധ ഘടകങ്ങളെ സംയോജിപ്പിച്ചാൽ മതി.

3.2.1.4.2.3

മനുഷ്യന്റെ ജ്ഞാനത്തെ കുറിച്ചുള്ള ആഴത്തിലുള്ള വിശദീകരണം നൽകാൻ തക്ക വിധത്തിൽ നാഡീശാസ്ത്രം വികസിച്ചിട്ടുണ്ട്. വഴക്കത്തെയും പ്ലാസ്തികതയെയും സംബ ന്ധിച്ചും നിർണയനവും കനാലീകരണവും സംബന്ധിച്ചും വ്യക്തമായ തത്ത്വരൂപീകരണം

43. Eric R. Kandel, *Celluar basis of behaviour an Introduction to behavioural neurology* (USA: W.H. Freeman & Co., 1976) 491

44. Kandel 492

നടന്നിട്ടുണ്ട്. മനുഷ്യൻ ചില ജ്ഞാനവ്യവസ്ഥകളിലൂടെ തന്റെ ബൗദ്ധികശേഷികളുടെ ആർജനവും വികസനവും ഉറപ്പിക്കുന്നു. ഇത് എങ്ങനെയെന്ന് വിശദീകരിക്കാൻ മേൽ പ്രസ്താവിച്ച തത്ത്വങ്ങൾ ഇന്ന് പ്രയോജനപ്പെടുന്നുണ്ട്.

സമൃദ്ധമോ ശുഷ്കമോ ആയ ആദ്യകാലാനുഭവങ്ങൾ ജീവിയുടെ പൊതുവായ പ്രവർത്തനങ്ങളെ എങ്ങനെയാണ് സ്വാധീനിക്കുകയെന്ന് വ്യക്തമായി വിശദീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ ഭൗതികവും മാനസികവും സാമൂഹ്യവുമായ വികാസത്തെ പോഷണക്കുറവ് അപകടകരമാംവിധം ബാധിക്കുമെന്നും പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

അടുത്ത കാലത്തായി പക്ഷികളിലും മനുഷ്യരിലും നടത്തിയ പഠനങ്ങളിലൂടെ നാഡീവ്യവസ്ഥയുടെയും കോശങ്ങളുടെയും ജൈവരാസവസ്തുക്കളുടെയും തലത്തിൽ വളരെയേറെ വ്യത്യാസങ്ങളുണ്ടെന്ന തിരിച്ചറിവുണ്ടായി. ഈ വ്യത്യാസം പഠനം, വികാസം തുടങ്ങിയവയിൽ പ്രതിഫലിക്കുകയും ചെയ്യും.

### 3.2.1.5 ഭാഷയും ചിന്തയും

ഭാഷയും ചിന്തയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വ്യത്യസ്ത നിലപാടുകളുണ്ട്:

**3.2.1.5.1 :** ചിന്തയേക്കാൾ പ്രാമുഖ്യം ഭാഷയ്ക്കാണ് എന്ന വോർഫിന്റെ നിലപാടാണ് ഒന്ന്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ഭാഷയാണ് ചിന്തയെ നിയന്ത്രിക്കുന്നത്.

'മാതൃകകളെക്കുറിച്ചുള്ള നിയമങ്ങളാണ് ഒരു വ്യക്തിയുടെ ചിന്തകളെ രൂപീകരിക്കുന്നത് എന്നാണ് ഈ പഠനം കാണിക്കുന്നത്. ഈ നിയമങ്ങളെക്കുറിച്ച് അയാൾ ബോധവാനല്ല. സ്വന്തം ഭാഷയുടെ സങ്കീർണവും അദൃശ്യവുമായ വ്യവസ്ഥാവത്കരണങ്ങളാണ് ഈ മാതൃകകൾ. മറ്റു ഭാഷകളുമായുള്ള താരതമ്യവും വൈരുദ്ധ്യവും ഇവയെ വ്യക്തമാക്കിത്തരുന്നുണ്ട്. വ്യക്തിയുടെ ചിന്ത തന്നെ ഒരു ഭാഷയിലാണ്. ഇംഗ്ലീഷ്, സംസ്കൃതം, ചൈനീസ് തുടങ്ങിയ ഓരോ ഭാഷയ്ക്കും മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തമായ മാതൃകാവസ്ഥയാണുള്ളത്.[45] ഭാഷയില്ലാതെ ചിന്തയില്ലെന്നാണ് വോർഫ് കരുതുന്നത്. ലോകത്തെ മനസ്സിലാക്കുന്നത് ഭാഷയിലൂടെയാണ്. അതിനാൽ വ്യത്യസ്ത ഭാഷ സംസാരിക്കുന്നവർ വ്യത്യസ്ത രീതിയിലാണ് ലോകത്തെ വീക്ഷിക്കുന്നതെന്ന് വോർഫ് കരുതുന്നു. വോർഫിന്റെ ഈ ആശയം പൂർണമായും തിരസ്കരിക്കപ്പെട്ടിട്ടുണ്ട്.

3.2.1.5.2: ചിന്തയ്ക്ക് ഭാഷയേക്കാൾ പ്രാമുഖ്യമാണ് പിയാഷെ നൽകിയത്. കുട്ടികൾ വളരുന്നത് ചിന്തയിലൂടെയാണെന്നും ഭാഷ പിന്നീടാണ് വരുന്നതെന്നും പിയാഷെ അഭി

45. B. Whorf, *Language through and reality* (Cambridge, MA: MIT press, 1956) 252

പ്രായപ്പെടുന്നു. ശരീരത്തിന്റെ വളർച്ചയ്ക്കനുസരിച്ച് വസ്ത്രങ്ങൾ തിരഞ്ഞെടുക്കുന്നതു പോലെ ഏതു തരത്തിലുള്ള ഭാഷയാണ് വേണ്ടതെന്ന് തെരഞ്ഞെടുക്കുന്നത് ചിന്തയാണ്.[46]

3.2.1.5.3: ചിന്തയും ഭാഷയും തമ്മിലുള്ള ബന്ധം നിരന്തരം മാറിക്കൊണ്ടിരിക്കുന്നതിനാൽ അവയുടെ വികാസം സമാന്തരമല്ല. ഭാഷയുടെ വികാസത്തിൽ ചിന്താരഹിതമായ ഒരു പൂർവഘട്ടവും ചിന്തയുടെ വികാസത്തിൽ ഭാഷാരഹിതമായ ഒരു പൂർവഘട്ടവുമുണ്ട്. ചിന്താരഹിതമായ ഭാഷാഘട്ടത്തിന് ഉദാഹരണമാണ് കുട്ടിയുടെ കൂകൽ, കരച്ചിൽ എന്നിവ. കുട്ടി കളിപ്പാട്ടത്തിനു വേണ്ടി കൈനീട്ടുന്നത് ഭാഷാരഹിതമായ ചിന്തയുടെ പ്രകടനമാണ്.[47] ചിന്തയും ഭാഷയും സമന്വയിക്കുന്നത് രണ്ടു വയസ്സിനും മൂന്നു വയസ്സിനും ഇടയിലാണ്. തുടർന്ന് ഭാഷാവികാസത്തിന്റെ വിസ്ഫോടനം സംഭവിക്കുന്നു. പദങ്ങളുടെ അർത്ഥം അന്വേഷിച്ചുകൊണ്ടാണ് കുട്ടിയുടെ ഭാഷാപഠനം മുന്നേറുന്നത് എന്ന് വിഗോഡ്സ്കി സിദ്ധാന്തിക്കുന്നു. 'ചിന്തയുടെ സംഘാടനത്തിനുള്ള ഉപകരണമാണ് ഭാഷ'. ഭാഷ പല ധർമങ്ങൾ നിറവേറ്റുന്നുണ്ട്. ഭാഷയുടെ പ്രാഥമികധർമം ഭാഷണം തന്നെയാണ്. തുടക്കത്തിൽ ബാഹ്യമായ ആശയവിനിമയപരമായ ഭാഷണമാണുള്ളത്. ഇത് സാമൂഹ്യഭാഷണമാണ്. പിന്നീട് സ്വയംഭാഷണം, ആന്തരികഭാഷണം എന്ന രീതിയിലാണ് ഭാഷണം വികാസം പ്രാപിക്കുന്നത്.

3.2.1.5.4: ചിന്തയ്ക്കു കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള ആശയങ്ങളാണ് ഹാൻസ് ഫോർത്ത് അവതരിപ്പിക്കുന്നത്.

3.2.1.5.5: ഭാഷയെ ആശ്രയിക്കാതെ തന്നെ അമ്മയും കുഞ്ഞും തമ്മിലുള്ള ആശയവിനിമയം നടക്കുന്നുണ്ടെന്ന് ബ്രൂണർ ചൂണ്ടിക്കാണിക്കുന്നു.

3.2.1.5.6: ചിന്തയ്ക്കും ഭാഷയ്ക്കും തുല്യപ്രാധാന്യമാണ് ചോംസ്കി നൽകിയിട്ടുള്ളത്. അവ പരസ്പരം പൂരകങ്ങളാണ്.[48]

### 3.2.2. ബഹുമുഖ ബുദ്ധിശക്തി

വ്യക്തിവ്യത്യാസങ്ങൾക്കാധാരമായ ജ്ഞാതൃശേഷിയെയാണ് ബുദ്ധി എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു വ്യക്തിയെ വിലയിരുത്തുന്നതിന്റെ പ്രധാന മാനദണ്ഡം ബുദ്ധി തന്നെയാണ്. ഇതിനു കാരണം വ്യക്തിക്ക് പ്രവർത്തനത്തിലെ കൃത്യത, സൂക്ഷ്മത, പ്രശ്നപരിഹാരണത്തിലും യഥാർത്ഥ പ്രശ്നങ്ങൾ കണ്ടെത്തുന്നതിലുമുള്ള വേഗത,

46. Peter Suther Land 33
47. Peter Suther Land 32
48. രമേശൻ 1 213

വ്യക്തിജീവിതത്തിലും ഔദ്യോഗിക ജീവിതത്തിലും നേട്ടമുണ്ടാക്കാനുള്ള കഴിവ് എന്നിവ ബുദ്ധിയെ ആശ്രയിച്ചാണിരിക്കുന്നത് എന്നതാണ്.

ബുദ്ധിയെക്കുറിച്ച് വളരെ വ്യത്യസ്തമായ അഭിപ്രായങ്ങളാണ് ഈ മേഖലയിൽ പഠനം നടത്തിയവരിലുള്ളത്. ബുദ്ധി ഏകാത്മകമാണോ ബഹുമുഖമാണോ എന്ന കാര്യത്തിലും വ്യത്യസ്ത നിലപാടുകളാണുള്ളത്. സ്പിയർമാൻ ബുദ്ധി ഏകാത്മകമാണെന്ന് ചിന്തിച്ച വരിൽ പ്രമുഖനാണ്. ബുദ്ധി ഏകാത്മകമായ ഒന്നല്ലെന്നും വ്യത്യസ്തങ്ങളായതും സ്വത ന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്നതുമായ പല കഴിവുകളുടെ കൂട്ടമാണെന്നും ഒരു വിഭാഗം സിദ്ധാന്തിച്ചു. ബുദ്ധി വ്യത്യസ്തമായ ഏഴു ഘടകങ്ങൾ ചേർന്നതാണ്. (വാചിക അവധാരണ, സംഖ്യ, ദിശ, സാഹചര്യസ്മൃതി, വാചാലത, യുക്തിചിന്തനം, ഇന്ദ്രിയജ്ഞാ നവേഗത) ഇവ പരിഗണിച്ചാവണം വ്യക്തികളെ വിലയിരുത്തേണ്ടത് എന്ന് തേഴ്സ്റ്റൻ അഭി പ്രായപ്പെട്ടു.[49]

ഈ മേഖലയിൽ ഇന്ന് ഏറ്റവുമേറെ ശ്രദ്ധിക്കപ്പെടുന്നത് ഹവാർഡ് ഗാർഡ്നറുടെ കണ്ടെത്തലുകളാണ്. നിത്യജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യക്തിയുടെ കഴിവാണ് ബുദ്ധി എന്ന് ഗാർഡ്നർ വിവക്ഷിച്ചു. കൂടാതെ വ്യത്യസ്തമായ സംസ്കാരങ്ങളിൽ മൂല്യവത്തായ ഉല്പന്നങ്ങളും സേവനങ്ങളും സൃഷ്ടിക്കാനും പ്രദാനം ചെയ്യാനുമുള്ള ശേഷിയും പ്രശ്നസന്ദർഭങ്ങളിൽ പുതിയ വഴികൾ കണ്ടെത്തുന്നതിലൂടെ പുതിയ അറിവ് സ്വരൂപിച്ചെടുക്കാനുള്ള കഴിവുമാണിത്.[50]

മസ്തിഷ്കാഘാതം സംഭവിച്ചവർ, പ്രതിഭാശാലികൾ, പ്രത്യേക മേഖലകളിൽ വൈദ ഗ്ധ്യമുള്ളവർ, മന്ദബുദ്ധികൾ തുടങ്ങിയവരടക്കം നൂറുകണക്കിനാളുകളിൽ പഠനം നട ത്തിയ ഗാർഡ്നണർ ബുദ്ധിക്ക് ബഹുമുഖങ്ങളുണ്ടെന്ന് സിദ്ധാന്തിച്ചു. പഠനത്തിന്റെ ഭാഗ മായി ബുദ്ധിയുടെ പ്രവർത്തനം വിശകലനം ചെയ്യുകയും ഒമ്പതു തരം ബുദ്ധി സവിശേ ഷത കണ്ടെത്തുകയുമുണ്ടായി. ഭാഷാപരമായ ബുദ്ധി, യുക്തിപരവും ഗണിതപരവുമായ ബുദ്ധി, ദൃശ്യ-സ്ഥലപരബുദ്ധി, ശാരീരികചലനപരമായ ബുദ്ധി, സംഗീതപരമായ ബുദ്ധി, വ്യക്ത്യാന്തര ബുദ്ധി, ആന്തരികവൈയക്തിക ബുദ്ധി, പ്രകൃതിപരമായ ബുദ്ധി, അസ്തി ത്വപരമായ ബുദ്ധി ഇവയാണ് ഗാർഡ്നർ അവതരിപ്പിക്കുന്ന ബുദ്ധിയുടെ ബഹുതലങ്ങൾ. എന്നാൽ ഇനിയും കൂടുതൽ തലങ്ങൾ ഉണ്ടാകാനുള്ള സാധ്യത ഗാർഡ്നർ തള്ളിക്കള

49. രമേശൻ 1 154

50. Howard Gardner, *Frames of Mind the theory of multiple intellintgence*, 2nd Ed. ( London: Fontana press, 1993) 60

യുന്നില്ല.[51] ബുദ്ധിയുടെ ഈ ബഹുതലങ്ങൾ എല്ലാവരിലുമുണ്ട്. എന്നാൽ അവയുടെ ചേരുവകളിൽ വ്യത്യാസമുണ്ട്. തലച്ചോറിന്റെ വ്യത്യസ്തഭാഗങ്ങളിലാണ് ഓരോ ബൗദ്ധിക വിശേഷതയുടേയും സ്ഥാനം. സ്വതന്ത്രവും പരസ്പരബന്ധിതവുമായി പ്രവർത്തിക്കാൻ ഇവയ്ക്ക് കഴിയും. പാഠ്യപദ്ധതി, പഠനരീതി, മൂല്യനിർണയം എന്നിവയെല്ലാം ബുദ്ധിയുടെ ബഹുമുഖങ്ങൾ സ്വാധീനിക്കേണ്ടതുണ്ട്.[52] മേൽ സൂചിപ്പിച്ച ബുദ്ധിയുടെ ഒമ്പതു തലങ്ങളെ സാമാന്യമായി പരിചയപ്പെടുത്തുവാനാണ് ഇവിടെ ശ്രമിക്കുന്നത്.

### 3.2.2.1 ഭാഷാപരമായ ബുദ്ധി

ജന്മസിദ്ധമായ ഭാഷാഘടകം എല്ലാവരിലുമുണ്ട്. മസ്തിഷ്കത്തിലെ ബ്രോക്ക, വെർണിക്ക എന്നീ ഭാഗങ്ങളിലാണ് ഭാഷാപരമായ ശേഷിയുടെ സ്ഥാനം. ബ്രോക്ക ആശയസ്വീകരണത്തെയും വെർണിക്ക ആശയപ്രകടനത്തെയും സ്വാധീനിക്കുന്നു. തലച്ചോറിലെ ഈ മേഖലയിലേൽക്കുന്ന ക്ഷതം ഭാഷാപരമായ വൈകല്യങ്ങൾക്ക് കാരണമാവും. ഓരോ വ്യക്തിക്കും ഭാഷാപരമായ നിർമിതി നടത്തുന്നതിനും ഭാഷ പ്രയോഗിക്കുന്നതിനുമുള്ള കഴിവിൽ വ്യത്യാസമുണ്ടാകുമെങ്കിലും ഭാഷാപരമായ ബുദ്ധിയിൽ മുൻതൂക്കമുള്ളവർക്ക് നന്നായി എഴുതുവാനും ഫലപ്രദമായി പ്രഭാഷണം നടത്താനുമുള്ള കഴിവുണ്ടായിരിക്കും. വായന ആസ്വദിക്കുന്നവരും പദകേളികളിലും സ്ഥലം, തിയ്യതി, പേരുകൾ എന്നിവ ഓർമിച്ചുവയ്ക്കുന്നതിലും കമ്പ്യൂട്ടറിൽ Word Processingൽ കൂടുതൽ താല്പര്യമുള്ളവരായിരിക്കും സ്പഷ്ടമായ ഉച്ചാരണവും ഇവരുടെ പ്രത്യേകതയാണ്. എന്നാൽ ഇതെല്ലാം ഒരാളിൽ ഒരേ അളവിൽ ഉണ്ടാകണമെന്നില്ല.[53]

### 3.2.2.2. യുക്തിചിന്താപരവും ഗണിതപരവുമായ ബുദ്ധി

യുക്തിചിന്ത, ആശയങ്ങളുടെ പരസ്പരബന്ധം കണ്ടെത്തുക, അമൂർത്തചിന്തനം ഇവ സാധിക്കുന്നത് ബുദ്ധിയുള്ളതിനാലാണ്. പാറ്റേൺ കണ്ടെത്തുക, ക്രമബന്ധമായി പ്രവർത്തനങ്ങളിൽ ഏർപ്പെടുക, പരീക്ഷണനിരീക്ഷണങ്ങൾ നടത്തുന്നതിൽ താല്പര്യം കാണിക്കുക, അറിവുകൾ സ്വയം പരിശോധിച്ച് ബോധ്യപ്പെടുക, ശാസ്ത്രീയമായ വിശകലന രീതി സ്വീകരിക്കുക, നിഗമനാത്മകമായ ചിന്താരീതി പ്രകടിപ്പിക്കുക, കമ്പ്യൂട്ടറിൽ ഡാറ്റാബേസ്, സ്പ്രെഡ് ഷീറ്റ് എന്നിവയിൽ താല്പര്യം കാണിക്കുക തുടങ്ങിയവയ്ക്ക് അടിസ്ഥാനം ഈ ബുദ്ധിവിശേഷമാണ്.[54]

51. Gardner 68-69
52. രമേശൻ 1 157
53. Sue Teele, *Rainbow of intelligence, Exploring how students learn* (California: Crowin press INC, 2000) 28
54. Teele

### 3.2.2.3. ദൃശ്യ-സ്ഥലപരബുദ്ധി

വിവിധ രൂപങ്ങൾ നിർമിക്കുന്നതിനും ത്രിമാനരൂപങ്ങളും ബിംബങ്ങളും ഉൾക്കൊള്ളുന്നതിനും സാധിക്കുന്നത് ഈ ബുദ്ധിശക്തിയുള്ളതിനാലാണ്. മസ്തിഷ്കത്തിന്റെ വലതുവശത്തെ അർധഗോളത്തിലാണ് ദൃശ്യസ്ഥലപരബുദ്ധിയുടെ സ്ഥാനം. ഈ ഭാഗത്ത് ക്ഷതമേൽക്കുന്നവർക്ക് അടുത്ത ബന്ധുക്കളെപ്പോലും തിരിച്ചറിയാനാവില്ല. എവിടെയാണ് താനിപ്പോൾ നിൽക്കുന്നത് എന്ന ബോധമുണ്ടാവില്ല. അന്ധന് വസ്തുക്കളുടെ നിശ്ചിത രൂപം തിരിച്ചറിയാൻ കഴിയുന്നത് ഈ ബുദ്ധിയുള്ളതുകൊണ്ടാണ്. കലാപരമായ പ്രവർത്തനങ്ങൾ, ഭൂപടവായന, എളുപ്പത്തിൽ ജിഗ്സോപസിലുകൾ ചെയ്യുക, വസ്തുക്കൾ തമ്മിലുള്ള പരസ്പര ബന്ധം തിരിച്ചറിയാൻ കഴിയുക തുടങ്ങിയ സിദ്ധികൾ ദൃശ്യസ്ഥലപരബുദ്ധിയുടെ സവിശേഷതയാണ്.[55]

### 3.2.2.4. സംഗീതപരമായ ബുദ്ധി

പരിസരത്തുള്ള ശബ്ദങ്ങൾ ആസ്വദിക്കുക, സംഗീതം ആസ്വദിക്കുക, പഠിക്കുമ്പോൾ പോലും സംഗീതത്തിന്റെ പശ്ചാത്തലം ഇഷ്ടപ്പെടുക, രാഗം, താളം, സ്ഥായി എന്നിവ ആസ്വദിക്കുക, പാട്ടു രചിക്കുകയും പാടുകയും ചെയ്യുക, താളംപിടിക്കുക തുടങ്ങിയ പ്രവർത്തനത്തിൽ സംഗീതപരമായ ബുദ്ധിയുള്ളവർ ഏർപ്പെട്ടിരിക്കും. ഇത് മസ്തിഷ്കത്തിലെ സംഗീതമേഖലയെ സജീവമാക്കുകയും പഠനത്തിലേക്ക് നയിക്കുകയും ചെയ്യും.[56]

### 3.2.2.5. ശാരീരികവും ചലനപരവുമായ ബുദ്ധി

ഓരോ വ്യക്തിക്കും സ്വന്തം ശാരീരികചലനങ്ങളിൽ കൃത്യമായ നിയന്ത്രണമുണ്ട്. ശാരീരികചലനങ്ങൾ നിയന്ത്രിക്കുന്നത് ബുദ്ധിപരമായ ഒരു ശേഷിയാണ്. മസ്തിഷ്കത്തിന്റെ ഇടതു-വലത് അർധഗോളങ്ങളാണ് എതിർഭാഗത്തുള്ള ശാരീരികചലനങ്ങളെ നിയന്ത്രിക്കുന്നത്. സഹജമായ അവബോധത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഭൗതിക സാഹചര്യങ്ങൾക്കിണങ്ങും വിധം ശാരീരികചലനപരമായി ഓരോരുത്തരും പ്രതികരിക്കുന്നത്.[57]

### 3.2.2.6. ആന്തരിക വൈയക്തികബുദ്ധി

ഈ ബുദ്ധിയുടെ ആധിക്യമുള്ള കുട്ടികൾ സ്വന്തം ലോകം സൃഷ്ടിച്ച് അതിൽ അഭിരമിക്കാൻ ഇഷ്ടപ്പെടുന്നവരായിരിക്കും. സ്വന്തം ശക്തിദൗർബല്യങ്ങളെക്കുറിച്ച് കൃത്യമായ ധാരണയുള്ളവരും സ്വയം വിലയിരുത്താൻ കഴിവുള്ളവരും നല്ല ഇച്ഛാശക്തിയുള്ളവരുമായിരിക്കും. മാനസികപ്രശ്നങ്ങളും ആത്മസംഘർഷങ്ങളും സ്വയം പരിഹരിക്കാനും

55. Teele 34-35
56. Teele 37
57. Teele

ആത്മവിശ്വാസത്തോടെ പ്രവർത്തിക്കാനും ഈ ബൗദ്ധികഘടകം മികച്ചുനിൽക്കുന്നവർക്ക് സാധിക്കും. സ്വതന്ത്രചിന്തയ്ക്ക് നിദാനമായി വർത്തിക്കുന്നതും ഈ ബുദ്ധിവിശേഷമാണ്.[58]

### 3.2.2.7. വ്യക്ത്യാന്തരബുദ്ധി

സാമൂഹ്യജീവിയായ മനുഷ്യന് മറ്റു സഹജീവികളുമായി ബന്ധം സ്ഥാപിക്കുന്നതിനും അവരുടെ വികാരവിചാരങ്ങൾ തിരിച്ചറിയാനും വ്യാഖ്യാനിക്കാനും അതിനനുഗുണമായി ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയണം. വ്യക്ത്യാന്തരബുദ്ധി ഇതിനു സഹായകമാണ്. ഈ ബുദ്ധിയുടെ ആധിക്യമുള്ളവർ സൗഹൃദങ്ങൾ ഉണ്ടാക്കുന്നതിലും സഹകരണാത്മക പഠനത്തിലും വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നതിലും മികവു പുലർത്തും. അന്യരുടെ വികാരവിചാരങ്ങളും ആവശ്യങ്ങളും താത്പര്യങ്ങളും കണക്കിലെടുത്ത് പ്രതികരിക്കാൻ കഴിയുക എന്നത് വ്യക്ത്യാന്തരബുദ്ധിയുടെ സവിശേഷതയാണ്.[59]

### 3.2.2.8. പ്രകൃതിപരമായ ബുദ്ധി

പ്രകൃതിയെ സാകൂതം നിരീക്ഷിക്കുന്നതിനും വൈവിധ്യമാർന്ന സസ്യജാലങ്ങളുടെ പ്രത്യേകതകൾ തിരിച്ചറിയുന്നതിനും അവയെ തരംതിരിക്കുന്നതിനും കാലാവസ്ഥയിലെ വ്യതിയാനങ്ങൾ മനസ്സിലാക്കുന്നതിനുമുള്ള കഴിവ് പ്രകൃതിപരമായ ബുദ്ധിയുടെ ഫലമാണ്.[60]

### 3.2.2.9. അസ്തിത്വപരമായ ബുദ്ധി

സ്വന്തം സ്വത്വമന്വേഷിക്കാനുള്ള ത്വര, ഈ ലോകത്തിൽ തന്റെ സ്ഥാനം എവിടെയാണെന്ന് അന്വേഷിക്കൽ, പ്രകൃതിയിലെ മറ്റു വസ്തുക്കളും താനുമായുള്ള ബന്ധം അന്വേഷിക്കൽ തുടങ്ങിയവ ഈ ബുദ്ധിയുടെ സവിശേഷതകളാണ്. അസ്തിത്വപരമായ ബുദ്ധിയെക്കുറിച്ച് സുവ്യക്തമായ ഒരു നിലപാടിൽ എത്തിച്ചേരാൻ കൂടുതൽ വിശദാംശങ്ങൾ ഇനിയും ആവശ്യമാണ്.[61]

### 3.2.2.10.

ബുദ്ധിയുടെ ബഹുതലങ്ങളാണ് ഇതുവരെ ചർച്ച ചെയ്തത്. അതിന്റെ വെളിച്ചത്തിൽ ബുദ്ധിയുടെ ബഹുതലബുദ്ധിസിദ്ധാന്തത്തിന്റെ അടിസ്ഥാന ധാരണകൾ ഇങ്ങനെ ക്രോഡീകരിക്കാം:

---

58. Teele 43
59. Gardner 238
60. Teele 44-45
61. Teele 46

3.2.2.10.1. ബുദ്ധിപരീക്ഷകൾ കൊണ്ട് കൃത്യമായി അളക്കാവുന്ന ഗണിത- ഭാഷാപരമായ ബുദ്ധിഘടകങ്ങൾ മാത്രമല്ല ഓരോ വ്യക്തിയിലുമുള്ളത്.

3.2.2.10.2. വ്യക്തികൾ അവരുടെ കഴിവുകളിൽ വിഭിന്നരാണ്. വിവര സ്വാംശീകരണ പ്രക്രിയകളിലും ആളുകൾ സമാനരല്ല.

3.2.2.10.3. എല്ലാവരിലും ബുദ്ധിയുടെ എല്ലാ ഘടകങ്ങളുമുണ്ട്. എന്നാൽ ഓരോരുത്തരിലും അതിന്റെ അളവ് വ്യത്യസ്തമായിരിക്കും.

3.2.2.10.4. വ്യക്തിയിൽ മുന്നിട്ടു നിൽക്കുന്ന ബുദ്ധിഘടകത്തെപ്പോലെ അങ്ങനെയല്ലാത്ത ഘടകത്തെയും പോഷിപ്പിക്കണം.

3.2.2.10.5. ബുദ്ധിയുടെ വിവിധ ഘടകങ്ങളെ സംയോജിപ്പിച്ചാലേ പല പ്രവർത്തനങ്ങളും ഫലപ്രദമാകൂ.

3.2.2.10.6. അനുകൂല സാഹചര്യമുണ്ടായാൽ എല്ലാവരിലും എല്ലാ ബുദ്ധിഘടകവും വികസിക്കും.

3.2.2.10.7. കുട്ടികൾ വിഭിന്നരായതിനാൽ വൈവിധ്യമാർന്ന പഠനരീതികൾ അവലംബിക്കണം.[62]

### 3.2.3. ബുദ്ധിമാനത്തിൽ നിന്ന് വൈകാരികമാനത്തിലേക്ക്

വ്യക്തിയുടെ മാനസികവയസ്സിനെ കാലികവയസ്സു കൊണ്ട് ഹരിച്ച് നൂറു കൊണ്ട് ഗുണിച്ചാണ് ബുദ്ധിമാനം കണ്ടെത്തുന്നത്. ആൽഫ്രെഡ് ബിനെ, തിയൊഡോർ സിമൺ എന്നിവരാണ് ഈ സമ്പ്രദായം വികസിപ്പിച്ചത്. ഓരോ പ്രായത്തിലും ശരാശരി ചെയ്യാൻ കഴിയുന്ന പരീക്ഷകളിൽ വിജയിച്ചാൽ കാലികവയസ്സും മാനസികവയസ്സും തുല്യമായിരിക്കും. അല്ലെങ്കിൽ ഐ.ക്യു കുറവാണെന്നർത്ഥം. വ്യക്തികളെ താരതമ്യപ്പെടുത്തി വിധി കൽപിക്കുന്നതിനുള്ള ഒരു മാർഗമെന്ന നിലയിൽ ഈ രീതി പരക്കെ ഉപയോഗിച്ചുപോന്നു.

മാനസിക വളർച്ചയിലുള്ള പുരോഗതി കൗമാരപ്രായം വരെ ദ്രുതഗതിയിലായിരിക്കും. അതിനു ശേഷം മുമ്പത്തേക്കാൾ കുറഞ്ഞ വേഗതയിലായിരിക്കും മാനസിക വളർച്ച. ഈ ഘട്ടത്തിൽ ഐ.ക്യുവിൽ കുറവു വന്നാൽ അതിനെ എങ്ങനെയാണ് വിശദീകരിക്കുന്നത്? ഐ.ക്യുവിന്റെ സ്ഥിരത, വിശ്വാസ്യത എന്നിവ ഇവിടെ ചോദ്യം ചെയ്യപ്പെടുന്നു. ഐ.ക്യു

62. Teele 45-46

വിനെ ആധുനികസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ നിശിത വിമർശനത്തിന് വിധേയമാക്കിയവരിൽ പ്രമുഖരാണ് ഹവാർഡ് ഗാർഡ്നർ, പീറ്റർ സലോവ, ഡാനിയൽ ഗോൾമാൻ എന്നിവർ. അവരുടെ പ്രധാന വിമർശനങ്ങൾ എന്തെന്ന് പരിശോധിക്കാം.

ഒരു വ്യക്തിയുടെ വ്യത്യസ്ത കഴിവുകളെ ഒരൊറ്റ സ്കോറിലേക്ക് പരിമിതപ്പെടുത്തുകയാണ് ഐ.ക്യുവിന്റെ സമീപനം. ഇത് യുക്തിപരമല്ല.

സാംസ്ക്കാരിക വ്യത്യാസം, സാമൂഹ്യമൂല്യങ്ങൾ, കാഴ്ചപ്പാടുകൾ, അവസരങ്ങൾ ഇവയെല്ലാം ബുദ്ധിക്ഷമതയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഐ.ക്യു ഇവയൊന്നും പരിഗണിക്കുന്നില്ല.[63]

കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ നിർണയിക്കാനും ഓരോ കുട്ടിക്കും യോജിച്ച തൊഴിൽ ഏതെന്ന് തെരഞ്ഞെടുക്കുന്നതിൽ ഉപദേശിക്കാനും ഐ.ക്യു ഫലങ്ങൾ ഉപയോഗിക്കുന്നതിനെ ഗാർഡ്നർ നിശിതമായി എതിർത്തു.[64]

മനുഷ്യന്റെ സൃഷ്ടിപരതയെ ഐ.ക്യു അളക്കുന്നതിൽ പരിഗണിക്കുന്നില്ല. യുക്തിചിന്ത, ഭാഷാപരമായ കഴിവ്, പ്രശ്നപരിഹരണശേഷി എന്നിവയിൽ മാത്രം കേന്ദ്രീകരിച്ചുള്ള രീതി ശാസ്ത്രീയമല്ല.

ജീവിതത്തിൽ സന്ദർഭോചിതമായ തീരുമാനമെടുക്കാൻ മറ്റെന്തിനേക്കാളും പ്രധാനപ്പെട്ടത് വ്യക്തിപരമായ ബുദ്ധി (വ്യക്ത്യാന്തർബുദ്ധി+ആന്തരിക വൈയക്തിക ബുദ്ധി)യാണ്. ഈ വാദം ശക്തമായതോടെ ഐ.ക്യു ആണ് ജീവിതനേട്ടങ്ങൾക്കു നിദാനം എന്ന ധാരണ അപ്രസക്തമായി.

വൈകാരിക ബുദ്ധിയെക്കുറിച്ച് പീറ്റർ സലോവ, ജോൺ മേയർ എന്നിവരുടെ കണ്ടെത്തലുകൾ ഐ.ക്യുവിന്റെ നിരർത്ഥകത വെളിപ്പെടുത്തി. വ്യക്തിപരമായ ബുദ്ധിയെ അപഗ്രഥിക്കുകയും ഇവയെ വൈകാരിക ബുദ്ധിയെന്ന് വിശേഷിപ്പിക്കുകയും ചെയ്തു. ഈ വിഭാഗത്തിൽപ്പെട്ട കഴിവിനെ അഞ്ചു മേഖലകളായി അവതരിപ്പിച്ചു:

സ്വന്തം വൈകാരികതയെക്കുറിച്ചുള്ള തിരിച്ചറിവ്, വൈകാരിക നിയന്ത്രണ ശേഷി, വൈകാരികതയെ ക്രമപ്പെടുത്തി സ്വയം മുന്നേറാനുള്ള കഴിവ്, മറ്റുള്ളവരുടെ വികാരങ്ങളെ മനസ്സിലാക്കാനുള്ള കഴിവ്, ആരോഗ്യകരമായ ബന്ധങ്ങൾ സ്ഥാപിച്ചെടുക്കുവാ

63. Lynne Beachiner, Anola Bicket, Multiple intelligence and positive life habits (Callifornia: Corwin press, INC, 2001) 2

64. Gardner

നുള്ള കഴിവ് എന്നിവ ജീവിതവിജയത്തിന് അനിവാര്യമാണെന്ന് പീറ്റർ സലോവ സിദ്ധാന്തിക്കുന്നു.

ജീവിതവിജയം കണ്ടെത്തുന്നതിൽ ഉയർന്ന ഐ.ക്യു ഉള്ളവരിൽ അമ്പതുശതമാനത്തിലേറെ പേരും പരാജയപ്പെട്ടതായി അമേരിക്കയിലെ പഠനങ്ങൾ വിശദമാക്കുന്നു.[65] എന്നാൽ ഐ.ക്യു താരതമ്യേന കുറഞ്ഞ പലരും പൊതുജീവിതത്തിലും തൊഴിൽമേഖലയിലും വൻവിജയമായി കാണുന്നു. ഇത് ഐക്യുവിന്റെ അപ്രമാദിത്വം ചോദ്യം ചെയ്തു.

### 3.2.4. വൈകാരിക മാനം

മറ്റുള്ളവരെ മനസ്സിലാക്കാനും അവരുടെ കാഴ്ചപ്പാടിൽ നിന്ന് നോക്കിക്കാണാനുമുള്ള കഴിവ്, സഹകരണാത്മകത, അനുതാപം, പ്രതിപക്ഷബഹുമാനം, സമന്വയപാടവം, മറ്റുള്ളവരുമായി നല്ല ബന്ധം സ്ഥാപിക്കൽ, സംഘർഷങ്ങൾക്കു പരിഹാരം കാണൽ, തീരുമാനമെടുക്കാനുള്ള കഴിവ് എന്നിവയെല്ലാം വൈകാരിക മാനത്തിന്റെ സൂചകങ്ങളാണ്. സ്വന്തം സാമൂഹിക സാഹചര്യത്തിൽ തന്റേതായ ഒരിടം സ്ഥാപിച്ചെടുക്കുന്നതിന് വ്യക്തികളെ കഴിവുള്ളവരാക്കുന്നത് ഇ.ക്യുവാണ്. ബോധപൂർവമായ പ്രവർത്തനങ്ങളിലൂടെ ഒരു വ്യക്തിയുടെ വൈകാരിക മാനം മെച്ചപ്പെടുത്താൻ കഴിയുമെന്ന് ഈ മേഖലയിൽ പഠനം നടത്തിയ മനഃശാസ്ത്രജ്ഞർ സിദ്ധാന്തിക്കുന്നു.

65. രമേശൻ 1

## 3.3. പാഠ്യപദ്ധതിയുടെ സാമൂഹ്യസിദ്ധാന്തതലം

ഭാഷാപഠനത്തിന്റെ മനഃശാസ്ത്രപരവും ഭാഷാശാസ്ത്രപരവുമായ വശങ്ങൾ മാത്രം പരിഗണിച്ചതുകൊണ്ട് പാഠ്യപദ്ധതിയുടെ പരിപ്രേക്ഷ്യം പൂർണമാവുകയില്ല. പൗരസ്ത്യവും പാശ്ചാത്യവുമായ ദർശനങ്ങൾ വിമോചനത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസത്തിനാണ് ഊന്നൽ നൽകിയിരുന്നത്. അവരുടെ ആശയങ്ങൾ പാഠ്യപദ്ധതിയിൽ പ്രതിഫലിക്കുന്നുണ്ട്. കാൾ റോജേഴ്സ്, റൂസ്സോ, ഗാന്ധിജി, വിവേകാനന്ദൻ, ടാഗോർ, പൗലോ ഫ്രയർ തുടങ്ങിയവരെല്ലാംതന്നെ ഈ മേഖലയിൽ സംഭാവന നൽകിയിട്ടുണ്ട്. അവരുടെ പ്രധാന ദർശനങ്ങൾ എന്തെല്ലാമെന്ന് പരിശോധിക്കാം:

### 3.3.1. കാൾ റോജേഴ്സ്

1950ൽ ശക്തമായിരുന്ന ചേഷ്ടാവാദവും മാനസിക വിശകലന സിദ്ധാന്തവും മനുഷ്യന്റെ അന്തസ്സിനെയും മൂല്യങ്ങളെയും അംഗീകരിക്കാതെ അപമാനവീകരിക്കുന്നവയാണെന്ന വിമർശനവുമുണ്ട്. പ്രാകൃതമായ ലൈംഗിക ചോദനകളുടെ ആധിപത്യത്തിലാണ് മനുഷ്യന്റെ എല്ലാ വ്യവഹാരങ്ങളുമെന്ന വിശ്വാസം പുലർത്തുന്നതിനാലായിരുന്നു മാനസിക വിശകലനത്തോടുള്ള എതിർപ്പ്. താഴ്ന്ന തട്ടിലുള്ള ജന്തുക്കളുടെ ചേഷ്ടകളിലൂന്നിയ പഠനങ്ങളുടെ വെളിച്ചത്തിലാണ് മനുഷ്യന്റെ ചേഷ്ടകളെയും വിശകലനം ചെയ്യുന്നത്[66] എന്നതിനാലാണ് ചേഷ്ടാവാദം വിമർശിക്കപ്പെട്ടത്. മനുഷ്യന്റെ ഗുണവിശേഷങ്ങളുടെ അതുല്യതക്ക് വിശിഷ്യാ, സ്വാതന്ത്ര്യത്തിനും വ്യക്തിവികസനത്തിനുമുള്ള അവന്റെ നൈസർഗികമായ കഴിവുകൾക്ക് ഊന്നൽ നൽകുന്ന സൈദ്ധാന്തിക നിലപാടാണ് മാനവികതാവാദം. ഈ സിദ്ധാന്തത്തിന്റെ പ്രയോക്താവാണ് അമേരിക്കക്കാരനായ കാൾ റോജേഴ്സ്.[67]

മനുഷ്യന്റെ പ്രകൃതത്തെ കുറിച്ച് ശുഭാപ്തിവിശ്വാസമുള്ളവരാണ് മാനവികതാവാദികൾ. പരിസരത്തിന്റെയോ തന്റെ മൃഗപാരമ്പര്യത്തിന്റെയോ അടിമയല്ല മനുഷ്യൻ എന്നാണ് അവർ വിശ്വസിക്കുന്നത്.[68] സ്വയം വിമർശിക്കുന്നതിനുള്ള നൈസർഗികമായ കഴിവ് മനുഷ്യനുണ്ട്. മനുഷ്യന്റെ ചേഷ്ടകളെ നിർണയിക്കുന്നതിൽ ഉദ്ദേശ്യപരത, ധാർമികമൂല്യങ്ങൾ എന്നിവ വളരെ തീവ്രമായ മനോചാലകശക്തികളാണെന്ന ബോധ്യം മാനവികതാവാദികൾക്കുണ്ട്. അതുകൊണ്ടാണ് തെരഞ്ഞെടുക്കൽ, സർഗപരത, മനസ്സ്, ശരീരം, ആത്മാവ് എന്നിവയുടെ പ്രതിപ്രവർത്തനം, കൂടുതൽ ബോധവാനും സ്വതന്ത്രനും ഉത്ത

66. രമേശൻ 86
67. രമേശൻ 87
68. രമേശൻ 87

രവാദിത്വബോധമുള്ളവനും വിശ്വസനീയനാകുന്നതിനുള്ള കഴിവ് തുടങ്ങിയ, തികച്ചും മാനവികമെന്നു പറയാവുന്ന ഗുണവിശേഷങ്ങൾ വളർത്തുന്നതിനുള്ള ശ്രമത്തിൽ മാന വികതാവാദികൾ ഏർപ്പെടുന്നത്. ആത്മാഭിമാനവും വ്യക്തിപരശേഷിയും ബോധപൂർവം വികസിപ്പിച്ചെടുക്കാനും അതുവഴി ജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനും കഴിയും എന്ന് മാനവികതാവാദികൾ വിശ്വസിക്കുന്നു[69].

### 3.3.1.1. റോജേഴ്സിന്റെ പ്രധാന പഠനതത്ത്വങ്ങൾ

3.3.1.1.1. മനുഷ്യന് പഠനത്തിനുള്ള നൈസർഗിക കഴിവുണ്ട്.

3.3.1.1.2. പഠിക്കുന്ന കാര്യങ്ങളെ സ്വന്തം ആവശ്യങ്ങൾക്കുവേണ്ടിയാണെന്ന വിധത്തിൽ പഠിതാവ് വീക്ഷിക്കുമ്പോഴാണ് പഠനം പ്രസക്തമാവുന്നത്. പഠിതാവിന് ഒരു ലക്ഷ്യമു ണ്ടായിരിക്കും. അത് കൈവരിക്കുന്നതിന് പഠനസാമഗ്രികൾ സഹായകമാണെന്ന് മനസ്സി ലാക്കുമ്പോൾ ലക്ഷ്യത്തിലെത്തുന്നതിനുള്ള ശ്രമം പഠിതാവിന്റെ ഭാഗത്തുനിന്നും ഉണ്ടാ വുന്നു. ഇത് പഠനവേഗത കൂട്ടും.

3.3.1.1.3. തന്റെ സ്വത്വത്തിന്റെ സംഘാടനത്തിൽ മാറ്റമുണ്ടാക്കുന്ന ഒന്നാണ് എന്ന രീതിയിലാണ് വിദ്യാർത്ഥി പഠനത്തെ കാണുന്നതെങ്കിൽ അതിനെക്കുറിച്ച് പേടിയുള്ളവ നായിത്തീരുകയും അതിനെ ചെറുക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

3.3.1.1.4. ബാഹ്യമായ ഭീഷണികൾ നാമമാത്രമാകുമ്പോൾ പഠനത്തെ എളുപ്പത്തിൽ സംവേദനം ചെയ്യാനും സ്വാംശീകരിക്കാനും കഴിയും.

3.3.1.1.5. സ്വത്വം നേരിടുന്ന ഭീഷണി വളരെ താഴ്ന്ന തലത്തിലുള്ളതാണെങ്കിൽ അനു ഭവത്തെ വ്യത്യസ്ത രീതികളിൽ സംവേദനം ചെയ്യാനും പഠനത്തിൽ മുന്നേറാനും കഴിയും.

3.3.1.1.6. പഠനപ്രക്രിയയുടെ ഉത്തരവാദിത്വത്തിൽ പഠിതാവ് പങ്കാളിയാവുമ്പോഴാണ് പഠനം സുഗമമാവുന്നത്.

3.3.1.1.7. പഠിതാവിന്റെ പ്രകാരവും ബുദ്ധിശക്തിയും ചേർന്ന പൂർണവ്യക്തിത്വം ഭാഗ ഭാക്കാകുന്ന സ്വയം ഏറ്റെടുക്കുന്ന പഠനമാണ് ദീർഘകാലം നിലകൊള്ളുന്നത്.

3.3.1.1.8. കാര്യങ്ങൾ ചെയ്തുകൊണ്ട് പഠനത്തെ വളരെയേറെ പ്രസക്തമാക്കി ത്തീർക്കാം.

3.3.1.1.9. സ്വയം വിമർശനവും സ്വയം വിലയിരുത്തലും അടിസ്ഥാനമായിത്തീരുമ്പോ ഴാണ് സർഗാത്മകത സ്വാവലംബവും സ്വാതന്ത്ര്യവും ഫെസിലിറ്റേറ്റ് ചെയ്യപ്പെടുന്നത്.

69. രമേശൻ 87–88

ഇവിടെ മറ്റുള്ളവരുടെ വിലയിരുത്തലിന് രണ്ടാം സ്ഥാനമേയുള്ളൂ.

3.3.1.1.10. ആധുനിക ലോകത്ത് ഏറ്റവുമധികം പ്രയോജനകരമായ പഠനം പഠന പ്രക്രിയയെ കുറിച്ചുള്ള പഠനമാണ്. അനുഭവത്തോടുള്ള തുറന്ന സമീപനവും മാറ്റത്തിന്റെ പ്രക്രിയ അവനവനിൽ സന്നിവേശിപ്പിക്കലും തുടരുക എന്നതാണ് അതിന്റെ വിവക്ഷ.[70]

### 3.3.1.2. പഠനത്തെ ഫെസിലിറ്റേറ്റ് ചെയ്യുന്ന രീതി

3.3.1.2.1. ക്ലാസ്സനുഭവത്തിന്റെയോ ഗ്രൂപ്പിന്റെയോ തുടക്കത്തിലുള്ള അന്തരീക്ഷം എന്താണെന്ന് ഫെസിലിറ്റേറ്റർ അറിഞ്ഞിരിക്കണം.

3.3.1.2.2. ക്ലാസ്സിൽ വ്യക്തികളുടെ ഉദ്ദേശ്യങ്ങളും ഗ്രൂപ്പിന്റെ സാമാന്യമായ ഉദ്ദേശ്യങ്ങളും എന്താണെന്ന് ചർച്ച ചെയ്യുകയും വിശദീകരിക്കുകയും ചെയ്യാൻ ഫെസിലിറ്റേറ്റർ സഹായിക്കണം.

3.3.1.2.3. ഓരോ വിദ്യാർത്ഥിയെ സംബന്ധിച്ചും അർത്ഥപൂർണമായ ഉദ്ദേശ്യങ്ങളാണ് പഠനം പ്രസക്തമാക്കുന്നതിനുള്ള പ്രചോദനമായിത്തീരുന്നത്. ഈ ഉദ്ദേശ്യങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള വിദ്യാർത്ഥിയുടെ ആഗ്രഹത്തെയാണ് ഫെസിലിറ്റേറ്റർ ആശ്രയിക്കേണ്ടത്.

3.3.1.2.4. പഠനത്തിനുള്ള വിഭവങ്ങളുടെ വ്യാപ്തി കഴിയുന്നിടത്തോളം വർധിപ്പിക്കാനും പഠിതാക്കൾക്ക് എളുപ്പത്തിൽ ലഭ്യമാകത്തക്ക രീതിയിൽ അവ സംഘടിപ്പിക്കാനും ഫെസിലിറ്റേറ്റർ ശ്രമിക്കേണ്ടതുമാണ്.

3.3.1.2.5. സംഘത്തിനു പ്രയോജനപ്പെടുത്താവുന്ന വളരെ പഴക്കമുള്ള വിഭവം എന്ന നിലയിലാണ് ഫെസിലിറ്റേറ്റർ സ്വയം വീക്ഷിക്കേണ്ടത്.

3.3.1.2.6. ഗ്രൂപ്പിന്റെ ധിഷണാപരവും അഭിപ്രായങ്ങളും വൈകാരികവുമായ മനോഭാവങ്ങളെയും ഒരുപോലെ സ്വീകരിക്കുന്നതിന് ഫെസിലിറ്റേറ്റർക്കു കഴിയണം. ഓരോ വ്യക്തിയുടെയും ഗ്രൂപ്പിന്റെയും പ്രതികരണങ്ങൾക്ക് അർഹമായ പരിഗണന നൽകണം.

3.3.1.2.7. സ്വീകാര്യമായ ക്ലാസ്സ് അന്തരീക്ഷം നിലവിൽ വരുന്ന മുറയ്ക്ക് ഫെസിലിറ്റേറ്റർ ഒരു സഹപഠിതാവും ഗ്രൂപ്പിലെ മറ്റംഗങ്ങളെപ്പോലെത്തന്നെ അഭിപ്രായ പ്രകടനങ്ങൾ നടത്തുന്ന ഒരു അംഗവും ആയിത്തീരണം.

3.3.1.2.8. തന്റെ ചിന്തകളും വികാരങ്ങളും ഗ്രൂപ്പുകളായി പങ്കുവയ്ക്കുകയും അവ സ്വീകരിക്കാനും നിരാകരിക്കാനുമുള്ള സ്വാതന്ത്ര്യം നൽകുകയും വേണം.

---

70. Rojers 114

3.3.1.2.9. വളരെ തീവ്രമായ വികാരങ്ങളെ സൂചിപ്പിക്കുന്ന പ്രകടനങ്ങളെ കുറിച്ച് സദാ ജാഗ്രതയുള്ളവനാണ് ഫെസിലിറ്റേറ്റർ.

3.3.1.2.10. ഗ്രൂപ്പ് നേതാവ് എന്ന നിലയിൽ സ്വന്തം പരിമിതികളെ തിരിച്ചറിയാനും അംഗീകരിക്കാനും ഫെസിലിറ്റേറ്റർ തയ്യാറാകണം.[71]

## 3.3.2. റൂസ്സോ

'മനുഷ്യൻ സ്വതന്ത്രനായാണ് പിറക്കുന്നത്, എന്നാൽ അവൻ എല്ലായിടത്തും ചങ്ങലയിലാണ്' എന്ന റൂസ്സോയുടെ വാക്കുകളിൽ അസ്വാതന്ത്ര്യത്തിനെതിരെയുള്ള ധാർമിക രോഷമാണ് പ്രതിഫലിക്കുന്നത്. വിദ്യാഭ്യാസം കുട്ടിയുടെ സഹജമായ കഴിവുകളെ വികസിപ്പിക്കാനുള്ള പ്രക്രിയയാണ്. മുതിർന്നവരുടെ മനസ്സിന് പൊരുത്തപ്പെടുന്ന ക്രമത്തേക്കാൾ അധ്യാപനത്തെ നിർണയിക്കേണ്ട ഘടകം കുട്ടിയുടെ പ്രകൃതമാണെന്ന് റൂസ്സോ അഭിപ്രായപ്പെട്ടു. കുട്ടി സ്വയം ചിന്തിക്കട്ടെ, അവന്റെ പ്രയത്നത്താൽ പഠിക്കട്ടെ, പാഠപുസ്തകത്തിന് യാതൊരു സ്ഥാനവും റൂസ്സോ നൽകുന്നില്ല. പ്രവർത്തനത്തിലൂടെയുള്ള പഠനം, അന്വേഷണാത്മക രീതി, തത്ത്വങ്ങൾക്കുള്ള ഉദാഹരണങ്ങൾ, സാമൂഹികജ്ഞാനം സാമൂഹിക പങ്കാളിത്തത്തോടെ, വ്യക്തിഗതബോധനം എന്നിവയാണ് പഠനരീതികളായി റൂസ്സോ നിർദ്ദേശിച്ചത്. സ്വതന്ത്രമായ അന്തരീക്ഷത്തിൽ മാത്രമേ കുട്ടികളുടെ സഹജമായ കഴിവുകൾ വികസിക്കുകയുള്ളൂ.[72]

## 3.3.3. ജോൺ ഡ്യൂയി

വിദ്യാഭ്യാസം സാമൂഹ്യപുരോഗതിക്കും പരിഷ്കരണത്തിനുമുള്ള ശക്തമായ ഉപാധിയാണെന്നു തിരിച്ചറിഞ്ഞ ചിന്തകനാണ് ജോൺ ഡ്യൂയി. വിദ്യാഭ്യാസത്തെ ജനാധിപത്യവത്കരിക്കുന്നതിനും അതുവഴി ഒരു ജനാധിപത്യ സമൂഹം സൃഷ്ടിക്കുന്നതിനുമാണ് ഡ്യൂയി ആഗ്രഹിച്ചത്. ജനാധിപത്യസമൂഹത്തിലെ ഒരു വ്യക്തിയെന്ന നിലയിൽ പഠിതാവിന്റെ സ്ഥാനം ഡ്യൂയി നിർവചിക്കുന്നത് വിദ്യാഭ്യാസം, ഭാവിജീവിതത്തിനുവേണ്ടി തയ്യാറെടുക്കുന്ന പ്രക്രിയയല്ല, മറിച്ച് ഒരു ജീവിതപ്രക്രിയ തന്നെയാണ് എന്ന് ഡ്യൂയി പറഞ്ഞു. സമൂഹത്തിലെങ്ങനെയാണോ വർത്തിക്കേണ്ടത് അതിനനുസൃതമായ അനുഭവം നേടി വളരലാണ് വിദ്യാഭ്യാസം. വളർച്ച ജീവിതത്തിന്റെ ഒരു ഭാഗമായതിനാൽ വിദ്യാഭ്യാസം വളർച്ചതന്നെയാണ്. അതിലുപരി ഒരു ലക്ഷ്യവുമില്ല. കുട്ടികൾ സ്കൂളിലെത്തുന്നത് ഒഴിഞ്ഞ സ്ലേറ്റിന് സമാനമായ മനസ്സുമായല്ല എന്ന് ഡ്യൂയി ഓർമിപ്പിക്കുന്നു. ചോദ്യം ചോദിക്കുന്ന

71. Rojers 116

72. രമേശൻ 1

തിനും സൃഷ്ടിക്കുന്നതിനും അന്വേഷിക്കുന്നതിനും പ്രകാശിപ്പിക്കുന്നതിനുമുള്ള സഹജമായ കഴിവുകൾ ഓരോരുത്തരിലുമുണ്ട്. ഈ സ്വാഭാവിക മൂലധനം കുട്ടിയുടെ സജീവ വികാസത്തിനായി പ്രയോജനപ്പെടുത്തണം. അനുയോജ്യമായ പഠനാന്തരീക്ഷം, പ്രശ്ന പരിഹരണരീതി, താല്പര്യമുണർത്തുന്ന പ്രവർത്തനം ഇവയെല്ലാം പഠനത്തിന്റെ മൂന്നു പാധികളാണ്. വ്യക്തിയുടെ വളർച്ചയാണ് സാമൂഹിക പരിണാമത്തിന് നിദാനം. വ്യക്തിത്വവികസനം എന്നത് പ്രവർത്തനത്തിന്റെയും കണ്ടെത്തലിന്റെയും ഉല്പന്നമാണെന്ന് ഡ്യൂയി വ്യക്തമാക്കുന്നുണ്ട്.[73]

### 3.3.4. മഹാത്മാഗാന്ധി

"ശരിയായ വിദ്യാഭ്യാസം പഠിതാക്കളുടെ ഏറ്റവും നല്ല കഴിവുകൾ പുറത്തുകൊണ്ടുവരലാണ്. ക്രമവിരുദ്ധവും അനാവശ്യമായ വിവരങ്ങൾ കുട്ടികളുടെ തലയിൽ കൂമ്പാരം കൂട്ടിയതുകൊണ്ടിത് സാധ്യമാവുകയില്ല. അവരുടെ എല്ലാ വ്യക്തിത്വങ്ങളെയും ഞെക്കി ഞെരുക്കി അവരെ വെറും യന്ത്രങ്ങളാക്കുന്ന ഒരു മഹാഭാരതമാണത്."

പാഠപുസ്തകകേന്ദ്രീകൃതപഠനത്തെ ഗാന്ധിജി എതിർത്തു. പാഠപുസ്തകങ്ങൾ അധികം ആവശ്യം അധ്യേതാക്കൾക്കല്ല അധ്യാപകർക്കാണ്. കൈയെത്താവുന്ന വസ്തുക്കളിൽ നിന്നും ദൈനംദിനപാഠങ്ങൾ തയ്യാറാക്കുന്നവനാണ് വിദ്യാർത്ഥിയോട് നീതി പുലർത്തുന്ന അധ്യാപകൻ. തൊഴിലുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള വിദ്യാഭ്യാസമാണ് ഗാന്ധിജി വിഭാവനം ചെയ്തത്. ഉദ്ഗ്രഥിതപഠനത്തെയാണ് അദ്ദേഹം ഫലപ്രദമായ വിദ്യാഭ്യാസമെന്ന് വിലയിരുത്തിയത്. അറിവും തൊഴിലും തമ്മിലുള്ള ഉദ്ഗ്രഥനത്തിന് ഗാന്ധി പ്രാധാന്യം കല്പിച്ചു. സാമൂഹ്യസേവനത്തിലും സഹകരണാത്മകതയിലും അഹിംസയിലും മാതൃഭാഷയിലും മതനിരപേക്ഷതയിലും അധിഷ്ഠിതമായ വിദ്യാഭ്യാസമാണ് ഗാന്ധിജി വിഭാവനം ചെയ്തത്.[74]

### 3.3.5. രവീന്ദ്രനാഥ ടാഗോർ

സ്ക്കൂളിനെ വിദ്യാഭ്യാസത്തിന്റെ തടവറ' എന്നാണ് ടാഗോർ വിശേഷിപ്പിച്ചത്. ജനങ്ങളുമായും ജീവിതമായും നാടുമായും സംസ്കാരവുമായും ജീവത്തായ ബന്ധമുള്ളതാവണം വിദ്യാഭ്യാസം. ഇതിൽ നിന്നന്യമായ വിദ്യാഭ്യാസത്തെ കുറിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു: "നമ്മുടെ വിദ്യാഭ്യാസം ഭാരതീയ സംസ്കാരത്തിനുവേണ്ടി തൃപ്തികരമായ

73. രമേശൻ 1

74. രമേശൻ 1

യാതൊരു തയ്യാറെടുപ്പും നടത്തിയിട്ടില്ല. ഭാരതീയ മനസ്സിന് യാതൊരു പ്രചോദനവും അതു നൽകിയിട്ടില്ല."

വിദ്യാഭ്യാസത്തിന് വ്യക്തിപരവും സാമൂഹികവുമായ ലക്ഷ്യങ്ങളുണ്ട്. രണ്ടു ലക്ഷ്യ ങ്ങൾക്കും മതിയായ പ്രാധാന്യം നൽകണം. കുട്ടികൾ യഥാർത്ഥ സ്രോതസ്സിൽ നിന്നും ജീവിതത്തിൽ നിന്നും സമൂഹത്തിൽ നിന്നും പഠിക്കണം. പുസ്തകങ്ങളെ അമിതമായി ആശ്രയിക്കുന്നത് കുട്ടികളുടെ മുൻകൈയും സന്നദ്ധതയും മനസ്സിന്റെ തനിമയും നഷ്ട പ്പെടുത്തും. പഠനരീതിയെ കുറിച്ച് ടാഗോർ കൃത്യമായ ആശയങ്ങൾ മുന്നോട്ടുവയ്ക്കു ന്നുണ്ട്. സ്വന്തമായ ശ്രമത്തിലൂടെ ആശയങ്ങൾ സ്വാംശീകരിക്കുന്നതിനുള്ള ശക്തി നേടാൻ കുട്ടിയെ സഹായിക്കുകയാണ് വേണ്ടത്. ചിന്താശക്തി, ഭാവനാശക്തി ഇവ മുതിർന്നവർക്ക് മാത്രമല്ല, കുട്ടികൾക്കുമുണ്ട്. വിവരങ്ങൾ കോരിക്കൊടുക്കലിനേയും ചിന്തയ്ക്കു സ്ഥാന മില്ലാത്ത ഉരുവിട്ടു പഠിക്കലിനെയും ടാഗോർ നിരാകരിക്കുന്നു. പഠിതാക്കൾക്ക് പൂർണ സ്വാതന്ത്ര്യവും സന്തോഷവും ലഭിക്കണം. വിദ്യാഭ്യാസം സർഗാത്മക സന്തോഷത്തിന്റെ പ്രക്രിയയാവണം.

പഠിച്ചവ പ്രയോഗിക്കാനുള്ള ശേഷിയാണ് പഠിതാക്കളിൽ ഉണ്ടാവേണ്ടത്. നിലവിലു ണ്ടായിരുന്ന വിദ്യാഭ്യാസം കുട്ടികളെ അനാവശ്യമായ അറിവിന്റെ സംഭരണകേന്ദ്രമായി മാറ്റുകയാണെന്ന് അദ്ദേഹം നിരീക്ഷിച്ചു.

"യഥാർത്ഥ അധ്യാപിക ഒരിക്കലും പുസ്തകങ്ങൾ പഠിപ്പിക്കുന്നതിനുള്ള ഉപകരണമോ മുൻകൂട്ടി നിർമിച്ച മുദ്രാവാക്യങ്ങളുടെയും ജീവനില്ലാത്ത അക്കാദമിക സാമഗ്രികളുടെയും വാഹനമോ ആകരുത്. അദ്ദേഹത്തിന്റെ യഥാർത്ഥ മൂല്യം കിടക്കുന്നത് ഭാവനയിലേക്കും സ്വതന്ത്രചിന്തയിലേക്ക് വിധി പറയലിലേക്കും കുട്ടിയുടെ മനസ്സിനെ ചലനാത്മകമാക്കു ന്നതിലേക്കാണ്." അധ്യാപികയെക്കുറിച്ചുള്ള ടാഗോറിന്റെ നിരീക്ഷണമാണിത്.[75]

### 3.3.6. സ്വാമി വിവേകാനന്ദൻ

പഠനവും കുട്ടിയുടെ പ്രകൃതവും തമ്മിൽ ബന്ധപ്പെടുത്തി ചിന്തിച്ച ദാർശനികരിൽ പ്രമുഖനാണ് സ്വാമി വിവേകാനന്ദൻ. കുട്ടികളെ എങ്ങനെ സമീപിക്കണമെന്നതിനെ കുറിച്ച് വിവേകാനന്ദന്റെ കാഴ്ചപ്പാട് ഇങ്ങനെയായിരുന്നു: "അവരുടെയടുത്ത് സൗമ്യവാക്കുകൾ ഉപയോഗിക്കുക... അവരെ വേണ്ട വിധത്തിൽ പ്രോത്സാഹിപ്പിക്കുക... ശിഷ്യരുടെ ആവ ശ്യത്തിനനുരൂപമായി ശിക്ഷണരീതി മാറ്റിക്കൊണ്ടിരിക്കുക. കുട്ടിയുടെ പ്രവണതകളെ

75. രമേശൻ 1

മാനിച്ചുകൊണ്ട് അവനെ വളർത്തിക്കൊണ്ടുവരിക, സ്വാതന്ത്ര്യമാണ് വളർച്ചയുടെ പ്രഥമോപാധി."

കുട്ടിയുടെ സ്വതസിദ്ധമായ കഴിവുകളെയും പ്രകൃതത്തെയും വിദ്യാഭ്യാസത്തിൽ പരിഗണിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് മറ്റൊരിക്കൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു. "ജ്ഞാനം സ്വതസിദ്ധ മാത്രം. ഒരു ചെടി വളർത്തിക്കൊണ്ടു വരാൻ കഴിയുന്നതിലധികമൊന്നും ഒരു ശിശുവിനെ പഠിപ്പിക്കാനും നിങ്ങൾക്ക് കഴിയില്ല. ഒരു ചെടി അതിന്റെ പ്രകൃതി അനുസരിച്ച് വളരുകയാണ്. അതിന്റെ വഴിയിലുള്ള തടസ്സങ്ങളെ നീക്കിക്കളയാൻ നിങ്ങൾക്കു കഴിയും. എന്നാൽ, ജ്ഞാനം അവന്റെ ഉള്ളിൽനിന്നും വളർന്നുവരേണ്ടതാണ്. ചെടി വേഗത്തിൽ വളരുന്നതിനായി മണ്ണ് അൽപമൊന്ന് ഇളക്കിക്കൊടുക്കുക. അതിനു ചുറ്റും വേലി കെട്ടുക. അതിനെ മറ്റൊന്ന് വന്ന് നശിപ്പിക്കാതെ നോക്കുക. അതിന്റെ വളർച്ചയ്ക്കു വേണ്ട മണ്ണും വെള്ളവും അതിന് കൊടുക്കുക. ഇതോടുകൂടി നിങ്ങളുടെ ജോലി തീർന്നു. അതിന്റെ പ്രകൃതിയനുസരിച്ച് ആ ചെടി അതിനാവശ്യമുള്ള വസ്തുക്കൾ സ്വീകരിച്ചുകൊള്ളും. ഇതുപോലെയാണ് ഒരു ശിശുവിന്റെ വിദ്യാഭ്യാസവും.

ശിശു സ്വയം ശിക്ഷിതനാവുകയാണ്. വിദ്യ അഭ്യസിപ്പിക്കുകയാണ് താൻ എന്ന് വിചാരിക്കുന്ന ഗുരുനാഥൻ എല്ലാം തകരാറിലാക്കുന്നു. ഉള്ളിലുള്ള ജ്ഞാനത്തെ ഉണർത്തുക മാത്രമേ അയാൾ ചെയ്യേണ്ടതുള്ളൂ. കണ്ണും കാതും കരചരണങ്ങളും ബുദ്ധിശക്തിയും ഉപയോഗിച്ച് പ്രവർത്തിക്കാൻ കുട്ടിക്ക് ആവശ്യമുള്ള പ്രചോദനം നൽകുക മാത്രമാണ് നമ്മുടെ ധർമം."

കുട്ടിയുടെ തലത്തിലേക്ക് പെട്ടെന്ന് ഇറങ്ങി വരാൻ കഴിയുന്ന ആളാണ് യഥാർത്ഥ അധ്യാപകൻ. അതുവഴി തന്റെ ആത്മാവിനെ കുട്ടിയുടെ ആത്മാവിലേക്ക് സംക്രമിപ്പിക്കാൻ കഴിയണം. കുട്ടിയുടെ കണ്ണിലൂടെ കാണാനും അവന്റെ മനസ്സിലൂടെ കേൾക്കാനും കഴിയണം. അത്തരമൊരു അധ്യാപകനു മാത്രമേ കുട്ടിയെ സഹായിക്കാനാവൂ. വിദ്യാഭ്യാസമെന്നത് ഒരാളുടെ മനസ്സിൽ നിക്ഷേപിക്കുന്ന വിവരങ്ങളുടെ അളവല്ലെന്ന് അദ്ദേഹം സൂചിപ്പിച്ചു. അത് അവിടെ കിടന്ന് കുഴപ്പങ്ങൾ ഉണ്ടാക്കുകയേ ഉള്ളൂ. ഇങ്ങനെ കാലികമായി ഏറെ പ്രസക്തമായ വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ അവതരിപ്പിച്ച ദാർശനികനാണ് സ്വാമി വിവേകാനന്ദൻ.[76]

76. രമേശൻ 1

### 3.3.7. പൗലോ ഫ്രയർ

പൗലോ ഫ്രയർ രണ്ടു തരം വിദ്യാഭ്യാസത്തെ കുറിച്ച് വിശദീകരിച്ചു കൊണ്ടാണ് തന്റെ വാദം വ്യക്തമാക്കുന്നത്. ഇണക്കിവളർത്തൽ വിദ്യാഭ്യാസവും വിമോചനവിദ്യാഭ്യാസവും. ഇണക്കിവളർത്തൽ വിദ്യാഭ്യാസത്തിൽ അധ്യാപകൻ പഠിതാക്കളെ നിഷ്ക്രിയ വസ്തുക്കളാക്കി മാറ്റുന്നു. പഠനപ്രക്രിയയിൽ അവരുടെ സർഗാത്മകമായ പങ്കാളിത്തം അവശ്യമില്ല. പകരം ശിക്ഷകരുടെ വാക്കുകൾ കൊണ്ടവർ നിറയ്ക്കപ്പെടുന്നു. നിക്ഷേപ പ്രക്രിയയായി മാറുന്ന ഈ വിദ്യാഭ്യാസത്തെ ഫ്രയർ 'ബാങ്കിങ്ങ് എജ്യുക്കേഷൻ' എന്നു വിളിക്കുന്നു. ഈ രീതിയിൽ കൈകാര്യം ചെയ്യുന്നവർ, ചെയ്യപ്പെടുന്നവർ എന്ന അനിവാര്യ വിഭജനമുണ്ട്. പ്രവർത്തനങ്ങൾ നിർദ്ദേശിക്കപ്പെടുകയാണ്; പഠിതാക്കൾ ഏറ്റെടുക്കുകയല്ല. നിലവിലുള്ള അവസ്ഥയെ പവിത്രീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. പണി പൂർത്തിയായ ഒന്നായി ലോകത്തെ അവതരിപ്പിക്കുന്നു. പിന്നെ ഊർജസ്വലമായി ചിന്തിക്കാനുള്ള കഴിവിനെയും ലോകത്തെ മാറ്റിമറിക്കുന്നതിനും പുനഃസൃഷ്ടിക്കുന്നതിനുമുള്ള കർമകുശലത ആവശ്യപ്പെടുന്നില്ല.[77] യാഥാർത്ഥ്യത്തെ വിമർശനാത്മകമായി അനാവരണം ചെയ്യാനും അംഗീകരിക്കാനും ശിക്ഷകൻ പഠിതാവിനെ ക്ഷണിക്കുന്ന പ്രക്രിയയാണ് വിമോചനസ്വഭാവമുള്ള വിദ്യാഭ്യാസം. സ്വാതന്ത്ര്യത്തിനായുള്ള വിദ്യാഭ്യാസത്തിൽ വിമോചിപ്പിക്കുന്നവരും വിമോചിതരാക്കപ്പെടുന്നവരുമില്ല. എന്തെന്നാൽ അവിടെ കർത്താവും ലക്ഷ്യവും ഭിന്നമല്ല. വിമോചനാത്മകമായ വിദ്യാഭ്യാസം സംവാദാത്മകമാണ്. പോറ്റിവളർത്തൽ വിദ്യാഭ്യാസം അറിവിന്റെ കൈമാറ്റമാണെങ്കിൽ സ്വാതന്ത്ര്യത്തിനായുള്ള വിദ്യാഭ്യാസം ഒരു അറിയൽപ്രവർത്തനമാണ്. പ്രശ്നോന്നീതവും സംവാദാത്മകവുമായ വിദ്യാഭ്യാസത്തിലൂടെയാണ് സ്വാതന്ത്ര്യ പരിശീലനം നടക്കുക.

സംവാദാത്മക ആശയവിനിമയവും സംവാദവിരുദ്ധമായ ആശയവിനിമയവുമുണ്ടെന്ന് ഫ്രയർ വ്യക്തമാക്കുന്നു. വിമർശനാവബോധം സൃഷ്ടിക്കുന്നത് സംവാദാത്മക ആശയവിനിമയമാണ്. വ്യക്തികൾ തമ്മിലുള്ള സമനിലബന്ധ(തിരശ്ചീനബന്ധം)മാണ് സംവാദത്തിലുള്ളത്. സ്നേഹം, താഴ്മ, പ്രത്യാശ, പരസ്പരവിശ്വാസം എന്നിവ സംവാദത്തിലൂടെ പോഷിപ്പിക്കപ്പെടുന്നു. സംവാദം ശത്രുതാപരമായ ഒരു കീഴ്പ്പെടുത്തലല്ല, മറിച്ച്, അത് അന്വേഷണാത്മകവും സൃഷ്ടിപരവുമാണ്. സംവാദവിരുദ്ധമായ ആശയവിനിമയം മുകളിലും താഴെയും നിലകളുള്ള- ലംബബന്ധമുള്ള- ഒന്നാണ്. അനുസരിക്കേണ്ടതോ മനസ്സിലാക്കേണ്ടതോ ആയ ഔദ്യോഗിക വിജ്ഞാപനം പുറപ്പെടുവിക്കൽ തന്നെയാണത്.

77. രമേശൻ 1 47

വിമർശനാത്മക ചിന്തയും ചോദ്യം ചെയ്യലും അന്വേഷണങ്ങളുമില്ല. ഏറ്റുവാങ്ങൽ മാത്ര മാണ് നടക്കുന്നത്.

പ്രശ്നോന്നീത വിദ്യാഭ്യാസമാണ് ഫ്രയർ നിർദ്ദേശിക്കുന്നത്. വിഷയത്തിന്റെ ഉള്ള ടക്കം ഒരു പ്രശ്നമായി വിദ്യാർത്ഥികൾക്കു മുമ്പിൽ അവതരിപ്പിക്കപ്പെടുക. പ്രശ്നപരി ഹാര നിർദ്ദേശങ്ങൾ വിഷയം അപഗ്രഥിക്കുന്നതിൽ പുതിയ പാത വെട്ടിത്തുറക്കും. പ്രശ്നാ വതരണം എന്നത് അറിയുകയെന്ന പ്രക്രിയയിൽ നിന്നു മാത്രമല്ല, സമസ്തമായ ജീവിത സാഹചര്യങ്ങളിൽനിന്നും അടർത്തിമാറ്റാനാവാത്തതാണ്. സംസ്കാരത്തിന്റെയും ചരിത്ര ത്തിന്റെയും ലോകത്തിന്റെയും പ്രശ്നാവതരണമാണ് അനുഭവജ്ഞാനത്തിന്റെ അടിസ്ഥാ നത്തിലുള്ള ആധികാരിക വിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകം.

"ജനാധിപത്യ പരിശീലനത്തിലൂടെ ജനതയെ ജനാധിപത്യം പഠിപ്പിക്കണം. കാരണം അങ്ങനെ അനുഭവത്തിലൂടെ മാത്രമേ ആ അറിവ് ലഭിക്കൂ. എന്നാൽ, പലപ്പോഴും ജന ങ്ങൾക്ക് ആ അറിവ് പകരാൻ നാം ശ്രമിക്കുന്നത് വാക്കുകളിലൂടെയാണ്."

വ്യക്തിവിമോചനത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടാണ് പൗര സ്ത്യരും പാശ്ചാത്യരുമായ ദാർശനികരിൽനിന്നും നമുക്ക് ലഭിക്കുന്നത്. പലപ്പോഴായി അവതരിക്കപ്പെട്ടിട്ടുള്ള ഈ ദർശനങ്ങളിൽനിന്ന് ഉൾക്കാഴ്ച സ്വീകരിച്ചുകൊണ്ട് കുട്ടിക്ക് നൽകേണ്ട അവകാശങ്ങളെക്കുറിച്ച് അന്തർദേശീയതലത്തിൽ ഏതാനും പൊതുധാരണ കൾ ഉരുത്തിരിയുകയും ചെയ്തിട്ടുണ്ട്. അവ എന്തെല്ലാമെന്ന് പരിശോധിക്കാം.[78]

### 3.3.8. കുട്ടിയുടെ അവകാശങ്ങൾ

ഐക്യരാഷ്ടസഭാ ജനറൽ അസംബ്ലി 1989 നവംബർ 20ന് അംഗീകരിച്ച കുട്ടികളുടെ അവകാശ ഉടമ്പടിയിലെ കക്ഷിരാഷ്ട്രങ്ങൾ അംഗീകരിക്കുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്ന അവയുടെ സത്ത ഉൾക്കൊള്ളുന്ന പാഠ്യപദ്ധതിയാണ് 1997ൽ രൂപപ്പെട്ടത് എന്ന് അവകാശപ്പെടുന്നുണ്ട്. (ഭാഗം 1 വകുപ്പ് 2 (2). രക്ഷാകർത്താക്കളുടെയോ കുടും ബാംഗങ്ങളുടെയോ പദവി, പ്രവൃത്തികൾ, അഭിപ്രായങ്ങൾ, വിശ്വാസങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള യാതൊരു വിധ ശിക്ഷകളോ വിവേചനമോ അനുഭവിക്കാതെ കുട്ടി കളെ സംരക്ഷിക്കേണ്ടതാണ് (അനു: 29).

---

78. രമേശൻ 1

### 3.4 ഉപസംഹാരം

ആധുനിക മനഃശാസ്ത്രസിദ്ധാന്തങ്ങളുടെ കഴിഞ്ഞ നൂറ്റാണ്ടുകളിലുണ്ടായ വളർച്ച യാണ് ഇവിടെ ചർച്ച ചെയ്തത്. ഘടനാവാദം മുതൽ സാമൂഹ്യ ജ്ഞാനനിർമിതിവാദം വരെ വികാസം പ്രാപിച്ച ഭാഷാശാസ്ത്ര-മനഃശാസ്ത്ര മേഖലകൾക്ക് ബോധനത്തിലുള്ള പ്രാധാന്യം എന്തെന്ന് തിരിച്ചറിയാൻ ഈ അന്വേഷണം സഹായകമാകും.

ഓരോ കാലഘട്ടത്തിലും പ്രബലമായ മനഃശാസ്ത്രതത്ത്വങ്ങളുടെ സിദ്ധാന്തപരമായ മികവുകളും പരിമിതികളും അക്കാലത്തെ വിദ്യാഭ്യാസപദ്ധതിയെ സ്വാധീനിക്കും. ഈ നിലപാടിൽ നിന്നു കൊണ്ടാണ് നിലവിലുള്ള പാഠ്യപദ്ധതിയുടെ സിദ്ധാന്തപരമായ അടി ത്തറ വിലയിരുത്തേണ്ടത്.

“ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ പ്രബലമായിരുന്ന ചേഷ്ടാവാദം ഭാഷ ഉൾപ്പെടെയുള്ള എല്ലാ പഠനങ്ങളും ചോദനപ്രതികരണബന്ധം വഴിയാണെന്ന് സമർഥിച്ചു. അനുകരണത്തിലൂടെയും ആവർത്തനത്തിലൂടെയുമാണ് ഭാഷാപഠനം നടത്തുന്നത് എന്നാണ് ചേഷ്ടാവാദികൾ സിദ്ധാന്തിച്ചത്. 1959ൽ നോം ചോംസ്കി ചേഷ്ടാവാദത്തെ വിമർശിച്ചു. മനുഷ്യമനസ്സിൽ എങ്ങനെയാണ് ഭാഷാവ്യവസ്ഥയെക്കുറിച്ച് അവബോധം ഉണ്ടാവുക എന്നതിന് തൃപ്തികരമായ മറുപടി നൽകാൻ ചേഷ്ടാവാദികൾക്കായില്ല. പ്രേര ണയുടെ ദാരിദ്ര്യം എന്ന പ്രതിഭാസത്തെ വിശദീകരിക്കാനും ചേഷ്ടാവാദികൾക്കായില്ല. ഭാഷാപഠനം ജീവശാസ്ത്രപരമായി ചിട്ടപ്പെടുത്തിയ സംവിധാനം ഉപയോഗിച്ചാണ് നട ക്കുന്നത്.

ഘടകങ്ങളുടെ ആകത്തുകയായ സമഗ്രത എന്ന് ആദ്യമായി പ്രസ്താവിക്കുകയും തെളിയിക്കുകയും ചെയ്തത് ഗസ്റ്റാൾട്ട് മനഃശാസ്ത്രജ്ഞരാണ്. ഉൾക്കാഴ്ചയിലും സംവേ ദനത്തിലും മനോമുദ്രകൾ സൃഷ്ടിക്കുന്നതിലും വിശ്വസിക്കുന്ന ഗസ്റ്റാൾട്ട് സിദ്ധാന്തം, ഉദ്ഗ്രഥനപഠനത്തിനും പ്രശ്നപരിഹാരത്തിലൂടെയുള്ള പഠനത്തിനും ഊന്നൽ നൽകുന്നു.

ബാഹ്യലോകവുമായുള്ള അനുരൂപീകരണത്തിന് ഉതകുന്ന ഒരു മനോഘടന കുട്ടി സ്വയം നിർമിച്ചെടുക്കുന്നു എന്ന് പിയാഷെ സിദ്ധാന്തിച്ചു. കുട്ടിയുടെ മനോവികാസ പ്രക്രിയ കേവലം ജീവശാസ്ത്രപരമാണെന്ന വാദവും കുട്ടിയുടെ വൈജ്ഞാനികവികാസ പ്രക്രിയ

കർക്കശമായ പ്രായപരിധിക്കുള്ളിൽ മാത്രം നടക്കുന്നു എന്ന വാദവും വിമർശനവിധേയ മായി. കുട്ടികൾ അവരുടേതായ ആശയങ്ങളും സിദ്ധാന്തങ്ങളും സ്വയം നിർമിക്കുകയും പരിഷ്കരിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന പ്രക്രിയാണ് ജ്ഞാനനിർമിതി സിദ്ധാ ന്തമനുസരിച്ചുള്ള പഠനം. എന്തു പഠിക്കുന്നു എന്നതിലുപരി എങ്ങനെ പഠിക്കുന്നു എന്ന തിന് ഊന്നൽ നൽകുന്നു.

ഓരോരുത്തർക്കും സ്വപ്രയത്നത്താൽ എത്തിച്ചേരാവുന്ന ഒരു തലവും മറ്റുള്ളവരുടെ സഹായത്തോടെ എത്തിച്ചേരാവുന്ന മറ്റൊരു ഉയർന്ന തലവുമുണ്ട്. ഇതിന് സമൂഹത്തി ന്റെയും സഹപഠിതാവിന്റെയും അധ്യാപകന്റെയും പങ്കാളിത്തത്തോടെ മാത്രമേ സാധ്യ മാവൂ. സഹവർത്തിത പഠനത്തിനും സഹകരണാത്മക പഠനത്തിനും ഊന്നൽ നൽകുന്നു. സഹവർത്തിത പഠനത്തിന് പ്രധാനമായും നാലു ഘട്ടങ്ങളുണ്ട്: അധ്യാപകനും പഠിതാ ക്കളും അധികാരം പങ്കുവയ്ക്കുന്നു. അധ്യാപകൻ പഠനത്തെയും കുട്ടികളെയും ബന്ധി പ്പിക്കുന്ന കണ്ണിയായി മാറുന്നു. അധ്യാപകനും കുട്ടികളും അറിവ് പങ്കുവയ്ക്കുന്ന കുട്ടി കളെ സങ്കരഗ്രൂപ്പുകളാക്കുന്നു. മത്സരത്തിനും വ്യക്തിഗതപഠനത്തിനും അവസരം നൽകു ന്നില്ല എന്നാൽ വ്യക്തിഗതനില ഏറെ മെച്ചപ്പെടുത്താൻ സഹായിക്കുന്ന പ്രക്രിയയാണ് സഹകരണാത്മക പഠനത്തിൽ നടക്കുന്നത്. ധനാത്മകമായ പരസ്പരാശ്രിതത്വം, പര സ്പരം സഹായിക്കൽ, വിഭവങ്ങൾ പങ്കുവയ്ക്കൽ, വ്യക്തിഗത ഉത്തരവാദിത്വം ഉറപ്പാ ക്കൽ തുടങ്ങിയ ഘട്ടങ്ങൾ ഉറപ്പാക്കിയാൽ മാത്രമേ സഹകരണാത്മക പഠനം ഫലപ്രദ മാവൂ. ഭാഷാപഠനം മറ്റു വിഷയങ്ങളുടെ പഠനത്തിൽനിന്നും വ്യത്യസ്തമായ രീതിയി ലാണ് നടക്കുന്നത്.

ഭാഷ സ്വായത്തമാക്കുന്നതിന് ഭൗമസിദ്ധമായ സംവിധാനം മനുഷ്യനിലുണ്ട് എന്ന ആശയം ചോംസ്കി അവതരിപ്പിച്ചു.

'വളരെ പരിമിതമായ ഭാഷാവസ്തുക്കളിൽ നിന്ന് സങ്കീർണമായ ഭാഷാവ്യവസ്ഥ സൃഷ്ടിക്കാൻ മനുഷ്യശിശുവിന് കഴിയുന്നതെങ്ങനെ' എന്ന ചോദ്യത്തിന് 'പ്രേരണയുടെ ദാരിദ്ര്യം' എന്ന പ്രതിഭാസത്തെ വിശദീകരിച്ചുകൊണ്ടാണ് വിശദീകരിച്ചത്. ചോംസ്കി യൻ മാതൃകയിലുള്ള ഭാഷാസിദ്ധാന്തത്തിന്റെ പ്രത്യേകത അത് ഭാഷാപ്രതിഭാസങ്ങളെ നിരീക്ഷിക്കുകയും വിവരിക്കുകയും മാത്രമല്ല വിശദീകരിക്കുകയും കൂടി ചെയ്യുന്നു എന്ന താണ്. ഭാഷയെക്കുറിച്ചുള്ള അറിവ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്, ഈ അറിവ് സ്വായത്തമാക്കുന്നതെങ്ങനെ, ഭാഷയെക്കുറിച്ചുള്ള അറിവിനെ പ്രയോജനപ്പെടുത്തുന്ന

തെങ്ങനെ തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിക്കാനും, തൃപ്തികരവും ശാസ്ത്രീയവുമായ ഉത്തരങ്ങൾ നൽകാനും ചോംസ്കിക്ക് കഴിഞ്ഞു.

ഭാഷയില്ലാതെ ചിന്തയില്ലെന്ന് വോർഫ്. കുട്ടി വളരുന്നത് ചിന്തയിലൂടെയാണെന്നും പിന്നീടാണ് ഭാഷ വരുന്നതെന്നും പിയാഷെ. ചിന്തയും ഭാഷയും നിരന്തരം മാറിക്കൊണ്ടിരിക്കുന്നതിനാൽ അവയുടെ വികസനം സമാന്തരമല്ല. അവ രണ്ട്, മൂന്ന് വയസ്സുകൾക്കിടയിൽ സമന്വയിക്കും. പിന്നീട് ഭാഷാവികസനം ശക്തമാകും എന്ന് വിഗോഡ്സ്കി. ചിന്തയ്ക്കും ഭാഷയ്ക്കും തുല്യപ്രാധാന്യമാണ് ചോംസ്കി നൽകുന്നത്.

ന്യൂറോണുകൾ തമ്മിലുള്ള ബന്ധങ്ങളുടെ രൂപീകരണമാണ് നാഡീമനഃശാസ്ത്രമനുസരിച്ച് പഠനം. ഈ പഠനത്തിനടിസ്ഥാനം സിനാപ്സുകളിലെ ജൈവ-രാസപരവും വിദ്യുത്-ശാരീരികശാസ്ത്രപരവുമായ മാറ്റങ്ങളാണ്. നിത്യജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യക്തിയുടെ കഴിവാണ് ബുദ്ധി എന്ന ഗാർഡ്നർ നിർവചിച്ചു. ബുദ്ധിക്ക് ഒമ്പത് മുഖങ്ങളുണ്ട്. എല്ലാവരിലും ബുദ്ധിയുടെ എല്ലാ ഘടകവുമുണ്ട്. അതിന്റെ അളവ് ഓരോരുത്തരിലും വ്യത്യസ്തമാണ്. ബുദ്ധിയുടെ വിവിധ ഘടകങ്ങളുടെ സംയോജനത്തിലൂടെ മാത്രമേ പ്രവർത്തനങ്ങൾ ഫലപ്രദമാവൂ.

സ്വന്തം വൈകാരികതയെക്കുറിച്ചുള്ള തിരിച്ചറിവ്, വികാരനിയന്ത്രണശേഷി, മറ്റുള്ളവരുടെ വികാരങ്ങളെ മനസ്സിലാക്കാനുള്ള ശേഷി, ആരോഗ്യകരമായ ബന്ധങ്ങൾ, മറ്റുള്ളവരുടെ വികാരങ്ങളെ മനസ്സിലാക്കാനുള്ള ശേഷി, ആരോഗ്യകരമായ ബന്ധങ്ങൾ സ്ഥാപിച്ചെടുക്കാനുള്ള കഴിവ് എന്നിവ വൈകാരിക ബുദ്ധിയുടെ സൂചകങ്ങളാണ്. ഇത് ജീവിതവിജയത്തിന് അനിവാര്യമാണ്. മനുഷ്യൻെറ ഗുണവിശേഷങ്ങളുടെ അതുല്യതയ്ക്ക്, വിശിഷ്യാ, സ്വാതന്ത്ര്യത്തിനും വ്യക്തിവികസനത്തിനുമുള്ള അവന്റെ നൈസർഗികമായ കഴിവുകൾക്ക് ഊന്നൽ നൽകുന്ന സൈദ്ധാന്തിക നിലപാടാണ് മാനവികതാവാദം.

മനുഷ്യന് പഠനത്തിനുള്ള നൈസർഗിക കഴിവുകളുണ്ട്. ബാഹ്യമായ ഭീഷണികൾ നാമമാത്രമാകുമ്പോൾ പഠനത്തെ എളുപ്പത്തിൽ സംവേദനം ചെയ്യാനും സ്വാംശീകരിക്കാനും കഴിയും. പഠനപ്രക്രിയയുടെ ഉത്തരവാദിത്വത്തിൽ പഠിതാവ് പങ്കാളിയാവുമ്പോഴാണ് പഠനം സുഗമമാവുന്നത്. ആധുനികലോകത്ത് ഏറ്റവും പ്രയോജനകരമായ പഠനം പഠനപ്രക്രിയയെക്കുറിച്ചുള്ള പഠനമാണ്.

സ്വതന്ത്രമായ അന്തരീക്ഷത്തിൽ മാത്രമേ കുട്ടികളുടെ സഹജമായ കഴിവുകൾ വികസിക്കുകയുള്ളൂ. പ്രവർത്തനത്തിലൂടെയുള്ള പഠനം, അന്വേഷണാത്മകരീതി, തത്വ

ങ്ങൾക്കുള്ള ഉദാഹരണങ്ങൾ, സാമൂഹികജ്ഞാനം സാമൂഹികപങ്കാളിത്തത്തോടെ, വ്യക്തി ഗതബോധനം എന്നിവയാണ് പഠനരീതികളായി റൂസ്സോ നിർദ്ദേശിച്ചത്.

വിദ്യാഭ്യാസത്തെ ജനാധിപത്യവത്കരിക്കുന്നതിലൂടെ ഒരു ജനാധിപത്യ സമൂഹം സൃഷ്ടിക്കുന്നതിന് ജോൺ ഡ്യൂയി ലക്ഷ്യംവെച്ചു. വിദ്യാഭ്യാസം ഭാവിജീവിതത്തിനു വേണ്ടി തയ്യാറെടുക്കുന്ന പ്രക്രിയയല്ല, മറിച്ച്, ഒരു ജീവിത പ്രക്രിയ തന്നെയാണ്. വളർച്ച ജീവിതത്തിന്റെ ഭാഗമാകയാൽ വിദ്യാഭ്യാസം വളർച്ചതന്നെയാണ്.

അറിവും തൊഴിലും തമ്മിലുള്ള ഉദ്ഗ്രഥനത്തിന് ഗാന്ധിജി പ്രാധാന്യം കല്പിച്ചു. സമൂഹസേവനത്തിലും സഹകരണാത്മകതയിലും അഹിംസയിലും മാതൃഭാഷയിലും മതനിരപേക്ഷതയിലും അധിഷ്ഠിതമായ വിദ്യാഭ്യാസമാണ് ഗാന്ധിജി വിഭാവനം ചെയ്തത്. പാഠപുസ്തകകേന്ദ്രിതമായ പഠനത്തെ ഗാന്ധിജി എതിർത്തു.

വിദ്യാഭ്യാസത്തിന് വ്യക്തിപരവും സാമൂഹികവുമായ ലക്ഷ്യങ്ങളുണ്ട്. ഇവ രണ്ടും പ്രധാനമാണ്. കുട്ടികൾ യഥാർത്ഥ സ്രോതസ്സിൽ നിന്നും ജീവിതത്തിൽ നിന്നും സമൂഹത്തിൽ നിന്നും പഠിക്കണം. പുസ്തകത്തെ അമിതമായി ആശ്രയിക്കുന്നത് കുട്ടികളുടെ മുൻകൈയും സന്നദ്ധതയും മനസ്സിന്റെ തനിമയും നഷ്ടപ്പെടുത്തും. സ്വന്തമായ ശ്രമത്തിലൂടെ ആശയങ്ങൾ സ്വാംശീകരിക്കുന്നതിനുള്ള ശക്തി നേടാൻ കുട്ടിയെ സഹായിക്കുകയാണ് വേണ്ടത്. വിവരങ്ങൾ കോരിക്കൊടുക്കലിനെയും ഉരുവിട്ടു പഠിക്കലിനെയും ടാഗോർ നിരാകരിച്ചു.

പഠനവും കുട്ടിയുടെ പ്രകൃതവും തമ്മിൽ ബന്ധപ്പെടുത്തി ചിന്തിച്ച ദാർശനികരിൽ പ്രമുഖനാണ് സ്വാമി വിവേകാനന്ദൻ. ശിഷ്യരുടെ ആവശ്യമനുസരിച്ച് ശിക്ഷണരീതി മാറ്റിക്കൊണ്ടിരിക്കുക. കുട്ടികളുടെ പ്രവണതകളെ മാനിച്ചുകൊണ്ട് അവനെ വളർത്തിക്കൊണ്ട് വരിക. സ്വാതന്ത്ര്യമാണ് വളർച്ചയുടെ പ്രഥമോപാധി.

വിമർശനാത്മക ബോധത്തിന്റെ വക്താവാണ് പൗലോഫ്രെയർ. സംവാദാത്മകവും സംവാദവിരുദ്ധവുമായ ആശയവിനിമയരീതികളുണ്ട്. വിമർശനാവബോധം സൃഷ്ടിക്കുന്നത് സംവാദാത്മക ആശയവിനിമയമാണ്. വ്യക്തികൾ തമ്മിലുള്ള സമനിലബന്ധമാണ് സംവാദത്തിലുള്ളത്. പ്രശ്നോന്നീത വിദ്യാഭ്യാസമാണ് ഫ്രെയർ നിർദ്ദേശിക്കുന്നത്.

ഐക്യരാഷ്ട്രസഭാ ജനറൽ അസംബ്ലി 1989 നവം. 20ന് കുട്ടികളുടെ അവകാശ ഉടമ്പടി അംഗീകരിച്ചു. ഒരു വ്യക്തി എന്ന നിലയിൽ കുട്ടിക്ക് ലഭിക്കേണ്ട പരിഗണനകളും അവകാശങ്ങളും ഇതിൽ വ്യക്തമാക്കുന്നുണ്ട്. ശിക്ഷകൾക്കും വിവേചനത്തിനും എതി

രെയുള്ള അവകാശം, വിവരങ്ങൾ അറിയുന്നതിനും അഭിപ്രായം പ്രകടിപ്പിക്കുന്നതിനുമുള്ള അവകാശം, കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള അവകാശം ശാരീരികവും മാനസിക വുമായ പീഡനത്തിൽ നിന്നുള്ള മോചനത്തിനുള്ള അവകാശം സന്തോഷവും സ്നേഹവും പരസ്പരധാരണയും നിറഞ്ഞ കുടുംബജീവിതത്തിനുള്ള അവകാശം, സർഗാത്മകവും മാനസികവുമായ ശാരീരികവുമായ കഴിവുകളുടെ പൂർണതോതിലുള്ള വികാസം ഉറപ്പു വരുത്തുന്ന വിദ്യാഭ്യാസത്തിനുള്ള അവകാശം.

ആധുനിക ഭാഷാശാസ്ത്ര-മനഃശാസ്ത്ര ദാർശനിക ചിന്തകളുടെ വളർച്ചയുടെ ഘട്ട ങ്ങൾ ക്രോഡീകരിക്കുന്നതിനാണ് ഈ അധ്യായത്തിൽ ശ്രമിച്ചിട്ടുള്ളത്. അവയുടെ സംഘ ടിതരൂപമായ ഭാഷാസമഗ്രതാദർശനം അടുത്ത അധ്യായത്തിൽ പരിചയപ്പെടുത്തുന്നു.

അധ്യായം നാല്

# ഭാഷാസമഗ്രത: ദർശനവും പ്രയോഗവും

# 4. ഭാഷാസമഗ്രത: ദർശനവും പ്രയോഗവും

## 4.0. ആമുഖം

പുതിയ പാഠ്യപദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമെന്ന് രണ്ടാം അധ്യായത്തിൽ ചർച്ച ചെയ്തുവല്ലോ. മൂന്നാമധ്യായത്തിൽ പരിചയപ്പെട്ട ആധുനിക മനഃശാസ്ത്ര-ഭാഷാശാസ്ത്ര സിദ്ധാന്തങ്ങളിൽ നിന്നും ദർശനങ്ങളിൽ നിന്നും രൂപം കൊണ്ട ഭാഷാസമഗ്രതാ ദർശനം ഈ അധ്യായത്തിൽ പരിചയപ്പെടുത്തുന്നു. ഭാഷാസമഗ്രതാദർശനത്തിന്റെ പ്രയോഗത്തിൽ ഭാഷാവ്യവഹാരരൂപത്തിന്റെ പ്രസക്തി, ലോവർ പ്രൈമറി ക്ലാസ്സുകളിലെ പ്രധാന ഭാഷാവ്യവഹാരരൂപങ്ങൾ എന്നിവയും പരിചയപ്പെടുത്തുന്നുണ്ട്. നാലു ക്ലാസ്സുകളിലും ഏറെ പ്രാധാന്യത്തോടെ അനുഭവങ്ങൾ നൽകുന്ന കഥ എന്ന വ്യവഹാരരൂപത്തെ ഈ അധ്യായത്തിൽ വിശദമായ വിശകലനത്തിന് വിധേയമാക്കുന്നുണ്ട്. കഥയുമായി ബന്ധപ്പെട്ട പാഠ്യപദ്ധതി പ്രസ്താവനകൾ, പ്രവർത്തനങ്ങൾ, ഉള്ളടക്കം എന്നിവയും അവയുടെ വളർച്ചയും മികവുകളും പരിമിതികളും ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നു. ഇതിനായി പാഠ്യപദ്ധതിരേഖ, പാഠപുസ്തകങ്ങൾ, അധ്യാപകസഹായികൾ, കുട്ടികളുടെ രചനകൾ അധ്യാപകരുടെ ആസൂത്രണരേഖ, പഠന റിപ്പോർട്ടുകൾ എന്നിവ പഠനവിധേയമാക്കിയിട്ടുണ്ട്.

## 4.1. ഭാഷാസമഗ്രതാദർശനം

ബ്രൂണർ, വിഗോഡ്സ്കി എന്നിവർ സങ്കൽപനം ചെയ്ത സാമൂഹ്യജ്ഞാന നിർമിതി വാദം, നോം ചോംസ്കി ആവിഷ്കരിച്ചിട്ടുള്ള സർവഭാഷാവ്യാകരണത്തെക്കുറിച്ചുള്ള സിദ്ധാന്തം, ഗസ്റ്റാൾട്ട് മനഃശാസ്ത്രം, നരവംശശാസ്ത്രം, കുട്ടിയെ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസപ്രക്രിയയുടെ രീതിശാസ്ത്രങ്ങൾ എന്നിവയുടെയും നിരവധി ഗവേഷണപ്രവർത്തനങ്ങളിൽ നിന്ന് രൂപപ്പെട്ട നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ ദർശനമാണ് ഭാഷാസമഗ്രതാദർശനം.[1]

1. Constance veaver, *undertrading whole language philosophy*, (USA: Heimemann, A division of read publishing INC, 1990) 3-4

## 4.1.1 ഭാഷാസമഗ്രതാദർശനം: ചരിത്രപരിസരം

ഭാഷാസമഗ്രതാദർശനം രൂപപ്പെടുന്നത് ഗവേഷണതൽപരരായ ആയിരക്കണക്കിന് അധ്യാപകരുടെ കൂട്ടായ്മയിൽ നിന്നാണ്. ആദ്യത്തെ ഇത്തരം സംഘം ടി.എ.ഡബ്ല്യൂ.എൽ[2] 1978ൽ രൂപം കൊണ്ടു. തുടർന്ന് വടക്കേ അമേരിക്കയിൽ പതിനൊന്നു സംഘങ്ങൾ കൂടി രൂപീകരിക്കപ്പെട്ടു. 1990ഓടെ ലോകത്തെമ്പാടുമുള്ള ടി.എ.ഡബ്ല്യൂ.എൽ അംഗങ്ങൾ ഒരു കുടക്കീഴിൽ സംഘടിച്ചു.[3] ഭാഷാസമഗ്രതയിലൂന്നി പ്രവർത്തിക്കുന്ന അധ്യാപകരുടെ കണ്ടെത്തലുകൾ നിരവധി പ്രസിദ്ധീകരണങ്ങളിലൂടെ 1980കളിൽ പുറത്തുവന്നു.[4]

കുട്ടികൾ എങ്ങനെ പഠിക്കുന്നു, എങ്ങനെ അവർ ഭാഷ പഠിക്കുന്നു, സ്കൂളിനു പുറത്ത് അവർ പഠിച്ചതെങ്ങനെ എന്നതിനെ കുറിച്ചുള്ള സ്വന്തം ധാരണ വിജയകരമായി പ്രയോഗത്തിൽ കൊണ്ടുവന്ന ഒരു പറ്റം അധ്യാപകരുടെ ശ്രമത്തിൽ നിന്നും രൂപപ്പെട്ടുവന്ന പ്രായോഗിക സിദ്ധാന്തമാണ് ഭാഷാസമഗ്രത. ഇത് നിരന്തരം അനുഭവത്തിന്റെ പിൻബലത്തിൽ നവീകരിക്കപ്പെടുകയും ചെയ്യുന്നു. ജെറോം ഹാർസ്റ്റെന്റെ (1989) നിരീക്ഷണമാണിത്. ഭാഷാസമഗ്രത എന്നത് ഒരു സിദ്ധാന്തമോ സമീപനങ്ങളോ അല്ല; ഒരു ദർശനമാണ്.

1990ഓടെ കോൺസ്റ്റൻസ് വീവർ ഇതിലെ മുഖ്യ ആശയങ്ങൾ തന്റെ 'ദ ഹോൾ ലാംഗ്വേജ് അപ്രോച്ച്: ഫ്രം പ്രിൻസിപ്പിൾസ് റ്റു തിയറി' എന്ന ഗ്രന്ഥത്തിൽ ക്രോഡീകരിച്ചു.[5]

## 4.1.2 ഭാഷാസമഗ്രതാദർശനത്തിന്റെ ചില പ്രധാന സവിശേഷതകൾ

**4.1.2.1:** കുട്ടികൾക്ക്, സംസാരിക്കാൻ പഠിച്ചപോലെ വായിക്കാനും എഴുതാനും പഠിക്കാൻ സാധിക്കണം. അതായത് സാവധാനം, സ്വാഭാവികമായി, നേരിട്ടുള്ള നിർദേശങ്ങളില്ലാതെ നിരന്തരമായ തിരുത്തലുകൾ ഒഴിവാക്കി, പ്രോത്സാഹനത്തിലൂടെയായിരിക്കണം അതു സാധിക്കേണ്ടത്.

---

2. TAWL: ഭാഷാസമഗ്രതാദർശനം ഉൾക്കൊണ്ട് ഭാഷാക്ലാസുകൾ നയിക്കുന്ന അധ്യാപകരുടെ കൂട്ടായ്മ.
3. An inernational whole language umbrella has recently (1990) been formed as a confederation of whole language support groups.
4. Breaking ground - Hansen, Newyork and Graves 1985), whoe language theory in use (New man 1985) The art of teaching writing (Calkins 1986) When writters Read (Hansen 1987) stories to grow on demonstration & languag learning in k.8 classrooms (Jensen 1988) Risk makers, Risk takers, risk breakers (Allen and Manson 1989) whole language evaluation book. (Goodman, Goodman and Hook 1989) and enormose others.
5. Veaver 6-16

**4.1.2.2** പഠിപ്പിക്കലിനേക്കാൾ പഠനത്തിന് പ്രാധാന്യം നൽകുക. അധ്യാപകൻ വിശദമായി നിരീക്ഷിക്കുകയും അവരുടെ വളർച്ചയ്ക്കനുഗുണമായി സഹായിക്കുകയും ചെയ്യുക. ഈ വളർച്ചയ്ക്കൊത്ത് അധ്യാപകൻ സഹായിച്ചാൽ കുട്ടികൾ എഴുതാനും വായിക്കാനും പഠിക്കും.

**4.1.2.3.:** കുട്ടികൾ ദിവസവും ആവശ്യബോധത്തിന്റെ അടിസ്ഥാനത്തിൽ അകൃത്രിമ സാഹചര്യത്തിൽ വായിക്കുകയും എഴുതുകയും വേണം.

**4.1.2.4:** ഭാഷണം, വായന, എഴുത്ത് എന്നിവയെ വേറിട്ടുകാണാതെ മറ്റു വിഷയങ്ങളുടെ ഭാഗമായ എഴുത്തും വായനയും ഭാഷാപഠനമായി ദർശിക്കുന്ന സമഗ്രസമീപനം വേണം.

**4.1.2.5:** 'വായിക്കാൻ പഠിക്കുക', 'പഠിക്കാൻ വായിക്കുക' എന്ന വിഭജനം ഇല്ല. അതുകൊണ്ടുതന്നെ ഭാഷയെ സമഗ്രമായാണ് കാണേണ്ടത് അല്ലാതെ ഭാഗങ്ങളായല്ല.[6]

**4.1.3:** ഭാഷാസമഗ്രതാദർശനത്തിന്റെ പ്രധാന വക്താക്കളിലൊരാളായ കെന്നത്ത് ഗുഡ്മാൻ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്: "ഗവേഷണങ്ങളുടെയും വിദ്യാഭ്യാസ ദർശനങ്ങളുടെ ഏകോപനത്തിലൂടെയും പഠനത്തെക്കുറിച്ചും ഭാഷാപഠനത്തെക്കുറിച്ചും രൂപപ്പെടുത്തിയ ശക്തമായ സിദ്ധാന്തമാണിത്." ഭാഷാസമഗ്രത സംബന്ധിച്ച പ്രധാന ആശയങ്ങൾ 'പഠനസിദ്ധാന്തങ്ങൾ-1986' എന്ന ഗ്രന്ഥത്തിൽ വിശദമാക്കുന്നുണ്ട്.[7]

---

6. "In whole Language, Language is kept whole, not fragmented in to skills; litterary skills and stragegies are developed in the context of whole." (Veaver 4 )
7. Kenneth Good man, *Learning theory, 1986*
    1. Language learning & carry it is whole, real, and relevent; when it make sense and in functional. When it is encountered in context of its use. When the learner chooses to use it....
    2. Languages is both personal and social. It is driven from inside by the mind to communicate and shaped from the out side forwards the worms of the society...
    3. Language is learned as pupils learn through language and about language, all simultaneously in the context, authoritic speach and literacy events...
    4. Language development is empowerin; the learner Sowns' the processer makes the decisions about when to use it, what for and will what results.
    5. Language learning in learning how to mean, how to make sense of the world in the context of how own parents, families and culture make sense of it....
    6. In a word, language development is a holistic personal - social achievement. (Veaver 5)

### 4.1.4 ഭാഷാസമഗ്രതാദർശനത്തിന്റെ സൈദ്ധാന്തിക സാന്നിധ്യം

സാമൂഹ്യജ്ഞാനനിർമിതി വാദം, ഗസ്റ്റാൾട്ട് മനഃശാസ്ത്രം, സർവഭാഷാവ്യാകരണം, നരവംശശാസ്ത്രം, മാനവികതാവാദം ഇവയെല്ലാം ഭാഷാസമഗ്രതാദർശനത്തെ സ്വാധീ നിച്ചിട്ടുണ്ട്. ഭാഷാസമഗ്രതാ ക്ലാസിൽ എങ്ങനെയാണ് ഇവ പ്രതിഫലിക്കുന്നത് എന്ന താണ് അടുത്ത ചർച്ച.

**4.1.4.1 :** ഭാഷാസമഗ്രതാദർശനത്തിന്റെ ഭാഗമായി സമൂലമായ മാറ്റമാണ് മാതൃഭാഷാ പഠനത്തിൽ വന്നത്. അധ്യാപകനെയും പാഠപുസ്തകത്തെയും കേന്ദ്രീകരിച്ചുള്ള പരമ്പ രാഗതരീതിയിൽ നിന്നും കുട്ടികൾ വിജ്ഞാനം ഉൽപാദിപ്പിക്കുകയാണ് എന്ന വീക്ഷണ ത്തിലധിഷ്ഠിതമായ പുതിയ സമീപനത്തിലേക്കുള്ള മാറ്റം അടിസ്ഥാനപരമാണെന്ന് അവ കാശപ്പെടുന്നുണ്ട്.[8] ഇവിടെ സഹവർത്തിത പഠനരീതിയാണ് പ്രോത്സാഹിപ്പിക്കപ്പെടുന്ന ത്. ഈ ആശയങ്ങൾ സാമൂഹ്യജ്ഞാനനിർമിതിവാദത്തിൽ അധിഷ്ഠിതമാണ്.

**4.1.4.2 :** സമൂഹത്തിന്റെ കീഴ്‌വഴക്കങ്ങൾ പഠിക്കുന്നതുവഴി നേടിയെടുക്കുന്ന ശീലമോ ചേഷ്ടയോ അല്ല ഭാഷ. മറിച്ച്, ജീവശാസ്ത്രപരമായി നിയന്ത്രിക്കപ്പെടുന്ന വ്യവഹാരമാ ണത്. ജന്മസിദ്ധമായ ഭാഷാവ്യവസ്ഥയെ പുഷ്ടമാക്കുന്നത് ചുറ്റുപാടാണ്. പദാവലി, വ്യാക രണനിയമങ്ങൾ എന്നിങ്ങനെയുള്ള ഭാഷാവസ്തുതകളുടെ ആകത്തുകയല്ല ഭാഷ. മറിച്ച്, ഒരു വ്യവസ്ഥയാണ്. ഭാഷാനൈപുണികൾ പ്രകടിപ്പിക്കുന്നതിനാവശ്യമായ ആന്തരിക ഭാഷാശേഷിയെയാണ് നാം ഭാഷ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്; പ്രകടനശേഷിയല്ല. ഭാഷ പഠിക്കുന്നതും സ്വായത്തമാക്കുന്നതും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസമു ണ്ടെന്ന് സ്റ്റീഫൻ ക്രാഷർ നിരീക്ഷിച്ചിട്ടുണ്ട്. ഭാഷ സ്വായത്തമാക്കുക എന്നത് ബോധ പൂർവമല്ലാതെ നടക്കുന്ന പ്രക്രിയയാണ്. ബോധപൂർവമായ പ്രക്രിയ വഴി ആർജിക്കാ വുന്ന ഭാഷാവസ്തുതകൾ മറവിക്ക് വിധേയമാണ്. എന്നാൽ, അബോധപ്രക്രിയ വഴി സ്വായ ത്തമാക്കുന്ന ഭാഷാവ്യവസ്ഥ മറവിക്ക് വിധേയമല്ല. ഉൾക്കാഴ്ചയിലൂടെയുള്ള സിദ്ധാന്ത രൂപീകരണമാണ് ഭാഷാപഠനത്തിലേക്ക് നയിക്കുന്നത്; അല്ലാതെ ആവർത്തനപഠനമല്ല.[9]

**4.1.4.3:** ഒന്നിനുമേൽ മറ്റൊന്നായി ഭാഷാവസ്തുതകൾ പഠിക്കുന്ന രേഖീയമായ വികാ സമായി ഭാഷാപഠനത്തെ കാണുന്നത് ഉചിതമല്ല. കാരണം, ഭാഷാപഠനം നടക്കുന്നത് ചാക്രികവികാസത്തിലൂടെയാണ്. ഭാഷാവസ്തുതകളായ ഭാഗങ്ങളെ പഠനത്തിന്റെ ഓരോ

---

8. കെ.എം. രമേശൻ മറ്റും 1, *വിദ്യാഭ്യാസപരിവർത്തനത്തിന് ഒരാമുഖം* (കൊച്ചി: കെ.എസ്.എസ്. പി., 2002) 223

9. രമേശൻ 1 223

ഘട്ടത്തിലും ഭാഷാവ്യവസ്ഥയെന്ന സമഗ്രതയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് സ്വായത്തമാക്കൽ പ്രക്രിയ മുന്നേറുന്നത്. ഭാഗത്തിൽനിന്ന് സമഗ്രതയും സമഗ്രതയിൽ നിന്ന് ഭാഗങ്ങളും രൂപപ്പെടുത്താനുള്ള കഴിവ് കുട്ടിക്ക് ആന്തരികമായിത്തന്നെ ഉണ്ട്. സർവഭാഷാ വ്യാകരണതത്ത്വമാണ് ഇവിടെ പ്രയോഗിക്കപ്പെടുന്നത്.[10]

**4.1.4.4:** പഠന-ബോധനരീതിയിലെ മാറ്റം: ഭാഷാസമഗ്രതാദർശനം പഠനബോധന രീതിയിലും മാറ്റങ്ങൾ നിർദേശിക്കുന്നുണ്ട്. ബോധനത്തിനുള്ള പ്രാധാന്യം കുറയ്ക്കുകയും പഠനത്തിനു വഴിയൊരുക്കുകയും ചെയ്യുക എന്ന കർത്തവ്യമാണ് അധ്യാപകൻ ഏറ്റെടുക്കേണ്ടത്. കുട്ടി ബുദ്ധിയുപയോഗിച്ചു നടത്തുന്ന സങ്കീർണമായ പ്രക്രിയയുടെ ഫലമാണ് പഠനമെന്ന സിദ്ധാന്തമാണ് ഇവിടെ അടിസ്ഥാനം. അതിനാൽ, പഠിതാക്കൾ വാചികമായും ലിഖിതരൂപത്തിലും ശരിയായി പ്രകടിപ്പിക്കുന്ന പ്രതികരണങ്ങളെ മാത്രം പ്രോത്സാഹിപ്പിക്കുകയും തെറ്റായവയെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന സമ്പ്രദായത്തെ നിരാകരിക്കേണ്ടിവരുന്നു. പഠനപ്രക്രിയയിൽ വരുന്ന തെറ്റുകളെ തിരിച്ചറിയാനും മെച്ചപ്പെടുത്താനും സഹായിക്കുകയാണ് വേണ്ടത്. തെറ്റുകൾ വരാനിടയുണ്ടെന്ന ഭയത്താൽ നിഷ്ക്രിയരാവുന്ന പഠിതാക്കളെയല്ല, തെറ്റുകൾ വരാമെങ്കിലും സാഹസങ്ങളിലേർപ്പെടുന്ന പഠിതാക്കളെയാണ് ഭാഷാസമഗ്രതാദർശനക്ലാസ്സിൽ പ്രതീക്ഷിക്കുന്നത്. പഠിപ്പിക്കുന്ന കാര്യങ്ങൾ അപ്പപ്പോൾ തന്നെ എല്ലാ പഠിതാക്കളും പഠിക്കണമെന്ന വിചിത്രമായ നിർബന്ധത്തെ നിരാകരിക്കുകയും വ്യത്യസ്ത പഠിതാക്കളുടെ പഠനവേഗതയ്ക്കനുസരിച്ച് പഠിക്കാൻ അനുവദിക്കുന്നതിനാൽ ഭാഷാസമഗ്രതാദർശനത്തിൽ പരാജയപ്പെടലിന് പ്രസക്തിയില്ലാതെ വരുന്നു. മാനവികതാ ദർശനത്തിന്റെ അനുകരണങ്ങളാണ് ഇവിടെ ദർശിക്കാനാവുന്നത്.

4.1.4.5 പാഠപുസ്തകത്തിലെ ഉള്ളടക്കം കുട്ടിയിൽ എത്തിക്കുന്നതിനുള്ള ശ്രമമല്ല ഭാഷാ സമഗ്രതാദർശനം മുന്നോട്ടുവയ്ക്കുന്നത്. കൃത്യമായി നിർവചിച്ചിട്ടുള്ള പാഠ്യപദ്ധതി ലക്ഷ്യമാക്കുന്ന ശേഷികൾ ആർജിക്കുന്നതിനുള്ള വിവിധ അനുഭവങ്ങൾ പ്രദാനം ചെയ്യലാണ് ഉദ്ദേശിക്കുന്നത്. ഇങ്ങനെ ആധുനിക ഭാഷാശാസ്ത്ര-മനഃശാസ്ത്ര സിദ്ധാന്തങ്ങളുടെ പ്രായോഗികരൂപമായി ഭാഷാസമഗ്രതാദർശനം മാറുന്നു.[11]

10. രമേശൻ 1 224

11. രമേശൻ 1 224-225

## 4.2. ഭാഷാസമഗ്രതാദർശനവും പുതിയ പാഠ്യപദ്ധതിയും

പുതിയ പാഠ്യപദ്ധതിയുടെ കാഴ്ചപ്പാടിൽ ഭാഷാസമഗ്രതാദർശനം എത്രമാത്രം പ്രതിഫലിക്കുന്നു എന്ന് അന്വേഷിക്കുകയാണ് ഇവിടെ. പഠനരീതി, അക്ഷരപഠനം, അധ്യാപകൻ, പഠനസാമഗ്രികൾ, പഠനാന്തരീക്ഷം, വിലയിരുത്തൽ തുടങ്ങിയ മേഖലയിലാണ് ഈ അന്വേഷണം.

### 4.2.1. പഠനരീതി

**4.2.1.1.:** കുട്ടിയുടെ താൽപര്യവും ആവശ്യവും പ്രയോജനപ്പെടുത്തി ഭാഷാനൈപുണികൾ പരമാവധി കാര്യക്ഷമതയോടെ നേടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുകയാണ് ഭാഷാസമഗ്രതാദർശനത്തിലൂന്നിയ പഠനരീതിയിൽ ചെയ്യുന്നത്. ഇതിന്റെ ഫലമായി സ്വതന്ത്രമായ ഭാഷാവ്യവഹാരത്തിൽ ഫലപ്രദമായി ഏർപ്പെടുന്നതിനുള്ള കഴിവാണ് കുട്ടിയിൽ വളരുന്നത്. കേവലമായ എഴുത്തു പഠിക്കുക എന്നതാണ് ഭാഷാപഠനത്തിന്റെ താക്കോൽ എന്ന സമീപനത്തെ ഈ രീതി പൂർണമായും നിരാകരിക്കുന്നു. എല്ലാ ഭാഷാശേഷികളുടെയും സമഗ്രവികാസമാണ് ഇവിടെ ലക്ഷ്യമിടുന്നത്.[12]

**4.2.1.2. :** പിന്നാക്കക്കാരായ കുട്ടികൾക്ക് ഒരു കാര്യത്തിൽ മാത്രം നിരന്തരം ഊന്നുന്ന, ആവർത്തിച്ചുള്ള തീവ്രപരിശീലനം ആശാസ്യമല്ല. സഹപാഠികളുമൊന്നിച്ച് താൽപര്യപൂർവം വൈവിധ്യമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് അവസരമൊരുക്കുകയാണ് വേണ്ടത്. പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികൾക്ക് കൂടുതൽ പരിഗണന ലഭിക്കേണ്ടതുണ്ട്. ഇത്തരക്കാർക്കു ലഭിക്കുന്ന പഠനാനുഭവങ്ങൾ പരാശ്രയ പരാജയബോധത്തിൽ നിന്ന് സ്വാശ്രയബോധത്തിലേക്ക് സ്വയം മാറുന്നതിനുള്ള സാവകാശം ലഭിക്കുന്നതിനുതകും വിധത്തിലാവണം. വ്യക്തിഗത മുൻകൈ ആവശ്യപ്പെടുന്നതും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ സ്വയം പ്രേരിപ്പിക്കുന്നതും അധ്യാപകന്റെ ഉചിതമായ സഹായം നിസ്സങ്കോചം തേടി ആത്മവിശ്വാസത്തോടെ മുന്നേറാൻ കഴിയുന്നതുമായ പഠനാവസരങ്ങളാണ് വേണ്ടത്.[13]

**4.2.1.3:** ഭാഷ എന്നത് ഭാഷാവസ്തുതകളുടെ ആകത്തുകയല്ല, ഒരു വ്യവസ്ഥയാണ്. പഠിപ്പിക്കാൻ കഴിയുന്ന ഒന്നല്ല ഭാഷാവ്യവസ്ഥ. സ്വായത്തമാക്കേണ്ടതാണ്.[14]

---

12. കെ.എൻ. ആനന്ദൻ 1, *ഭാഷയും ഭാഷാപഠനവും* (തിരുവനന്തപുരം: ഡി.പി.ഇ.പി., 2000) 20
13. ആനന്ദൻ 1 22
14. ആനന്ദൻ 1 27

ഭാഷാസമഗ്രദർശനത്തിൽ കുട്ടികളിൽ അക്ഷരജ്ഞാനമുണ്ടാക്കുന്നതിനായി ഭാഷാ സമഗ്രതാദർശനപ്രകാരം ലോകത്തിലെ വിവിധ രാജ്യങ്ങളിലെ ഭാഷാപഠനക്ലാസ്സുകളിൽ സ്വീകരിച്ചിട്ടുള്ള തന്ത്രങ്ങൾ ചുവടെ ചേർക്കുന്നു.

രസകരവും താൽപര്യജനകവുമായ ശിശുഗീതങ്ങൾ, വായ്ത്താരികൾ, നാവു വഴ ങ്ങാനുള്ള പാട്ടുകൾ എന്നിവ ആവർത്തിച്ചു വായിച്ചു കേൾപ്പിക്കൽ. വലിയ പുസ്തക ങ്ങൾ, ചാർട്ടുകൾ എന്നീ വായനാവസ്തുക്കൾ എല്ലാവരും കാണത്തക്കവിധം പ്രദർശി പ്പിച്ച് ഉച്ചത്തിൽ വായിച്ചുകേൾപ്പിക്കൽ. ശബ്ദരൂപവും ലിഖിതരൂപവും ഫലപ്രദമായി ബന്ധ പ്പെടുത്തൽ.[15]

### 4.2.1.4 ഭാഷാപഠനം സ്വാഭാവിക രീതിയിൽ

അമ്മ കുട്ടികളോട് അവരുടെ ഇഷ്ടങ്ങളനുസരിച്ചും ആവശ്യങ്ങളെക്കുറിച്ചും അന്വേ ഷിക്കുമ്പോൾ കുട്ടി അബോധപൂർവമായാണ് ഭാഷ സ്വായത്തമാക്കുന്നത്. ഈ സന്ദർഭ ത്തിൽ കുട്ടി വളരെ കൃത്യമായി പദങ്ങൾ ഉപയോഗിക്കണമെന്നോ ഉച്ചരിക്കണമെന്നോ നാം ആഗ്രഹിക്കുന്നില്ല. ഓരോ ഘട്ടത്തിലും നമ്മൾ കുട്ടിയെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്.[16]

## 4.2.2. അധ്യാപകർ

**4.2.2.1:** ലക്ഷ്യം സാക്ഷാത്കരിക്കാൻ അധ്യാപകരും കുട്ടികളും പഠിതാക്കളാവണം. പുതിയ വെല്ലുവിളികളെ നേരിടാനും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനും തയ്യാറാവണം.

**4.1.2.2:** ഉയർന്ന തലത്തിലുള്ള സാക്ഷരതയാണ് ഭാഷാസമഗ്രതാദർശനം മുന്നോട്ടു വയ്ക്കുന്നത്. അല്ലാതെ കേവലം വായിക്കാനും എഴുതാനുമുള്ള നൈപുണികളല്ല.

---

15. വരികൾ, പദങ്ങൾ, ചൂണ്ടിവായിക്കൽ, അർത്ഥദ്യോതകങ്ങളായ ശബ്ദാനുകരണപദങ്ങൾ-കടകട, കടകട കാളവണ്ടി, പറഞ്ഞു രസിക്കാൻ കഴിയുന്ന കഥാചിത്രങ്ങൾ, ചാർട്ടുകൾ, പുസ്തകങ്ങൾ എന്നിവ പ്രയോജനപ്പെടുത്തൽ. പദങ്ങളുടെ തുടക്കവും ഒടുക്കവുമുള്ള അക്ഷരങ്ങളിലേക്ക് ശ്രദ്ധ തിരിക്കൽ. ടീച്ചർ നിർദേശിക്കുന്നതിനു പകരം കുട്ടികൾ അവർക്കിഷ്ടമുള്ള പദങ്ങൾ വായനാസാ മഗ്രിയിൽ നിന്നും കണ്ടെത്തൽ. ശബ്ദസമാനതയുള്ള പദങ്ങൾ കണ്ടെത്തൽ, ലിസ്റ്റ് ചെയ്യൽ, പരി ചയപ്പെട്ട പദങ്ങൾ എഴുതിയ കാർഡുകൾ സ്വന്തം മാനദണ്ഡമുപയോഗിച്ച് തരം തിരിക്കൽ. പദ ങ്ങൾ നിർമിക്കൽ, ക്രമീകരിക്കൽ, സചിത്രപുസ്തകങ്ങൾ തയ്യാറാക്കൽ. മറ്റു വായനാസാമഗ്രി കൾ പ്രയോജനപ്പെടുത്തൽ, വായനാസന്ദർഭത്തിൽ നിന്നും വാക്കുകൾ സ്വയം ഊഹിച്ചു വായി ക്കൽ, സ്വയം പരിശോധിക്കൽ, ലിഖിതരൂപത്തിന്റെ ഉച്ചാരണത്തിൽ ശ്രദ്ധ നൽകുംവിധം ലഘുസന്ദേശങ്ങൾ പറഞ്ഞെഴുതൽ. പ്രാദേശികമായി ലഭ്യമായ അച്ചടിസാമഗ്രികൾ (നോട്ടീസ്, പോസ്റ്റർ) പ്രയോജനപ്പെടുന്നു. ദൃശ്യശ്രാവ്യോപകരണങ്ങളുടെ സഹായത്തോടെ കഥ, കവിത പരിചയപ്പെടൽ.

16. ആനന്ദൻ 25

**4.2.2.3.:** ഭാഷാസമഗ്രതാദർശനത്തിൽ കുട്ടികൾ ചിന്തകരും വാഗ്മികളും കേൾവിക്കാരും വായനക്കാരും എഴുത്തുകാരുമാകുമെന്ന് അധ്യാപകർ പ്രതീക്ഷിക്കുന്നു. അവരുടെ ലോകത്തിന്റെ നിയന്ത്രണവും ലോകത്തെ കുറിച്ചുള്ള ധാരണയും ഉള്ളവരാണ് കുട്ടികൾ. എല്ലാ കുട്ടികളും ഒരേ കാര്യം മുൻകൂട്ടി നിശ്ചയിച്ച പ്രകാരം പഠിക്കണമെന്ന് അധ്യാപകൻ ശഠിക്കരുത്.

**4.2.2.4:** ഭാഷാസമഗ്രതാദർശനത്തിന്റെ കാതൽ ഇങ്ങനെ ഒരുകൂട്ടം വിശ്വാസങ്ങളാണ്. പഠനത്തെയും ബോധനത്തെയും കുറിച്ചുള്ള കാഴ്ചപ്പാട്. ഇത് ഉൾക്കൊണ്ടുകൊണ്ടു മാത്രമേ അധ്യാപകന് ഫലപ്രദമായി ഭാഷ ആർജിക്കുന്നതിന് കുട്ടിയെ സജ്ജമാക്കാനാവൂ.[17]

## 4.2.3 പഠനസാമഗ്രികൾ

മുൻകൂട്ടി തയ്യാറാക്കിയ പാഠങ്ങൾക്കു പകരം ജൈവപാഠങ്ങൾക്കാണ് ഭാഷാസമഗ്രതാദർശനത്തിൽ ഊന്നൽ നൽകുന്നത്. കുട്ടിക്ക് പ്രതികരിക്കാനും തന്റെ ആത്മാംശം ചേർക്കാനും പുതിയ പാഠങ്ങൾ സൃഷ്ടിക്കാനും തന്റെ ചിന്താപ്രക്രിയകളെ പ്രയോഗിച്ചു നോക്കാനും അവസരം നൽകുന്നു. ജൈവപാഠങ്ങൾ സൃഷ്ടിച്ചെടുക്കുന്ന പ്രക്രിയ അനുഭവാധിഷ്ഠിത ഭാഷാപഠനത്തിന്റെ അവിഭാജ്യഘടകമാണ്. നിരന്തരം വികസിക്കുന്നതും പല രീതിയിൽ കുട്ടിയോട് സംവദിക്കുന്നതുമാവണം പാഠപുസ്തകങ്ങൾ. പഠിതാവിന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാവണം അതിന്റെ രൂപകല്പന. പുസ്തകത്തിൽ നിന്നും സ്വന്തമായ പാഠങ്ങൾ നിർമിച്ചെടുക്കാൻ പഠിതാക്കൾക്ക് അവസരം നൽകുന്നതാവണം പാഠപുസ്തകങ്ങൾ.[18]

## 4.2.4 പഠനാന്തരീക്ഷം

അനൗപചാരികവും സഹകരണാത്മകവും സ്വതന്ത്രവുമാകണം അന്തരീക്ഷം. അധ്യാപകൻ കുട്ടികളുടെ സുഹൃത്തും അവരിലൊരാളുമായി വർത്തിക്കണം. ക്ലാസ്സുകളിൽ ജനാധിപത്യം പുലരണം. ക്ലാസ്സുമുറിയിൽ കൃത്രിമത്വത്തിന്റെ ഘടകം കഴിയുന്നത്ര കുറയ്ക്കാൻ ശ്രമിക്കണം. പഠനപ്രവർത്തനങ്ങളിൽ അധ്യാപികയുടെയും കുട്ടിയുടെയും പൂർണ പങ്കാളിത്തം ഉറപ്പാക്കുന്ന സ്വാഭാവികാന്തരീക്ഷമാണ് വേണ്ടത്.[19]

17. Veevar 3
18. ആനന്ദൻ 34
19. ആനന്ദൻ 35

### 4.2.5 വിലയിരുത്തൽ

പഠിച്ച പാഠാവലിയുടെ ഉള്ളടക്കം എത്രമാത്രം ഓർമിക്കാൻ കഴിയുന്നു എന്ന് വിലയിരുത്തി അത് കുട്ടിയുടെ ഭാഷാപരമായ നേട്ടമായി വ്യാഖ്യാനിക്കുന്ന സാമ്പ്രദായിക പഠന രീതിയെ ഭാഷാസമഗ്രതാദർശനം സ്വീകരിക്കുന്നില്ല. ഇതുവരെ പിന്തുടർന്ന പരീക്ഷാരീതി, കുട്ടിയുടെ ആശയരൂപീകരണശേഷിയും സൃഷ്ടിപരതയും പരിഗണിക്കാത്തതും യഥാർത്ഥ ഭാഷാപഠനസന്ദർഭങ്ങളിലുള്ള കുട്ടിയുടെ പ്രകടനം കണക്കിലെടുക്കാത്തതും കുട്ടിയിൽ വികസിക്കേണ്ട യഥാർത്ഥ ജീവിതശേഷികളെ വിലയിരുത്താത്തതും ഓരോ കുട്ടിയുടെയും ഭാഷാശേഷിയിലെ ശക്തിദൗർബല്യങ്ങൾ കണ്ടെത്താൻ ശ്രമിക്കാത്തതും വ്യക്തികൾക്ക് റാങ്ക് നൽകി താരതമ്യം ചെയ്യുകയെന്നത് മുഖ്യലക്ഷ്യമാക്കിയതുമാണ്.

ഭാഷാസമഗ്രതാദർശന ക്ലാസിൽ പഠനപ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുന്നു. മുകളിൽ ചൂണ്ടിക്കാട്ടിയ പ്രശ്നങ്ങൾ കൂടി പരിഹരിക്കുന്ന തരത്തിലാണ് മൂല്യനിർണയം വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ കുട്ടിയുടെയും ഭാഷാശേഷി വികസനത്തെ സമഗ്രമായി വിലയിരുത്താൻ ശ്രമിക്കുന്നു. നിരീക്ഷണരേഖകൾ, അഭിമുഖങ്ങൾ, കുട്ടികളുടെ സൃഷ്ടികൾ, അവർ സൂക്ഷിക്കുന്ന രേഖകൾ, കുട്ടിയുടെ സ്വയം വിലയിരുത്തൽ തുടങ്ങിയ വൈവിധ്യമാർന്ന ഉപാധികളും രീതികളും ഇവിടെ സ്വീകരിക്കുന്നുണ്ട്. ഇതുമൂലം കുട്ടിയുടെ പഠനപുരോഗതി, ഭാഷാപരമായ വളർച്ച, ശക്തിദൗർബല്യങ്ങൾ ഇവ ശരിയായി വിലയിരുത്താൻ കഴിയും. എല്ലാ കുട്ടികളും നിശ്ചിതസമയത്തിനുള്ളിൽ നിശ്ചയിച്ച കാര്യം പഠിച്ചുകൊള്ളുമെന്ന മിഥ്യാധാരണകളുടെ അടിസ്ഥാനത്തിൽ രൂപകല്പന ചെയ്തിട്ടുള്ള പരീക്ഷാരീതികളുടെ ശാസ്ത്രീയതയെ ഈ രീതി ചോദ്യം ചെയ്യുന്നു.[20]

20. ആനന്ദൻ 21

### 4.2.6 ഭാഷാപഠനം ഭാഷാസമഗ്രതാദർശനത്തിലും പൂർവഘട്ടങ്ങളിലും: ഒരു താരതമ്യം

ഭാഷാസമീപനം, പഠനപ്രക്രിയ, പഠനരീതി, പഠനസാമഗ്രികൾ, പഠനാന്തരീക്ഷം– ഇങ്ങനെ പഠനത്തിന്റെ സമസ്ത മേഖലകളിലും നിരവധി വൈരുധ്യങ്ങൾ പൂർവസമീപനങ്ങളും ഭാഷാസമഗ്രതാദർശനവും തമ്മിലുണ്ട്. അവ എന്തെല്ലാമെന്നു പരിശോധിക്കാം.

**പട്ടിക: 3**

| പൂർവസമീപനങ്ങൾ | ഭാഷാ സമഗ്രതാ ദർശനം |
|---|---|
| **4.2.6.1 ഭാഷാ സമീപനം** | **ഭാഷാസമീപനം** |
| 1. ഭാഷാവസ്തുതകളിലൂടെ ഭാഷാപഠനം. പദാവലികളും ഉച്ചാരണവും ഘടനകളും പഠിപ്പിച്ചു.<br>2. സമൂഹത്തിന്റെ കീഴ്വഴക്കങ്ങൾ പഠിക്കുന്നതുവഴി നേടിയെടുക്കുന്ന ശീലമോ വ്യവഹാരമോ ആണ് ഭാഷ.<br>3. ഭാഷാനൈപുണികൾ പ്രകടിപ്പിക്കുന്നതിനുള്ള ശേഷിയാണ് ഭാഷ (പ്രകടന ശേഷി) | 1. ഭാഷ എന്നത് ഭാഷാവസ്തുക്കളുടെ ആകത്തുകയല്ല; ഒരു വ്യവസ്ഥയാണ്. പഠിപ്പിക്കാൻ കഴിയുന്ന ഒന്നല്ല ഭാഷാവ്യവസ്ഥ. അത് സ്വായത്തമാക്കേണ്ടതാണ്.<br>2. ജന്മസിദ്ധമാണ് ഭാഷാഘടകം. ഭാഷ ജീവശാസ്ത്രപരമായി ചിട്ടപ്പെടുത്തുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നു. ആന്തരിക ഭാഷാവ്യവസ്ഥയെ സ്പഷ്ടമാക്കുന്നത് ചുറ്റുപാടാണ്.<br>3. നൈപുണികൾ പ്രകടിപ്പിക്കുന്നതിനാവശ്യമായ ആന്തരികശേഷിയാണ് ഭാഷ (ആന്തരികഭാഷാശൈലി) |
| **4.2.6.1. പഠനപ്രക്രിയ** | **പഠനപ്രക്രിയ** |
| 1. ഭാഷ ബോധപൂർവം പഠിക്കുകയാണ് ചെയ്യുന്നത്.<br>2. അനുകരണത്തിലൂടെയാണ് ഭാഷ പഠിക്കുന്നത്.<br>3. ആവർത്തനത്തിലൂടെയും പരിശീലനത്തിലൂടെയുമാണ് ഭാഷ പഠിക്കുന്നത്.<br>4. ബോധപൂർവമായ പഠനത്തിലൂടെയാണ് ഭാഷാപഠനം നടക്കുന്നത്.<br>5. ഇച്ഛാപരമായ സ്മരണയാണ് പഠനത്തിലേക്ക് നയിക്കുന്നത്.<br>6. ഭാഷാപഠനം രേഖീയമാണ്.<br>7. ഒറ്റപ്പെട്ട ഭാഷാവസ്തുതകളിലൂടെയാണ് ഭാഷ പഠിക്കുന്നത്.<br>8. ഭാഷാവസ്തുതകളെ ഭാഗങ്ങളായി പഠിക്കുന്നു. ഭാഗങ്ങളിൽനിന്നു സമഗ്രതയിലേക്ക്. | 1. ഭാഷ സ്വായത്തമാക്കുകയാണ് ചെയ്യുന്നത്. ഇത് ബോധപൂർവമായ പ്രക്രിയയല്ല.<br>2. ഉൾക്കാഴ്ചയോടെയുള്ള സിദ്ധാന്തരൂപീകരണമാണ് ഭാഷാപഠനം.<br>3. ആവർത്തനത്തിലൂടെ ഭാഷ സ്വായത്തമാക്കാൻ കഴിയില്ല. ഭാഷാവസ്തുക്കളുമായി ഇടപഴകുന്നതിനുള്ള ഒട്ടേറെ പുനർസംഭവങ്ങൾ സൃഷ്ടിക്കുക വഴിയാണ് കുട്ടി ഭാഷ സ്വായത്തമാക്കുന്നത്.<br>4. ഭാഷ സ്വായത്തമാക്കുകയെന്നത് ബോധപൂർവമായ പ്രക്രിയയല്ല.<br>5. ഇച്ഛാപരമല്ലാത്ത സ്മരണയാണ് ഭാഷാവ്യവസ്ഥയെ സ്വാധീനിക്കുന്നത്.<br>6. ഭാഷാപഠനം ചാക്രികമാണ്.<br>7. ഭാഷാവസ്തുതകൾ കൂട്ടങ്ങളായാണ് ഉൾക്കൊള്ളുന്നത്.<br>8. ഭാഷാവസ്തുതകൾ സമഗ്രമായി പഠിക്കുന്നു. സമഗ്രതയിൽ നിന്നും ഭാഗങ്ങളിലേക്ക്. |

| പൂർവസമീപനങ്ങൾ | ഭാഷാസമഗ്രതാദർശനം |
| --- | --- |
| **4.2.6.3. പഠനരീതി** | **പഠനരീതി** |
| 1. ബോധനത്തിന് അധ്യാപകനു പ്രാമുഖ്യം.<br>2. വ്യവഹാരവാദത്തിലധിഷ്ഠിതം.<br>3. ശീലരൂപീകരണമാണ് പഠനം.<br>4. തെറ്റുകൾ വരാനിടയുള്ള സാഹസങ്ങൾ നിരുത്സാഹപ്പെടുത്തുന്നു. തെറ്റുകൾക്ക് ശിക്ഷ നൽകുന്നു.<br>5. എല്ലാവരും ഒരുപോലെ പഠിക്കണം. ഇത് പരാജയത്തിന് ഇടനൽകുന്നു.<br>6. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ശരിയായ പ്രതികരണങ്ങളുടെ പുനസൃഷ്ടി പഠനം നടന്നതിനുള്ള തെളിവായി സ്വീകരിക്കുന്നു.<br>7. പുസ്തകകേന്ദ്രിതപഠനം | 1. പഠനത്തിനും പഠിതാവിനും ഊന്നൽ.<br>2. ജ്ഞാനനിർമിതിവാദത്തിലധിഷ്ഠിതം.<br>3. സങ്കീർണമായ ജ്ഞാതൃ പ്രക്രിയയാണ് പഠനം.<br>4. തെറ്റുകൾ വരാമെങ്കിലും സാഹസത്തിലേർപ്പെടുന്ന പഠിതാക്കളെ വിഭാവനം ചെയ്യുന്നു. തെറ്റുകളെ ജ്ഞാനനിർമിതിയിലെ മടക്കധാരണയ്ക്കുള്ള അവസരമായി പരിഗണിക്കുന്നു.<br>5. പഠനവേഗത, പഠനശൈലി, ബൗദ്ധികനില എന്നിവ പരിഗണിക്കുന്ന ജയപരാജയങ്ങൾക്ക് പ്രസക്തിയില്ല.<br>6. വൈവിധ്യമുള്ള സന്ദർഭങ്ങളിലെ വെല്ലുവിളികൾ സാമാന്യതന്ത്രങ്ങൾ ഉപയോഗിച്ച് പരിഹരിക്കുന്നതിന് പ്രാധാന്യം നൽകുന്നു.<br>7. പാഠ്യപദ്ധതി ലക്ഷ്യങ്ങളെ കേന്ദ്രീകരിച്ചുള്ള പഠനം |
| **4.2.6.4. പഠനസാമഗ്രി** | **പഠനസാമഗ്രി** |
| 1. മുൻകൂട്ടി തീരുമാനിക്കപ്പെട്ട പാഠപുസ്തകം.<br>2. വഴക്കമില്ലാത്ത ചട്ടക്കൂട്ടിൽ നിർമിച്ച പാഠപുസ്തകങ്ങൾ. സ്ഥിരം ചേരുവകൾ.<br>3. തുടർസാധ്യതയില്ലാത്ത അടഞ്ഞ പാഠങ്ങൾ.<br>4. കുട്ടിയോട് സംവദിക്കുന്നില്ല.<br>5. പാഠപുസ്തകം അധ്യാപകന്റെ സാമഗ്രി | 1. അനുഭവാധിഷ്ഠിത ഭാഷാപഠനത്തിലൂടെ രൂപപ്പെടുത്തുന്ന ജൈവപാഠങ്ങൾ.<br>2. വഴക്കമുള്ള പാഠപുസ്തകങ്ങൾ. (പ്രാദേശിക പാഠങ്ങൾ, ജൈവപാഠങ്ങൾ)<br>3. തുടർസാധ്യതയുള്ള തുറന്ന പാഠങ്ങൾ.<br>4. കുട്ടിയോട് സംവദിക്കുന്ന ഭാഷ, ചിത്രങ്ങൾ, ഉള്ളടക്കം, രൂപകല്പന.<br>5. പഠിതാവിന്റെ സാമഗ്രി. |
| **4.2.6.5 അന്തരീക്ഷം** | **അന്തരീക്ഷം** |
| 1. ഔപചാരിക പഠനാന്തരീക്ഷം.<br>2. മത്സരാധിഷ്ഠിത പഠനം. ഓർമിക്കലിന് അമിത പ്രാധാന്യം നൽകുന്ന രീതി.<br>3. ഏകാധിപത്യപരമായ നിയന്ത്രണം. അധ്യാപകൻ ഏകാധിപതി.<br>4. കൃത്രിമമായ അന്തരീക്ഷം. | 1. അനൗപചാരികവും സ്വതന്ത്രവുമായ അന്തരീക്ഷം.<br>2. സഹകരണാത്മകവും സഹവർത്തിതവുമായ പഠനം. അറിവിന്റെ പങ്കുവയ്ക്കൽ. മത്സരത്തിന് സ്ഥാനമില്ല.<br>3. സ്വതന്ത്രമായ ഇടപെടൽ. സ്വയംനിയന്ത്രിത അച്ചടക്കം. അധ്യാപകൻ സുഹൃത്ത്, സഹായി, സംഘത്തലവൻ.<br>4. സ്വാഭാവികമായ അന്തരീക്ഷം.[21] |

21. ആനന്ദൻ 1

## 4.3 ഭാഷാവ്യവഹാരരൂപങ്ങളുടെ പ്രസക്തി

ആശയവിനിമയമാണ് ഭാഷയുടെ പ്രഥമ ലക്ഷ്യം. ഒരു വ്യക്തിക്ക് പല സന്ദർഭങ്ങളിൽ ആശയവിനിമയം നടത്തേണ്ടതുണ്ട്. വൈകാരികതലം, സാമൂഹിക പരിതഃസ്ഥിതി, സാമൂഹികബന്ധം, സാംസ്കാരികതലം എന്നിവയനുസരിച്ച് അതിന്റെ സ്വഭാവം വ്യത്യസ്തമായിരിക്കും. അതുകൊണ്ടുതന്നെ ആശയവിനിമയത്തിന് വൈവിധ്യമാർന്ന രൂപങ്ങൾ ആവശ്യമായി വരുന്നു. ഇങ്ങനെ ഭാഷ വ്യത്യസ്ത രീതികളിൽ വിനിമയം ചെയ്യുന്നതിനായി ധാരാളം ഭാഷാരൂപങ്ങൾ സ്വാഭാവികമായി എല്ലാ ഭാഷകളിലും വികസിച്ചുവന്നിട്ടുണ്ട്. ഉദാ: സംഭാഷണം, ചർച്ച, കത്ത്. ഇത്തരം രൂപങ്ങളെയാണ് വ്യവഹാരരൂപങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. നിത്യജീവിതത്തിലെ സാമാന്യമായ ആശയവിനിമയങ്ങൾക്കപ്പുറം സാംസ്കാരികവും സൗന്ദര്യാത്മകവുമായ വിനിമയത്തിനുള്ള വ്യവഹാരങ്ങൾ കൂടി ഇതിന്റെ പരിധിയിൽ പെടും. ഉദാഹരണമായി കഥ, കവിത, നാടകം തുടങ്ങിയവ.

ഭാഷാസമഗ്രതാദർശനത്തിന്റെ ഭാഗമായാണ് വ്യവഹാരരൂപങ്ങളിലൂന്നിക്കൊണ്ടുള്ള പഠനത്തിന് പ്രാധാന്യം കൈവന്നത്. ഭാഷ ഒറ്റപ്പെട്ട ശേഷികളായോ അക്ഷരങ്ങളായോ നിലനിൽക്കുന്നില്ല. അവയുടെ സമഗ്രരൂപമായ വ്യവഹാരങ്ങളിലാണ് ഭാഷ നിലനിൽക്കുന്നത്. ഭാഷാസമഗ്രതാദർശനമനുസരിച്ച് സ്വാഭാവികമായി ഭാഷ പഠിക്കുന്നതിനാണ് പ്രാധാന്യം നൽകുന്നത്. ഭാഷാവ്യവഹാരങ്ങളിലൂടെ മാത്രമാണ് ഇത്തരം സ്വാഭാവിക സന്ദർഭങ്ങൾ പ്രദാനം ചെയ്യാൻ സാധിക്കുക. ഭാഷയുടെ അംശങ്ങൾ ഉറച്ച ശേഷം എഴുത്തും വായനയും തുടങ്ങുകയെന്ന സമീപനത്തെ ഇവിടെ നിരാകരിക്കുന്നു. ആവശ്യാധിഷ്ഠിതമായ വായനയും ലേഖനപ്രവർത്തനങ്ങളും ഈ രീതി പ്രകാരം ക്ലാസ്സിൽ ധാരാളമായി നടക്കുന്നുണ്ട്.[22] ഇതിനായി പ്രയോജനപ്പെടുത്തുന്നത് കഥകൾ, കത്തുകൾ, വിവരണങ്ങൾ, റിപ്പോർട്ട് തുടങ്ങിയ വ്യവഹാരരൂപങ്ങളെയാണ്. ഭാഷാനൈപുണികൾ കാര്യക്ഷമമായി നേടുന്നതിന് കുട്ടികളെ പ്രാപ്തരാക്കാൻ സ്വതന്ത്രമായി ഭാഷാവ്യവഹാരത്തിൽ ഏർപ്പെടുന്നതിനുള്ള കഴിവ് വളർത്തേണ്ടതുണ്ട്. ഭാഷാവ്യവഹാരരൂപങ്ങൾ ഭാഷയുടെ തനതും വ്യതിരിക്തവുമായ സ്വഭാവങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്. വ്യവഹാരരൂപങ്ങളുടെ തലത്തിൽ ആഴത്തിലും പരപ്പിലുമുള്ള അനുഭവങ്ങൾ ലഭിക്കുമ്പോൾ ഭാഷയുടെ വ്യക്തിത്വം ഉൾക്കൊള്ളാനും പ്രയോഗിക്കാനുമുള്ള ആന്തരികശേഷിയുടെ വികാസമാണ് സംഭവിക്കുന്നത്. അത് ഭാഷാസമഗ്രതാദർശനത്തിലൂന്നിയ സമീപനത്തിലൂടെ പുതിയ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നു. ഓരോ കുട്ടിയുടെയും ഭാഷാശേഷിവികസ

22. ആനന്ദൻ 1 20

നത്തെ സമഗ്രമായി വിലയിരുത്താനും ഇവിടെ ലക്ഷ്യമിടുന്നു. വിവിധ വ്യവഹാരരൂപങ്ങളുടെ വിനിമയത്തിൽ (പറഞ്ഞും എഴുതിയും) കുട്ടി എത്രമാത്രം ഫലപ്രദമായി ഇടപെടുന്നുവെന്ന് വിലയിരുത്തിക്കൊണ്ടാണ് നിരന്തരമൂല്യനിർണയം നടത്തുന്നത്. ഇവിടെയും സമഗ്രമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

## 4.3.1 ലോവർ പ്രൈമറി ക്ലാസ്സുകളിലെ ഭാഷാവ്യവഹാരരൂപങ്ങൾ

ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലെ മലയാള പാഠ്യപദ്ധതി പ്രസ്താവനകൾ പരിശോധിച്ചതിൽ നിന്നും പട്ടിക 4ലെ വ്യവഹാരരൂപങ്ങളിൽ കുട്ടികൾക്ക് അനുഭവങ്ങൾ നൽകണമെന്ന് നിർദേശിക്കുന്നുണ്ട്.[23] ഒന്നുമുതൽ നാലുവരെ ക്ലാസിലെ ഭാഷാ അധ്യാപകസഹായിയിൽ ചേർത്തിട്ടുള്ള പാഠ്യപദ്ധതി പ്രസ്താവനകൾ അപഗ്രഥിച്ചുകൊണ്ടാണ് ഈ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

**ഭാഷാവ്യവഹാരരൂപങ്ങൾ: ക്ലാസ്സ് തലം** **പട്ടിക 4**

| ക്ലാസ് | വ്യവഹാരരൂപങ്ങൾ | ആകെ |
|---|---|---|
| 1. | കഥ, കവിത, വിവരണം, സംഭാഷണം, കടങ്കഥ | 5 |
| 2. | കഥ, കവിത, വിവരണം, നാടൻപാട്ട് | 4 |
| 3. | കഥ, കവിത, വിവരണം, നാടകം, നാടൻപാട്ട്, സംഭാഷണം, പോസ്റ്റർ, നോട്ടീസ്, തലക്കെട്ട്, കടങ്കഥ, അറിയിപ്പ്, കത്ത്, പഴഞ്ചൊല്ല്, പട്ടിക, ആത്മകഥ, ദൃക്സാക്ഷിവിവരണം, ചർച്ച, കുറിപ്പ് | 18 |
| 4. | കഥ, കവിത, വിവരണം, നാടകം, നാടൻപാട്ട്, സംഭാഷണം, പോസ്റ്റർ, നോട്ടീസ്, തലക്കെട്ട്, അറിയിപ്പ്, കത്ത്, ആത്മകഥ, ചർച്ച, കുറിപ്പ്, അഭിമുഖം, അടിക്കുറിപ്പ്, യാത്രാവിവരണം, കഥാപ്രസംഗം, വാർത്ത, ഡയറി, അപേക്ഷ, പ്രഭാഷണം, ജീവചരിത്രം, റിപ്പോർട്ട്. | 24 |

## 4.3.2 ഭാഷാവ്യവഹാരരൂപങ്ങളിലെ വളർച്ച

ലോവർപ്രൈമറി ക്ലാസ്സുകളിലെ ഭാഷാപഠനം കഴിയുമ്പോഴേക്കും ഇരുപത്തിയെട്ട് വ്യവഹാരരൂപങ്ങളിൽ അനുഭവം ലഭിക്കണമെന്ന് പാഠ്യപദ്ധതി ലക്ഷ്യമിടുന്നുണ്ട്. ഒന്നാം ക്ലാസ്സിൽ അഞ്ച് വ്യവഹാരരൂപങ്ങളും രണ്ടാം ക്ലാസ്സിൽ അഞ്ച് വ്യവഹാരരൂപങ്ങളും പരിചയപ്പെടുത്തുന്നു. ഒന്നാം ക്ലാസ്സിൽ പരിചയപ്പെട്ട കടങ്കഥ എന്ന വ്യവഹാരരൂപം രണ്ടാം

23. കേരള സർക്കാർ 31, വിദ്യാഭ്യാസവകുപ്പ്, *പ്രാഥമിക വിദ്യാഭ്യാസ പാഠ്യപദ്ധതി* (തിരുവനന്തപുരം: ഡി.പി.ഇ.പി., 1997) 23-40

ക്ലാസ്സിൽ പരിചയപ്പെടുത്തുന്നില്ല. എന്നാലത് പ്രവർത്തനങ്ങളായി നൽകുന്നുണ്ട് (അനു: 22). നാടൻപാട്ട് രണ്ടാം ക്ലാസ്സിൽ പരിചയപ്പെടുത്തുന്നുണ്ട്. ഒന്ന്, രണ്ട് ക്ലാസ്സിൽ അനുഭവങ്ങൾ ലഭിച്ച എല്ലാ വ്യവഹാരരൂപങ്ങളും മൂന്നാം ക്ലാസ്സിൽ പുനരനുഭവത്തിനായി ഒരുക്കുന്നുണ്ട്. അവ കൂടാതെ കത്ത്, പഴഞ്ചൊല്ല്, പട്ടിക, ആത്മകഥ, ദൃക്സാക്ഷി വിവരണം, അറിയിപ്പ്, കുറിപ്പ് എന്നിവ കൂടി മൂന്നാം ക്ലാസ്സിൽ പരിചയപ്പെടുത്തുന്നു. നാലാം ക്ലാസ്സിൽ അനുഭവങ്ങൾ നൽകുന്ന ഇരുപത്തിനാലു വ്യവഹാരരൂപങ്ങളിൽ മൂന്നാം ക്ലാസ്സിലെ പഴഞ്ചൊല്ല്, പട്ടിക, ദൃക്സാക്ഷിവിവരണം എന്നീ അനുഭവങ്ങൾ ഒരുക്കാൻ ലക്ഷ്യമിടുന്നില്ല. മുന്നിൽ പരിചയപ്പെട്ട മറ്റു പതിനഞ്ച് വ്യവഹാരരൂപങ്ങളും ഒമ്പത് പുതിയ വ്യവഹാരരൂപങ്ങളും നാലിൽ പരിചയപ്പെടുത്തുന്നു. അങ്ങനെ ആകെ ഇരുപത്തിയെട്ട് വ്യവഹാരരൂപങ്ങൾ പ്രൈമറി ക്ലാസ്സിൽ പരിചയപ്പെടുന്നുണ്ട് (പട്ടിക 4). എന്നാൽ, പാഠ്യപദ്ധതി ഇവയെല്ലാം ലക്ഷ്യംവയ്ക്കുന്നുണ്ടെങ്കിലും പാഠപുസ്തകത്തിലെയും അധ്യാപക സഹായിയിലെയും പ്രവർത്തനങ്ങളും ഇവയിൽ ചില വ്യവഹാരരൂപങ്ങൾ ഉൾക്കൊള്ളുന്നില്ല.

കുട്ടികളുടെ ഭാഷാപരമായ വളർച്ച ഉറപ്പുവരുത്തുന്നതിന് ക്ലാസുകൾ കഴിയുന്തോറും വ്യവഹാരരൂപങ്ങളുടെ വൈവിധ്യവും വ്യാപ്തിയും ഉറപ്പുവരുത്തേണ്ടതുണ്ട്. വൈവിധ്യം പട്ടികയിൽ നിന്നും വ്യക്തമാണ്. ഒന്നാം ക്ലാസിൽ ആരംഭിക്കുന്ന സംഭാഷണം ക്ലാസുകൾ ഉയരുന്ന മുറയ്ക്ക് ചർച്ച, ലഘുപ്രഭാഷണം, നാടകം എന്നിവയിലേക്ക് വികസിക്കുന്നുണ്ട്. കടങ്കഥ, പഴഞ്ചൊല്ല് ഇവയിലടങ്ങിയിരിക്കുന്ന താളവും രൂപകാത്മകതയും ആലങ്കാരിക പ്രയോഗങ്ങൾ എന്നിവ ഉയർന്ന ക്ലാസുകളിലുള്ള കഥ, കവിത എന്നിവയിൽ ദർശിക്കാനാവും. വിവരണം എന്ന രൂപം ഡയറി, ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം എന്നിവയായി വികസിക്കുന്നതും കാണാം. പാഠ്യപദ്ധതി വ്യവഹാരരൂപങ്ങളുടെ വളർച്ച ഉറപ്പുവരുത്തുന്നതും പാഠ്യപദ്ധതി പ്രസ്താവനകളുടെ വിന്യാസത്തിലൂടെയും തദനുസൃതമായി പാഠങ്ങൾ തെരഞ്ഞെടുക്കുന്നതിലൂടെയും വ്യവഹാരരൂപങ്ങളുടെ വിലയിരുത്തലിനുള്ള സൂചകങ്ങൾ നിർണയിക്കുന്നതിലൂടെയുമാണ്.

4.3.3. ലോവർ പ്രൈമറി ക്ലാസ്സുകളിലെ വ്യവഹാരരൂപങ്ങളെ വർഗീകരിക്കുമ്പോൾ നാലു പ്രധാന മേഖലകളാണ് കടന്നുവരുന്നത്. ഭാവനയ്ക്ക് പ്രാമുഖ്യമുള്ള വ്യവഹാരങ്ങൾ, നിത്യജീവിതത്തിനും വാസ്തവികതയ്ക്കും വൈജ്ഞാനികതയ്ക്കും പ്രാമുഖ്യമുള്ള വ്യവഹാരങ്ങൾ, കലാപരമായ പ്രകടനസാധ്യതയുള്ള വ്യവഹാരങ്ങൾ, ഭാഷയുടെ പ്രാദേശികത്തനിമ ഉൾക്കൊള്ളുന്ന വ്യവഹാരങ്ങൾ എന്ന് തരം തിരിക്കാം.

**4.3.3.1 ഭാഷാവ്യവഹാരരൂപങ്ങളുടെ വർഗീകരണപ്പട്ടിക** **പട്ടിക 5**

| ക്ലാസ്സ് / മേഖല | I | II | III | IV |
|---|---|---|---|---|
| ഭാവനയ്ക്ക് പ്രാമുഖ്യമുള്ള വ്യവഹാര ങ്ങൾ | കഥ, കവിത | കഥ, കവിത | കഥ, കവിത തലക്കെട്ട്, ആത്മകഥ | കഥ, കവിത, ജീവച രിത്രം, ആത്മകഥ, അടിക്കുറിപ്പ് |
| നിത്യജീവിത ത്തിനും വാസ്തവിക തയ്ക്കും വൈജ്ഞാനി കതയ്ക്കും പ്രാമുഖ്യമുള്ള വ്യവഹാര ങ്ങൾ | വിവരണം | വിവരണം | വിവരണം, പോസ്റ്റർ, നോട്ടീസ്, കത്ത്, പട്ടിക, ദൃക്സാക്ഷി വിവരണം, അറിയിപ്പ്, കുറിപ്പ്. | വിവരണം, പോസ്റ്റർ, നോട്ടീസ്, കത്ത്, യാത്രാ വിവരണം, വാർത്ത, അ റിയിപ്പ്, കുറിപ്പ്, അപേ ക്ഷ, റിപ്പോർട്ട് |
| കലാപരമായ പ്രകടന സാധ്യത യുള്ള വ്യവ ഹാരങ്ങൾ | സംഭാഷ ണങ്ങൾ | | സംഭാഷണം, നാടകം, ചർച്ച | നാടകം, സംഭാഷണം, അഭിമുഖം, കഥാപ്രസംഗം പ്രഭാഷണം, ചർച്ച |
| ഭാഷയുടെ പ്രാദേശിക ത നിമകൾ ഉൾക്കൊ ള്ളുന്നു | കടങ്കഥ | നാടൻപാട്ട് | കടങ്കഥ നാടൻപാട്ട്, പഴഞ്ചൊല്ല് | നാടൻപാട്ട് |

വാസ്തവികതയ്ക്കും വൈജ്ഞാനികതയ്ക്കും പ്രാമുഖ്യമുള്ളതും കലാപരമായ പ്രക ടനസാധ്യതയുള്ളതുമായ വ്യവഹാരങ്ങൾക്ക് മൂന്ന്, നാല് ക്ലാസ്സുകളിൽ പ്രാധാന്യം നൽകി യതായി കാണുന്നു. നിത്യജീവിതത്തിൽ ഏറ്റവും കൂടുതൽ ഇടപഴകുന്ന മേഖലകൾ ഇവ യായതുകൊണ്ടാവാം അങ്ങനെ സംഭവിച്ചത്. കൂടാതെ, ഭാഷാസമഗ്രതാദർശനത്തിന്റെ അടിത്തറ ആവശ്യബോധത്തിലും സ്വാഭാവികതയിലും ഊന്നൽ നൽകുന്നതാണ്. എടു ത്തുപറയേണ്ട ഒരു പരിമിതി പ്രാദേശികത്തനിമ ഉൾക്കൊള്ളുന്ന വ്യവഹാരങ്ങളുമായി ബന്ധപ്പെട്ടതാണ്. കടങ്കഥ, പഴഞ്ചൊല്ല് എന്നീ രൂപങ്ങൾ എല്ലാ ക്ലാസ്സുകളിലും ലക്ഷ്യമി ടുന്നില്ല. പ്രാദേശികസാധ്യതയും നാടോടിവിജ്ഞാനസമ്പത്തും കുട്ടി ഭാഷ ആർജിക്കു ന്നതിനെ ത്വരിതപ്പെടുത്തുന്ന ഘടകങ്ങളാണെന്ന് തിരിച്ചറിഞ്ഞാണ് പാഠ്യപദ്ധതിയിൽ ഇടം നൽകിയിരിക്കുന്നത്. എന്നാൽ, വ്യവഹാരരൂപങ്ങളിൽ ഇതിന്റെ പ്രാതിനിധ്യം താര തമ്യേന കുറവാണെന്നു കാണാം.

## 4.4. കഥ എന്ന വ്യവഹാരരൂപവും ഭാഷാസമഗ്രതയും

ഓരോ വ്യവഹാരരൂപത്തിന്റെയും ഒന്നുമുതൽ നാലുവരെയുള്ള പാഠ്യപദ്ധതി പ്രസ്താവനകൾ വിലയിരുത്തിക്കൊണ്ടു മാത്രമേ പാഠ്യപദ്ധതിയുടെ വികാസപരിണാമങ്ങൾ നിർണയിക്കാനാവൂ. ഇരുപത്തിയെട്ട് വ്യവഹാരരൂപങ്ങളിൽ ഏറെ പ്രാതിനിധ്യ സ്വഭാവമുള്ള കഥ എന്ന വ്യവഹാരരൂപത്തിന്റെ വിശകലനമാണ് ഈ ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലെ കഥയുമായി ബന്ധപ്പെട്ട പാഠ്യപദ്ധതി പ്രസ്താവനകൾ, പഠന പ്രവർത്തനങ്ങൾ, ഉള്ളടക്കം എന്നിവ പരിശോധിക്കുന്നുണ്ട്. അവയുടെ വളർച്ചയും പരിമിതികളും ചർച്ച ചെയ്യാൻ കൂടി ഈ സന്ദർഭം പ്രയോജനപ്പെടുത്തുന്നു.

### 4.4.1 കഥ എന്ന വ്യവഹാരരൂപത്തിന്റെ പ്രസക്തി

കുട്ടികളുടെ താൽപര്യമുണർത്തുന്ന വ്യവഹാരരൂപമാണിത്. കഥ ഇഷ്ടപ്പെടാത്ത കുട്ടികളില്ല. സ്കൂളിൽ വരുന്നതിനു മുമ്പുതന്നെ കഥ എന്ന ഭാഷാരൂപവുമായി കുട്ടിക്ക് പരിചയമുണ്ട്. ഒന്നുമുതൽ നാലുവരെ ക്ലാസ്സിലും ഈ ഭാഷാവ്യവഹാരരൂപം പ്രാധാന്യത്തോടെ പഠനവിധേയമാക്കുന്നുണ്ട്. ഒന്നുമുതൽ നാലുവരെ ക്ലാസ്സിലെ പാഠപുസ്തക പരിശോധനയിൽ ഒന്നാം ക്ലാസ്സിലെ പതിമൂന്ന് ഗദ്യപാഠങ്ങളിൽ അഞ്ച് കഥകളുമുണ്ട്. രണ്ടാം ക്ലാസ്സിൽ പതിമൂന്ന് ഗദ്യപാഠങ്ങളിൽ പത്ത് കഥകളാണ്. മൂന്നാം ക്ലാസ്സിൽ പത്തിൽ ഒമ്പതും കഥകൾ നാലാം ക്ലാസ്സിൽ പതിനൊന്നിൽ ഏഴ് കഥകൾ. അങ്ങനെ ആകെയുള്ള നാൽപത്തിയേഴ് ഗദ്യപാഠങ്ങളിൽ മുപ്പത്തിയൊന്നും കഥകളാണ്. കഥയുടെ പ്രാധാന്യം തിരിച്ചറിയാൻ മറ്റ് ഉദാഹരണങ്ങൾ ഇനി ആവശ്യമില്ല. മറ്റു വ്യവഹാരരൂപങ്ങളുമായി സ്വാഭാവികമായി ഇടപെടുന്ന ഭാഷാരൂപമാണ് കഥ. കഥ മറ്റു പല വ്യവഹാരരൂപങ്ങളെയും ഉൾക്കൊള്ളുന്നു. കഥയിൽ സംഭാഷണം, വിവരണം, സംവാദം, പാട്ട്, കഥാഗാനം എന്നിവയ്ക്ക് ധാരാളം അവസരമുണ്ട്. കഥയിൽനിന്ന് മറ്റേതു വ്യവഹാരരൂപങ്ങളിലേക്കുമുള്ള പരിണാമം സാധ്യമാണ്. കഥയെ നാടകം, കവിത, കഥാപ്രസംഗം ഇങ്ങനെ വിവിധ വ്യവഹാരരൂപങ്ങളെ ഉൾക്കൊള്ളുകയും വൈവിധ്യമാർന്ന വ്യവഹാരരൂപങ്ങളായി രൂപപ്പെടുത്താൻ വഴക്കമുള്ളതുമായ ഒരു ഭാഷാവ്യവഹാരരൂപമാണ് കഥ. ഇരുപത്തിയെട്ട് വ്യവഹാരരൂപങ്ങളിൽ ഏറ്റവുമധികം പ്രാതിനിധ്യസ്വഭാവം കഥയ്ക്കുണ്ട്. അതിനാൽ, കഥ എന്ന വ്യവഹാരരൂപമാണ് ഇവിടെ വിശകലനവിധേയമാക്കുന്നത്.[24]

---

24. കേരള സർക്കാർ 23-26, വിദ്യാഭ്യാസവകുപ്പ്, *1-4 വരെ പാഠപുസ്തകങ്ങൾ* (തിരുവനന്തപുരം: എസ്.സി.ഇ.ആർ.ടി., 1998).

റഷ്യൻ നാടോടിക്കഥയെക്കുറിച്ച് പഠിച്ച വി.ജെ. പ്രോപ്പ് 'മോർഫോളജി ഓഫ് ഫോക്ക് ടെയിസ്' (1928) എന്ന പുസ്തകത്തിൽ കഥയെക്കുറിച്ചുള്ള കാഴ്ചപ്പാട് വ്യക്തമാക്കുന്നുണ്ട്. കഥയുടെ ഏകകത്തെ അദ്ദേഹം 'ധർമ'മെന്നു വിളിക്കുന്നു. മുപ്പത്തിയൊന്നു ധർമങ്ങളാണ് കഥയെന്ന വ്യവഹാരരൂപത്തിനുള്ളത്. ഇല്ലായ്മയിൽ നിന്നും അതിന്റെ പൂരണത്തിലേക്കുള്ള 'ഗതി'യാണ് കഥ. ഇവിടെ ധർമത്തിന്റെ എണ്ണമല്ല, ക്രമമാണ് പ്രധാനം. ഉദാഹരണമായി ധർമങ്ങളുടെ 1,2,3,4,.....31 എന്ന അനുക്രമഗതി കഥയിൽ പാലിക്കണം. 1ന് ശേഷം 2 എന്ന ധർമം നിർബന്ധമായി വരണമെന്നില്ല. ഒന്നിനെ പിൻതുടർന്ന് മൂന്ന്, നാല് എന്നിങ്ങനെ ഏതു ധർമവും വരാം. എന്നാൽ ഒന്നിനു മുമ്പ്, മറ്റൊരു ധർമത്തിനും കടന്നുവരാനാവില്ല. ഭാഷയിലെ ഒരു വാക്യം പോലെയാണിത്. വാക്യത്തിൽ നാമം, നാമവിശേഷണം, ക്രിയ, ക്രിയാവിശേഷണം എന്നീ ഘടകങ്ങളുടെ ക്രമം പ്രധാനമാണ്. എന്നാൽ, എല്ലാ വാക്യത്തിലും എല്ലാ ഘടകങ്ങളും ഉണ്ടാകണമെന്നില്ല. വാക്യത്തിലെ പദങ്ങൾക്ക് സമാനമാണ് നാടോടിക്കഥയിലെ 'ധർമങ്ങൾ'. ചുരുക്കത്തിൽ, ഭാഷയ്ക്കെന്നതുപോലെ കഥയ്ക്കും ഒരു വ്യാകരണമുണ്ട്. ഭാഷയ്ക്ക് സമാനമായ സവിശേഷതകളുള്ള ഒരു ജനുസ്സാണ് കഥ. ഭാഷ പോലെ സാർവലൗകികമാണത്. കഥയുടെ സാർവലൗകിക സ്വഭാവവും സാമാന്യഭാഷയുടെ ഘടനയുമായുള്ള സാദൃശ്യവും 'കഥ'എന്ന വ്യവഹാര രൂപം തെരഞ്ഞെടുക്കുന്നതിന് കാരണമായി.[25]

## 4.4.2. കഥയുടെ പാഠ്യപദ്ധതി പ്രസ്താവനകൾ

കഥ എന്ന ഭാഷാവ്യവഹാരരൂപത്തിൽ അനുഭവങ്ങൾ നൽകാനായി പ്രൈമറിതലത്തിൽ പാഠ്യപദ്ധതി പ്രസ്താവന. വിവിധ ശേഷീമേഖലയായി വർഗീകരിച്ചു നൽകിയ പട്ടിക.

25. എൻ. ഭക്തവത്സലറെഡ്ഡി, *ഫോക്ക്ലോർ പഠനം സിദ്ധാന്തതലം* (കോട്ടയം: ഡി.സി. ബുക്സ്, 2004) 273-284

### 4.4.2.1. കഥയുടെ പാഠ്യപദ്ധതി പ്രസ്താവനകളുടെ തരംതിരിവ്

**പട്ടിക 6**

| | മേഖല | | | | |
|---|---|---|---|---|---|
| ക്ലാസ്സ് | ശ്രവണം | ഭാഷണം | വായന | ലേഖനം | പ്രകടനം |
| I | കഥകൾ ആശയ ഗ്രഹണ ത്തോടെ കേൾക്കുക. കഥ കൾ വായിക്കു ന്നതു കേൾക്കുക | ചിത്രത്തിൽ നിന്നും കഥ കണ്ടെത്തിപ്പറ യൽ | ലളിതവും ചിത്രങ്ങ ളോടുകൂടിയതുമായ ബാലസാഹിത്യരച നകൾ കൂട്ടുകാരു മൊത്ത് വായിക്കൽ | | കഥയിലെ ചെറു സംഭവങ്ങൾ അഭിനയിച്ചുകാ ണിക്കൽ |
| II | | വായിച്ച കഥയിലെ രസകരമായ സംഭവ ങ്ങൾ പറയൽ | കഥ വായിക്കൽ | ചിത്രങ്ങളിൽ നിന്നും കഥയുണ്ടാക്കി എഴു തൽ | കഥകൾ തന്റേ തായ ഭാഷയിൽ അവതരിപ്പിക്കൽ |
| III | കഥ കേൾക്കൽ | കഥ പറയൽ, ചിത്ര ത്തിൽ നിന്നും കഥ കണ്ടെത്തിപ്പറയൽ, കഥയിലെ സംഭവ ങ്ങൾ ഭാവനക്കനു സരിച്ചു പറയൽ. ഒറ്റയ്ക്കും സംഘ മായും കഥ പൂർത്തിയാക്കൽ. | കഥ വായിക്കൽ ചിത്രങ്ങളിൽനിന്നും കഥ മനസ്സിലാക്കൽ കഥാശേഖരണം. | കഥ എഴുതൽ. ചിത്ര ത്തിൽനിന്നും കഥ കണ്ടെത്തി എഴുതൽ. കഥാപാത്രമായി സ്വ യം സങ്കല്പിച്ച് എഴു തൽ. അറിയാവുന്ന കഥ എഴുതൽ. ആശ യം ഗ്രഹിച്ച് തലക്കെ ട്ടു നൽകൽ. | വായിച്ച കഥ നാട കരൂപത്തിൽ അവ തരിപ്പിക്കൽ ആശയം പല രീതി യിൽ അവതരിപ്പി ക്കൽ. |
| IV | കഥ കേൾക്കൽ. കഥയിലെ കഥാ പാത്രവുമായി ബ ന്ധപ്പെട്ട മറ്റു കഥ കൾ കണ്ടെത്തൽ. | ഒരു സംഭവത്തിലെ ആശയങ്ങൾ ക്രമ മായി പറയൽ. കഥ പറയൽ. | കഥ വായിക്കൽ ബാലസാഹിത്യകൃ തികളിൽ നിന്നു വായന. കഥയിലെ കഥാപാ ത്രങ്ങളുമായി ബന്ധ പ്പെട്ട മറ്റു കഥകൾ വായിക്കൽ. | കഥ എഴുതൽ. സൂചനയിൽ നിന്നും കഥ എഴുതൽ. സംഘമായി കഥ നിർമിച്ചെഴുതൽ. | കഥയിലെ കഥാ പാത്രങ്ങളുമായി ബന്ധപ്പെട്ട കഥ കൾ പല രീതി യിൽ അവതരിപ്പി ക്കൽ. വ്യത്യസ്ത രീതിയിൽ ഒറ്റക്കും സംഘമായും (നാ ടകം, റോൾപ്ലേ, മൂ കാഭിനയം, കഥാ പ്രസംഗം, സംഭാ ഷണം, ഗാനമേള) അവതരിപ്പിക്കൽ. |

### 4.4.2.2 കഥയുടെ പാഠ്യപദ്ധതി പ്രസ്താവന – അപഗ്രഥനം:

കഥയുടെ പാഠ്യപദ്ധതി പ്രസ്താവനകൾ പരിശോധിച്ചതിൽ, പാഠ്യപദ്ധതി പ്രസ്താവനകളെ അഞ്ചായി തിരിക്കാവുന്നതാണ്. കഥ കേൾക്കൽ, കഥ പറയൽ, കഥാവായന, കഥാരചന, കഥയുടെ ആവിഷ്കാരം എന്നീ അഞ്ചു തലങ്ങളിലുള്ള അനുഭവങ്ങൾ നൽകാനാണ് ലക്ഷ്യമിടുന്നത്.

**4.4.2.2.1 കഥ കേൾക്കൽ**

കഥാശ്രവണവുമായി ബന്ധപ്പെട്ട് ഒന്നാംക്ലാസ്സിൽ കഥകൾ ആശയഗ്രഹണത്തോടെ കേൾക്കുക, കഥ വായിക്കുന്നതു കേൾക്കുക എന്നീ ശേഷികളും മൂന്ന്, നാല് ക്ലാസ്സുകളിൽ കഥ കേൾക്കാനവസരം നൽകുന്നതിനും ലക്ഷ്യമിടുന്നു. രണ്ടാംക്ലാസ്സിൽ കഥാശ്രവണവുമായി ബന്ധപ്പെട്ട പാഠ്യപദ്ധതി പ്രസ്താവനകൾ ഇല്ല.

**4.4.2.2.2 കഥ പറയൽ**

കഥയുടെ ഭാഷണാനുഭവങ്ങൾ നൽകുന്നതിന് എല്ലാ ക്ലാസ്സിലും അവസരമൊരുക്കുന്നുണ്ട്. ഒന്നാംക്ലാസ്സിൽ ചിത്രങ്ങളിൽ നിന്നും കഥ കണ്ടെത്തിപ്പറയൽ, രണ്ടാം ക്ലാസ്സിൽ വായിച്ച കഥയിലെ രസകരമായ സംഭവങ്ങൾ പറയൽ, ചോദ്യങ്ങൾ ചോദിക്കുന്നതിനും ഉത്തരം പറയുന്നതിനും, മൂന്നാംക്ലാസ്സിൽ കഥകൾ പറഞ്ഞും നിർമ്മിച്ചും ഭാഷാകേളികളിലേർപ്പെടുന്നതിനും നാലാം ക്ലാസ്സിൽ സൂചനയുടെ അടിസ്ഥാനത്തിൽ തുടർന്നുള്ള ഭാഗം ഊഹിച്ചു പറയുന്നതിനും അവസരമൊരുക്കാൻ ലക്ഷ്യമിടുന്നു.

**4.4.2.2.3 കഥാവായന**

ഒന്നാംക്ലാസ്സിൽ ചിത്രവായനയ്ക്കും ലളിതമായ ബാലസാഹിത്യകൃതികൾ കൂട്ടുകാരുമൊത്ത് വായിക്കുന്നതിനും അവസരമൊരുക്കുന്നു. രണ്ടാംക്ലാസ്സിൽ കഥകൾ വായിക്കുന്നതിനും മൂന്നാംക്ലാസ്സിൽ കഥകൾ വായിച്ച് മനസ്സിലാക്കാനും വായിച്ച കൃതികൾ, മാസിക എന്നിവയെക്കുറിച്ച് കുറിപ്പു തയ്യാറാക്കാനും നാലാം ക്ലാസ്സിൽ ബാലസാഹിത്യകൃതികളിൽ നിന്നും കഥ വായിക്കുന്നതിനും ലക്ഷ്യമിടുന്നു.

**4.4.2.2.4 കഥാരചന**

ഒന്നാം ക്ലാസ്സിൽ കഥാരചന ഉദ്ദേശിക്കുന്നില്ല. രണ്ടാംക്ലാസ്സിൽ ചിത്രങ്ങളിൽനിന്നു കഥയുണ്ടാക്കുന്നതിനും മൂന്നാംക്ലാസ്സിൽ കഥകൾ ശേഖരിക്കുന്നതിനും എഴുതുന്നതിനും, ബാലമാസിക വായിച്ച് കുറിപ്പ് തയ്യാറാക്കുന്നതിന് നന്നായി അറിയാവുന്ന കഥകൾ എഴുതാനവസരം ഉണ്ടാക്കുന്നതിനും, ശേഖരിച്ച കഥകൾ കൈയെഴുത്തുമാസിക, ചുവർപത്രിക എന്നിവയിൽ പ്രസിദ്ധീകരിക്കുന്നതിനും സൂചനയിൽ നിന്നും കഥ നിർമിച്ചെഴുതുന്നതിനും കഥയിലെ സംഭവങ്ങൾക്ക് മാറ്റം വരുത്തുമ്പോൾ എന്തു സംഭവിക്കുമെന്ന് എഴുതുന്നതിനും, കഥയിലെ കഥാപാത്രങ്ങളായി സങ്കല്പിച്ച് ആത്മകഥാരൂപത്തിൽ എഴുതുന്നതിനും, കഥകൾ ഒറ്റയ്ക്കും സംഘമായും പൂർത്തിയാക്കുന്നതിനും ലക്ഷ്യമിടുന്നു. നാലാംക്ലാസ്സിൽ സൂചനയുടെ അടിസ്ഥാനത്തിൽ തുടർന്നുള്ള ഭാഗങ്ങൾ പറയുന്നതിനും എഴുതുന്നതിനും സംഘമായി കഥ നിർമിക്കുന്നതിനും ലക്ഷ്യമിടുന്നു.

#### 4.4.2.2.5 കഥയുടെ ആവിഷ്കാരവും പ്രകടനവും

കഥയുടെ ആവിഷ്കാരവുമായി ബന്ധപ്പെട്ട് ഒന്നാംക്ലാസ്സിൽ കഥകളിലെ ചെറുസംഭവങ്ങൾ അഭിനയിച്ചു കാണിക്കാനവസരം ഒരുക്കുന്നു. രണ്ടാംക്ലാസ്സിൽ കഥ സ്വന്തം ഭാഷയിൽ അവതരിപ്പിക്കാനവസരം നൽകുന്നു. മൂന്നാം ക്ലാസ്സിൽ കഥയിലെ ആശയങ്ങൾ പല രീതിയിൽ ആവിഷ്കരിക്കുന്നതിനും, വായിച്ച കഥ നാടകമാക്കി സംഘമായി അവതരിപ്പിക്കുന്നതിനും അവസരമൊരുക്കുന്നു. കഥയിലെ കഥാപാത്രങ്ങളുമായി ബന്ധപ്പെട്ട മറ്റു കഥകൾ കണ്ടെത്തി വിവിധ രീതിയിൽ അവതരിപ്പിക്കുന്നതിനും കഥകൾ റോൾപ്ലേ, നാടകം, മൈമിംഗ്, ചിത്രം, കഥാപ്രസംഗം, ഗാനമേള എന്നീ വ്യത്യസ്തരീതിയിൽ ഒറ്റക്കും സംഘമായും അവതരിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട് (പട്ടിക 6 ).

### 4.4.2.3 പാഠ്യപദ്ധതി പ്രസ്താവനകളുടെ കണ്ടെത്തലുകളുടെ ക്രോഡീകരണം

കഥ കേൾക്കാനുള്ള അവസരം രണ്ടാംക്ലാസ്സ് ഒഴികെ മറ്റു ക്ലാസ്സുകളിൽ ലക്ഷ്യമിടുന്നുണ്ട്. ഭാഷണാനുഭവം എല്ലാ ക്ലാസ്സിലും ഉറപ്പാക്കുന്നുണ്ട്. ഒന്നാം ക്ലാസ്സിൽ ചിത്രങ്ങളിൽ നിന്നും കഥ കണ്ടെത്തിപ്പറയുമ്പോൾ നാലാം ക്ലാസ്സിലെത്തുമ്പോൾ സൂചനയുടെ അടിസ്ഥാനത്തിൽ കഥ ഊഹിച്ചു പറയൽ എന്ന തലത്തിലേക്ക് ഉയരുന്നു. ഒന്നാം ക്ലാസ്സിൽ കൂട്ടുകാരുമൊത്ത് ലഘുകഥകൾ വായിക്കുന്നതിനും മൂന്നാം ക്ലാസ്സിലെത്തുമ്പോൾ കഥ വായിച്ച് കുറിപ്പു തയ്യാറാക്കുന്നതിനും നാലാംക്ലാസ്സിലെത്തുമ്പോൾ സ്വതന്ത്രവായനയ്ക്കും അവസരമൊരുക്കുന്നു. രണ്ടാംക്ലാസ്സിൽ ചിത്രസൂചനകളിൽനിന്ന് കഥ രചിക്കുന്നതിനും നാലാം ക്ലാസ്സിലെത്തുമ്പോൾ സൂചനയുടെ അടിസ്ഥനത്തിലും സ്വതന്ത്രമായും കഥ എഴുതുന്നതിനും അവസരം ലഭിക്കുന്നു. കഥയുടെ ആവിഷ്കാരാനുഭവങ്ങൾ, ഒന്നാം ക്ലാസ്സിൽ കഥയിലെ ചെറുസംഭവങ്ങൾ അഭിനയിച്ചു കാണിക്കുന്നതിനും നാലാംക്ലാസ്സിലെത്തുമ്പോൾ കഥ നാടകം, റോൾപ്ലേ, കഥാപ്രസംഗം എന്നിവയാക്കി അവതരിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇവിടെ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ പ്രകടമായ വളർച്ച ലക്ഷ്യമിടുന്നതായി കാണാം. പാഠ്യപദ്ധതിപ്രസ്താവനകൾ പഠനപ്രവർത്തനങ്ങൾ ഒരുക്കുന്നതിന് കൃത്യമായ ദിശാബോധവും നൽകുന്നുണ്ട്.

## 4.5. കഥ: പ്രവർത്തനങ്ങൾ

കഥ എന്ന വ്യവഹാരരൂപം കുട്ടികൾ സ്വായത്തമാക്കുന്നതിന് പാഠ്യപദ്ധതി ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് ചർച്ച ചെയ്തുവല്ലോ. ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് പാഠപുസ്തകത്തിലും അധ്യാപകസഹായിയിലും നൽകിയിരിക്കുന്നത് എന്നതാണ് ഇവിടെ അന്വേഷിക്കുന്നത്. പ്രവർത്തനങ്ങളെ ഭാഷാശേഷി

കളെ അടിസ്ഥാനമാക്കി ഭാഷണം, വായന, ലേഖനം, ആവിഷ്കാര പ്രകടിതരൂപങ്ങൾ എന്നീ മേഖലകളിലാണ് അധ്യാപകസഹായിയിലും പാഠപുസ്തകത്തിലും നൽകിയിരിക്കുന്നത്. ശ്രവണത്തിനായി പ്രത്യേകം പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ഒരേ ശീർഷകത്തിൽ ഒന്നിലേറെ പ്രവർത്തനങ്ങൾ പല പാഠങ്ങളിലായി വന്നതായി കാണാൻ കഴിയും. അവയെല്ലാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നുമുതൽ നാലുവരെ ക്ലാസിൽ കഥയുമായി ബന്ധപ്പെട്ട് നൂറ്റിപ്പതിനേഴ് പ്രവർത്തനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അവ ഭാഷണം, വായന, ലേഖനം, ആവിഷ്കാരം എന്നീ നാല് മേഖലകളിലായി തരം തിരിക്കുകയും ഓരോ മേഖലയെയും പ്രവർത്തനത്തിന്റെ സ്വഭാവം അനുസരിച്ച് ആശയഗ്രഹണം, സർഗാത്മകതലം, നിരൂപണാത്മക തലം എന്ന് വർഗീകരിച്ചിട്ടുണ്ട്. ഭാഷണം, ലേഖനം എന്നീ മേഖലകളിൽ സർഗാത്മകതലത്തിന് യഥാക്രമം സർഗാത്മകപ്രകടനം, വ്യവഹാര രൂപമാറ്റം എന്നീ ഉൾപ്പിരിവുകൾ കൂടി ചേർത്തിട്ടുണ്ട്. ആകെയുള്ള പ്രവർത്തനത്തിന്റെ സ്വാഭാവിക പരിഗണിക്കുമ്പോൾ ബഹുഭൂരിപക്ഷവും സ്വാഭാവികത നിലനിർത്തുന്ന പ്രവർത്തനങ്ങളാണ്. പ്രകടമായ യാന്ത്രിക സ്വഭാവമുള്ള ഒമ്പതു പ്രവർത്തനങ്ങൾ മാത്രമേ കണ്ടെത്താൻ കഴിഞ്ഞുള്ളൂ. അവ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് (അനു:31). പ്രവർത്തനങ്ങൾ സംബന്ധിച്ച ലഘുവിവരം നൽകിയിട്ടുണ്ട് (അനു: 5, അനു: 31).

**പുതിയ പാഠ്യപദ്ധതി ഘട്ടത്തിലെ ഒന്നുമുതൽ നാലുവരെ ക്ലാസിലെ കഥയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേഖല തിരിച്ചുള്ള എണ്ണത്തിന്റെ പട്ടിക**

**പട്ടിക** 7

| ക്ലാസ് | മേഖല | | | | ആകെ |
|---|---|---|---|---|---|
| | ഭാഷണം | വായന | ലേഖനം | പ്രകടിതരൂപങ്ങൾ | |
| I | 15 | 10 | 1 | 1 | 27 |
| II | 6 | 4 | 11 | 1 | 22 |
| III | 5 | 8 | 5 | 7 | 35 |
| IV | 3 | 7 | 15 | 8 | 33 |
| ആകെ | 29 | 29 | 42 | 17 | 117 |

## 4.5.1 കഥാപ്രവർത്തനങ്ങൾ സംബന്ധിച്ച പൊതുനിരീക്ഷണം

കഥയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൊതുവായ നിരീക്ഷണത്തിനു വിധേയമാക്കുമ്പോൾ താഴെ കൊടുത്ത ആശയങ്ങളിൽ എത്തിച്ചേരാനാവും. കഥയുമായി ബന്ധപ്പെട്ട നൂറ്റിപ്പതിനാറ് പ്രവർത്തനങ്ങളാണ് പാഠപുസ്തകത്തിലും അധ്യാപകസഹായിയിലുമായി നൽകിയിട്ടുള്ളത്. അവ ഭാഷണം, വായന, ലേഖനം, ആവിഷ്കാരവും പ്രകടനവും എന്നീ മേഖലകളിൽ ഉൾപ്പെട്ടവയാണ്. ക്ലാസ്തലത്തിൽ പ്രവർത്തനങ്ങളുടെ വികാസം ഉറപ്പാക്കിയിട്ടുണ്ട്. ക്ലാസ്തല നിരീക്ഷണങ്ങൾ താഴെ കുറിക്കുന്നു.

**4.5.1.1:** കഥ എന്ന വ്യവഹാരരൂപം കുട്ടികൾക്ക് അനുഭവവേദ്യമാക്കുന്നതിനായി ഇരുപത്തിയേഴ് പ്രവർത്തനങ്ങളാണ് ഒന്നാം ക്ലാസിൽ ഒരുക്കിയിരിക്കുന്നത്. അവയിൽ പത്തു പ്രവർത്തനം ചിത്രങ്ങളിൽ നിന്ന് കഥ വികസിപ്പിക്കുന്നതിനുള്ളതാണ്. ഭാഷണത്തിനായി പതിനഞ്ചും വായനക്കായി പത്തും ലേഖനത്തിനും ആവിഷ്കാരത്തിനുമായി ഓരോ പ്രവർത്തനം വീതവുമാണ് ഉള്ളത്. കഥകൾ വായിക്കുന്നതു കേൾക്കുന്നതിന് അവസരമൊരുക്കുന്ന ഒരു പ്രവർത്തനവും പാഠപുസ്തകത്തിലോ അധ്യാപകസഹായിയിലോ ഇല്ല. എന്നാൽ കഥ വായിച്ചുകേൾക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അധ്യാപകസഹായിയിൽ[26] പ്രതിപാദിക്കുന്നുണ്ട്. അതുപോലെ 'കഥയിലെ ചെറുസംഭവങ്ങൾ അഭിനയിച്ചുകാണിക്കുക' എന്ന പാഠ്യപദ്ധതി പ്രസ്താവനയ്ക്കും ഒരു പ്രവർത്തനവും നൽകിയിട്ടില്ല. ഒന്നാംക്ലാസ്സിലെ പാഠ്യപദ്ധതി പ്രസ്താവനകളുമായി ബന്ധമില്ലാത്ത കഥാസദസ്സുകൾ, കുട്ടികളുടെ കഥ, കുറുക്കനും തേളും, കഥാവായന, കഥാ പുനർവായന എന്നീ പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട് (അനു: 31).

**4.5.1.2:** രണ്ടാംക്ലാസ്സിൽ കഥാപ്രവർത്തനങ്ങൾ ഇരുപത്തിരണ്ടെണ്ണം നൽകിയിട്ടുണ്ട്. ഏറ്റവും കുറവു പ്രവർത്തനം നിർദേശിക്കപ്പെട്ട ക്ലാസ്സാണിത്. ഭാഷണത്തിനായി ആറും വായനക്കായി നാലും ലേഖനത്തിന് പതിനൊന്നും പ്രകടനത്തിന് ഒരു പ്രവർത്തനവും നൽകിയിട്ടുണ്ട്. രണ്ടാംക്ലാസ്സിലെ പാഠ്യപദ്ധതി പ്രസ്താവനകളിലുൾപ്പെടാത്ത, ചോദ്യങ്ങളിലൂടെ കഥ വികസിപ്പിക്കൽ, സ്വതന്ത്ര കഥാരചന, കഥയ്ക്കു ശേഷമെന്ത്, കഥാ ചുവർപത്രിക, കഥ പറയൽ, കഥാസന്ദർഭത്തെ സംഭാഷണമാക്കൽ, സാങ്കല്പിക സംഭാഷണം എന്നീ പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്.

26. കേരള സർക്കാർ 27, വിദ്യാഭ്യാസവകുപ്പ് *അധ്യാപകസഹായി സ്റ്റാന്റേർഡ് 1* (തിരുവനന്തപുരം: എസ്.സി.ഇ.ആർ.ടി., 1998) 58

**4.5.1.3:** മൂന്നാം ക്ലാസ്സിൽ കഥയുമായി ബന്ധപ്പെട്ട് മുപ്പത്തിനാല് പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. അവയിൽ അഞ്ചെണ്ണം ഭാഷണത്തിനും വായനക്ക് എട്ടും ലേഖനത്തിന് പതിനഞ്ചും പ്രകടനത്തിന് ഏഴും പ്രവർത്തനങ്ങളാണ് നൽകിയിട്ടുള്ളത്. ആശയഗ്രഹ ണത്തിനായി ചിത്രങ്ങളിൽ നിന്നും കഥ വായിച്ചെടുക്കൽ, കഥ ശേഖരിക്കൽ, ആശയം ഗ്രഹിച്ചു തലക്കെട്ടുനൽകൽ, അറിയുന്ന കഥകൾ എഴുതൽ എന്നീ ശേഷികൾ പാഠ്യപ ദ്ധതി ലക്ഷ്യമിടുന്നുണ്ടെങ്കിലും പാഠപുസ്തകത്തിലും അധ്യാപകസഹായിയിലും അതി നുള്ള പ്രവർത്തനങ്ങൾ ഇല്ല. എന്നാൽ മൂന്നാംക്ലാസിലും പാഠ്യപദ്ധതി പ്രസ്താവനകൾ ഇല്ലാത്ത മേഖലകളിൽ പ്രവർത്തനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഉദാ: അടിക്കുറി പ്പെഴുതാം, പറയാം എഴുതാം, ഇഷ്ടമാണ് ഇഷ്ടമല്ല, ചേർത്ത് വായിക്കാം.[27]

**4.5.1.4:** നാലാം ക്ലാസ്സിൽ മുപ്പത്തിമൂന്ന് പ്രവർത്തനങ്ങളാണ് നൽകിയിട്ടുള്ളത്. അവ യിൽ മൂന്നെണ്ണം ഭാഷണത്തിനും ഏഴെണ്ണം വായനയ്ക്കും പതിനഞ്ചെണ്ണം ലേഖനത്തിനും പ്രകടനത്തിന് എട്ട് പ്രവർത്തനവും നൽകിയിട്ടുണ്ട്. ആശയഗ്രഹണത്തിനായി ബാലസാ ഹിത്യകൃതികൾ വായിക്കുക എന്ന ശേഷി നേടുന്നതിന് നേരിട്ടുള്ള പ്രവർത്തനം നൽകി യിട്ടില്ല. കഥ വ്യത്യസ്തരീതിയിൽ അവതരിപ്പിക്കുന്നതിനായി നൽകിയിട്ടുള്ള മൂകാഭിനയം, കഥാപ്രസംഗം, ഗാനമേള എന്നിവക്ക് പ്രവർത്തനമില്ല. കഥയെ ഗാനമേളയാക്കി മാറ്റി അവ തരിപ്പിക്കുക എന്നതുകൊണ്ട് കുട്ടിയിലുണ്ടാക്കേണ്ട ഭാഷാശേഷിയിലും അതിന്റെ പ്രായോ ഗികതയിലും ആശങ്ക നിലനിൽക്കുന്നു. കഥാവികസനം, കഥ ഊഹിച്ച് എഴുതൽ, കഥ വിലയിരുത്തൽ, അഭിനയം, സംഭാഷണരചന ഇങ്ങനെയുള്ള പ്രവർത്തനങ്ങളുടെ ചാക്രികാ രോഹണം പ്രവർത്തനങ്ങളിൽ ദൃശ്യമാണ് (പട്ടിക 7).

## 4.5.2. കഥ: പ്രവർത്തനങ്ങളുടെ സൂക്ഷ്മവിശകലനം

ഓരോ ക്ലാസ്സിലുള്ള കഥാപ്രവർത്തനങ്ങളെക്കുറിച്ചും പാഠ്യപദ്ധതി പ്രസ്താവനകളും പഠനപ്രവർത്തനങ്ങളും തമ്മിലുള്ള പൊരുത്തവും പൊരുത്തക്കേടുകളുമാണ് മുൻഖണ്ഡ ത്തിൽ ചർച്ച ചെയ്തത്. ഇവിടെ കഥാപ്രവർത്തനങ്ങളെ വിവിധ ശേഷിമേഖലകളുടെ അടിസ്ഥാനത്തിലും പ്രവർത്തനങ്ങളുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിലും സൂക്ഷ്മ വിശകലനത്തിന് വിധേയമാക്കുന്നുണ്ട്. ആകെ നൂറ്റിപ്പതിനേഴ് കഥാപ്രവർത്തനങ്ങളാണ് ഒന്നുമുതൽ നാലുവരെ ക്ലാസ്സിലുള്ള കുട്ടികൾ പഠനവിധേയമാക്കുന്നത്.

27. കേരള സർക്കാർ 29, വിദ്യാഭ്യാസവകുപ്പ് *അധ്യാപകസഹായി, സ്റ്റാന്റേർഡ് 3* (തിരുവനന്തപുരം: എസ്.സി.ഇ.ആർ.ടി., 1999) 34, 63, 97, 161

**4.5.2.1:** ഭാഷണത്തിനായി ഇരുപത്തിയെട്ട് പ്രവർത്തനങ്ങളാണ് നൽകിയിട്ടുള്ളത്. ഇവയിൽ ഇരുപത്തിനാല് പ്രവർത്തനങ്ങൾ സ്വാഭാവികത മുറ്റിനിൽക്കുന്നവയും നാലെണ്ണം യാന്ത്രികതയേറിയവയുമാണ്. അവ സ്വാഭാവിക ഭാഷാപഠനത്തിന് സഹായകമല്ല. ആശയപ്രകടനം, സർഗാത്മകപ്രകടനം, നിരൂപണം എന്നിവക്ക് സഹായകമായ പ്രവർത്തനങ്ങളാണ് നൽകിയിട്ടുള്ളത്. ഇവ രണ്ടാം ക്ലാസ്സിലും ആവർത്തിക്കുന്നു.

കഥാപാത്രങ്ങളിൽ 'ഇഷ്ടപ്പെട്ടതാരെ', വായിച്ച കഥയെക്കുറിച്ചുള്ള 'ചർച്ച' എന്നിവ രണ്ടാംക്ലാസ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആശയഗ്രഹണതലത്തിൽ നിന്നും നിരൂപണാത്മകമായ തലത്തിലേക്കുള്ള വളർച്ചയാണിത്. ഭാഷണമേഖലയിൽ യാന്ത്രികവും അസ്വാഭാവികവുമായ ഭാഷാപ്രവർത്തനങ്ങൾ മൂന്ന്, നാല് ക്ലാസുകളിലുണ്ട് (അനു: 31). ക്രമം തെറ്റിച്ച കഥ ക്രമത്തിലാക്കാനും കഥ തുന്നിച്ചേർക്കാനും നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഇതിൽപെടും. ഒന്നാംക്ലാസ്സിലെ ഭാഷണപ്രവർത്തനങ്ങൾ സർഗാത്മക ഭാഷണത്തിനും പ്രകടനത്തിനും അവസരമൊരുക്കുന്നു. രണ്ടാംക്ലാസ്സിൽ നിരൂപണാത്മകതലത്തിലേക്ക് പ്രവർത്തനങ്ങൾ വളരുന്നുണ്ട്. മൂന്ന്, നാല് ക്ലാസുകളിലെ ഭാഷണപ്രവർത്തനങ്ങൾ ഒന്ന്, രണ്ട് ക്ലാസ്സുകളിലെ പ്രവർത്തനങ്ങളിൽ നിന്നും ഏറെ മുന്നേറിയിട്ടില്ല എന്നു മാത്രമല്ല യാന്ത്രികമായ നാല് പ്രവർത്തനങ്ങൾ മൂന്ന്, നാല് ക്ലാസുകളിലാണ് ഉള്ളത് (അനു:31)

**4.5.2.2:** ഒന്നാം ക്ലാസ്സിൽ കഥാചിത്രം വായിക്കൽ, കഥയുടെ പുനർവായന എന്നീ പ്രവർത്തനങ്ങൾ ഉണ്ട്. രണ്ടാം ക്ലാസ്സിലെ വായന കഥയ്ക്കു ശേഷമെന്തെന്നും കഥക്കുള്ളിലെന്തെന്നും അന്വേഷിക്കുന്നു. വായനയുടെ ആഴവും പരപ്പും വർധിപ്പിക്കുന്നതിനായുള്ള ശ്രമവും രണ്ടാം ക്ലാസ്സിൽ 'വായിക്കാം രസിക്കാം' എന്ന പ്രവർത്തനത്തിലൂടെ ആരംഭിക്കുന്നു. മൂന്നാം ക്ലാസ്സിൽ ഭാവവും അർത്ഥവും അറിഞ്ഞുകൊണ്ട് വായിക്കുന്നതിനും വായന നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് വിലയിരുത്തുന്നതിനും അവസരമൊരുക്കുന്നു. വായനയുടെ ആഴവും പരപ്പും വർദ്ധിപ്പിക്കാനുള്ള ശ്രമം ഈ ക്ലാസിലുമുണ്ട്. ചിത്രങ്ങൾ വ്യാഖ്യാനിച്ച് കഥ പറയാനുള്ള പ്രവർത്തനവും മൂന്നാംക്ലാസിൽ ഉണ്ട്. എന്നാൽ പദങ്ങളും വാക്യങ്ങളും യാന്ത്രികമായി കണ്ടെത്താനുള്ള പ്രവർത്തനം നൽകുന്നു. ഇത് പാഠ്യപദ്ധതി ലക്ഷ്യംവയ്ക്കുന്നില്ല (അനു: 31). നാലാം ക്ലാസ്സിലെത്തുമ്പോൾ വായനാലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള ഉയർന്ന പ്രവർത്തനങ്ങൾ ദൃശ്യമാണ്. വായിച്ച് പ്രധാനാശയങ്ങൾ കണ്ടെത്തൽ, ആവശ്യബോധത്തോടെയുള്ള വായന, സ്വതന്ത്ര വായന ഇവയെല്ലാം മൂന്നാം ക്ലാസ്സിൽ ലഭിച്ച വായനാനുഭവങ്ങളെ ശക്തമാക്കാൻ സഹായിക്കു

ന്നവയാണ്. എന്നാൽ ഇവിടെയും യാന്ത്രികമായി പ്രവർത്തനങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. വായനാപ്രവർത്തനങ്ങളെ അവയുടെ ധർമമനുസരിച്ച് വിലയിരുത്തുമ്പോൾ എല്ലാ ക്ലാസ്സിലും സർഗാത്മകവായനയ്ക്കും ആശയഗ്രഹണവായനയ്ക്കും അവസരമൊരുക്കുന്നു. ആശയഗ്രഹണവായനയ്ക്ക് എല്ലാ ക്ലാസ്സിലും അവസരമൊരുക്കുന്നുണ്ടെങ്കിലും രണ്ടാംതരത്തിൽ യാന്ത്രികമായ ആശയഗ്രഹണത്തിനുള്ള പ്രവർത്തനമാണ് ഒരുക്കിയിരിക്കുന്നത് (ഘെ.... ഘെ... വായന). രണ്ട്, മൂന്ന്, നാല് ക്ലാസ്സുകളിൽ നിരൂപണാത്മക വായനയ്ക്ക് അവസരമൊരുക്കുന്നുണ്ട്. സ്വതന്ത്രവായനയും പ്രോത്സാഹിപ്പിക്കുന്നുണ്ട് വായനാസാമഗ്രിയിൽ ഒന്നാം ക്ലാസ്സിൽ നിന്നും നാലാം ക്ലാസ്സിലെത്തുമ്പോൾ ഗണ്യമായ വളർച്ച പാഠഭാഗങ്ങളിൽ ദൃശ്യമാണ്. രണ്ട്, മൂന്ന്, നാല് ക്ലാസുകളിൽ ആശയഗ്രഹണത്തിനായി യാന്ത്രികമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇരുപത്തൊമ്പത് പ്രവർത്തനങ്ങളാണ് കഥയുമായുള്ള വായനയ്ക്കായി നൽകിയിട്ടുള്ളത്.

**4.5.2.3:** ലേഖനത്തിന് രണ്ടാം ക്ലാസ്സ് മുതലാണ് കൂടുതൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കാണുന്നത്. കഥ ഊഹിച്ചെഴുതാനും കഥയെ സംഭാഷണമാക്കാനും ഈ ക്ലാസിൽ പ്രവർത്തനങ്ങൾ ഉണ്ട്. സ്വതന്ത്രരചനയ്ക്കും കഥാപൂരണത്തിനും ആത്മകഥാരൂപണത്തിലെഴുതാനും മൂന്നാം ക്ലാസ്സിൽ അവസരമൊരുക്കുമ്പോൾ തന്നെ ഉള്ളടക്കപരമായ ചോദ്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന രീതി പാഠപുസ്തകത്തിൽ സ്വീകരിച്ചിരിക്കുന്നതായി കാണാം.[28] നാലാം ക്ലാസ്സിൽ ലേഖനത്തിൽ വൈവിധ്യം കൊണ്ടുവരാനും ലേഖനത്തിന്റെ അളവ് വർധിപ്പിക്കാനും ശ്രമിച്ചിട്ടുണ്ട്. മൂന്നാം ക്ലാസ്സിലെ പ്രവർത്തനങ്ങളുടെ ചാക്രികാരോഹണം സാധ്യമാക്കുന്ന പ്രവർത്തനങ്ങളാണ് കഥ വികസിപ്പിച്ചെഴുതൽ, കഥാപൂരണം, ഇഷ്ടമാണ് എന്തുകൊണ്ട്, ആത്മകഥാരൂപത്തിലെഴുതൽ, റോൾപ്ലേ എന്നിവ. ലേഖനത്തിനായി നൽകിയിരിക്കുന്ന പ്രവർത്തനങ്ങളെ ആശയഗ്രഹണതലം, സർഗാത്മകതലം, നിരൂപണാത്മകതലം എന്നീ മേഖലകളിലായി പ്രവർത്തനങ്ങൾ വിന്യസിച്ചിട്ടുണ്ട്.

കഥാപ്രവർത്തനങ്ങൾ വൈവിധ്യം കൊണ്ടും വൈപുല്യം കൊണ്ടും ശ്രദ്ധേയമാണ്. പഠനപ്രവർത്തനങ്ങളുടെ സവിശേഷതകൾ ഉൾക്കൊള്ളുന്നവയാണ് മിക്ക പ്രവർത്തനങ്ങളും. അടുത്ത അധ്യായത്തിൽ പഠനപ്രവർത്തനങ്ങളെ സൂചകങ്ങൾ വെച്ച് വിലയിരുത്തുന്നുണ്ട്. കഥയുടെ വ്യവഹാരതലങ്ങളെ ഉൾക്കൊള്ളാൻ കഴിയാത്ത ഒറ്റപ്പെട്ട പ്രവർത്തനങ്ങളും ഈ ക്ലാസ്സുകളിൽ വന്നിട്ടുണ്ട്. ക്രമം തെറ്റിച്ചുനൽകിയ വാക്യങ്ങൾ ക്രമപ്പെടുത്തൽ, ഒറ്റപ്പെട്ട പദം പറഞ്ഞ് കഥയുണ്ടാക്കൽ, പദം/വാക്യം എന്നിവ കണ്ടെത്തൽ തുട

28. എന്ത്? എങ്ങനെ? എന്തുകൊണ്ട്? (കേരള സർക്കാർ 29 16)

ങ്ങിയവ ജൈവസ്വഭാവമില്ലാത്ത പ്രവർത്തനങ്ങളാണ്. അവ നിശ്ചിത വ്യവഹാരരൂപങ്ങളുടെ സ്വാംശീകരണത്തിന് സഹായിക്കില്ല. ഉള്ളടക്കം ഉൾക്കൊള്ളുന്ന ചോദ്യങ്ങളും ഈ വിഭാഗത്തിൽ പെടും. പ്രവർത്തനങ്ങൾക്ക് കൃത്യമായ നിർദ്ദേശങ്ങളും പ്രക്രിയയും നൽകിയതായി കാണുന്നില്ല.[29] ഇതും ഒരു പരിമിതിയാണ്.

## 4.5.3 കഥയുടെ നിലവാരം ക്ലാസ്സുകളിൽ

ഒന്നുമുതൽ നാലു വരെ ക്ലാസ്സുകളിൽ മുപ്പത്തിയൊന്ന് കഥകൾ പഠിക്കാനായി ഒരുക്കിയിട്ടുണ്ട്. അവയിൽ ഓരോ ക്ലാസ്സിലും കുട്ടികളുടെ നിലവാരമനുസരിച്ചുള്ള വ്യത്യാസം കാണാൻ കഴിയും. ഉള്ളടക്കം, ഘടന, ഭാഷാപരമായ പ്രത്യേകതകൾ എന്നിവയിലെല്ലാം എത്രമാത്രം വളർച്ച പ്രതിഫലിക്കുന്നു എന്ന് കണ്ടെത്തേണ്ടതുണ്ട്.

### 4.5.3.1. വിശകലനവും കണ്ടെത്തലും

കഥയുടെ ഏതെല്ലാം തലങ്ങളിലാണ് വളർച്ച ദൃശ്യമാകുന്നത് എന്ന് കണ്ടെത്തുന്നതിനായി ഒന്നാം ക്ലാസ്സിലെയും നാലാം ക്ലാസ്സിലെയും ഓരോ കഥകൾ വിശകലനവിധേയമാക്കുന്നുണ്ട്. ഒന്നാം ക്ലാസ്സിലെ 'മത്തങ്ങമുത്തശ്ശിയും' നാലാം ക്ലാസ്സിലെ 'ചെറുങ്ങോരൻ' എന്ന കഥയുമാണ് വിശകലനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. രണ്ടു കഥകളും നിർദിഷ്ട ക്ലാസിലെ കുട്ടികൾക്ക് ഉൾക്കൊള്ളാവുന്നതാണ്. മത്തങ്ങമുത്തശ്ശിയിലെ പ്രമേയം പേരമക്കളെ കാണാൻ പോകുന്ന മുത്തശ്ശി വന്യമൃഗങ്ങളുടെ മുന്നിൽ പെട്ടു വിഷമിക്കുന്നതാണ്.  ഉദ്വേഗം നിറഞ്ഞതും കഥ തുടർന്ന് വികസിപ്പിക്കാൻ സാധ്യതയുള്ളതുമാണ്. 'ചെറുങ്ങോരൻ' എന്ന കഥ നാലാം ക്ലാസ്സിലെ കുട്ടികൾക്ക് ഇഷ്ടമാവും. വീരനായകത്വം കല്പിക്കുന്നുണ്ട്. ചെറുങ്ങോരത്തെ തന്തത്തെങ്ങും സജീവമായ കഥാപാത്രമാണ്. ചെറുങ്ങോരന്റെ കുട്ടികളോടുള്ള സ്നേഹം, അവരുടെ ഇഷ്ടം സാക്ഷാത്കരിക്കാനായി നടത്തുന്ന സാഹസികമായ തെങ്ങുകയറ്റം. ചെറുങ്ങോരനെ തോൽപിച്ച് മുന്നേറുന്ന തന്തത്തെങ്ങ് എല്ലാം ഭാവനയുടെ ചിറകിലേറ്റി കുട്ടികളെ കൊണ്ടുപോകും.

29. കഥ പറയാം (കേരള സർക്കാർ 29  87)

**പട്ടിക 8**

| **മത്തങ്ങമുത്തശ്ശി**[30] | **ചെറുങ്ങോരൻ**[31] |
|---|---|
| ലഘുപദങ്ങൾ, ലളിതവാക്യങ്ങൾ | സങ്കീർണവാക്യങ്ങൾ |
| സംഭവങ്ങൾ കുറവ് | കൂടുതൽ സംഭവങ്ങൾ |
| നേരിട്ടുള്ള അവതരണം | ആലങ്കാരികമായ അവതരണം.<br>(ശൈലികൾ, പ്രയോഗങ്ങൾ)<br>കഥാപാത്രത്തെ കൃത്യമായി അവതരണം<br>(ചെറുങ്ങോരൻ, തന്തത്തെങ്ങ്) |
| നാലു കഥാപാത്രങ്ങൾ | പത്തോളം കഥാപാത്രങ്ങൾ |
| മൃഗങ്ങളുമായി സംഭാഷണം | അചേതനവസ്തുക്കൾക്ക് ചേതന ആരോപിക്കൽ |
| ആഖ്യാനത്തിനിടയിൽ ഭാഷണം | ആഖ്യാനത്തിനിടയിൽ സംഭാഷണം |
| ചെറിയ കഥ | ദൈർഘ്യമുള്ള കഥ |
| പ്രത്യേകം ഗുണപാഠമില്ല | ഗുണപാഠം വ്യംഗ്യമായി അവതരിപ്പിക്കുന്നു. |
| തുറന്ന പാഠം.<br>തുടർപഠന സാധ്യതയുണ്ട് | തുറന്ന പാഠം.<br>തുടർപഠന സാധ്യതയുണ്ട്. |
| കുട്ടികളോടുള്ള വാത്സല്യം. | കുട്ടികളോടുള്ള സ്നേഹം നിറഞ്ഞ സമീപനം. |

30. കേരള സർക്കാർ 23, വിദ്യാഭ്യാസവകുപ്പ്, *പാഠപുസ്തകം സ്റ്റാന്റേർഡ് 1* (തിരുവനന്തപുരം: എസ്.സി.ഇ.ആർ.ടി., 1998)
31. കേരള സർക്കാർ 23 വിദ്യാഭ്യാസവകുപ്പ്, *പാഠപുസ്തകം സ്റ്റാന്റേർഡ് 4* (തിരുവനന്തപുരം: എസ്.സി.ഇ.ആർ.ടി., 1999)

## 4.5 ഉപസംഹാരം

ഭാഷാസമഗ്രതാദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള രീതി ഈ അധ്യായത്തിൽ പരിചയപ്പെടുത്തുന്നുണ്ട്. വ്യവഹാരരൂപങ്ങളിലൂന്നിയ ഭാഷാപഠനമാണ് ഭാഷാസമഗ്രതാദർശനം നിർദേശിക്കുന്നത്. പുതിയ പാഠ്യപദ്ധതിയിൽ ഇതിന്റെ സാധ്യത എത്രമാത്രമുണ്ടെന്ന് അന്വേഷിക്കുന്നതിന് 'കഥ' എന്ന വ്യവഹാരരൂപം വിശകലനം ചെയ്യുകയും പാഠ്യപദ്ധതി, പഠനപ്രവർത്തനങ്ങൾ, ഉള്ളടക്കം, ഘടന എന്നീ ഘടകങ്ങളുടെ വളർച്ച, സവിശേഷതകൾ, പരിമിതികൾ എന്നിവ ക്രോഡീകരിക്കുകയും ചെയ്യും. വ്യവഹാരരൂപത്തിലധിഷ്ഠിതമായ പഠനത്തിന് സഹായകമല്ലാത്ത ചില പ്രവർത്തനങ്ങൾ ഒഴിച്ചുനിർത്തിയാൽ വ്യവഹാരപഠനം സാധ്യമാകുന്ന തരത്തിലാണ് പാഠ്യപദ്ധതിയും പഠനസാമഗ്രികളും രൂപകല്പന ചെയ്തിട്ടുള്ളതെന്നു വ്യക്തമാവും. എന്നാൽ, ആധുനിക ഭാഷാശാസ്ത്ര-മനഃശാസ്ത്രതലത്തിലുള്ള പാഠ്യപദ്ധതിവിശകലനം കാര്യക്ഷമമായി നിർവഹിക്കണമെങ്കിൽ പാഠ്യപദ്ധതിയുടെ എല്ലാ ഘടകങ്ങളെയും നിഷ്കൃഷ്ടമായി വിലയിരുത്തേണ്ടതുണ്ട്. ഇതിനായി ആധുനിക ഭാഷാശാസ്ത്ര-മനഃശാസ്ത്ര സിദ്ധാന്തങ്ങളുടെയും ദർശനങ്ങളുടെയും പിൻബലത്തിൽ സൂചകങ്ങൾ വികസിപ്പിച്ച് വിലയിരുത്തണം. അടുത്ത അധ്യായത്തിൽ അത് നിർവഹിക്കാനാണ് ഉദ്ദേശിക്കുന്നത്.

## അധ്യായം അഞ്ച്

# പുതിയ പാഠ്യപദ്ധതി: സൈദ്ധാന്തിക മൂല്യനിർണയം

# 5. പുതിയ പാഠ്യപദ്ധതി: സൈദ്ധാന്തിക മൂല്യനിർണയം

## 5.0 ആമുഖം

1997ലെ ലോവർ പ്രൈമറി പാഠ്യപദ്ധതി ആധുനിക ഭാഷാശാസ്ത്ര-മനഃശാസ്ത്ര സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത്, മാതൃഭാഷാ സ്വീകരണത്തിൽ പാഠ്യപദ്ധതിക്കുള്ള പങ്ക് തിരിച്ചറിയുകയാണ് ഈ ഗവേഷണത്തിന്റെ മുഖ്യലക്ഷ്യം. രണ്ടാമധ്യായത്തിൽ പുതിയ പാഠ്യപദ്ധതി പരിചയപ്പെടുത്തുകയും നാലാമധ്യായത്തിൽ വ്യവഹാരരൂപത്തിലുള്ള പഠനം എങ്ങനെയാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്ന്, കണ്ടെത്തുകയും ചെയ്തു. മൂന്നാമധ്യായത്തിലും നാലാമധ്യായത്തിന്റെ ആദ്യഭാഗത്തും ചർച്ച ചെയ്ത പാഠ്യപദ്ധതിയുടെ ഭാഷാശാസ്ത്ര-മനഃശാസ്ത്ര സിദ്ധാന്തങ്ങളുടെയും ദർശനങ്ങളുടെയും പിൻബലത്തിൽ തയ്യാറാക്കിയ സൂചകങ്ങൾ വെച്ച് പുതിയ പാഠ്യപദ്ധതിയുടെ വിവിധ ഘടകങ്ങളെ വിലയിരുത്തുകയാണ് ഈ അധ്യായത്തിൽ. ഭാഷാപഠനലക്ഷ്യം, കുട്ടിയും ഭാഷാപഠനവും, അധ്യാപകനും ആസൂത്രണവും, പഠനരീതിയും പഠനപ്രക്രിയയും പഠനതന്ത്രങ്ങളും, പാഠപുസ്തകവും പഠനസാമഗ്രികളും, പഠനപ്രവർത്തനങ്ങൾ, മൂല്യനിർണയം എന്നീ ഏഴു മേഖലകളിലായാണ് വിലയിരുത്തൽ സൂചകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. വിവിധ മേഖലകളിലായി സൂചകങ്ങൾ വികസിപ്പിച്ചിട്ടുണ്ടെങ്കിലും അവ പരസ്പരം ബന്ധമുള്ളവയാണ്. പല സൂചകങ്ങളും ഒന്നിലേറെ മേഖലകൾക്ക് അനുയോജ്യമായെന്നും വരാം. അതിനാൽ ഏറ്റവും അനുയോജ്യമായ മേഖലയിലാണ് അവ ചേർത്തിട്ടുള്ളത്. ഈ പരിമിതി പരിഹരിക്കുന്നതിനായി ഒന്നും രണ്ടും അധ്യായത്തിൽ വിശകലനത്തിനായി തെരഞ്ഞെടുത്ത മേഖലകളിൽ ചിലത് കൂട്ടിച്ചേർത്താണ് വിലയിരുത്തൽ മേഖല നിർണയിച്ചിട്ടുള്ളത്. ഓരോ മേഖലയിലും വിശകലനത്തിനായി രൂപപ്പെടുത്തിയ സൂചകങ്ങൾ ആദ്യം പരിചയപ്പെടുത്തുകയും തുടർന്ന് ഓരോ സൂചകവുമുപയോഗിച്ച് പാഠ്യപദ്ധതിഘടകങ്ങളെ വിലയിരുത്തുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്.

## 5.1 വിലയിരുത്തൽ മേഖല: ഭാഷാപഠനലക്ഷ്യം

5.1.1 വിവിധ ക്ലാസ്സുകളിലെ ഭാഷാപഠനലക്ഷ്യങ്ങൾ വ്യക്തതയോടെ നിർണയിച്ചിട്ടുണ്ട്.

5.1.2 സമഗ്രതയിൽനിന്നും ഘടകങ്ങളിലേക്ക് എന്ന തത്ത്വം അംഗീകരിക്കുന്നുണ്ട്.

5.1.3 വ്യവഹാരരൂപത്തിലധിഷ്ഠിതമായ പഠനത്തിന് ലക്ഷ്യമിടുന്നുണ്ട്.

5.1.4 ഭാഷയുടെ പ്രാദേശിക വൈവിധ്യത്തെ/ഭാഷാഭേദങ്ങളെ അംഗീകരിച്ചുകൊണ്ടുള്ള സമീപനമാണ് സ്വീകരിക്കുന്നത്.

5.1.5 കുട്ടികളുടെ ചിന്ത, സർഗശേഷി എന്നിവ ഉണർത്തുന്ന വായനയിലേക്ക് കുട്ടിയെ എത്തിക്കുവാൻ ലക്ഷ്യമിടുന്നുണ്ട്.

5.1.6 ഭാഷയുടെ ആവിഷ്കാരത്തിനും പ്രകടനത്തിനും പ്രാധാന്യം നൽകുന്നുണ്ട്.

5.1.7 ഭാഷയുടെ സാംസ്കാരിക പശ്ചാത്തലത്തിനുള്ള പ്രാധാന്യം ഉൾക്കൊണ്ടിട്ടുണ്ട്.

### 5.1.1 വിവിധ ക്ലാസ്സുകളിലെ ഭാഷാപഠനലക്ഷ്യങ്ങൾ വ്യക്തതയോടെ നിർണയിച്ചിട്ടുണ്ട്

ഭാഷാപഠനലക്ഷ്യങ്ങൾ വ്യക്തതയോടെ നിർണയിക്കുന്നതിന് പുതിയ പാഠ്യപദ്ധതിയിൽ ശ്രമം നടന്നിട്ടുണ്ട്. ശ്രവണം, ഭാഷണം, വായന, ലേഖനം, സർഗാത്മകത എന്നീ അഞ്ചു മേഖലകളിലായി ഓരോ ക്ലാസ്സിലും നേടേണ്ട ഭാഷാശേഷികൾ പ്രസ്താവനാരൂപത്തിൽ നൽകിയിട്ടുണ്ട് (അനു: 9). ലക്ഷ്യങ്ങൾ കൃത്യമായി നേടുന്നതിനാവശ്യമായ പഠനാനുഭവങ്ങൾ ഒരുക്കുന്നതിൽ അധ്യാപകന് ദിശാബോധം നൽകാൻ ഇതുകൊണ്ട് സാധിക്കുന്നു. കുട്ടിയുടെ ഭാഷാപരമായ വളർച്ചയെ അതതു ഘട്ടങ്ങളിൽ വിലയിരുത്തി തുടരനുഭവങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഇതു സഹായകമാണ്.

എന്നാൽ, ചിലയിടത്ത് നടക്കേണ്ട മാനസികപ്രവർത്തനങ്ങളുടെ സൂചനയില്ലാത്ത പ്രസ്താവനകൾ ലക്ഷ്യങ്ങളായി ചേർത്തിട്ടുണ്ട്. ഇത് ലക്ഷ്യപ്രസ്താവനകളുടെ വ്യക്തത കുറയ്ക്കാൻ കാരണമായിട്ടുണ്ട്. ഭാഷാശേഷികളെ ആശയസ്വീകരണം, ആശയപ്രകടനം, സർഗാത്മക പ്രകടനം എന്ന് തരംതിരിച്ചത് ഭാഷാസമഗ്രത എന്ന സങ്കല്പത്തിന് അനുയോജ്യമല്ല.[1]

---

1. കേരള സർക്കാർ 28, വിദ്യാഭ്യാസവകുപ്പ്, *അധ്യാപകസഹായി, സ്റ്റാന്റേർഡ് 2*, (തിരുവനന്തപുരം: എസ്.സി.ഇ.ആർ.ടി, 1998) 202

### 5.1.2. സമഗ്രതയിൽനിന്ന് ഘടകങ്ങളിലേക്ക് എന്ന തത്ത്വം അംഗീകരിക്കുന്നുണ്ട്

സമഗ്രതയിൽനിന്നും ഘടകങ്ങളിലേക്ക് എന്ന തത്ത്വം അംഗീകരിക്കുന്ന ഭാഷാസമഗ്രതാദർശനത്തെ അടിസ്ഥാനമാക്കിയാണ് ഭാഷാപഠനലക്ഷ്യങ്ങൾ നിർണയിച്ചിട്ടുള്ളത്. ഫലപ്രദമായ ആശയവിനിമയമാണ് ഭാഷാപഠനത്തിന്റെ പ്രാഥമികഘട്ടത്തിൽ ലക്ഷ്യമിടുന്നത് എന്ന് വ്യക്തമാക്കുന്നുണ്ട് (2.1). ഭാഷാവ്യവഹാരരൂപങ്ങളിലൂടെ ഭാഷാഘടകങ്ങളും വസ്തുതകളും സ്വായത്തമാക്കുന്നതും ആശയാവതരണത്തിലൂടെ വാക്യങ്ങളും പദങ്ങളും അക്ഷരങ്ങളും തിരിച്ചറിയുന്നതും ഈ സമീപനത്തിന്റെ ഭാഗമാണ്. ഒന്നാം ക്ലാസ്സിൽ കുട്ടിയുടെ മുമ്പിൽ കഥകളും കവിതകളുമാണ് അവതരിപ്പിക്കുന്നത്. ഇവയുമായി ബന്ധപ്പെട്ട് ചൊല്ലൽ, അഭിനയം, ചിത്രംവര തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കടന്നുപോയി വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്ന ക്രമത്തിൽ തിരിച്ചറിവുണ്ടാക്കുകയാണ് ചെയ്യുന്നത്. അക്ഷരമെന്ന ഭാഷാഘടകത്തെ നേരിട്ടവതരിപ്പിക്കുന്നതിനു പകരം സമഗ്രത ഉണർത്തുന്ന ഒരു വ്യവഹാരരുപത്തിൽ നിന്നും സ്വാഭാവികമായി അതിലെത്താൻ അവസരമൊരുക്കുന്നു. ( 2.4.4.2.4.)

### 5.1.3. വ്യവഹാരരൂപത്തിലധിഷ്ഠിതമായ പഠനത്തിന് ലക്ഷ്യമിടുന്നുണ്ട്

വ്യവഹാരരൂപങ്ങളിലൂന്നിയ പഠനത്തിന് പാഠ്യപദ്ധതി ലക്ഷ്യമിടുന്നുണ്ട്. എന്നാൽ പൂർണമായും വ്യവഹാരരൂപത്തെ കേന്ദ്രീകരിച്ചല്ല ലക്ഷ്യപ്രസ്താവനകൾ നൽകിയിട്ടുള്ളത് എന്ന പരിമിതി നിലനിൽക്കുന്നുണ്ട്. ഓരോ ക്ലാസ്സിലും വൈവിധ്യമാർന്ന വ്യവഹാരരൂപങ്ങൾ ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട് (പട്ടിക 4). ചില ലക്ഷ്യപ്രസ്താവനകൾ വ്യവഹാരരൂപങ്ങളെ അടിസ്ഥാനമാക്കിയല്ല തയ്യാറാക്കിയിട്ടുള്ളത്.[2]

### 5.1.4. ഭാഷയുടെ പ്രാദേശിക വൈവിധ്യത്തെ / ഭാഷാഭേദങ്ങളെ അംഗീകരിച്ചുകൊണ്ടുള്ള സമീപനമാണ് സ്വീകരിക്കുന്നത്

പ്രാദേശികഭാഷ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സഹായകമായ ഭാഷാസമീപനമാണ് പുതിയ പാഠ്യപദ്ധതി കൈക്കൊണ്ടിട്ടുള്ളത് (2.4.3.)

നാടൻ പാട്ടുകൾ, പഴഞ്ചൊല്ലുകൾ, കടംകഥകൾ, നാട്ടറിവുകൾ, പ്രയോഗങ്ങൾ എന്നിവ ഭാഷാപഠനത്തിന്റെ ഭാഗമാവുന്നത് പ്രാദേശിക ഭാഷയ്ക്ക് നൽകിയ പ്രാധാന്യമാണ് വെളി

---

2. ഉദാ: പദങ്ങൾ ക്രമപ്പെടുത്തി വാക്യങ്ങൾ നിർമിക്കുന്നതിന്, വാക്യങ്ങൾ എഴുതുന്നതിന്, ചോദ്യങ്ങൾക്ക് പൂർണവാക്യത്തിൽ ഉത്തരമെഴുതുന്നതിന് (ക്ലാസ്സ് രണ്ട്). പദങ്ങൾ അർത്ഥപൂർണമായി സംയോജിപ്പിച്ച് വാക്യങ്ങൾ നിർമിക്കുന്നതിന് (ക്ലാസ്സ് മൂന്ന്). എങ്കിലും ഇരുപത്തിയെട്ട് വ്യവഹാരരൂപങ്ങൾ നാലാം ക്ലാസ്സിലെത്തുമ്പോഴേക്കും കുട്ടി പരിചയപ്പെടുന്നുണ്ട്. [കേരള സർക്കാർ 31, വിദ്യാഭ്യാസവകുപ്പ്, *പ്രാഥമികവിദ്യാഭ്യാസ പാഠ്യപദ്ധതി* (തിരുവനന്തപുരം: ഡി.പി.ഇ.പി., 1997)].

പ്പെടുത്തുന്നത്. ക്ലാസ്സ് മുറിയിൽ അധ്യാപിക ഉപയോഗിക്കുന്ന ഭാഷയുടെ കാര്യത്തിൽ കുട്ടിയുടെ സമീപപരിസരത്തിലെ ഭാഷക്കു നൽകേണ്ട പരിഗണനയുടെ പ്രാധാന്യവും അധ്യാപകസഹായിയിൽ എടുത്തുപറയുന്നുണ്ട്.[3]

### 5.1.5. കുട്ടികളുടെ ചിന്ത, സർഗശേഷി എന്നിവ ഉണർത്തുന്ന വായനയിലേക്ക് കുട്ടിയെ എത്തിക്കാൻ ലക്ഷ്യമിടുന്നുണ്ട്

നാലാം ക്ലാസ്സ് കഴിയുമ്പോഴേക്കും കേവലവായനയ്ക്കപ്പുറം വായനയുടെ വിവിധതലങ്ങളിലേക്ക് കുട്ടിയുടെ കഴിവു വളർത്താൻ പാഠ്യപദ്ധതി ലക്ഷ്യമിടുന്നു. പാഠപുസ്തകത്തിലെ പാഠങ്ങൾക്കുപുറമെ ബാലസാഹിത്യകൃതികൾ തുടങ്ങിയ സർഗാത്മക സാഹിത്യസൃഷ്ടികൾ വായിച്ച് ആസ്വദിക്കാനും പ്രകടിപ്പിക്കാനുമുള്ള കഴിവ് കുട്ടി നേടണം. ഇതിലേക്ക് നയിക്കാനായി 'വായിക്കാം രസിക്കാം' എന്ന പേരിൽ പാഠപുസ്തകത്തിൽ തന്നെ ചില സൃഷ്ടികൾ ചേർത്തിരിക്കുന്നു. കൂടാതെ ക്ലാസ്സ് ലൈബ്രറിയിൽ ഇത്തരം പുസ്തകങ്ങൾ ഒരുക്കി കുട്ടികളുടെ വായനശേഷി വർധിപ്പിക്കാനും നിർദ്ദേശിക്കുന്നു. വായനാമൂലയും വായനാക്കൂട്ടവും ക്രമേണ മികച്ച ബാലസാഹിത്യകൃതികളുടെ വായനാവസരങ്ങളൊരുക്കുന്ന ഇടങ്ങളായി മാറണമെന്ന് അധ്യാപകസഹായിയിൽ വിശദമാക്കുന്നുണ്ട്.[4] കഥയുടെ അപ്പുറത്തേക്ക്, അറിഞ്ഞുവായന കഥയുടെ പുനർവായന, വായിച്ച കഥയെക്കുറിച്ച് ചർച്ച, ഇഷ്ടപ്പെട്ട കഥാപാത്രം ചർച്ച തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിന് സഹായിക്കുന്നവയാണ് (അനു: 9).

### 5.1.6. ഭാഷയുടെ ആവിഷ്കാരത്തിനും പ്രകടനത്തിനും പ്രാധാന്യം നൽകുന്നുണ്ട്

അർത്ഥപൂർണമായ സന്ദർഭങ്ങളിൽ വ്യത്യസ്ത രൂപത്തിൽ ഭാഷ ആവിഷ്ക്കരിക്കാനും പ്രകടിപ്പിക്കാനും അവസരമൊരുക്കുന്നതിന് പാഠ്യപദ്ധതി നിർദ്ദേശിക്കുന്നുണ്ട്. പാഠ്യപദ്ധതി പ്രസ്താവനകൾ ഇതിന് തെളിവേകുന്നു. ഉദാ: കഥകൾ, കവിതകൾ, സംഭവങ്ങൾ തുടങ്ങിയവ വ്യത്യസ്ത രീതിയിൽ -റോൾപ്ലേ, നാടകം, മൈമിംഗ്, ചിത്രം, കഥാപ്രസംഗം- ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നതിന് (അനു: 9) കഥ അവതരിപ്പിക്കൽ, സന്ദർഭത്തിൽനിന്നും കഥയുണ്ടാക്കൽ, കടങ്കഥകൾ നിർമിക്കൽ, കവിതാപൂരണം എന്നിവയക്ക് അവസരമൊരുക്കാനുള്ള നിർദ്ദേശം എന്നിവ പാഠ്യപദ്ധതി പ്രസ്താവനയിലും പ്രവർത്തനങ്ങൾ, പാഠപുസ്തകം, അധ്യാപകസഹായി എന്നിവയിലും നൽകിയിട്ടുണ്ട് (അനു: 9, 28).

---

3. കേരള സർക്കാർ 29, വിദ്യാഭ്യാസവകുപ്പ്, *അധ്യാപകസഹായി, സ്റ്റാന്റേർഡ് 3*, (തിരുവനന്തപുരം: എസ്.സി.ഇ.ആർ.ടി. 1999) 23

4. കേരള സർക്കാർ 29 26-27

### 5.1.7 ഭാഷയുടെ സാംസ്കാരിക പശ്ചാത്തലത്തിനുള്ള പ്രാധാന്യം ഉൾക്കൊണ്ടിട്ടുണ്ട്

ഭാഷാ ഓരോ സമൂഹത്തിന്റെയും സാംസ്കാരികമായ ഉല്പന്നമാണെന്നും അതേസമയം സാംസ്കാരിക വിനിമയത്തിനുള്ള ഉപാധിയാണെന്നുമുള്ള സമീപനം പാഠ്യപദ്ധതിയിൽ നിഴലിക്കുന്നുണ്ട്. പഠനപ്രക്രിയയിൽ, കുട്ടി ജനിച്ചുവളർന്ന സംസ്കാരം, തനിമ, ഭാഷാസമ്പത്ത്, അതിന്റെ വായ്മൊഴി എന്നിവ പരിഗണിക്കണമെന്ന് പാഠ്യപദ്ധതി പ്രത്യേകം നിർദ്ദേശിക്കുന്നു.[5] കേരളത്തിന് പൊതുവായി തയ്യാറാക്കിയ പാഠപുസ്തകം ഉപയോഗിക്കുമ്പോൾ തന്നെ ഇക്കാര്യം പരിഗണിക്കാൻ അധ്യാപകസഹായി നിർദ്ദേശിക്കുന്നു. ഒരു പ്രത്യേക പ്രദേശത്തെ കുട്ടിക്കു സാംസ്കാരിക അനുഭവസീമയിൽ വരാത്ത പാഠങ്ങൾക്കു പകരം അവിടത്തെ സാംസ്കാരികത്തനിമ ഉൾക്കൊള്ളുന്ന പാഠങ്ങൾ (പ്രാദേശിക പാഠങ്ങൾ) പകരമായി ഉപയോഗിക്കേണ്ടതിന്റെ ആവശ്യതകയും തയ്യാറാക്കേണ്ടതിന്റെ രീതിശാസ്ത്രവും അധ്യാപകസഹായിയിൽ വിശദമാക്കുന്നുണ്ട്.[6] ക്ലാസ്സുമുറിയിൽ അധ്യാപിക ആ പ്രദേശത്തെ ഭാഷയിൽ ആശയവിനിമയം നടത്തുകയും കുട്ടി അവന്റെ ഭാഷയിൽ ഉപയോഗിക്കുന്ന പ്രാദേശിക/ഗ്രാമ്യപദങ്ങളെ അംഗീകരിക്കുകയും ചെയ്യണം. കുട്ടിയുടെ ഭാഷാപ്രകടനങ്ങളിൽ വരുന്ന പ്രാദേശിക ഭേദങ്ങളെ അപ്പപ്പോൾ തിരുത്തേണ്ടതല്ലെന്ന് നിർദ്ദേശവും ഭാഷയുടെ സാംസ്കാരിക തലത്തിനു നൽകിയ പ്രാധാന്യം ശരിവയ്ക്കുന്നു.

## 5.2. വിലയിരുത്തൽ മേഖല: കുട്ടിയും ഭാഷാപഠനവും

5.2.1 കുട്ടിയുടെ പ്രകൃതം പരിഗണിച്ചുകൊണ്ടുള്ള ഭാഷാപഠനത്തിന് അവസരമുണ്ട്.

5.2.2 പഠനപ്രവർത്തനം നിർണയിക്കുന്നതിൽ കുട്ടിയുടെ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്.

5.2.3 ഭാഷാപഠനത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ (സി.ഡബ്ല്യൂ.എസ്.എൻ.) പരിഗണിക്കുന്നുണ്ട്.

5.2.4 യാതൊരു തരത്തിലുള്ള വിവേചനവും കൂടാതെ എല്ലാവർക്കും തുല്യപരിഗണന ഉറപ്പാക്കുന്നുണ്ട്.

5.2.5. അനൗപചാരികമായ അന്തരീക്ഷത്തിലുള്ള ഭാഷാപഠനത്തിനാണ് ഊന്നൽ.

5.2.6. സ്വാഭാവികമായ ഭാഷാപ്രയോഗത്തിന് അവസരമുണ്ട്.

5.2.7. ഭാഷാശേഷികളുടെയും വ്യവഹാരരൂപങ്ങളുടെയും ചാക്രികാരോഹണം ഉറപ്പാക്കുന്നുണ്ട്.

---

5. കേരള സർക്കാർ 31 11
6. കേരള സർക്കാർ 29 10

5.2.8 ഭാഷയെ ഭാഷാവസ്തുതകളായല്ല, വ്യവഹാരരൂപങ്ങളായി വിനിമയം ചെയ്യുന്നതിനാണ് വിഭാവനം ചെയ്യുന്നത്.

5.2.9 ഭാഷാവസ്തുതകൾ അബോധപൂർവമായി സ്വാംശീകരിക്കാനവസരം നൽകുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്.

5.2.10 ഭാഷയെക്കുറിച്ചു പഠിക്കുന്നതിനല്ല, ഭാഷ പഠിക്കുന്നതിനാണ് ഊന്നൽ.

## 5.2.1 കുട്ടിയുടെ പ്രകൃതം പരിഗണിച്ചുകൊണ്ടുള്ള ഭാഷാപഠനത്തിന് അവസരമുണ്ട്

കുട്ടിയുടെ പ്രകൃതം പരിഗണിച്ചുള്ള ഇടപെടലാണ് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത്. പഠനപ്രവർത്തനങ്ങൾ നിർണയിക്കുന്നതിൽ, പാഠപുസ്തക രചനയിൽ, പഠനരീതി നിർണയിക്കുന്നതിൽ മൂല്യനിർണയത്തിൽ എല്ലാം ഈ ഘടകം പരിഗണിച്ചിട്ടുണ്ട്. പ്രകൃതം സംബന്ധിച്ച കാഴ്ചപ്പാടുകളും ആശയങ്ങളും പാഠ്യപദ്ധതി വ്യക്തമാക്കുന്നുണ്ട് (2.2). കളികളിലുള്ള കുട്ടിയുടെ താല്പര്യം ചൂഷണം ചെയ്ത് പങ്കാളിത്തം ഉറപ്പുവരുത്തുന്ന തരത്തിലുള്ള നിരവധി പഠനപ്രവർത്തനങ്ങൾ പാഠപുസ്തകം, അധ്യാപകസഹായി എന്നിവയിലുണ്ട്. ചോദ്യോത്തരപയറ്റ്, അഭിനയസാധ്യതകൾ, മേനിപറച്ചിൽ, കടങ്കഥാകേളി, പഴഞ്ചൊൽപ്പയറ്റ്, കവിതയ്ക്ക് ഈണം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ കളിയിലെ മത്സരബുദ്ധി, ജയിക്കാനുള്ള ആഗ്രഹം, പരസ്പരസഹായം, ചലനാത്മകത, കൂട്ടായ്മയുടെ ആത്മവിശ്വാസം എന്നീ പ്രത്യേകതകൾക്കെല്ലാം അവസരമൊരുക്കുന്നു. ഈ പ്രായത്തിലുള്ള കുട്ടിയുടെ ഭാവനയ്ക്ക് ഇടംനൽകുന്ന പാഠങ്ങൾ (കഥ, കവിത, വർണന) ധാരാളമായി പാഠപുസ്തകത്തിലും അധ്യാപകസഹായിയിലുമുണ്ട്. കഥയുടെ ആദ്യഭാഗം കണ്ടെത്തി എഴുതൽ, ബാക്കിഭാഗം പൂരിപ്പിക്കൽ, കഥാസദസ്സുകൾ, പിന്നീടെന്ത് സംഭവിച്ചു എന്ന് വിവരിക്കൽ, കഥയെ നാടകീകരിക്കൽ, കഥയ്ക്കുശേഷം ചിത്രംവര, കഥാതാരതമ്യം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളിലും കുട്ടിയുടെ ഭാവനയ്ക്കനുസരിച്ച് ഭാഷ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ ഒരുക്കുന്നു. എല്ലാറ്റിനും അധ്യാപൻ ഉത്തരം നൽകുന്നതിനു പകരം കുട്ടിയുടെ ജിജ്ഞാസയെ ഉപയോഗപ്പെടുത്തുന്ന അവസരങ്ങൾ പാഠ്യപദ്ധതി ഉറപ്പാക്കുന്നു. അർത്ഥം ഊഹിക്കൽ, സന്ദർഭം പറയൽ, നിഘണ്ടുവിൽ നിന്നും അർത്ഥം കണ്ടെത്തൽ എന്നീ പ്രവർത്തനങ്ങൾ ഇതിനുദാഹരണമാണ് (അനു: 22). കഥയുമായി ബന്ധപ്പെട്ട അറുപതു പ്രവർത്തനങ്ങൾ അപഗ്രഥിച്ചതിൽ അൻപത്തിമൂന്ന് എണ്ണവും കുട്ടിയുടെ പ്രകൃതം പരിഗണിക്കുന്നവയാണെന്നു കാണാൻ കഴിയുന്നു (അനു: 29).

### 5.2.2 പഠനപ്രവർത്തനം നിർണയിക്കുന്നതിൽ കുട്ടിക്ക് പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്

പഠനപ്രവർത്തനങ്ങൾ കുട്ടിയിൽ ആവശ്യബോധം ജനിപ്പിച്ച് വെല്ലുവിളിയോടെ അവ ഏറ്റെടുക്കുന്ന തരത്തിലാവണമെന്ന്, പഠനപ്രവർത്തനങ്ങളുടെ സവിശേഷതകൾ വിശദമാക്കുന്ന ഘട്ടത്തിൽ നിർദ്ദേശിക്കുന്നുണ്ട്.[7] എന്നാൽ പഠനപ്രവർത്തനങ്ങൾ സന്ദർഭത്തിൽ നിന്ന് ഉരുത്തിരിഞ്ഞു വരണമെന്ന് വിഭാവനം ചെയ്തതായി തെളിവില്ല. പഠനപ്രവർത്തനങ്ങൾ പാഠപുസ്തകത്തിലും കൈപ്പുസ്തകത്തിലും ധാരാളമായി നൽകിയിട്ടുണ്ട്. അവയുടെ വിനിമയത്തിനാണ് മുൻതൂക്കം നൽകിയിരിക്കുന്നത്. ആശയസ്വീകരണം, ആശയപ്രകടനം, സർഗാത്മകപ്രകടനം എന്നീ മേഖലകളിൽ ഒറ്റപ്പെട്ട പ്രവർത്തനങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒരാശയത്തിന്റെ വൈകാരിക പശ്ചാത്തലത്തിൽ ശൃംഖലനം ചെയ്ത് പ്രവർത്തനങ്ങൾ നൽകി കുട്ടിയുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല.

### 5.2.3 ഭാഷാപഠനത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ (സി.ഡബ്ല്യൂ.എസ്.എൻ.) പരിഗണിക്കുന്നുണ്ട്

പഠനശൈലിയുടെയും പഠനവേഗത്തിന്റെയും കാര്യത്തിൽ കുട്ടികൾ വ്യത്യസ്തരാണെന്ന അടിസ്ഥാനതത്ത്വം പാഠ്യപദ്ധതി അംഗീകരിക്കുന്നുണ്ട്.[8] ഈ വ്യത്യസ്തതയെ പരിഗണിക്കുന്ന പഠനാനുഭവങ്ങൾ ഒരുക്കണമെന്ന് അധ്യാപകസഹായി നിർദ്ദേശിക്കുന്നു. പഠനപ്രവർത്തനങ്ങളിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് പഠനപ്രവർത്തനങ്ങളുടെ സവിശേഷത പറയുന്നിടത്ത് സൂചിപ്പിക്കുന്നു. ഇതുറപ്പാക്കുന്നതിനായി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് സഹായകരമാകുന്ന രീതിയിൽ പ്രവർത്തനങ്ങൾ അനുരൂപീകരണം നടത്തി നൽകുന്നുണ്ട്. ഇതിനായി പ്രത്യേകം അധ്യാപകസഹായി ഒരുക്കിയിട്ടുണ്ട്.[9] കൂടാതെ ഒഴിവുദിവസങ്ങളിൽ പ്രത്യേക പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി ബ്ലോക്ക് റിസോഴ്സ് സെന്ററിൽ വെച്ചും വീടുകളിൽചെന്നും പഠനത്തിൽ സഹായിക്കുന്നതിന് അധ്യാപകസഹായിയിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത അധ്യാപകസഹായിയിലെ പ്രവർത്തനങ്ങൾ പാഠ്യപദ്ധതിക്കടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ള സിദ്ധാന്തങ്ങളും ദർശനങ്ങളും വേണ്ടത്ര ഉൾക്കൊണ്ടവയല്ല എന്ന് നിരീക്ഷിക്കാൻ കഴിയും (അനു: 12).

7. കേരള സർക്കാർ 29, 7,8,81
8. കേരള സർക്കാർ 29 5
9. കേരള സർക്കാർ 43, വിദ്യാഭ്യാസവകുപ്പ്, *അധ്യാപകസഹായി, സ്റ്റാന്റേർഡ് 3, സംയോജിത വിദ്യാഭ്യാസപരിപാടി* (തിരുവനന്തപുരം: ഡി.പി.ഇ.പി., 2002) 10-11

### 5.2.4. ഒരു തരത്തിലുള്ള വിവേചനവും കൂടാതെ എല്ലാവർക്കും തുല്യപരിഗണന ഉറപ്പാക്കുന്നുണ്ട്

സാമൂഹികവും സാംസ്കാരികവും സാമ്പത്തികവും കുടുംബപരവുമായ പശ്ചാത്തലത്തിലുള്ള ഏറ്റക്കുറച്ചിലുകൾ പഠനാനുഭവങ്ങൾ സ്വീകരിക്കുന്നതിൽ പ്രതിഫലിക്കും. ഇത് തരണം ചെയ്യുന്നതിനുള്ള മുന്നുപാധികൾ പഠനാനുഭവങ്ങൾ ഒരുക്കുമ്പോൾ പരിഗണിക്കാൻ നിർദ്ദേശിക്കുന്നുണ്ട്. ഏത് വിഭാഗത്തിൽനിന്നും പശ്ചാത്തലത്തിൽനിന്നും വരുന്ന കുട്ടികൾക്കും നിർദ്ദിഷ്ട ശേഷി വികസനത്തിന് അവസരമൊരുക്കുന്നതാവണം അനുഭവങ്ങളും അനുബന്ധസാമഗ്രികളും. പ്രവർത്തനാസൂത്രണഘട്ടത്തിൽ തന്നെ ഈ കാര്യങ്ങൾ പരിഗണിക്കണം. തുടർച്ചയായ മൂല്യനിർണത്തിന്റെ ഭാഗമായ ദൈനംദിന വിലയിരുത്തലിലൂടെ എല്ലാ വിഭാഗം കുട്ടികളുടെയും പുരോഗതി തിരിച്ചറിഞ്ഞ് തുടർപ്രവർത്തനം ആസൂത്രണം ചെയ്യുന്നതിനും ടീച്ചിംഗ് മാന്വൽ സംവിധാനത്തിലൂടെ അധ്യാപികക്ക് അവസരമൊരുക്കുന്നുണ്ട്.[10] വിവേചനം കൂടാതെ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനും വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങൾ ഒരുക്കുന്നതിനും പഠനസാമഗ്രികൾ എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിനും ഭിന്നതലപ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിനും ഗ്രൂപ്പുപ്രവർത്തനത്തിലൂടെ അറിവിന്റെ പങ്കുവയ്ക്കൽ ഉറപ്പാക്കുന്നതിനും പ്രാദേശിഭാഷ ഉപയോഗിക്കുന്നതിനും കുട്ടിയുടെ ഭാഷയെ അംഗീകരിക്കുന്നതിനും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകരണം ഉറപ്പാക്കുന്നതിനും പാഠ്യപദ്ധതി അവസരമൊരുക്കുന്നു (2.4.7.).

### 5.2.5 അനൗപചാരികമായ അന്തരീക്ഷത്തിലുള്ള ഭാഷാപഠനത്തിനാണ് ഊന്നൽ

ഭാഷാപഠനം ഫലപ്രദമായി നടക്കുന്നത് അനൗപചാരിക സന്ദർഭത്തിലാണ്. ക്ലാസ്സ് മുറിയിലെ ഔപചാരികതകൾ കുട്ടികളുടെ സ്വതന്ത്രമായ ആവിഷ്ക്കാരത്തിനും പ്രകടനത്തിനും വിഘാതമായിത്തീരാറുണ്ട്. അതുകൊണ്ട്തന്നെ ക്ലാസ്സന്തരീക്ഷം അനൗപചാരികമാകുന്നതിന് പാഠ്യപദ്ധതിയിൽ ശ്രമം നടന്നിട്ടുണ്ട്. പാഠപുസ്തകത്തിനപ്പുറത്ത് നിരവധി പഠനസാമഗ്രികൾ ലഭ്യമാക്കിയും പുറംപഠനത്തിന് അവസരമൊരുക്കിയും പരമ്പരാഗത ക്ലാസ്സ്മുറി സജ്ജീകരണത്തിൽ മാറ്റം വരുത്തിയും സംഘപ്രവർത്തനങ്ങൾക്ക് അവസരമൊരുക്കിയും, പ്രാദേശികവൈദഗ്ധ്യമുള്ളവരെ കണ്ടെത്തി അനുഭവങ്ങൾ പങ്കുവെച്ചും, പ്രാദേശിക ഭാഷ പ്രയോഗങ്ങളെ അംഗീകരിച്ചും തെറ്റുകളോടുള്ള സമീപനത്തിൽ മാറ്റം

10. കേരള സർക്കാർ 35, വിദ്യാഭ്യാസവകുപ്പ്, *കറുക, കിങ്ങിണിക്കൂട്ടം പതിപ്പ്, 2000* (തിരുവനന്തപുരം: ഡി.പി.ഇ.പി., 2000) 12-13

വരുത്തിയും കുട്ടികളുടെ പ്രകൃതം അംഗീകരിച്ചുമുള്ള പഠനം അനൗപചാരികത ഉറപ്പാക്കാൻ സഹായിക്കും. കുട്ടികൾ സ്വതന്ത്രമായി ഇടപെടാവുന്ന പ്രവർത്തനങ്ങളാണ് വിശകലനവിധേയമാക്കിയ പ്രവർത്തനങ്ങളിൽ ഉള്ളത്. ഉദാ. കഥ മാറ്റിപ്പറയൽ, സൂചനയിൽനിന്നും കഥ, ഇഷ്ടകഥാപാത്രം-എന്തുകൊണ്ട്; വായിച്ച കഥ-ചർച്ച, കഥാപൂരണം (അനു: 31).

### 5.2.6 സ്വാഭാവികമായ ഭാഷാപ്രയോഗത്തിന് അവസരമുണ്ട്

വ്യത്യസ്തങ്ങളായ സന്ദർഭങ്ങളിൽ ഭാഷ പ്രയോഗിച്ചുകൊണ്ടാണ് ഭാഷാപഠനം മുന്നേറുന്നത്. ഓരോ സന്ദർഭത്തിലും തന്റെ ഭാഷാപ്രയോഗത്തെപ്പറ്റി ലഭിക്കുന്ന പ്രത്യക്ഷമോ പരോക്ഷമോ ആയ തെളിവുകൾ അടിസ്ഥാനമാക്കി മെച്ചപ്പെടുത്തൽ നടത്തിയാണ് കുട്ടിയുടെ ഭാഷാപഠനം പുരോഗമിക്കുന്നത്. അതുകൊണ്ടുതന്നെ ക്ലാസ്സുമുറിയിലെ ഭാഷാപഠനം ഊർജിതമാവുന്നതിനും തന്റെ ചിന്തകൾക്കും വികാരങ്ങൾക്കും അനുസരിച്ച് ഭാഷ പ്രയോഗിക്കാനുള്ള അവസരങ്ങൾ കുട്ടികൾക്ക് ലഭിക്കേണ്ടത് ഭാഷാപഠനത്തിന്റെ അടിസ്ഥാന ആവശ്യമാണ്. പാഠപുസ്തകത്തിലും അധ്യാപകസഹായിയിലും നിർദ്ദേശിച്ചിട്ടുള്ള പഠനപ്രവർത്തനങ്ങൾ ഇതിനുള്ള അവസരങ്ങൾ പ്രദാനം ചെയ്യുന്നവയാണ് (2.3.2.) കഥയ്ക്കുശേഷം, ചിത്രങ്ങൾ വ്യാഖ്യാനിക്കൽ, കഥാപാത്രങ്ങളുടെ മറ്റു കഥ പറയൽ, കഥ മാറ്റി എഴുതൽ, കഥ താരതമ്യം തുടങ്ങിയവ സ്വാഭാവികമായ ഭാഷാപ്രയോഗത്തിന് അവസരമൊരുക്കുന്നവയാണ് (അനു: 31).

### 5.2.7 ഭാഷാശേഷികളുടെയും വ്യവഹാരരൂപങ്ങളുടെയും ചാക്രികാരോഹണം ഉറപ്പാക്കുന്നുണ്ട്

ഭാഷാപഠനത്തിന്റെ ഭാഗമായി വ്യത്യസ്ത ഭാഷാശേഷികളിലും വ്യവഹാരരൂപങ്ങളിലും ഉള്ള കുട്ടിയുടെ നില അനുക്രമമായി വികസിക്കുകയാണ് വേണ്ടത്. ഒരു ശേഷി ഒരു ക്ലാസ്സിൽവെച്ച് പൂർണതയിലെത്തുകയില്ല അതുപോലെ ഭാഷാവ്യവഹാരങ്ങളുടെ കാര്യത്തിൽ അനുഭവങ്ങളുടെ നൈരന്തര്യം അത്യാവശ്യമാണ്. ഇങ്ങനെ അനുക്രമമായി തിടംവയ്ക്കുന്ന ആശയങ്ങളും ശേഷികളും ധാരണകളുമാണ് ഭാഷാപഠനത്തിന്റെ ലക്ഷ്യം. അതുകൊണ്ടുതന്നെ വിവിധ ഭാഷാശേഷികളും വ്യവഹാരരൂപങ്ങളും ക്ലാസ്സ്തോറും ഉയർന്നനിലവാരം ഉറപ്പാക്കി ആവർത്തിക്കുകയും ഒപ്പം പുതിയ ശേഷികളും വ്യവഹാരരൂപങ്ങളും അവതരിപ്പിക്കുകയും ചെയ്യുന്ന രീതിയാണ് പാഠ്യപദ്ധതിയിൽ സ്വീകരിച്ചിട്ടുള്ളത്. ശേഷിപ്രസ്താവനകളുടെ പട്ടികയും (അനു: 9) വ്യവഹാരരൂപങ്ങളുടെ പട്ടികയും (പട്ടിക 4) കാണുക. വ്യവഹാരരൂപങ്ങളുടെ ഉയർന്ന നില ഉറപ്പുവരുത്തുംവിധമാണ് ഓരോ

ക്ലാസ്സിലും ഉപയോഗപ്പെടുത്തുന്ന/ ഉപയോഗിക്കുന്ന സൃഷ്ടികളുടെ തെരഞ്ഞെടുപ്പ്. 'മത്ത ങ്ങാമുത്തശ്ശി' എന്ന ഒന്നാം ക്ലാസ്സിലെ കഥയും നാലാം ക്ലാസ്സിലെ 'ചെറുങ്ങോരൻ' എന്ന കഥയും തമ്മിലുള്ള വളർച്ച പ്രകടമാണ് സംഭവങ്ങളുടെ ബാഹുല്യം, കഥയിലെ ഭാഷ, കഥപറയുന്ന രീതി, പ്രയോഗങ്ങൾ എന്നിവയിലെല്ലാം വളർച്ച കാണാം. (4.5.3, 4.5.3.1.)

### 5.2.8. ഭാഷയെ ഭാഷാവസ്തുതകളായല്ല വ്യവഹാരരൂപങ്ങളായി വിനിമയം ചെയ്യുന്നതിനാണ് വിഭാവനം ചെയ്യുന്നത്

ഭാഷ ജീവത്തായി നിലനിൽക്കുന്നത് വ്യവഹാരരൂപങ്ങളിലാണ്. ഒറ്റപ്പെട്ട ഭാഷാ വസ്തു ക്കൾക്ക് സ്വാഭാവികമായ നിലനില്പില്ല. ഘടകങ്ങൾ സ്വായത്തമാക്കി സമഗ്രതയിലെത്താ മെന്ന സങ്കല്പവും രീതിയും ഭാഷാപഠനത്തെ സംബന്ധിച്ച് അശാസ്ത്രീയമാണ് (4.1.2.5.). അതുകൊണ്ടുതന്നെ ക്ലാസ്സ് മുറിയിൽ ഭാഷ വിനിമയം ചെയ്യാൻ ഉപയോഗിക്കേണ്ടത് ഭാഷാവ്യവഹാരരൂപങ്ങൾ തന്നെയാണ്. ഇരുപത്തിയെട്ട് ഭാഷാവ്യവഹാരരൂപങ്ങൾ പ്രൈമറി ക്ലാസ്സുകളിൽ അനുഭവങ്ങൾ ഒരുക്കുന്നതിനായി നൽകുന്നുണ്ട് (പട്ടിക 4). പാഠ പുസ്തകത്തിലും അധ്യാപകസഹായിയിലും നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ഇത നുസരിച്ച് വ്യവഹാരരൂപങ്ങളുടെ തലത്തിലുള്ളവയാണ്. പദനിർമാണം, വാക്യനിർമ്മാണം, പദങ്ങൾവാക്യത്തിൽ പ്രയോഗിക്കൽ, വിപരീതപദം, പര്യായപദം കണ്ടെത്തൽ തുടങ്ങി ഭാഷാഘടകങ്ങളിലൂന്നിയുള്ള പ്രവർത്തനങ്ങൾ ഭാഷാസമഗ്രതാദർശനത്തിലധിഷ്ഠിതമായ പഠനരീതിക്ക് യോജിച്ചവയല്ലെങ്കിലും പലയിടത്തും കടന്നുകൂടിയിട്ടുണ്ട്. എന്നാൽ കഥ എന്ന വ്യവഹാരരൂപത്തെ മാത്രം അടിസ്ഥാനമാക്കി നൂറ്റിപ്പതിനാറ് പ്രവർത്തനങ്ങൾ പ്രൈമറി ക്ലാസ്സിൽ നൽകിയിട്ടുണ്ട് (അനു: 30).

### 5.2.9 ഭാഷാവസ്തുതകൾ അബോധപൂർവം സ്വാംശീകരിക്കാൻ അവസരം നൽകുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്

കുട്ടി ഭാഷ പഠിക്കുന്നത് താൻ ഭാഷ പഠിക്കുകയാണെന്നറിയാതെ അബോധപൂർവ മായ രീതിയിലാണ്. ഇങ്ങനെ സ്കൂളിലെത്തുന്നതിനു മുമ്പുതന്നെ ഭാഷാപഠനത്തിൽ നിര വധി ചുവടുകൾ പിന്നിട്ടിട്ടുമുണ്ട്. ഈ സ്വാഭാവികരീതി ക്ലാസ്സുമുറിയിലും നിലനിർത്തേ ണ്ടതുണ്ട്. വ്യവഹാരരൂപങ്ങളുടെ തലത്തിലുള്ള പഠനം സ്വീകരിക്കുക വഴി പാഠ്യപദ്ധതി ഇതിനു വഴിയൊരുക്കുന്നു. ഉച്ചാരണസ്ഫുടത, ലേഖനത്തിലെ പൂർണത, വ്യാകരണം, കൃത്യമായ പദാവലീവികസനം എന്നിവയിലുള്ള അമിതമായ ഊന്നൽ ഒഴിവാക്കിക്കൊ ണ്ടുള്ള പ്രവർത്തനങ്ങൾ അബോധപൂർവമായ ഭാഷാ സ്വാംശീകരണത്തിന് വഴിയൊരു ക്കുന്നു. ഭാഷാവസ്തുതകളെ ഇഴപിരിച്ച് നിശ്ചിത ക്ലാസ്സുകളിലും അവസരങ്ങളിലും വെച്ച് അവയുടെ പഠനം പൂർത്തീകരിക്കണം എന്ന രീതി പാടേ ഉപേക്ഷിച്ചിരിക്കുന്നു. ഭാഷാ

സ്വാംശീകരണം നടന്നതിന്റെ പരിശോധന നടത്തുന്നതിനും സ്വാഭാവികമായ സന്ദർഭങ്ങളിലെ കുട്ടിയുടെ പ്രകടനത്തെ സമഗ്രമായി വിലയിരുത്തുകയാണ് ചെയ്യുന്നത്. ഭാഷാവസ്തുതകൾ ബോധപൂർവം വേറിട്ടു പഠിപ്പിക്കുന്നതു വഴിയും വ്യാകരണപഠനം വഴിയും ഭാഷയെക്കുറിച്ചുള്ള പഠനമാണ് നടക്കുക. എന്നാൽ ഭാഷാപഠനംകൊണ്ട് ഉദ്ദേശിക്കുന്നത് കുട്ടിക്ക് ഭാഷ അനുയോജ്യമായ സന്ദർഭങ്ങളിൽ വേണ്ടരീതിയിൽ ആവിഷ്കരിക്കാനും പ്രകടിപ്പിക്കാനും ഉള്ള കഴിവ് ഉണ്ടാകലാണ്. ഇതിന് സ്വാഭാവികവും അബോധപൂർവമായ പഠനം പ്രദാനം ചെയ്യുന്ന അനുഭവങ്ങൾ തന്നെയാണ് വേണ്ടത്. ഇതിനു സഹായകമായ പ്രവർത്തനങ്ങളാണ് റോൾപ്ലേ, അഭിനയം, സംഭാഷണം തയ്യാറാക്കൽ, ആത്മകഥാരൂപത്തിൽ എഴുതൽ, കഥാപാത്രങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തൽ, അടിക്കുറിപ്പെഴുതൽ എന്നിവ.

## 5.3. വിലയിരുത്തൽ മേഖല: അധ്യാപകനും ആസൂത്രണവും

5.3.1. സഹപഠിതാവ് എന്ന നിലയിലാണ് അധ്യാപകന്റെ പങ്ക് വിഭാവനം ചെയ്തിട്ടുള്ളത്.

5.3.2. അധ്യാപകന് ജനാധിപത്യവാദിയായ സംഘത്തലവൻ എന്ന നിലയിലുള്ള പങ്ക് വിഭാവനം ചെയ്യുന്നുണ്ട്.

5.3.3. പ്രവർത്തനങ്ങളിൽ കുട്ടിയുടെ ആവശ്യം തിരിച്ചറിഞ്ഞ് പ്രശ്നപരിഹാരകൻ എന്ന നിലയിൽ പ്രവർത്തിക്കാൻ അവസരമുണ്ട്.

5.3.4. നിരന്തരമായ അധ്യാപകശാക്തീകരണം വിഭാവനം ചെയ്യുന്നുണ്ട്.

5.3.5. മറ്റു വിഷയങ്ങളുടെ പഠനത്തിന്റെ ഭാഗമായി ഭാഷാപഠനത്തിനുള്ള അവസരമൊരുക്കാൻ നിഷ്കർഷിക്കുന്നുണ്ട്.

5.3.6. കുട്ടിക്ക് സ്വന്തം ഭാഷാപ്രകടന മാതൃകകൾ നിർമിക്കാനവസരമുണ്ട്.

5.3.7. സ്വാഭാവികമായ ഭാഷാപ്രയോഗത്തിന് പ്രാമുഖ്യം നൽകിയിട്ടുണ്ട്.

5.3.8. വൈവിധ്യമുള്ളതും വഴക്കമുള്ളതുമായ പഠനസാമഗ്രികൾ അധ്യാപകൻ ക്ലാസ്സിൽ ഉപയോഗപ്പെടുത്തുന്നതിന് നിഷ്കർഷിക്കുന്നുണ്ട്

5.3.9. കുട്ടിയുടെ നിലവിലുള്ള നിലയിൽനിന്നും സാധ്യമായ തലത്തിലെത്താൻ പഠനലക്ഷ്യം നിശ്ചയിക്കുകയും അവയിലെത്താൻ സഹായം നൽകുന്നതിന് ലക്ഷ്യമിടുകയും ചെയ്യുന്നുണ്ട്

5.3.10. ആസൂത്രണവേളയിൽ കുട്ടിയുടെ മുന്നറിവ് പരിഗണിക്കുന്നതിന് നിർദേശിക്കുന്നുണ്ട്.

5.3.11. അന്വേഷണാത്മക പഠനത്തിന് അവസരമൊരുക്കുന്ന രീതിയിൽ ആസൂത്രണ പ്രക്രിയ വിഭാവനം ചെയ്യുന്നുണ്ട്.

### 5.3.1 സഹപഠിതാവ് എന്ന നിലയിലാണ് അധ്യാപകന്റെ പങ്ക് വിഭാവനം ചെയ്തിട്ടുള്ളത്

ആത്മവിശ്വാസമുണർത്തുന്ന അന്തരീക്ഷത്തിൽ ഭാഷാപ്രകടനങ്ങൾ സ്വാഭാവികമായി നടത്തുകയും ലഭിക്കുന്ന നല്ല മാതൃകകൾ വെച്ചുകൊണ്ട് സ്വന്തം പ്രകടനത്തെ താരതമ്യം ചെയ്ത് വിലയിരുത്തി അനുകൂലവും പ്രതികൂലവുമായ പ്രതികരണങ്ങൾ സ്വീകരിച്ചും മെച്ചപ്പെടുത്തൽ നടത്തിക്കൊണ്ടുമാണ് കുട്ടി ഭാഷ പഠിക്കുന്നത്. അതുകൊണ്ടുതന്നെ ഭാഷാപഠനക്ലാസ്സിലെ അധ്യാപകന്റെ പങ്ക് പ്രധാനമാണ്. കുട്ടികൾക്കൊപ്പം പ്രവർത്തനങ്ങളിലേർപ്പെടുന്ന ഒരാളായി അധ്യാപകൻ മാറുമ്പോൾ കുട്ടിക്ക് ആത്മവിശ്വാസവും മാതൃകയുമാണ് ലഭിക്കുന്നത്. ഈ സമീപനമാണ് പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്നത് (2.3.1.). കൈപ്പുസ്തകത്തിലും ഈ സന്ദേശമാണ് നൽകുന്നത്. എന്നാൽ പ്രവർത്തന നിർദ്ദേശങ്ങളിൽ അധ്യാപകന്റെ ഈ പങ്ക് കൃത്യമായി നിദ്ദേശിക്കപ്പെട്ടിട്ടില്ല എന്ന് കാണാൻ കഴിയും (2.3.2.).

### 5.3.2. അധ്യാപകന് ജനാധിപത്യവാദിയായ സംഘത്തലവൻ എന്ന നിലയിലുള്ള പങ്ക് വിഭാവനം ചെയ്യുന്നുണ്ട്

സഹകരണാത്മകവും സഹവർത്തിതവുമായ പഠനം നടക്കണമെങ്കിൽ ക്ലാസ്സ്മുറിയിലെ ജനാധിപത്യം വളരെ നിർണായകമാണ്. എല്ലാം സ്വയം തീരുമാനിക്കുകയും പകർന്നുകൊടുക്കുകയും ചെയ്യുന്ന അധ്യാപകന്റെ ക്ലാസ്സ്മുറി ജനാധിപത്യപരമാവുകയില്ല. കുട്ടികളുടെ അവകാശങ്ങൾ അംഗീകരിക്കുകയും പ്രവർത്തനങ്ങളിൽ അവരുടെ താല്പര്യങ്ങളും നിർദ്ദേശങ്ങളും കൂടി പരിഗണിക്കുകയും ചെയ്യുമ്പോഴാണ് പഠനത്തിന് അനുകൂലമായ അന്തരീക്ഷവും അവസരവും ഒരുങ്ങുന്നത്. ഈ രീതിയിലുള്ള അധ്യാപകന്റെ ഇടപെടൽ ഉറപ്പുവരുത്തുന്നത് അധ്യാപകൻ ജനാധിപത്യവാദിയായ സംഘനേതാവാകുമ്പോഴാണ് ഇതിനുള്ള ഇടം പാഠ്യപദ്ധതി ഉറപ്പാക്കുന്നുണ്ട് (2.3.2.).

കുട്ടികൾ ഊഴം കാക്കുന്നതിലും അവസരതുല്യതയും പൂർണപങ്കാളിത്തവും ഉറപ്പുവരുത്തുന്നതിലും ജനാധിപത്യവാദിയായ നേതാവെന്ന നിലയിൽ എങ്ങനെ പ്രവർത്തിക്കണമെന്ന് അധ്യാപകസഹായിയിൽ പ്രതിപാദിക്കുന്നുണ്ട്.[11]

11. കേരള സർക്കാർ 29, 19

### 5.3.3 പ്രവർത്തനങ്ങളിൽ കുട്ടിയുടെ ആവശ്യം തിരിച്ചറിഞ്ഞ് പ്രശ്നപരിഹാരകൻ എന്ന നിലയിൽ പ്രവർത്തിക്കാൻ അവസരമുണ്ട്

വെല്ലുവിളിയുണർത്തുന്ന തരത്തിൽ പ്രവർത്തനങ്ങൾ അവതരിപ്പിക്കുകയും വഴികാണിച്ചു കൊടുക്കുകയും ചെയ്ത് കുട്ടികളെക്കൊണ്ടുതന്നെ പ്രവർത്തനങ്ങൾ ചെയ്യിച്ച് അവരുടെ ചിന്താപ്രക്രിയ ഉറപ്പുവരുത്തലാണ് അധ്യാപകന്റെ പ്രധാന ചുമതല. ഇങ്ങനെ പ്രവർത്തനങ്ങളുടെ വഴിയിലൂടെ സഞ്ചരിക്കുമ്പോൾ പല നിലവാരവും പല താല്പര്യവും പല വേഗവുമുള്ള കുട്ടികൾക്ക് വ്യത്യസ്തങ്ങളായ ആവശ്യങ്ങളാണുണ്ടാവുക. ഇത് തിരിച്ചറിഞ്ഞ് സഹായിക്കുന്നതിലൂടെ മാത്രമാണ് പ്രവർത്തനലക്ഷ്യം ഫലപ്രദമായി പൂർത്തികരിക്കാൻ കഴിയുന്നത്. ഇതിനനുസരിച്ച് ഉപയോഗിക്കാവുന്ന പഠനസാമഗ്രികൾ, പഠനോപകരണങ്ങൾ എന്നിവയിലെല്ലാം മാറ്റങ്ങൾ വരുത്തേണ്ടിവരും. കുട്ടികൾ പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ അധ്യാപകൻ എന്താണ് ചെയ്യേണ്ടത് എന്ന അധ്യാപകസഹായിയിലെ ചോദ്യം ഈ പങ്കുതന്നെയാണ് വ്യക്തമാക്കിക്കൊടുക്കുന്നത്. തുടർച്ചയായ മൂല്യനിർണയത്തിന്റെ ഭാഗമായുള്ള ദൈനംദിന വിലയിരുത്തലിലും കുട്ടികളുടെ ആവശ്യങ്ങൾ കണ്ടെത്തുന്ന പ്രക്രിയയാണ് അധ്യാപകൻ ചെയ്യുന്നത്. ജ്ഞാനനിർമിതിയിലധിഷ്ഠിതമായ ക്ലാസ്സിലെ അധ്യാപകന്റെ പ്രശ്നപരിഹാരകൻ എന്ന പങ്ക് തന്നെയാണ് ഇവിടെ നിർവഹിക്കുന്നത് (2.3.1., 2.3.2.).

### 5.3.4 നിരന്തരമായ അധ്യാപകശാക്തീകരണം വിഭാവനം ചെയ്യുന്നുണ്ട്

പാഠ്യപദ്ധതി മുന്നോട്ടു വയ്ക്കുന്ന ദാർശനികവും മനഃശാസ്ത്രപരവുമായ അടിത്തറയും അതിന്റെ വിവിധ ഘടകങ്ങളിലുള്ള പ്രതിഫലനവും കൃത്യമായി തിരിച്ചറിയുകയും ഉൾക്കൊള്ളുകയും ചെയ്ത അധ്യാപകർക്കു മാത്രമേ പാഠ്യപദ്ധതിയുടെ ആത്മാവ് ഉൾകൊണ്ട് വിനിമയം ചെയ്യാൻ കഴിയൂ. ഇക്കാര്യം പാഠ്യപദ്ധതിരേഖ പ്രാധാന്യത്തോടെ പ്രതിപാദിക്കുന്നുണ്ട്.[12] അധ്യാപകന്റെ നിരന്തമായ പുനഃപരിശീലന പരിപാടി ഇതിൽ നിർദ്ദേശിച്ചിട്ടുണ്ട്. അധ്യാപകൻ ഇടപെടുന്ന സമസ്ത മേഖലകളിലും ശാക്തീകരണത്തിനുള്ള അവസരം പാഠ്യപദ്ധതി ഒരുക്കിയിട്ടുണ്ട്. പാഠപുസ്തകം, പഠനസമീപനം, വിഷയസമീപനം, മൂല്യനിർണയം എന്നിവ അവധിക്കാല പരിശീലനത്തിന്റെയും ക്ലസ്റ്റർ പരിശീലനത്തിന്റെയും ഉള്ളടക്കമായിരുന്നു (അനു: 11). പരിശീലനം ഫലപ്രദമാക്കുന്നതിനുള്ള സംവിധാനങ്ങളും ഈ ഘട്ടത്തിൽ നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട് (2.3.4.). പങ്കാളിത്ത പരിശീലനരീതി ആദ്യമായി പ്രയോഗിക്കപ്പെട്ടത് ഈ കാലത്താണ് (2.3.4.1, അനു:11).

12. കേരള സർക്കാർ 31 18-19

### 5.3.5 മറ്റു വിഷയങ്ങളുടെ പഠനത്തിന്റെ ഭാഗമായി ഭാഷാപഠനത്തിന് അവസരമൊരുക്കാൻ നിഷ്കർഷിക്കുന്നുണ്ട്

മറ്റു വിഷയങ്ങളുടെ പഠനത്തിന്റെ ഭാഗമായിക്കൂടി ഭാഷാപഠനത്തിന് ധാരാളം സാധ്യതയുണ്ട്. ഇത് കണ്ടെത്തി ഉപയോഗപ്പെട്ടുത്തുന്നത് അധ്യാപകനും കുട്ടിക്കും സമയലാഭവും പ്രവൃത്തിലാഭവും ഉണ്ടാക്കുന്നു. ഭാഷാസമഗ്രതാ ദർശനവും ഈ ഒരു കാഴ്ചപ്പാടാണ് നിർദ്ദേശിക്കുന്നത് (4.1.2.5.). ഭാഷാപഠനം കൂടുതൽ സ്വാഭാവികവും അബോധപൂർവവുമാക്കുന്നതിന് ഈ വേദി സഹായകമാവും. ഇതിനുള്ള ശ്രമങ്ങൾ പാഠ്യപദ്ധതി മുന്നോട്ടു വെച്ചിട്ടുണ്ട്. ഒന്നും രണ്ടും ക്ലാസ്സിലെ ഉദ്ഗ്രഥിതരീതി ഇതിന് വഴിയൊരുക്കുന്നു. മൂന്ന് നാല് ക്ലാസ്സുകളിൽ വെവ്വേറെ വിഷയങ്ങളാണെങ്കിലും ക്ലാസ്സ്ടീച്ചർ സമ്പ്രദായം നിർദ്ദേശിക്കുന്നതിലൂടെ ഈ സാധ്യത പ്രയോജനപ്പെടുത്താൻ അവസരമൊരുക്കുന്നു.[13] പ്രവർത്തനാസൂത്രണഘട്ടത്തിൽ കൃത്യമായി ഇത് പ്രയോജനപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ അധ്യാപകസഹായിൽ നൽകിയിട്ടുണ്ട്.[14]

### 5.3.6 കുട്ടിക്ക് സ്വന്തം ഭാഷാപ്രകടന മാതൃകകൾ നിർമിക്കാനവസരമുണ്ട്

കുട്ടിയുടെ സ്വയം പഠനത്തിനും സർഗാത്മകതയ്ക്കും ഊന്നൽ നൽകുമ്പോഴാണ് ഭാഷാശാസ്ത്രം മുന്നോട്ടുവയ്ക്കുന്ന വ്യക്തിഭാഷ എന്ന സങ്കല്പത്തിലേക്ക് ഭാഷാപഠനം വളരുക. ഓരോരുത്തരുടെയും തനിമയും വ്യക്തിത്വവും ഉൾക്കൊള്ളുന്നതാവണം അയാളുടെ ഭാഷ. ഇത് സാധിക്കണമെങ്കിൽ പൊതുവായ ചട്ടക്കൂടിനകത്താണെങ്കിലും സ്വന്തമായ വഴികളിലൂടെ സഞ്ചരിക്കാനവസരമൊരുക്കണം. ഭാഷാപഠനത്തെ സംബന്ധിച്ച് പാഠ്യപദ്ധതി ഈ തത്ത്വം അംഗീകരിക്കുന്നുണ്ട്. കുട്ടിയുടെ ഭാഷാപ്രകടനങ്ങളെയും ആവിഷ്ക്കാരങ്ങളെയും അംഗീകരിക്കുകയും അപ്പപ്പോൾ തിരുത്താതിരിക്കുകയും ചെയ്യുന്നതിലൂടെ ഇതുതന്നെയാണ് സാധിക്കുന്നത്. പഠനപ്രവർത്തനങ്ങളിൽ പൊതുവായ ഒറ്റ ഉത്തരങ്ങളും ഉല്പന്നങ്ങളും നിഷ്കർഷിക്കുന്നില്ല. അതുകൊണ്ടുതന്നെ കുട്ടിയുടെ ഭാഷാപരമായ ഉല്പന്നങ്ങൾക്ക് വൈവിധ്യവും വ്യക്തിത്വവും നിലനിർത്താൻ കഴിയും. ചുവർമാസികകൾ, ഇൻലന്റ് മാസികകൾ, വിവിധ പതിപ്പുകൾ തുടങ്ങിയവയെല്ലാം കുട്ടികൾക്ക് സ്വന്തം ഭാഷാപ്രകടനമാതൃകകൾ സൃഷ്ടിക്കാനുള്ള അവസരങ്ങൾ തന്നെയാണ് ഒരുക്കുന്നത്. ഇതിനു സഹായിക്കുന്ന തരത്തിലാകണം അധ്യാപകന്റെ ആസൂത്രണമെന്ന് പാഠ്യപദ്ധതി നിഷ്കർഷിക്കുന്നു (അനു: 26).

---

13. കേരള സർക്കാർ 31, 5
14. കേരള സർക്കാർ 29, 16–17

### 5.3.7 സ്വാഭാവികമായ ഭാഷാപ്രയോഗത്തിന് പ്രാമുഖ്യം നൽകിയിട്ടുണ്ട്

ഭാഷാപഠനം അർത്ഥപൂർണമാകുന്നത് സ്വാഭാവികസന്ദർഭങ്ങളിൽ ഇടപെടുമ്പോഴാണ്. ഈ കാഴ്ചപ്പാട് ന്യായീകരിക്കുന്ന തരത്തിലാണ് സ്വാഭാവികമായ ഭാഷാപ്രയോഗത്തിന് ക്ലാസ്സുമുറിയിൽ അവസരമൊരുക്കുന്നത്. ഇതിന് ധാരാളം അവസരങ്ങൾ പാഠപുസ്തകവും അധ്യാപകസഹായിയും ഉറപ്പാക്കുന്നുണ്ട്. അഭിമുഖം, സംവാദം, ചർച്ച, സംഭാഷണം, പ്രാദേശികപാഠങ്ങൾ എന്നീ പ്രവർത്തനങ്ങളും തന്ത്രങ്ങളും സ്വാഭാവികത ഉറപ്പുവരുത്താൻ സഹായിക്കുന്നു (2.5, അനു: 22).

### 5.3.8 വൈവിധ്യമുള്ളതും വഴക്കമുള്ളതുമായ പഠനസാമഗ്രികൾ അധ്യാപകൻ ക്ലാസ്സിൽ ഉപയോഗപ്പെടുത്തുന്നതിന് നിഷ്കർഷിക്കുന്നുണ്ട്

പാഠപുസ്തകത്തെ പഠനസാമഗ്രികൾ ഒന്നുമാത്രമായി കാണുക എന്ന സമീപനമാണ് പാഠ്യപദ്ധതി നിർദ്ദേശിക്കുന്നത്. വ്യത്യസ്തങ്ങളായ ഭാഷാഭേദങ്ങൾ, സംസ്കാരങ്ങൾ, സൗകര്യങ്ങൾ എന്നിവ നിലനിൽക്കുന്ന സമൂഹത്തിൽ മാനകീകരിച്ച ഒരു പാഠപുസ്തകം ഭാഷാപഠനത്തെ വേണ്ടത്ര സഹായിക്കുകയില്ല. അതുകൊണ്ടുതന്നെ ഔപചാരിക സംവിധാനമെന്ന നിലയിൽ പാഠപുസ്തകം നിലനിൽക്കുമ്പോൾ തന്നെ വൈവിധ്യത്തിലും പ്രാദേശികതയിലും ഊന്നുന്ന അനുയോജ്യമായ പാഠങ്ങൾ അനിവാര്യമാകുന്നു. ഇത് ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും പാഠ്യപദ്ധതി ഊന്നിപ്പറയുന്നു. ഇതിനായി അധ്യാപകന്റെ ശേഖരണം ടീച്ചിംഗ് മാന്വലിന്റെ ഒരു ഭാഗമായി നിർദ്ദേശിച്ചിട്ടുണ്ട്.[15] ഇതിൽനിന്ന് ആവശ്യമായവ തെരഞ്ഞെടുത്ത് അനുയോജ്യമായ സന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ അധ്യാപകസഹായിയിൽ ഉണ്ട്.[16] കുട്ടികൾ തന്നെ നിർമിക്കുന്നതും ശേഖരിക്കുന്നതുമായ പതിപ്പുകൾ, മാഗസിനുകൾ, നാട്ടറിവുകൾ എന്നിവയെല്ലാം സന്ദർഭാനുസരണം പഠനസാമഗ്രികളായി ഉപയോഗപ്പെടുത്താൻ അധ്യാപകസഹായി നിർദ്ദേശിക്കുന്നുണ്ട്. ഈ ഒരു കാഴ്ചപ്പാടോടുകൂടിയായിരിക്കണം ആസൂത്രണം. പ്രതിമാസ ആസൂത്രണം ആരംഭിക്കുന്ന ക്ലസ്റ്റർ പരിശീലനത്തിൽ തന്നെ ഇത് പരിഗണിക്കപ്പെടണം. ഇത്തരത്തിൽ ഉപയോഗിക്കേണ്ട സാമഗ്രികളുടെ പട്ടിക അവിടെ വെച്ചുതന്നെ രൂപപ്പെടുന്നുണ്ട് (അനു: 26). സ്കൂളിന്റെയും ക്ലാസ്സിന്റെയും സാധ്യതകളും സാഹചര്യങ്ങളും പരിഗണിച്ച് ഇതിന്റെ വിപുലീകരണം പ്രതിവാരാസൂത്രണത്തിലും ദൈനംദിനാസൂത്രണത്തിലും നടത്തുന്നതിന് അവസരമുണ്ട്.

15. കേരള സർക്കാർ 29, 13

16. കേരള സർക്കാർ 29, 13

### 5.3.9. കുട്ടിയുടെ നിലവിലുള്ള നിലയിൽനിന്നും സാധ്യമായ തലത്തിലെത്താൻ പഠനലക്ഷ്യം നിശ്ചയിക്കുകയും അവയിലെത്താൻ സഹായം നൽകുന്നതിന് ലക്ഷ്യമിടുകയും ചെയ്യുന്നുണ്ട്

സാമൂഹ്യജ്ഞാനനിർമിതിയിലധിഷ്ഠിതമായ പഠനത്തിന് അത്യാവശ്യമായ ഒരു മുന്നുപാധിയാണ് സമീപസ്ഥവികസന മണ്ഡലം പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനാസൂത്രണം. കുട്ടിയുടെ നിലവിലുള്ള നിലയിൽനിന്നും സാധ്യമായ തലത്തിലെത്താൻ പഠനലക്ഷ്യം നിശ്ചയിക്കുകയും അതിനുവേണ്ടിയുള്ള പ്രവർത്തനാസൂത്രണം നടത്തുകയുമാണ് അധ്യാപകൻ ചെയ്യേണ്ടത്. ഈ പ്രവർത്തനം ചെയ്യുമ്പോൾ പ്രതീക്ഷിതനിലയിലെത്താൻ കുട്ടിക്കാവശ്യമായ സഹായങ്ങൾ/ കൈത്താങ്ങ് നൽകുകയും വേണം. ആവശ്യമായിവരാവുന്ന കൈത്താങ്ങിനെക്കുറിച്ച് ആസൂത്രണഘട്ടത്തിൽ തന്നെ അധ്യാപകന് ബോധ്യമുണ്ടാവണം. ഇതിനാവശ്യമായ സാമഗ്രികളും മറ്റും ആസൂത്രണത്തിന്റെ ഭാഗമായി കരുതിവയ്ക്കുകയും വേണം. ദൈനംദിനവിലയിരുത്തലിൽ നിന്നു കിട്ടുന്ന നിഗമനങ്ങൾ ക്ലാസ്സിന്റെ വർത്തമാനശേഷി നിലവാരം സംബന്ധിച്ച ധാരണ രൂപീകരിക്കാൻ ഉപയോഗപ്പെടുത്തണം.

ഈ ആശയങ്ങൾ പാഠ്യപദ്ധതിയുടെ അനുബന്ധ സാമഗ്രികളായ മോണോഗ്രാഫുകളിൽ വിശദമാക്കിയിട്ടുണ്ട്.[17] എന്നാൽ ഈ കാലഘട്ടത്തിലെ ടീച്ചിംഗ് മാന്വലിൽ ഇത്തരം സഹായങ്ങൾ നൽകുന്ന പ്രക്രിയകൾ രേഖപ്പെടുത്തിയിട്ടില്ല[18] (അനു: 28).

### 5.3.10 ആസൂത്രണവേളയിൽ കുട്ടിയുടെ മുന്നറിവ് പരിഗണിക്കുന്നതിന് നിർദ്ദേശിക്കുന്നുണ്ട്

തന്റെ ഇപ്പോഴുള്ള അറിവിനെ പുതുതായി ലഭിക്കുന്ന അനുഭവങ്ങളുമായി താരതമ്യപ്പെടുത്തിയുള്ള ചിന്താപ്രക്രിയയിലൂടെയാണ് കുട്ടി പുതിയ അറിവ് സൃഷ്ടിക്കുന്നത്. അതുകൊണ്ട് ജ്ഞാനനിർമാണം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ കുട്ടിയുടെ നിലവിലുള്ള അറിവിന്റെ നില കൃത്യമായി പരിഗണിക്കേണ്ടതുണ്ട്. പഠനപ്രവർത്തനങ്ങളുടെ സവിശേഷതകൾ പട്ടികപ്പെടുത്തിയിട്ടുള്ള സന്ദർഭത്തിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. പാഠപുസ്തകത്തിലും അധ്യാപകസഹായിയിലും മുന്നറിവ് പരിഗണിക്കുന്നതിനുള്ള ഘട്ടങ്ങൾ ഉറപ്പാക്കുന്നുണ്ട് -കഥ പറയാം, ഞാൻ പാതി.... നീ പാതി.[19]

---

17. കെ.എൻ. ആനന്ദൻ മറ്റും 1, *ഭാഷയും ഭാഷാപഠനവും* (തിരുവനന്തപുരം: ഡി.പി.ഇ.പി., 2000) കെ.എം. രമേശൻ മറ്റും 2, *പ്രൈമറി പാഠ്യപദ്ധതിയുടെ സൈദ്ധാന്തികവശങ്ങൾ* (തിരുവനന്തപുരം: ഡി.പി.ഇ.പി., 2000)

18. കേരള സർക്കാർ 42, വിദ്യാഭ്യാസവകുപ്പ്, *5-ാം അക്കാദമികപഠനം* (തിരുവനന്തപുരം: ഡി.പി.ഇ.പി 2000) 26

19. കേരള സർക്കാർ 29 128

### 5.3.11 അന്വേഷണാത്മക പഠനത്തിന് അവസരമൊരുക്കുന്ന രീതിയിൽ ആസൂത്രണപ്രക്രിയ വിഭാവനം ചെയ്യുന്നുണ്ട്

സാമൂഹ്യജ്ഞാനനിർമിതിയിലധിഷ്ഠിതമായ ക്ലാസ്സിൽ വളരെ പ്രധാനപ്പെട്ട പ്രക്രിയയാണ് കണ്ടെത്തൽപഠനം. വെല്ലുവിളിയുണർത്തുന്ന ഒരു പഠനപ്രശ്നം പരിഹരിക്കുന്നതിനായി ഒറ്റയ്ക്കും സംഘമായും നടത്തുന്ന അന്വേഷണങ്ങളിലുടെയാണ് പഠനം സഫലമാകുന്നത്. പ്രാഥമിക-ദ്വിതീയസ്രോതസ്സുകളിൽനിന്നും ശേഖരിക്കുന്ന വിവരങ്ങൾ ഇതിന് അത്യാവശ്യമാണ്. കുട്ടിയുടെ സഹജമായ ജിജ്ഞാസയും അന്വേഷണത്വരയും പ്രയോജനപ്പെടുത്തുകയും അതേസമയം ത്വരിതമാക്കുകയും ചെയ്യുന്ന പ്രക്രിയയാണ് നടക്കേണ്ടത്. പഠനപ്രശ്നങ്ങൾക്ക് അധ്യാപകൻ നൽകുന്ന ഏകമുഖമായ പരിഹാരങ്ങൾക്കപ്പുറം സ്കൂളിലും പരിസരത്തും ഇടപെട്ട് കുട്ടി നടത്തുന്ന അന്വേഷണങ്ങളിലൂടെ, വൈവിധ്യമായ പരിഹാരങ്ങൾ കണ്ടെത്താൻ അവസരമൊരുക്കുന്നതിലൂടെ, അന്വേഷണാത്മക പഠനം പ്രോത്സാഹിപ്പിക്കപ്പെടുന്നു. ഇത്തരം സാധ്യതയുള്ള ധാരാളം പ്രവർത്തനങ്ങൾ പാഠപുസ്തകത്തിലും അധ്യാപകസഹായിയിലും നൽകിയിട്ടുണ്ട്. കൂടാതെ സ്കൂൾ സഹായസമിതി, പ്രാദേശിക വൈദഗ്ധ്യങ്ങൾ, സ്കൂൾ വിഭവഭൂപടം എന്നിവകൂടി ഉപയോഗപ്പെടുത്തുന്ന രീതിയിൽ ആസൂത്രണം നടത്തി അന്വേഷണാത്മക പഠനം ഉറപ്പുവരുത്താൻ അധ്യാപകസഹായിയിൽ നിർദ്ദേശിക്കുന്നു.[20]

## 5.4. വിലയിരുത്തൽ മേഖല: പഠനരീതിയും പഠനപ്രക്രിയയും പഠനതന്ത്രങ്ങളും

5.4.1. സ്വയംപഠനത്തിനാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്.

5.4.2. സഹവർത്തിതപഠനത്തിന് പ്രാധാന്യം നൽകുന്നുണ്ട്.

5.4.3. പഠനപ്രവർത്തനത്തിന്റെ ഭാഗമായി കടന്നുപോയ വഴിയെക്കുറിച്ച് ചിന്തിക്കാൻ കുട്ടിക്ക് അവസരമുണ്ട്.

5.4.4. ചിന്താപ്രക്രിയയെ ഉദ്ദീപിപ്പിക്കുന്ന പ്രവർത്തനത്തിന് ഊന്നൽ നൽകുന്നുണ്ട്.

5.4.5. വൈവിധ്യപൂർണവും അർത്ഥപൂർണവുമായ പുനരനുഭവങ്ങൾ പഠനപ്രക്രിയയുടെ ഭാഗമായി നിഷ്കർഷിക്കുന്നുണ്ട്.

5.4.6. സ്വതന്ത്രചിന്തയും പ്രതികരണങ്ങളും പ്രോത്സാഹിപ്പിക്കുന്നുണ്ട്.

---

20. കേരള സർക്കാർ 33, വിദ്യാഭ്യാസവകുപ്പ്, *കറുക, കിങ്ങിണിക്കൂട്ടം പതിപ്പ്, 1998* (തിരുവനന്തപുരം: ഡി.പി.ഇ.പി. 1998) 51-52

5.4.7. പ്രാദേശിക വിഭവങ്ങളും വൈഭവങ്ങളും പഠനപ്രവർത്തനത്തിന്റെ ഭാഗമാക്കാൻ വിഭാവനം ചെയ്യുന്നു.

5.4.8. വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ, പഠനസാമഗ്രികൾ എന്നിവ നിഷ്കർഷിക്കുന്നുണ്ട്.

5.4.9. തെറ്റുകളെ അറിവുനിർമാണപ്രക്രിയയുടെ ഒരു ഘട്ടം എന്ന നിലയിലാണ് പരിഗണിക്കുന്നത്.

5.4.10. അറിവിന്റെ നിർമാണം ക്ലാസ്സുമുറിയിൽ ഉറപ്പാക്കുന്ന പഠനപ്രക്രിയ വിഭാവനം ചെയ്യുന്നുണ്ട്.

5.4.11. പരിഹാര പ്രവർത്തനങ്ങൾ പഠനപ്രക്രിയയുടെ അവിഭാജ്യഘടകമായി വിഭാവനം ചെയ്യുന്നുണ്ട്.

5.4.12. പ്രവർത്തനാധിഷ്ഠിതവും ശിശുസൗഹൃദപരവുമായ പഠനം വിഭാവനം ചെയ്യുന്നുണ്ട്.

5.4.13. ജീവിതസാഹചര്യത്തിൽ പ്രയോഗിച്ച് പഠിക്കാനവസരം ഉറപ്പാക്കുന്ന പഠനപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നുണ്ട്.

5.4.14. മാനവികതയിലൂന്നിയ പഠനരീതിക്ക് പ്രാമുഖ്യം നൽകുന്നുണ്ട്.

5.4.15. സംശോധന നവീകരണപ്രക്രിയക്ക് ഊന്നൽ നൽകുന്നുണ്ട്.

## 5.4.1 സ്വയംപഠനത്തിനാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്

ജ്ഞാനനിർമിതിക്കാവശ്യമായ സാമഗ്രികളും അവസരങ്ങളും ലഭ്യമാക്കി അവ ഉപയോഗപ്പെടുത്തി സ്വന്തം ചിന്താപ്രക്രിയയിലൂടെ കടന്നുപോയി പുതിയ അറിവു നിർമിക്കാൻ കുട്ടിക്ക് അവസരമൊരുക്കുന്ന പഠനരീതി ജ്ഞാനനിർമിതിക്ലാസ്സിന്റെ ഒരു പ്രധാന സവിശേഷതയാണ്.[21] ഇത്തരത്തിലുള്ള പഠനപ്രവർത്തനങ്ങൾ അധ്യാപകസഹായിയിലും പാഠപുസ്തകത്തിലും ധാരാളമായി നൽകിയിട്ടുണ്ട്. (അനു: 30). '10 വർഷങ്ങൾക്കു ശേഷം' എന്ന പ്രവർത്തനം[22] ചെറുങ്ങോരൻ എന്ന കഥയുമായി ബന്ധപ്പെട്ടതാണ്. അതിങ്ങനെയാണ്: തെങ്ങിൽ കയറി ചെറുങ്ങോരൻ തിരിച്ചുവന്നില്ല. മേഘവും മാനവും തുളച്ച് തെങ്ങും ചെറുങ്ങോരനും കയറിക്കയറിപ്പോയി. പത്തു വർഷം കഴിഞ്ഞ് തത്തയുമായി ചെറുങ്ങോരൻ തെങ്ങിൽനിന്നിറങ്ങിവന്നു. അപ്പോഴേക്കും നാട്ടിലും ജനങ്ങൾക്കും വന്ന മാറ്റങ്ങൾ എന്തെല്ലാമായിരിക്കും? ചർച്ചക്കുശേഷം വിവരണം തയ്യാറാക്കട്ടെ– ക്ലാസ്സിലെ ഏറ്റവും

21. കേരള സർക്കാർ 29 81

22. കേരള സർക്കാർ 30 117

നല്ല വിവരണം തെരഞ്ഞെടുക്കൂ. ഈ പ്രവർത്തനത്തിൽ സ്വന്തം ചിന്താപ്രക്രിയയിലൂടെ കടന്നുപോകാൻ ധാരാളം അവസരമുണ്ട്. ഓരോ കുട്ടിക്കും സ്വതന്ത്രമായി ചിന്തിക്കാനും ഗ്രൂപ്പിൽ പങ്കുവെച്ച് മെച്ചപ്പെടുത്താനും അവസരമൊരുക്കുന്നു. ഈ രീതിയിൽ പ്രവർത്തനങ്ങളെ രൂപപ്പെടുത്താൻ അധ്യാപകസഹായി സഹായിക്കുന്നുണ്ട്.

### 5.4.2. സഹവർത്തിതപഠനത്തിന് പ്രാധാന്യം നൽകുന്നുണ്ട്

എല്ലാ കുട്ടികളുടെയും മാനസികപങ്കാളിത്തത്തോടും സംഭാവനയോടും കൂടി നിർവഹിക്കപ്പെടുന്ന പഠനപ്രവർത്തനങ്ങൾ സഹവർത്തിതപഠനത്തിന്റെ അന്തർധാര ഉൾക്കൊള്ളുന്നവയാണ്. പ്രവർത്തനത്തിന്റെ ഓരോ ഘട്ടത്തിലും എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. ഇത് യാഥാർത്ഥ്യമാകണമെങ്കിൽ പഠനപ്രക്രിയ ഇതിനനുയോജ്യമായിരിക്കണം. സഹവർത്തിതപഠനം തത്ത്വത്തിൽ പാഠ്യപദ്ധതി നിർദ്ദേശിക്കുന്നുണ്ടെങ്കിലും പാഠപുസ്തകത്തിലെയും അധ്യാപകസഹായിയിലെ പ്രവർത്തനങ്ങളിലെ വിവരണവും അധ്യാപകരുടെ ടീച്ചേഴ്സ് മാന്വലിലെ രേഖപ്പെടുത്തലുകളും ഇത് നന്നായി ഉൾക്കൊണ്ടു നടക്കുന്നതിന്റെ പ്രതിഫലനങ്ങൾ കാണുന്നില്ല[23] (അനു: 28).

### 5.4.3 പഠനപ്രവർത്തനത്തിന്റെ ഭാഗമായി കടന്നുപോയ വഴിയെക്കുറിച്ച് ചിന്തിക്കാൻ കുട്ടിക്ക് അവസരമുണ്ട്

അറിവുനിർമാണപ്രക്രിയയിൽ സ്വന്തം ചിന്തയുടെ വഴികൾ പുനഃസന്ദർശനം നടത്തുന്നത് ശക്തമായ മടക്കധാരണ ലഭിക്കുന്നതിന് സഹായിക്കും. പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഇങ്ങനെ ചിന്തയെക്കുറിച്ചുള്ള ചിന്തക്ക് അവസരം ഒരുക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ പുതിയ പാഠ്യപദ്ധതിയിൽ താത്ത്വികമായിപോലും ഇത് പ്രതിഫലിച്ചതായി കാണുന്നില്ല (അനു: 16, 17, 28). പഠനപ്രവർത്തനങ്ങളുടെ പ്രക്രിയയിലാണ് ഈ ഘട്ടം ഉറപ്പാക്കാൻ കഴിയുക. എന്നാൽ വിശകലനവിധേയമാക്കിയ പ്രവർത്തനങ്ങളിൽ ഈ ഘട്ടം വിസ്മരിക്കപ്പെട്ടിരിക്കുന്നു.

### 5.4.4 ചിന്താപ്രക്രിയയെ ഉദ്ദീപിപ്പിക്കുന്ന പ്രവർത്തനത്തിന് ഊന്നൽ നൽകുന്നുണ്ട്

ഭാഷയും ചിന്തയും പരസ്പരം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഭാഷകൂടാതെ ചിന്തയോ ചിന്ത കൂടാതെ ഭാഷയോ സാധ്യമല്ല (3.2.1.5.).

---

23. കേരള സർക്കാർ 42, വിദ്യാഭ്യാസവകുപ്പ്, *5-ാം അക്കാദമിക പഠനം* (തിരുവനന്തപുരം: ഡി.പി.ഇ.പി. 2000) 33

വൈകാരികമായി പ്രചോദിതമായ സന്ദർഭത്തിൽ ചിന്താപ്രക്രിയ ത്വരിതമാവുകയും ഭാഷാപ്രകടനവും ആവിഷ്കാരവും സ്വാഭാവികമായും ശക്തമായും നടക്കാൻ വഴിയൊരുങ്ങുകയും ചെയ്യും. അതുകൊണ്ടു തന്നെ പഠനപ്രവർത്തനങ്ങൾക്ക് ഇത്തരം പശ്ചാത്തലം ഒരുക്കേണ്ടത് അത്യാവശ്യമാണ്. ഇത് കുട്ടിയുടെ സാംസ്കാരിക പശ്ചാത്തലവുമായിക്കൂടി ബന്ധപ്പെട്ടതാണ്. ഇത്തരം സാധ്യതകളുള്ള പ്രവർത്തനങ്ങൾ അധ്യാപകസഹായിയിലും പാഠപുസ്തകത്തിലും ഉണ്ട് (അനു: 30). 'കഥ പൂർത്തിയാക്കാം' എന്ന പ്രവർത്തനം[24] ഇങ്ങനെയാണ്." മുതലയും ആമയും തമ്മിലുള്ള മത്സരം തുടങ്ങിയല്ലോ. എന്നിട്ടെന്തുണ്ടായി? ആരായിരിക്കും വിജയിച്ചിരിക്കുക? എങ്ങനെ? ഈ പ്രശ്നത്തിനുള്ള ഉത്തരം അവർ ഗ്രൂപ്പായി ഭാവനയ്ക്കനുസരിച്ച് വികസിപ്പിക്കട്ടെ. കഥ നീട്ടിക്കൊണ്ടു പോകാനാവശ്യമായ ചോദ്യങ്ങൾ ടീച്ചർ ചോദിക്കുമല്ലോ. ഓരോ ഗ്രൂപ്പും കഥയുടെ അവസാനം എങ്ങനെയെന്ന് എഴുതി അവതരിപ്പിക്കട്ടെ. എന്നാൽ, വളരെ യാന്ത്രികമായ പ്രവർത്തനങ്ങളും നൽകിയതായി കാണാം. അയ്യേ തെറ്റ്– വായനയ്ക്കിടയിൽ ടീച്ചർ ചില പദങ്ങൾ തെറ്റിച്ചും വിട്ടും വായിക്കുന്ന പ്രവർത്തനം. കുട്ടികൾ അവ കണ്ടെത്തി അയ്യേ തെറ്റ് എന്ന് പറയണം.[25]

### 5.4.5 വൈവിധ്യപൂർണവും അർത്ഥപൂർണവുമായ പുനരനുഭവങ്ങൾ പഠനപ്രക്രിയയുടെ ഭാഗമായി നിഷ്കർഷിക്കുന്നുണ്ട്

ഭാഷാവബോധം ഉണ്ടാക്കുന്നതിൽ പുനരനുഭവങ്ങൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. പദങ്ങളുടെയും വാക്യങ്ങളുടെയും ശൈലികളുടെയും വ്യവഹാരരൂപങ്ങളുടെയും അനുഭവം ഒരു തവണ മാത്രം ഉണ്ടാകുന്നത് പലപ്പോഴും അതുമായി ബന്ധപ്പെട്ട അവബോധം സ്വായത്തമാകുന്നതിന് പര്യാപ്തമാവുകയില്ല. അർത്ഥപൂർണവും പുതിയതുമായ സന്ദർഭങ്ങളിൽ ഇവ വീണ്ടും പലതവണ അനുഭവിക്കുമ്പോൾ മാത്രമാണ് ഭാഷാവബോധം ശക്തിപ്പെടുക. ഇതിന് യാന്ത്രികമായ ആവർത്തനത്തിനു പകരം സ്വാഭാവികമായ സന്ദർഭങ്ങളിൽ പുനരനുഭവം ലഭ്യമാക്കണം. ഇതിനുള്ള അവസരങ്ങൾ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും അധ്യാപകസഹായികളും പ്രവർത്തനങ്ങളുടെയും വ്യവഹാരരൂപങ്ങളുടെയും പുനരനുഭവസാധ്യത ഉറപ്പാക്കുന്നുണ്ട് (പട്ടിക 4). ഒന്നാം ക്ലാസ്സിലെ ആശയാവതരണരീതിയുടെ ഘട്ടങ്ങളിൽ പുനരനുഭവം ഉറപ്പാക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. 'ഇഷ്ടമാണ്, ഇഷ്ടമല്ല' എന്ന പ്രവർത്തനം (അനു: 30). ഓരോ കുട്ടിയും ഈ പാഠം ഇഷ്ടമായോ ഇല്ലയോ എന്നു പറയുകയും അതിന്റെ കാരണം എഴുതുകയും ചെയ്യട്ടെ. തുടർന്ന് ഗ്രൂപ്പു

24. കേരള സർക്കാർ 30 130
25. കേരള സർക്കാർ 29 94

കളായി ഓരോരുത്തരും കണ്ടെത്തിയ കാര്യങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് ക്രോഡീകരിക്കട്ടെ. ഓരോ ഗ്രൂപ്പും പറയുന്ന കാര്യങ്ങൾ വിലയിരുത്തൂ. നല്ല വാദങ്ങൾക്ക് ഓരോ പോയിന്റുവീതം. ഏതു ഗ്രൂപ്പിനാണ് കൂടുതൽ പോയിന്റെന്ന് കണ്ടെത്തുന്നു. എന്നാൽ പ്രവർത്തനങ്ങളിൽ പുനരനുഭവം സ്വാഭാവികമാക്കുന്ന ശ്രമം ഏറെ ഫലപ്രദമായിട്ടില്ല എന്ന് നിരീക്ഷിക്കാൻ കഴിയും (അനു: 28).

### 5.4.6. സ്വതന്ത്രചിന്തയും പ്രതികരണങ്ങളും പ്രോത്സാഹിപ്പിക്കുന്നുണ്ട്

തന്റെ സമീപപരിസരത്ത് ഇടപെടുമ്പോൾ ഉണ്ടാകുന്ന അനുഭവങ്ങളോട് പ്രതികരിച്ചുകൊണ്ട് തന്റെ ചിന്തകളും വികാരങ്ങളും സ്വതന്ത്രമായും തനിമയോടുംകൂടി പ്രകടിപ്പിക്കുമ്പോഴാണ് ഒരാളിൽ ഭാഷാശേഷി വികസനം നടക്കുന്നത്. ഇതിനുള്ള പരമാവധി സ്വാഭാവികാവസരങ്ങൾ ഒരുക്കലാണ് ഭാഷാധ്യാപകന്റെ ചുമതല. അതുകൊണ്ട് നൽകുന്ന പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് ഒറ്റയ്ക്കും കൂട്ടായും പ്രതികരിക്കാനുള്ള അവസരം ഒരുക്കണം. സ്വന്തം പ്രതികരണങ്ങളെയും മറ്റുള്ളവരുടെ പ്രതികരണങ്ങളെയും സ്വയം പരസ്പരവിലയിരുത്തലുകൾക്ക് വിധേയമാക്കാനും അവസരം വേണം. പാഠപുസ്തകത്തിലെയും അധ്യാപകസഹായിയിലെയും പ്രവർത്തനങ്ങൾ ഇതിനുള്ള സാധ്യത നിലനിർത്തുന്നവയാണ്. ഈ പ്രവർത്തനത്തിൽ സ്വതന്ത്രചിന്തയ്ക്കും പ്രതികരണങ്ങൾക്കും അവസരമുണ്ട്. സ്വന്തമായും തമ്മിൽത്തമ്മിലും വിലയിരുത്താനവസരമുണ്ട്. ഇതുറപ്പാക്കേണ്ടത് അധ്യാപകന്റെ ആസൂത്രണമാണ്. എന്നാൽ, പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്ന ഘട്ടത്തിൽ അറിഞ്ഞോ അറിയാതെയോ ഇതിന് മതിയായ അവസരവും സമയവും നൽകുന്നില്ലെന്ന് ടീച്ചിംഗ് മാന്വലിൽ നിന്ന് ബോധ്യമാവും[26] (അനു: 28).

### 5.4.7. പ്രാദേശിക വിഭവങ്ങളും വൈഭവങ്ങളും പഠനപ്രവർത്തനത്തിന്റെ ഭാഗമാക്കാൻ വിഭാവനം ചെയ്യുന്നുണ്ട്

ഭാഷ സംസ്കാരവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഭാഷാപഠനത്തിൽ അതതു പ്രദേശത്തിന്റെ സംസ്കാരത്തിന് വലിയ ഊന്നൽ നൽകേണ്ടതുണ്ട്. ഇതു സാധിക്കണമെങ്കിൽ ഭാഷാപരമായ സാധ്യതയും പ്രാധാന്യവുമുള്ള പ്രാദേശിക വിഭവങ്ങളും വൈഭവങ്ങളും ക്ലാസ്സ് പ്രവർത്തനത്തിന്റെ ഭാഗമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഇത് കുട്ടിയുടെ ഭാഷാപ്രകടനത്തെയും ആവിഷ്കാരത്തെയും അനായാസവും താല്പര്യജനകവുമാക്കിത്തീർക്കാൻ സഹായിക്കും. ഇതിനുള്ള മതിയായ അവസരങ്ങൾ പാഠ്യപദ്ധതി, പാഠപുസ്തകം, അധ്യാപകസഹായി എന്നിവയിലുണ്ട് (അനു: 30).

---

26. കേരള സർക്കാർ 42 33

### 5.4.8. വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ, പഠനസാമഗ്രികൾ എന്നിവ നിഷ്കർഷിക്കുന്നുണ്ട്

ഭാഷാപഠനസന്ദർഭങ്ങൾ ഒരുക്കുമ്പോൾ അസ്വാഭാവികതയും കൃത്രിമത്വവും പരമാവധി ഒഴിവാക്കുക എന്നത് അധ്യാപകൻ നേരിടുന്ന വെല്ലുവിളിയാണ്. വ്യത്യസ്തമായ അഭിരുചികളും കഴിവുകളുമുള്ള കുട്ടികൾ ഓരോരുത്തർക്കും കൂടുതൽ വഴങ്ങുന്ന പ്രതികരണരീതിയും വ്യത്യസ്തമായിരിക്കും. ബുദ്ധിയുടെ ബഹുതലങ്ങൾ എന്ന സിദ്ധാന്തം ഇത് വെളിവാക്കുന്നു. അതുകൊണ്ടുതന്നെ വൈവിധ്യമാർന്ന പഠനതന്ത്രങ്ങളും പഠനസാമഗ്രികളും ഉപയോഗിക്കേണ്ടത് അത്യാവശ്യമാണ്. ഓരോരുത്തരുടെയും കഴിവിനനുസരിച്ച് പ്രതികരിക്കാനവസരം ലഭിക്കുമ്പോൾ അവരിൽ ആത്മവിശ്വാസം ഉളവാകാൻ ഇത് സഹായിക്കും. ഇതിന് സഹായിക്കുന്ന അഭിമുഖം, പതിപ്പുകൾ, പഠനയാത്ര, ബാലസഭ, ഗ്രൂപ്പുപ്രവർത്തനം, പ്രാദേശികപാഠം, വായനമൂല, സഹവാസക്യാമ്പുകൾ, ദിനാഘോഷങ്ങൾ എന്നീ പഠനതന്ത്രങ്ങൾക്ക് പാഠ്യപദ്ധതി, പാഠപുസ്തകം, അധ്യാപകസഹായി എന്നിവ വലിയ പ്രാധാന്യം നൽകുന്നുണ്ട് (2.5).

### 5.4.9. തെറ്റുകളെ അറിവുനിർമാണപ്രക്രിയയുടെ ഒരു ഘട്ടം എന്ന നിലയിലാണ് പരിഗണിക്കുന്നത്

ഭാഷാപഠനത്തിൽ കുട്ടി വരുത്തുന്ന തെറ്റുകളുടെ സ്ഥാനം പാഠ്യപദ്ധതി കൃത്യമായി പറഞ്ഞിട്ടുണ്ട്. ജ്ഞാനനിർമിതിസിദ്ധാന്തപ്രകാരം തെറ്റുകൾ ആശയരൂപീകരണപ്രക്രിയയുടെ ഭാഗവും സ്വാഭാവികവുമാണ്. കുട്ടി വരുത്തുന്ന തെറ്റുകൾ ഉടൻ തിരുത്തേണ്ടതില്ലെന്നും ശരിയായ മാതൃകകൾ വിശകലനം ചെയ്ത് സ്വയം തിരുത്താനവസരമൊരുക്കിയാൽ മതിയെന്നും പാഠ്യപദ്ധതി നിർദ്ദേശിക്കുന്നു. തെറ്റുകൾ സ്വയം മനസ്സിലാക്കാനും, തെറ്റുകളെക്കുറിച്ച് നിർണായകമായ തിരിച്ചറിവുണ്ടാക്കാനും ഉള്ള ശ്രമമാണ് അധ്യാപകൻ നടത്തേണ്ടത് (2.4.4.2.2). തെറ്റിനെ ധനാത്മകമായി പ്രയോജനപ്പെടുത്തുന്നതിനുള്ള ബോധപൂർവമായ ശ്രമം ആസൂത്രണഘട്ടത്തിൽ നടത്തുന്നതായി അധ്യാപകരുടെ ആസൂത്രണരേഖയിൽനിന്നും തെളിയുന്നില്ല (അനു: 28).

### 5.4.10. അറിവിന്റെ നിർമാണം ക്ലാസ്സുമുറിയിൽ ഉറപ്പാക്കുന്ന പഠനപ്രക്രിയ വിഭാവനം ചെയ്യുന്നുണ്ട്

കുട്ടിയുടെ ജ്ഞാതൃമണ്ഡലത്തിൽ കൂട്ടിച്ചേർക്കലുകൾ നടക്കുംവിധമുള്ള ചിന്താപ്രക്രിയകൾക്ക് ഊന്നൽ നൽകുന്നതായിരിക്കണം പഠനപ്രക്രിയ. ഇതിലൂടെ പുതിയ പുതിയ അറിവുകൾ കുട്ടികൾ തന്നെ സൃഷ്ടിച്ചെടുക്കുകയാണ് ചെയ്യേണ്ടത്. ഒറ്റക്കും കൂട്ടായും ഇത് ചെയ്യുന്നതിനാവശ്യമായ സന്ദർഭങ്ങളും സാഹചര്യങ്ങളും ഒരുക്കലാണ്

അധ്യാപകന്റെ കടമ. പാഠ്യപദ്ധതി, പാഠപുസ്തകം, അധ്യാപകനായി എന്നിവയിലൂടെ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളിൽ അറിവുനിർമാണപ്രക്രിയക്ക് ഇടം നൽകുന്ന പ്രവർത്ത നങ്ങൾ ധാരാളമുണ്ട് (അനു: 30). എന്നാൽ ഇവ കൃത്യമായി പ്രക്രിയയിലൂടെ നയിച്ച് ജ്ഞാനനിർമിതി ഉറപ്പാക്കുന്നതിൽ അധ്യാപകരുടെ ആസൂത്രണം വേണ്ടത്ര ഫലപ്രദമ ല്ലെന്ന് നിരീക്ഷിക്കപ്പെടുന്നു[27] (അനു: 28).

### 5.4.11. പരിഹാരപ്രവർത്തനങ്ങൾ പഠനപ്രക്രിയയുടെ അവിഭാജ്യഘടക മായി വിഭാവനം ചെയ്യുന്നുണ്ട്

പരിഹാരപ്രവർത്തനങ്ങൾ പ്രത്യേകമായി മറ്റൊരു ഘട്ടത്തിൽ നടത്തേണ്ടതല്ല എന്നാണ് ആധുനിക ഭാഷാശാസ്ത്രസിദ്ധാന്തങ്ങൾ പറയുന്നത്. പരിഹാരപ്രവർത്തന ങ്ങളായി നൽകുന്ന ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ ഗുണഫലം ഉളവാക്കുകയില്ല. തെറ്റുകൾ സ്വയം തിരിച്ചറിയുന്ന കുട്ടി വിവിധ സന്ദർഭങ്ങളിലൂടെ ശരിയിലെത്തും. ഇതിന് തെറ്റ് സ്വയം തിരിച്ചറിയാനുള്ള അവസരമൊരുക്കലും ശരിമാതൃകകൾ അനുയോജ്യവും അർത്ഥ പൂർണവുമായ സന്ദർഭങ്ങളിൽ ലഭ്യമാക്കുകയുമാണ് വേണ്ടത്. ഇതിനുള്ള ശ്രമങ്ങൾ ഒരു പഠനപ്രവർത്തനത്തിന്റെ ഭാഗമായിത്തന്നെയോ അല്ലെങ്കിൽ ഈ ലക്ഷ്യംവെച്ചുകൊണ്ട് തുടർന്നുവരുന്ന പഠനപ്രവർത്തനങ്ങളുടെ ഭാഗമായോ നടത്തുകയാണ് വേണ്ടത്. ഈയൊരു സമീപനം തന്നെയാണ് പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്നത്. അധ്യാപകസ ഹായിയിൽ ഇക്കാര്യം പ്രതിപാദിച്ചിരിക്കുന്നു.[28]

### 5.4.12. പ്രവർത്തനാധിഷ്ഠിതവും ശിശുസൗഹൃദപരവുമായ പഠനം വിഭാവനം ചെയ്യുന്നുണ്ട്

ഔപചാരികമായ പഠനം ആസൂത്രണം ചെയ്യുമ്പോൾ കുട്ടിയുടെ പ്രകൃതവും പ്രാധാ ന്യത്തോടെ പരിഗണിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ പഠനവുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളും ക്ലാസ്സുമുറി, പാഠപുസ്തകം, അന്തരീക്ഷം, പഠനസാമഗ്രി, ഇടപെടലുകൾ എല്ലാം കുട്ടിയുടെ പ്രകൃതത്തിന് ഇണങ്ങുന്നതാവണം. ഈ അർത്ഥത്തിലാണ് ശിശു സൗഹൃദമാവൽ പ്രസക്തമാവുന്നത്. ചലനാത്മകവും പ്രവർത്തനനിരതവുമായ ഒരു ജൈവ വ്യവസ്ഥയാണ് കുട്ടിക്കുള്ളത്. ഇതിനോട് നീതി പുലർത്തുന്ന പഠനമാവണമെങ്കിൽ അത് പ്രവർത്തനാധിഷ്ഠിതമാവണം. ഇക്കാര്യങ്ങൾ പാഠ്യപദ്ധതി, അധ്യാപകസഹായി എന്നി

27. കേരള സർക്കാർ 42 24-25
28. കേരള സർക്കാർ 35 12-13

വയിൽ എടുത്തു പറഞ്ഞിട്ടുണ്ട്[29] (2.2). പുസ്തകത്തിലും അധ്യാപകസഹായിയിലും ഉള്ള പ്രവർത്തനങ്ങളും ഇതിനു സഹായകമാണ് (അനു: 30). ഉദാ: റോൾപ്ലേ, ചുവർപത്രിക, ഇഷ്ടമാണ് ഇഷ്ടമല്ല തുടങ്ങിയ പ്രവർത്തനങ്ങൾ.

### 5.4.13. ജീവിതസാഹചര്യത്തിൽ പ്രയോഗിച്ച് പഠിക്കാനവസരം ഉറപ്പാക്കുന്ന പഠനപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നുണ്ട്

ഭാഷ സന്ദർഭങ്ങളുടെ സൃഷ്ടിയാണ്. സന്ദർഭങ്ങളോട് പ്രതികരിച്ചുകൊണ്ട് തന്റെ ചിന്തയും വികാരങ്ങളും പ്രകടിപ്പിക്കാനാണ് ഭാഷ ഉപയോഗിക്കുന്നത്. മെച്ചപ്പെട്ട ഭാഷാ പഠനം ഉറപ്പുവരുത്തുന്നതിന് ഒരുക്കുന്ന ഭാഷാപഠനസന്ദർഭങ്ങൾ ഔപചാരികമാണെങ്കിലും ജീവിതഗന്ധിയായിരിക്കണം. വൈകാരികമായും വിചാരപരമായും പ്രചോദിതനായ കുട്ടി സ്വാഭാവികമായി പ്രതികരിക്കുന്ന അവസ്ഥയുണ്ടാകണം. കുട്ടിയുടെ അനുഭവമണ്ഡലം, താല്പര്യം എന്നിവയും പരിഗണിക്കപ്പെടണം. ഇക്കാര്യങ്ങൾ പാഠ്യപദ്ധതി തത്വത്തിൽ അംഗീകരിക്കുന്നുണ്ട്. പാഠപുസ്തകവും അധ്യാപകസഹായിയും ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നവയാണ്. എന്നാൽ, ഇങ്ങനെയല്ലാതുള്ള പ്രവർത്തന ങ്ങളും ധാരാളം കാണാം. പുസ്തകത്തിലൂടെ ഓടാം, ഓരോ പദം ചേർത്ത് കഥ, ഛെ, ഛെ, വായന എന്നീ പ്രവർത്തനങ്ങൾ (അനു: 30).

### 5.4.14. മാനവികതയിലൂന്നിയ പഠനരീതിക്ക് പ്രാമുഖ്യം നൽകുന്നുണ്ട്

ഒരു വ്യക്തി എന്ന നിലയിലും സാമൂഹ്യജീവി എന്ന നിലയിലും കുട്ടികളെ പരിഗ ണിക്കേണ്ടത് കുട്ടിയുടെ മാനവികതാബോധത്തെ ഊട്ടിയുറപ്പിക്കുന്നതിന് അത്യാവശ്യ മാണ്. ഔപചാരിക പഠനത്തിലൂടെ സമൂഹത്തിൽനിന്ന് അടർത്തിമാറ്റപ്പെട്ട ഒരു ജൈവ വ്യവസ്ഥയായി കുട്ടി മാറരുത്. ഇതിന് എല്ലാ കുട്ടികൾക്കും പങ്കാളിത്തവും അവസരതു ല്യതയും വ്യക്തിത്വത്തിന് അംഗീകാരം എന്നിവയുമുണ്ടാകണം. സംഘപഠനം, അറിവിന്റെ പങ്കുവയ്ക്കൽ, സ്വന്തമായും പരസ്പരവും വിലയിരുത്തലുകൾ, ക്ലാസ്സുമുറിയിലെ ജനാ ധിപത്യം, പഠനപ്രക്രിയയിൽ കുട്ടിയുടെ അഭിപ്രായം പരിഗണിക്കൽ എന്നിവയിലൂടെ പാഠ്യ പദ്ധതി മാനവികതയിലുള്ള ഊന്നൽ ഉറപ്പാക്കുന്നുണ്ട്. നാലാമധ്യായത്തിൽ വിശകലനം ചെയ്ത പ്രവർത്തനങ്ങൾ ഭൂരിഭാഗവും മേൽ സൂചിപ്പിച്ച സാധ്യതകൾ ഉറപ്പാക്കുന്നതിന് അവസരമൊരുക്കുന്നവയാണ്. ചോദ്യം കൊണ്ടൊരു കഥ എന്ന പ്രവർത്തനം കാണുക.[30]

---

29. കേരള സർക്കാർ 29 8-9

30. കേരള സർക്കാർ 29 103

### 5.4.15. സംശോധന നവീകരണപ്രക്രിയക്ക് ഊന്നൽ നൽകുന്നുണ്ട്

പഠനപ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികൾ നടത്തുന്ന രചനകൾ പല തരത്തിലുള്ള അപൂർണതകളും പരിമിതികളും ഉള്ളതാവാം. ശാസ്ത്രീയവും നിരന്തരവുമായ മെച്ചപ്പെടുത്തലിന് ഇവയെ വിധേയമാക്കേണ്ടതുണ്ട്. സ്വന്തം രചനയെ മെച്ചപ്പെടുത്തിയെടുക്കുന്നതോടൊപ്പം രചനകളിലെ തന്റെ പരിമിതികൾ സ്വയം തിരിച്ചറിയുന്നതിനും തുടർന്നു വരുന്ന സന്ദർഭങ്ങളിൽ ക്രമേണ അവ കുറച്ചുകൊണ്ടുവന്ന് രചനയെ പൂർണതയിലെത്തിക്കുന്നതിനും സംശോധന നവീകരണ പ്രക്രിയ ആവശ്യമാണ്. ആശയപരം, ഭാഷാപരം, ശൈലീപരം അക്ഷരം, പദം, വാക്യഘടന, ആശയം എന്നീ മൂന്നു തലത്തിലുള്ള സംശോധനയും നവീകരണവും ആവശ്യമാണ്. കൂടുതൽ മെച്ചപ്പെട്ട രചനകളുമായി താരതമ്യം ചെയ്യൽ, രചനയെ കൂട്ടായി വിലയിരുത്തൽ, ഇതിലൂടെ ലഭിക്കുന്ന നിഗമനങ്ങൾ വെച്ചുകൊണ്ട് മാറ്റിയെഴുതൽ തുടങ്ങിയ പല ഘട്ടങ്ങളിലൂടെയാണ് സംശോധന നവീകരണ പ്രക്രിയ പൂർത്തിയാക്കേണ്ടത്. രചനകൾ സ്വന്തമായും പരസ്പരവുമായ വിലയിരുത്തലിലൂടെ മെച്ചപ്പെടുത്തുക എന്ന തത്ത്വം പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്നുണ്ട്.[31] എന്നാൽ എഡിറ്റിംഗിന്റെ സൂക്ഷ്മമായ പ്രക്രിയകളും രീതികളും വിശദമാക്കപ്പെടുകയോ നിർവഹിക്കപ്പെടുകയോ ചെയ്യുന്നതായി കാണുന്നില്ല (അനു: 16).

## 5.5. വിലയിരുത്തൽ മേഖല: പാഠപുസ്തകവും പഠനസാമഗ്രികളും

5.5.1. പാഠപുസ്തകത്തിന്റെ ഘടനയും ഉള്ളടക്കവും ശിശുസൗഹൃദപരമാണ്.

5.5.2. പാഠപുസ്തകം പഠനസാമഗ്രികളിലൊന്ന് എന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.

5.5.3. ജൈവപാഠങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നുണ്ട്.

5.5.4. പാഠങ്ങളുടെ തുടർപ്രവർത്തനസാധ്യത വിഭാവനം ചെയ്യുന്നുണ്ട്.

5.5.5. വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ലക്ഷ്യംവയ്ക്കുന്നുണ്ട്.

### 5.5.1. പാഠപുസ്തകത്തിന്റെ ഘടനയും ഉള്ളടക്കവും ശിശുസൗഹൃദപരമാണ്

പാഠപുസ്തകം കുട്ടികൾക്കു ലഭിക്കുന്ന പഠനസാമഗ്രികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. ലോവർപ്രൈമറി ക്ലാസ്സിലെ കുട്ടികൾക്കുള്ള പുസ്തകങ്ങൾ എല്ലാ അർത്ഥത്തിലും അവർക്കിഷ്ടപ്പെടുന്നതാവണം. വലുപ്പം, കെട്ടും മട്ടും, ചിത്രങ്ങൾ, ഭാഷ, ഭാരം,

31. കേരള സർക്കാർ 29 9

അക്ഷരവലുപ്പം എന്നീ കാര്യങ്ങളിൽ ആകർഷകത്വം പ്രതിഫലിക്കണം. കൂടാതെ പുസ്തകത്തിലെ ഉള്ളടക്കവും ശിശുസൗഹൃദപരമാവണം. കുട്ടികളുടെ അനുഭവസീമയിൽ ഉൾപ്പെടുന്നതും ഭാവനാമണ്ഡലത്തിനിണങ്ങിയതും അവരുടെ വ്യത്യസ്തമായ ശേഷികളെയും താല്പര്യങ്ങളെയും ഉത്തേജിപ്പിക്കുന്നതുമാവണം. ഈ കാര്യങ്ങൾ പരിഗണിക്കുമ്പോൾ പാഠപുസ്തകത്തിന്റെ ഘടനയും ഉള്ളടക്കവും ശിശുസൗഹൃദപരമാണെന്ന് കാണാൻ കഴിയും (2.7.1–2.7.4).

### 5.5.2. പാഠപുസ്തകം പഠനസാമഗ്രികളിലൊന്ന് എന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്

ഭാഷാപഠനത്തിന് ഒരൊറ്റ പാഠപുസ്തകത്തിനു പകരം പല തരത്തിലുള്ള വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്ന പലതരം വായനാസാമഗ്രികളാണ് ഉപയോഗപ്പെടുത്തേണ്ടത്. വിദ്യാർത്ഥിസമൂഹത്തിൽ നിലനിൽക്കുന്ന പ്രാദേശികവൈവിധ്യം, ഭാഷാഭേദം, സാംസ്കാരികവൈവിധ്യം, താല്പര്യങ്ങളിലെ വൈവിധ്യം, നിലവാരത്തിലെ വൈവിധ്യം എന്നിവയെ പരിഗണിക്കുന്നതിന് ഇത് അത്യാവശ്യമാണ്. ഈ തത്ത്വം ഒരു പ്രഖ്യാപിതനിലപാടായി പാഠ്യപദ്ധതി ഉയർത്തിയിട്ടുണ്ട്. പ്രാദേശിക പാഠങ്ങളുടെ സാധ്യതയും എടുത്തുപറഞ്ഞിട്ടുണ്ട്. കുട്ടികൾക്കനുയോജ്യമായ ബാലസാഹിത്യകൃതികൾ ലഭ്യമാക്കുക, കുട്ടികളുടെയും അധ്യാപകരുടെയും രചനകൾ പഠനസാമഗ്രികളായി ഉപയോഗിക്കുക എന്നീ മാർഗങ്ങളിലൂടെ ഈ ആശയം പ്രയോഗതലത്തിലെത്തിക്കാനും ശ്രമം നടന്നിട്ടുണ്ട്[32] (അനു: 13).

### 5.5.3. ജൈവപാഠങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നുണ്ട്

ചെറിയ ക്ലാസ്സുകളിലെ ഭാഷാപഠനത്തിൽ മാനകമായ പാഠങ്ങൾക്കുപരി ജൈവപാഠങ്ങളുടെ സ്ഥാനം വളരെ വലുതാണ്. കുട്ടികളുടെ സാംസ്കാരികമണ്ഡലത്തിനിണങ്ങിയ ഉള്ളടക്കമുള്ളവയായിരിക്കണമവ. കുട്ടികളുടെ ഇടയിൽനിന്ന് അവരുടെ പങ്കാളിത്തത്തോടെ സ്വാഭാവികമായി ഉരുത്തിരിഞ്ഞുവരുന്ന പാഠങ്ങൾ ഇവയിൽപ്പെടുന്നു. ഇവയുടെ ഉപയോഗം കൃത്യമായ നിർദ്ദേശങ്ങളോടുകൂടി പ്രയോഗതലത്തിലെത്തിക്കുന്നതിൽ പാഠ്യപദ്ധതി വിജയിച്ചതായി കാണാൻ കഴിയില്ല.[33]

### 5.5.4. പാഠങ്ങളുടെ തുടർപ്രവർത്തനസാധ്യത വിഭാവനം ചെയ്യുന്നുണ്ട്

ജ്ഞാനനിർമിതി ക്ലാസ്സിലെ ഭാഷാപഠനത്തിന് അടഞ്ഞ പാഠങ്ങൾക്കു പകരം തുടർപ്രവർത്തനസാധ്യതയുള്ള തുറന്ന പാഠങ്ങളാണ് അനുയോജ്യം. കുട്ടികളുടെ സ്വതന്ത്രമായ

32. കേരള സർക്കാർ 30 10–11
33. കേരള സർക്കാർ 42 26

ഭാഷാപ്രകടനത്തിനും ആവിഷ്കാരത്തിനും ഇത് സഹായകമാവും. പാഠത്തിലെ സന്ദർഭങ്ങൾ ഉണർത്തുന്ന വൈകാരിക പശ്ചാത്തലം പ്രയോജനപ്പെടുത്തി കുട്ടിയുടെ ഭാഷാ ആവിഷ്കാരങ്ങളെ ത്വരിതപ്പെടുത്താൻ ഇതു സഹായിക്കും. പാഠപുസ്തകത്തിലെ പാഠഭാഗങ്ങൾ എല്ലാംതന്നെ ഈ സാധ്യത നിലനിർത്തുന്നവയാണ്. ഇവ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പഠനപ്രവർത്തനങ്ങളും ചേർത്തിട്ടുണ്ട്. 'ഈ രഹസ്യം ആരോടും പറയരുത്' എന്ന മൂന്നാം ക്ലാസ്സിലെ പാഠത്തിലുള്ള ഒരു പ്രവർത്തനമാണ് 'പറയാം പറയാം'. 'സിംഹത്തിന് കൊമ്പു മുളച്ച വിവരം അറിഞ്ഞ മുയൽ മാനിനോടു പറഞ്ഞതെന്തായിരിക്കും?' എന്ന ചോദ്യത്തെത്തുടർന്ന് അവർ തമ്മിലുള്ള സംഭാഷണമെഴുതണം. അതിനെ തുടർന്ന് അധ്യാപകസഹായിയിൽ നൽകിയ തുടർപ്രവർത്തനം ഇതാണ്: "റോൾപ്ലേ പാഠത്തിലെ 'പറയാം പറയാം' എന്ന പ്രവർത്തനം വായിച്ചുനോക്കൂ. ഇതിൽ മുയലും മാനും തമ്മിലുള്ള സംഭാഷണം ഒരുക്കാൻ നിങ്ങൾ കൊടുത്ത നിർദ്ദേശം എന്തായിരുന്നു? കുട്ടികളുണ്ടാക്കിയ ആ സംഭാഷണങ്ങൾ കുറിച്ചിടൂ. സഹാധ്യാപകരുടെ ക്ലാസ്സിലെ കുട്ടികൾ എഴുതിയവയുമായി താരതമ്യം ചെയ്യൂ. മറ്റു മൃഗങ്ങൾ തമ്മിൽ പറഞ്ഞതെന്തായിരിക്കും? കുട്ടികൾ അവർക്കിഷ്ടപ്പെട്ട മൃഗത്തെ തെരഞ്ഞെടുക്കട്ടെ."[34]

### 5.5.5. വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ലക്ഷ്യം വയ്ക്കുന്നുണ്ട്

കുട്ടികളുടെ പലതരം വൈവിധ്യത്തെ പരിഗണിച്ച് പാഠപുസ്തകത്തിനു പുറമെ മറ്റു പല പഠനസാമഗ്രികളും ഉപയോഗിക്കുന്നപോലെത്തന്നെ പ്രധാനമാണ് പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾക്കും വൈവിധ്യമുണ്ടാവുക എന്നത്. പാഠപുസ്തകത്തിലും അധ്യാപകസഹായിയിലും പലതരം പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അവയെ പൊതുവായി സർഗാത്മകതലം, ആശയഗ്രഹണതലം, നിരൂപണാത്മകതലം എന്നു തരംതിരിക്കാം. സർഗാത്മകതലത്തിൽ കഥ പറയൽ, വായന, എഴുത്ത്, അഭിനയം, ചിത്രംവര, ചുവർപത്രിക, കഥാസദസ്സ് എന്നിങ്ങനെയും ആശയഗ്രഹണത്തിന് കഥാസന്ദർഭത്തെ മറ്റു രൂപങ്ങളിലേക്ക് മാറ്റൽ, വ്യത്യസ്ത കഥകളുടെ വായന, അഭിനയസാധ്യത കണ്ടെത്തൽ, നിരൂപണതലത്തിൽ ഇഷ്ടകഥാപാത്രത്തെ കണ്ടെത്തൽ, ഈ കഥയേത്-എന്തുകൊണ്ട് ഇങ്ങനെ വൈവിധ്യപൂർണമായ പ്രവർത്തനങ്ങൾ ഒരുക്കിയിരിക്കുന്നു (അനു: 31). കുട്ടിയുടെ വിവിധതരം താല്പര്യങ്ങളെയും കഴിവുകളെയും പ്രയോജനപ്പെടുത്തി ഭാഷാപ്രകടനത്തിനും ആവിഷ്കാരത്തിനും വഴിയൊരുക്കുകയാണ് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ, പാഠപുസ്തകത്തിൽ നൽകി

34. കേരള സർക്കാർ 29 67

യിട്ടുള്ള പ്രവർത്തനങ്ങളിൽ വലിയൊരു ഭാഗം ഉള്ളടക്കത്തെ ഉപജീവിച്ചുകൊണ്ടുള്ളവയും വലിയ ആവിഷ്കരണത്തിന് സാധ്യതയില്ലാത്തവയുമാണ്. പലതും വ്യവഹാരരൂപങ്ങളുടെ തലത്തിലേക്ക് ഉയരുന്നില്ല. 'വലുതായി ചെറുതായി വലുതായി' എന്ന പാഠത്തിൽ ഏഴു പ്രവർത്തനങ്ങളാണ് ഉള്ളത്. അവയിൽ അഞ്ചെണ്ണം ഉള്ളടക്കവും പദവാക്യപഠനവുമായി ബന്ധപ്പെടുന്നവയാണ്.[35] എന്നാൽ അധ്യാപകസഹായിയിൽ കൂടുതൽ പ്രവർത്തനങ്ങളും ആവിഷ്കാരസാധ്യതയുള്ളവയാണ് (അനു: 31).

## 5.6. വിലയിരുത്തൽ മേഖല: പഠനപ്രവർത്തനങ്ങൾ

5.6.1. ഓരോ പ്രവർത്തനവും പാഠ്യപദ്ധതി പ്രസ്താവനകൾ സാക്ഷാത്കരിക്കുന്നതിന് സഹായകമാണ്.

5.6.2. പ്രവർത്തനങ്ങൾ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന സവിശേഷതകൾ ഉൾക്കൊള്ളുന്നവയാണ്.

5.6.3. പ്രവർത്തനങ്ങളിൽ ഭിന്നനിലവാരക്കാരെ പരിഗണിക്കുന്ന തലം ഉറപ്പാക്കുന്നുണ്ട്.

5.6.4. പ്രവർത്തനങ്ങൾക്ക് ജീവിതസന്ദർഭങ്ങളുമായി ബന്ധമുണ്ട്.

5.6.5. ഭാഷാവസ്തുതകൾ അബോധമായി സ്വാംശീകരിക്കുന്നതിന് പ്രവർത്തനങ്ങൾ സഹായകമാണ്.

5.6.6. പ്രവർത്തനങ്ങളുടെ ചാക്രികവികാസം ഉറപ്പാക്കുന്നുണ്ട്.

5.6.7. ബഹുമുഖബുദ്ധിവികാസത്തിന് സഹായിക്കുന്ന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നത്.

---

35. ഉദാ:

1. കണ്ടെത്താം പറയാം: ഉള്ളടക്കം.

2. എത്ര പദങ്ങൾ: പ്പ, മ്മ, ഞ്ഞ വരുന്ന പദങ്ങൾ എഴുതൽ.

3. കണ്ടെത്താം വായിക്കാം: നിശ്ചിത പദങ്ങൾ വരുന്ന വാക്യം വായിക്കൽ.

4. എത്ര പദങ്ങൾ: 'ര, ശ, ഭ, ന, അ, ഖ, വ, ഷ, സ, പ' എന്നീ അക്ഷരങ്ങളോട് 'ാ, ി, ീ, േ, ം എന്നീ ചിഹ്നങ്ങൾ ചേർത്ത് എത്ര പദമുണ്ടാക്കാം?

5. വാക്യങ്ങൾ വാക്യങ്ങൾ? അമ്മ, സന്തോഷം ഇവ ചേർന്നുവരുന്ന എത്ര വാക്യങ്ങൾ എഴുതാം?

6. കഥ പറയാം: കുഞ്ഞനാനയുടെ കഥയിൽ ഇഷ്ടമുള്ള മാറ്റങ്ങൾ വരുത്തി മറ്റൊരു കഥ പറയൂ.

7. എഴുതാം: ആകാശത്തുനിന്നും താഴോട്ടു നോക്കിയ കുഞ്ഞൻ എന്തൊക്കെ കണ്ടുകാണും? എഴുതൂ.

[കേരള സർക്കാർ 25, വിദ്യാഭ്യാസവകുപ്പ്, *പാഠപുസ്തകം, സ്റ്റാന്റേർഡ് 3,* (തിരുവനന്തപുരം: എസ്.സി.ഇ.ആർ.ടി. 1999) 8-9]

5.6.8. ചിന്താപ്രക്രിയയെ ഉദ്ദീപിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് നൽകുന്നത്.

### 5.6.1. ഓരോ പ്രവർത്തനവും പാഠ്യപദ്ധതിപ്രസ്താവനകൾ സാക്ഷാത്കരിക്കുന്നതിന് സഹായകമാണ്

രൂപപ്പെടുത്തിയ പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങളാണ് പാഠപുസ്തകത്തിലും അധ്യാപകസഹായിയിലും നൽകിയിരിക്കുന്നത്. എന്നാൽ, എല്ലാ പ്രവർത്തനങ്ങളും ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ പര്യാപ്തമാണെന്ന് പറഞ്ഞുകൂടാ.[36] എല്ലാ പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളും സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇല്ല. ഉദാ: കഥ വായിക്കുന്നതു കേൾക്കുന്നതിന്, കഥയിലെ ചെറു സംഭവങ്ങൾ അഭിനയിച്ചു കാണിക്കുന്നതിന് (ഒന്നാം ക്ലാസ്സ്), ആശയഗ്രഹണത്തിനായി ചിത്രങ്ങളിൽനിന്നും കഥ വായിച്ചെടുക്കൽ, കഥ ശേഖരിക്കൽ, ആശയം ഗ്രഹിച്ച് തലക്കെട്ടു നൽകൽ, അറിയുന്ന കഥകൾ എഴുതൽ എന്നീ ശേഷികൾക്കും (മൂന്നാം ക്ലാസ്സ്) പ്രവർത്തനങ്ങളില്ല. നാലാം ക്ലാസ്സിൽ കഥ വ്യത്യസ്തരീതിയിൽ അവതരിപ്പിക്കുന്നതിനായി മൈമിംഗ്, കഥാപ്രസംഗം, ഗാനമേള എന്നിവയ്ക്ക് പ്രവർത്തനം നൽകിയിട്ടില്ല.

### 5.6.2. പ്രവർത്തനങ്ങൾ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന സവിശേഷതകൾ ഉൾക്കൊള്ളുന്നവയാണ്

ശിശുകേന്ദ്രിതവും പ്രക്രിയാബന്ധിതവും ജ്ഞാനനിർമിതിയിലധിഷ്ഠിതവുമായ ക്ലാസ്സിലെ പഠനപ്രവർത്തനങ്ങൾക്ക് നിശ്ചിതമായ ചില സവിശേഷതകൾ ഉണ്ടാകേണ്ടതുണ്ട് (2.8). പ്രവർത്തനങ്ങളെല്ലാം ഇത്തരം സവിശേഷതയുള്ളതായാൽ മാത്രമേ ഔപചാരികസംവിധാനത്തിൽ സമയബന്ധിതമായി നിശ്ചിതശേഷികളിൽ കുട്ടികളെ എത്തിക്കാൻ കഴിയുകയുള്ളൂ. പ്രവർത്തനങ്ങളുടെ സവിശേഷതകൾ അധ്യാപകസഹായി വിശദമായി ചർച്ച ചെയ്യുകയും പ്രവർത്തനത്തിലെ ആസൂത്രണത്തിലും നിർവഹണത്തിലും ഇത് പരിഗണിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ, പാഠപുസ്തകങ്ങളിലും അധ്യാപകസഹായിയിലും നൽകിയിട്ടുള്ള പല പ്രവർത്തനങ്ങളും നിശ്ചിത സവിശേഷതകൾ ഉൾക്കൊള്ളുന്നവയല്ല എന്ന് കാണാം (5.5.5.).

---

36. ഉദാഹരണമായി: ഞാൻ പാതി നീ പാതി, കഥ തുന്നിച്ചേർക്കാം, ക്രമത്തിൽ പറയൽ, ഛെ, ഛെ വായന, പുസ്തകത്തിലൂടെ ഓടാം തുടങ്ങിയ പ്രവർത്തനങ്ങൾ (അനു 31)

### 5.6.3. പ്രവർത്തനങ്ങളിൽ ഭിന്നനിലവാരക്കാരെ പരിഗണിക്കുന്ന തലം ഉറപ്പാക്കുന്നുണ്ട്

പഠനവേഗം, പഠനശൈലി, പഠനനിലവാരം എന്നിവയുടെ കാര്യത്തിൽ വ്യത്യസ്ത രായ കുട്ടികൾ അടങ്ങിയ ക്ലാസ്സിൽ നൽകുന്ന പ്രവർത്തനങ്ങൾ, ഒരേസമയം ഇവർക്കെല്ലാം പങ്കെടുത്ത് അറിവുനിർമാണം നടത്താൻ കഴിയുന്നവയാകണം. ഇതിന് പ്രവർത്തനത്തിന്റെ പ്രക്രിയയിലും സാമഗ്രികളിലും അതീവശ്രദ്ധയോടെയുള്ള ആസൂത്രണം ആവശ്യമാണ്. വ്യത്യസ്തമായ സമീപസ്ഥവികസനമണ്ഡലമുള്ള കുട്ടികൾക്ക് ഒരേസമയം വെല്ലുവിളി യുയർത്തുന്ന പ്രശ്നം അതിലുണ്ടാകണം. പാഠപുസ്തകത്തിലും അധ്യാപകസഹായി യിലും നിർദ്ദേശങ്ങൾ അവിടവിടെ നൽകിയിട്ടുണ്ട്. എങ്കിലും അതിനുള്ള മൂർത്തമായ രീതികളോ മാതൃകകളോ നൽകിയിട്ടില്ല. അധ്യാപകരുടെ ടീച്ചിംഗ് മാന്വലിലും ഇക്കാര്യം പ്രതിഫലിക്കുന്നതായി കാണുന്നില്ല (അനു: 28).

### 5.6.4. പ്രവർത്തനങ്ങൾക്ക് ജീവിതസന്ദർഭവുമായി ബന്ധമുണ്ട്

കുട്ടിയുടെ ജീവിതപരിസരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാവുമ്പോഴാണ് കുട്ടിക്ക് ഭാഷാപ്രകടനങ്ങളും ആവിഷ്കാരങ്ങളും സ്വാഭാവികമായി നടത്താൻ കഴിയുക. ഇത്തര ത്തിൽ ജീവിതബന്ധമുള്ള പ്രവർത്തനങ്ങളാണ് പാഠപുസ്തകത്തിലും അധ്യാപകസഹാ യിയിലും ഉള്ള കുറേയേറെ എണ്ണം. ബാക്കിയുള്ളവയിൽ മറ്റൊരു വിഭാഗം പ്രവർത്തന ങ്ങൾ കുട്ടിയുടെ ഭാവനാമണ്ഡലത്തിൽ ജീവൻവയ്ക്കുന്ന ജീവിതങ്ങളുമായി ബന്ധപ്പെ ട്ടവയാണ്. ഈ രണ്ടു വിഭാഗത്തിലും പെടാത്ത ചില പ്രവർത്തനങ്ങളും ഉണ്ട്.[37] ഉദാ: എത്ര പദങ്ങൾ, ഒന്നിപ്പിക്കാം, പകരം പദം (അനു: 22).

### 5.6.5. ഭാഷാവസ്തുതകൾ അബോധമായി സ്വാംശീകരിക്കുന്നതിന് പ്രവർത്തനങ്ങൾ സഹായകമാണ്

അർത്ഥപൂർണമായ സന്ദർഭങ്ങളിലുള്ള ഭാഷാപ്രകടനത്തിന് അവസരമൊരുക്കുക വഴി അബോധപൂർവമായി ഭാഷാവസ്തുതകകൾ സ്വാംശീകരിക്കപ്പെടുന്ന രീതിയാണ് ക്ലാസ്സിൽ സ്വീകരിക്കേണ്ടത്. വ്യവഹാരരൂപങ്ങളുടെ തലത്തിലുള്ള പ്രവർത്തനങ്ങളാണ് ഇതിന് ആവ ശ്യമായിട്ടുള്ളത്. പാഠപുസ്തകത്തിലും അധ്യാപകസഹായിയിലുമുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചാൽ അതിൽ ബഹുഭൂരിഭാഗവും ഇത്തരത്തിൽ അബോധപൂർവം ഭാഷാസ്വാം ശീകരണത്തിന് ഇണങ്ങുന്നവയാണ്. എന്നാൽ ഇതിന് അനുയോജ്യമല്ലാത്ത ഒറ്റപ്പെട്ട ഭാഷാ വസ്തുതകളെ അടിസ്ഥാനമാക്കുന്ന പ്രവർത്തനങ്ങളുമുണ്ട് (അനു: 32).

---

37. കേരള സർക്കാർ 29 40-42

### 5.6.6. പ്രവർത്തനങ്ങളുടെ ചാക്രികവികാസം ഉറപ്പാക്കുന്നതിന് വിഭാവനം ചെയ്യുന്നുണ്ട്

ഏതൊരു പഠനവും പോലെ ഭാഷാപഠനവും രേഖീയമല്ല. ചാക്രികമായ വികാസ ത്തിലൂടെയാണ് ഭാഷാപഠനം പുരോഗമിക്കുന്നത്. ഈ രീതിയിൽ വ്യവഹാരരൂപങ്ങളുടെ തലം ഓരോ ക്ലാസ്സിലും ഉയർത്തിക്കൊണ്ടുവരണം. ഒന്നാം ക്ലാസ്സിൽ ഉപയോഗിക്കുന്ന കഥയും നാലാം ക്ലാസ്സിൽ ഉപയോഗിക്കുന്ന കഥയും തമ്മിൽ ഈ നിലവാരവ്യത്യാസം ഉണ്ടാവണം. പാഠപുസ്തകങ്ങളിലും അധ്യാപകസഹായിയിലും ഉള്ള വ്യവഹാരരൂപങ്ങ ളിലും പ്രവർത്തനങ്ങളിലും ഈ ചാക്രികവികാസം കാണാൻ കഴിയും. എന്നാൽ അങ്ങ നെയല്ലാത്ത പ്രവർത്തനങ്ങളുമുണ്ട് (അനു: 32).

### 5.6.7. ബഹുമുഖ ബുദ്ധിവികാസത്തിന് സഹായിക്കുന്ന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നത്

ഭാഷാപരബുദ്ധിവികാസം ലക്ഷ്യമാക്കുന്ന പ്രവർത്തനങ്ങളാണ് നൽകിയിട്ടുള്ളത്. എന്നാൽ, ഇതിനൊപ്പം ബുദ്ധിയുടെ മറ്റു തലങ്ങളുടെ വികാസസാധ്യതയുള്ള പ്രവർത്ത നങ്ങളുമുണ്ട് (അനു: 32).

### 5.6.8. ചിന്താപ്രക്രിയയെ ഉദ്ദീപിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്

ചിന്തയെയും വികാരത്തെയും പ്രയോജനപ്പെടുത്തി ഭാഷാപ്രകടനവും ആവിഷ്കാ രവും സാധ്യമാക്കുന്ന പ്രവർത്തനങ്ങളാണ് ഭാഷാപഠനത്തിന് കാര്യക്ഷമത വർധിപ്പിക്കുക. നൽകിയിട്ടുള്ള പ്രവർത്തനങ്ങളിൽ ബഹുഭൂരിപക്ഷവും ഇതിന് സഹായകമാണ് (അനു:32).

ഇവിടെ അപഗ്രഥിച്ച പഠനപ്രവർത്തനങ്ങൾ കഥ എന്ന വ്യവഹാരരൂപവുമായി ബന്ധ മുള്ള പ്രവർത്തനങ്ങൾ മാത്രമാണ് (അനു: 32). കഥാപാഠങ്ങളുമായി ബന്ധപ്പെട്ട് പാഠപു സ്തകത്തിൽ നൽകിയിട്ടുള്ള ഭൂരിഭാഗം പ്രവർത്തനങ്ങളും ഉള്ളടക്കകേന്ദ്രിതമോ ഒറ്റപ്പെട്ട ഭാഷാവസ്തുതകളെ കേന്ദ്രീകരിച്ചുള്ളതോ ആണ്. അധ്യാപകസഹായിയിലുള്ള പ്രവർത്ത നങ്ങൾ കുറേക്കൂടി പഠനപ്രവർത്തനങ്ങളുടെ സവിശേഷത ഉൾക്കൊള്ളുന്നവയാണ്.

## 5.7. വിലയിരുത്തൽ മേഖല: മൂല്യനിർണയം

5.7.1. സ്വയം വിലയിരുത്താനവസരമുണ്ട്.

5.7.2. പരസ്പരം വിലയിരുത്തുന്നതിന് അവസരമുണ്ട്.

5.7.3. അധ്യാപകന്റെ വിലയിരുത്തലിന് അവസരമുണ്ട്.

5.7.4. മൂല്യനിർണയം ഗുണാത്മക സൂചകങ്ങളുടെ അടിസ്ഥാനത്തിലാവണമെന്ന് വിഭാ വനം ചെയ്യുന്നുണ്ട്.

5.7.5. മൂല്യനിർണയപ്രവർത്തനങ്ങൾക്ക്  പഠനപ്രവർത്തനത്തിന്റെ സവിശേഷതകൾ ഉണ്ടാകണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

5.7.6. ഭാഷാവ്യവഹാരങ്ങൾ ഫലപ്രദമായി പ്രയോഗിക്കാൻ കഴിയുന്നുണ്ടോ എന്ന് വിലയിരുത്താൻ വിഭാവനം ചെയ്യുന്നുണ്ട്.

5.7.7. നിരന്തരവും സമഗ്രവുമായ മൂല്യനിർണയത്തിന് ഊന്നൽ നൽകുന്ന ഗ്രേഡിംഗ് സമ്പ്രദായമാണ് നിലനിൽക്കുന്നത്.

### 5.7.1. സ്വയം വിലയിരുത്താനവസരമുണ്ട്

മുല്യനിർണയം പഠനപ്രവർത്തനത്തിന്റെ ഭാഗമായിത്തന്നെ നടക്കണമെന്നതാണ് സമീപനം. ഇതിൽ തന്നെ പ്രധാനപ്പെട്ട ഘട്ടമാണ് കുട്ടിയുടെ സ്വയം മൂല്യനിർണയം. പ്രവർത്തനങ്ങൾ ചെയ്യുന്നതിലുള്ള തന്റെ മുന്നേറ്റത്തെ നിശ്ചിത മാനദണ്ഡങ്ങൾ വെച്ച് വിലയിരുത്തി കണ്ടെത്താൻ കുട്ടിക്കവസരം നൽകുന്നത് കുട്ടിയുടെ മെച്ചപ്പെടലിനെ വളരെ സഹായിക്കും. ഭാഷാപഠനത്തിൽ ഇതിന് പ്രാധാന്യം കൂടുതലാണ്. എന്തെന്നാൽ, തന്റെ ഭാഷാപ്രകടനങ്ങളെ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നതിനുള്ള തെളിവുകളാണ് ഈ തിരിച്ചറിവുകൾ. വ്യവഹാരരൂപങ്ങളുടെ മെച്ചപ്പെടുത്തൽ ഘട്ടത്തിൽ സംഭവിക്കുന്നത് ഇതുതന്നെയാണ്. അധ്യാപകസഹായിയിലും പാഠപുസ്തകത്തിലും നൽകിയിട്ടുള്ള പ്രവർത്തനങ്ങളിൽ സ്വയം വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് അവസരമുണ്ട്. എന്നാൽ, ഈ സാധ്യത തീരെയില്ലാത്ത പ്രവർത്തനങ്ങളുണ്ട്.

### 5.7.2. പരസ്പരം വിലയിരുത്തുന്നതിന് അവസരമുണ്ട്

ജ്ഞാനനിർമാണരീതിയിൽ സ്വന്തം പ്രകടനത്തെ വിലയിരുത്തുന്നതിന് നിരവധി തന്ത്രങ്ങൾ ഉള്ളതിൽ ഒന്നാണ് പരസ്പരം വിലയിരുത്തൽ. ഈ ഘട്ടത്തിൽ മറ്റൊരാളുടെ പ്രകടനത്തെ നിശ്ചിത സൂചകങ്ങൾ വെച്ച് വിലയിരുത്തുമ്പോൾ തന്റെ പ്രകടനങ്ങളെ കൂടി താരതമ്യവിധേയമാക്കുന്നുണ്ട്. അതോടൊപ്പം തന്റെ രചനകളെ മറ്റൊരാൾ വിലയിരുത്തുമ്പോൾ കിട്ടുന്ന ധാരണകൾ സ്വയം മെച്ചപ്പെടലിന് സഹായകമാകും. പാഠപുസ്തകത്തിലും അധ്യാപകസഹായിയിലും ഇതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ, അഞ്ചാം അക്കാദമികപഠനത്തിൽ പഠനത്തിന്റെ കൃത്യമായ ദർശനം ഉൾക്കൊണ്ട് പ്രതികരണ പേജ് വികസിപ്പിക്കുന്നതിൽ പരിമിതിയുണ്ടെന്ന് രേഖപ്പെടുത്തുന്നു.[38]

38. കേരള സർക്കാർ 42 24

### 5.7.3. അധ്യാപകന്റെ വിലയിരുത്തലിന് അവസരമുണ്ട്

പ്രവർത്തനവേളയിലും കുട്ടികളുടെ സൃഷ്ടികൾ വിലയിരുത്തിയും കുട്ടിയുടെ പ്രകടനങ്ങളെ നിരന്തരം മൂല്യനിർണയം ചെയ്യേണ്ടതുണ്ട്. ഇതിനുള്ള നിർദ്ദേശങ്ങൾ പ്രവർത്തനങ്ങളോടൊപ്പം മൂല്യനിർണയ സമീപനത്തിലും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടീച്ചിങ് മാന്വലിന്റെ വിലയിരുത്തൽ പേജിൽ നിരന്തര വിലയിരുത്തലിന്റെ പ്രതിഫലനങ്ങൾ കുറവാണ്.[39]

### 5.7.4. മൂല്യനിർണയം ഗുണാത്മക സൂചകങ്ങളുടെ അടിസ്ഥാനത്തിലാവണമെന്ന് വിഭാവനം ചെയ്യുന്നുണ്ട്

ഭാഷാവ്യവഹാരരൂപങ്ങളെ ഗുണനിലവാര വിലയിരുത്തലിന് വിധേയമാക്കാൻ വേണ്ട നിർദ്ദേശങ്ങൾ പാഠ്യപദ്ധതി നൽകുന്നുണ്ട്. ഇതിനാവശ്യമായ സൂചകങ്ങൾ മൂല്യനിർണയ സമീപനത്തിന്റെ ഭാഗമായി രൂപപ്പെടുത്തിയിട്ടുണ്ട്. ഈ സൂചകങ്ങൾ ഉപയോഗിച്ചാണ് നിരന്തര മൂല്യനിർണയം നടത്താൻ നിർദ്ദേശിച്ചിട്ടുള്ളത് (അനു: 23).

### 5.7.5. മൂല്യനിർണയപ്രവർത്തനങ്ങൾക്ക് പഠനപ്രവർത്തനത്തിന്റെ സവിശേഷതകൾ ഉണ്ടാകണമെന്ന് നിഷ്കർഷിക്കുന്നുണ്ട്

മൂല്യനിർണയ സമീപനത്തിന്റെ ഭാഗമായി മൂല്യനിർണയപ്രവർത്തനങ്ങളുടെ സവിശേഷതകൾ നിർണയിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ഒരു സവിശേഷതയാണ് മൂല്യനിർണയപ്രവർത്തനത്തിന് പഠനപ്രവർത്തനത്തിന്റെ സവിശേഷതകൾ ഉണ്ടാകണം എന്നത്. മൂല്യനിർണയപ്രവർത്തനത്തിനായി തയ്യാറാക്കിയ മൂല്യനിർണയ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ അവ പഠനപ്രവർത്തനത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളുന്നവയാണ് എന്ന് ബോധ്യപ്പെടും (അനു:24).

### 5.7.6. ഭാഷാവ്യവഹാരങ്ങൾ ഫലപ്രദമായി പ്രയോഗിക്കാൻ കഴിയുന്നുണ്ടോ എന്ന് വിലയിരുത്തൽ വിഭാവനം ചെയ്യുന്നുണ്ട്

അനുയോജ്യമായ സന്ദർഭങ്ങളിൽ ഉചിതമായ വ്യവഹാരരൂപങ്ങളിലൂടെ ചിന്തയും വികാരങ്ങളും പ്രകടിപ്പിക്കാൻ കഴിയുന്നുണ്ടോ എന്നാണ് മൂല്യനിർണയത്തിലൂടെ വിലയിരുത്തപ്പെടുന്നത്. ഇതിന് സഹായകമായ പ്രവർത്തനങ്ങളായിരിക്കണം മൂല്യനിർണയത്തിന് ഉപയോഗപ്പെടുത്തേണ്ടത്. എന്നാൽ ഭാഷാവ്യവഹാരരൂപങ്ങൾ രൂപപ്പെടുത്തുന്നതിന് ആവശ്യപ്പെടുന്ന സന്ദർഭങ്ങൾ വേണ്ടത്ര സ്വാഭാവികമോ അർത്ഥപൂർണമോ ആകാത്ത പ്രശ്നം കാണാൻ കഴിയും.[40]

---

39. കേരള സർക്കാർ 42 24

40. കേരള സർക്കാർ 42 24-25

### 5.7.7. നിരന്തരവും സമഗ്രവുമായ മൂല്യനിർണയത്തിന് ഊന്നൽ നൽകുന്ന ഗ്രേഡിംഗ് സംവിധാനമാണ് നിലനിൽക്കുന്നത്

കുട്ടിയുടെ ഭാഷാശേഷി വികസനത്തെ ശാസ്ത്രീയമായി വിലയിരുത്തുന്നതിന് ഏതെങ്കിലുമൊരു ഘട്ടത്തിൽ നടക്കുന്ന മൂല്യനിർണയം പര്യാപ്തമാവില്ല. സന്ദർഭവും പശ്ചാത്തലവും കൂടി പരിഗണിച്ചുകൊണ്ടുള്ള തൽസമയ മൂല്യനിർണയമാണ് അഭികാമ്യം. മൂല്യനിർണയഫലം സംഖ്യാപരമായി പറയുന്നതിനേക്കാൾ നിലവാരം സൂചിപ്പിക്കുന്ന ഗ്രേഡുകളാണ് നൽകേണ്ടത്. ഈ സമീപനം തന്നെയാണ് പാഠ്യപദ്ധതി നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ, ഇത് പ്രയോഗതലത്തിൽ കൊണ്ടുവരുന്നതിന് കാര്യക്ഷമമാകേണ്ട ദൈനംദിനാസൂത്രണവും വിലയിരുത്തലും നല്ല രീതിയിൽ നടക്കുന്നതായി നിരീക്ഷിക്കാൻ കഴിയുകയില്ല.[41]

## 5.8. ഉപസംഹാരം

ലോവർ പ്രൈമറിക്ലാസ്സുകളിലെ മലയാള പാഠ്യപദ്ധതിയെ ആധുനിക ഭാഷാശാസ്ത്ര-മനഃശാസ്ത്ര ദർശനത്തിൽ നിന്നും രൂപംകൊണ്ട ഭാഷാസമഗ്രതാ ദർശനത്തിന്റെ നിഷ്കൃഷ്ടമായ സൂചകങ്ങൾ വെച്ച് പരിശോധിച്ച് വിലയിരുത്തുകയാണ് ഇവിടെ ചെയ്തിട്ടുള്ളത്. കുട്ടികളുടെ ഭാഷാർജനത്തിനും ഭാഷാശേഷി വികസനത്തിനും സഹായകമായ ഒരു പാഠ്യപദ്ധതിയും അനുബന്ധ സാമഗ്രികളുമാണ് ഇവയെന്ന് ഈ വിലയിരുത്തൽ വ്യക്തമാക്കുന്നുണ്ട്. പാഠ്യപദ്ധതിയുടെ ഭാഗമായ എല്ലാ ഘടകങ്ങളിലും ഭാഷാസമഗ്രതാ ദർശനത്തിന്റെ അന്തസ്സത്തയും മികവുകളും ദൃശ്യമാണ്. അതേസമയം, കാഴ്ചപ്പാടിന്റെയും അനുബന്ധസാമഗ്രികളും-അധ്യാപകസഹായി, പാഠപുസ്തകം, മൂല്യനിർണയരീതി - വ്യക്തമായ മുന്നേറ്റം അന്യത്ര ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാൽ, പഠനപ്രവർത്തനസൂചനകളിലും അത് പ്രായോഗികമാക്കാനുള്ള പഠനതന്ത്രങ്ങൾ വ്യക്തമാക്കുന്നതിലും വൈവിധ്യമാർന്ന മൂല്യനിർണയ ഉപാധികൾ ആവിഷ്കരിച്ച് മൂല്യനിർണയം ഫലപ്രദമാക്കുന്നതിലും ചില പോരായ്മകൾ ചൂണ്ടിക്കാട്ടാനാവും. ഈ കണ്ടെത്തലുകളുടെ സംക്ഷിപ്തമായ ക്രോഡീകരണവും പാഠ്യപദ്ധതി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും രൂപപ്പെടുത്താനാണ് അടുത്ത അധ്യായത്തിൽ ശ്രമിക്കുന്നത്.

41. കേരള സർക്കാർ 42 24-25

## അധ്യായം ആറ്

# ഉപസംഹാരം

# 6. ഉപസംഹാരം

## 6.0 പാഠ്യപദ്ധതി: കണ്ടെത്തലുകളും നിർദ്ദേശങ്ങളും

1997ൽ നിലവിൽ വന്ന ലോവർ പ്രൈമറി പാഠ്യപദ്ധതി ആധുനിക ഭാഷാശാസ്ത്ര-മനഃശാസ്ത്ര സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് മാതൃഭാഷാ സ്വീകരണത്തിൽ പാഠ്യപദ്ധതി വഹിച്ച പങ്ക് കണ്ടെത്തുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം. ഭാഷാപഠന ലക്ഷ്യം, കുട്ടി, അധ്യാപകൻ, ആസൂത്രണം, പഠനരീതി, പഠനപ്രക്രിയ, പഠന തന്ത്രം, പഠനപ്രവർത്തനം, പാഠപുസ്തകം, മൂല്യനിർണയം എന്നീ പാഠ്യപദ്ധതി ഘടകങ്ങളെ, പൂർവഘട്ടങ്ങളിലെ പാഠ്യപദ്ധതിയും 1997ലെ പുതിയ പാഠ്യപദ്ധതിയും എപ്രകാരമാണ് വിഭാവനം ചെയ്യപ്പെട്ടിരുന്നത് എന്ന് കണ്ടെത്തുകയും താരതമ്യം ചെയ്യുകയുമുണ്ടായി. തുടർന്ന് പാഠ്യപദ്ധതിക്ക് ഉപോദ്ബലകമായ സിദ്ധാന്തരൂപങ്ങളെയും പരിചയപ്പെടുത്തി.

ഭാഷാശാസ്ത്രത്തിന്റെയും മനഃശ്ശാസ്ത്രത്തിന്റെയും മണ്ഡലത്തിൽ രൂപപ്പെട്ട ദർശനങ്ങളുടെ സംഗമമാണ് ഭാഷാസമഗ്രതാദർശനം. വ്യവഹാരരൂപത്തിലധിഷ്ഠിതമായ പഠനം. ഈ ദർശനത്തിന്റെ അടിസ്ഥാനപരമായി രീതിയാണ് പ്രൈമറിക്ലാസ്സുകളിലെ പ്രധാനപ്പെട്ട ഒരു വ്യവഹാരരൂപമായ 'കഥ'യെ ഉദാഹരണമായി എടുത്തുകൊണ്ട് ഭാഷാസമഗ്രതാദർശനത്തിന്റെ അന്തർധാര അന്വേഷിക്കാനും ഈ പ്രബന്ധത്തിൽ ശ്രമിച്ചിട്ടുണ്ട്. തുടർന്ന് ആധുനികാനന്തരമെന്ന് വിശേഷിപ്പിക്കാവുന്ന സിദ്ധാന്തങ്ങളിൽ നിന്ന് വികസിപ്പിച്ചെടുത്ത സൂചകങ്ങളുപയോഗിച്ച് പാഠ്യപദ്ധതിയെ വിലയിരുത്തി.

മാതൃഭാഷാസ്വീകരണം എന്നത് ഭാഷാശാസ്ത്രത്തിനകത്ത് വിപുലമായി ചർച്ച ചെയ്യപ്പെട്ടിട്ടുള്ള ഒന്നാണ്. ഒരു കുട്ടി മാതൃഭാഷ സ്വായത്തമാക്കുന്നതിനിടയിൽ നിരവധി ചരങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ ചരങ്ങളുടെ പരസ്പരാശ്രിതത്വം എങ്ങനെയെന്ന് പഠിക്കാനാണ് ഭാഷാശാസ്ത്രം ശ്രമിക്കുന്നത്. എന്നാൽ അത്തരമൊരു സമീപനം ഈ പ്രബന്ധത്തിൽ പിന്തുടർന്നിട്ടില്ല. മറിച്ച്, മാതൃഭാഷാസ്വീകരണത്തിലെ വ്യത്യസ്ത ചരങ്ങളെ വ്യത്യസ്ത കാലഘട്ടത്തിൽ രൂപപ്പെട്ട പാഠ്യപദ്ധതികൾ എപ്രകാരമാണ് പരിചരിച്ചതെന്നും അവയുടെ സൈദ്ധാന്തികയുക്തി എന്തായിരുന്നുവെന്നും വിശകലനം ചെയ്യുകയായിരുന്നു ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. ചേഷ്ടാവാദത്തിൽ നിന്ന് തുടങ്ങി ഭാഷാസമഗ്രതാദർശനം

വരെയുള്ള സിദ്ധാന്തമാതൃകകൾ ഭാഷാസ്വീകരണത്തെക്കുറിച്ചുള്ള പരസ്പരവിരുദ്ധമോ പരസ്പരപൂരകമോ ആയ ആശയങ്ങൾ അവതരിപ്പിക്കുന്നുണ്ട്. അവയെ ക്രോഡീകരിക്കാനും, അവയുടെ വെളിച്ചത്തിൽ ഭാഷാസ്വീകരണതത്ത്വങ്ങളെ പാഠ്യപദ്ധതി എപ്രകാരം പരിഗണിച്ചു എന്ന് പരിശോധിക്കാനും ഈ പ്രബന്ധം മുതിർന്നിട്ടുണ്ട്.

ഭാഷാശാസ്ത്രപരവും മനഃശാസ്ത്രപരവുമായ സിദ്ധാന്തങ്ങളിൽ നിന്ന് വികസിപ്പിച്ചെടുത്ത സൂചകങ്ങളുപയോഗിച്ച് പുതിയ പാഠ്യപദ്ധതി- ഭാഷാപഠനലക്ഷ്യം, കുട്ടി, അധ്യാപകൻ, ആസൂത്രണം, പഠനരീതി, പഠനപ്രക്രിയ, പഠനതന്ത്രങ്ങൾ, പഠനപ്രവർത്തനം, പാഠപുസ്തകം, മൂല്യനിർണയം എന്നിവയെ മുൻനിർത്തി- മുന്നോട്ടു വയ്ക്കുന്ന സമീപനങ്ങളെ വിലയിരുത്തുമ്പോൾ, പൂർവ്വഘട്ടങ്ങളിൽനിന്ന് വ്യത്യസ്തമായി ശിശുകേന്ദ്രിതവും വ്യവഹാരരൂപപഠനകേന്ദ്രിതവുമായ ഒരു പാഠ്യപദ്ധതിയും പ്രവർത്തനങ്ങളും വികസിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാകും. കുട്ടിയുടെ മാതൃഭാഷാസ്വീകരണത്തെ പ്രബലപ്പെടുത്തുന്ന നിരവധി മുന്നേറ്റങ്ങൾ ഉണ്ടാക്കാൻ പുതിയ പാഠ്യപദ്ധതിക്കു കഴിഞ്ഞിട്ടുണ്ട്. പാഠ്യപദ്ധതിയുടെ ലക്ഷ്യതലത്തിൽ ഈ മികവ് പ്രകടമാണ്. എന്നാൽ, പാഠ്യപദ്ധതിയുടെ മറ്റു ഘടകങ്ങൾ വിഭാവനം ചെയ്യുകയും രൂപപ്പെടുത്തുകയും ചെയ്തപ്പോൾ ചില ദൗർബല്യങ്ങൾ വന്നിട്ടുള്ളതായി സൂക്ഷ്മവിശകലനത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ ദൗർബല്യങ്ങൾ പരിഹരിച്ചാൽ മാത്രമേ ലക്ഷ്യം വെച്ച മികവുകൾ സാക്ഷാത്കരിക്കാൻ കഴിയൂ. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നതും ഈ പഠനത്തിന്റെ ലക്ഷ്യങ്ങളിലൊന്നാണ്. ഈ ലക്ഷ്യത്തോടുകൂടി മുൻ അധ്യായത്തിൽ പലയിടങ്ങളിലായി നിരീക്ഷിക്കപ്പെട്ടിട്ടുള്ള പ്രധാനപ്പെട്ട മികവുകളും പരിമിതികളും ക്രോഡീകരിക്കുന്നു. അതിനെ തുടർന്ന് പാഠ്യപദ്ധതി കുറേക്കൂടി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും സമർപ്പിക്കുന്നുണ്ട്.

## 6.1. കണ്ടെത്തലുകൾ: മികവുകൾ

പാഠ്യപദ്ധതിയുടെ എല്ലാ ഘടകങ്ങളിലും സമൂലമായ മാറ്റം ആവശ്യപ്പെടുന്ന തരത്തിൽ സമഗ്രതലസ്പർശിയായ പരിഷ്കരണമാണ് പുതിയ പാഠ്യപദ്ധതിയിൽ വരുത്തിയിട്ടുള്ളത്. ഭാഷാപഠനത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാനുള്ള അടിത്തറയായി ഇതു മാറിയിട്ടുണ്ട്.

6.1.1. ഏതൊരു പ്രവർത്തനത്തിനും ഫലപ്രദമായ ദിശാബോധം നൽകുന്നത് ലക്ഷ്യത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണയാണ്. പുതിയ പാഠ്യപദ്ധതിയിൽ, മുൻ പാഠ്യപദ്ധതികളെ അപേക്ഷിച്ച് ഭാഷാപഠനലക്ഷ്യങ്ങൾ വ്യക്തമായി നിർണയിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഭാഷാസമഗ്രതാദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള വ്യവഹാരരൂപങ്ങളിലൂന്നിയ പഠനം, പ്രാദേശിക ഭാഷ അംഗീകരിച്ചുകൊണ്ടുള്ള സമീപനം, ഭാഷയുടെ സാംസ്കാരിക പശ്ചാത്തലം ഉൾക്കൊണ്ടുകൊണ്ടുള്ള രീതി എന്നിവ ഭാഷാപഠനം ഒരു ജൈവപ്രക്രിയയാക്കി മാറ്റുന്നതിന് സഹായകമാണ്. ഭാഷയുടെ സർഗപരമായ ആവിഷ്ക്കാരത്തിനും പ്രകടനത്തിനും ഇത് സഹായകമാണ്.

6.1.2 കുട്ടിയുടെ പ്രകൃതം അംഗീകരിച്ചുകൊണ്ടുള്ള സമീപനം, ഭാഷാശേഷികളുടേയും വ്യവഹാര രൂപങ്ങളുടേയും ചാക്രികാരോഹണം, അനൗപചാരികവും സ്വാഭാവികവുമായ അന്തരീക്ഷം, ഭാഷയെക്കുറിച്ചു പഠിക്കുന്നതിനു പകരം ഭാഷ പഠിക്കുന്നതിനുള്ള ഊന്നൽ എന്നിവ ഭാഷാസ്വീകരണപ്രക്രിയയുടെ ഗുണപരത വർദ്ധിപ്പിക്കാൻ ഉതകുന്നതാണ്.

6.1.3 സഹായി, സഹപഠിതാവ്, ജനാധിപത്യവാദിയായ സംഘത്തലവൻ, പ്രശ്നപരിഹാരകൻ എന്നീ നിലകളിലുള്ള അധ്യാപകന്റെ പങ്ക് പാഠ്യപദ്ധതി കൃത്യമാക്കുന്നുണ്ട്. ഇത് അധ്യാപകന്റെ പങ്ക് ക്ലാസ്സുമുറിയിലെ ഇടപെടലുകളിൽ ജനാധിപത്യപരമായ നിലപാട് സ്വീകരിക്കാൻ സഹായകരമായി. നിരന്തരമായ സഹായവും ശാക്തീകരണ പ്രവർത്തനങ്ങളും ഇതിന് ആക്കം കൂട്ടി. മറ്റു വിഷയങ്ങളുടെ പഠനത്തിന്റെ ഭാഗമായി ഭാഷാപഠനത്തിന് അവസരമൊരുക്കുന്നതും, കുട്ടിക്ക് സ്വയം മാതൃകകൾ നിർമിക്കാനവസരം നൽകുന്നതും സ്വാഭാവികമായ പ്രയോഗത്തിന് അവസരമൊരുക്കുന്നതും, മുന്നറിവ് പരിഗണിച്ച് കുട്ടിയുടെ നിലവിലുള്ള നിലയിൽനിന്നും അല്പം ഉയർന്ന പഠനലക്ഷ്യം നിശ്ചയിച്ച് ജ്ഞാനനിർമിതിക്ക് അവസരമൊരുക്കുന്നതുമായ തലത്തിലുള്ള ആസൂത്രണപ്രക്രിയ, കുട്ടിയുടെ ഭാഷാസ്വീകരണത്തെ ധനാത്മകമായി സഹായിക്കാൻ ഉതകുന്നതാണ്.

6.1.4. ആധുനിക ഭാഷാശാസ്ത്ര-മനഃശാസ്ത്രസിദ്ധാന്തങ്ങൾ വിഭാവനം ചെയ്യുന്ന സ്വയം പഠനം, സഹവർത്തിതപഠനം, ചിന്തയെക്കുറിച്ചുള്ള ചിന്ത എന്നീ ആശയങ്ങൾക്ക്

പാഠ്യപദ്ധതി ഊന്നൽ നൽകുന്നു. ഇത് പഠനത്തിന്റെ യഥാർത്ഥ രീതി ഉൾക്കൊള്ളാനും അറിവിന്റെ പങ്കുവയ്ക്കലിലൂടെ മെച്ചപ്പെടുത്തുന്നതിനും പഠനത്തിന് സ്വീകരിച്ച രീതി പുനരവലോകനം ചെയ്യുന്നതിനും സഹായകമാണ്.

ഭാഷാപഠനത്തിൽ കുട്ടി വരുത്തുന്ന തെറ്റുകളെ അറിവുനിർമാണത്തിന്റെ സ്വാഭാവിക ഘട്ടമായി പരിഗണിക്കുന്നതും പരിഹാര പ്രവർത്തനങ്ങൾ പഠനപ്രക്രിയയുടെ സ്വാഭാവിക ഘടകമായി കാണുന്നതും, മാനവികതയിലൂന്നിയ പഠനരീതിക്ക് പ്രാമുഖ്യം നൽകുന്നതും, സംശോധന നവീകരണപ്രക്രിയയ്ക്ക് ഊന്നൽ നൽകുന്നതും പഠനത്തിന് കുട്ടിയുടെ ആത്മവിശ്വാസവും മുൻകൈയും വർധിപ്പിക്കാൻ സഹായിക്കും.

6.1.5 എല്ലാ അറിവുകളും സംഭരിച്ചിരിക്കുന്ന പുസ്തകമാണ് പാഠപുസ്തകം എന്ന നില മാറി, പ്രധാനപ്പെട്ടതെങ്കിലും അറിവുനിർമിതിക്കുള്ള ഒരു സാമഗ്രി മാത്രമാണ് അത് എന്ന കാഴ്ചപ്പാട് പഠനസാമഗ്രികളുടെ വൈവിധ്യം ഉറപ്പാക്കുന്നതിനും പ്രാദേശിക വഴക്കം ഉറപ്പാക്കുന്നതിനും ജൈവപാഠങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സഹായകമാണ്.

6.1.6 നിശ്ചിത സവിശേഷതകളോടുകൂടിയ പഠനപ്രവർത്തനങ്ങൾ രൂപപ്പെടുത്തി നടപ്പാക്കാനുള്ള നിർദ്ദേശം, പ്രവർത്തനങ്ങളിലൂടെയുള്ള പഠനം എന്ന കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കാൻ സഹായകമാണ്. വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പഠനം ഭാഷാപഠനത്തിലുണ്ടായിരുന്ന യാന്ത്രികത ഇല്ലാതാക്കാൻ ഉതകുന്നതാണ്.

6.1.7 നിരന്തരമൂല്യനിർണയത്തിനും പ്രവർത്തനാധിഷ്ഠിത ടേം മൂല്യനിർണയത്തിനും ഭാഷാശാസ്ത്ര-മനഃശാസ്ത്രസിദ്ധാന്തങ്ങളോടും മാനവികമൂല്യങ്ങളോടും നീതി പുലർത്തുന്ന ഒരു പ്രായോഗികരൂപം വികസിപ്പിക്കാനായി എന്നത് ഗണനീയമാണ്. ഇത് അറിവിന്റെ പ്രയോഗത്തിലും മെച്ചപ്പെടുത്തലിലും ഊന്നുന്നതാണ്.

## 6.2 കണ്ടെത്തലുകൾ: പരിമിതികൾ

പുതിയ പാഠ്യപദ്ധതിയിൽ സമസ്ത മേഖലകളിലും മുന്നേറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിലും ചില പരിമിതികൾ അപഗ്രഥനത്തിന്റെ ഭാഗമായി കണ്ടെത്തിയിട്ടുണ്ട്:

6.2.1. കുട്ടി ആർജിക്കേണ്ട ശേഷികൾ പ്രക്രിയാബന്ധിതമായി പ്രസ്താവിക്കുന്ന പാഠ്യ പദ്ധതിപ്രസ്താവനകളിൽ ചിലത് കേവലം പ്രവർത്തനനിർദ്ദേശം മാത്രമായി മാറിയിട്ടു ണ്ട്. ഇത് പഠനം പ്രക്രിയാബന്ധിതമായ രീതിയിൽനിന്നും അധ്യാപകകേന്ദ്രിതമാവാൻ കാരണമാവും. കൂടാതെ പാഠ്യപദ്ധതി പ്രസ്താവനകളെ, ആശയസ്വീകരണം, ആശയപ്ര കടനം, സർഗാത്മകപ്രകടനം എന്നു വേർതിരിച്ചു നൽകിയത് ഭാഷാപഠനത്തിന്റെ സമ ഗ്രസമീപനത്തിന് വിരുദ്ധമാണ്.

വ്യവഹാരരൂപങ്ങൾക്ക് വിവിധ ക്ലാസ്സുകളിലെ വ്യാപ്തി നിർണയിച്ചിട്ടില്ല. വിവിധ ക്ലാസുകളിൽ വ്യവഹാരരൂപതലത്തിലുള്ള വളർച്ച നിർണയിക്കുന്നതിന് സഹായകമായ സൂചകങ്ങളും രൂപപ്പെടുത്തിയിട്ടില്ല. ഈ പരിമിതികൾ വ്യവഹാരരൂപതലത്തിലുള്ള പഠ നത്തിലൂടെ വിഭാവനം ചെയ്യുന്ന ഭാഷാസ്വീകരണത്തിന്റെ ഗുണപരത കുറയ്ക്കും.

6.2.2. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് സഹായകരമാകുന്ന രീതി യിൽ പഠനാനുഭവങ്ങൾ ഒരുക്കണമെന്ന് അധ്യാപകസഹായി നിർദേശിക്കുന്നു എന്നാൽ പ്രവർത്തനങ്ങളിൽ എങ്ങനെയാണ് ഇത്തരം കുട്ടികളെ പരിഗണിക്കേണ്ടത് എന്ന വിശ ദാംശങ്ങൾ ഭാഷയുടെ അധ്യാപകസഹായിയിലില്ല. പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികൾക്കായി പ്രത്യേകം തയ്യാറാക്കിയ കൈപ്പുസ്തകത്തിലെ പ്രവർത്തനങ്ങൾ പാഠ്യ പദ്ധതിക്കടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ള സിദ്ധാന്തങ്ങളും ദർശനങ്ങളും പൂർണമായും ഉൾക്കൊണ്ടവയല്ല.

6.2.3. വ്യവഹാരരൂപങ്ങളുടെ നിർവഹണത്തിൽ അന്തർഭവിക്കേണ്ട വ്യക്തിഗത ഉദ്യ മം, സഹപഠിതാക്കളിൽനിന്നും അധ്യാപകരിൽനിന്നും ലഭിക്കുന്ന ധനാത്മകവും ഋണാ ത്മകവുമായ തെളിവുകൾ സ്വീകരിച്ച് മെച്ചപ്പെടുത്തൽ എന്നിവയ്ക്കുള്ള സൂക്ഷ്മപ്രക്രി യകൾ അധ്യാപകസഹായിയിൽ കൃത്യമായി പ്രതിപാദിച്ചിട്ടില്ല. ഇത് വ്യവഹാരരൂപതല ത്തിലുള്ള പഠനം പൂർണതയിലെത്താൻ തടസ്സമാവും.

6.2.4. വ്യവഹാരരൂപതലത്തിലുള്ള പഠനം പൂർണതയിലെത്തണമെങ്കിൽ കുട്ടികൾ നിർവഹിക്കുന്ന രചനകൾ ആശയപരം, ഭാഷാപരം, ശൈലീപരം എന്നീ തലങ്ങളിൽ സംശോധനവും നവീകരണവും നടത്തേണ്ടതുണ്ട്. എന്നാൽ, ഇതിനുള്ള വ്യക്തമായ സൂച നകൾ ഒന്നും തന്നെ അധ്യാപകസഹായിയിലോ അധ്യാപകപരിശീലന മൊഡ്യൂളുകളിലോ നൽകിയിട്ടില്ല. ഇത് പാഠ്യപദ്ധതി ലക്ഷ്യംവയ്ക്കുന്ന കുട്ടിയുടെ ഭാഷാപരമായ മികവിന് തടസ്സമാകുന്നു.

6.2.5. സാമൂഹ്യജ്ഞാനനിർമിതിവാദമനുസരിച്ചുള്ള പഠനപ്രക്രിയയുടെ സുപ്രധാന ഘടകമാണ്, സഹകരണാത്മകവും സഹവർത്തിതവുമായ പഠനം. ഇവയെക്കുറിച്ച് അധ്യാപകസഹായിയിലും പരിശീലന മൊഡ്യൂളുകളിലും പരാമർശമുണ്ടെങ്കിലും ഇതിന്റെ ക്ലാസ്മുറി പ്രയോഗത്തിനുള്ള വിശദാംശങ്ങളും പ്രക്രിയകളും നൽകിയിട്ടില്ല. ഗ്രൂപ്പുപ്രവർത്തനങ്ങൾ ചലനാത്മകമാക്കുന്നതിനുള്ള തന്ത്രങ്ങളെക്കുറിച്ചും കൃത്യമായ ധാരണകൾ നൽകിയിട്ടില്ല.

6.2.6. ജ്ഞാനനിർമിതിവാദമനുസരിച്ച് അറിവിന്റെ നിർമാണപ്രക്രിയയിൽ സ്വന്തം ചിന്തയുടെ വഴികൾ പുനഃസന്ദർശനം നടത്തി ചിന്തയെക്കുറിച്ചുള്ള ചിന്തയ്ക്ക് അവസരമൊരുക്കേണ്ടതാണ്. എന്നാൽ, അധ്യാപകസഹായികളിലും പാഠപുസ്തകങ്ങളിലും ഇത് പ്രതിഫലിക്കുന്നില്ല.

6.2.7. പാഠപുസ്തകങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ഭൂരിഭാഗം പ്രവർത്തനങ്ങളും ഉള്ളടക്ക കേന്ദ്രിതവും ഭാഷാവസ്തുതകളെ നേരിട്ട് പഠിക്കുന്നതിന് അവസരമൊരുക്കുന്നതുമാണ്. ഇത് പ്രവർത്തനങ്ങളുടെ യാന്ത്രികതയ്ക്ക് കാരണമാവും. പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഭാഷാപഠനസമീപനങ്ങൾക്ക് വിരുദ്ധമാണിത്.

6.2.8. അർത്ഥപൂർണമായ പുനരനുഭവം, സംശോധനവും നവീകരണവും, ചിന്തയെക്കുറിച്ചുള്ള ചിന്ത തുടങ്ങിയ സൈദ്ധാന്തികമായ ആശയങ്ങളിൽ പാഠപുസ്തകം, അധ്യാപകസഹായി എന്നിവയിലുള്ള പരിമിതികൾ യഥാർഥത്തിൽ മറികടക്കേണ്ടത് അധ്യാപകന്റെ ആസൂത്രണത്തിലൂടെയാണ്. എന്നാൽ, അധ്യാപകരുടെ ആസൂത്രണത്തിൽ അവ പ്രതിഫലിക്കുന്നില്ല എന്ന് അക്കാലത്ത് നടത്തിയ പഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. അധ്യാപകന്റെ ആസൂത്രണത്തിലുള്ള ഇത്തരം പരിമിതികൾ ജ്ഞാനനിർമിതിയിലധിഷ്ഠിതമായ ഭാഷാപഠനത്തിന് തടസ്സം സൃഷ്ടിക്കും.

നിരന്തരവും സമഗ്രവുമായ മൂല്യനിർണയം എന്ന ആശയം വ്യാപകമായി പ്രയോഗതലത്തിലെത്തിക്കുന്ന തരത്തിൽ അത് രേഖപ്പെടുത്തുന്നതിനുള്ള ലളിതമായ തന്ത്രങ്ങൾ വികസിപ്പിക്കാൻ സാധിച്ചിട്ടില്ല എന്ന വസ്തുത അക്കാലത്ത് നടത്തിയ പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇത് പ്രക്രിയയിലൂന്നിയ പഠനം, പഠനപ്രക്രിയയുടെ ഭാഗമായ പരിഹാരബോധനപ്രവർത്തനം, ജ്ഞാനനിർമിതിയിലൂന്നിയ പഠനം എന്നിവയ്ക്ക് തടസ്സമാകും.

മുകളിൽ പ്രസ്താവിച്ച പരിമിതികൾ കേവലം പഠനപ്രശ്നങ്ങളിൽ മാത്രം ഒതുങ്ങുന്നവയല്ല. അവ കുട്ടിക്ക് ലഭിക്കേണ്ട പഠനാനുഭവങ്ങളിൽ അസമത്വം സൃഷ്ടിക്കുകയും മാതൃഭാഷാസ്വീകരണത്തിന് തടസ്സമാവുകയും ചെയ്യും. വിശാലമായ അർത്ഥത്തിൽ, കുട്ടിയുടെ അവകാശനിഷേധത്തിൽ ചെന്നെത്തുകയും ചെയ്യും.

## 6.3 നിർദ്ദേശങ്ങൾ

6.3.1. പാഠ്യപദ്ധതിയുടെ സൈദ്ധാന്തികതലത്തിലുള്ള മികവുകളും പരിമിതികളുമാണ് ഈ പഠനത്തിലൂടെ കണ്ടെത്തിയിട്ടുള്ളത്. എന്നാൽ, പ്രായോഗിക തലത്തിലുള്ള പ്രശ്ന ങ്ങൾ, പ്രയാസങ്ങൾ, മികവുകൾ, പരിമിതികൾ എന്നിവ കൂടി കണ്ടെത്തുന്ന സൂക്ഷ്മതല പഠനങ്ങൾ നടക്കേണ്ടതുണ്ട്. ഇത്തരം പഠനങ്ങളുടെ കണ്ടെത്തലുകളോടൊപ്പം കാലിക മായ പുരോഗമനസിദ്ധാന്തങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് പാഠ്യപദ്ധതി നവീകരിക്കണം.

6.3.2. സൈദ്ധാന്തികമായും പ്രായോഗികമായും ഭദ്രമായ പാഠ്യപദ്ധതിക്ക് യോജിച്ച പഠനസാമഗ്രികളുടെ പരിപ്രേക്ഷ്യം രൂപീകരിക്കുകയും ഇതിന്റെ വെളിച്ചത്തിൽ തയ്യാറാ ക്കിയ കരട് സാമഗ്രികൾ തെരഞ്ഞെടുത്ത പ്രദേശത്ത് പ്രാവർത്തികമാക്കുകയും അവ യുടെ പ്രായോഗിക പ്രശ്നങ്ങൾ കണ്ടെത്തി പഠനസാമഗ്രികൾ മെച്ചപ്പെടുത്തി എല്ലാ സ്ഥല ത്തേക്കും വ്യാപിക്കുന്ന രീതി അവലംബിക്കേണ്ടതുമാണ്.

6.3.3. അധ്യാപനം എന്നത് ഒരു ഗവേഷണപ്രവർത്തനമാണ്. അതിനാൽ, ഓരോ വർഷ ത്തെയും പാഠ്യപദ്ധതി വിനിമയത്തിലൂടെ ലഭിച്ച നേരറിവുകൾ വെച്ച് സാമഗ്രികൾ മെച്ച പ്പെടുത്താനുള്ള മാർഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

6.3.4. ചലനാത്മകമായ പാഠ്യപദ്ധതിക്ക് നിശ്ചലവും കേന്ദ്രീകൃതവുമായ പഠനസാമ ഗ്രികൾ അനുയോജ്യമല്ല. അതിനാൽ, പാഠ്യപദ്ധതി നവീകരണങ്ങൾ നിരന്തരമാകുന്ന തോടൊപ്പം പ്രാദേശികമായി പാഠ്യപദ്ധതിയനുബന്ധ സാമഗ്രികൾ വികസിപ്പിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടാകണം. എങ്കിൽ മാത്രമേ പ്രാദേശിക വഴക്കമുള്ള പാഠ്യപദ്ധതി എന്ന ആശയം പ്രാവർത്തികമാകൂ.

6.3.5. ഭാഷാസ്വീകരണം ലക്ഷ്യംവെച്ചുകൊണ്ടുള്ള പാഠ്യപദ്ധതി വിനിമയത്തിൽ ഭാഷാ ന്തരീക്ഷം ഒരുക്കുന്നതിൽ അധ്യാപകർക്കു പുറമെ രക്ഷിതാക്കൾ, പ്രാദേശികസമൂഹം എന്നീ ഘടകങ്ങളുടെ പങ്ക്, നിലവിലുള്ള അവസ്ഥ, സാധ്യതകൾ എന്നിവ കണ്ടെത്തി പാഠ്യപദ്ധതിയിൽ ഉൾച്ചേർക്കണം.

6.3.6. നൂതനമായ ഭാഷാശാസ്ത്ര-മനഃശാസ്ത്രസിദ്ധാന്തത്തിൽ അധിഷ്ഠിതമായ ഭാഷാ ക്ലാസ്സിന്റെ പരിപ്രേക്ഷ്യം രൂപപ്പെടുത്തുകയും അവ മുൻനിർത്തി ഫലപ്രദമായ ഭാഷാക്ലാ സ്സിന്റെ സൂചകങ്ങൾ വികസിപ്പിക്കുകയും വേണം.

പാഠ്യപദ്ധതി എത്ര നവീനവും ശാസ്ത്രീയവുമായ കാഴ്ചപ്പാടുകൾ അവതരിപ്പിച്ചാലും അവ പ്രയോഗത്തിൽ കൊണ്ടുവരുന്നതിൽ വിദ്യാഭ്യാസ സംവിധാനത്തിന്റെ കാര്യക്ഷമ തയും അധ്യാപകരുടെ ഇച്ഛാശക്തിയും മനോഭാവവും നിർണായകമാണ്. ഇത് എങ്ങനെ പുരോഗമനപരമായി മാറ്റിയെടുക്കാമെന്ന വെല്ലുവിളിയും നാം ഏറ്റെടുക്കേണ്ടതുണ്ട്.

## ഗ്രന്ഥസൂചി

**മലയാളം പുസ്തകങ്ങൾ**


1. അച്യുതനുണ്ണി, ചാത്തനാത്ത്. *സാഹിത്യഗവേഷണം പ്രബന്ധരചനയുടെ തത്വങ്ങൾ,* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 1993.
2. ആനന്ദൻ, കെ.എൻ. മറ്റും 1, *ഭാഷയും ഭാഷാപഠനവും,* തിരുവനന്തപുരം: ഡി.പി.ഇ.പി., 2000
3. __________3, *ഭാഷാശാസ്ത്രത്തിലെ ചോംസ്കിയൻ വിപ്ലവം,* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2003.
4. ആസ്റ്റൻ വാർനർ, സാൽവിയ. *ടീച്ചർ,* വിവ. എ.കെ. മൊയ്തീൻ, കൊച്ചി: കെ.എസ്.എസ്. പി, 2001.
5. ഐലയ്യ, കാഞ്ച. *ഞാനെന്തുകൊണ്ട് ഹിന്ദുവല്ല,* തിരുവനന്തപുരം: ഇൻസൈറ്റ്, 2001
6. കെ.ഇ.എൻ., *കറുപ്പിന്റെ സൗന്ദര്യശാസ്ത്രം,* തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്, 1999.
7. കേരള സർക്കാർ 1, വിദ്യാഭ്യാസ വകുപ്പ്, *ലോവർ പ്രൈമറി ക്ലാസ്സുകളിലേക്കുള്ള സിലബസ്* 1-4, തിരുവനന്തപുരം ഗവ. പ്രസ്., 1962.
8. __________2, വിദ്യാഭ്യാസ വകുപ്പ്, *ഉദ്ദേശ്യാധിഷ്ഠിത ബോധനം, വാർഷിക പ്ലാൻ, യൂണിറ്റ് പ്ലാൻ.* തിരുവനന്തപുരം: എസ്.ഐ.ഇ, 1970.
9. __________3, വിദ്യാഭ്യാസ വകുപ്പ്, *പ്രൈമറി സ്കൂൾ സിലബസ് 1-7* തിരുവനന്തപുരം: എസ്.ഐ.ഇ 1981.
10. __________4, വിദ്യാഭ്യാസ വകുപ്പ്, *പാഠ്യപദ്ധതി ഒന്നുമുതൽ നാലുവരെ,* തിരുവനന്തപുരം: എസ്.ഐ.ഇ, 1990.
11. __________5, വിദ്യാഭ്യാസ വകുപ്പ്, എസ്.സി.ഇ.ആർ.ടി, *അവശ്യപഠനനിലവാരം പ്രാഥമികതലത്തിൽ,* തിരുവനന്തപുരം: ഡി.പി.ഇ.പി, 1995.
12. __________6, വിദ്യാഭ്യാസ വകുപ്പ്, *ഗൈഡ് ബുക്ക് മലയാള പാഠാവലി സ്റ്റാൻഡേർഡ് 1.* തിരുവനന്തപുരം ഗവ. പ്രസ്സ്, 1965.
13. __________7, വിദ്യാഭ്യാസ വകുപ്പ്, *ഏകകബോധനപദ്ധതി,* തിരുവനന്തപുരം: എസ്, ഐ, ഇ, 1968.
14. __________8, വിദ്യാഭ്യാസ വകുപ്പ്, എസ്.സി.ഇ.ആർ.ടി, *അധ്യാപകസഹായി, സ്റ്റാൻഡേർഡ് 1.* തിരുവനന്തപുരം: ഡി.പി.ഇപി, 1995.
15. __________9, വിദ്യാഭ്യാസ വകുപ്പ്, എസ്.സി.ഇ.ആർ.ടി, *അധ്യാപകസഹായി, സ്റ്റാൻഡേർഡ് 2.* തിരുവനന്തപുരം: ഡി.പി.ഇപി, 1995.
16. __________10, വിദ്യാഭ്യാസ വകുപ്പ്, എസ്.സി.ഇ.ആർ.ടി, *അധ്യാപകസഹായി, സ്റ്റാൻഡേർഡ് 3.* തിരുവനന്തപുരം: ഡി.പി.ഇപി, 1995.
17. __________11, വിദ്യാഭ്യാസ വകുപ്പ്, എസ്.സി.ഇ.ആർ.ടി, *അധ്യാപകസഹായി, സ്റ്റാൻഡേർഡ് 4.* തിരുവനന്തപുരം: ഡി.പി.ഇപി, 1995.
18. __________12, വിദ്യാഭ്യാസ വകുപ്പ്, *കറുക,* തിരുവനന്തപുരം: ഡി.പി.ഇപി, 1996.
19. __________13, വിദ്യാഭ്യാസ വകുപ്പ്, *മഞ്ചാടി* തിരുവനന്തപുരം: ഡി.പി.ഇപി, 1996.

20. ______14, വിദ്യാഭ്യാസ വകുപ്പ്, *അധ്യാപകർക്കുള്ള കൈപ്പുസ്തകം* തിരുവനന്തപുരം എസ്.ഐ.ഇ., 1974.

21. ______15, വിദ്യാഭ്യാസ വകുപ്പ്, *കേരള പാഠാവലി സ്റ്റാൻഡേർഡ് 1.,* തിരുവനന്തപുരം എസ്.ഐ.ഇ., 1987.

22. ______16, വിദ്യാഭ്യാസ വകുപ്പ്, *കേരള പാഠാവലി സ്റ്റാൻഡേർഡ് 2.,* തിരുവനന്തപുരം എസ്.ഐ.ഇ., 1987.

23. ______17, വിദ്യാഭ്യാസ വകുപ്പ്, *കേരള പാഠാവലി സ്റ്റാൻഡേർഡ് 3.,* തിരുവനന്തപുരം എസ്.ഐ.ഇ., 1987.

24. ______18, വിദ്യാഭ്യാസ വകുപ്പ്, *കേരള പാഠാവലി സ്റ്റാൻഡേർഡ് 4.,* തിരുവനന്തപുരം എസ്.ഐ.ഇ., 1987.

25. ______19, വിദ്യാഭ്യാസ വകുപ്പ്, *മലയാള പാഠാവലി സ്റ്റാൻഡേർഡ് 1.,* തിരുവനന്തപുരം: എസ്.സി.ഇ.ആർ.ടി, 1995.

26. ______20, വിദ്യാഭ്യാസ വകുപ്പ്, *മലയാള പാഠാവലി സ്റ്റാൻഡേർഡ് 2.,* തിരുവനന്തപുരം: എസ്.സി.ഇ.ആർ.ടി, 1995.

27. ______21, വിദ്യാഭ്യാസ വകുപ്പ്, *മലയാള പാഠാവലി സ്റ്റാൻഡേർഡ് 3.,* തിരുവനന്തപുരം: എസ്.സി.ഇ.ആർ.ടി, 1995.

28. ______22, വിദ്യാഭ്യാസ വകുപ്പ്, *മലയാള പാഠാവലി സ്റ്റാൻഡേർഡ് 4.,* തിരുവനന്തപുരം: എസ്.സി.ഇ.ആർ.ടി, 1995.

29. ______23, വിദ്യാഭ്യാസ വകുപ്പ്, എസ്.സി.ഇ.ആർ.ടി, *പാഠപുസ്തകം സ്റ്റാൻഡേർഡ് 1.,* തിരുവനന്തപുരം: ഡി.പി.ഇ.പി, 1998.

30. ______24, വിദ്യാഭ്യാസ വകുപ്പ്, എസ്.സി.ഇ.ആർ.ടി, *പാഠപുസ്തകം സ്റ്റാൻഡേർഡ് 2.,* തിരുവനന്തപുരം: ഡി.പി.ഇ.പി, 1998.

31. ______25, വിദ്യാഭ്യാസ വകുപ്പ്, എസ്.സി.ഇ.ആർ.ടി, *പാഠപുസ്തകം സ്റ്റാൻഡേർഡ് 3.,* തിരുവനന്തപുരം: ഡി.പി.ഇ.പി, 1998.

32. ______26, വിദ്യാഭ്യാസ വകുപ്പ്, എസ്.സി.ഇ.ആർ.ടി, *പാഠപുസ്തകം സ്റ്റാൻഡേർഡ് 4.,* തിരുവനന്തപുരം: ഡി.പി.ഇ.പി, 1998.

33. ______27, വിദ്യാഭ്യാസ വകുപ്പ്, എസ്.സി.ഇ.ആർ.ടി, *അധ്യാപക സഹായി, സ്റ്റാൻഡേർഡ് 1.* തിരുവനന്തപുരം: ഡി.പി.ഇപി, 1998.

34. ______28, വിദ്യാഭ്യാസ വകുപ്പ്, എസ്.സി.ഇ.ആർ.ടി, *അധ്യാപക സഹായി, സ്റ്റാൻഡേർഡ് 2.* തിരുവനന്തപുരം: ഡി.പി.ഇപി, 1998.

35. ______29, വിദ്യാഭ്യാസ വകുപ്പ്, എസ്.സി.ഇ.ആർ.ടി, *അധ്യാപക സഹായി, സ്റ്റാൻഡേർഡ് 3.* തിരുവനന്തപുരം: ഡി.പി.ഇപി, 1999.

36. ______30, വിദ്യാഭ്യാസ വകുപ്പ്, എസ്.സി.ഇ.ആർ.ടി, *അധ്യാപക സഹായി, സ്റ്റാൻഡേർഡ് 4.* തിരുവനന്തപുരം: ഡി.പി.ഇപി, 1999.

37. ______31, വിദ്യാഭ്യാസ വകുപ്പ്, *പ്രാഥമിക വിദ്യാഭ്യാസ പദ്ധതി,* തിരുവനന്തപുരം: ഡി.പി.ഇപി, 1997.

38. ______32, വിദ്യാഭ്യാസ വകുപ്പ്, *പരിവർത്തനം കുറിച്ച പാഠ്യക്രമം,* മലപ്പുറം ഡി.പി.ഇപി, 2003.

39. ____________33, വിദ്യാഭ്യാസ വകുപ്പ്, *കറുക, കിങ്ങിണിക്കൂട്ടം പതിപ്പ്*, തിരുവനന്ത പുരം: ഡി.പി.ഇ.പി, 1998.
40. ____________34, വിദ്യാഭ്യാസ വകുപ്പ്, *കറുക, കിങ്ങിണിക്കൂട്ടം പതിപ്പ്*, തിരുവനന്ത പുരം: ഡി.പി.ഇ.പി, 1999.
41. ____________35, വിദ്യാഭ്യാസ വകുപ്പ്, *കറുക, കിങ്ങിണിക്കൂട്ടം പതിപ്പ്*, തിരുവനന്ത പുരം: ഡി.പി.ഇ.പി, 2000.
42. ____________36, വിദ്യാഭ്യാസ വകുപ്പ്, *കറുക, ടീച്ചിംഗ് മാന്വൽ* തിരുവനന്തപുരം: ഡി. പി.ഇ.പി, 2000.
43. ____________37, വിദ്യാഭ്യാസ വകുപ്പ്, *മൂല്യനിർണയം, എന്ത്? എന്തിന്? എങ്ങനെ?*, തിരുവനന്തപുരം: ഡി.പി.ഇ.പി, 1997.
44. ____________38, വിദ്യാഭ്യാസ വകുപ്പ്, *ഗ്രേഡിംഗ് സൂചകങ്ങൾ* തിരുവനന്തപുരം: ഡി. പി.ഇ.പി, 2000.
45. ____________39, വിദ്യാഭ്യാസ വകുപ്പ്, *കേരള വിദ്യാഭ്യാസചട്ടങ്ങളും നിയമങ്ങളും*, തിരു വനന്തപുരം: കേരള സർക്കാർ, 1990.
46. ____________40, വിദ്യാഭ്യാസ വകുപ്പ്, *കിങ്ങിണിക്കൂട്ടം പ്രോഗ്രാം ഇവാലേഷൻ*, തിരു വനന്തപുരം: ഡി.പി.ഇ.പി, 1999.
47. ____________41, കേരള മനഃശാസ്ത്രപരിഷത്ത്, *പ്രൈമറി വിദ്യാഭ്യാസപരിഷ്കരണം പഠനറിപ്പോർട്ട്*, കോഴിക്കോട്: കാലിക്കറ്റ് യൂണിവേഴ്സിറ്റി, ഡി.പി.ഇ.പി, 1998.
48. ____________42, വിദ്യാഭ്യാസ വകുപ്പ്, *അഞ്ചാം അക്കാദമി പഠനം, തിരുവനന്തപുരം:* ഡി.പി.ഇ.പി, 2000.
49. ____________43, വിദ്യാഭ്യാസ വകുപ്പ്, *അധ്യാപകസഹായി, സംയോജിത വിദ്യാഭ്യാസം, സ്റ്റാൻഡേർഡ് 3,:* ഡി.പി.ഇ.പി, 2002.
50. ____________44, വിദ്യാഭ്യാസ വകുപ്പ്, *അധ്യാപകസഹായി, സ്റ്റാൻഡേർഡ് 1,* തിരുവ നന്തപുരം: എസ്.ഐ.ഇ 1986.
51. പയ്യനാട്, രാഘവൻ, *ഫോക്‌ലോർ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1997
52. ഫ്രെയർ, പൗലൊ, *മർദ്ദിതരുടെ ബോധനശാസ്ത്രം*, പന്തളം: പുസ്തകപ്രസാധക സംഘം, 1985.
53. റെഡ്ഡി, ഭക്തവത്സല. *ഫോക്‌ലോർ പഠനം സിദ്ധാന്തതലം*, കോട്ടയം: ഡി.സി. ബുക്സ് 2004.
54. തുണ്ടിയിൽ, ഡി. *കൈരളി മിത്രം* കോട്ടയം: വിദ്യാർഥിമിത്രം, 1979.
55. ബേബി, എം.എ, (എഡി), *നോം ചോസ്കി: നൂറ്റാണ്ടിന്റെ മനഃസാക്ഷി*, കോട്ടയം: ഡി.സി. ബുക്സ് 2002.
56. മുരളി, കവിയൂർ, *ദളിത് ഭാഷ*, കോട്ടയം: കറന്റ് ബുക്സ് 1997.
57. മോർഗൻ ടി. ക്ലിഫോർഡും മറ്റും, *മനഃശാസ്ത്രത്തിന് ഒരു മുഖവുര*, വാ. 1, വിവ. എൻ. ശങ്കരൻനായർ മറ്റും, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1990
58. രമേശൻ, കെ.എം., മറ്റും 1. *വിദ്യാഭ്യാസ പരിവർത്തനത്തിന് ഒരു ആമുഖം.*, കൊച്ചി: കെ.എസ്.എസ്.പി 2002.

59. ____________2, *പ്രൈമറി പാഠ്യപദ്ധതിയുടെ സൈദ്ധാന്തികവശം,* തിരുവനന്തപുരം: ഡി.പി.ഇ.പി, 2000.

59. രാമൻ, പള്ളത്ത് *മലബാർ കോഹിനൂർ പാഠാവലി, ഒന്നാം പുസ്തകം* കുന്ദംകുളം എ.ആർ.പി. പ്രസ്സ് 1939.

60. വർഗീസ്, ടി.പി. 1., *നവീന മലയാള പാഠാവലി രണ്ടാം പുസ്തകം,* മംഗലാപുരം ബാസൽ മിഷൻ പ്രസ്സ്, 1938.

62. ____________2, *നവീന മലയാള പാഠാവലി മൂന്നാംപുസ്തകം,* മംഗലാപുരം ബാസൽ മിഷൻ പ്രസ്സ്, 1937.

62. ശങ്കരക്കുറുപ്പ്, ജി. മാതൃകാപാഠാവലി *നാലാം പാഠപുസ്തകം,* തൃശൂർ, വി. സുന്ദരയ്യർ സൺസ്, 1939.

63. സോമൻ കെ. *ഉദ്ദേശ്യാധിഷ്ഠിതബോധനം,* വാ. നാല്, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1990.

64. സുധീഷ്, എസ്. *അധികാരം, മാധ്യമം, സംസ്കാരം,* കോഴിക്കോട് സെക്കുലർ ബുക്സ്, 1999.

65. മദ്രാസ് സർക്കാർ, വിദ്യാഭ്യാസ വകുപ്പ്, *പ്രാഥമിക വിദ്യാഭ്യാസം പരിഷ്കരിച്ച പദ്ധതി,* മംഗലാപുരം: ഇൻഫർമേഷൻ പബ്ലിസിറ്റി ഡയറക്ടറുടെ ഓഫീസ്, 1953.

## മലയാളം മാസികകൾ, ആഴ്ചപ്പതിപ്പുകൾ

1. ആനന്ദൻ, കെ.എൻ. 'സാർവഭാഷിക വ്യാകരണവും ഭാഷാപഠനവും' *ശാസ്ത്രഗതി* (മെയ് 1999)

2. കരീം, എൻ.എ. 'പാളിപ്പോയ പാഠ്യപദ്ധതി പരിഷ്കരണം' *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 79, 17 (ജൂൺ 2001) 17–23

3. ഗുപ്തൻ നായർ, എസ് 'പ്രാഥമിക വിദ്യാഭ്യാസത്തിന്റെ നവീകരണം' *മാതൃഭൂമി ആഴ്ച പതിപ്പ്.* 78, 15 ( 4 ജൂൺ 2008) 6–8

4. ജയകുമാർ കെ. 'മാറുന്നതെന്ത് മാറ്റങ്ങളെന്ത്', *കലാകൗമുദി വാരിക,* 1239 (6 ജൂൺ 1999) 22

5. പ്രസാദ്, സി.ആർ. 'അഞ്ചര വയസ്സുള്ള കുട്ടികൾ', *കലാകൗമുദി വാരിക.* 990. (സപ്തം. 4, 1994)

6. നാരായണൻ എം.ജി.എസ്. 'വിദ്യാഭ്യാസം ഒരു ദുരന്തം', *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 72, 22 (ആഗസ്റ്റ് 1-7-1999) 19–24.

7. യതി, നിത്യചൈതന്യ, 'പുതിയ കുട്ടികൾ പഴയ ഏടുകൾ, *കേരള കൗമുദി വീക്കെന്റ് മാഗസിൻ* (ഫെബ്രു. 9, 1992)

8. രാഘവവാരിയർ, എം. ആർ. 'മുലപ്പാലിൽ വിഷം ചേർക്കുന്നവർ' *മലയാളം വാരിക* 2, 52 (മെയ് 1999) 31–33

9. ശങ്കരൻ, ഒ.എം. 'പുതിയ പാഠ്യപദ്ധതി സവിശേഷതകൾ, *ജനപഥം,* 10.617 (ജൂൺ, 1999) 13–15.

# BIBLIOGRAPHY

## ENGLISH


1. Agnihotri, R.K. etal, Prashika, *Ekalavya Innovative Experiment in Primary Education* Bhopal: Ekalavya, 1994.
2. Anandan K.N. 2, *Tuition to Intuition*, Calicut University: Trancend, 2006
3. Aitchison, Jean. *The Articulate Mammal: An Introduction to Psycho linguistics.* London: Hutchison, & Co, 1996.
4. Beachner, Lynne, Anola Pickett. *Multiple Intelligence and Positive Life habits.* California: Corwin Press, 2001.
5. Berk, Lora E. *Child Psycology*, 6th Ed; New Delhi: Pearsyn Edcn, 2003.
6. Bloom Field, L. *Language* 7th Ed., London: George Allen and Unwin Co Ltd, 1961.
7. Bloom, S. Benchamin. *Taxonomy of Educational Objectives,* New York: David MC Kay com, INC, 1966.
8. Chomsky, Noam. 1, *A Review of BF Skinners 'Verbal Behaviour' in Language.* USA: Heincmann, 1959
9. Chomsky, Noam. 2, *Aspects of the Theory of Syntax,* London: MIT Press, 1965.
10. Chomsky, Noam. 3, *Language and Mind,* Harcourt Brane, Jovanovich, New York: Extented Edition, 1972.
11. Chomsky, Noam. 4, *Knowledge of Language*, New York: Praeger.
12. Chomsky, Noam. 5, *New Horizon in the Study of Language and Mind.* London: Cambridge University Press. 2000
13. Gardner, Howard. *Frames of Mind: the Theory of Multiple Intelligence*. 2nd Ed. London Fontana Press, 1993.
14. Gibaldi, Joseph. *MLA Handbook for Writers of Research Papers,* 6th Ed., New Delhi: Raj Kamal Press, 2004.
15. Govt. of India 1, MHRD, *New Policy on Education-1986*. New Delhi: NCERT, Govt of India, 1986.
16. Govt. of India, 2, *Report of Indian Education Commission 1964-66.* New Delhi: NCERT, Govt. of India, 1966.
17. Govt. of India, 5,*The Primary Years, Towards a Curriculam Frame works Part I*, New Delhi: NCERT, 1997.
18. Govt. of India, 6, *The Primary Years, Towards a Curriculam Frame works Part II*, New Delhi: NCERT, 1998.
19. Hilgand R Earnest, *Gorden H Bowei, Theories of Learning*, 4th Ed; USA: Century Psychology series, 1975.
20. Kandal, R. Eric. *Cellular Basis of Behaviour, An Introduction to Behavioural Neurology*. USA: W.H. Freeman and Co. 1976.
21. Kaul, Vinitha. *Textbook with a difference, A Study of Two DPEP Experience*, New Delhi; NCERT, 1998
22. Krishna kumar. *The Child's Language and the Teacher: A Hand book*, New Delhi: NBT India: 1994.
23. L. Bruz, Helen and Kit Marshall. *Perfomance Based Curriculam for Language Arts* California: Corwin Press, INC, 1997.

24. Locke, John, *An Essay Concerning Human Understanding,* London: Oxford Claranden Press, 1975.
25. Manual, Vedamani. *Study on Integative Approaches*, Thiruvananthapuram: DPEP, 2001.
26. Piaget, Jean, *The Origin of Intelligence in the Children*, London: Rowtledge Kajan Paul, 1953.
27. Pinker, S. *Language Acquisition in foundations of Cognitive Science*. London: MIT Press, 1989
28. Rogers, C. *Freedom to Learn in the Eightees,* Columbus: Ohio Merrill, 1982.
29. Shukla, P.D. *The New Education Policy in India*, New Delhi; Sterling Publishers Pvt Ltd; 1989.
30. Skinner, B.F. *Verbal Behaviour,* New York: Appletive Century Crafgs, 1957.
31. Suther Land, Peter. *Cognitive Development Today, Piaget and His Critics*. London; Paul Chapman Publishing Ltd, 1992.
32. Teele, Sue. *Rainbow of Intelligence, Explaning How Students Learn*. California: Corwin Press, 2000.
33. Therborn, Goran. *The Ideology of Power and Power of Ideology.* London: Verso Edition, 1982.
34. Vaidia N. Jean Piaget. *With Love and Understanding*. New Delhi : Oxford and IBH Publishing 1999.
35. Vygotsky, L.S. *Mind in Society: The Development of Higher Psychological Process*, London Cambridge, M.A: MIT Press. 1978.
36. Vygotsky, L.S. *Thought and Language,* Cambridge, M.A: MIT Press 1986.
37. Weaver, *Constance. Understanding Whole Language Principle to Practice.* USA. Heincmann, 1990.
38. Whorf, B. *Language Thought and Reality.* London: MIT Press, 1956
39. Words worth, J, Barry Piaget. *Theory of Cognitive Development* 2nd Ed. London: Longman, 1979.
40. Yashpal, *Learning with out Burden,* Report of the National Advisory Committee New Delhi: MHRD, 1993.
41. Hocket, C.F., *A Course in Modern Linguistics,* 9th Ed; New York: Mc Millon, 1965.
42. Govt. of India, 3, MHRD *National Curriculam Frame work for School Education*, New Delhi: NCERT, 2000.
43. Govt. of India, 4, *Grading in Schools*, New Delhi: NCERT, 2000.
44. Ramphal, Anitha, 1. *Where Exams Can be Fun: Evaluate of Children's Learning Achievements in Kerala.* New Delhi: NCERT, 2002.
45. .......................2, *Curriculam Change for Quality Education, A Study of Schools in DPEP and non DPEP districts in Kerala,* New Delhi: NCERT, 2001.

അനുബന്ധം: 1

# ബോധനോദ്ദേശ്യങ്ങൾ: 1990ലെ പാഠ്യപദ്ധതി

1. അന്യർ പറയുന്ന കാര്യങ്ങൾ ശരിയായി ഗ്രഹിക്കുക.
2. സ്വന്തം ആശയങ്ങൾ ശുദ്ധമായ ഭാഷയിൽ അന്യരെ പറഞ്ഞു മനസ്സിലാക്കാൻ കഴിയുക.
3. ലളിതമായ കവിതാഭാഗങ്ങൾ ചൊല്ലുമ്പോൾ കേട്ടാസ്വദിക്കാനും ചൊല്ലാനും ഉള്ള കഴിവ് നേടുക.
4. ആസ്വാദനശേഷി നേടുക.
5. ലഘുസാഹിത്യരൂപങ്ങൾ പരിചയപ്പെടുക.
6. ഹൃദ്യമായി കഥകൾ പറയാനുള്ള കഴിവ് നേടുക.
7. ശാസ്ത്രകാര്യങ്ങളോട് ആഭിമുഖ്യം കാണിക്കുക.
8. ജീവിതമൂല്യങ്ങളോട് ആഭിമുഖ്യം ഉണ്ടാകുക.
9. ബാലപ്രസിദ്ധീകരണങ്ങൾ, ചിത്രപുസ്തകങ്ങൾ തുടങ്ങിയവ വായിക്കാൻ താത്പര്യം കാണിക്കുക.
10. നല്ല വടിവൊത്ത അക്ഷരത്തിൽ ലഘുവാക്യങ്ങൾ തുടർച്ചയായി എഴുതാൻ കഴിയുക.
11. ഏതാനും വരി കവിതകൾ ആവശ്യാനുസരണം കാണാതെ ചൊല്ലാൻ കഴിയുക.
12. സങ്കീർണമായ ലളിതചിത്രങ്ങൾ വരയ്ക്കാനും അവയെപ്പറ്റി നാലഞ്ചു വാക്യങ്ങൾ തുടർച്ചയായി പറയാനുമുള്ള കഴിവ് നേടുക.
13. പ്രായത്തിനും ക്ലാസ്സിനും യോജിച്ച പദാവലി ഉപയോഗിച്ച് ക്ലാസ്സിൽ സംസാരിക്കാൻ കഴിയുക.
14. സംഭാഷണപാഠങ്ങളും നാടകഭാഗങ്ങളും ഭാവസ്ഫുരണത്തോടെ വായിക്കാൻ കഴിയുക.
15. ശ്രാവ്യമായും മൗനമായും വായിച്ച് ആശയം ഗ്രഹിക്കാനുള്ള കഴിവ് ഉണ്ടാകുക.
16. എഴുതുമ്പോൾ പൂർണവിരാമം, അർധവിരാമം, കാകു എന്നിവ യഥാസ്ഥാനം ചേർക്കാനുള്ള കഴിവുണ്ടാകുക.
17. നിർദിഷ്ടമായ വ്യാകരണഭാഗങ്ങൾ തത്ത്വാനുമാന തത്ത്വസമർത്ഥനരീതിയിൽ ഗദ്യപാഠങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കാനുള്ള കഴിവ് നേടുക.
18. വാചികരചന നടത്താനുള്ള കഴിവ് സമ്പാദിക്കുക.
19. ഭാഷാപരമായ നൈപുണികൾ സ്വാവലംബശീലം നേടുക.
20. നിയന്ത്രിതമായ ലിഖിതരചന നടത്താനുള്ള കഴിവ് സമ്പാദിക്കുക.
21. ലഘുഗ്രന്ഥങ്ങൾ വായിക്കുമ്പോൾ ആലശ്യമെന്നു തോന്നുന്ന ഭാഗങ്ങൾ കുറിച്ചിടുന്ന രീതി ശീലിക്കുക
22. ഡയറിക്കുറിപ്പുകൾ എഴുതുന്ന ശീലം നേടുക.
23 ഉച്ചാരണശുദ്ധി, ശബ്ദനിയന്ത്രണം, ഭാവസ്ഫുരണം, ആശയക്രമീകരണം എന്നിവ പാലിച്ചുകൊണ്ട് അൽപനേരം തുടർച്ചയായി സംസാരിക്കാനുള്ള ശേഷി കൈവരുത്തുക.
24. ലേഖനനൈപുണി നേടുക.

(കേരള സർക്കാർ 4, പാഠ്യപദ്ധതി ഒന്നുമുതൽ നാലുവരെ, 1990.)

അനുബന്ധം. 2

## ഭാഷയിലെ അവശ്യപഠനനിലവാര പ്രസ്താവനകൾ

| പ്രാപ്തികൾ | ഒന്നാംതരം | രണ്ടാംതരം | മൂന്നാംതരം | നാലാംതരം | അഞ്ചാംതരം |
|---|---|---|---|---|---|
| 1. ശ്രവണം | 1.1.1. ലളിതവും പരിചിതവും പ്രശസ്തവുമായ ശിശുഗാനങ്ങളും നാടോടിഗാനങ്ങളും കവിതകളും കഥകളും ശ്രദ്ധാപൂർവം ശ്രവിക്കുന്നു. | 1.2.1. ലളിതവും അപരിചിതവുമായ കവിതകൾ. നാടോടിഗാനങ്ങൾ. കഥകൾ എന്നിവ ശ്രദ്ധാപൂർവം ശ്രവിക്കുന്നു. | 1.3.1. ആഖ്യാനങ്ങൾ, വിവരണങ്ങൾ. പദങ്ങൾ ഉപയോഗിച്ചുള്ള കളികൾ. കടംകഥകൾ എന്നിവ ശ്രദ്ധാപൂർവം ശ്രവിക്കുന്നു. | 1.4.1. പരിചിതമായ സന്ദർഭങ്ങളിലെ ലഘുഭാഷണങ്ങൾ ശ്രദ്ധാപൂർവം ശ്രവിക്കുന്നു. | 1.5.1. സ്കൂളിലെ ചടങ്ങുകളിലോ മത്സരങ്ങളിലോ നടത്തുന്ന പദ്യപാരായണം, നാടകങ്ങൾ, വാദപ്രതിവാദങ്ങൾ തുടങ്ങിയവ ശ്രദ്ധാപൂർവം ശ്രവിക്കുന്നു. |
| | 1.1.2. പരിചിതമായ സന്ദർഭങ്ങളിലെ സംഭാഷണങ്ങൾ ഗ്രഹിക്കുന്നു. | 1.2.2. പരിചിതമായ സന്ദർഭങ്ങളിലെ സംഭാഷണങ്ങൾ ഗ്രഹിക്കുന്നു. | 1.3.2. അപരിചിതമായ സന്ദർഭങ്ങളിലെ സംഭാഷണങ്ങൾ ഗ്രഹിക്കുന്നു. | 1.4.2. അപരിചിതമായ സന്ദർഭങ്ങളിലെ സംഭാഷണങ്ങൾ ഗ്രഹിക്കുന്നു. | 1.5.2. അപരിചിതമായ സന്ദർഭങ്ങളിലെ സംഭാഷണങ്ങളും ചർച്ചകളും ഗ്രഹിക്കുന്നു. |
| | 1.1.3. പരിചിതമായ സന്ദർഭങ്ങളിൽ വാചികമായ അപേക്ഷകളും ലളിതമായ നിർദേശങ്ങളും ഗ്രഹിക്കുന്നു. | 1.2.3. പരിചിതമായ സന്ദർഭങ്ങളിൽ വാചികമായ അപേക്ഷകൾ. നിർദേശങ്ങൾ. കൽപനകൾ. ചോദ്യങ്ങൾ എന്നിവ ഗ്രഹിക്കുന്നു. | 1.3.3. കളികൾ. ലഘുപ്രവർത്തനങ്ങൾ എന്നിവയുള്ള വാചികനിർദേശങ്ങൾ ശ്രവിക്കുന്നു. | 1.4.3. ഒരു പ്രവൃത്തി ചെയ്യുന്നതിനുള്ള അനുക്രമമായ വാചികനിർദേശങ്ങൾ ഗ്രഹിക്കുന്നു. | 1.5.3. സംഘടിതപ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനുള്ള നിർദേശങ്ങൾ ഗ്രഹിക്കുന്നു. |
| 2. ഭാഷണം | 2.1.1 ലഘുവാക്യങ്ങൾ ശരിയായി ഏറ്റുചൊല്ലുന്നു | 2.2.1. എല്ലാ ഭാഷാശബ്ദങ്ങളും ഉച്ചരിക്കുന്നു | 2.3.1. ഉച്ചാരണശുദ്ധിയോടെ സംസാരിക്കുന്നു. | 2.4.1. അസ്വാഭാവികമായ നിർത്തലുകളില്ലാതെ തുടർച്ചയായി സംസാരിക്കുന്നു. | 2.5.1 അനസ്യൂതമായും സ്വാഭാവികമായും സംസാരിക്കുന്നു. |
| | 2.1.2. ലഘുവായ ശിശുഗാനങ്ങൾ. കവിതകൾ. പാട്ടുകൾ എന്നിവ ആംഗ്യങ്ങളോടും ഭാവങ്ങളോടും കൂടി സംഘമായി പാടുന്നു. | 2.2.2. കവിതകളും ഗാനങ്ങളും ഒറ്റക്കും സംഘമായും ചൊല്ലുന്നു. | 2.3.2 (a) പരിചിതമായ ലഘുകഥകൾ. ശരിയായ ഭാവങ്ങളോടും ആംഗ്യങ്ങളോടും കൂടി പറയുന്നു.<br>2.3.2 (b) ഈണത്തിലും താളത്തിലും കവിതചൊല്ലുന്നു. | 2.4.2 ഉചിതമായ രീതിയിൽ, ഭാവസ്ഫൂർത്തിയോടെ കവിത ചൊല്ലുന്നു. | 2.5.2. അറിയാവുന്ന ലക്ഷ്യവിഷയങ്ങളെപ്പറ്റി സംസാരിക്കുന്നു. |
| | 2.1.3 ഉണ്ട് / ഇല്ല; അതെ / അല്ല എന്നീ ഉത്തരങ്ങൾ ലഭിക്കാവുന്ന ലളിതമായ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു. | 2.2.3. പൂർണമായ ഉത്തരം ആവശ്യമായ ലഘുചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു. | 2.3.3. പരിചിതമായ വസ്തുക്കളെപ്പറ്റി വിവരിക്കുന്നു. | 2.4.3. അപരിചിതമായ വസ്തുക്കളെ പറ്റി വിവരിക്കുന്നു. | 2.5.3. സാഹചര്യങ്ങളും സംഭവങ്ങളും വിവരിക്കുന്നു. |
| | 2.1.4. ലഘുവായ ചോദ്യങ്ങൾ ചോദിക്കുന്നു. | 2.2.4. പരിചിതമായ വസ്തുക്കളെപ്പറ്റി വിവരങ്ങൾ തിരക്കുന്നു | 2.3.4 കൂടുതൽ സങ്കീർണമായ ചോദ്യങ്ങൾ ചോദിക്കുന്നു. | 2.4.4. ക്ലാസിലെ ലഘുചർച്ചകളിൽ പങ്കെടുക്കുന്നു. | 2.5.4. നാടകങ്ങളിലും വാദപ്രതിവാദങ്ങളിലും പങ്കെടുക്കുകയും ഔപചാരിക പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്യുന്നു. |

| പ്രാപ്തികൾ | ഒന്നാംതരം | രണ്ടാംതരം | മൂന്നാംതരം | നാലാംതരം | അഞ്ചാംതരം |
|---|---|---|---|---|---|
| 3. വായന | 3.1.1. ഭാഷയിലെ അക്ഷരങ്ങൾ തനിച്ചും കൂട്ടത്തിലും പദത്തിലും നിൽക്കുമ്പോൾ തിരിച്ചറിയുന്നു. | 3.2.1. ഭാഷയിൽ കുറച്ചു മാത്രം പ്രയോഗിക്കുന്ന അക്ഷരങ്ങളും കൂട്ടക്ഷരങ്ങളും തിരിച്ചറിയുന്നു. | 3.3.1. റോഡ്അടയാളങ്ങൾ, ബോർഡുകൾ, ലഘുനോട്ടീസുകൾ തുടങ്ങിയവ വായിക്കുന്നു. | 3.4.1 ചുമർ ചിത്രങ്ങൾ വായിക്കുന്നു. | 3.5.1 ലക്ഷ്യമായ ചിത്രങ്ങൾ, ഭൂപടങ്ങൾ, ചാർട്ടുകൾ എന്നിവ വായിക്കുന്നു. |
| | 3.1.2 ബ്ലാക്ക്ബോർഡ്, ഫ്ലാഷ്കാർഡ് തുടങ്ങിയവയിൽ എഴുതിയതും, അച്ചടിച്ചതുമായ വലിയ അക്ഷരങ്ങൾ വായിക്കുന്നു. | 3.2.2 വലുതും ചെറുതുമായ അച്ചടി അക്ഷരങ്ങൾ വായിക്കുന്നു. | 3.3.2 മറ്റു കുട്ടികളുടെ കൈയെഴുത്ത് വായിക്കുന്നു. | 3.4.2. എഴുതിയ കത്തുകൾ വായിക്കുന്നു. | 3.5.2. അച്ചടിച്ചതും എഴുതിയതും തടസ്സം കൂടാതെ വായിക്കുന്നു. |
| | 3.1.3. ലളിതവും പരിചിതവുമായ പദങ്ങൾ ഉച്ചത്തിൽ വായിക്കുന്നു (മൂന്നക്ഷരങ്ങൾ ഉള്ളവ). | 3.2.3. ശിശുഗാനങ്ങൾ, കവിതകൾ, ഗാനങ്ങൾ, ലളിതമായ കഥകൾ എന്നിവ ഉച്ചത്തിൽ വായിക്കുന്നു | 3.3.3. ലഘുകഥകളും പുസ്തകങ്ങളും മറ്റു ബാലസാഹിത്യകൃതികളും മൗനമായി വായിക്കുന്നു. | 3.4.3. കുട്ടികളുടെ മാസികകൾ വായിക്കുന്നു. | 3.5.3. വർത്തമാനപത്രങ്ങളും അച്ചടിച്ച മറ്റ് വസ്തുതകളും വായിക്കുന്നു. |
| 4. ലേഖനം | 4.1.1. സ്വരങ്ങൾ, വ്യഞ്ജനങ്ങൾ, കൂട്ടക്ഷരങ്ങൾ, സ്വരചിഹ്നങ്ങൾചേർന്ന വ്യഞ്ജനങ്ങൾ എന്നിവ നോക്കിയെഴുതുന്നു. | 4.2.1. പദങ്ങളും വാക്യങ്ങളും പകർത്തിയെഴുതുന്നു. | 4.3.1. അക്ഷരങ്ങൾ, പദങ്ങൾ എന്നിവയുടെ ശരിയായ രൂപം, അവയുടെ ക്രമം, അക്ഷരങ്ങൾക്കും, പദങ്ങൾക്കും ഇടയിലെ അകലം എന്നിവ വേർതിരിച്ചറിയുന്നു. | 4.4.1. വെടിപ്പായും സ്പഷ്ടമായും എഴുതുന്നു. | 4.5.1. ശരിയായ രൂപത്തിലും അകലത്തിലും എഴുതുന്നു. |
| | 4.1.2. സ്വരങ്ങൾ, വ്യഞ്ജനങ്ങൾ, കൂട്ടക്ഷരങ്ങൾ, സ്വരചിഹ്നങ്ങൾചേർന്ന വ്യഞ്ജനങ്ങൾ, പദങ്ങൾ (രണ്ടക്ഷരം ചേർന്നവ) എന്നിവ കേട്ടെഴുതുന്നു. | 4.2.2. പരിചിതമായ ചെറിയ പദങ്ങൾ കേട്ടെഴുതുന്നു. | 4.3.2. അപരിചിതമായ ചെറിയ പദങ്ങൾ കേട്ടെഴുതുന്നു. | 4.4.2. ലളിതമായ ചിഹ്നങ്ങൾ ചേർന്ന് കേട്ടെഴുതുന്നു. | 4.5.2. ഉചിതമായ ചിഹ്നങ്ങൾ ചേർത്ത് കേട്ടെഴുതുന്നു |
| | 4.1.3. പരിചിതമായ ലഘുപദങ്ങളും ലഘുവാക്യങ്ങളും എഴുതുന്നു. | 4.3.2. അദ്ധ്യാപകന്റെ നിർദേശാനുസരണം ലഘുവായ വിവരണവാക്യങ്ങൾ എഴുതുന്നു. | 4.3.3. ലളിതമായ നിയന്ത്രിതരചനകൾ നടത്തുന്നു. | 4.4.3. ഖണ്ഡികകൾ തിരിച്ചും, ഉചിതമായ ചിഹ്നങ്ങൾ ചേർത്തും നിയന്ത്രിതരചനകൾ നടത്തുന്നു. | 4.5.3. ലഘുവായ അനൗപചാരികകത്തുകളും സംഭാഷണങ്ങളും ഉൾപ്പെടെ സ്വതന്ത്രമായ ലഘുരചനകൾ നടത്തുന്നു. |
| 5 ശ്രവണം വായന എന്നിവയിലൂടെയുള്ള ആശയഗ്രഹണവുംആസ്വാദനവും | 5.1.1. ശ്രവണാനന്തരം ലഘുവായ കാര്യങ്ങൾ ഓർമിക്കുന്നു. | 5.2.1. വായിച്ചതോ, കേട്ടതോ ആയ ഭാഗങ്ങളിലെ സംഭവങ്ങൾ ക്രമമായി ഓർമിക്കുന്നു. | 5.3.1. (a) വായിച്ചതോ കേട്ടതോ ആയ ഭാഗത്തെ പ്രധാനാശയങ്ങൾ കണ്ടെത്തുന്നു.<br>5.3.1.(b) വായിക്കുകയോ കേൾക്കുകയോ ചെയ്ത കവിതയിൽനിന്ന് ഇഷ്ടപ്പെട്ട വരികൾ കണ്ടെത്തുന്നു. | 5.4.1 (a) വായിച്ചതോ കേട്ടതോ ആയ ഭാഗത്തെ ആശയങ്ങളും സംഭവങ്ങളുമായുള്ള കാര്യകാരണബന്ധം തിരിച്ചറിയുന്നു.<br>5.4.1.(b) കവിതയുടെ അർഥഭംഗി കണ്ടെത്തുന്നു. | 5.5.1. (a) വാചികമോ ലിഖിതമോ ആയ ഭാഗങ്ങളിലെ വിററണങ്ങളിൽനിന്ന് സ്വന്തം നിഗമനങ്ങളിൽ എത്തിച്ചേരുന്നു.<br>5.5.1.(b) സമാനാശയമോ, ഈണമോ ഉള്ള മറ്റു കവിതകൾ കണ്ടെത്തുന്നു. |

| പ്രാപ്തികൾ | ഒന്നാംതരം | രണ്ടാംതരം | മൂന്നാംതരം | നാലാംതരം | അഞ്ചാംതരം |
|---|---|---|---|---|---|
| | 5.1.2. ശ്രവണാനന്തരം ആര്? എപ്പോൾ? എവിടെ? എന്നീ ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നു. | 5.2.2. ശ്രവണാനന്തരം എന്ത്? എങ്ങനെ? എന്നീ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു. | 5.3.2. ശ്രവണത്തിനോ വായനക്കോ ശേഷം എന്തുകൊണ്ട് എന്ന ചോദ്യത്തിനുത്തരം നൽകുന്നു. | 5.4.2. ശ്രവണത്തിനോ വായനക്കോ ശേഷം 'കാരണം' 'എന്തുകൊണ്ടെന്നാൽ' എന്നിവ ഉപയോഗിച്ച് ഉത്തരം നൽകുന്നു. | 5.5.2. ശ്രവണത്തിനോ വായനക്കോ ശേഷം 'അങ്ങനെയല്ലെങ്കിൽ' 'അപ്പോൾ' 'അങ്ങനെയെങ്കിൽ അപ്പോൾ' എന്നിവ ഉപയോഗിച്ച് ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരം നൽകുകയും ചെയ്യുന്നു. |
| 6. പ്രായോഗികവ്യാകരണം | 6.1.1. പദാന്ത്യത്തെ അടിസ്ഥാനമാക്കി പദങ്ങളുടെ സാമ്യം അറിയുന്നു. | 6.2.1. പദാരംഭം, പദാന്ത്യം, ധാതു ഇവയുടെ സാദൃശ്യത്തെപ്പറ്റി ബോധവാനാകുന്നു. | 6.3.1. പദങ്ങളുടെ അർഥബന്ധത്തെപ്പറ്റി ബോധമുണ്ടാകുന്നു. | 6.4.1. വാക്യരചനയുടെ ലളിതമായ നിയമങ്ങൾ ഗ്രഹിക്കുന്നു. | 6.5.1. വാക്യഘടനയെകുറിച്ചുള്ള ലളിതവും പ്രായോഗികവുമായ നിയമങ്ങൾ ഗ്രഹിക്കുന്നു. |
| 7. സ്വയംപഠനം | 7.1.1 ലഭ്യതയനുസരിച്ച് ബാലസചിത്രവിജ്ഞാന ഗ്രന്ഥങ്ങൾ ഉപയോഗിക്കുന്നു. | 7.2.1. ലഭ്യതയനുസരിച്ച് ചിത്ര വിജ്ഞാനകോശങ്ങൾ ഉപയോഗിക്കുന്നു. | 7.3.1. ലഭ്യമായ സന്ദർഭങ്ങളിൽ ബാലസചിത്രനിഘണ്ടുക്കൾ ഉപയോഗിക്കുന്നു. | 7.4.1. ലഭ്യമായ അവസരങ്ങളിൽ ലഘുനിഘണ്ടുക്കൾ ഉപയോഗിക്കുന്നു. | 7.5.1. ലഭ്യമായ അവസരങ്ങളിൽ കുട്ടികളുടെ സർവവിജ്ഞാനകോശം ഉപയോഗിക്കുന്നു. |
| 8. ഭാഷാപ്രയോഗം | 8.1.1. ലളിതവും വിനയദ്യോതകവുമായ ഭാഷ ഗ്രഹിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു. | 8.2.1. വിനയപൂർവം സംസാരിക്കുകയും അവധാനപൂർവം ശ്രദ്ധിക്കുകയും ചെയ്യുന്നു | 8.3.1. സംഘത്തിൽ സംസാരിക്കുമ്പോൾ ഊഴം പാലിക്കുന്നു. | 8.4.1. ഔപചാരികവും അനൗപചാരികവുമായ പ്രയോഗവ്യത്യാസം ഗ്രഹിക്കുന്നു. | 8.5.1. ഔപചാരികവും അനൗപചാരികവുമായ സന്ദർഭങ്ങളിൽ ഉചിതമായ ഭാഷ പ്രയോഗിക്കുന്നു. |
| 9. പദാവലീവികസനം | 9.1.1. 1500 ഓളം പദങ്ങൾ വായിച്ച് ഗ്രഹിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നു. | 9.2.1. 2000 ഓളം പദങ്ങൾ വായിച്ച് ഗ്രഹിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നു. | 9.3.1. 3000 ഓളം പദങ്ങൾ വായിച്ച് ഗ്രഹിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നു. | 9.4.1. 4000 ഓളം പദങ്ങൾ വായിച്ച് ഗ്രഹിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നു. | 9.5.1. 5000 ഓളം പദങ്ങൾ വായിച്ച് ഗ്രഹിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നു. |

(കേരള സർക്കാർ 5, അവശ്യനിലവാരം പ്രാഥമികതലത്തിൽ, 1995

**അനുബന്ധം. 3**

# വാർഷിക പദ്ധതി

**സ്റ്റാൻഡേർഡ് I**
**വിഷയം :– മലയാളം**
**ആകെ പീരിയഡ് :– 396**

| | | | ഉദ്ദേശ്യങ്ങൾ | | | | | | | പീരിയഡുകളുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| മാസം | ക്രമനമ്പർ | ഏകകങ്ങൾ [പാഠങ്ങൾ] | വിജ്ഞാനം | ഗ്രഹണം | പ്രകടനം | പ്രയോഗം | ആസ്വാദനം | നൈപുണ്യം | താത്പര്യം | ബോധനത്തിന് | ശോധനയ്ക്ക് | റിമാർക്ക് |
| | 1 | പാഠം 1 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 6 | 1 | |
| | 2 | പാഠം 2 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 6 | 1 | |
| | 3 | പാഠം 3 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 6 | 1 | |
| ജൂൺ | 4 | പാഠം 4 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 6 | 1 | |
| | 5 | പാഠം 5 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 5 | 2 | |
| | 6 | പാഠം 6 | ✔ | ✔ | ✔ | ✔ | _ | _ | ✔ | 6 | 1 | |
| | 7 | പാഠം 7 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 6 | 1 | |
| | 8 | പാഠം 8 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 5 | 1 | |
| | 9 | പാഠം 9 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 7 | 1 | |
| | 10 | പാഠം 10 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 5 | 1 | |
| ജുലൈ | 11 | പാഠം 11 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 6 | 1 | |
| | 12 | പാഠം 12 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 5 | 1 | |
| | 13 | പാഠം 13 | ✔ | ✔ | ✔ | ✔ | _ | _ | ✔ | 6 | 1 | |
| | 14 | പാഠം 14 | ✔ | ✔ | ✔ | ✔ | _ | ✔ | ✔ | 5 | 1 | |
| | 15 | പാഠം 15 | ✔ | ✔ | ✔ | ✔ | _ | ✔ | ✔ | 5 | 1 | |
| | 16 | പാഠം 16 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 3 | 1 | |
| | 17 | പാഠം 17 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 4 | 1 | |
| ആഗസ്റ്റ് | 18 | പാഠം 18 | ✔ | ✔ | ✔ | ✔ | _ | ✔ | ✔ | 4 | 1 | |
| | 19 | പാഠം 19 | ✔ | ✔ | ✔ | ✔ | _ | ✔ | ✔ | 6 | 1 | |
| | 20 | പാഠം 20 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 3 | 1 | |
| | 21 | പാഠം 21 | ✔ | ✔ | ✔ | ✔ | _ | ✔ | ✔ | 4 | 1 | |
| | 22 | പാഠം 22 | ✔ | ✔ | ✔ | ✔ | _ | ✔ | ✔ | 3 | 1 | |
| | 23 | പാഠം 23 | ✔ | ✔ | ✔ | ✔ | _ | ✔ | ✔ | 5 | 1 | |
| | 24 | പാഠം 24 | ✔ | ✔ | ✔ | ✔ | _ | _ | ✔ | 3 | 1 | |
| സെപ്തംബർ | 25 | പാഠം 25 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 3 | 1 | |
| | 26 | പാഠം 26 | ✔ | ✔ | ✔ | ✔ | _ | ✔ | ✔ | 4 | 1 | |
| | 27 | പാഠം 27 | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 5 | 1 | |
| | 28 | പാഠം 28 | ✔ | ✔ | ✔ | ✔ | _ | ✔ | ✔ | 4 | 1 | |
| | 29 | പാഠം 29 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 5 | 1 | |

| മാസം | ക്രമനമ്പർ | ഏകകങ്ങൾ [പാഠങ്ങൾ] | ഉദ്ദേശ്യങ്ങൾ: വിജ്ഞാനം | ഗ്രഹണം | പ്രകടനം | പ്രയോഗം | ആസ്വാദനം | നൈപുണ്യം | താത്പര്യം | പീരിയഡുകളുടെ എണ്ണം: ബോധനത്തിന് | ശോധനയ്ക്ക് | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|---|---|---|
| | 30 | പാഠം 30 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 6 | 1 | |
| | 31 | പാഠം 31 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 6 | 1 | |
| | 32 | പാഠം 32 | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 3 | 1 | |
| ഒക്ടോബർ | 33 | പാഠം 33 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 4 | 1 | |
| | 34 | പാഠം 34 | ✔ | ✔ | ✔ | ✔ | _ | ✔ | ✔ | 5 | 1 | |
| | 35 | പാഠം 35 | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 4 | 1 | |
| | 36 | പാഠം 36 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 3 | 1 | |
| | 37 | പാഠം 37 | ✔ | ✔ | ✔ | ✔ | ✔ | ✔ | _ | 3 | 1 | |
| | 38 | പാഠം 38 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 5 | 2 | |
| | 39 | പാഠം 39 | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 5 | 1 | |
| നവംബർ | 40 | പാഠം 40 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 6 | 2 | |
| | 41 | പാഠം 41 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 5 | 1 | |
| | 42 | പാഠം 42 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 5 | 1 | |
| | 43 | പാഠം 43 | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 7 | 2 | |
| ഡിസംബർ | 44 | പാഠം 44 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 5 | 1 | |
| | 45 | പാഠം 45 | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 5 | 1 | |
| | 46 | പാഠം 46 | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 5 | 1 | |
| | 47 | പാഠം 47(കവിത) [അമ്പിളി] | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 3 | 1 | |
| | 48 | പാഠം 48 | ✔ | ✔ | ✔ | ✔ | _ | ✔ | ✔ | 6 | 2 | |
| ജനുവരി | 49 | പാഠം 49 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 4 | 1 | |
| | 50 | പാഠം 50 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 4 | 1 | |
| | 51 | പാഠം 51 (കവിത) [തീവണ്ടി] | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 3 | 1 | |
| | 52 | പാഠം 52 | ✔ | ✔ | ✔ | ✔ | _ | ✔ | ✔ | 5 | 1 | |
| | 53 | പാഠം 53 | ✔ | ✔ | ✔ | ✔ | _ | ✔ | _ | 4 | 1 | |
| | 54 | പാഠം 54 | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 6 | 2 | |
| | 55 | പാഠം 55(കവിത) [കുഞ്ഞിത്തത്തേ!] | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 3 | 1 | |
| | 56 | പാഠം 56 | ✔ | ✔ | ✔ | ✔ | _ | ✔ | ✔ | 7 | 1 | |

| മാസം | ക്രമനമ്പർ | ഏകകങ്ങൾ [പാഠങ്ങൾ] | ഉദ്ദേശ്യങ്ങൾ വിജ്ഞാനം | ഗ്രഹണം | പ്രകടനം | പ്രയോഗം | ആസ്വാദനം | നൈപുണ്യം | താത്പര്യം | പീരിയഡുകളുടെ എണ്ണം ബോധനത്തിന് | ശോധനയ്ക്ക് | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|---|---|---|
| ഫെബ്രുവരി | 57 | പാഠം 57 | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 4 | 1 | |
| | 58 | പാഠം 58 (കവിത) [കളിവള്ളം] | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 3 | 1 | |
| | 59 | പാഠം 59 | ✔ | ✔ | ✔ | ✔ | – | ✔ | – | 4 | 1 | |
| | 60 | പാഠം 60 | ✔ | ✔ | ✔ | ✔ | – | ✔ | – | 4 | 1 | |
| | 61 | പാഠം 61 (കവിത) [പൂങ്കുയിൽ] | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 3 | 1 | |
| | 62 | പാഠം 62 (കഥ) [ആനയും തയ്യൽക്കാരനും] | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 7 | 2 | |
| | 63 | പാഠം 63 (കവിത) [ഇമ്പം മറ്റെങ്ങ്?] | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 3 | 1 | |
| | 64 | പാഠം 64 (കഥ) [അപ്പം പങ്കുവയ്ക്കൽ] | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 7 | 2 | |
| മാർച്ച് | 65 | പാഠം 65 (കവിത) [കുരങ്ങൻ] | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 3 | 1 | |
| | 66 | പാഠം 66 (കഥ) [ആമയും കുരങ്ങനും] | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 5 | 1 | |
| | 67 | പാഠം 67 (കഥ) [സിംഹവും മുയലും] | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 5 | 1 | |
| | 68 | പാഠം 68 (കവിത) [മഴവില്ലേ] | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | 3 | 1 | |

(കേരള സർക്കാർ 2, ഉദ്ദേശ്യാധിഷ്ഠിതബോധനം, വാർഷികപദ്ധതി 1970

**അനുബന്ധം 4**

# ഏകകബോധന പദ്ധതി

വിഷയം: മലയാളം

സ്റ്റാൻഡേർഡ്: 1

ഏകകം: പാഠം 5 (ഗദ്യം)

പീരിയഡ്: 7 [2 ബോധനത്തിന്]

[5 ശോധനത്തിന്]

1. ഉപക്രമം

'ള' എന്ന അക്ഷരം ചേർന്നുവരുന്ന തള, വള, തവള തുടങ്ങിയ പദങ്ങളുടെ ഉച്ചാരണം, വായന, ലേഖനം എന്നിവ പരിശീലിപ്പിക്കാൻ സഹായിക്കുന്ന ഒരു ഏകകം.

2. മുന്നറിവ്.

**(i) ആശയപരം**

തള, വള, തവള, കള, പാള, മുള, ചൂള, ചാള തുടങ്ങിയ വസ്തുക്കൾ കുട്ടികൾക്ക് പരിചിതങ്ങളാണ്.

**(ii) ഭാഷാപരം**

ത, വ എന്നീ അക്ഷരങ്ങളും അവ ചേർന്നുവരുന്ന ഏതാനും വാക്കുകളും കുട്ടികൾ നേരത്തെ പരിചയിച്ചിട്ടുണ്ട്.

**3. ഉപകരണങ്ങൾ**

1. അധ്യാപകന്റെ പ്രമാണഗ്രന്ഥങ്ങൾ
2. പാഠവികസനത്തിനുതകുന്നവ.
   (a) വസ്തുക്കൾ: തള, വള, തവള, സ്ഫടികപ്പാത്രത്തിൽ സൂക്ഷിച്ചിരിക്കുന്ന തവള, പൂക്കൾ, മഞ്ചാടിക്കുരു, മണൽ, പുളിങ്കുരു.
   (b) അക്ഷരാംശങ്ങൾ: 'ള'
   (c) അക്ഷരക്കാർഡുകൾ: ത, വ, ള, മ, റ, ല, ന മുതലായവ
   (d) പദക്കാർഡുകൾ- തള, വള, തവള
   (e) ചിത്രങ്ങൾ: തള, വള, തവള
   (f) നോൺകറക്ടിംഗ് കാർഡുകൾ: തള, വള, തവള.
   (g) ലുക് ആന്റ് സെ കാർഡുകൾ: തള, വള, തവള.
   (h) 'ള' എന്ന് മണൽക്കടലാസിൽ വെട്ടിയെടുത്തത്.
3. വ്യാപകമായ പഠനത്തിനു സഹായിക്കുന്നവ.

'സചിത്ര അക്ഷരമാല'

| **ഉദ്ദേശ്യങ്ങളും സ്പഷ്ടീകര ണങ്ങളും** | **പാഠാപഗ്രഥനം** | **പഠനസന്ദർഭങ്ങൾ** | **മൂല്യനിർണ്ണയം** | **Ist period (1) 1 to 22 and 46 to 48** |
|---|---|---|---|---|
| 1. വിദ്യാർത്ഥി അറിവു നേടുന്നു.<br>1. വാക്കുക ളുടെ തള, വള, ഉച്ചാരണം. തവള ഓർമി ക്കുന്നു. | തള, വള, തവള | 1. കാലിൽ 'തള'യുള്ള കുട്ടികൾ എഴുന്നേൽക്കുന്നു.<br>2. തങ്ങളുടെ കാലിൽ കിടക്കുന്നതെന്താണെന്ന് അവർ പറയുന്നു.<br>3. 'തള' എന്നു സംഘമായി ഉച്ചരിക്കുന്നു.<br>4. ഓരോരുത്തരായി ഉച്ചരിക്കുന്നു.<br>5. പല തരം തളകൾ അധ്യാപകൻ ശേഖരിച്ചിട്ടുള്ളത് കുട്ടികൾ കാണുന്നു.<br>6. കുട്ടികൾ ഓരോരുത്തരായി വന്ന് തള കൈയിലെടുത്തു പ്രദർശിപ്പിച്ച് 'തള' എന്ന് ഉറക്കെ പറയുന്നു.<br>7. മറ്റുള്ളവർ 'തള' എന്ന് ഏറ്റു പറയുന്നു.<br>8. കൈയിൽ 'വളയുള്ള' കുട്ടികൾ എഴുന്നേൽക്കുന്നു.<br>9. കൈയിൽ കിടക്കുന്ന 'വള' കാണിച്ച് അവർ 'വള' എന്നു പറയുന്നു.<br>10. കുട്ടികൾ സംഘമായി 'വള' എന്നുച്ചരിക്കുന്നു.<br>11. കുട്ടികൾ ഓരോരുത്തരായി ഉച്ചരിക്കുന്നു.<br>12. പലതരം വളകൾ അധ്യാപകർ ശേഖരിച്ചിട്ടുള്ളത് കുട്ടികൾ കാണുന്നു.<br>13. കുട്ടികൾ ഓരോരുത്തരായി വന്ന് 'വള' കൈയിലെടുത്തു പ്രദർശിപ്പിച്ച് 'വള' എന്നുച്ചരിക്കുന്നു.<br>14. മറ്റുള്ളവർ അതേറ്റു പറയുന്നു. | വസ്തുവോ ചിത്രമോ കാണിച്ചിട്ട്: ഇത് ഏതാണ് | 2nd period (2) 23 to 31, 59 60 61, and 32 to 45<br><br>3rd period (3) 49 to 58 and 62, 63<br><br>4th period (4) 64 to 72.<br><br>5th period (5) 73 to 84<br><br>6th period (6) വാചിക പരീക്ഷ<br><br>7th period ലിഖിത പരീക്ഷ |

(കേരള സർക്കാർ 2, ഉദ്ദേശ്യാധിഷ്ഠിതബോധനം, ഏകകബോധനപദ്ധതി 1970

### അനുബന്ധം 5

## ഒന്നാം പാഠപുസ്തകത്തിലെ പദങ്ങളുടെ അപഗ്രഥന ചാർട്ട്

| | 1939 | 1965 | 1986 | 1994 |
|---|---|---|---|---|
| പദങ്ങൾ | 516 | 482 | 362 | 550 |
| നാമം | 498 | 430 | 339 | 495 |
| ക്രിയ | 5 | 28 | 21 | 29 |
| ക്രിയാനാമം | 20 | 21 | 2 | 16 |
| സർവ്വനാമം | 3 | 3 | 5 | 10 |

### നാമപദങ്ങളുടെ അപഗ്രഥനം

| | 1939 | | | 1965 | | | 1986 | | | 1994 | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പരിചിതം | അപരിചിതം | ആകെ | പരിചിതം | അപരിചിതം | ആകെ | പരിചിതം | അപരിചിതം | ആകെ | പരിചിതം | അപരിചിതം | ആകെ |
| വസ്തുക്കൾ | 81 | 22 | 103 | 121 | 29 | 150 | 109 | 18 | 127 | 115 | 17 | 132 |
| ആശയങ്ങൾ | 93 | 126 | 219 | 106 | 40 | 146 | 63 | 15 | 78 | 125 | 34 | 159 |
| ജന്തുക്കൾ | 39 | 11 | 50 | 30 | 9 | 39 | 41 | 2 | 43 | 61 | 20 | 81 |
| സസ്യങ്ങൾ | 33 | 6 | 39 | 22 | 3 | 25 | 35 | 11 | 46 | 48 | 1 | 49 |
| പ്രകൃതി | 8 | 3 | 11 | 9 | 3 | 12 | 16 | 4 | 20 | 16 | 3 | 19 |
| അവയവങ്ങൾ | 9 | 3 | 12 | 15 | 3 | 18 | 6 | 1 | 7 | 9 | 4 | 13 |
| മനുഷ്യലോകം | 28 | 31 | 59 | 28 | 9 | 37 | 11 | 6 | 17 | 30 | 12 | 42 |
| തൊഴിൽ | 5 | 0 | 5 | 3 | 0 | 3 | 1 | 0 | 1 | 0 | 0 | 0 |
| ആകെ | 296 | 202 | 498 | 334 | 96 | 430 | 282 | 57 | 339 | 404 | 91 | 495 |

## അനുബന്ധം 6
## ഒന്നാം പാഠപുസ്തകത്തിലെ വാക്യങ്ങളുടെ അപഗ്രഥന ചാർട്ട്

| വാക്യങ്ങൾ | 1939 | 1965 | 1986 | 1994 |
|---|---|---|---|---|
| പഴഞ്ചൊല്ല് | 16 | 4 | 7 | 1 |
| ഈണത്തിൽ പറയാവുന്നവ | 7 | 0 | 3 | 2 |
| രണ്ടു വാക്കുകളുള്ള വാക്യങ്ങൾ | 3 | 26 | 60 | 72 |
| രണ്ടിൽ കൂടുതൽ വാക്കുകളുള്ള വാക്യങ്ങൾ | 23 | 2 | 59 | 43 |
| സാരോപദേശം | 12 | 0 | 7 | 0 |
| ചരിത്രവസ്തുത | 2 | 0 | 0 | 0 |
| പുരാണം | 5 | 0 | 0 | 0 |
| ആകെ | 68 | 32 | 136 | 118 |

## അനുബന്ധം 7

# ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലെ ഭാഷാപാഠപുസ്തകത്തിലുള്ള പാഠങ്ങളുടെ അപഗ്രഥന ചാർട്ട്

### നാമപദങ്ങളുടെ അപഗ്രഥനം

| | 1939 | | | | 1965 | | | | 1986 | | | | 1994 | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| കാലഘട്ടം | '39 | '38 | '37 | '39 | '64 | '64 | '64 | '64 | '86 | '86 | '86 | '86 | '95 | '95 | '95 | '95 |
| ക്ലാസ്സ് | I | II | III | IV | I | II | III | IV | I | II | III | IV | I | II | III | IV |
| പദങ്ങൾ | 49 | 0 | 0 | 0 | 55 | 0 | 0 | 0 | 32 | 0 | 0 | 0 | 32 | 0 | 0 | 0 |
| ഗദ്യപാഠങ്ങൾ | 4 | 28 | 29 | 29 | 5 | 20 | 19 | 23 | 6 | 20 | 23 | 18 | 0 | 18 | 14 | 13 |
| വിവരണം | 3 | 17 | 18 | 18 | 1 | 5 | 8 | 8 | 2 | 7 | 8 | 9 | 0 | 8 | 5 | 4 |
| സംഭാഷണം | 0 | 1 | 2 | 0 | 0 | 1 | 1 | 3 | 0 | 1 | 1 | 3 | 0 | 3 | 2 | 1 |
| മൃഗകഥ | 1 | 2 | 1 | 0 | 4 | 6 | 2 | 0 | 4 | 3 | 0 | 1 | 0 | 3 | 2 | 2 |
| അനുഭവകഥ | 0 | 8 | 4 | 7 | 0 | 2 | 4 | 10 | 0 | 8 | 11 | 3 | 0 | 4 | 2 | 3 |
| പുരാണകഥ | 0 | 0 | 4 | 4 | 0 | 3 | 3 | 2 | 0 | 0 | 2 | 2 | 0 | 0 | 2 | 1 |
| കത്ത് | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 0 | 0 | 1 | 1 | 0 | 0 | 0 | 1 |
| നാടകം | 0 | 0 | 0 | 0 | 0 | 2 | 1 | 0 | 0 | 1 | 0 | 1 | 0 | 0 | 1 | 1 |
| ആത്മകഥ | 0 | 0 | 0 | 0 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| പദ്യങ്ങൾ | 2 | 7 | 6 | 4 | 8 | 10 | 12 | 9 | 3 | 10 | 9 | 10 | 4 | 8 | 8 | 7 |
| പ്രാചീനം/ പുരാണം | 0 | 0 | 4 | 2 | 0 | 0 | 2 | 3 | 0 | 0 | 2 | 2 | 0 | 0 | 0 | 0 |
| വർണ്ണനം/ വിവരണം | 1 | 2 | 2 | 2 | 5 | 2 | 7 | 4 | 2 | 4 | 6 | 6 | 0 | 6 | 7 | 5 |
| സാരോപദേശം | 1 | 5 | 0 | 0 | 0 | 0 | 1 | 1 | 0 | 1 | 1 | 1 | 0 | 0 | 0 | 0 |
| നാടൻപാട്ട് | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 0 |
| അഭിനയഗാനം | 0 | 0 | 0 | 0 | 3 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| സംഭാഷണഗാനം | 0 | 0 | 0 | 0 | 0 | 0 | 1 | 1 | 1 | 5 | 0 | 1 | 0 | 2 | 0 | 2 |

അനുബന്ധം 8

# ലിപി പരിഷ്കരണം: അധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ

1. ഭാഷയുടെ ലിഖിതരൂപം ലളിതവൽക്കരിക്കുക എന്ന ലക്ഷ്യം മുൻനിറുത്തി ഒന്നുമുതൽ നാലു വരെയുള്ള പാഠപുസ്തകങ്ങളിൽ ലിപിസംബന്ധമായ ചില പുതിയ വ്യവസ്ഥകൾ സ്വീകരിച്ചിട്ടുണ്ട്. മാറ്റങ്ങൾ മനസ്സിലാക്കി കുട്ടികളെ ശരിയായി പരിശീലിപ്പിക്കാൻ ശ്രദ്ധിക്കണം. അവ ചുവടെ ചേർക്കുന്നു:

സംയുക്ത അക്ഷരങ്ങളിൽ കൂട്ടിച്ചേർത്തു തന്നെ എഴുതിയിരിക്കുന്നവ

(1) ക, ച, ട, ത, പ; ങ, ഞ, ണ, ന, മ; യ, ല, വ, ള ഇവയുടെ ഇരട്ടിപ്പുകൾ

| | | |
|---|---|---|
| ക്ക | ങ്ങ | య్య |
| ച്ച | ഞ്ഞ | ല്ല |
| ട്ട | ണ്ണ | വ്വ |
| ത്ത | ന്ന | ള്ള |
| പ്പ | മ്മ | |

(2) ങ, ഞ, ണ, ന, മ എന്നീ അനുസ്വാരങ്ങൾ ഖരാക്ഷരങ്ങളോടു ചേർന്നുണ്ടാകുന്ന കൂട്ടക്ഷരങ്ങൾ ങ്ക,ഞ്ച,ണ്ട,ന്ത,മ്പ.

(3) യ, വ, ള, റ, ര എന്നിവയുടെ ഉപചിഹ്നങ്ങൾ മറ്റു വ്യഞ്ജനങ്ങളോടു ചേർത്തെഴുതുന്നവ.

ത്യ, സ്വ, ക്ല, പ്ര, ഗ്ര, ത്ര തുടങ്ങിയവ.

2. ബാക്കിയുള്ള സംയുക്താക്ഷരങ്ങൾ എല്ലാം ചന്ദ്രക്കല ഉപയോഗിച്ച് പിരിച്ചെഴുതിയിരിക്കുന്നു.

ഉദാ:

രത്നം, ഉഷ്ണം, വ്യക്തം, ചന്ദനം, ഉദ്ദേശ്യം, പക്ഷി, ലജ്ജ, പുസ്തകം, ബുദ്ധൻ, വിദഗ്ധൻ, മത്സ്യം, സന്ധ്യ.

3. രേഫത്തിനു (ർ) ശേഷം ക, ച, ട, ത, പ, ന എന്നിവ മാത്രം ഇരട്ടിച്ചെഴുതുന്നു.

ഉദാ:

ചർക്ക, ചേർച്ച, കർട്ടൻ, വാർത്ത, സർപ്പം, തീർന്നു.

രേഫത്തിനു (ർ) ശേഷം മറ്റു വർണങ്ങളൊന്നും ഇരട്ടിച്ചെഴുതേണ്ടതില്ല.

ഉദാ: മർമം, സ്വർഗം, വർണം, മർദം, ഓർമ, സർവം, ദുർബലം, അർജുനൻ, മാർഗം, സ്വർണം.

4. രേഫത്തിനു ശേഷം ഒരേ വർഗത്തിലെ ഖരവും അതിഖരവുമായ 'ത്'കാര 'ഥ'കാരങ്ങളും 'ച്'കാര 'ഛ'കാരങ്ങളും; മൃദുവും ഘോഷവുമായ 'ദ്'കാര 'ധ'കാരങ്ങളും ചേർത്ത് എഴുതിപ്പോന്ന കൂട്ടക്ഷരങ്ങളിൽ (ർത്ഥ, ർച്ഛ, ർദ്ധ) ഉച്ചാരണത്തിലില്ലാത്ത ആദ്യവർണം എഴുതേണ്ട ആവശ്യമില്ല. അത് ഉപേക്ഷിച്ചിരിക്കുന്നു.

ഉദാ: അർഥം, വിദ്യാർഥി, മൂർഛ, അർധം, വാർധക്യം, പ്രാർഥന.

5. കൂട്ടക്ഷരത്തിനു മുമ്പേ രേഫമില്ലെങ്കിലും പിന്നിൽ യ, വ, റ, ര ഇവയിലേതെങ്കിലും വർണം ചേർന്നുവരുമ്പോഴും ഉച്ചാരണത്തിലില്ലാതെ ലേഖനത്തിൽ മാത്രം സ്വീകരിച്ചുപോന്നിരുന്ന ആദ്യവർണം (ത, ച, ദ) എഴുതേണ്ടതില്ല.

ഉദാ: പഥ്യം, മധുരം, അധ്യാപകൻ, കൃച്ഛ്രം, ഗൃധം, അധ്വാനം, സാധ്യം.

6. ഘോഷാക്ഷരങ്ങൾക്കു മുമ്പ് ഗ്, ദ് എന്നീ രണ്ടു മൃദുക്കൾ ചേർത്തെഴുതിപ്പോന്നിരുന്ന കൂട്ടക്ഷരത്തിലെ മധ്യത്തിലുള്ള ദകാരത്തിന് (ഗ്, ദ് ധ) ഉച്ചാരണം ഇല്ലാത്തതിനാൽ ലേഖനത്തിൽ അത് ഉപേക്ഷിച്ചിരിക്കുന്നു. ഉദാ: വിദഗ്ധൻ, മുഗ്ധ, സ്നിഗ്ധ, ദുഗ്ധം, സ്ന്ദിഗ്ധം.

7. ഇ, ഈ, ഏ എന്നീ സ്വരങ്ങൾക്കും ഇരട്ടിച്ച 'ക'കാരത്തിനുമിയ്ടക്ക് 'യ' കാരോച്ചാരണം പൊതുവെ സ്വയംസിദ്ധമാകയാൽ അത് എഴുതേണ്ടതില്ല.

ഉദാ: ഇരിക്കണം, എഴുതിക്കുന്നു, കുടിക്കാൻ, എനിക്ക്, ഇടീക്കാൻ, തൊടീക്കാൻ, വേദനിക്കുക, കാട്ടിലേക്ക്, വേദിയിലേക്ക്, മനസ്സിലേക്ക്.

8. അ'കാരത്തിനു ശേഷം ഇരട്ടിച്ച 'ക' വരുമ്പോൾ ഉച്ചാരണത്തിൽ 'യ' കാരം ഉള്ളിടത്തു 'യ്ക്ക' എന്നു തന്നെ എഴുതണം.

ഉദാ: ഉടയ്ക്കുക, ആനയ്ക്ക്, തലയ്ക്കൽ, മറയ്ക്കൽ, കലയ്ക്ക്.

9. വാക്യമധ്യത്തിൽ വരുന്ന പദാന്തത്തിലെ 'ഉ'കാരം രണ്ടുതരത്തിലും വ്യവസ്ഥയൊന്നുമില്ലാതെ എഴുതിപ്പോന്നിരുന്നു. പിന്നാലെ സ്വരാക്ഷരമാണു വരുന്നതെങ്കിൽ സംവൃതോകാരവും (്) വ്യഞ്ജനമാണെങ്കിൽ വിവൃത ഉകാരവും (ു) ഉപയോഗിക്കണമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു.

| | | | |
|---|---|---|---|
| ഉദാ: | ചോറ് ഉണ്ണണം | പൊട്ട് ഇടീക്കണം | ഉടുപ്പ് അണിഞ്ഞു |
| | ചോറ് തരണം | പൊട്ടു തൊടണം | ഉടുപ്പു ധരിച്ചു |

10. കൂട്ടക്ഷരങ്ങളുടെ ആദിയിൽ ല്, ണ്, ന് എന്നിവ വരുന്നിടത്ത് അതതു ചില്ലുകൾ തന്നെ (ൽ, ൺ, ൻ) ഉപയോഗിച്ചിരിക്കുന്നു.

ഉദാ: തോൽവി, കൽപവൃക്ഷം, മൺഡലം, നൻമ, അൽപം, ശ്രീകൺഠൻ, സൻമാർഗം, പാൺഡവർ

11 എന്നാൽ, 'ന' ദന്ത്യമായി കൂട്ടക്ഷരങ്ങളിൽ ആദ്യം വരുമ്പോൾ 'ന്' എന്നു തന്നെ ഉപയോഗിച്ചിരിക്കുന്നു.

ഉദാ: ചന്ദനം, മന്ഥര, ബന്ധനം, ഇന്ദ്രൻ

12. പ്രതിഗ്രാഹികാ പ്രത്യയം ഹ്രസ്വമായ 'എ' കാരം മാത്രമാണ്. ദീർഘമാക്കരുത്.

ഉദാ: കുട്ടികളെയും മരങ്ങളെയും കൊണ്ട്, കാട്ടിലെ, അവരെക്കാൾ, ജനങ്ങളെയെല്ലാം.

സംബോധനാരൂപവും ചോദ്യരൂപവും ദീർഘത്തിലവസാനിക്കണം.

ഉദാ: മകളേ, സുഹൃത്തേ, മാന്യരേ, സതീ, മഹാജനങ്ങളേ, അല്ലേ? കണ്ടോ? ആണോ? കേട്ടുവോ?

13. 'സ'കാര 'ഷ'കാരങ്ങൾക്കു പിന്നാലെ 'ക'കാരം ചേർന്നുണ്ടാകുന്ന കൂട്ടക്ഷരങ്ങളിൽ 'ക' ഇരട്ടിച്ചെഴുതേണ്ടതില്ല.

14. ചില്ലക്ഷരമായ 'ൽ', 'ല'കാരത്തെ മാത്രം പ്രതിനിധാനം ചെയ്യുന്നു. 'ത'കാര 'ദ'കാരങ്ങൾ ആദിവർണമായി വരുന്ന കൂട്ടക്ഷരങ്ങളിൽ 'ൽ' ചേർത്തെഴുതിയിരിക്കുന്ന രീതി ഉപേക്ഷിച്ചിരിക്കുന്നു. ആ സ്ഥാനങ്ങളിൽ 'ത്', 'ദ്' എന്നീ ലിപികൾ തന്നെ ഉപയോഗിച്ചിരിക്കുന്നു.

ഉദാ:- തോൽവി, കൽപവൃക്ഷം, വാൽമീകി ഉത്സവം, താത്പര്യം, അദ്ഭുതം, പദ്മം, ഉത്പാദനം, പദ്മനാഭൻ, മത്സ്യം.

(കേരള സർക്കാർ 18, കേരള പാഠാവലി സ്റ്റാൻേറർഡ് 4, 1987)

## അനുബന്ധം: 9

## 1997ലെ പുതിയ പാഠ്യപദ്ധതി പ്രസ്താവനകൾ

പാഠ്യപദ്ധതി പ്രസ്താവനകൾ ടേം തിരിച്ച് നൽകിയിരിക്കുന്നു. പല പാഠ്യപദ്ധതിപ്രസ്താവനകളും മൂന്നു ടേമിലും ആവർത്തിക്കുന്നുണ്ട്. ഇവിടെ ഏതെല്ലാം ശേഷികളാണ് കുട്ടി ഓരോ ക്ലാസ്സിലും മാതൃഭാഷയുമായി ബന്ധപ്പെട്ട് ആർജിക്കേണ്ടത് എന്നത് ക്രോഡീകരിക്കുകയാണ് ചെയ്യുന്നത്. കുട്ടികൾക്ക് താഴെ കൊടുത്ത പാഠ്യപദ്ധതി പ്രസ്താവനകൾക്ക് ആവശ്യമായ പഠനാനുഭവങ്ങൾ ലഭിക്കുന്നതിന് അവസരമൊരുക്കണം എന്ന് അധ്യാപകസഹായിയിലുള്ള പാഠ്യപദ്ധതിപ്രസ്താവനയ്ക്കു മുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്.

### സ്റ്റാൻഡേർഡ് ഒന്ന്

1. സ്വതന്ത്രമായ കളികളിൽ ഏർപ്പെടുന്നതിന്
2. ഇഷ്ടമുള്ള കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നതിന്
3. കൂട്ടപ്പാട്ടുകൾ, ചോദ്യോത്തര പാട്ടുകൾ എന്നിവ സംഘമായി പാടുന്നതിന്
4. പുതിയ കൂട്ടുകാരുടെ പേരുകൾ അറിയുന്നതിന്
5. വസ്തുക്കൾ ശേഖരിക്കുന്നതിനും അവയെ കുറിച്ച് സംസാരിക്കുന്നതിനും
6. പേശീചലനത്തിന് സഹായകമായ കളികൾ, പാട്ടുകൾ എന്നിവയിൽ ഏർപ്പെടുന്നതിന്
7. കഥകൾ ആശയഗ്രഹണത്തോടെ കേൾക്കുന്നതിന്
8. ലളിതമായ നിർദ്ദേശങ്ങൾ പാലിച്ച് കളിക്കുന്നതിന്
9. വസ്തുവിനെ മറ്റൊന്നായി സങ്കല്പിച്ച് അഭിനയിക്കുന്നതിന്
10. താളത്തിൽ ശബ്ദമുണ്ടാക്കുന്നതിന്
11. റോൾപ്ലേ, മൈമിംഗ് എന്നിവയിലൂടെ മറ്റുള്ളവരുടെ പ്രവർത്തനങ്ങൾ അനുകരിക്കുന്നതിന്
12. കഥകളിലെ ചെറുസംഭവങ്ങൾ അഭിനയിച്ചുകാണിക്കുന്നതിന്
13. അഭിനയഗാനങ്ങൾ അവതരിപ്പിക്കുന്നതിന്
14. കഥകൾ, കവിതകൾ തുടങ്ങിയവ വായിക്കുന്നതു കേൾക്കുന്നതിന്
15. ചിത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതിന്
16. പരിചിതസന്ദർഭങ്ങളിലെ സംഭാഷണങ്ങൾ, നിർദ്ദേശങ്ങൾ, ചോദ്യങ്ങൾ എന്നിവ ആശയഗ്രഹണത്തോടെ കേൾക്കുന്നതിന്
17. കാറ്റ്, മഴ തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങൾ നിരീക്ഷിച്ച് വിവരിക്കുന്നതിന്
18. പ്രദർശിപ്പിച്ച വസ്തുക്കൾ, ചിത്രങ്ങൾ എന്നിവയെപ്പറ്റി സ്വന്തം ഭാവനയ്ക്കനുസരിച്ച് ഭാഷണത്തിൽ ഏർപ്പെടുന്നതിന്
19. ലളിതമായ ചോദ്യങ്ങൾ ചോദിക്കുന്നതിന്
20. ആവർത്തിച്ചു വരുന്ന പദങ്ങൾ തിരിച്ചറിയുന്നതിന്
21. ലളിതവും പരിചിതവുമായ പദങ്ങൾ വാക്യങ്ങൾ വായിക്കുന്നതിന്

23. ചിത്രങ്ങളും പദങ്ങളും പൊരുത്തപ്പെടുത്തുന്നതിന്
24. പരിചിതപദങ്ങളും ലഘുവാക്യങ്ങളും എഴുതുന്നതിന്
25. പദങ്ങളും വാക്യങ്ങളും നിർമിക്കുന്നതിന്
26. ബാലമാസികകളിൽ നിന്നും പുസ്തകത്തിൽനിന്നും കഥകൾ, കവിതകൾ തുടങ്ങിയവ വായിക്കുന്നത് കേൾക്കുന്നതിന്
27. ലളിതമായ കടംകഥകൾക്ക് ഉത്തരം പറയുന്നതിന്
28. ചിത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന്
29. ലഘുവാക്യങ്ങൾ സ്വതന്ത്രമായി എഴുതുന്നതിന്
30. ലളിതവും ചിത്രങ്ങളോടുകൂടിയതുമായ ബാലസാഹിത്യ രചനകൾ കൂട്ടുകാരുമൊത്ത് വായിക്കുന്നതിന്.

**സ്റ്റാൻഡേർഡ്: രണ്ട്**

1. ലളിതമായ വായ്ത്താരികൾ, നാടൻപാട്ടുകൾ, കവിതകൾ എന്നിവ ആംഗ്യത്തോടെ ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നതിന്.
2. ക്ലാസ്സിൽ നടക്കുന്ന കലാപരിപാടികളിൽ പങ്കാളിയാകുന്നതിന്
3. ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിന്.
4. വാക്യങ്ങളിൽ നിന്നും സന്ദർഭങ്ങളിൽനിന്നും പദങ്ങളുട അർത്ഥം ഊഹിച്ചു പറയുന്നതിന്
5. വാക്യങ്ങൾ എഴുതുന്നതിന്
6. അപേക്ഷകൾ, നിർദ്ദേശങ്ങൾ എന്നിവയ്ക്കനുസരിച്ച് പ്രതികരിക്കുന്നതിന്
7. ചോദ്യങ്ങൾക്ക് പൂർണവാക്യത്തിൽ ഉത്തരം പറയുന്നതിന്
8. കേട്ട കാര്യങ്ങൾ തെറ്റുകൂടാതെ രേഖപ്പെടുത്തുന്നതിന്
9. വായിച്ച കഥകളിലെ രസകരമായ സംഭവങ്ങൾ പറയുന്നതിനും കവിതകളിലുള്ള ഇഷ്ടപ്പെട്ട വരികൾ ചൊല്ലുന്നതിനും
10. ചോദ്യങ്ങൾക്കുത്തരം ലഘുവാക്യങ്ങളിൽ രേഖപ്പെടുത്തുന്നതിന്
11. കഥകൾ തന്റേതായ ഭാഷയിൽ അവതരിപ്പിക്കുന്നതിന്
12. പദങ്ങൾ ക്രമപ്പെടുത്തി വാക്യങ്ങൾ നിർമിക്കുന്നതിന്
13. ലഘുവാക്യങ്ങൾ, ലഘുവാക്യത്തിലുള്ള വിവരണം എന്നിവ തയ്യാറാക്കുന്നതിന്
14. കഥകളും ബാലകവിതകളും വായിക്കുന്നതിന്
15. ചിത്രങ്ങളിൽനിന്നും കഥയുണ്ടാക്കുന്നതിന്
16. ലളിതമായ ദേശഭക്തിഗാനം ആലപിക്കുന്നതിന്

**സ്റ്റാൻഡേർഡ്: മൂന്ന്**

**ആശയസ്വീകരണം**

1. കഥകൾ, വിവരണങ്ങൾ, നിർദ്ദേശങ്ങൾ, ചോദ്യങ്ങൾ, സംഭാഷണങ്ങൾ, കവിതകൾ നാടൻപാട്ടുകൾ എന്നിവ മനസ്സിലാക്കുന്നതിനുള്ള ശ്രവണസന്ദർഭങ്ങൾ, വായനാസന്ദർഭങ്ങൾ.
2. ബാലമാസികകൾ, ബാലസാഹിത്യകൃതികൾ, കുട്ടികളുടെ ചുവർമാസികകൾ, കൈയെഴുത്തു മാസിക എന്നിവ ഒറ്റയ്ക്കും സംഘമായും വായിക്കുന്നതിനുള്ള സന്ദർഭങ്ങൾ.
3. ചിത്രത്തിൽ നിന്നും കഥാസന്ദർഭങ്ങൾ, കഥകൾ, സംഭവങ്ങൾ, ആശയങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനുള്ള അവസരങ്ങൾ.
4. സന്ദർഭങ്ങളിൽനിന്ന് പദങ്ങളുടെ അർത്ഥം ഊഹിച്ചു കണ്ടെത്തുന്നതിനുള്ള സാഹചര്യങ്ങൾ.

5. അത്ര പരിചിതമല്ലാത്ത വിവരണങ്ങൾ, ആത്മകഥാരൂപത്തിലുള്ള ആഖ്യാനങ്ങൾ, ലഘുഭാഷണങ്ങൾ, കടങ്കഥകൾ എന്നിവ മനസ്സിലാക്കുന്നതിനുള്ള ശ്രവണാനുഭവം ഉണ്ടാകുന്നതിന്.
6. അറിയിപ്പുകളിലെയും വാർത്തകളിലെയും (പോസ്റ്ററുകൾ, ബോർഡുകൾ, നോട്ടീസുകൾ, ചുവർപത്രം, പത്രങ്ങളിലെ തലക്കെട്ട്) ആശയങ്ങൾ വായിച്ചറിയുന്നതിനുള്ള പഠനാനുഭവം ലഭിക്കുന്നതിന്
7. കുട്ടികൾ എഴുതിയ കത്തുകൾ വായിച്ച് മനസ്സിലാക്കുന്നതിനുള്ള അവസരം ലഭിക്കുന്നതിന്.

**ആശയപ്രകടനം**

8. വസ്തുക്കൾ, സംഭവങ്ങൾ എന്നിവയെക്കുറിച്ച് അന്വേഷിക്കുന്നതിന് പ്രേരകമായ സാഹചര്യങ്ങൾ ലഭിക്കുന്നു.
9. ആംഗ്യം, ഭാവം, ശബ്ദവ്യതിയാനം എന്നിവയുടെ സഹായത്തോടെ കൂടുതൽ സാങ്കല്പികകഥകൾ, കഥ പറയൽ, അനുഭവവിവരണം, ഫലപ്രദമായി ആശയപ്രകടനം നടത്തുന്നതിന് സന്ദർഭം ലഭിക്കുന്നു.
10. സംഘങ്ങളിൽ വിവിധ രീതിയിൽ ആശയവിനിമയം നടത്തുന്നതിനുള്ള സാഹചര്യങ്ങൾ ലഭിക്കുന്നു.
11. ലളിതമായ കത്തുകൾ എഴുതുന്നതിന്
12. പോസ്റ്ററുകൾ, ബോർഡുകൾ എന്നിവ തയ്യാറാക്കി അറിയിപ്പുകളും നിർദ്ദേശങ്ങളും നൽകുന്നതിന്.
13. കഥകൾ, പാട്ടുകൾ, സംഭവങ്ങൾ, കടങ്കഥ, പഴഞ്ചൊല്ല് എന്നിവ ശേഖരിക്കുന്നതിനും എഴുതുന്നതിനും.
14. വായന സാമഗ്രികൾ വായിച്ച് ചോദ്യങ്ങൾ ചോദിക്കുന്നതിനും ചോദിച്ച ചോദ്യങ്ങൾക്ക് വേഗത്തിൽ ഉത്തരം പറയുന്നതിനും എഴുതുന്നതിനും അവസരമുണ്ടാകുന്നു.
15. ചർച്ചയിൽ പങ്കെടുത്ത് അഭിപ്രായം പ്രകടിപ്പിക്കുന്നതിന്
16. ദൃക്സാക്ഷി വിവരണം നടത്തുന്നതിന്
17. സംഭവങ്ങളെ ക്രമത്തിൽ രേഖപ്പെടുത്തുന്നതിനുള്ള അവസരം
18. വായിച്ച ബാലസാഹിത്യ മാസികകൾ, കൃതികൾ എന്നിവയെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുന്നതിന്
19. പദങ്ങൾ, വാക്യങ്ങൾ, കഥകൾ, സംഭാഷണങ്ങൾ എന്നിവ നിർമിച്ചും പറഞ്ഞും എഴുതിയും ഭാഷാകേളികളിൽ ഏർപ്പെടുന്നതിന്
20. ശേഖരിച്ച നാടൻപാട്ടുകൾ, വായ്ത്താരികൾ, ലളിതമായ കവിതകൾ എന്നിവ ഒറ്റയ്ക്കും സംഘമായും ഈണവും താളവും കണ്ടെത്തി ചൊല്ലിയവതരിപ്പിക്കുന്നതിന്.
21. ശേഖരിച്ച വിവരങ്ങൾ പട്ടികാരൂപത്തിൽ രേഖപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ ലഭിക്കുന്നു.
22. നന്നായി അറിയാവുന്ന ലഘുകഥകളും പാട്ടുകളും സംഭവങ്ങളും എഴുതുന്നതിനുള്ള വൈവിധ്യമാർന്ന അവസരങ്ങൾ ലഭിക്കുന്നതിന്.
23. വായിച്ച ബാലമാസികകൾ, ബാലസാഹിത്യകൃതികൾ എന്നിയിലെ സംഭവങ്ങൾ ക്രമത്തിൽ പറയുന്നതിന്.
24. അനുഭവങ്ങൾ, വിവിധ സ്രോതസ്സുകളിൽ നിന്നും അറിഞ്ഞ സംഭവങ്ങൾ ലഘുവാക്യങ്ങളിൽ രേഖപ്പെടുത്തുന്നതിന്.
25. പഴഞ്ചൊല്ല്, കടങ്കഥ എന്നിവ ഉപയോഗിച്ചുള്ള ഭാഷാകേളികളിൽ ഏർപ്പെടുന്നതിന്.
26. ശേഖരിച്ച ഇനങ്ങൾ ഉൾപ്പെടുത്തി കൈയെഴുത്തു മാസികകൾ നിർമിക്കുന്നതിന്.

27. ചുവർമാസികകൾ തയ്യാറാക്കുന്നതിന്.
28. പദങ്ങൾ അർത്ഥപൂർണമായി സംയോജിപ്പിച്ച് വാക്യങ്ങൾ നിർമിച്ചെഴുതുന്നതിന്.
29. പരിചിതവസ്തുക്കൾ, അറിയാവുന്ന കാര്യങ്ങൾ എന്നിവയെക്കുറിച്ച് ലഘുവാക്യങ്ങളിൽ എഴുതുന്നതിന്.

**സർഗാത്മക പ്രകടനം**

30 സൂചനകളിൽ നിന്ന് (ചിത്രം, മറ്റുള്ളവ) കഥകൾ നിർമിച്ചു പറയുന്നതിനും എഴുതുന്നതിനും അപൂർണമായ കഥകളും കവിതകളും തന്റേതായ ഭാവനയ്ക്കനുസരിച്ചു പൂർണമാക്കുന്നതിനും.
31. സർഗാത്മക ചോദ്യങ്ങൾക്ക് ഭാവനയ്ക്കനുസരിച്ച് ഉത്തരങ്ങൾ പറയുന്നതിനും എഴുതുന്നതിനും.
32. ആശയങ്ങൾ പല രീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള (മൂകാഭിനയം, സംഘാഭിനയം, റോൾപ്ലേ, ചിത്രംവര) അവസരമൊരുക്കുന്നതിന്.
33. കഥകളിലെ സംഭവങ്ങൾക്ക് മാറ്റം വരുന്നുവെങ്കിൽ എന്തു സംഭവിക്കുമെന്ന് ഭാവനയ്ക്കനുസരിച്ച് പറയുന്നതിന്.
34. ലളിതമായ കടങ്കഥകൾ നിർമിക്കുന്നതിന്.
35. ആശയം ഗ്രഹിച്ച് അനുയോജ്യമായ തലക്കെട്ടുകൾ നൽകുന്നതിന്.
36. വായിച്ച കഥ നാടകരൂപത്തിലാക്കി സംഘമായി അവതരിപ്പിക്കുന്നതിന്. 37. ചിത്രങ്ങളെ ആസ്പദമാക്കിയും സാങ്കല്പിക സന്ദർഭങ്ങളെ കേന്ദ്രീകരിച്ചും സംഭാഷണങ്ങൾ നിർമിച്ചു പറയുന്നതിനും എഴുതുന്നതിനും.
38. സ്വയം മറ്റൊന്നായി സങ്കല്പിച്ച് അവയെപ്പറ്റി ആത്മകഥാരൂപത്തിൽ സംസാരിക്കുന്നതിന്.
39. കഥയിലെ കഥാപാത്രങ്ങളായി സ്വയം സങ്കല്പിച്ച് ആത്മകഥാരൂപത്തിൽ പറയുന്നതിനും എഴുതുന്നതിനും
40. കൈയെഴുത്തു മാസികയിലൂടെ സ്വന്തം രചനകൾ പ്രകടിപ്പിക്കുന്നതിന്.
41. കുട്ടികൾ സംഘമായി വരച്ച ചിത്രങ്ങൾ നോക്കി കടങ്കഥകൾ പറയുന്നതിനും എഴുതുന്നതിനും.
42. കഥകളും കവിതകളും ഭാവനയ്ക്കനുസരിച്ച് ഒറ്റയ്ക്കും സംഘമായും പൂർണമാക്കുന്നതിനുള്ള അവസരങ്ങൾ ലഭിക്കുന്നു.

## സ്റ്റാൻഡേർഡ് നാല്

**ആശയസ്വീകരണം**

1. കഥകൾ, കവിതകൾ, നാടൻപാട്ടുകൾ, ആഖ്യാനങ്ങൾ, വിവരണങ്ങൾ, ലഘുഭാഷണങ്ങൾ, വാർത്തകൾ, അറിയിപ്പുള്ള നാടകം, കഥാപ്രസംഗം എന്നിവ മനസ്സിലാക്കുന്നതിനുള്ള ശ്രവണ സന്ദർഭങ്ങളും വായനാസന്ദർഭങ്ങളും ഉണ്ടാകുന്നു.
2. ബാലസാഹിത്യകൃതികൾ (കഥകൾ, കവിതകൾ, ജീവചരിത്രം, യാത്രാവിവരണം, ആത്മകഥകൾ, ശാസ്ത്രസംബന്ധമായ കാര്യങ്ങൾ, വിവരണങ്ങൾ) വായിക്കുന്നതിന്.
3. സന്ദർഭങ്ങളിൽ നിന്നും ലഘുനിഘണ്ടുവിൽനിന്നും അപരിചിതപദങ്ങളുടെ അർത്ഥം കണ്ടുപിടിക്കുന്നതിനുള്ള അവസരം
4. ഒറ്റയ്ക്കും സംഘമായും തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിന്.

5. മൗനമായി വേഗത്തിൽ വായിച്ച് പ്രധാനാശയങ്ങൾ കണ്ടെത്തുന്നതിന്
6. കുട്ടികൾ എഴുതിയ കത്തുകൾ, കുറിപ്പുകൾ, മറ്റു രചനകൾ എന്നിവ വായിച്ച് ആശയം ഗ്രഹിക്കുന്നതിന്
7. ചിത്രം വായിച്ച് അതിലുള്ള ആശയം വരുന്ന ഖണ്ഡിക കണ്ടെത്തുന്നതിന്.

**ആശയപ്രകടനം**

1. നിശ്ചിതവിഷയത്തെ കുറിച്ചുള്ള ചർച്ചകളിൽ സ്വന്തം അഭിപ്രായം സങ്കോചമില്ലാതെ പ്രകടിപ്പിക്കുന്നതിന്.
2. ചർച്ചകളിൽ പങ്കെടുത്ത് മറ്റുള്ളവരുടെ അഭിപ്രായങ്ങളെ മാനിച്ചുകൊണ്ട് തന്റേതായ ആശയങ്ങളെ കാര്യമാത്രമായി പ്രകടിപ്പിക്കുന്നതിന്.
3. പങ്കെടുത്ത ലഘുചർച്ചകളിലെ പ്രധാന നിഗമനങ്ങൾ തന്റേതായ രീതിയിൽ ക്രോഡീകരിച്ച് പറയുന്നതിനും എഴുതുന്നതിനും സംഗ്രഹങ്ങൾ തയ്യാറാക്കുന്നതിനും.
4. ഇഷ്ടമുള്ള നിശ്ചിത വിഷയത്തെക്കുറിച്ച് സമപ്രായക്കാരുടെ സംഘത്തിൽ ആത്മവിശ്വാസത്തോടെയും ഒഴുക്കോടെയും ഭാഷണം നടത്തുന്നതിന്.
5. അഭിമുഖസംഭാഷണ വേളയിൽ (കുട്ടികൾ, മുതിർന്നവർ, ക്ഷണിക്കപ്പെട്ട അതിഥികൾ) അവസരോചിതമായി സംസാരിക്കുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും.
6. തന്റേതായ ആശയങ്ങൾ, ആവശ്യങ്ങൾ എന്നിവ വിവിധ രീതിയിൽ മറ്റുള്ളവരെ അറിയിക്കുന്നതിന്.
7. അപരിചിതമായ കാര്യങ്ങളെപ്പറ്റി കാര്യങ്ങൾ അന്വേഷിക്കുന്നതിനും രേഖപ്പെടുത്തുന്നതിന്നും.
8. ഒരു സംഭവത്തിലെ പ്രധാന ഘട്ടങ്ങൾ ക്രമമായി പറയുന്നതിനും സംഘമായി അഭിനയിച്ച് അവതരിപ്പിക്കുന്നതിനും.
9. വസ്തുക്കളെയോ സംഭവങ്ങളെയോ കുറിച്ചുള്ള ധാരണ ചിത്രം വരച്ച് പ്രകടിപ്പിക്കുന്നതിന്.
10. പദങ്ങൾ, പ്രയോഗങ്ങൾ, വാക്യങ്ങൾ, സംഭാഷണങ്ങൾ, കഥകൾ, കവിതകൾ എന്നിവ നിർമിച്ചും പറഞ്ഞും എണ്ണിയും ഭാഷാകേളികളിൽ ഏർപ്പെടുന്നതിന്.
11. ലഘുയാത്രാക്കുറിപ്പുകൾ തയ്യാറാക്കുന്നതിന്.
12. ഡയറിക്കുറിപ്പുകൾ തയ്യാറാക്കുന്നതിന്.
13. ലഭിച്ച വിവിധ അനുഭവങ്ങൾ കുട്ടികളുടെ ചെറുസംഘങ്ങളിൽ റിപ്പോർട്ട് ചെയ്യുന്നതിന്.
14. വാർത്തകൾ, നോട്ടീസുകൾ, പോസ്റ്റർ, കത്ത്, ഡയറി, യാത്രാവിവരണം എന്നിവ തയ്യാറാക്കുന്നതിന്.
15. കേട്ട കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറഞ്ഞും എഴുതിയും മറ്റുള്ളവരെ ധരിപ്പിക്കുന്നതിന്
16. അധികവായനാസമഗ്രികളിൽ നിന്നും വായിച്ച കഥകൾ, പാട്ടുകൾ, താല്പര്യമുള്ള സംഭവങ്ങൾ എന്നിവ സംഘത്തിൽ അവതരിപ്പിക്കുന്നതിനും.
17. സംഘമായി തയ്യാറാക്കിയ മാനദണ്ഡം പാലിച്ച് വായിച്ച കൃതികളെപ്പറ്റി ലഘുകുറിപ്പുകൾ തയ്യാറാക്കുന്നതിന്.
18. ലളിതമായ അപേക്ഷകൾ തയ്യാറാക്കുന്നതിന്.
19. ഭാഷാകേളികളിൽ ഏർപ്പെടുന്നതിന്.
20. വിവിധ തരത്തിലുള്ള കൈയെഴുത്തു മാസികകൾ (കഥാപതിപ്പ്, കവിതാപതിപ്പ്) തയ്യാറാക്കുന്നതിന്.

21. കൈയെഴുത്തു മാസികകൾ സംഘമായി വിലയിരുത്തുന്നതിന്.
22. കുട്ടികളുടെ യോഗങ്ങൾ ക്ലാസ്സിൽ നടത്തുന്നതിനും സദസ്സിനെ അഭിമുഖീകരിച്ച് കാര്യങ്ങൾ അവതരിപ്പിക്കുന്നതിനും.
23. ശേഖരിച്ച കവിതകളിൽ നിന്നും വിഷയത്തിന്റെ അടിസ്ഥാനത്തിൽ സമാനകവിതകൾ കണ്ടെത്തി അവതരിപ്പിക്കുന്നതിന്.
24. കഥകളിലെ കഥാപാത്രങ്ങളുമായി ബന്ധപ്പെട്ട മറ്റ് കഥകൾ കണ്ടെത്തി വിവിധ രീതിയിൽ അവതരിപ്പിക്കുന്നതിന്.

**സർഗാത്മക പ്രകടനം**

25. കഥകൾ, കവിതകൾ, സംഭവങ്ങൾ തുടങ്ങിയവ വ്യത്യസ്ത രീതിയിൽ (റോൾപ്ലേ, നാടകം, മൈമിംഗ്, ചിത്രം, കഥാപ്രസംഗം, ഗാനമേള) ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നതിന്.
26. കൈയെഴുത്തു മാസികയിൽ സ്വന്തം രചനകൾ നടത്തുന്നതിന്.
27. സൂചനകളുടെ അടിസ്ഥാനത്തിൽ കഥയുടെ തുടർന്നുള്ള ഭാഗങ്ങൾ ഊഹിച്ച് പറയുന്നതിനും എഴുതുന്നതിനും.
28. സംഘമായി കഥകൾ നിർമിക്കുന്നതിന്.
29. സംഭവചിത്രങ്ങൾക്ക് അടിക്കുറിപ്പുകൾ നൽകുന്നതിന്.
30. വായിച്ചു മനസ്സിലാക്കിയ ആശയങ്ങൾക്ക് അനുസൃതമായി തലക്കെട്ടുകൾ നൽകുന്നതിന്.

(കേരള സർക്കാർ 31, പ്രാഥമികവിദ്യാഭ്യാസ പാഠ്യപദ്ധതി 1987)

### അനുബന്ധം. 10

# ചെക്ക് ലിസ്റ്റ്

ചെക്ക്‌ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സ്വന്തം ക്ലാസ്സിനെ വിലയിരുത്തൂ.

| എന്റെ ക്ലാസ് ഞാൻ വിലയിരുത്തുമ്പോൾ | | | | |
|---|---|---|---|---|
| സൂചകങ്ങൾ | 4 | 3 | 2 | 1 |
| കുട്ടികൾ മിക്കപ്പോഴും ചെറുഗ്രൂപ്പുകളായും രണ്ടുപേർ ചേർന്നും ഉള്ള പ്രവർത്തനങ്ങളിൽ മുഴുകിക്കാണുന്നു. | | | | |
| ക്ലാസ്സിൽ കുട്ടികൾ തമ്മിലുള്ള പരസ്പര സംസാരം, ചിരി, അങ്ങോട്ടുമിങ്ങോട്ടുമുള്ള ചലനം എന്നിവ കാണാം. | | | | |
| പ്രവർത്തനങ്ങൾ പരിചയപ്പെടുത്താനുള്ള ലഘുനിർദേശം മാത്രമേ അധ്യാപകൻ നൽകുന്നുള്ളൂ. | | | | |
| പ്രവർത്തനങ്ങൾ കുട്ടികൾക്ക് സ്വയം ഏറ്റെടുത്ത് നടത്താവുന്നവയാണ്. | | | | |
| പ്രവർത്തനഫലങ്ങൾ കുട്ടികൾതന്നെ കൈമാറി പരസ്പരം മൂല്യനിർണയം ചെയ്യുന്നുണ്ട്. | | | | |
| അധ്യാപൻ ക്ലാസ്സിൽ ഇല്ലാത്തപ്പോഴും കുട്ടികളെ അവരുടെ പ്രവർത്തനങ്ങളിൽ മുഴുകിക്കാണാം. | | | | |
| ബോർഡിലും ചുമരിലുമായി കുട്ടികളുണ്ടാക്കിയ ചിത്രങ്ങൾ, കവിതകൾ, കഥകൾ എന്നിവ ധാരാളമായി കാണാം. | | | | |
| കുട്ടികൾക്ക് അവരുടെ ചിന്തകൾ, പ്രശ്നങ്ങൾ, കണ്ടെത്തലുകൾ എന്നിവ തുറന്നുവായിക്കാനുള്ള അവസരവും, അംഗീകാരവും ലഭിക്കുന്നുണ്ട്. | | | | |



നിങ്ങളുടെ ക്ലാസ് കൂടുതൽ ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും ആകാൻ ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങളെന്തെല്ലാമാണെന്ന് നിങ്ങൾ തന്നെ സ്വയം കണ്ടെത്തിയല്ലോ. നിങ്ങളുടെ സഹാധ്യാപകരുടെ പക്കൽ ഇതേ ചെക്ക്‌ലിസ്റ്റ് നൽകി അവർ നിങ്ങളുടെ ക്ലാസ്സിനെ വിലയിരുത്തിനോക്കട്ടെ. അവരുടെകൂടി സഹായനിർദേശങ്ങൾ സ്വീകരിക്കുമല്ലോ.

(കേരള സർക്കാർ 29, അധ്യാപകസഹായി, സ്റ്റാന്റേർഡ് 3, 1999)

## അനുബന്ധം: 11

**BLOCK-LEVEL TRAINING PROGRAMME (April-May 1997)**

**Primary objective:** To orient participating primary school teachers on the essential elements of child-centred, experiential classroom practices in order to enable them to adopt such practices while transacting the revise primary school/curriculum/textbook

**Participants:** 40 teachers from primary schools in the Block (Educational Sub-district)

**Resource persons:** Trained BRC faculty+ one member of SRG+ DIEF faculty member in charge of the BRC.

**Nature of Programme:** Non-residential **Duration:** 5 days **Venue:** sub-district.

**5-day Plan: Block-level training for primary school teachers: 'Sub-outcomes'/ day**

| DAY | Expected outcome |
|---|---|
| Day-1 | Ice-breaking+ How do children learn? |
| | What is an "activity"? …… essential elements of class-room activities |
| Day-2 | Activities *can* be done…. for *any* learning outcome.! |
| Day-3 | Difficulties faced by teachers in the class room: changes required for facilitating activity-based class room….. |
| | Curriculum, TBs etc…how the revised curriculum/TBs facilitate this Approach to language |
| Day-4 | Approach to EVS, Mathematics, integration, readiness etc, in the new curriculum/TBs |
| Day-5 | Using the new textbooks. Further support required….teaching manual |

For teachers who have already received some earlier exposure to 'activity-based' pedagogy, the following approach is suggested:

Day-1 and Day-2 could be used for getting teachers to present 'activity-based' lessons for specific learning outcomes form the new curriculum. These activities could be.

1. Used to take a closer look at the essential elements of activities.
2. reviewed critically by other teachers in order to come to clearer understanding of the concept of activity-based pedagogy before the 'visioning' exercise. If the understanding is insufficient, the original module could be used.

## BLOCK-LEVEL TRAINING OF PRIMARY SCHOOL TEACHERS: DAY-1

1. Under standing how children look at the world: fantasies, curiosity, imagination, relating to what she already knows.
2. Under standing that children learn better through experiences
3. Consolidation of 'essential' elements of an effective learning experience (activity)'

| Session | Possible activities | Outcome | Discussion points |
|---|---|---|---|
| A | 1.Introduction activity<br>2. School-going boy *vs* non-school going boy<br>3. Stick activity<br>4. Chair activity<br>Discussions | Ice breaking-Briefing about the training programme.<br>Understanding about how children look at the world: fantasies curiosity, imagination, relating to what she already knows | Do we want this type of schools to remain?<br>What are the way in which the child's Perspective differs from that of adults? (from stick activity)<br>Are children empty vessels? |
| B | 1. Will it sink for float?<br>2. How many days are there in a year?<br>3. Listing out childhood games | Children learn through experience | How did you reach into conclusion?<br>Why were you not sure about such a simple thing?<br>Conventional teaching Vs Experiential learning |
| C | Identifying objects | Children learn through experiences | Why made you participate activity?<br>Why were the learning outcomes?<br>What were the elements which made It good learning experience? |
| D | Informal-feedback session | Building rapport, breaking inhabitation and review of today achievements, and agreements | Today what are the agreements that we reach?<br>Do you find it relevant as a person living in the company of children? |

Review palannig session for facilitators

1. Analysing actual achievement against targeted daily outcome
2. Analysing session-wise achievement against targeted outcome
3. Analysing atmosphere, participation, performance of facilitators
4. Main issues raised
5. Planning for next day: incorporating gaps in Ist day's outcomes

Participants Activities

1. Bulletin Board
2. Reading corner
3. Wall magazine for children

Groups to be identified form participants. Activities should be taken up during lunch break/free time.

**BLOCK-LEVEL TRAINING OF PRIMARY SCHOOL TEACHERS: DAY-2**

**1. Participants are able to development and organise suitable learning experiences for a given learning outcome.**

**2. Participants realise that any material available in the surrounding can be utilised for activities.**

**3. Participants Understand that any learning outcome can be achieved through carefully planned and organised learning**

| Session | Possible activities | Outcome | Discussion points |
|---|---|---|---|
| A | Activity conducted by facilitators:<br>Card game | Reiterating the essential elements of effective learning activities and identifying the potential of good acivities in the multi-level and even multi-grade situation | How can this activity be adapted for multi-grade and multi level situations? |
| B | 1. Group of 5 plan activities for specific learning outcome (listed)<br>2. Any 2 group (drawing lots)<br>Conduct sessions in simulated class room situation.<br>3. Critical analysis of each activity against agreed 'essential elements' including suggestion for improvement. | Participants attempt to develop and organise suitable leaning experience for given learning outcome.<br>Participants are enabled to critically analysis activities and suggest improvements. | What were your strategies for ensuring total participation by learners?<br>What were the difficulties you faced while planning and organising 'activities' |
| C | 1. Group of 3 plan activities for specific learning outcome(listed)<br>2. Any 5 groups (drawing lots) conduct sessions in simulated classroom situation.<br>3. Critical analysis of each activity against agreed 'essential elements' including suggestions for improvement. During analysis facilitators will provide inputs through tips/activities for clarity | Participants are able to develop and organise suitable learning experiences for a given learning outcome.<br>Participants are capable of critically analysing activities and suggest improvement<br>Do | Can an activity be designed for more than one outcome?<br>Can any the activities organised today be used for some other learning outcome? How?<br>Any available material can be used for conducting activities How? What further inputs are needed to organise such activities in the class room?<br>('Further inputs' list to be continuously filled up for consolidation on Day-5) |
| D | Do<br>Informal- feed back session | Analysing the whole day experience-overall view | Group of 5 to prepare for action songs, role, play, miming etc. to be presented in later sessions<br>What do you feel about identifying and conducting activities? Is it too difficult?<br>Task: What are the problems that you face for identifying and conducting such activities? |

Teacher Training Module, D.P.E.P., 1997

13

# വലുതായി...ചെറുതായി... വലുതായി



**ശേഷികൾ**

- *കഥകൾ മനസ്സിലാക്കുന്നതിനുള്ള ശ്രവണ വായനാസന്ദർഭങ്ങൾ ലഭിക്കുന്നതിന്;*
- *ചിത്രസൂചനകളിൽ നിന്ന് കഥാസന്ദർഭങ്ങൾ മനസ്സിലാക്കുന്നതിന്;*
- *കഥകളിലെ സന്ദർഭങ്ങൾക്ക് മാറ്റം വന്നിരുന്നുവെങ്കിൽ എന്ത് സംഭവിക്കുമെന്ന് പറയുന്നതിന്.*

| പ്രവർത്തനങ്ങൾ | കാഠിന്യമേഖലകൾ | പരിഹാരപ്രവർത്തനങ്ങൾ |
|---|---|---|
| 1. പറയുമ്പോൾ അതുപോലെ (ഹാൻഡ് ബുക്ക് – 44) | • കളിയുടെ നിയമങ്ങൾ / നിർദേശങ്ങൾ മനസ്സിലാക്കാൻ ബുദ്ധിമുട്ട്<br>• പെട്ടെന്ന് പ്രതികരിക്കാനാവുന്നില്ല<br>• ശബ്ദം, ചലനം, ഭാവം – ഇവയുൾക്കൊണ്ട് അനുകരിക്കാനാവുന്നില്ല. | • കളിയുടെ നിയമങ്ങൾ / ബന്ധപ്പെട്ട നിർദേശങ്ങൾ അധ്യാപിക അവതരിപ്പിച്ചതിനുശേഷം മാതൃക കാണിച്ചുകൊടുക്കുന്നു. (SL)<br>• കൂടുതൽ സമയം അനുവദിക്കുക. വസ്തുക്കളുമായി / ജീവിയുമായി ബന്ധപ്പെട്ട ചിത്രക്കാർഡുകൾ ഓരോ ഘട്ടത്തിലും ഉപയോഗിക്കുന്നു.<br>• അനുകരിക്കുമ്പോൾ ചലനം, ശബ്ദം, ഭാവം എന്നിങ്ങനെ ചെറുയൂണിറ്റുകളായും തുടർന്ന് ഒരുമിച്ചും ചെയ്യട്ടെ. അനുകരണം അപൂർണമാണെങ്കിലും കുട്ടിയെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. (SL)<br>• മന്ദചലനം വേണ്ട/ചലനസാദ്ധ്യത കുറഞ്ഞ പ്രവർത്തനങ്ങൾ നല്കുക. (LMD, VI) |

## അനുബന്ധം. 12



| | പ്രവർത്തനങ്ങൾ | കാഠിന്യമേഖലകൾ | പരിഹാരപ്രവർത്തനങ്ങൾ |
|---|---|---|---|
| 2. | ചോദിച്ചാൽഅടുത്തയാൾ (HB-45) | • നിർദേശങ്ങൾ / ചോദ്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്നില്ല.<br>• പെട്ടെന്ന് പ്രതികരിക്കാനാവുന്നില്ല.<br>• വാചികമായി പ്രകടിപ്പിക്കാനാവുന്നില്ല. | • മുൻപ്രവർത്തനത്തിലെന്നപോലെ കൂടുതൽ സമയം അനുവദിക്കുക. (SL)<br>• ഭാഷണത്തോടൊപ്പം ഭാവവും ആംഗ്യവും ഉപയോഗിക്കാനവസരം നല്കുക. (HI/SL)<br>• കുട്ടി പറയുന്നത് ഏറ്റുപറയാൻ സഹപാഠിയെ നിയോഗിക്കുക.<br>• ചെറുസംഘങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ ആവർത്തിക്കട്ടെ. |
| 3. | ചിത്രവായന (HB-46) | • ചിത്രത്തിലെ ആശയം ഉൾക്കൊള്ളുന്നില്ല.<br>• ചിത്രത്തിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ടെങ്കിലും വാചികരൂപത്തിൽ പ്രകടിപ്പിക്കാനാവുന്നില്ല.<br>• ചിത്രത്തിലെ സൂക്ഷ്മാംശങ്ങൾ/വിശദാംശങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നു.<br>• ചിത്രത്തിലെ ആശയങ്ങൾ ഉത്തരമായി വരുന്ന ചോദ്യങ്ങളുണ്ടാക്കാൻ ബുദ്ധിമുട്ട്<br>• ചിത്രവായന നിശ്ചിതസമയത്തിനുള്ളിൽ പൂർത്തിയാക്കാനാവുന്നില്ല. | • ചിത്രത്തെ പല യൂണിറ്റുകളാക്കിയശേഷം ഓരോ യൂണിറ്റിലെയും പരമാവധി സവിശേഷതകൾ കണ്ടെത്തി പറയാനും ചോദിക്കാനും അവസരം നല്കുന്നു. (SL)<br>• സൂചനകൾ നല്കി കുട്ടിയുടെ ഉള്ളിലുള്ള ആശയത്തെ ലഘുവാക്യങ്ങളായി പുറത്തെടുക്കുന്നു.<br>• ചിത്രത്തെ ചെറുയൂണിറ്റുകളാക്കുക.<br>• ചിത്രത്തെ ആസ്പദമാക്കി ടീച്ചർ നിർമിച്ച ചോദ്യങ്ങൾക്ക് ഉത്തരം ചിത്രത്തിൽ / പാഠഭാഗത്തിൽ നിന്ന് കണ്ടെത്തുന്നു.(SL)<br>• അധികസമയം നല്കുക.(SL/VI)<br>ബാലമാസികകളിൽ നിന്ന് ശേഖരിച്ച വർണചിത്രങ്ങളുപയോഗിച്ച് സമാനപ്രവർത്തനങ്ങൾ കൂട്ടുകാരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ നടത്തുക.(SL/VI) |





## അനുബന്ധം. 12

| പ്രവർത്തനങ്ങൾ | കാഠിന്യമേഖലകൾ | പരിഹാരപ്രവർത്തനങ്ങൾ |
|---|---|---|
| 4. സന്ദർഭം പറയാം; കണ്ടെത്താം (HB-47) | • അധ്യാപിക പാഠം അവതരിപ്പിക്കുമ്പോൾ കുട്ടിക്ക് ശ്രദ്ധിക്കാനാവുന്നില്ല.<br>• അധ്യാപിക ബോർഡിൽ എഴുതിയ പദം കണ്ടെത്താനാവുന്നില്ല<br>• കണ്ടെത്തിയ പദം വായിക്കാനാവുന്നില്ല. | • പ്രത്യേകപരിഗണന ആവശ്യമുള്ള കുട്ടികൾക്കായി വീണ്ടും ഒരു മാതൃകാവായന നടത്തുന്നു. അതാത് വരികളിൽ വിരലോടിച്ച് കൊണ്ടായിരിക്കണം കുട്ടികൾ വായിക്കേണ്ടത്. ഓരോ വാക്യം വായിച്ച ശേഷം അധ്യാപിക / കുട്ടി പ്രസക്തമായ ചോദ്യം ചോദിക്കുന്നു; ഉത്തരം പറയുന്നു. പ്രസക്തമായ വാക്യങ്ങൾ / പദങ്ങൾ നിറത്തിൽ അടയാളപ്പെടുത്തുന്നു; പുതിയ പദങ്ങളുടെ ആശയം ഗ്രഹിക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നല്കുന്നു.<br>• പാഠത്തിന്റെയും തെരഞ്ഞെടുത്ത പദങ്ങളുടെയും ശ്രാവ്യവായനയ്ക്കുള്ള സന്ദർഭങ്ങൾ ഒരുക്കുക.(SL/HI)<br>• ഉപകരണങ്ങൾ നല്കുക.(VI)<br>• സമാനപദങ്ങളുപയോഗിച്ച് കഠിനപദത്തെ അക്ഷരയൂണിറ്റുകളാക്കി പരിചയപ്പെടുത്തുന്നു. (SL)<br>• ആശയത്തെ ലഘുവാക്യങ്ങളിലായി പരിചയപ്പെടുത്തിക്കൊടുക്കുന്നു.(SL) |
| 5. ചോദ്യോത്തരപ്പയറ്റ് (HB-47)<br> | • വായനയിലൂടെ ആശയങ്ങൾ ഗ്രഹിക്കാനാവാത്തതിനാൽ ചോദ്യങ്ങൾ ചോദിക്കാനാവുന്നില്ല.<br>• ഉണ്ടാക്കുന്ന ചോദ്യങ്ങൾ അപ്രസക്തങ്ങളാണ്.<br>• ചോദ്യശൈലിയിൽ വൈവിധ്യമില്ല. | • ബാലപ്രസിദ്ധീകരണങ്ങൾ ഉപയോഗപ്പെടുത്തി സഹപാഠികളുടെ / രക്ഷിതാക്കളുടെ സഹകരണത്തോടെ സമാനപ്രവർത്തനങ്ങൾ ആവർത്തിക്കട്ടെ.<br>• ശ്രാവ്യവായനാസന്ദർഭങ്ങൾ ഒരുക്കുന്നു. (SL/VI)<br>• പാഠം ശ്രദ്ധിച്ച് കേട്ടതിനുശേഷം ചോദ്യങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നു. കഴിയുന്നില്ലെങ്കിൽ മറ്റു കുട്ടികളുടെ ചോദ്യങ്ങൾക്ക് മറുപടി പറയുന്നു; പിന്നീട് ചോദ്യങ്ങൾ ചോദിക്കാൻ ശ്രമിക്കുന്നു. ഗ്രൂപ്പുകൾ അന്യോന്യം ചോദ്യങ്ങൾ ചോദിക്കുമ്പോൾ എഴുതി തയ്യാറാക്കിയ ചോദ്യം ചോദിക്കുകയോ കുട്ടി മറുപടി പറയുകയോ ചെയ്യണം. (SL/VI)<br>• നല്ല ചോദ്യമാതൃകകൾ പരിചയപ്പെടുത്തുന്നു. (SL) |

| പ്രവർത്തനങ്ങൾ | കാഠിന്യമേഖലകൾ | പരിഹാരപ്രവർത്തനങ്ങൾ |
|---|---|---|
| 6. വാക്യങ്ങൾ. വാക്യങ്ങൾ (HB-48) | • പുതിയ പദത്തിന്റെ അർഥം സന്ദർഭത്തിൽ നിന്ന് ഊഹിക്കാനാവുന്നില്ല.<br>• വാക്യഘടനാനിയമങ്ങൾ പാലിക്കാനാവുന്നില്ല. | • പുതിയ പദങ്ങളുടെ സമാനപദങ്ങൾ കുട്ടിയുടെ പദകോശത്തിൽ ഉണ്ടാകുമല്ലോ. അത്തരം സമാനപദങ്ങൾ വരുന്ന മാതൃകാവാക്യങ്ങളുടെ ലിഖിത വാചിക മാതൃകകൾ പരിചയപ്പെടുത്തുന്നു. പദ / വാക്യ / ചിത്രക്കാർഡുകൾ ഉപയോഗിച്ച് പുതിയ വാക്കിന്റെ ആശയം ഉറപ്പിക്കാൻ അവസരം ഉണ്ടാക്കുന്നു.<br>• പരിചിതപദങ്ങൾ / പുതിയ പദങ്ങൾ ഉപയോഗിച്ച് നിർമിച്ച മാതൃകാവാക്യങ്ങളും കുട്ടികളെഴുതിയ വാക്യങ്ങളും തമ്മിൽ താരതമ്യപ്പെടുത്തി അപാകതകൾ ബോധ്യപ്പെടുത്തുന്നു. |
| 7. കഥ പറയാം; മറിച്ചു പറയാം (HB-50) | • ഗ്രൂപ്പിൽ കഥ മാറ്റിപ്പറയുമ്പോൾ താൻ പറയേണ്ട ഭാഗം ആശയവ്യക്തതയോടെ പറയാൻ / എഴുതാൻ കഴിയുന്നില്ല.<br>• രൂപപ്പെടുത്തിയ കഥ എഴുതാനോ വായിക്കാനോ കഴിയുന്നില്ല. | • കുട്ടിയിൽ നിന്ന് കിട്ടുന്ന വാക്യങ്ങൾ / വാക്കുകൾ അപൂർണമാണെങ്കിൽ അത് സ്വീകരിച്ച് മറ്റുള്ളവർ അധ്യാപികയുടെ മേൽനോട്ടത്തിൽ വികസിപ്പിക്കട്ടെ. (SL/HI)<br>• സഹപാഠികളുടെ സഹായത്തോടെ എഴുതുന്നു / വായിക്കുന്നു. (SL/LD) |




**തുടർ പ്രവർത്തനങ്ങൾ**

1. സഹപാഠിയുമായിച്ചേർന്ന് ഒഴിവുസമയങ്ങളിലും വീട്ടിൽവച്ച് കുടുംബാംഗങ്ങളോടൊപ്പവും ചിത്രവായന നടത്തുന്നു.
2. ബാലപ്രസിദ്ധീകരണങ്ങൾ ഉപയോഗിച്ച് സഹപാഠികൾക്കും രക്ഷിതാക്കൾക്കും ഒപ്പം 'കഥകളിലെ സന്ദർഭം പറയാം' എന്ന പ്രവർത്തനം ആവർത്തിച്ച് നടത്തുന്നു.

**അനുബന്ധം: 13**

പാഠപുസ്തകത്തിലെ പാഠങ്ങളിൽ പ്രാദേശിക വൈവിധ്യം പുലർത്താൻ സാധിക്കുകയില്ല. എന്നാൽ, പാഠ്യപദ്ധതി നിർദേശിക്കുന്ന സ്വാഭാവികപഠനം ഉറപ്പാക്കാൻ പ്രാദേശിക സാധ്യത പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഈ സന്ദർഭത്തിലാണ് പ്രാദേശികപാഠങ്ങൾ ആവശ്യമായി വരുന്നത്. നാലാം ക്ലാസിലെ 'താളത്തിൽ മേളത്തിൽ' എന്ന പ്രവർത്തനത്തോടൊപ്പം മലപ്പുറം ജില്ലയിലെ കാരാട് ജി.എൽ.പി സ്കൂളിലെ കുട്ടികളും അധ്യാപികയും പ്രാദേശിക വിദഗ്ധരുടെ സഹായത്തോടെ 'പ്രാദേശിക വാദ്യങ്ങൾ' സംബന്ധിച്ച ഒരു പാഠം വികസിപ്പിച്ചു.

# പ്രാദേശിക പാഠം

കിങ്ങിണി IV

താളത്തിൽ മേളത്തിൽ

**എന്റെ നാട്ടിലെ വാദ്യങ്ങൾ**

1. അറവന: ഇതൊരു ചർമവാദ്യമാണ്. അറവനമുട്ട് കളി എന്ന പഴയ കലാരൂപം അവതരിപ്പിക്കുമ്പോഴാണ് ഇത് ഉപയോഗിക്കുന്നത്. ഈ കലാരൂപം അവതരിപ്പിക്കാനുള്ളത് മുസ്ലിംകളാണ്. വിശേഷങ്ങളുടെയും ആഘോഷങ്ങളുടെയും സമയത്ത് ഈ കലാരൂപം അവതരിപ്പിക്കാറുണ്ട്.

2. ചീനി: ഏകദേശം ഒന്നര അടി നീളത്തിൽ ഉള്ള സുഷിരവാദ്യമാണിത്. ഇതിന് ഞങ്ങളുടെ നാട്ടിൽ ചീനി എന്നും പറയും. കാവിൽ നടക്കുന്ന ഉത്സവത്തിനാണ് ഇത് വിളിക്കാറുള്ളത്. ചെണ്ടയും ഇലത്താളവും ഇതിനൊപ്പമുണ്ടാവും. നാദസ്വരം വായിക്കുന്നത് പോലെയാണ് ഇത് വായിക്കുന്നത്.

3. കുറ്റിച്ചെണ്ട: ചെണ്ടയുടെ പകുതി വലിപ്പമേ ഇതിനുണ്ടാവൂ. ചെണ്ടപോലെ രണ്ടുഭാഗത്തും തോല് കൊണ്ട് കെട്ടിയിരിക്കും. കയറ്കൊണ്ട് രണ്ട് ഭാവും വലിച്ച് മുറുക്കും. മുന്നിലും പിന്നിലും ഒരേ സമയം കോലുപയോഗിച്ചാമ് വായിക്കുക. കുതിരകെട്ട് കാളകെട്ട് തുടങ്ങിയ കെട്ടുകാഴ്ചയ്ക്കൊപ്പമാണ് ഇത്. ഉണ്ടാവാറ്. പാട്ടുപാടി കുറ്റിച്ചെണ്ടയുടെ താളത്തിനനുസരിച്ച് നൃത്തം ചെയ്താണ് വരവ് പോകുന്നത്. കളിയാട്ടക്കാവിലേക്കാണ് ഈ വരവ് പോകുന്നത്.

4. ദഫ്: ഒരു ചർമവാദ്യമാണിത്. ഒരടി വൃത്തമുള്ള ഇരുമ്പിന്റെ പട്ടകൊണ്ടുള്ള വൃത്തത്തിലാണ് ഇത് ഉറപ്പിച്ചിരിക്കുന്നത്. വൃത്തത്തിൽ നിന്ന് പാട്ടുപാടി ചുവട് വെച്ച് മെയ്വഴക്കത്തോടെ ചലിച്ചും ദഫ് കൊട്ടിക്കൊണ്ട് മെയ്വഴക്കത്തോടെയാണ് ഈ വാക്യം ഉപയോഗിക്കുന്നത്. മുസ്ലിംകളാണ് ഇത് ഉപയോഗിക്കുന്നത്.

5. തുടി: ഏകദേശം ചെണ്ടയുടെ വലിപ്പത്തിൽ നടുകുടുങ്ങി രണ്ടറ്റത്തും കോൽ ഘടിപ്പിച്ച് വലിച്ചുമുറുക്കിയ ഒരു കൊട്ടുവാദ്യമാണ്. ഉത്സവത്തിനും പാട്ട് പാടുമ്പോഴാണ് തുടിയടിക്കുന്നത്. തുടിയുടെ താളത്തിനൊത്ത് കളിയും ഉണ്ടാവും. ആദിവാസികളാണ് ഇത് ഉപയോഗിക്കാറ്.

6. ഉടുക്ക്: തടി പോലെയുള്ള ചെറിയ വാദ്യമാണിത്. ഒറ്റ കൈയിൽ പിടിച്ച് മറ്റേ കൈകൊണ്ടാണ് തുടി കൊട്ടുന്നത്. അയ്യപ്പൻ പാട്ടുപാടുമ്പോഴാണ് ഇത് ഉപയോഗിക്കുക. ചിലമ്പിച്ച ഒച്ചയാണ് ഉണ്ടാവുക.

7. കുടം: കലത്തിന്റെ മൂട്ടിൽ തോല് വെച്ചാണ് ഇത് ഉണ്ടാക്കുന്നത്. വടികൊണ്ടാണ് ഇതിന്റെ പിന്നിൽ കൊട്ടുന്നത്. കുറവപ്പെണ്ണുങ്ങൾ പാടുമ്പോഴാണ് ഇത് കൊടുക്കുക.

**അനുബന്ധം. 14**

# സ്കൂൾ സഹവാസ ക്യാമ്പ് - ടൈംടേബിൾ

*ഒന്നാം നാൾ*

| | | |
|---|---|---|
| 9.00 to 10.00am | - | രജിസ്ട്രേഷൻ, ബാഡ്ജ് നിർമ്മാണം |
| 10.00 to 10.30am | - | ഉദ്ഘാടനം, കൂട്ടപ്പാട്ട് |
| 10.30 to 5.00pm | - | വിവിധമൂലകളിലേക്ക് |
| 5.00 to 6.00pm | - | വിശ്രമം |
| 6.00 to 7.00pm | - | ആകാശനിരീക്ഷണം (ബാലപാഠങ്ങൾ) |
| 7.00 to 9.00pm | - | നക്ഷത്രനിരീക്ഷണം |
| 9.00pm | - | സമാപനം |
| 9.00 to 10.00pm | - | ആർ.പി. മാരുടെ കൂടിച്ചേരൽ-പ്ലാനിംഗ് |

*രണ്ടാംനാൾ*

| | | |
|---|---|---|
| 9.00 to 10.30 am | - | ഫീൽഡ് ട്രിപ്പ് |
| 10.30 to 11.00 am | - | ഫീൽഡ് ട്രിപ്പ് അനുഭവങ്ങൾ പങ്കുവെക്കൽ (പതിപ്പ് നിർമ്മാണം) |
| 11.00 to 1.30 pm | - | വിവിധമൂലകളിലേക്ക് |
| 1.30 to 2.00 pm | - | ഭക്ഷണം |
| 2.00 to 3.30 pm | - | മൂലകളിൽ തയ്യാറാക്കിയവയുടെ അവതരണവും പ്രദർശനവും |
| 3.30 to 4.00 pm | - | അനുഭവങ്ങൾ പങ്കുവെക്കൽ- സമാപനം |

## സ്കൂൾതല സഹവാസക്യാമ്പിന്റെ ഉള്ളടക്കം (കരട്)




**ലക്ഷ്യം**

☺ കുട്ടിക്ക് നിത്യജീവിതവുമായി ബന്ധപ്പെട്ട് വിവിധ സന്ദർഭങ്ങളെ സ്വന്തം ശൈലിയിൽ ആവിഷ്ക്കരിക്കാനുള്ള ശേഷി ഉണ്ടാക്കിയെടുക്കുക, സന്ദർഭങ്ങളെ കഥാപാത്രങ്ങളായി ആവിഷ്ക്കരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കുക

☺ വ്യത്യസ്ത സ്വഭാവ പ്രകൃതികളെ തിരിച്ചറിയുന്നതിനും ആവിഷ്ക്കരിക്കുന്നതിനും ഉള്ള കഴിവുകൾ വളർത്തിയെടുക്കുക

☺ കഥ, കഥാപാത്രങ്ങൾ എന്നിവയുടെ സ്വഭാവമനുസരിച്ച് വേഷവിധാനവും, പശ്ചാതലവും സൃഷ്ടിച്ചെടുക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കൽ

☺ പാഠഭാഗങ്ങളെ സ്ക്രിപ്റ്റുകളാക്കി സംഘം ചേർന്ന് അവതരിപ്പിക്കാനുള്ള ഭാഷാപരമായ വിവിധശേഷികൾ വളർത്തിയെടുക്കുക

*ഒരുക്കേണ്ട സാമഗ്രികൾ*

* മാസ്ക് തയ്യാറാക്കുന്നതിന്- പാള, ചട്ടകൾ, പേപ്പർ, ചായം, പശ, നൂൽ
* കരിക്കട്ട, ഉമിക്കരി, പഞ്ഞി, വിവിധ നിറങ്ങളിലുള്ള തുണികൾ
* ബനിയനുകൾ, ട്രൗസർ, ലുങ്കികൾ, സാരി, തൊപ്പികൾ, കുട തുടങ്ങിയവ

***അരങ്ങിൽ നടക്കേണ്ടത്***

* തീയേറ്റർ, എക്സർസൈസുകൾ
* വസ്തുക്കൾ ഉപയോഗിച്ചുള്ള അഭിനയം
* മൈമിംഗ് (ഒറ്റയ്ക്കും, സംഘമായും)
* സന്ദർഭങ്ങൾ, ആശയങ്ങൾ എന്നിവ അഭിനയിക്കൽ
* സ്റ്റിൽസുകൾ
* കഥാപാത്രങ്ങളായി രൂപം മാറൽ
* പാഠഭാഗം നാടകമാക്കി അവതരിപ്പിക്കൽ

## ആംഗ്യപ്പാട്ട്

**ലക്ഷ്യം**

പാട്ടുകൾക്കനുസരിച്ച്ചലനത്തിലൂടെ സ്ഥൂല, സൂക്ഷ്മപേശികളുടെ ചലനം ഉറപ്പാക്കുന്നു
എല്ലാകുട്ടികളുടെയും പങ്കാളിത്തത്തോടെ പാട്ട് അവതരിപ്പിക്കുന്നു

ആംഗ്യപ്പാട്ട് മൂലയിൽ നടക്കേണ്ടത്
* ആംഗ്യപ്പാട്ട് പാടൽ, അഭിനയിക്കൽ
* പാട്ടിനനുസരിച്ച് ആംഗ്യങ്ങൾ കണ്ടെത്തി അവതരിപ്പിക്കൽ
* ആംഗ്യം നൽകി പാട്ട് ഉണ്ടാക്കൽ

## പാടി രസിക്കാം

**ലക്ഷ്യം**

ഫലപ്രദമായി വാഗ്ന്ദ്രിയ ഉത്തേജനപ്രവർത്തനങ്ങൾ ചെയ്യാനുള്ള അവസരം ഒരുക്കുന്നതിന്
ശ്വാസനിയന്ത്രണം, ശബ്ദനിയന്ത്രണം എന്നിവസ്വായത്തമാക്കുന്നതിന്
കാലം താളം, ഈണം എന്നിവ പരിചയപ്പെടുത്തതിന്
വായ്ത്താരികൾ, നാടൻപാട്ടുകൾ എന്നിവ ഒററയ്ക്കും, സംഘമായും അവതരിപ്പിക്കാനുള്ള ശേഷി നേടുന്നതിന്
നാടൻ സംഗീതോപകരണങ്ങൾ പരിചയപ്പെടുന്നതിന്
കവിതകൾക്ക് സ്വയം ഈണം കണ്ടെത്തി അവതരിപ്പിക്കുന്നതിന്

*ഒരുക്കേണ്ടസാമഗ്രികൾ*
ചിരട്ടകൾ, കിണ്ണങ്ങൾ, സോഡമൂടി, കമ്പി, ഗ്ലാസ്സ്., സ്പൂൺ, മുളംകുറ്റി, കുടം, പൈപ്പ് കഷണങ്ങൾ, കുപ്പികൾ, പിഞ്ഞാണപാത്രങ്ങൾ, ഗഞ്ചിറ, ചപ്ലാംകട്ട

*പ്രവർത്തനങ്ങൾ*
വാദ്യോപകരണങ്ങളെക്കുറിച്ചും, താളത്തെക്കുറിച്ചും ചർച്ച
ഉപകരണങ്ങൾ തയ്യാറാക്കൽ
വായ്ത്താരിയുടെ താളത്തിനൊത്ത് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കൽ
വായ്ത്താരിയുടെ ഈണത്തിനനുസരിച്ച് കവിതകൾക്ക് ഈണം നൽകൽ

## നിർമ്മിക്കാം കളിക്കാം

**ലക്ഷ്യം**

- പാഴ്വസ്തുക്കൾ, പ്രയോജനപ്പടുത്തി ഉപയോഗയോഗ്യമായ കളിപ്പാട്ടങ്ങൾ, പഠനോപകരണങ്ങൾ എന്നിവ തയ്യാറാക്കുന്നതിനുള്ള കഴിവ് നേടുന്നു.
- പാഠഭാഗങ്ങൾക്കനുയോജ്യമായ പാവകൾ, മറ്റ് ഉപകരണങ്ങൾ, എന്നിവ നിർമ്മിക്കുന്നതിനുള്ള കഴിവ് നേടുന്നു.

**ഒരുക്കേണ്ട സാമഗ്രികൾ**
സോഡാമൂടി, ഫിലിം റോൾ വരുന്ന പാത്രം, ചട്ട, പെട്ടി, തീപ്പെട്ടി, ഈർക്കിൽ, മുത്ത്, ചക്രങ്ങൾ, പഴയ ഹവായ് ചെരുപ്പ്, ഇഞ്ചക്ഷൻ കുപ്പികൾ, കീസ്, കടലാസ്, പശ, കത്രി, നൂൽ, വിവിധ നിറത്തിലുള്ള തുണിക്കഷണങ്ങൾ, പഴന്തുണി, പഞ്ഞി, തെർമോകോൾ, ഉജാലാബോട്ടിൽ...

ഇവ ഉപയോഗിച്ച് വിവിധ കളിപ്പാട്ടങ്ങൾ, പഠനോപകരണങ്ങൾ ഇവ തയ്യാറാക്കുന്നു

**അനുബന്ധം – 15**

# ദിനാഘോഷം: മൊഡ്യൂൾ

വായനദിനം: ജൂൺ 19

പി.എൻ. പണിക്കരുടെ ചരമദിനം

ഉദ്ദേശ്യം: വായനാദിനത്തിന്റെ ഭാഗമായി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഒരുക്കുന്നതിനും അനൗപചാരികപഠനം ഉറപ്പാക്കുന്നതിനും സന്ദർശങ്ങൾക്കനുസരണമായി പാഠ്യപദ്ധതി ലക്ഷ്യങ്ങളുമായി ബന്ധപ്പെടുത്തി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും.

പ്രക്രിയ:

1. ജൂൺ ആദ്യവാരത്തിലെ എസ്.ആർ.ജിയിൽ വായനദിന പരിപാടികൾ ആസൂത്രണം
2. വൈവിധ്യമാർന്നതും പ്രദേശത്തിനും ക്ലാസ്സിനും അനുയോജ്യമായതുമായ പ്രവർത്തനങ്ങൾ കണ്ടെത്തൽ.
3. ചുമതല ക്ലാസ് തലം നൽകൽ. അടുത്തയാഴ്ച അവതരണം
4. എസ്.എസ്.ജി പൂർവവിദ്യാർഥികൾ, പി.ടി.എ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കൽ.
5. വായനദിന പ്രവർത്തനങ്ങൾ

   വായനയുടെ പ്രാധാന്യം: ചർച്ച

   വായന മത്സരം

   പുസ്തകക്കുറിപ്പ് രചന

   പുസ്തകക്വിസ്

   വായിച്ച കഥ/ കവിത അവതരണം

   വായനാപതിപ്പ്

   പി എൻ പണിക്കരെക്കുറിച്ചറിയാൻ

   ലൈബ്രേറിയനുമായി അഭിമുഖം

   ക്ലാസ് ലൈബ്രറി സ്ഥാപിക്കൽ

   പഞ്ചായത്ത് ലൈബ്രറിയിൽ മെമ്പർഷിപ്പ്

   മഹാൻമാരും വായനയും: പ്രദർശനം

   വായന എന്ത് എന്തിന്? രക്ഷാകർതൃ ബോധവത്കരണം

   പുസ്തകശേഖരണം

   എനിക്കിഷ്ടപ്പെട്ട പുസ്തകം

   സാംസ്കാരിക റാലി.
6. ഡോക്യുമെന്റേഷൻ
7. വി.ഇ.സിയിൽ അവതരണം
8. മികച്ച സ്കൂളുകൾക്ക് അംഗീകാരം
9. വായനക്കൂട്ടായ്മകൾ ഉൾപ്പെടുത്തൽ.

**അനുബന്ധം. 16**

## ടീച്ചിംഗ് മാന്വൽ 1999

ഫോം : 16

കിങ്ങിണിക്കൂട്ടം പതിപ്പ്

ക്ലാസ് : 2 വിഷയം : പ്രകൃതി തീയതി :

ഇന്നു ഞാൻ എന്റെ കുട്ടികളിൽ വളർത്താനുദ്ദേശിക്കുന്ന ശേഷികൾ

- ലളിതമായ നാടൻ പാട്ടുകൾ, കവിതകൾ എന്നിവ ആംഗ്യത്തോടെ ഉച്ചത്തിലും സംഘമായും അവതരിപ്പിക്കുന്നതിന്.
- കവിതകൾ പൂരിപ്പിച്ച് ചൊല്ലുന്നതിന്.
- ലഘുവാക്യങ്ങൾ, ലഘുവാക്യങ്ങളിലുള്ള വിവരണം ഇവ തയ്യാറാക്കുന്നതിന്.
- വസ്തുക്കളെ 10 ന്റെ കൂട്ടങ്ങളാക്കി ക്രമീകരിക്കുന്നതിന്.

ഈ ശേഷികൾ നേടുവാൻ ഞാൻ ഒരുക്കുന്ന പഠനാനുഭവങ്ങൾ

- കിങ്ങിണിക്കുട്ടം അവതരണഗാനം - ഒരുങ്ങിയ ചാർട്ട് കേൾക്കൽ - പാടിക്കൊടുക്കുന്നു - കുട്ടികൾ ഏറ്റുപാടുന്നു

- മഴയെക്കുറിച്ച് അനൗപചാരിക ചർച്ച - കുട്ടികൾക്ക് അനുഭവം പറയാനവസരം.

- മഴപ്പാട്ടുകൾ പാടൽ - ടീച്ചറുടെ പാട്ടുപുസ്തകത്തിൽ ശേഖരിച്ചവ 5-ാം പേജിലെ പാട്ട് - മഴ മഴ മഴ മഴ പെയ്യും മഴ കേൾക്കൽ. ടീച്ചറുടെ നേതൃത്വത്തിൽ പാടുന്നു - കുട്ടികൾ മഴപ്പാട്ടുകൾ ശേഖരിക്കൽ - ചർച്ച

- കവിതയുണ്ടാക്കൽ : ഒന്നു വരി കവിത പാടിക്കൊടുക്കുന്നു - കേൾക്കൽ - മഴ വരുന്നതിനോട് ബന്ധപ്പെട്ട കാര്യങ്ങൾ ഗ്രൂപ്പു ചർച്ച - കവിതയ്ക്ക് വരികൾ തയ്യാറാക്കൽ - ഓരോ ഗ്രൂപ്പിന്റെയും അവതരണം. വരികൾ കേൾക്കൽ - (ഇടിവെട്ടുന്നു ഠഠ, ഠഠ, ഠഠ, എന്നിട്ടും മഴ വന്നില്ല, ........
- പൂരിപ്പിച്ചു പറയാം : കുട്ടികൾ വൃത്താകൃതിയിൽ നിൽക്കുന്നു - മാതൃകാ വാചകത്തെ തുടർന്ന് പൂരിപ്പിച്ച് പറയൽ ഓരോ കുട്ടിയും - (മഴക്കാലത്ത് ഇടി വെട്ടും, മഴക്കാലത്ത് ........ )
- മഴവന്നപ്പോൾ : തെളിഞ്ഞ ദിവസം - മഴ വരുമെന്നോർത്തില്ല - കുടയെടുക്കാതെ വന്നില്ല - സ്കൂൾ വിടുന്നേരം മഴ - എങ്ങനെ വീട്ടിൽ പോകും? (സാധ്യതകൾ ഗ്രൂപ്പിൽ ചർച്ച - തുടർന്ന് വ്യക്തിഗതമായി എഴുതിയത് ഓരോരുത്തരും വായിക്കുന്നു [illegible])
- കുടയിൽ നിറയ്ക്കാം : ഗ്രൂപ്പിൽ 4 കുട്ടികൾ 4 കുട നിവർത്തിപ്പിടിച്ചു നിൽക്കുന്നു. [illegible]

പ്രവർത്തനങ്ങൾ ചെയ്തപ്പോൾ - എന്റെ കുട്ടികളുടെ പ്രതികരണങ്ങൾ, അനുഭവങ്ങൾ, നേരിട്ട പ്രശ്നങ്ങൾ (നല്കിയ പ്രവർത്തനങ്ങളുടെ ക്രമത്തിൽ പ്രതികരണങ്ങൾ എഴുതുമല്ലോ)

മഴക്കാല ചർച്ച : ആമിന, രവി, ശരണ്യ എന്നിവർ ചർച്ചകളിൽ പങ്കെടുത്തില്ല. അവരോട് ചില ചോദ്യങ്ങൾ പ്രത്യേകം ചോദിക്കേണ്ടിവന്നു.

മഴപ്പാട്ടുകൾ : ചില ഗ്രൂപ്പുകാർ വളരെ നന്നായി പാടി. പാട്ടുപുസ്തകത്തിൽ മഴപ്പാട്ടുകൾ ശേഖരിക്കാൻ നിർദേശിച്ചിട്ടുണ്ട്. മിക്കവരുടെ കയ്യിലും ഇതിനായി പുസ്തകമില്ല. ചിലർക്ക് പേനയോ പെൻസിലോ ഇല്ല. ഇത്തരം കാര്യങ്ങൾ ശ്രദ്ധിച്ച് പെൻസിൽ [illegible] കൾ വാങ്ങി വയ്ക്കണം. വന്നിരുന്ന രക്ഷിതാക്കളിൽ പലരും പാട്ടുപാടി.

കവിതയുണ്ടാക്കാൻ : വേണ്ടത്ര വിജയിച്ചില്ല. മുമ്പ് ഇത്തരം പ്രവർത്തനം ചെയ്യിച്ചിട്ടില്ല. കുട്ടികൾക്ക് ചില [illegible] വരികൾ [illegible] നൽകണം. വീട്ടിൽ നിന്ന് ചെയ്യാൻ ചില വരികൾ കൊടുത്തു. കൊച്ചു കവിതകൾ വായിക്കാനും, പാടി രസിക്കാനും അവസരമുണ്ടാക്കണം.

(V) പുസ്തകം ഇടപെട്ടു.

(രമേശ്, അജിത, മുഹമ്മദ് എന്നിവർ എഴുതിയത് വ്യക്തമല്ല.)

പൂരിപ്പിച്ചു പറയാം : നല്ല പ്രതികരണം. ഈ പ്രവർത്തനം കവിതയുണ്ടാക്കലിന് സഹായകമായിരുന്നു.

മഴ വന്നപ്പോൾ :

പോരായ്മകൾ :- വേണ്ടത്ര ആശയമില്ല.
- ചിഹ്നങ്ങൾ (–, ?, ', –)
- സ്പെല്ലിംഗ്
- വിന്യാസം
- ഉദ്ധരണം

എഴുതാൻ ആശയം കിട്ടാത്തവർ
രമേശ്, അജിത
മുഹമ്മദ്, ശരണ്യ
ആമിന, രവി

ഗോപിക്ക് ഒന്നും അറിയില്ല

(ചർച്ചയ്ക്ക് ശേഷം എഴുതിയ ഗ്രൂപ്പിൽ 4 പേർ മാത്രമായിരുന്നു)

● വായനാ സന്ദർഭങ്ങൾ, പോരായ്മകൾക്ക് പരിഹാരമാകുന്ന ചില ഭാഷാപ്രവർത്തനങ്ങൾ കൊടുക്കണം

സ്വരചിഹ്നങ്ങൾ, പദം ചേർക്കാനും എന്നിവ ചിഹ്നം, ഉദ്ധരണം എന്നിവ ചേർക്കൽ നൽകണം സ്പെല്ലിംഗ് പ്രശ്നം പരിഹരിക്കാൻ 'മഞ്ചാടി' പുസ്തകം

കടലിൽ കരയിൽ : ഒന്നാം ഘട്ടം കൃത്യമായി നടന്നു. രണ്ടാംഘട്ടം പതിയെ കൂടിയാലെ പലർക്കും കഴിഞ്ഞില്ല. പലരെയും ഇടയ്ക്ക് സഹായിച്ചു. ഈ കളി ആവർത്തിക്കണം.

രമേശും മുഹമ്മദും സ്ഥിരമായി വരാറില്ല. ഇവരുടെ വീട് സന്ദർശിക്കണം [illegible]

സ്വയം തിരുത്താൻ കുട്ടികൾക്ക് സ്വന്തമായി ചില നിർദേശങ്ങൾ നൽകി.

### അനുബന്ധം. 17

## ടീച്ചിംഗ് മാന്വൽ 2000



നാലാം ക്ലാസിലെ ടീച്ചർ തയ്യാറാക്കിയ ടീച്ചിംഗ് മാന്വലിന്റെ ആസൂത്രണപേജിലെ ഭാഷയുടെ പ്രവർത്തനം നോക്കൂ.

ക്ലാസ് 4 | വിഷയം മലയാളം | തീയ്യതി 7.6.1999

**ഞാൻ പരിഗണിക്കുന്ന ശേഷികൾ**

- കഥകളെ വ്യത്യസ്ത രീതികളിൽ (കവിത, കഥാപ്രസംഗം, ദൃക്സാക്ഷി വിവരണം, ടി.വി. വാർത്ത, നാടകം, ചിത്രം, ചിത്രകഥ) ഒറ്റയ്ക്കും സംഘമായും പുനരാവിഷ്കരിക്കുന്നതിന്
-
-
-

പഠനാനുഭവങ്ങൾ:

- പതിപ്പ് നിർമ്മാണം - കുലവൃത്തത്തെ വിശേഷങ്ങൾ എന്ന പാഠത്തെ ആസ്പദമാക്കി - വേണ്ട വിവരങ്ങളെക്കുറിച്ച് ചർച്ച - ബോർഡിൽ ലിസ്റ്റ് ചെയ്യുന്നു - കവിത, കഥാപ്രസംഗം, ദൃക്സാക്ഷിവിവരണം, ടി.വി.വാർത്ത, നാടകം, ചിത്രം, ചിത്രകഥ - ഓരോ മാധ്യമവും ഉപയോഗിച്ച് പാഠഭാഗം പുനരാവിഷ്കരിക്കുന്നതിന് ചുമതല ഏല്പിക്കുന്നു - (ബോർഡിൽ എഴുതിയതിന്റെ നേർക്ക് അത് ചെയ്യേണ്ട കുട്ടിയുടെ നമ്പർ എഴുതി) എഴുതിയവർ സ്വയം വായിച്ച് മെച്ചപ്പെടുത്തുന്നു - മാധ്യമഗ്രൂപ്പുകളാകുന്നു - ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു - മെച്ചപ്പെട്ടത് കണ്ടെത്തുന്നു - മറ്റുള്ളവ മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങൾ ഉണ്ടാകുകയും ഗ്രൂപ്പിൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. സംഘമായി പൊതുഅവതരണം - എല്ലാവരുടെയും രചനകൾ ശേഖരിച്ച് പതിപ്പ് നിർമ്മാണം.

**ഇതിന് ടീച്ചർ തയ്യാറാക്കിയ പ്രതികരണപേജിൽ നിന്ന്**

- കഥാപ്രസംഗം : രമേശ് മാത്രമേ ഭംഗിയായി ചെയ്തുള്ളൂ.
- ലതിക, വീണ, അനൂപ് എന്നിവരൊഴികെ എല്ലാവരും കവിത എഴുതി. ചിലതൊക്കെ അത്ര മെച്ചമല്ല. ജലീൽ വളരെ മെച്ചപ്പെട്ട കവിതയെഴുതി.
- കഥാപ്രസംഗം, ദൃക്സാക്ഷി വിവരണം ഗ്രൂപ്പുകളിൽ വേണു, സുരേഷ്, കവിത ഇടങ്ങിയവർ അഭിപ്രായം പറഞ്ഞതേയില്ല.
- പതിപ്പ് നിർമ്മാണത്തിൽ കുട്ടികൾ ഉത്സാഹം കാണിച്ചു. പക്ഷേ ചിലർ ആധിപത്യം സ്ഥാപിച്ചു. അക്ഷരത്തെറ്റുകൾ, ചിഹ്നപ്രശ്നങ്ങൾ - വരുത്തിയവരുണ്ട്.
- മെച്ചപ്പെടുത്തിയെഴുതിയതിൽ അക്ഷരത്തെറ്റുകൾ കുറവായിരുന്നു.

- കഥാപ്രസംഗ രചനയിൽ ബുദ്ധിമുട്ടനുഭവപ്പെട്ടു. വായിക്കാനും കേൾക്കാനും അവസരമൊരുക്കണം
- ഗ്രൂപ്പിംഗ് - താല്പര്യം പരിഗണിക്കേണ്ടതായിരുന്നു.
- ചിത്രം, ചിത്രകഥ ഇവയിൽ അനുഭവം നൽകണം
- ലോക്കൽ റിസോഴ്സ് ഉപയോഗിക്കേണ്ടതായിരുന്നു.
- പതിപ്പ് നിർമ്മാണം അവസാന പിരീഡിൽ മതിയായിരുന്നു.

ഇങ്ങനെ പ്രതികരണപേജ് എഴുതിയ ടീച്ചർക്കുണ്ടായ തിരിച്ചറിവുകൾ എന്തെല്ലാമായിരിക്കും ?

* കഥാപ്രസംഗം വായിക്കുന്നതിനും കേൾക്കുന്നതിനും അവസരമൊരുക്കണം.
* കഥാപ്രസംഗങ്ങളുള്ള വായനാസാമഗ്രികൾ (ബാലമാസികകൾ, ബാലസാഹിത്യകൃതികൾ) കണ്ടെത്തി നൽകണം.
* പരിഗണിക്കാത്ത ശേഷികൾക്ക് പ്രവർത്തനം നൽകണം.
* ലോക്കൽ റിസോഴ്സ് ഉപയോഗപ്പെടുത്തണം.
* എഴുതിയ രചനകൾ പരസ്പരം വായിക്കാനും മെച്ചപ്പെടുത്താനും അവസരം നൽകണം.
* കവിതാപൂരണത്തിന് കൂടുതൽ അവസരം നൽകണം.
* കൂടുതൽ കവിതാ പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കണം.

ഈ തിരിച്ചറിവുകളുമായി ടീച്ചർ അടുത്തദിവസത്തേക്കു തെരഞ്ഞെടുത്ത ശേഷികളും പ്രവർത്തനങ്ങളും നോക്കാം.

<u>പരിഗണിക്കുന്ന ശേഷികൾ</u>

□ ബാലസാഹിത്യകൃതികൾ വായിക്കുന്നതിന്.

□ സൂചനകളുടെ അടിസ്ഥാനത്തിൽ കഥയുടെ ബാക്കിഭാഗം പറയുന്നതിനും എഴുതുന്നതിനും.

<u>പഠനാനുഭവങ്ങൾ</u>

□ തെരഞ്ഞെടുത്ത കഥകൾ ഭാവനാപൂർണമാക്കി എഴുതുന്നതിന് (അങ്ങനെയായിരുന്നെങ്കിൽ എന്തു സംഭവിക്കും? എന്നതിലൂടെ) വായനമൂലയിൽ നിന്ന് കഥ, കവിത, കഥാപ്രസംഗ പുസ്തകങ്ങൾ സ്വന്തം താല്പര്യമനുസരിച്ച് തെരഞ്ഞെടുക്കുന്നു - വ്യക്തിഗതമായ വായന - 3 മേഖലകളിലും 5 അംഗഗ്രൂപ്പുകൾ, ഓരോരുത്തരും ഇഷ്ടപ്പെട്ട സൃഷ്ടി ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു (വായിച്ച്) - ഓരോ ഗ്രൂപ്പിലും അങ്ങനെയായിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്ന ചർച്ച - കുട്ടികൾ തെരഞ്ഞെടുത്ത ആശയം വെച്ച് കഥ പൂർത്തിയാക്കുന്നു. സ്വയം വായിച്ചും ഗ്രൂപ്പിലവതരിപ്പിച്ചും മെച്ചപ്പെടുത്തുന്നു - ഗ്രൂപ്പിൽ മികച്ചവ ബാലസഭകളിൽ അവതരിപ്പിക്കുന്നു. മറ്റുള്ളവർ അഭിപ്രായം പറയുന്നു. തുടർന്ന് കഥാപ്രസംഗം അവതരിപ്പിക്കാൻ കഴിയുന്ന മുതിർന്നവരെയോ തൊട്ടടുത്ത ഹൈസ്കൂളിലെ കുട്ടിയെ ക്ഷണിച്ചുകൊണ്ടുവന്ന് കഥാപ്രസംഗം അവതരിപ്പിക്കുന്നു.

ഇവിടെ തലേദിവസത്തെ തിരിച്ചറിവുകൾ എങ്ങനെ പ്രയോജനപ്പെടുത്തി എന്നു നോക്കാം.

- തലേന്നാളത്തേതിൽനിന്നും വ്യത്യസ്തമായ ശേഷികൾ ആണ് ഇന്നത്തേക്ക് തെരഞ്ഞെടുത്തത്.
- കഥാപ്രസംഗം വായിക്കാനും ( കുറച്ചു പേർക്ക്) കേൾക്കാനും ( എല്ലാവർക്കും) അവസരമൊരുക്കി
- ആവശ്യമായ വായനാസാമഗ്രി ഒരുക്കി വായനമൂല സജ്ജീകരിച്ചു.
- ലോക്കൽ റിസോഴ്സ് പ്രയോജനപ്പെടുത്തി
- സ്വയംമൂല്യനിർണയത്തിനും പരസ്പരമൂല്യനിർണയത്തിനും അവസരമൊരുക്കി.

ഇങ്ങനെ ഇന്നലെയുടെ പരിമിതികളെ പരിഹരിക്കാൻ ഇന്നത്തെ സാധ്യതകൾ വിപുലപ്പെടുത്തുക മാത്രമാണ് ചെയ്തത്. ഇത് ഒരു ദിവസത്തെ പ്രവർത്തനം കൊണ്ട് പൂർണ്ണമാകുന്നില്ല. ടീച്ചർക്കുണ്ടായ തിരിച്ചറിവുകളിൽ കുറച്ചെണ്ണം മാത്രമാണ് ഇവിടെ പ്രതിഫലിച്ചത്. എല്ലാ തിരിച്ചറിവുകളും തൊട്ടടുത്ത ദിവസത്തെ പ്രവർത്തനങ്ങളിൽത്തന്നെ ഉൾപ്പെടുത്താൻ കഴിയുമോ? ഇല്ലെന്ന് വ്യക്തമാണ് . ചില പ്രവർത്തനങ്ങൾ അടുത്ത ദിവസം തന്നെ ചെയ്യാൻ കഴിയും. എന്നാൽ ലോക്കൽ റിസോഴ്സ് പ്രയോജനപ്പെടുത്തേണ്ടവ, ക്ലാസ്സ് പി ടി എ സഹായം തേടേണ്ടവ, എസ് എസ് ജി , സി ആർ സി തുടങ്ങിയവയിലൂടെ പരിഹരിക്കേണ്ടവയൊക്കെ ഉണ്ടാകാം. പക്ഷേ തുടർന്ന് നൽകുന്ന ഓരോ അനുഭവങ്ങളിലും അതിനുള്ള സാധ്യത കണ്ടെത്തലാണ് പ്രശ്നം. പരിഗണിക്കാത്ത ശേഷികൾക്ക് പ്രവർത്തനമൊരു

**അനുബന്ധം: 18**

## സി.ആർ.സി തല പരിശീലന മൊഡ്യൂൾ 98 ജൂലൈ

ഡി.പി.ഇ.പി
കാസർഗോഡ്

ആമുഖം: പുതിയ പാഠ്യപദ്ധതിയിലൂടെ ഒരു വർഷത്തെ പ്രവർത്തനാനുഭവങ്ങൾ നേടുകയും തുടർന്ന് കിങ്ങിണിക്കൂട്ടം പ്രവർത്തനങ്ങളിലൂടെ ക്ലാസ്റൂം തന്ത്രങ്ങളിൽ പുതിയ മാറ്റം കണ്ടെത്തുകയും ചെയ്ത അധ്യാപകർക്ക് അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും കൂടുതൽ കാര്യങ്ങൾ കണ്ടെത്തുന്നതിനുമുള്ള വേദി.

ഉദ്ദേശ്യങ്ങൾ: പ്രവർത്തനാധിഷ്ഠിത ക്ലാസ്മുറിയിലെ തന്റെ റോൾ (ഗവേഷക) അധ്യാപിക തിരിച്ചറിയുകയും അത് ഏറ്റെടുത്ത് നടപ്പാക്കാനുള്ള ശേഷി നേടുകയും ചെയ്യുന്നു.

ഉപോദ്ദേശ്യങ്ങൾ:

1. ഓരോ ഊന്നൽ മേഖലയുടെയും യഥാർത്ഥ ഊന്നൽ തിരിച്ചറിയുന്നു.
2. അവ പ്രാവർത്തികമാക്കുമ്പോഴുള്ള പ്രശ്നങ്ങൾ തിരിച്ചറിയുന്നു.
3. അത്തരം പ്രശ്നങ്ങളുടെ കാരണങ്ങൾ കണ്ടെത്തുകയും പരിഹാരതന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുന്നു.
4. അവ പ്രയോഗിച്ചുനോക്കി വിശകലനം ചെയ്ത് മെച്ചപ്പെടുത്താനുള്ള ശേഷി നേടുന്നു.
5. അടുത്ത ഒരു ദിവസത്തേക്കുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

പങ്കെടുക്കുന്നവർ: 1, 2 ക്ലാസ്സിലെ അധ്യാപകർ,
3, 4 ക്ലാസ്സിലെ അധ്യാപകർ,
റിസോഴ്സ് പേഴ്സൻ, ട്രെയിനർമാർ

സ്ഥലം :
തിയ്യതി :
സ്വഭാവം : നോൺ റെസിഡൻഷ്യൽ

| സെഷൻ | പ്രതീക്ഷിത ലക്ഷ്യം | പ്രക്രിയ പ്രവർത്തനങ്ങൾ | ചർച്ചാസൂചകങ്ങൾ |
|---|---|---|---|
| 10–10.30 | ഓരോ ഊന്നൽ മേഖലയുടെയും യഥാർത്ഥ ഊന്നൽ തിരിച്ചറിയുന്നു. | ● കിങ്ങിണിക്കൂട്ടത്തിൽ പ്രയോഗിച്ച പുതിയ തന്ത്രങ്ങൾ പറയുന്നു (വ്യക്തിഗതം). | ഈ പ്രക്രിയ തുടരേണ്ടതുണ്ടോ? എന്തുകൊണ്ട്? കിങ്ങിണിക്കൂട്ടത്തിൽ നിങ്ങൾ പ്രയോഗിച്ച ഏതെങ്കിലും പുതിയ തന്ത്രം പറയാമോ? |
| 10.30–1.00 | ഗ്രൂപ്പ് പ്രവർത്തനമെന്ന ഊന്നൽ മേഖലയെക്കുറിച്ചും അത് ഫലപ്രദമായി നടത്തുന്നതിനെക്കുറിച്ചും വ്യക്തമായ ധാരണ ഉണ്ടാകുന്നു. | ● കവിതാനിർമാണത്തിന് ഉപയോഗിച്ച ഏതെങ്കിലും തന്ത്രങ്ങൾ പറയുന്നു (വ്യക്തിഗതം). ● കവിതാനിർമാണത്തിനായി ഉപയോഗിക്കുന്ന നൂതനമായ തന്ത്രങ്ങളിൽ ഒന്ന് R.P പറയുന്നു. 5 പേരുടെ ഗ്രൂപ്പാവുന്നു. ● കവിത ലാളിത്യം അർത്ഥം താളം ഭാവം ഈണം ● കവിതയിലെ തീമിനെക്കുറിച്ച് സൂചന നൽകുന്നു. ● കവിതാരചനയ്ക്ക് ഉപയോഗിക്കേണ്ട വാക്കുകൾ അടങ്ങിയ ചാർട്ട് പ്രദർശിപ്പിച്ച് നിർദ്ദേശങ്ങൾ നൽകുന്നു. ● ഗ്രൂപ്പിലെ ഒരാളെ ആ ഗ്രൂപ്പിൽ നടക്കുന്ന പ്രക്രിയ നിരീക്ഷിച്ച് രേഖപ്പെടുത്താൻ RP ചുമതലപ്പെടുത്തുന്നു.● ഗ്രൂപ്പിൽ കവിത അവതരിപ്പിക്കുന്നു. ● മൊത്തം ഗ്രൂപ്പിൽ നടന്ന പ്രക്രിയ പറയുന്നു. (ഗ്രൂപ്പിലെ ഒരംഗം) ചുമതലപ്പെടുത്തിയ ആൾ പ്രക്രിയ പറയുന്നു. ചാർട്ട് ചെയ്യുന്നു. ● ഓരോ ഗ്രൂപ്പിലും നടന്ന പഠന പ്രക്രിയ നിരീക്ഷകർ പറയുന്നു (ഒരു RPയെ നിരീക്ഷകനാക്കുമല്ലോ). ●ഗ്രൂപ്പ് പ്രവർത്തനത്തിന്റെ പ്രക്രിയ എന്തായിരുന്നുവെന്ന് കണ്ടെത്തുന്നു. ● കിങ്ങിണിക്കൂട്ടം ഉദ്ദേശ്യങ്ങൾ കണ്ടെത്തിയ സെഷനിലെ ഗ്രൂപ്പ് പ്രവർത്തനം ഓർമപ്പെടുത്തുന്നു. ● ഗ്രൂപ്പ് പ്രവർത്തനത്തിന്റെ ഊന്നൽ കണ്ടെത്താൻ ചർച്ച നടത്തുന്നു. ●ഗ്രൂപ്പ് പ്രവർത്തനത്തെ ഫലപ്രദമാക്കുന്ന ഘടകങ്ങൾ ചർച്ച ചെയ്യുന്നു (ഗ്രൂപ്പ്)● കവിതാ പ്രവർത്തനത്തിന് | കവിതാനിർമാണത്തിന് എന്തെല്ലാം തന്ത്രങ്ങൾ ഉപയോഗിക്കാം? ഇവിടെ നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാം? പ്രവർത്തനങ്ങളുടെ സ്വഭാവം എന്ത്? ഈ പ്രവർത്തനത്തിൽ പഠനം നടന്നിട്ടും എന്താണ് പഠനത്തിന്റെ പ്രക്രിയ എന്തായിരുന്നു. ഗ്രൂപ്പ് പ്രവർത്തനത്തിന്റെ ഊന്നൽ എന്താണ്? അധ്യാപകന്റെ ഇടപെടൽ എങ്ങിനെയായിരുന്നു നിർദ്ദേശങ്ങൾ നൽകിയതെങ്ങനെ? സമയം ക്രമീകരിച്ചതെങ്ങനെ? ഗ്രൂപ്പിനായി കൊടുക്കുന്ന പ്രവർത്തനങ്ങളുടെ സ്വഭാവം എന്ത്? വ്യക്തികളുടെ പ്രവർത്തനം ചേർത്തുവെച്ചാൽ ഗ്രൂപ്പ് പ്രവർത്തനങ്ങളാകുമോ? കവിതാ നിർമാണത്തിന് നിർദ്ദേശങ്ങൾ എങ്ങനെയാണ് നൽകിയത്? വേറെ എന്തൊക്കെ രീതിയിൽ നിർദ്ദേശങ്ങൾ നല്കാം? |

| സെഷൻ | പ്രതീക്ഷിത ലക്ഷ്യം | പ്രക്രിയ പ്രവർത്തനങ്ങൾ | ചർച്ചാസൂചകങ്ങൾ |
|---|---|---|---|
| 2.00-4.00 | | നൽകിയ ഗ്രൂപ്പ് പ്രവർത്തനത്തെ ഊന്നി പൊതു ചർച്ചയിലൂടെ ഘടകങ്ങൾ കണ്ടെത്തുന്നു. [കിങ്ങിണിക്കൂട്ടം/കളരി എന്നിവയിൽ നടത്തിയ ഗ്രൂപ്പ് പ്രവർത്തനങ്ങളെ ഇപ്പോൾ എത്തിച്ചേർന്ന ധാരണയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു.]<br>TMലേക്ക്:- ഗ്രൂപ്പ് പ്രവർത്തനത്തിന്റെ ഊന്നൽ ഫലപ്രദമാക്കുന്ന ഘടകങ്ങൾ, ഗ്രൂപ്പിംഗ് തന്ത്രങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുക. | |
| 10-11 | വിവിധ ഊന്നൽ മേഖലകളിലെ ഊന്നൽ, പ്രക്രിയ, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ തിരിച്ചറിയുന്നു. | ●ഊന്നൽ മേഖലകൾ ലിസ്റ്റ് ചെയ്യുന്നു. ഒരു ഊന്നൽ മേഖലയ്ക്ക് ഒരു ഗ്രൂപ്പ് എന്ന രീതിയിൽ ചുമതല നൽകുന്നു. (6ഗ്രൂപ്പ്)<br>●അവതരണം- ചാർട്ടിൽ രേഖപ്പെടുത്തുന്നു.<br>●ഓരോ ഗ്രൂപ്പും മറ്റ് ഊന്നൽ മേഖലയെക്കുറിച്ചുള്ള സമയങ്ങൾ തയ്യാറാക്കുന്നു. ഗ്രൂപ്പ്<br>ലീഡർമാർ ചോദ്യങ്ങൾ ശേഖരിച്ച് ഗ്രൂപ്പിൽ വിശദീകരണം തയ്യാറാക്കുന്നു.<br>[കളരിയിലെ അനുഭവങ്ങൾ, തിരിച്ചറിവുകൾ എന്നിവ പങ്കെടുത്ത അധ്യാപികമാർ ഗ്രൂപ്പുകളിൽ പങ്കു വെക്കുന്നു എന്നുറപ്പുവരുത്തുമല്ലോ.]<br>ഓരോ ഗ്രൂപ്പും അവരുടെ ധാരണകൾ ചാർട്ട് ചെയ്ത് അവതരിപ്പിക്കുന്നു.<br>അവതരണത്തിനിടയിൽ അനുയോജ്യമായ ടിപ്പ് ആക്ടിവിറ്റികൾ അവതരിപ്പിക്കുന്നു.<br>[ഓരോ ഊന്നൽ മേഖലയിലും എത്തിച്ചേർന്ന ധാരണയുടെ വെളിച്ചത്തിൽ കിങ്ങിണിക്കൂട്ടം/ കളരി എന്നിവയിൽ നടത്തിയ | ചർച്ച ഗ്രൂപ്പ്<br>ഓരോ മേഖലയിലും ഊന്നൽ എന്ത് പ്രക്രിയ എന്ത്? ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്താണ്? ഫലപ്രദമാക്കുന്ന ഘടകങ്ങൾ ഏവ? സാമഗ്രികൾ ഏവ? സ്വീകരിക്കാവുന്ന തന്ത്രങ്ങൾ ഏവ? മുന്നാക്കക്കാർ പിന്നാക്കക്കാരെ പഠിപ്പിക്കലാണോ സഹപഠനം? എങ്ങനെയുള്ള കുട്ടികൾ തമ്മിലാണ് സഹപഠനം കൂടുതൽ നടക്കുക? ഗ്രൂപ്പ് പ്രവർത്തനവും സഹപഠനവും തമ്മിലുള്ള വ്യത്യാസമെന്ത്? സഹപഠനം നടക്കുന്നത് ഗ്രൂപ്പ് പ്രവർത്തനത്തിൽ മാത്രമാണോ? എന്തുകൊണ്ടാണ് പ്രൊജക്ട് രീതി നാം സ്വീകരിക്കുന്നത്? ചെറിയ ക്ലാസുകളിൽ പ്രൊജക്ടിന്റെ ഘടകങ്ങൾ യാന്ത്രികമായി പാലിക്കപ്പെടേണ്ടതുണ്ടോ? പ്രോജക്ടിന് വിഷയങ്ങൾ തെരഞ്ഞെടുക്കപ്പെടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? പ്രോജക്ടിലേക്കുള്ള കുട്ടികളെ നയിക്കാൻ എന്തെല്ലാം തന്ത്രങ്ങൾ ആവാം? ഒന്ന്, രണ്ട് ക്ലാസ്സുകളിൽ വായനമൂലയിലൊരുക്കാവുന്ന വിഭവങ്ങൾ |

| സെഷൻ | പ്രതീക്ഷിത ലക്ഷ്യം | പ്രക്രിയ പ്രവർത്തനങ്ങൾ | ചർച്ചാസൂചകങ്ങൾ |
|---|---|---|---|
| | | പ്രവർത്തനങ്ങളെ വിലയിരുത്തുമല്ലോ.]<br>T.Mലേക്ക്: ഓരോ ഊന്നൽ മേഖലയിലും ഉണ്ടാകുന്ന ധാരണകൾ കുറിക്കുക. | എന്തെല്ലാം? ഫീൽഡ് ട്രിപ്പിന്റെ പ്രാപ്തി ഉറപ്പു വരുത്താൻ അധ്യാപിക ചെയ്യേണ്ടതെന്തെല്ലാം? എല്ലാ പ്രൊജക്ടുകളും ഫീൽഡ് ട്രിപ്പിലൂടെ കടന്നു പോകേണ്ടതുണ്ടോ? ഭിന്നനിലവാരം പരിഹരിക്കാൻ എന്തെല്ലാം തരത്തിലുള്ള ഗ്രൂപ്പ് പ്രവർത്തനം കൊടുക്കാം? ഭിന്നനിലവാരം പൂർണമായും പരിഹരിക്കുവാൻ കഴിയുമോ? ലോക്കൽ ടെക്സ്റ്റ് ആവശ്യമായി വരുന്നതെപ്പോൾ?<br>എഴുതിയതോ അച്ചടിച്ചതോ മാത്രമാണോ ലോക്കൽ ടെസ്റ്റ്<br>do |
| 11.-12. | പ്രവർത്തനാധിഷ്ഠിത ക്ലാസ് മുറിയിൽ അധ്യാപികയുടെ റോൾ തിരിച്ചറിയുന്നു. | ഗ്രൂപ്പു പ്രവർത്തനം തുടരുന്നു<br>ഓരോ ഗ്രൂപ്പും കണ്ടെത്തിയ ധാരണകൾ അവതരിപ്പിക്കുന്നു.<br>[കളരിയിൽ നിന്ന് കിട്ടിയ അനുഭവങ്ങൾ അതത് സന്ദർഭങ്ങളിൽ RP പ്രയോഗിക്കുന്നു.] പഠന പ്രവർത്തനങ്ങൾ ഒരുക്കുമ്പോഴും നടത്തുമ്പോഴും അധ്യാപിക ഓരോ ഘട്ടത്തിലും എന്തെല്ലാം ചെയ്യുന്നുവെന്ന് വ്യക്തിഗതമായി എഴുതുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്ത് ക്രോഡീകരിക്കുന്നു. അവതരിപ്പിക്കുന്നു. അവതരിപ്പിച്ച ഇനങ്ങളിൽ അധ്യാപിക രേഖപ്പെടുത്തേണ്ടവ വേർതിരിക്കുന്നു. | ഓരോ പ്രവർത്തനാധിഷ്ഠിത ക്ലാസ്സിൽ അധ്യാപിക എന്തെല്ലാമാണ് ചെയ്യുന്നത്?<br>എന്തൊക്കെയാണ് രേഖപ്പെടുത്തേണ്ടത്. |
| 12-1.00 | ടീച്ചിംഗ് മാന്വൽ, എന്റെ കുട്ടികൾ ഇവ തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു. | ടീച്ചിംഗ് മാന്വൽ, എന്റെ കുട്ടികൾ എന്നിവ എങ്ങനെയാണ് കിങ്ങിണിക്കൂട്ടം പരിപാടിയിൽ രേഖപ്പെടുത്തിയതെന്ന് അധ്യാപിക പറയുന്നു.<br>ഇതിൽ നിന്നും ടീച്ചിംഗ് മാന്വലും എന്റെ കുട്ടികളും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു. | ടീച്ചിംഗ് മാന്വൽ എഴുതുന്നതെങ്ങനെ? ടീച്ചിംഗ് മാന്വലിൽ എപ്പോഴാണ് രേഖപ്പെടുത്താൻ കഴിയുക?<br>കുട്ടികളെ നിരീക്ഷിച്ച് 'എന്റെ കുട്ടികൾ' എങ്ങനെ രേഖപ്പെടുത്താം?<br>ടീച്ചിംഗ് മാന്വൽ, എന്റെ കുട്ടികൾ എന്നിവ തമ്മിലുള്ള ബന്ധം എന്ത്?<br>നിരന്തര മൂല്യനിർണയം എങ്ങനെ നടത്താം? |

| സെഷൻ | പ്രതീക്ഷിത ലക്ഷ്യം | പ്രക്രിയ പ്രവർത്തനങ്ങൾ | ചർച്ചാസൂചകങ്ങൾ |
|---|---|---|---|
| | | | ടീച്ചിംഗ് മാന്വൽ, എന്റെ കുട്ടികൾ എന്നിവ എങ്ങനെ പ്ലാനിംഗിന് ഉപ യോഗിക്കാം? |
| 2.00-3.00 | മാറിയ റോൾ പ്രാവർത്തികമാ ക്കുന്നതിന് അധ്യാപകന് ലഭ്യമായ പിന്തുണ സംവി ധാനങ്ങളെക്കു റിച്ച് ധാരണ ഉണ്ടാക്കുന്നു. | സ്കൂൾ റിസോഴ്സ് ഗ്രൂപ്പിന്റെ പ്രവർത്തനം അധ്യാപകർക്ക് ക്ലാസ്റൂം പ്രവർത്തനങ്ങൾക്ക് സഹായകമായ രീതിയിൽ എങ്ങനെ ഫലപ്രദമാക്കാം? ഗ്രൂപ്പ്ചർച്ചാകളരിയിൽ പങ്കെ ടുത്ത അധ്യാപകരെ ഓരോ ഗ്രൂപ്പിലും ഉൾപ്പെടുത്താൻ ശ്രദ്ധി ക്കുമല്ലോ? ഗ്രൂപ്പവതരണം: അവ തരിപ്പിച്ച കാര്യങ്ങൾ പങ്കുവയ് ക്കൽ, ആസൂത്രണം എന്നി ങ്ങനെ തരം തിരിക്കുന്നു. | ടീച്ചർ ക്ലാസ്മുറിയിൽ അഭിമുഖീക രിക്കുന്ന പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാം? ഒന്നിലധികം ഡിവി ഷനുള്ള സ്കൂളിൽ SRG പ്ലാനിംഗ് എങ്ങനെ ഫലപ്രദമാക്കാം? പ്ലാനിംഗ് സമയത്ത് കുട്ടികൾക്ക് എന്തെല്ലാം പ്രവർത്തനങ്ങൾ കൊടുക്കാം? ഓരോ ക്ലാസ്സിലും നട ക്കുന്ന പ്രവർത്തനങ്ങൾ മറ്റ് അധ്യാ പകർ അറിയേണ്ടതുണ്ടോ? എന്തു കൊണ്ട്? |
| | SRG തലത്തിലുള്ള ആസൂ ത്രണം-ധാരണ രൂപപ്പെടുന്നു. | SRG തല പ്ലാനിംഗ് HMന്റെ റോൾ, ട്രെയിനറുടെ റോൾ തുട ങ്ങിയവ സംബന്ധിച്ച് വ്യത്യസ്ത ഗ്രൂപ്പ് ചർച്ച നടത്തുന്നു, പ്ലീനറി യിൽ അവതരിപ്പിക്കുന്നു. | SRGയിൽ നടക്കുന്ന കാര്യങ്ങൾ എങ്ങനെ രേഖപ്പെടുത്തും? SRGയുടെ പ്രവർത്തനം ഫലപ്രദ മാക്കാൻ HM ന്റെ റോൾ എന്ത്? SRGയുടെ പ്രവർത്തനം ഫലപ്രദ മാക്കാൻ ട്രെയിനറുടെ സേവനം എങ്ങനെ ഉപയോഗപ്പെടുത്താം? |
| 3.-4. | ഒരു മാസത്തേ ക്കുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | അടുത്ത മാസ പ്രവർത്തനങ്ങൾ 6 ഗ്രൂപ്പുകളായി തിരിഞ്ഞ് ആസൂ ത്രണം ചെയ്യുന്നു. ഓരോ ഗ്രൂപ്പും അതാത് ക്ലാസിലെ ശേഷികൾ കണ്ടെത്തി അവയ്ക്കനുസൃത മായ പ്രവർത്തുനങ്ങൾ ക ണ്ടെത്തി അവതരിപ്പിക്കുന്നു. | |

4-4.30 പ്രോഗ്രാം റിവ്യൂ- അംഗങ്ങളുടെ അഭിപ്രായം

**അനുബന്ധം. 19**

# കൊച്ചുതുമ്പി

**പീരിയഡ് — 7**

മുഖ്യ പ്രാപ്തികൾ : 1.2.1 | 1,2,2 | 2,2,2 | 6,2,1

മുന്നറിവ് : നാടൻ പാട്ടുകളും കവിതകളും പാടിപ്പഠിച്ചിട്ടുണ്ട്. പ്രകൃതിയിലെ സുന്ദര വസ്തുക്കളെ ഇഷ്ടമാണ്.

| പ്രാപ്തി<br>1 | പഠന പ്രവർത്തനങ്ങൾ<br>2 | മൂല്യനിർണ്ണയം<br>3 |
|---|---|---|
| | സജ്ജീകരണം | |
| | കളികളെപ്പറ്റി സംഭാഷണം. കുട്ടികൾക്ക് ഇഷ്ടപ്പെട്ട കളികൾ അവ കളിക്കുന്ന വിധം എന്നിവ അവർ പറയട്ടെ. ആരെയാണ് കളിക്കാൻ കൂട്ടുന്നത് ? ഇഷ്ടപ്പെട്ട വസ്തുക്കൾ, ജീവികൾ ഏവ ? ചിത്രശലഭങ്ങൾ, തുമ്പികൾ ഇവയെക്കുറിച്ച് അവർക്കറിയാവുന്ന കാര്യങ്ങൾ പറയട്ടെ. ഇഷ്ടപ്പെട്ടവർ വീട്ടിലേക്കു വന്നാൽ നിങ്ങളെങ്ങനെ സ്വീകരിക്കും ? | |
| | നിങ്ങളുടെ വീട്ടിൽ നിങ്ങളുടെ ഏറ്റവും ഇഷ്ടപ്പെട്ട കൂട്ടുകാരൻ വന്നാൽ നിങ്ങളെന്തൊക്കെ കൊടുക്കും ? | |
| | ദാ ഒരു കൊച്ചു കുട്ടി തുമ്പിയെ കൂട്ടിനു വിളിക്കുന്നു. | |
| ശ്രവണം | എന്തൊക്കെയാണ് അവർ തമ്മിൽ പറയുന്നത് ? | |
| 1.21 | | |
| ലളിതവും അപരിചിതവുമായ കവിതകൾ ഗാനങ്ങൾ എന്നിവ ശ്രദ്ധാപൂർവ്വം കേൾക്കുന്നു. | കവിത മുഴുവനും ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു. പുസ്തകം നിവർക്കാതെ കുട്ടികൾ കവിത കേൾക്കട്ടെ. കവിത രണ്ടുമൂന്നു തവണ അധ്യാപകൻ ഈണത്തിൽ ചൊല്ലണം. | ആരെയാണു കുട്ടി വിളിക്കുന്നത്? |
| അച്ചടിച്ച വലുതും ചെറുതുമായ അക്ഷരങ്ങൾ വായിക്കുന്നു. | പുസ്തകം നിവർക്കട്ടെ. അധ്യാപകൻ കവിത ചൊല്ലുമ്പോൾ, പുസ്തകം നോക്കി മൗനമായി പിന്തുടരട്ടെ. പിന്നീടു് പുസ്തകം നോക്കി രണ്ടു വരി വീതം ഏറ്റുചൊല്ലട്ടെ.<br>പുസ്തകം നോക്കി സംഘമായി കവിത ചൊല്ലട്ടെ. ചെറു ഗ്രൂപ്പുകളായി കവിത ചൊല്ലട്ടെ. | ഓരോ ബഞ്ചിലേയും കുട്ടികൾ കവിത ഏറ്റു ചൊല്ലുക. നോക്കിച്ചൊല്ലുക |
| ശ്രവണാന്തരം എന്ത്? എങ്ങനെ എന്നീ ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാനുള്ള കഴിവു നേടുന്നു. | അധ്യാപകൻ കവിത ചൊല്ലിയ ശേഷം താഴെ കൊടുത്തിരിക്കുന്ന ലഘു ചോദ്യങ്ങൾ ചോദിക്കുന്നു.<br>ആരെയാണു കുട്ടി വിളിക്കുന്നത് ?<br>കളം എന്തിനാണ് കൊടുക്കുന്നത് ?<br>കുളിക്കാൻ തുമ്പിയെ എവിടെ കൊണ്ടുപോകും ?<br>തുമ്പിയെ എവിടെ ഇരുത്താമെന്നാണു പറയുന്നത് ?<br>പൊൻ തളിക എന്തിനാണ് ?<br>കൈതോർത്താൻ എന്താണ് കൊടുക്കുന്നത് ?<br>തടുക്ക് | ഇട്ടിരിക്കാൻ തുമ്പിക്ക് എന്തുകൊടുക്കും?<br>ഇട്ടുണ്ണാൻ എന്താണ് നൽകുന്നത്? |

(കേരള സർക്കാർ 9, അധ്യാപകസഹായി, സ്റ്റാന്റേർഡ് 2, 1985)

**അനുബന്ധം 20**

**1997ലെ ഒന്നാം ക്ലാസ്സിലെ പദങ്ങളുടെ അപഗ്രഥന ചാർട്ട്**

| പദങ്ങൾ | പരിചിതം | അപരിചിതം | ആകെ |
|---|---|---|---|
| നാമപദം | 157 | 8 | 165 |
| ക്രിയാപദം | 80 | 1 | 81 |
| ശിശുസൗഹൃദപഠനം | 24 | – | 24 |
| മറ്റുള്ളവ | 17 | – | 17 |
| ആകെ | 278 | 9 | 287 |

**1997ലെ ഒന്നാം ക്ലാസ്സിലെ വാക്യങ്ങളുടെ അപഗ്രഥന ചാർട്ട്**

| | |
|---|---|
| 2 വാക്കുകളുള്ളവ | 94 |
| 2ൽ കൂടുതൽ വാക്കുകളുള്ളവ | 30 |
| ഈണത്തിൽ പറയാവുന്നവ | 12 |
| ആകെ വാക്യങ്ങൾ | 124 |

**അനുബന്ധം 21**

## പുതിയ പാഠ്യപദ്ധതി 1997

ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ അപഗ്രഥന ചാർട്ട്

| ക്ലാസ്സ് | വ്യവഹാരരൂപം | ഒന്ന് | രണ്ട് | മൂന്ന് | നാല് | ആകെ |
|---|---|---|---|---|---|---|
| ഗദ്യം | വിവരണം | 8 | 3 | 3 | 1 | 15 |
| | കഥ | 5 | 10 | 9 | 7 | 31 |
| | ആത്മകഥ | – | – | 1 | 1 | 2 |
| | ജീവചരിത്രം | – | – | 1 | 1 | 2 |
| | കത്ത് | – | – | – | 1 | 1 |
| പദ്യം | കുട്ടിക്കവിത | 6 | 3 | – | – | 9 |
| | കവിത | – | – | 8 | 5 | 13 |
| | കടങ്കവിത | 1 | – | – | – | 1 |
| | നാടൻപാട്ട് | – | 2 | 2 | 3 | 7 |
| | അഭിനയഗാനം | 2 | 1 | – | – | 3 |
| | ആകെ പാഠങ്ങൾ | 22 | 19 | 24 | 19 | 84 |

## അനുബന്ധം. 22
## പഠന പ്രവർത്തനങ്ങൾ

1997ലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി രൂപപ്പെട്ട പാഠപുസ്തകം, അധ്യാപകസഹായി എന്നിവയിൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങളാണ് ചുവടെ ചേർക്കുന്നത്.

**സ്റ്റാന്റേർഡ്: ഒന്ന്**

**കഥ പറയാം**

1. കഥ പറയാം H
2. കുറുക്കൻ പറഞ്ഞത് H
3. കഥയുണ്ടാക്കാമോ H
4. എന്നെ കിട്ടൂല H
5. ചോദ്യങ്ങളുണ്ടാക്കൽ H

**ആന വരുന്നു**

6. കുട്ടികളുടെ പാട്ട് H
7. സംഭാഷണം H
8. ആനവിശേഷം H
9. ചിത്രത്തിനു പിന്നിൽ H

**മഴ പെയ്യുന്നു**

10. കടങ്കഥ H
11. സംഭാഷണം H
12. മുമ്പ് നടന്നത് H
13. കൂടുതൽ കഥകൾ H
14. ചോദ്യമുണ്ടാക്കൽ H

**മലയും കേറി മരവും കേറി**

15. അനൗപചാരിക ഭാഷണം H
16. സംഭാഷണം H
17. വിവരിക്കൽ കളി H
18. കടങ്കഥ H
19. ഉത്തരം പറയാമോ H

**കട കട വണ്ടി**

20. അനുഭവവിവരണം H
21. കഥ പറയാം H
22. എന്തു സംഭവിക്കും h
23. സംഭാഷണം H
24. കഥകൾ H

**തത്തമ്മേ പൂച്ച പൂച്ച**

25. വളർത്തുജീവികൾ H
26. വിവരണം H
27. ചിത്രം നോക്കാം H
28. സംഭാഷണം H

**മല നിറയെ പൂമരം**

29. കഥ പറയാം T
30. പച്ചത്തവള ചാടുന്നു H
31. ഞങ്ങളുടെ പാട്ട് H
32. വാക്കു പറയൽ H
33. കഥ പറയാം H

**പൂച്ചവണ്ടി**

34 ചിത്രകഥ H,T

35 കഥയ്ക്കുള്ളിൽ H

36 ആനയോട് കളിച്ചാൽ H

37 ആനയുടെ കുസൃതി H

38 എലി രക്ഷപ്പെട്ടത് H

**ഇണ്ടിണ്ടം താളത്തിൽ**

39 ഉത്സവവിശേഷങ്ങൾ H

40 ഇണ്ടിണ്ടം താളത്തിൽ H

41 ഊഹിച്ചു പറയൽ H

**എന്നെ കിട്ടൂല**

42 കഥ പറയൽ H

**മത്തങ്ങ മുത്തശ്ശി**

43 കഥ വികസിപ്പിക്കൽ H

**ങ്യാവൂ ങ്യാവൂ**

44 കഥ അവതരണം H

45 പാടാം T

46 പലഹാരപ്പാട്ട് H

47 സംഭാഷണം H

48 പാടാം H

49 പാടാം H

**മഞ്ഞപ്പഴം**

50 അനുഭവവിവരണം H

51 പാടി രസിക്കാം H

52 പാടാം T

53 പറയാമോ T

**കുഞ്ഞുവിന്റെ യാത്ര**

54 പാട്ടുപാടി വരുമ്പോൾ T

55 വാക്യം പറയൽ H

**കാക്കേ കാക്കേ കൂടെവിടെ**

56 കഥ പറയൽ H

57 സംഭാഷണം H

58 കഥ മാറ്റിപ്പറയൽ H

**ബൗ ബൗ**

59 വിവരിക്കാം T

**ആലിൻകൊമ്പിൽ ഡുണ്ടറ ഡും**

60 ചെണ്ടപ്പാട്ട് T

61 ചേർത്തു പാടാമോ H

62 സംഭാഷണം H

**കഥ കഥ മുത്തശ്ശി**

63 കഥ പറയാം H

64 കഥകൾ കഥകൾ T

**കുളത്തിലെ രാജാവ്**

65 കഥ പറയൽ H

66 കഥാസദസ്സുകൾ H

67 കുട്ടികളുടെ കഥ H

68 സംഭാഷണം H

**ഈച്ച പറ്റിച്ച പണി**

69 സംഭാഷണം T

70 വിവരിക്കൽ H

71 കുറുക്കനും തേളും H

**ഒന്നാനാം കൊച്ചുതുമ്പി**

72 കഥ പറയാം **H**

73 ആന വരുന്നു കവിത T

74 വായന H

75 മഴ പെയ്യുന്നു കവിത T

76 പാട്ടുവായന H

77 ചിത്രവായന H

**മലയും കയറി**

78 പാട്ട് T

79 ജീവികളെ കണ്ടെത്താമോ H

80 ചിത്രവായന H

**കടകട വണ്ടി**

81 കവിതാവായന H

82 വായിക്കാം H, T

**തത്തമ്മേ പൂച്ച**

83 കവിത T

84 വായിക്കാം T, H

85 ഒന്നുകൂടി ചേർന്നാൽ H

86 മലനിറയെ പൂമരം കവിത T

87 വായന H

88 വായിക്കാമോ H

**പൂച്ചവണ്ടി**

89 വായിക്കാം H, T

90 ഇണ്ടിണ്ടം താളത്തിൽ പദവായന H

91 വായിക്കുക H

92 എന്നെ കിട്ടുല വായിക്കാം T

93 മാനത്തെ മുത്തശ്ശി കഥാവായന H

94 ചിത്രകഥകൾ H

95 വീടുവെച്ചു എന്നിട്ടോ പദവായന H

96 മഞ്ഞപ്പഴം പദവായന H

97 കുഞ്ഞുവിന്റെ യാത്ര പദവായന H

98 കാക്കേ കാക്കേ കൂടെവിടെ കഥാവായന H

**ബൗ ബൗ**

99 ചിത്രവായന H

100 ആലിൻകൊമ്പിൽ കവിത T

101 കഥ കഥ മുത്തശ്ശി T

102 ഈച്ച പറ്റിച്ച പണി പദവായന T

**ആന വരുന്നു**

103 ചേർത്തെഴുതൽ H

**മഴ പെയ്യുന്നു**

104 എഴുതാം T

105 വാക്കുകൾ ഉണ്ടാക്കാം T

**മലയും കേറി**

106 എഴുതാം T

107 പേരെഴുതാം H

108 വരച്ചുനോക്കാം H

**കടകട വണ്ടി**

109 എഴുതാം T

110 ലേഖനം H

**തത്തമ്മേ പൂച്ച പൂച്ച**

111 എഴുതാം T

112 എഴുത്ത് H

113 പദചക്രം H

**മല നിറയെ പൂമരം**

114 എഴുതാം T
115 എഴുത്ത് H
**പൂച്ചവണ്ടി**
116 എഴുതാം T
**ഇണ്ടിണ്ടം താളത്തിൽ**
117 എഴുതാം T
118 പറയാം എഴുതാം T
119 പദമെഴുതാം T
120 വരച്ചു യോജിപ്പിക്കൽ H
**എന്നെ കിട്ടൂല**
121 എത്ര പദങ്ങൾ എഴുതാം T
122 പദവായന H
**മത്തങ്ങ മുത്തശ്ശി**
123 മുത്തശ്ശിയുടെ പഴക്കൊട്ട H
**വീടുവെച്ചു എന്നിട്ടോ**
124 പദലേഖനം H
125 വിരുന്നു വന്നു H
126 പത്തിരിപ്പാട്ട് H
**ങ്യാവൂ ങ്യാവൂ**
127 എഴുതാം T
128 ചിത്രവായന T
**മഞ്ഞപ്പഴം**
129 പദം എഴുത്ത് H
130 എഴുത്ത് T
131 വാക്യങ്ങളുണ്ടാക്കാം H
132 വാക്കുകളുണ്ടാക്കാം T
**കുഞ്ചുവിന്റെ യാത്ര**
133 എഴുതാം T
134 പദലേഖനം H
135 മഴ പെയ്യാൻ എന്തൊക്കെ H
**കാക്കേ കാക്കേ...**
136 എഴുതാം T
137 അക്ഷരങ്ങൾ H
138 എണ്ണിരസിക്കാം H
**ബൗ ബൗ**
139 എഴുതാം T
140 പദലേഖനം H
141 മത്സരിക്കാം ജയിക്കാം H
**ആലിൻകൊമ്പിൽ ഡുണ്ടര ഡും**
142 എനിക്കിഷ്ടം T
143 വാക്കുകൾ ഉണ്ടാക്കാം T
144 വാക്യമുണ്ടാക്കിക്കളി H
**കഥകഥ മുത്തശ്ശി**
145 പദലേഖനം H
146 എഴുതാം T
**കുളത്തിലെ രാജാവ്**
147 വാക്യങ്ങൾ എഴുതാം T
148 വാക്കുകളുണ്ടാക്കാം T
**ഈച്ച പറ്റിച്ച പണി**
149 എഴുതാം T
150 കഥയെഴുതാം T
151 വാക്യങ്ങൾ പദലേഖനം H
152 വായനാ പ്രവർത്തനം T
153 ചിത്രവായന H
154 പദവായന H
155 കഥ പുനർവായന T
156 പദവായന H
157 കഥ പറയാം H
**സ്റ്റാന്റേർഡ്: രണ്ട്**
**കുടുകുടു കുടുകുടു**
1. മഴവിശേഷങ്ങൾ പറയൽ T
2. ഉറുമ്പിന്റെ മഴക്കാലയാത്ര T
3. വെള്ളം ആത്മഭാഷണം H
4. കവിത ചൊല്ലി രസിക്കാം H

**മാനത്തെ കൊട്ടാരം**
5. പറയാമോ T
6. ചേർത്തു പറയൽ T
7. മുങ്ങുന്നവ പൊങ്ങുന്നവ T
8. സംഭാഷണം H
9. കഥ വികസിപ്പിക്കൽ H
10. വാചകമേള H

**മണിക്കിടാവിന്റെ സങ്കടം**
11. ഊഹിച്ചു പറയൽ H
12. എന്റെ മനസ്സിലൊരു H
13. പറയാമോ T
14. സംഭാഷണം H
15. കഥ ഉണ്ടാക്കൽ H

**പൂക്കളിൽ ആരാണു സുന്ദരി**

16. പറയാമോ, ചെടിസവിശേഷത H
17. മേനി പറയൽ H
18. കഥയുടെ അപ്പുറത്തേക്ക് ചോദ്യങ്ങൾ H
19. പറയാമോ T
20. കഥ പറയാം T

**അണ്ണാറക്കണ്ണാ പൂവാലാ**

21. പഴങ്ങളുടെ പേര് ഓർത്തുപറയൽ H
22. ചിത്രം നോക്കി ചോദ്യം H
23. കഥയ്ക്കുമപ്പുറത്തുള്ള ചോദ്യങ്ങൾ H
24. പറയാമോ T
25. പഴഞ്ചൊൽ പറയാം T
26. കടങ്കഥ പയറ്റ് H
27. താരികം താരാരോ T
28. വായ്ത്താരി ചൊല്ലാം T

**കുറുക്കന്റെ കല്യാണം**

29. ചോദ്യോത്തര പയറ്റ് H
30. മേനി പറച്ചിൽ T, H

**വാൽക്കണ്ണാടി**

31. പറയാം T
32. മേനി പറയൽ H

**കുഞ്ഞിക്കുറുക്കൻ**

33. ആശുപത്രി കാഴ്ചകൾ H
34. കഥ പറയൽ H

**ചട്ടുകം കൊണ്ടൊരു സമ്മാനം**

35. പറയാമോ? T
36. കഥയുണ്ടാക്കൽ H
37. കഥയറിയാമോ T
38. മാമനോടു ചോദിക്കാം T

**കീയോ കീയോ**

39. പറയാമോ T
40. ക്രമപ്പെടുത്തി കഥ പറയൽ H
41. വാചകമേള H
42. പറയാമോ H

**ഉത്സവമേളം**

43. കണ്ണടയ്ക്കൂ പറയൂ H
44. ഞങ്ങളുടെ പാട്ട് T
45. പാടി രസിക്കാം H

**കാട്ടിലെ മത്സരം**

46. കഥ വികസിപ്പിക്കൽ H
47. പറയാമോ T

**ആരു തന്നു**

48. കുട്ടിക്കവിതകൾ ചൊല്ലാം H
49. പറയാമോ T

**കടൽ കാണും കുന്നിലെ കച്ചവടം**

50. പറയാമോ T

**വേഷം മാറിയാൽ**

51. പറയാമോ T
52. വാചകമേള H
53. വായന പ്രവർത്തനം T

**ഉറുമ്പുപട്ടാളം**

54. കഥ പറയാം T
55. കവിതകൾ നിർമിച്ചു നൽകൽ H
56. കടങ്കഥ പയറ്റ് H

**മാനത്തെ കൊട്ടാരം**

57. കഥാവായന H
58. ഛെ, ഛെ, വായന H
59. പദം കണ്ടെത്തൽ H
60. പ്രാദേശികപാഠം വായന H

**മണിക്കിടാവിന്റെ സങ്കടം**

61. ചിത്രം നോക്കി കഥ H
62. പദം കണ്ടെത്തൽ H
63. കഥ പറയാം T

**താരികം താരാരോ**

64. കുറുക്കൻ കല്യാണം- ഗ്രൂപ്പുവായന H

**ആനിയുടെ കൂട്ടുകാർ**

65. രാജാവിന്റെ ധൈര്യം T
66. വായിക്കാം രസിക്കാം T

**വാൽക്കണ്ണാടി**

67 പറയാം T
68. മേനി പറയൻ H
69. വായനാ കോർണർ H

**കുടുകുടുകുടു മഴ**

70. പദസൂര്യൻ T, H
71. മഴ ലഘുവാക്യമെഴുതൽ H
72. ചുവർ മാസിക H

**മാനത്തെ കൊട്ടാരം**

73. പദച്ചങ്ങല H
74. വിശേഷം ചേർത്തെഴുതൽ H
75. കഥ വികസിപ്പിക്കൽ H
76. പേരിടൽ H

77. പട്ടിക തയ്യാറാക്കൽ H
78. വാക്യനിർമാണം H
79. വാചകമേള വാക്യം H
80. എഴുതൽ H

**മണിക്കിടാവിന്റെ സങ്കടം**

81. കഥയുണ്ടാക്കൽ H
82. കടങ്കഥയുണ്ടാക്കൽ H
83. വാക്യനിർമാണം H
84. ജീവികളെ ലിസ്റ്റ് ചെയ്യൽ H
85. വാചകമേള T, H
86. കഥ വികസിപ്പിക്കൽ H

**പൂക്കളിൽ ആരാണ് സുന്ദരി**

87. വാക്യങ്ങളെഴുതാം T
88. കഥ വികസിപ്പിക്കൽ H
89. സസ്യങ്ങളുടെ പട്ടിക H
90. നിരീക്ഷണക്കുറിപ്പ് T
91. പദച്ചങ്ങല T
92. സസ്യം-സവിശേഷതകൾ എഴുതൽ H
93. നിരീക്ഷിച്ച് കടങ്കഥയുണ്ടാക്കൽ H

**അണ്ണാറക്കണ്ണാ...**

94. മേനിയെഴുതൽ H
95. നീട്ടിയെഴുതാം T
96. കണ്ടെത്തി എഴുതാം T
97. എത്രപദങ്ങൾ T
98. ചുവർമാസിക H
99. മാവിന്റെ ആത്മഭാഷണം H
100. കുട്ടിക്ക് പേരിടൽ H

**താരീകം താരാരോ**

101. ചുവർ മാസിക H
102. കൃഷിയിനങ്ങൾ പട്ടിക H
103. പ്രക്രിയ നിരീക്ഷിച്ചെഴുതൽ H
104. കൃഷിരീതി എഴുതൽ H
105. നാടൻപാട്ട് ശേഖരണം H
106. വിളകൾ തരംതിരിച്ചെഴുതാം H
107. കൃഷി ചെയ്യുന്നതെങ്ങനെ T

**കുറുക്കന്റെ കല്യാണം**

108. എഴുതാം T

**വാൽക്കണ്ണാടി**

109. എഴുതാം T
110. താമസമെവിടെ T
111. പദനിർമാണം H
112. വിവരിച്ചെഴുതൽ H
113. സന്ദർഭം എഴുതൽ H
114. ചോദ്യനിർമാണം H
115. വാക്യനിർമാണം T, H
116. വീടുണ്ടാക്കാം T
117. പദപ്രശ്നം T
118. കടങ്കഥ H
119. ഇഷ്ടകഥാപാത്രം H

**കുഞ്ഞിക്കുറുക്കാ**

120. സംഭാഷണമെഴുതൽ H
121. കഴുതയെപ്പറ്റി H
122. പദസൂര്യൻ (ആശുപത്രി) H
123. പദച്ചങ്ങല H
124. രോഗികൾക്ക് പേരിടൽ H
125. സംഭാഷണമെഴുതൽ H
126. രോഗികളുടെ പട്ടിക H
127. ആരോഗ്യശീലങ്ങൾ H
128. നാടൻപാട്ട് ശേഖരണം H
129. കഥയെഴുതാം H

**ചട്ടുകം കൊണ്ടൊരു സമ്മാനം**

130. ചായയുണ്ടാക്കാം T
131. കുട്ടിയും മുത്തശ്ശിയും T
132. പദസൂര്യൻ H
133. ചോദ്യമുണ്ടാക്കൽ ഉത്തരമെഴുതൽ H
134. ആഹാരസാധനങ്ങളുടെ പട്ടിക H
135. കഥയുണ്ടാക്കൽ H
136. നിർമാണപ്രക്രിയ H
137. സാങ്കല്പികഭാഷണമെഴുതൽ H
138. കടങ്കഥ ശേഖരിച്ചെഴുതൽ H
139. വാക്യനിർമാണം H
140. എങ്ങനെ ചായയുണ്ടാക്കാം H
141. കഥാപ്രശ്നങ്ങൾ H
142. കവിതാപൂരണം H
143. ചുവർ പത്രിക H

**കീയോ കീയോ**

144. പദച്ചങ്ങല T
145. കഥ കൂട്ടിച്ചേർക്കൽ T
146. ചുവർ മാസിക H
145. പദസൂര്യൻ H

148. ജീവികളുടെ പേര് പട്ടികപ്പെടുത്തൽ H
149. സാങ്കല്പികഭാഷണമെഴുതൽ H
150. വാക്യനിർമാണം T
151. കടങ്കഥാ ശേഖരണം H

**ഉത്സവമേളം**

152. ഉത്സവം പദസൂര്യൻ H
153. ഉത്സവം- സാധനങ്ങൾ പട്ടിക H
154. ഉത്സവവിശേഷങ്ങളെഴുതൂ T
155. ഉത്സവപ്പാട്ടുകൾ ശേഖരിക്കൂ H

**കാട്ടിലെ മത്സരം**

156. വിശേഷണങ്ങൾ ചേർക്കൽ H,T
157. ഞാനാര് കവിതാപൂരണം H
158. പദച്ചങ്ങല T
159. വിവരണം T
160. കഥാവികസനം H
161. ചോദ്യം നിർമിച്ചെഴുതൽ T
162. ചുവർ മാസിക H
163. കടങ്കഥാ നിർമാണം H
164. ഊഹിച്ചെഴുതൽ H

**ആരു തന്നു**

165. എന്റെ പാട്ടുപുസ്തകത്തിലേക്ക് H
166. കവിതയുണ്ടാക്കാം H
167. പദപ്രശ്നം T
168. ചോദ്യനിർമാണം T

**കടൽ കാണും കുന്നിലെ വിശേഷം**

169. സംഭാഷണമെഴുതാമോ T
170. കണ്ടെത്താം എഴുതാം T
171. ജീവികളുടെ ആഹാരം H
172. ചോദ്യനിർമാണം H
173. പട്ടികപ്പെടുത്തൽ H

**വേഷം മാറിയാൽ**

174. കഥയുണ്ടാക്കാം T
175. സംഭാഷണമെഴുതാം T
176. പേരിടാം T
177. ചോദ്യം തയ്യാറാക്കാം H
178. സവിശേഷത രേഖപ്പെടുത്തൽ H
179. സാങ്കല്പിക ഭാഷണം H
180. ചങ്ങാതിക്കൊരു കത്ത് H
181. വാക്യനിർമാണം H

**ഉറുമ്പുപട്ടാളം**

182. ഉറുമ്പുകളുടെ പേരെഴുതാമോ T
183. ചുവർ മാസിക H
184. വാക്യനിർമാണം H

**സ്റ്റാന്റേർഡ്: മൂന്ന്**

**വലുതായി ചെറുതായി വലുതായി**

1. വാക്യനിർമാണം H
2. സന്ദർഭം പറയാം H
3. വാചകമേള H
4. കണ്ടെത്താം പറയാം T
5. കഥ പറയാം T
6. ഒത്തുപാടാം H
7. ഞങ്ങളുടെ പാട്ട് H

**ചീരപ്പാട്ട്**

8. വായ്ത്താരി ചൊല്ലാം H
9. ആംഗ്യപ്പാട്ട് പാടാം H
10. ചിത്രംനോക്കി വാക്യം പറയൽ H
11. ചോദ്യോത്തരപ്പാട്ട് H

**ഈ രഹസ്യം ആരോടും പറയരുത്**

12. പദകേളി H
13. വാചകമേള H
14. പറയാം (ഉള്ളടക്കം) T
15. പദപ്പയറ്റ് T
16. എന്ത് എങ്ങനെ എന്തുകൊണ്ട് T

**മഴമൊഴി**

16. പാടാം പാടാം H

**കൊച്ചമ്മിണിയും കൂട്ടുകാരും**

17. പറയാം ചെയ്യാം T
18. പാടാം പാടാം T
19. ഞങ്ങളുടെ പാട്ട് H

**മാന്ത്രികക്കോമാളി**

20. ഗ്രൂപ്പായി കഥ പറയൽ H
21. അഭിമുഖം H
22. ചോദ്യോത്തരപയറ്റ് H
23. പറയാം പറയാം T
24. എന്ത് എങ്ങനെ എന്തുകൊണ്ട് T

**നമുക്കൊരു നാടകം കളിക്കാം**

25. കഥ ഊഹിച്ചു പറയൂ T

**ചോണന്റെ കാഴ്ചകൾ**

26. സൂചനയിൽ നിന്നു കഥ H
27. പാടിപ്പറയാം T
28. പൂരിപ്പിച്ചു പാടൽ H

29. മാറ്റിപ്പാടൽ H
30. ഞങ്ങളുടെ പാട്ട് H

**കടൽ പറഞ്ഞ രഹസ്യം**

31. ചോദ്യോത്തരപയറ്റ് H
32. കടലിനോടു ചോദിക്കാം H
33. ചോദ്യോത്തരം പഠനയാത്ര H
34. യാത്രാനുഭവം വിവരിക്കൽ H

**തട്ടിൻപുറത്തൊരു പരീക്ഷണം**

35. കഥ പറയാം H
36. ചോദ്യോത്തരപയറ്റ് H
37. എഡിസൺ പറയുമ്പോൾ H

**കിളി പാടും മരം**

38. പാടി രസിക്കാം H
39. അറിഞ്ഞു പാടാം H
40. പാടാം പാടാം T
41. ചേർന്നു പാടാം T
42. മാറ്റിപ്പാടാം H
43. കടങ്കഥ പയറ്റ് H

**ഓലപ്പീപ്പി**

44. പേരു പറയാം H
45. പ്രത്യേകതകൾ പറയാം H
46. വാചകമേള H
47. ഞാനാര് കടങ്കഥ T
48. കഥ പറയാം T
49. വ്യത്യാസം പറയുമ്പോൾ T

**നീയും വരുന്നോ?**

50. ഞങ്ങളാര് പറയാൻ T
51. ചേർത്തു വായിക്കാം T

**എന്റെ തോണി**

52. ഞങ്ങളുടെ പാട്ട് T, H
53. വായ്ത്താരി ചൊല്ലാം H
54. ഒന്നിച്ചു പാടാം T

**സുന്ദരിപ്പൂവ്**

55. പറയാം പറയാം T
56. കഥകൾ H
57. കഥ മാറ്റിപ്പറയാം H

**കണ്ടവരുണ്ടോ**

58. പറയാം T
59. ചൊല്ലാം T
60. ചോദ്യോത്തരപ്പാട്ട് H

**പൂവാലൻ കൂവാതിരുന്നപ്പോൾ**

61. നിറുത്താതെ കഥ പറയൽ H
62. ദൃക്സാക്ഷി വിവരണം H
63. വ്യത്യാസം പറയൽ H

**പായും പത്തായം**

64. പറയാം T

**വലുതായി ചെറുതായി...**

65. ചിത്രവായന T
66. കണ്ടെത്തി വായിക്കാം T
67. ചീരപ്പാട്ട് T

**ഈ രഹസ്യം ആരോടും പറയരുത്**

68. അറിഞ്ഞുവായന H

**മഴമൊഴി**

69. കണ്ടെത്തി വായിക്കൂ T

**കൊച്ചമ്മിണിയും കൂട്ടുകാരും**

70. പ്രധാന വരി കണ്ടെത്തൽ H

**മാന്ത്രികക്കോമാളി**

71. അയ്യേ തെറ്റിവായന H
72. ചേർന്നു വായിക്കാം T

**നമുക്കൊരു നാടകം കളിക്കാം**

73. ചിത്രവായന H

**കടൽ പറഞ്ഞ രഹസ്യം**

74. പദം കണ്ടെത്തൽ T
75. ഒരേ അർത്ഥം T
76. തട്ടിൻപുറത്തെ പരീക്ഷണം NIL

**കിളി പാടും മരം**

77. ഓലപ്പീപ്പി NIl
78. നീ വരുന്നോ NIL

**എന്റെ തോണി**

79. ഇഷ്ടവരികൾ T
80. വിവരണം H

**സുന്ദരിപ്പൂവ്**

81. ചിത്രവായന H
82. വിവരണം വായിക്കാം H

**വായിക്കാം രസിക്കാം**

83. വായനാമേള H

**കണ്ടവരുണ്ടോ**

84. ഇഷ്ടപ്പെട്ട വരി T

**പൂവാലൻ കൂവാതിരുന്നപ്പോൾ**

85. വാർത്തവായന H

**പായും പത്തായം**

86. ചിത്രവായന T

**വലുതായി ചെറുതായി**

87. എത്ര പദങ്ങൾ T
88. കാഴ്ചകൾ എഴുതാം T
89. വാക്യങ്ങൾ എഴുതൽ T
90. സാങ്കല്പിക കഥ H

**ചീരപ്പാട്ട്**

91. ചോദ്യങ്ങൾക്കുത്തരമെഴുതൽ T
92. എന്റെ പാട്ടുപുസ്തകം H

**ഈ രഹസ്യം ആരോടും പറയരുത്**

93. ചോദ്യോത്തരപയറ്റ് H
94. വാക്യങ്ങൾ എഴുതാം T
95. ഒറ്റയാനാര് T
96. വാക്യം ക്രമപ്പെടുത്താം T
97. ഊഹിച്ചെഴുതാം T
98. വിവരണമെഴുതാം H
99. ഇഷ്ടമാണ് ഇഷ്ടമല്ല H

**മഴമൊഴി**

100. പദകേളി T
101. പകരം പദം T
102. എത്ര പദങ്ങൾ T
103. ചിത്രത്തിൽ നിന്നും കഥ H

**കൊച്ചമ്മിണിയും കൂട്ടുകാരും**

104. ഇഷ്ടപ്പെട്ട വരിയെഴുതാം T
105. ഊഹിച്ചെഴുതുക T

**മാന്ത്രികക്കോമാളി**

106. പദത്തമ്പോല H
107. കഥയെ സംഭാഷണമാക്കൽ H
108. കഥയിൽനിന്നും ചോദ്യം H
109. കഥയെ വാർത്തയാക്കൽ H
110. കഥാപാത്രങ്ങളുടെ സ്വഭാവം H
111. പ്രത്യേകതകൾ വിവരിക്കൽ H
112. വാക്യമെഴുതൽ H
113. ചോദ്യാവലി നിർമാണം H
114. മാറ്റാം മറിക്കാം T
115. എന്റെ കഥാപുസ്തകം T

**നമുക്കൊരു നാടകം കളിക്കാം**

116. പകരം പദങ്ങൾ T
117. പദങ്ങൾ ചേർത്തെഴുതൽ T
118. സംഭാഷണമെഴുതാം T
119. പറയാം എഴുതാം T
120. ചോദ്യങ്ങൾ T

**ചോണന്റെ കാഴ്ചകൾ**

121. ഉറുമ്പുപാട്ടുകൾ ശേഖരിക്കൽ T
122. കണ്ടതും തോന്നിയതും H
123. ഉറുമ്പു പ്രൊജക്ട് H

**കടൽ പറഞ്ഞ രഹസ്യം**

124. ക്രമത്തിലെഴുതാം H
125. ചോദ്യങ്ങൾ നിർമിക്കൽ H
126. ശരിയായ പദം ഏത് T
127. പദങ്ങൾ വാക്യങ്ങൾ T
128. പട്ടികയാക്കാം T
129. ഉള്ളടക്കത്തിന്റെ തുടർച്ചയെഴുതാം T
130. യാത്രാക്കുറിപ്പ് H
131. പ്രൊജക്ട് H
132. തലക്കെട്ട് നൽകാം T

**തട്ടിൻപുറത്തൊരു പരീക്ഷണം**

133. പ്രസ്താവനയിൽനിന്നും ചോദ്യം H
134. വാക്യച്ചങ്ങല H
135. പരീക്ഷണക്കുറിപ്പ് H
136. എന്ത് എങ്ങനെ എന്തുകൊണ്ട് T
137. വാക്യങ്ങൾ വാക്യങ്ങൾ T
138. പകരം പദം ഏത് T
139. കഥ പൂർത്തിയാക്കൂ T

**കിളി പാടും മരം**

140. പദകേളി (കേരളവുമായുള്ള ബന്ധം) H
141. വിവരണമെഴുതാം H
142. മാതൃക നോക്കി എഴുതൽ T
143. കവിതാരചന H
144. പദങ്ങൾ പദങ്ങൾ T
145. എത്ര പദം ഉണ്ടാക്കാം T
146. സമാന കവിതകൾ കണ്ടെത്തൽ H

**ഓലപ്പീപ്പി**

147. കഥ തുന്നിച്ചേർക്കാം H
148. സംഭാഷണമെഴുതാം T
149. എന്ത് എങ്ങനെ എന്തുകൊണ്ട്? T
150. വാക്യങ്ങൾ ഉണ്ടാക്കൽ T
151. പകരം പദം T
152. ഓലപ്പന്ത് കഥ പറഞ്ഞാൽ H

**നീയും വരുന്നോ എന്റെ സ്കൂളിലേക്ക്**

153. വാക്യങ്ങൾ വാക്യങ്ങൾ H
154. ക്രമപ്പെടുത്തൂ T
155. പോസ്റ്റർ തയ്യാറാക്കാം T
156. പട്ടിക തയ്യാറാക്കാം T
157. എന്റെ സ്കൂൾ വിവരണം H
158. ഇഷ്ടമാണ് ഇഷ്ടമല്ല H
159. സങ്കല്പത്തിലെ സ്കൂൾ വിവരണം H
160. കത്തെഴുതാം H
161. പോസ്റ്റോഫീസ് സന്ദർശനക്കുറിപ്പ് H

**എന്റെ തോണി**

162. എന്റെ കഥ കടലാസുതോണി H
163. കണ്ടെത്താം 'ച' അക്ഷരപദം H
164. കടലാസുതോണിയെക്കുറിച്ച് H

**സുന്ദരിപ്പൂവ്**

165. വിവരണം തയ്യാറാക്കൽ H
166. ക്രമത്തിലാക്കാം T
167. ചോദ്യങ്ങൾ കണ്ടെത്താം T
167. വാക്യങ്ങൾ വാക്യങ്ങൾ T
168. അടിക്കുറിപ്പെഴുതാം H

**വായിക്കാം രസിക്കാം**

169. വായനാ കുറിപ്പുകൾ H

**കണ്ടവരുണ്ടോ**

170. സംഭാഷണമെഴുതൽ H

**പൂവാലൻ കൂവാതിരുന്നപ്പോൾ**

171. കത്തെഴുതൽ H
172. തലക്കെട്ടിൽ നിന്നു വാർത്ത H
173. എങ്ങനെ എന്ത് എന്തുകൊണ്ട് T
174. വാക്യങ്ങൾ എഴുതൽ T
175. കഥ പൂർത്തിയാക്കൽ T

**പായും പത്തായം**

176. പദങ്ങൾ എഴുതൽ T
177. വിവരണമെഴുതാം H
178. ഇഷ്ടപ്പെട്ട വരി T
179. വാക്യനിർമാണം H
180. പകരം പദം T
181. പദസൂര്യൻ T

**സ്റ്റാന്റേർഡ്: നാല്**

**ചൊന്നതാരെന്റെ കൺമണി**

1 ഞങ്ങളുടെ പാട്ട് H
2 അറിഞ്ഞുകൊണ്ട് പാടാം H

**കുശലപുരത്തെ വിശേഷങ്ങൾ**

3 സന്ദർഭം പറയൽ H
4 വാചകമേള H

**ആനപ്പൂട**

5 ദൃക്സാക്ഷി വിവരണം H
6 വായിക്കാം രസിക്കാം T
7 പ്രത്യേകപാഠങ്ങൾ T

**മാണിക്യം തേടിയിറങ്ങിയ കാക്ക**

8 സന്ദർഭം പറയണം H
9 പറയാമോ (ചോദ്യങ്ങൾ) T
10 പറയാം പറയാം T
11 കഥ പറയാമോ H
12 സംഭാഷണം H

**ഗ്രാമത്തിലെ സന്ധ്യ**

13 വ്യത്യാസം പറയൽ H
14 പറയാം പറയാം T
15 ഈണം മാറ്റി ചൊല്ലാം T
16 സമാന കവിതകൾ H
17 പ്രകൃതിദൃശ്യങ്ങൾ വ്യാഖ്യാനിക്കൽ H

**താളത്തിൽ മേളത്തിൽ**

18 വാക്യം പറയാം H
19 ഈണത്തിൽ പാടൽ H
20 ഉത്സവവിവരണം H
21 എന്നെക്കുറിച്ച് പറയൽ H
22 അർത്ഥം ഊഹിക്കാം H
23 പൂരിപ്പിച്ചു പാടാം H

**പൊന്നോണം വന്നു**

24 ചേർന്നുപാടാം T
25 പാടാം T
26 വ്യത്യാസം പറയൽ H
27 പഴഞ്ചൊൽ പറയാം H
28 കവിത മാറ്റിപ്പാടാം H

**മാന്ത്രികപ്പെൻസിൽ**

29 സന്ദർഭം പറയാം H

**നാലിതൾ പൂക്കൾ**

30 ഈണം കണ്ടെത്താം T
31 കൂട്ടിച്ചേർത്തു പാടാം H
32 പാടാം T

**മണിക്കുട്ടി സ്കൂളിലേക്ക്**

33 അനുഭവം പങ്കിടാം H

34 വ്യത്യാസം പറയാം H
35 ക്രമത്തിൽ പറയൽ H
36 അർത്ഥം ഊഹിക്കാം H

**പാവങ്ങളിൽ ഒരാൾ**

37 പദറിലേ H
38 വാചകമേള H
39 ചോദ്യോത്തരപയറ്റ് H
40 സന്ദർഭം പറയൽ H
41 സന്ദർഭം കണ്ടെത്തൽ H
42 ഗാന്ധിജിയോടു ചോദിക്കാം H
43 ഗാന്ധിജി സ്വയം പറഞ്ഞാൽ H
44 നിമിഷപ്രസംഗം H

**ചെറുങ്ങോരൻ**

45 ചോദിക്കാം വരയ്ക്കാം H
46 ദൃക്സാക്ഷി വിവരണം T, H

**എവിടെപ്പോയ് മൂന്നാമൻ**

47 പാടിപ്പറയാം T

**ആരാണ് ബലവാൻ**

48 അർത്ഥം ഊഹം H
49 വാചകമേള H
50 സന്ദർഭം പറയാം H
51 വ്യത്യാസം പറയാം H
52 ദൃക്സാക്ഷി വിവരണം T, H
53 ഊഹിച്ചു പറയും T
54 മാറ്റിപ്പറയാം T

**അറബിക്കടലിലെ പവിഴദ്വീപുകൾ**

55 ചിത്രം നോക്കി പറയാം H
56 വാചകമേള H
57 സന്ദർഭം പറയൽ H
58 ചോദ്യോത്തരപയറ്റ് H

**ഒഴിവുകാലം**

59 മാറ്റിപ്പറയാം H
60 പൂരിപ്പിച്ച് പാടാം H
61 ശേഖരിക്കാം പാടാം T
62 ഒറ്റശ്വാസത്തിൽ പാടാം H
63 ഒത്തുപാടാം H

**കുശലപുരത്തെ വിശേഷം**

64 ചിത്രവായന H
65 കളികൾ വായന T
66 ആനപ്പൂട ചിത്രവായന H
67 കണ്ടുപിടിച്ചു വായിക്കാം H
68 അറിഞ്ഞുവായന H
69 വായനാപാഠങ്ങൾ H
70 വായിക്കാം രസിക്കാം T

**മാണിക്യം തേടിയ കാക്ക**

71 അയ്യോ തെറ്റ് വായന H
72 പ്രധാനാശയം കണ്ടെത്തൽ H

**ഗ്രാമത്തിലെ സന്ധ്യ**

73 വിവരണം വായന H
74 ഇഷ്ടപ്പെട്ട വരി കണ്ടെത്തൽ T

**താളത്തിൽ മേളത്തിൽ**

75 വാർത്ത വായന H
76 മിഴാവ് H

**പൊന്നോണം വന്നു**

77 ചിത്രവായന H
78 മാന്ത്രികപ്പെൻസിൽ
79 ചിത്രവായന H

**മണിക്കുട്ടി സ്കൂളിലേക്ക്**

80 ചിത്രവായന H
81 പുസ്തകത്തിലൂടെ ഓടാം H
82 പാവങ്ങളിലൊരാൾ റിപ്പോർട്ടിംഗ്
83 അയ്യോ തെറ്റി H
84 പുസ്തകത്തിലൂടെ ഓടാം H
85 കൂട്ടുകാരെ കണ്ടെത്താം T
86 വായനമൂല T, H
87 സമാന്തര പാഠങ്ങൾ H

**ചെറുങ്ങോരൻ**

88 ചിത്രവായന H

**എവിടെപ്പോയ് മുത്തച്ഛൻ**

89 ചിത്രവായന H
90 മുത്തച്ഛൻ ചെയ്യാറുള്ളത് H
91 ഇഷ്ടവരി T
92 പ്രധാന വരികൾ H

**ആരാണ് ബലവാൻ**

93 പ്രധാനാശയം H
94 കഥ കണ്ടെത്താം H
95 പുസ്തകത്തിലൂടെ H

**അറബിക്കടലിലെ...**

96 പാഠത്തിലൂടെ H
97 വ്യത്യാസം പറയൽ H

98 ഒഴിവുകാലം: ചിത്രവായന H

**ചൊന്നതാരെന്റെ കൺമണി**

99 എനിക്കിഷ്ടപ്പെട്ടത് T

100 ഒന്നിന് ഒത്തിരി T, H

101 എനിക്കിഷ്ടപ്പെട്ട വരികൾ T

102 പട്ടിക തയ്യാറാക്കൽ T

103 എന്ത് എങ്ങനെ എന്തുകൊണ്ട് T

104 സമാന കവിതകൾ H

**കുശലപുരത്തെ വിശേഷങ്ങൾ**

105 ചിത്രം നോക്കി കഥ H

106 വാക്യനിർമാണം H

107 അടിക്കുറിപ്പ് H

108 ചോദ്യോത്തരപയറ്റ് H

109 പദസൂര്യൻ H

110 പകരം പദം T

111 എന്ത് എന്തുകൊണ്ട് T

112 പൂർണമാക്കാം T

113 കളികൾ കളികൾ T

**ആനപ്പൂട**

114 പദകേളി വാക്യകേളി H

115 ഒറ്റയാൻ പുറത്ത് H
(പദം വാക്യം)

116 ചോദ്യോത്തരപയറ്റ് H

117 വാക്യങ്ങളിൽ നിന്ന് കഥ H

118 പറയാം എഴുതാം H

119 വിവരിക്കാം T

120 മാതൃക നോക്കി എഴുതാം T

121 പദങ്ങൾ പദങ്ങൾ T

122 വാക്യങ്ങൾ എഴുതാം T

123 കഥയെഴുതാം T

124 വായിക്കാം രസിക്കാം

125 വായനാ കുറിപ്പ് H

**മാണിക്യം തേടിയിറങ്ങിയ കാക്ക**

126 സംഭാഷണമെഴുതാം H

127 പഴഞ്ചൊല്ലുകൾ T

128 വാക്യം നീട്ടൽ T

129 എഴുതാമോ T

130 എഴുതാം T

131 കഥയെഴുതൽ T

132 യാത്രാവിവരണം H

133 സംഭാഷണമാക്കൽ H

134 വാർത്ത ശേഖരിക്കൽ H

**ഗ്രാമത്തിലെ സന്ധ്യ**

135 വിവരണം തയ്യാറാക്കൽ H

136 പദങ്ങൾ പദങ്ങൾ T

137 പദറിലേ T

**താളത്തിൽ മേളത്തിൽ**

138 ചങ്ങല തകർക്കാതിരിക്കൽ H

139 തലക്കെട്ടു നൽകാം T

140 പറയാം എഴുതാം T

141 വിവരണമെഴുതൽ T

142 പട്ടികയാക്കാം T

143 വാക്യം മാറ്റി എഴുതൽ T

144 തലക്കെട്ടിൽ നിന്നും വാർത്ത H

145 എന്റെ കഥ H

**പൊന്നോണം വന്നു**

146 പദകേളി H

147 ഓർമയിലെ ഓണം H

148 പട്ടികയാക്കാം H

149 വരികൾ കണ്ടെത്തി എഴുതൂ T

150 എഴുതാം T

151 മാവേലിയോടു ചോദിക്കാം H

**മാന്ത്രികപ്പെൻസിൽ**

152 ഞാൻ കണ്ട സ്വപ്നം H

153 കാരണം പറയൽ H

154 പറയാം എഴുതാം T

155 എത്ര പദങ്ങൾ T

156 പകരം പദം T

157 കഥകൾ T

158 വിപരീതപദം കണ്ടെത്താം T

159 കത്ത് എഴുതാം T

160 പദം കണ്ടെത്തൽ T

161 വിവരിക്കാം T

162 കഥ പൂർത്തിയാക്കൽ H

163 അങ്ങനെയായാൽ H

**നാലിതൾപ്പൂക്കൾ**

164 സമാന കവിതകൾ T, H

165 പകരം പദം T

166 എത്ര പദങ്ങൾ T

167 എഴുതാം T

**മണിക്കുട്ടി സ്കൂളിലേക്ക്**

168 തുന്നിച്ചേർക്കാം H

169 എന്റെ ഡയറി H T

170 പട്ടികയാക്കാം H T

171 ഞാൻ മണിക്കുട്ടിയായാൽ H

172 പറയാം എഴുതാം T

173 വിവരിക്കാം T

**പാവങ്ങളിലൊരാൾ**

174 ഓർത്തെഴുതാം H

175 താരതമ്യം ചെയ്യാം H

176 തലക്കെട്ട് നൽകാം H

177 എന്ത് എങ്ങനെ T

178 വാക്യങ്ങൾ T

179 എന്തു ചെയ്യാം T

180 രൂപം മാറ്റൂ T

181 അഭിമുഖം T

182 ഡയറിക്കുറിപ്പ് H

**ചെറുങ്ങോരൻ**

183 ഇഷ്ടമാണ് ഇഷ്ടമല്ല H

184 സന്ദർഭം സംഭാഷണം H

185 ചെറുങ്ങോരൻ കണ്ട കാഴ്ചകൾ H

186 കഥാപാത്രങ്ങൾ പ്രത്യേകതകൾ H

187 പത്തു വർഷങ്ങൾക്കുശേഷം H

188 പത്രവും കുട്ടിയും H

189 എന്ത് എങ്ങനെ T

190 പദങ്ങൾ ചേർക്കൂ T

191 ക്രമപ്പെടുത്തൂ T

192 ഊഹിച്ചെഴുതൂ T

193 എത്ര പദങ്ങൾ T

194 കഥയുണ്ടാക്കൂ TH

**എവിടെപ്പോയ് മുത്തച്ഛൻ**

195 എഴുതാം പറയാം T

196 എഴുതാം T

197 സമാന കവിതകൾ H

198 കവിതാരചന H

199 സംഭാഷണമെഴുതൂ T

**ആരാണ് ബലവാൻ**

200 പദകേളി H

201 അഭിമുഖം H

202 കഥ പൂർത്തിയാക്കാം H

203 വാർത്തകൾ H

204 സംഭാഷണം H

205 കാഴ്ചകളെഴുതാം H

206 അന്യോന്യം T

207 ഒറ്റയാൻ ആര് T

208 വ്യത്യാസം എന്തൊക്കെ T

209 പകരം പദം T

210 കഥാരചന H

**അറബിക്കടലിലെ പവിഴദ്വീപുകൾ**

211 വിവരണം H

212 ഞാൻ ചെയ്ത യാത്ര H

213 ഉത്സവപ്പട്ടിക H

214 പറയാം എഴുതാം T

215 പകരം പദം T

216 ക്രമപ്പെടുത്തൽ T

217 വിവരണം T

218 എഴുതാമോ T

219 യാത്രാവിവരണം H

**ഒഴിവുകാലം**

220 ബന്ധം എഴുതുന്നു H

221 പറയാം എഴുതാം T

222 ചങ്ങല തകർക്കാതിരിക്കൽ H

223 സമാന കഥകൾ, കവിതകൾ H

224 അറിയാമോ T

(T= TB, H = HB)

**സ്റ്റാന്റേർഡ്: ഒന്ന്**

**സന്നദ്ധതാപ്രവർത്തനങ്ങൾ**

**അധ്യാപകസഹായി**

1. പേശീചലനം, സ്വതന്ത്ര കളികൾ
2. ലഘുവ്യായാമം
3. തേക്കൽ, ഒട്ടിക്കൽ
4. കീറൽ, മുറിക്കൽ
5. വരയ്ക്കൽ
6. പഞ്ചേന്ദ്രിയപരിശീലനം: വസ്തുക്കളെ തിരിച്ചറിയൽ (നിറം, മണം, രുചി)
7. തരം തിരിക്കൽ
8. ഇന്ദ്രിയാനുഭവങ്ങൾ വിവരിക്കൽ
9. അനുകരണം, ആസ്വാദനം, അഭിനയം

10. ചലനം, ശബ്ദം, അനുകരണം
11. മറ്റൊന്നായി സങ്കല്പിച്ച് അഭിനയിക്കൽ
12. റോൾപ്ലേ
13. പാട്ടു കേൾക്കൽ, പാടൽ
14. ശ്രവണം, ഭാഷണം
15. അനൗപചാരിക സംഭാഷണം
16. ശബ്ദാനുകരണം
17. കഥ കേൾക്കൽ, പറയൽ
18. പ്രാഗ് ലേഖനം
19. ചിത്രം വരയ്ക്കൽ
20. നിറം കൊടുക്കൽ
21. വഴി കണ്ടെത്തൽ
22. പാറ്റേൺ വരക്കൽ
23. ചിത്രം പൂർത്തിയാക്കൽ
24. പ്രാഗ്‌വായന ചിത്രങ്ങൾ തിരിച്ചറിയൽ
25. ചിത്രങ്ങൾ താരതമ്യം ചെയ്യൽ
26. വ്യത്യാസം കണ്ടെത്തൽ
27. ചിത്രത്തിലെ വസ്തുക്കളുടെ പരസ്പരബന്ധം കണ്ടെത്തൽ
28. ചിത്രത്തിലെന്തൊക്കെ, സംഭാഷണം
29. ചിത്രം നോക്കി കഥ പറയൽ
30. മുമ്പ് സംഭവിച്ചത്, ഇനിയെന്ത് ഊഹിച്ചു പറയൽ
31. ചിത്രകഥാഭാഗങ്ങൾ ക്രമപ്പെടുത്തൽ
32. ചിത്രകഥയിൽ നിന്നും വായിച്ചുകേട്ട ഭാഗം എവിടെയെന്നു കണ്ടെത്തൽ
33 ആളെ തിരിച്ചറിയൽ കളി
34. കഥാപുസ്തകം പരിചയപ്പെടൽ, കഥാപാത്രങ്ങളെ ചിത്രങ്ങളിൽ നിന്നും തിരിച്ചറിയൽ
35. വായനയുടെ ദിശ മനസ്സിലാക്കൽ

**സ്റ്റാന്റേർഡ്: ഒന്ന്**

**കളികൾ**

1. തുരുത്തുകളി
2. കസേരകളി
3. കുളംകര
4. ചോപ്പ് പച്ച കളി
5. അനുകരണക്കളി
6. പന്തേറുകളി
7. പന്തുകൈമാറ്റക്കളി
8. പപ്പടം മേശ കളി
9. മീനിനെ കുളത്തിലാക്കൽ കളി
10. അഭിനയക്കളികൾ
11. നാടൻകളികൾ
12. കണ്ണാരം പൊത്താരെ
13. കാരകാരപ്പഴം
14. ടോം പറയുന്നു
15. ഉപ്പിനു പോയ വഴിയേത്
16. സങ്കോച വികാസ കളി
17. ഇടം വലം ഓട്ടം
18. ആളെ തിരിച്ചറിയൽ കളി
19. ചിത്രത്തിലെന്ത്
20. പ്രകൃതി നടത്തം
21. വണ്ടി നിർമാണം
22. നടത്തം
23. കളിപ്പാട്ട നിർമാണം

**സ്റ്റാന്റേർഡ്: രണ്ട്**

**കളികൾ**

1. സങ്കോച വികാസ കളി
2. ചങ്ങാതിമാരെ കണ്ടെത്തൽ
3. ഹലോ ഹലോ
4. എത്ര പേർ എത്ര പേർ
5. അനുകരണക്കളി
6. അങ്ങനെയിങ്ങനെ കളി
7. എനിക്കേറ്റവും ഇഷ്ടം
8. നിധി തേടൽ
9. കുളംകര
10. ജലം പകരൽ
11. സാറ്റുകളി
12. ബലൂൺ ഊതിപ്പറത്തൽ
13. തത്തിച്ചാടൽ കളി
14. കൊമ്പ് ചിറക്
15. പഴം പച്ചക്കറി പൂവ്
16. പന്തേറു കളി
17. കോകളി
18. പൂജ്യംവെട്ടുകളി
19. പന്ത്രണ്ടുകളി
20. പാമ്പുംകോണി
21. വാലുനീട്ടൽ
22. ഒറ്റയോ ഇരട്ടയോ

23. ഡൈസ് കളി
24. ആഹാ കളി
25. സംഖ്യാവെട്ടുകളി
26. കരുനീക്കൽ കളി
27. സങ്കലനക്കളി
28. കലണ്ടർ കളി
29. പദംവെട്ടുകളി
30. ചില്ലറ മാറൽ കളി
31. പച്ച മഞ്ഞ ചുവപ്പ്
32. ഗോലി കളി
33. സംഘചിത്രം
34. വിരൽത്തുമ്പ് ചിത്രങ്ങൾ
35. മെഗാഫോൺ
36. കടലാസുപൂച്ച
37. കളിത്രാസ് നിർമാണം
38. മേഘനിരീക്ഷണം
39. കളിപ്പാട്ട നിർമാണം
40. കളിപ്പാട്ടക്കച്ചവടം
41. കളിഫോൺ
42. നിർമാണം
43. പോസ്റ്റ്മാൻ കളി
44. കാവ്യകേളി

**സ്റ്റാന്റേർഡ്: മൂന്ന്**

**കളികൾ**

1. കൊമ്പരേ കൊമ്പരേ
2. ചിരിക്കാത്ത കോമാളി
3. പദതമ്പോല
4. പൊതിക്കളി
5. വാക്യതമ്പോല
6. അഭിനയമാല
7. ഹലോ ഹലോ
8. സ്ഥലപ്പേരുകളി

**സ്റ്റാന്റേർഡ്: നാല്**

1. ചിരിക്കാത്ത പാവ
2. മരംതൊട്ടുകളി
3. പദകേളി
4. വാക്യകേളി
5. കണ്ണുകെട്ടികളി
6. സ്ഥലപ്പേരുകളി

**അനുബന്ധം: 23**

**ഭാഷാപഠനം: മൂല്യനിർണയ സൂചകങ്ങൾ 2000**

**(ഒന്ന്, രണ്ട്, മൂന്ന് ടേമുകളിലേക്ക് സ്റ്റാന്റേർഡ് നാല്)**

**ഭാഷണം**

എ. ആശയവ്യക്തതയോടെ ഭാഷണം ചെയ്യുന്നു.

ബി. ആശയവ്യക്തതക്കുറവോടെ ഭാഷണം ചെയ്യുന്നു.

സി. ആശയവ്യക്തതയില്ലാതെ ഭാഷണം ചെയ്യുന്നു.

**ശ്രാവ്യവായന**

എ. ആശയവ്യക്തതയോടെ ഭാവമുൾക്കൊണ്ട് വായിക്കുന്നു.

ബി. ആശയവ്യക്തതക്കുറവോടെ വായിക്കുന്നു.

സി. ആശയവ്യക്തതയില്ലാതെ വായിക്കുന്നു.

കുറിപ്പ്: ഭാഷണം, ശ്രാവ്യവായന ഇവ നിരന്തരമൂല്യനിർണയത്തിന്റെ ഭാഗമായി ഗ്രേഡ് ചേയ്യേണ്ടതാണ്. ഇവ 'എന്റെ കുട്ടികളി'ൽ രേഖപ്പെടുത്തിയിട്ടുണ്ടാവുമല്ലോ. അതതു ടേമിലേക്ക് നിശ്ചയിച്ചിട്ടുള്ള പാഠ്യപദ്ധതി പ്രസ്താവനകളുടെ നിലവാരം പ്രവർത്തനത്തിൽ പ്രതിഫലിക്കണം.

**വായന**

ഈ മേഖല മൂല്യനിർണയം ചെയ്യുന്നതിന് രണ്ടു തരത്തിലുള്ള വായന പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ ഏതെങ്കിലുമൊന്ന് കുട്ടികൾക്ക് സ്വതന്ത്രമായി തെരഞ്ഞെടുക്കാനുള്ള അവസരം നൽകണം.

എ. പ്രധാന ആശയങ്ങൾ ഉത്തരമായി വരുന്ന ചോദ്യങ്ങൾ/ എഴുതുന്നു.

ബി. പ്രധാന ആശയവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നു/ എഴുതുന്നു.

സി. പ്രധാന ആശയങ്ങളുമായി ബന്ധമില്ലാത്ത ചോദ്യങ്ങൾ ചോദിക്കുന്നു/ എഴുതുന്നു.

**ii**

എ. പ്രധാന ആശയം എഴുതുന്നു/ പറയുന്നു.

ബി. ക്രമരഹിതമായി കൊടുത്ത വാക്യങ്ങൾ ആശയം കൃത്യമായും വിധം ക്രമീകരിച്ചെഴുതുന്നു / പറയുന്നു.

സി. ആശയം വ്യക്തമാകുമെങ്കിലും വേണ്ടത്ര തുടർച്ച/ ഒഴുക്ക് ഇല്ലാത്ത വിധം ക്രമീകരിച്ചെഴുതുന്നു/ പറയുന്നു

**ലേഖനം**

എ. ആശയവ്യക്തതയോടെ ചിട്ടയായി എഴുതുന്നു.

ബി. ആശയവ്യക്തതക്കുറവോടെ എഴുതുന്നു.

സി. ആശയവ്യക്തതയില്ലാതെ അഭിനയിക്കുന്നു.

**ചിത്രം വരയ്ക്കൽ**

എ. ആശയം വ്യക്തതമാകുംവിധം ചിത്രം വരയ്ക്കുന്നു.

ബി. ആശയം ഭാഗികമായി വ്യക്തമാകുംവിധം ചിത്രം വരയ്ക്കുന്നു.

സി. ആശയവ്യക്തതയില്ലാതെ ചിത്രം വരയ്ക്കുന്നു.

**സർഗാത്മക പ്രകടനം**

എ. സർഗാത്മകതയുണ്ട്

ബി. സർഗാത്മകത കുറവ്

കുറിപ്പ്: ടേം മൂല്യനിർണയത്തിൽ കുട്ടിയുടെ സർഗാത്മക പ്രകടനം വിലയിരുത്തുന്നത് അവർ തന്നെ തെരഞ്ഞെടുക്കുന്ന ഉപാധി വഴിയായിരിക്കണം ഇതിന് എഴുത്ത്, ചിത്രംവര, ഭാഷണം, അഭിനയം എന്നിവയാകാം.

**എന്റെ കഥാപുസ്തകം/ പാട്ടുപുസ്തകം**

1. പ്രത്യേക സമയപരിധിക്കുള്ളിൽ (ഒരു ടേമിൽ) കുട്ടി സൃഷ്ടിച്ച വൈവിധ്യമാർന്ന പാട്ടുകൾ/ കഥകൾ തുടങ്ങിയവ.
2. പ്രത്യേക സമയപരിധിക്കുള്ളിൽ (ഒരു ടേമിൽ) കുട്ടി തെരഞ്ഞെടുത്ത രസകരവും ക്ലാസിന് അനുയോജ്യവുമായ പാട്ടുകൾ/ കഥകൾ തുടങ്ങിയവ.
3. ക്ലാസ്സ് റൂം സന്ദർഭങ്ങളിൽ കുട്ടി ഇവ എത്രമാത്രം പ്രയോജനപ്പെടുത്തുന്നു.
4. താല്പര്യപൂർവം ഭംഗിയായും ചിട്ടയായും സൂക്ഷിക്കുന്നു.

(എ ഗ്രേഡ് 12-9: ബി ഗ്രേഡ് 8-6; സി ഗ്രേഡ് 5-3)

**പൊതുനിർദ്ദേശങ്ങൾ**

ഭാഷാപഠനത്തിൽ നടക്കുന്ന പ്രക്രിയ എല്ലാ ടേമിലും ഒന്നുതന്നെയായതിനാൽ മേഖലകളിലും സൂചകങ്ങളിലും അതാതു സമയത്തു മാറ്റം വരുത്തേണ്ടതില്ല. മൂല്യനിർണയ പ്രവർത്തനങ്ങളിലും സാമഗ്രികളിലുമാണ് ഓരോന്നിനസരിച്ച് മാറ്റവും ഉയർന്ന തലവും ഉണ്ടാകേണ്ടത്.

ശേഷീമേഖലയുടെ സൂചകങ്ങളെ, അതാതു ക്ലാസ്സിന്റെ /ടേമിന്റെ പ്രതീക്ഷിത ശേഷീനിലവാരത്തെ അടിസ്ഥാനപ്പെടുത്തി വ്യാഖ്യാനിക്കുകയാണ് വേണ്ടത്.

വിവിധ ടേമിന്റെ കരിക്കുലം ശേഷിയുടെ വ്യാപ്തി ക്ലസ്റ്റർ തലത്തിൽ നിർണയിക്കേണ്ടതാണ്. ഇതിന് പാഠപുസ്തകം, കൈപ്പുസ്തകം, ടീച്ചിംഗ് മാനുവൽ, സൃഷ്ടികൾ തുടങ്ങിയവ പ്രയോജനപ്പെടുത്തുമല്ലോ. ശ്രാവ്യവായന, ഭാഷണം എന്നിവ നിരന്തര മൂല്യനിർണയപ്രവർത്തനത്തിന്റെ ഭാഗമായി വിലയിരുത്തി. അതിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യാവുന്നതാണ്. സംഘടിത പ്രവർത്തനങ്ങളിൽ കുട്ടി ഏർപ്പെടുമ്പോൾ അവിടെ നടത്തുന്ന ഭാഷണപ്രവർത്തനങ്ങൾ നിരന്തരം മൂല്യനിർണയത്തിന് വിധേയമാക്കണം. അങ്ങനെയുള്ള പ്രവർത്തനങ്ങളിലൂടെ തൃപ്തികരമായ രീതിയിൽ ഭാഷണശേഷി ഗ്രേഡ് ചെയ്യാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ടേംമൂല്യനിർണയം നടക്കുന്ന കാലയളവിൽ കുട്ടിയുടെ ഭാഷണരീതി നോക്കി ഗ്രേഡ് ചെയ്യേണ്ടതാണ്.

ഭാഷാപ്രോജക്ട് ഗ്രൂപ്പു പ്രവർത്തനമായി നടത്തേണ്ടതും ഗ്രൂപ്പു പ്രവർത്തനത്തിന്റെ സൂചകങ്ങളുപയോഗിച്ച് വിലയിരുത്തേണ്ടതുമാണ്. എല്ലാ മേഖലയിലും സി ഗ്രേഡ് വരെ കൊടുത്തിട്ടുണ്ട്. സി ഗ്രേഡും കിട്ടാത്ത കുട്ടിക്ക് ഡി ഗ്രേഡ് കൊടുക്കുന്നതും അത് 'അമ്മ അറിയാൻ' കാർഡിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(കേരള സർക്കാർ 38, ഗ്രേഡിംഗ് സൂചകങ്ങൾ, ഡി.പി.ഇ.പി., 2000)

**അനുബന്ധം: 24**

## ഒന്നാം ടേം മൂല്യനിർണയം 2000–2001

ജില്ല: മലപ്പുറം സബ്ജില്ല: അരീക്കോട്

<u>പ്രവർത്തനം ഒന്ന്</u>

മേഖല : സർഗ്ഗാത്മകത - കത്ത്

പ്രവർത്തനം : മഹാബലിക്കൊരു കത്ത്

പ്രവർത്തനക്രമം : ടീച്ചർ ഒരു ഓണപ്പാട്ട് പാടുന്നു. കുട്ടികൾ കൂടെ പാടുന്നു (മൂല്യനിർണയം ഇല്ല). അടുത്ത കാലത്തുണ്ടായ ചുവപ്പുമഴയെക്കുറിച്ച് കുട്ടികളോട് ചോദിക്കുന്നു. ഇതുപോലെ കേരളത്തിലുണ്ടായ പുതിയ സംഭവങ്ങൾ ഓണത്തിന് കേരളത്തിലേക്ക് വരുന്ന മാവേലിമാമനെ എഴുതിയറിയിക്കണം. അതിനായി ഒരു കത്ത് എഴുതുക.

<u>പ്രവർത്തനം രണ്ട്</u>

2. മേഖല : ലേഖനം- വിവരണം

പ്രവർത്തനം : നിങ്ങൾക്കിഷ്ടപ്പെട്ട കളി

പ്രവർത്തനക്രമം : ഓണക്കാലത്ത് കളിക്കുന്ന കളികളെക്കുറിച്ച് ചർച്ച (മൂല്യനിർണയം ചെയ്യേണ്ട). നിങ്ങൾക്കിഷ്ടമുള്ള ഒരു കളിയെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കൂ. അതിന്റെ വ്യവസ്ഥകളും കളിക്കുന്ന രീതിയും വിശദമായി എഴുതണം.

(Anitha Ramphal, Where Exams Can be Fun, DPEP, Kerala 2001 (P. 89).

അനുബന്ധം. 25

### 3.3.1 Quoting From the Internal Review Report (1997)

"Evaluation activities were developed at the CRCs (Cluster Resource Centres). These were not activity based; neither did they contain all characteristics of the learning activities. The biggest limitation was that the activities became very mechanical. When attention was directed towards technical matters such as grading, skill areas, etc. the most essential properties of an activity seen from the child's point of view got excluded".

"Teachers find it difficult to devise naturally integrated evaluation activities. It is also difficult for them to develop activities for evaluating the learning processes in EVS. Teachers are not able to integrate grading indicators in terms of a sequential order. Also, there is confusion about selecting curricular statements that may be suitable for conducting group activities. Enough planning has not taken place on how to develop the various teaching-learning documents".

"The SRG is not functioning the way it should be and therefore teachers have not formed clear concepts and understanding about evaluation. Some problems they face are:

- grade was assigned by evaluating only the product, not the process.
- there is a problem in on-the-spot recording
- teachers failed to maintain the time limit of some activities including group activities.
- lack of monitoring and on - site support is obvious.
- there is lack of clarity in preparing teaching-learning documents.

**Areas where more clarity is needed**

- Grading

What are the advantages of grading? How can we find out the indicators for grading? We have only limited understanding about these.

- Follow-up activities

Teachers have recognized that follow-up activities are required after evaluation. But they have no clear idea about the modalities of the follow -up activities.

- Continuous and Comprehensive Evaluation (CCE)

Today we have only very vague notions about continuous and comprehensive evaluation. We still have to go a long way to actualize the vision of CCE. Clarity is needed in areas such as the strategies of CCE, its recording, informing parents about the child's achievements, mode of conducting evaluation, etc.

- Skill areas

Teachers are more or less convinced about the relevance of conducting evaluation after categorizing skills in various areas. But they seek clarification as to which skill area each learning objective belongs to, the various levels of these skill areas and the sequential relationships between these areas.

- Evaluation strategies

Teachers have conceptualized individual evaluation activities. Though they have realized the strengths of group evaluation they are still unable to conceive of a suitable group activity. Also there is apprehension as to what status is to be assigned to class activities in the context of evaluation.

- Evaluation of sub-skills

In language a child's comprehension is evaluated in terms of her expression. It is not clear how evaluation is to be carried out in the area of reading. The curricular statements pertaining to the areas of communication and creativity lack clarity. The highest competence in EVS learning is 'coming to conclusions based on proper analysis'. In this area also it is not very clear how the sub-skills are to be evaluated.

- Integrated Evaluation.

Teachers are not fully convinced about the need for integrated evaluation. Evaluation was carried out in various stages by putting skill areas of various subjects under a single activity.

- Recording

Why should there be recording of activity based evaluation? What use does it have? These things have not been conceptualized properly. Recording takes place quite mechanically.

- Perspectives about Evaluation

What should evaluation be like from the perspective of the child? What should it be as far as the teacher is concerned? How should it be for the parent? These ideas have not been formed clearly.

- Text Book - Handbook

We have clearly conceived of the role of various learning-teaching materials in the process of evaluation. Thus we must also include the textbook, the Handbook, the teaching manual, "Ente Kuttikal" (My Children), My Book of Songs, My Storybook, the EVS book, etc. However, except in a few schools these things have been totally left out in the first term evaluation. Lack of planning classroom activities based on a thorough understanding of the approach and the fact that these documents have not been developed by children are some of the reasons for this.

- Simple Projects

What are simple projects? What are they for? How are projects conducted? We need better conceptualization in this area. Simple projects are not carried out; nor are they evaluated at present.

- Education of parents

Teachers have no clear idea about the role of parents' education in evaluation. Teachers are not yet adequately prepared to give leadership to class PTA's."

(Anitha Ramphal, Where exam can be fun, DPEP Kerala 2001)

**അനുബന്ധം: 26**

മലയാളം **സമഗ്രാസൂത്രണം യൂണിറ്റ് മൂന്ന്**

ക്ലാസ്സ് മൂന്ന് **സ്കൂൾ: ജി.എൽ.പി.എസ് കാരാട്**

ജൂലൈ 1999

പാഠ്യപദ്ധതി പ്രസ്താവനകൾ: 1. വായനാസാമഗ്രികൾ സംഘമായി വായിച്ച് ചോദ്യങ്ങൾ ചോദിക്കുന്നതിനും ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതിനും എഴുതുന്നതിനും (2) പദങ്ങൾ വാക്യങ്ങൾ നിർമ്മിച്ചും എഴുതിയും ഭാഷാകേളികളിൽ ഏർപ്പെടുത്തുന്നതിന് (3) ചിത്രങ്ങളിൽ നിന്നും കഥാസന്ദർഭങ്ങൾ മനസ്സിലാകുന്നതിന് (4) ആശയങ്ങൾ പല രീതിയിൽ അവതരിപ്പിക്കുന്നതിന്.

| പഠന പ്രവർത്തനം | പ്രക്രിയ | പഠനോപ കരണങ്ങൾ | നിരന്തരം മൂല്യനിർണ്ണയ ഇനങ്ങൾ സൂചകങ്ങൾ | ഉല്പന്നം |
|---|---|---|---|---|
| 1. രഹസ്യം പറയാം | കുട്ടികൾ വൃത്തത്തിൽ നിൽക്കവെ ഒരാൾ ചെവിയിൽ പറഞ്ഞ കാര്യം അടുത്ത ആളോട് പറയണം. അവസാനത്തെ ആൾ കേട്ട കാര്യം പൊതുവെ പറയണം. വ്യത്യാസം കണ്ടെത്തുക. | | | |
| 2. പദകേളി | ഒരു പദം ബോർഡിലെഴുതുക. ആ പദവുമായി ബന്ധപ്പെട്ട മറ്റു പദങ്ങൾ കുട്ടികൾ കണ്ടെത്തണം. | | | |
| 3. കൊമ്പ ര കൊമ്പരെ | കുട്ടികൾ വൃത്താകൃതിയിൽ നിൽക്കുന്ന കൊമ്പുള്ള മൃഗത്തിന്റെ പേര പറയുമ്പോൾ കൈ രണ്ടും തലയിൽ ചേർത്ത് വെക്കണം. ഇല്ലെങ്കിൽ വെക്കേണ്ട. നിയമം തെറ്റിക്കുന്നവർ പുറത്തുപോകും. | | | |
| 4. ചിത്രം വരക്കാം വ്യത്യാസങ്ങൾ പറയാം | പേജ് 12, 14 ലെ ചിത്രങ്ങൾ പരിശോധിച്ച് സാമൂഹ്യന്യാസങ്ങൽ കണ്ടെത്തി അവതരണം ഗ്രൂപ്പു പ്രവർത്തനം. | പാഠപുസ്തകം കിങ്ങിണി 3 | വ്യത്യാസങ്ങൾ കണ്ടെത്താൻ സാധിച്ചുവോ? നേരിട്ട പ്രയാസങ്ങൾ എന്തെല്ലാം? | താരതമ്യ ചാർട്ട് |
| ഞ ങ്ങ ൾ വായിക്കാം | ചിത്രങ്ങളുടെ വ്യത്യാസത്തിന് കാരണമെന്ത്? പാഠം വായിച്ച് കണ്ടെത്തൽ. | പാഠപുസ്തകം | | |
| ചോദ്യോത്തര പയറ്റ് | പ്രധാനാശയം വരുന്ന ചോദ്യങ്ങൾ തയ്യാറാക്കൽ - ഗ്രൂപ്പിൽ . ഗ്രൂപ്പുകൾ തമ്മിൽ ചോദ്യങ്ങൾ ചോദിക്കൽ മത്സരം.<br>കൂടുതൽ പോയിന്റ് ആർക്ക്. | പാഠ പുസ്തകം | വായനശേഷി വിലയിരുത്തുന്ന സൂചകങ്ങൾ ●പ്രധാന ആശയങ്ങൾക്കുള്ള ചോദ്യങ്ങൾ കണ്ടെത്തിയോ? ●ചോദ്യ ഘടന പാലിച്ചിട്ടുണ്ടോ? ●ഗ്രൂപ്പിലെ പങ്കാളിത്തം. | ചോദ്യങ്ങളും ഉത്തരങ്ങളും |

| പഠന പ്രവർത്തനം | പ്രക്രിയ | പഠനോപ കരണങ്ങൾ | നിരന്തരം മൂല്യനിർണ്ണയ ഇനങ്ങൾ സൂചകങ്ങൾ | ഉല്പന്നം |
|---|---|---|---|---|
| അറിഞ്ഞു കൊണ്ടുവാ യന | ഭാവം ഉൾക്കൊണ്ടുവായന | പാഠപു സ്തകം | ശ്രാവ്യവായന ●ആശയം വ്യക്തമാകുന്നു ● ഒഴു ക്കോടെ വായിക്കുന്നു ● ഭാവം ഉൾക്കൊണ്ട് വായിക്കുന്നു. | |
| അഭിനയ സാധ്യത കണ്ടെത്താം (റോൾപ്ലേ, മൂകാഭിന യം) | കഥാപാത്രങ്ങളെ നിശ്ചയിക്കൽ<br>സംഭാഷണം തയ്യാറാക്കാൽ<br>മുഖംമൂടി നിർമാണം<br>റിഹേഴ്സൽ<br>നാടകവതരണം<br>(ക്ലാസിൽ / ബാലസഭ) | പാഠപു സ്തകം കാർബോഡ് ചാർട്ട് പേപ്പർ കളർ പെൻ രംഗസജ്ജീക | റോൾപ്ലേ വിലയിരു ത്തൽ<br>സംഭാഷണത്തിന്റെ സ്വാഭാവികത തുടർച്ച<br>അവതരണഭംഗി<br>അഭിനയമികവ് | റോൾപ്ലേ സംഭാ ഷണം |
| പറയാം പറയാം (സംഭാഷ ണം) | മാനും മുയലും തമ്മിലുള്ള സംഭാഷണം എഴുതൽ | രണം | സംഭാഷണം<br>തുടർച്ച, സ്വാഭാവികത<br>ആശയവുമായുള്ള ബന്ധം | |
| വാക്യങ്ങൾ വാക്യങ്ങൾ | സിംഹം, എലി, കാട് എന്നീ പദ ങ്ങൾ ഓരോ വാക്യത്തിൽ ഉൾക്കൊള്ളുന്ന വാക്യങ്ങൾ എഴു തൽ | | വാക്യങ്ങളുടെ മികവ്<br>ഘടനാപരമായ മികവ് | കഥ/വിവ രണം/ സംഭാ ഷണം |
| ഇഷ്ടമാണ് ഇഷ്ടമല്ല. | ഇഷ്ടമായോ എന്നെഴുതൽ.<br>പരസ്പം കൈമാറി വായന. | | കാരണം കൃത്യമാണോ | കുറിപ്പ് |
| പദപയറ്റ് | 'ഹ' ഉൾക്കൊള്ളുന്ന പദങ്ങൾ കണ്ടെത്തൽ | | | |
| ഒറ്റയാനാര് | തന്നിട്ടുള്ള പദങ്ങളിൽ ഉൾപ്പെടാ ത്തവ കണ്ടെത്തൽ | | | |
| എന്ത്? എങ്ങനെ? എന്തു കൊണ്ട്? | ഉള്ളടക്കം വായിച്ച് ഉത്തരം കണ്ടെ ത്തൽ | | | ഉത്തര ങ്ങൾ |
| വാക്യം ക്രമ പ്പെടുത്തി എഴുതുക | ക്രമരഹിതമായി നൽകിയ പദ ങ്ങൾ<br>ക്രമത്തിലാക്കി വാക്യം നിർമ്മി ക്കൽ | | | വാക്യ ങ്ങൾ |
| വിവരണമെ ഴുതുക | ഇഷ്ടപ്പെട്ട കാര്യങ്ങളെക്കുറിച്ച് വിവരണം എടുക്കൽ | | വസ്തുനിഷ്ഠത<br>ആശയസമഗ്രത | വിവരണം |

**അനുബന്ധം: 27**

| ചിത്രം അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ | | | |
|---|---|---|---|
| **Std** | **പ്രവർത്തനം** | **TB Pages** | **HB Pages** |
| I | കൂട്ടിച്ചേർക്കാം | 39. 55. 59 | 65,104,102 |
| | ചിത്രം വരയ്ക്കാം | | 106,126,143 |
| | നിറം കൊടുക്കാം | 78 | 57, 62, 100, 110, 117, 120, 123, 137, 140, 155, 158, 161 |
| | ചിത്രകഥ | 100, 104 | |
| | ചിത്രത്തിലെന്ത് | 49 | |
| | ചിത്രം നോക്കിപ്പറയാം | 95 | |
| | വിരൽത്തുമ്പു ചിത്രങ്ങൾ | 59 | |
| II | ചിത്രം വരയ്ക്കൽ | | 72, 176, 181 138, 101, 43, 42 |
| | ചിത്രവായന പാഠങ്ങളുടെ ആദ്യപേജ് | 1,2,5,6,14,15,16,17 | |
| III | ചിത്രവായന | 4,5,6,10,11,17,26,27,46,47 96, 54, 12 1, 76, 78, | 79,82,83,96 46, 61, 84, 167, 115, 140, 105, 113, 149, 157 |
| | ചിത്രം വരക്കാം | 18, 23, 45, 50, 74, 80, 97 | |
| IV | ചിത്രവായന | 4,5,9,10,17,16,20,21,42,43 ,74, 75, 84, 85, | 44,48,49,50,51,67,72,73 89, 121, 97, 100, 115 |
| | ചിത്രം വരയ്ക്കാം | 7,17,45 | 91, 113,115,124,73,135 |
| | വ്യത്യാസം പറയാം | 90 | |

## അനുബന്ധം: 28

### പാഠം 3. മഴ പെയ്യുന്നു.

ഉദ്ദേശ്യം : 1. 1–5 എണ്ണൽ 2. താരതമ്യം ചെയ്യൽ (തുല്യമായവ, വ്യത്യാസമുള്ളവ) 3. മഴ നിരീക്ഷണം. 4. ചുറ്റുമുള്ള ജീവജാലങ്ങൾ 5. ശ്രവണം, ഭാഷണം, വായന, ലേഖനം സർഗാത്മക പ്രകടനം.

പഠനോപകരണങ്ങൾ : പദകാർഡുകൾ, കവിതാചാർട്ട്, ചിത്രങ്ങൾ, മഞ്ചാടി, കമ്പുകൾ ....

1. മഴ നിരീക്ഷണം – ക്ലാസിനു പുറത്തെ വരാന്തയിൽ നിന്ന് മഴപെയ്യുന്നത് കാണുന്നു. തുടർന്ന് 2 പേർ വീതം കുടയും ചൂടി മഴപെയ്യുമ്പോൾ ചെളിവെള്ളം ഒഴുകുന്നതും ഇലകളിൽ വെള്ളം വീഴുന്നതുമൊക്കെ നിരീക്ഷിക്കുന്നു. നിരീക്ഷിച്ച കാര്യങ്ങൾ ക്ലാസിൽ വന്ന് ചർച്ച ചെയ്യുന്നു.

2. മഴപ്പാട്ടു പാടുന്നു.

1. "മഴ പെയ്യണ കണ്ടിട്ടുണ്ടോ
എങ്ങനെ പോലെ എങ്ങനെ പോലെ?
മഴ പെയ്യണ കണ്ടിട്ടുണ്ടേ
ഇതു പോലെ ഇതു പോലെ
ശർ.... ശർ.... ശർ... ശര്."

2. മഴ മഴ മഴ മഴ പെയ്യുന്നു
പുഴ പുഴ പുഴ പുഴ ഒഴുകുന്നു
മഴ പെയ്തപ്പോൾ പുഴയൊഴുകി
മയിലുകളാടി കുയിലുകൾ പാടി
മാനും മയിലും ചാ.....ടി.

3. ക്ലാസിൽ മഴപെയ്യിക്കാം – അധ്യാപികയുടെ നിർദ്ദേശപ്രകാരം 5, 4, 3, 2, 1 എന്ന ക്രമത്തിൽ വലതുകൈയിലെ വിരലുകൾകൊണ്ട് ഇടതുകൈവെള്ളയിലടിച്ച് മഴയുടെ ശബ്ദമുണ്ടാക്കുന്നു. തുടർന്ന് ഒരു മാച്ച്സ്റ്റിക് ഫിഗറും ഒരു കുടയും വരച്ച് ചന്തു ചന്തു ചാക്കോ നായി പോവുന്നു മഴ പെയ്യിക്കൂ.. കുട്ടികൾ ചെറു വരകൾ കുടയ്ക്കു മേലെ വരയ്ക്കുന്നു. അതു പോലെ ഭിത്തിയിലും വരയ്ക്കുന്നു.

4. ചിത്ര വായന. – പുസ്തകം തുറന്നുവച്ച് ചിത്രം നിരീക്ഷിച്ച് ഗ്രൂപ്പുകൾ ചർച്ചചെയ്യുന്നു അന്യോന്യം ചോദ്യങ്ങൾ ചോദിക്കുന്നു.

5. മഴ മഴ.. കുട കുട.... നിർദ്ദേശം – മഴ നനയുന്ന ജീവിയുടെ പേരു പറയുമ്പോൾ "മഴ മഴ..." എന്നും നനയാത്ത ജീവിയുടെ പേരു പറയുമ്പോൾ "കുട കുട..." എന്നും പറയുക.
– ആന/കുരങ്ങ്/പശു/പക്ഷി/എലി .. (മഴ മഴ...)
തവള/കോഴി/പൂമ്പാറ്റ/മുയൽ ... (കുട കുട...)

6. ചിത്രവായന – കുട്ടികൾ പുസ്തകം തുറന്ന് ചിത്രം നിരീക്ഷിക്കുന്നു. ആട്, പശു, മുയൽ, കോഴി, അണ്ണാൻ എന്നിങ്ങനെ 5 ഗ്രൂപ്പുകളായിരുന്ന് ചിത്രത്തിലെ ദൃശ്യം ചർച്ചചെയ്യുന്നു.
– ചിത്രത്തിലെ വളർത്തുമൃഗങ്ങളുടെ ശബ്ദമുണ്ടാക്കൂ.
– ആരുകൾ ആരെ നോക്കുന്നു?
– കിളി ചിരിക്കുന്നതെന്തിന്?
– ആട് മുയലിനോടും കോഴി എവിടെ പോകുന്നു?
– ആരെങ്കിലും കുട്ടികളോട് എന്താണു പറയുന്നത്?
– കിളി പാമ്പിനോട് പറയുന്നതെന്ത്?

7. അഭിനയം (ശത്രു) . അധ്യാപിക ഒരു കുട്ടിയെ വിളിച്ച് ക്ലാസിന്റെ നടുവിൽ നിർത്തുന്നു. "ഇതാ ഒരാൾ കുഞ്ഞിക്കോഴിയാണ് ഞാൻ അരികെ കൂട്ടുന്നു". മറ്റൊരാളെ വിളിച്ച് "ഇതാ വരുന്നു കുഞ്ഞിക്കുറുക്കൻ". എന്തു സംഭവിക്കും? (അഭിനയിക്കുന്നു.) ഇതു പോലെ കിളിയും പാമ്പും, എലിയും പൂച്ചയും ഒക്കെ അവതരിപ്പിച്ച് 'ശത്രു' എന്ന ആശയം ഉറപ്പിക്കുന്നു.

8. എന്തു പേര്? – കുട്ടികൾ പുസ്തകം അടച്ചശേഷം ചിത്രത്തിലെ ജീവികളുടെ പേരു പറയുന്നു. അധ്യാപിക പേരുകൾ ബോർഡിൽ എഴുതുന്നു. തുടർന്ന് ഓരോ ചിത്രത്തിന് ചിത്രം നോക്കി പറയുന്നു. സംഖ്യ ചിത്രത്തിനു നേരെ എഴുതുന്നു. സംഖ്യാകാർഡുകൾ പ്രദർശിപ്പിച്ച് വ്യക്തത വരുത്തുന്നു.

9. എണ്ണുന്നു പറയൂ.... കുട്ടികൾ വട്ടത്തിലിരിക്കുന്നു. ഓരോരുത്തർക്കും 1 2 3 4 5 എന്നീ കാർഡുകൾ കൊടുക്കുന്നു. അധ്യാപിക എത്രാമതും വസ്തുക്കൾ/ചിത്രങ്ങൾ കാണിക്കുന്നു. കുട്ടികൾ സമാനമായ സംഖ്യാകാർഡുകാട്ടി എണ്ണം പറയുന്നു.

10. പൊരുത്തപ്പെടുത്തൂ... – കുട്ടികൾ അവർക്കു കിട്ടിയ സംഖ്യാകാർഡു നിരത്തി വച്ച് അവയ്ക്കു സമീപം തുല്യ എണ്ണം മഞ്ചാടി/ഇല/കമ്പ്/കല്ല്/തെർമോക്കോൾ കഷ്ണം – വയ്ക്കുന്നു.

ഉദാ: 1 2 3 5 4





| | |
|---|---|
| 11 യോജിപ്പിക്കാം... | - ബി.ബി.യുടെ നടുവിൽ 1 മുതൽ 5 വരെ ക്രമരഹിതമായി എഴുതുന്നു. അവയ്ക്കു ചുറ്റും ഏതാനും ചിത്രങ്ങൾ (ഒരു ഇല, രണ്ടു മുതൽ, 5 പൂവ്, 3 പന്ത്, 4 മാങ്ങ etc.) വരയ്ക്കുന്നു. കുട്ടികൾ ചിത്രവും സമാന സംഖ്യയും വരയോണ്ട് യോജിപ്പിക്കുന്നു. |
| 12 തൂവാലക്കളി | - 5 പേരു വീതമുള്ള 2 ഗ്രൂപ്പുകളെ അഭിമുഖമായി നിർത്തുന്നു. നടുവിൽ ഒരു തൂവാല വയ്ക്കുന്നു. ഓരോ കുട്ടിക്കും ഓരോ സംഖ്യാകാർഡു കൊടുക്കുന്നു. അധ്യാപിക ഒരു സംഖ്യ പറയുമ്പോൾ ഇരുഗ്രൂപ്പിൽ നിന്നും ആ സംഖ്യ കിട്ടിയവർ ഓടിവരുന്നു. ആദ്യം തൂവാലതൊടുന്നയാൾ വിജയിയാവുന്നു. |
| 13 കവിത ചൊല്ലി രസിക്കാം... | "മല കേറാമോ..." എന്നാരംഭിക്കുന്ന കവിത പലപ്രാവശ്യം ചൊല്ലിക്കൊടുക്കുന്നു. ഒരു കുട്ടി കുഞ്ഞിമുയലാവുന്നു. മറ്റുള്ളവർ ചോദ്യവും കുഞ്ഞിമുയൽ [illegible] ഉത്തരവും പറയുന്നു. കുട്ടികൾ മാറിമാറി കുഞ്ഞിമുയലാവുന്നു. |
| 14 കവിതാരചന | - കുട്ടികൾ കുഞ്ഞാടിനോട്, കുഞ്ഞിക്കുറുക്കനോട്, [illegible] നോട്, കുഞ്ഞിക്കോഴിയോട് എന്താണു ചോദിക്കുക? അവർ [illegible] ? |
| 15 വായന | - Chart-ൽ എഴുതിയ കവിത പലപ്രാവശ്യം വായിച്ചു കുട്ടികൾ മല, മരം, കേറാമോ, - പോകുന്നു, കേറി, മലയും, മരവും എന്നിവ കണ്ടുപിടിക്കുന്നു. തുടർന്ന് ഗ്രൂപ്പുകളായി തിരിഞ്ഞ് പുതിയ പദങ്ങൾ generate ചെയ്യുന്നു. പദങ്ങൾ ബി.ബി.യിൽ എഴുതി കളിരീതിയിൽ [illegible] വായിക്കുന്നു. |
| 16 ലേഖനം | വായിച്ച പദങ്ങൾ, 5 വരെ അക്കങ്ങൾ എന്നിവ ബുക്കിൽ എഴുതുന്നു. |
| 17 കിളിയും കൂടും കളി | - അഭിമുഖമായി നിൽക്കുന്ന കുട്ടികൾ കൈകൾ കോർത്ത് കൂടുകളാവുന്നു. ഇവർക്കിടയിലൂടെ ഓടുന്ന കിളികളെ വിസിലടികേട്ട് കിളികളെ കൂട്ടിലാക്കുന്നു. എത്രപേർ കൂട്ടിലായെന്ന് മറ്റുള്ളവർ എണ്ണിപ്പറയുന്നു. എഴുതുന്നു. |
| 18 കടങ്കഥകൾ | - രണ്ടെണ്ണമുണ്ട്. എഴുതാൻ ഒന്നുമതി ഏത്?<br>- രണ്ടെണ്ണമുണ്ട്. [illegible]<br>- " കേൾക്കാൻ വേണം. കാണാൻ കണ്ണാടി നോക്കണം. |
| 19 ഊഹിച്ചു പറയൽ | അധ്യാപിക ഒരു [illegible] 5 മഞ്ചാടി എടുക്കുന്നു. [illegible] ഊഹിച്ചു പറയുന്നു. [illegible] പറയിക്കുന്നു. |

ടീച്ചിംഗ് മാന്വൽ, ലതാഭായി ടീച്ചർ, ജി.എച്ച്.എസ്.എസ്. കാമ്പല്ലൂർ, കാസർഗോഡ്, 1997

**അനുബന്ധം: 29**

# കുട്ടികളുടെ അവകാശങ്ങൾ

ഭാഗം: 1. വകുപ്പ് 12: ആൺ-പെൺ വ്യത്യാസമില്ലാതെത്തന്നെ ബാധിക്കുന്ന എല്ലാ കാര്യങ്ങളിലും അഭിപ്രായങ്ങൾ സ്വതന്ത്രമായി സ്വരൂപിക്കാനും പ്രകടിപ്പിക്കാനുമുള്ള സാഹചര്യം കുട്ടിക്ക് ഉറപ്പാക്കുകയും അവർക്ക് അർഹിക്കുന്ന പ്രാധാന്യം നൽകുകയും വേണം.

ഭാഗം: 2. വകുപ്പ് 13: കുട്ടികൾക്ക് അഭിപ്രായ സ്വാതന്ത്ര്യം നൽകണം. ഏതു വിവരവും അറിയാനും അന്വേഷിക്കാനും ആശയങ്ങൾ അതിരില്ലാതെ പകരാനും മാത്രമല്ല അതിനുവേണ്ടി വാക്കുകളോ ലേഖനമോ അച്ചടിയോ കലയോ തുടങ്ങി ഏതു മാധ്യമവും തെരഞ്ഞെടുക്കാനും അവകാശം നൽകണം.

ഭാഗം: 1. വകുപ്പ് 14: കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം, അവകാശം, കർത്തവ്യം എന്നിവ മാതാപിതാക്കൾക്കും മറ്റ് സാഹചര്യങ്ങളിൽ നിയമപരമായ രക്ഷിതാക്കൾക്കുമായിരിക്കും.

ഭാഗം: 1. വകുപ്പ് 15 (1). സംഘടിക്കുന്നതിനും നിയമപരമായി കൂട്ടം കൂടുന്നതിന് കുട്ടികൾക്ക് അവകാശമുണ്ട്.

ഭാഗം: 1 വകുപ്പ് 16. ഏകപക്ഷീയമായ നടപടികളിലൂടെ കുട്ടിയുടെ സ്വകാര്യത, കുടുംബ വീട്..., എന്നിവയിൽ ഇടപെടാനോ അവരുടെ പേരിനും അന്തസ്സിനും നേരെ ശല്യം ചെയ്യാനോ പാടില്ല.

ഭാഗം: 1. വകുപ്പ് 19: ശാരീരികവും മാനസികവുമായ അക്രമം, മുറിവ്, അപമാനം, അവഗണന, മോശമായ പെരുമാറ്റം, ലൈംഗികവും അല്ലാത്തതുമായ ചൂഷണം എന്നിവയിൽ നിന്ന് കുട്ടികൾക്ക് സംരക്ഷണം നൽകാൻ മാതാപിതാക്കൾ, നിയമാനുസൃത രക്ഷിതാക്കൾ, മറ്റു സംരക്ഷകർ എന്നിവർ ബാധ്യസ്ഥരാണ്.

ഭാഗം: 1. വകുപ്പ് 29: സമ്പൂർണവും ഐശ്വര്യപൂർണവുമായ വ്യക്തിത്വ വികാസത്തിന് സന്തോഷവും സ്നേഹവും പരസ്പരധാരണയും നിറഞ്ഞ കുടുംബാന്തരീക്ഷത്തിൽ വളരാൻ കുട്ടിക്ക് അവസരം ലഭിക്കണം.

ഭാഗം: 1. വകുപ്പ് 29 (എ): കുട്ടിയുടെ വ്യക്തിത്വവികസനത്തിനും സർഗശേഷിക്കും അനുസൃതമായ വികസനം, മാനസികവും ശാരീരികവുമായ കഴിവുകളുടെ പൂർണതോതിലുള്ള വികസനം എന്നിവ വിദ്യാഭ്യാസത്തിലൂടെ സാധിക്കണം. മാതാപിതാക്കൾ, സാംസ്കാരിക വ്യക്തിത്വം, ഭാഷാ-ധാർമിക മൂല്യങ്ങൾ, ജന്മരാജ്യം, സംസ്കാരം എന്നിവയോടുള്ള ബഹുമാനം കുട്ടികളിൽ വളർത്താൻ വിദ്യാഭ്യാസത്തിനു കഴിയണം.

ഭാഗം: 1. വകുപ്പ് 29 (ഡി). പരസ്പരധാരണ, ലിംഗസമത്വം, സമാധാനം, ക്ഷമ എന്നിവയുടെ ധാരണ ഉൾക്കൊണ്ടുകൊണ്ട് കുട്ടി വളരണം. ഇവയ്ക്കൊപ്പം വംശീയ ദേശീയ മതവിഭാഗങ്ങളുമായും പ്രാദേശിക വ്യക്തികളുമായും സൗഹാർദ്ദം പുലർത്തിക്കൊണ്ട് ഒരു സ്വതന്ത്രസമൂഹത്തിൽ ഉത്തരവാദിത്വത്തോടെ ജീവിക്കാൻ കുട്ടിയെ പ്രാപ്തനാക്കാനും രാഷ്ട്രത്തിനു കടമയുണ്ട്.

ഭാഗം: 1. വകുപ്പ് 31 (1): വിശ്രമവേളകൾ ആസ്വദിക്കാനും വിനോദപരിപാടികളിൽ ഏർപ്പെടുക, കലാസാംസ്കാരിക ജീവിതത്തിൽ പങ്കെടുക്കുക എന്നിവയ്ക്കും കുട്ടിക്ക് അവകാശമുണ്ട്.

ഭാഗം: 1. വകുപ്പ് 39: ജനവിരുദ്ധമായോ ഏകപക്ഷീയമായോ കുട്ടിയുടെ സ്വാതന്ത്ര്യം നിഷേധിക്കാൻ പാടില്ല. പീഡനം, ക്രൂരത, മനുഷ്യത്വരാഹിത്യം എന്നിവയിൽ നിന്ന് കുട്ടിക്ക് രക്ഷ ലഭിക്കണം. നിന്ദ്യമായ പെരുമാറ്റങ്ങളോ ശിക്ഷകളോ പാടില്ല. (കുട്ടികളുടെ അവകാശ ഉടമ്പടി, പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസ് (എറണാകുളം: 2002) 2-13.

**അനുബന്ധം 30**

## പഠനപ്രവർത്തനങ്ങളും അവയുടെ ലഘുവിവരണവും

കഥ എന്ന വ്യവഹാരരൂപവുമായി ബന്ധപ്പെട്ട പ്രവർത്തനം മാത്രമാണ് നൽകിയിട്ടുള്ളത്. കഥാപാഠങ്ങളിലെ ഉള്ളടക്കപരമായ പ്രവർത്തനങ്ങളും ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നൽകിയിട്ടില്ല.

### ഭാഷണപ്രവർത്തനങ്ങൾ

**സ്റ്റാന്റേർഡ് ഒന്ന്:**

1. കഥ പറയാം ഈ പ്രവർത്തനത്തിൽ മൂന്നു കഥാസന്ദർഭങ്ങൽ നൽകിയിട്ടുണ്ട് അത് കഥയാക്കി പറയണം (അ.സ.പു. 87)
2. കഥമാറ്റിപ്പറയൽ : കുറുക്കൻ മുന്തിരി പറിക്കാൻ പോയ കഥ, കാക്കയോട് പാട്ടുപാടാൻ പറഞ്ഞ കഥ - ഇവ മാറ്റിപ്പറയണം (അ.സ.പു. 148)
3. കഥപറയാം : കുട്ടികൾ മുത്തശ്ശിയുമായി ബന്ധപ്പെട്ട കഥകൾ പറയുകയും മറ്റു കുട്ടികൾ അവ മനസ്സിലാക്കി പറയുകയും വേണം (അ.സ.പു. 157)
4. കഥകൾ കഥകൾ : പൂച്ച അപ്പം പങ്കുവെച്ചകഥ, കുറുക്കന്റെ വാലുമുറിഞ്ഞ കഥ, മത്തങ്ങാമുത്തശ്ശിയുടെ കഥ പറയൽ (പാ പു പു 82)
5. കുറുക്കൻ പറഞ്ഞത് : കഥാസന്ദർഭങ്ങൾ, ചിത്രങ്ങൾ എന്നിവ ചൂണ്ടിക്കാട്ടി ചോദ്യം ചോദിക്കാനും സംഭാഷണം നടത്താനും അവസരമുണ്ടാക്കുക. (അ.സ.പു 55)
6. കഥയുണ്ടാക്കാമോ? ലഘുചോദ്യങ്ങളിലൂടെയും കുട്ടികളുടെ പങ്കാളിത്തത്തോടെയും കഥയുണ്ടാക്കുക (അ.സ.പു. 55)
7. കഥയുണ്ടാക്കാമോ : ഒന്നുരണ്ടു കഥകൾ ചുരുക്കി നൽകിയിട്ടുണ്ട്. കൂടുതൽ കഥകൾ ചിത്രം നോക്കി തയ്യാറാക്കി പറയണം (അ.സ.പു. 56)
8. കഥകൾ : പാഠഭാഗത്തിലെ ജീവികളെ ബന്ധപ്പെടുത്തി കഥയുണ്ടാക്കാം (അ.സ.പു. 91)
9. കഥ പറയാം : ചോദ്യങ്ങളിലൂടെ കുട്ടികളെക്കൊണ്ട് കഥ വികസിപ്പിച്ചു പറയുന്ന പ്രവർത്തനമാണിത്. (അ.സ.പു. 106)
10. ചിത്രകഥ അവതരണം : കുട്ടികൾ ചിത്രം നിരീക്ഷിക്കുകയും ലഘുചോദ്യങ്ങളിലൂടെ കഥ പറയിക്കുകയും ചെയ്യുക. (അ.സ.പു. 109)
11. കഥക്കുള്ളിൽ : കഥാപാത്രങ്ങൾ പരസ്പരം സംസാരിച്ചത് മനസ്സിൽ വിചാരിച്ചത് എന്തെല്ലാം തുടങ്ങിയ കാര്യങ്ങൾ ചോദ്യങ്ങളിലൂടെ പുറത്തു കൊണ്ടുവരൽ (അ.സ.പു. 110)
12. കഥയുണ്ടാക്കൽ : പാഠത്തിലെ ചിത്രവുമായി ബന്ധപ്പെട്ട കഥയുണ്ടാക്കൽ (അ.സ.പു. 123, പാ പു.പു. 60,61) താറാവിനെപോലെ നീന്താൻ കൊതിച്ച മുയലിന്റെ കഥ.
13. കഥ പറയാം : ചിത്രം നോക്കി കഥ പറയാനുള്ള പ്രവർത്തനം (പാ.പു.പു.73)
14. കഥ പറയാമോ : കുറുക്കനും മുന്തിരിയും ചിത്രകഥ - ചിത്രംനോക്കി കഥപറയൽ (അ.സ.പു. 147)
15. കഥ പറയൽ : ചിത്രത്തിലെ കഥാപാത്രങ്ങളായ സിംഹം, തവള, കുറുക്കൻ ഇവരുടെ മറ്റു കഥകൾ ശേഖരിച്ച് പറയൽ (അ.സ.പു. 162)

16. കുറുക്കനും തേളും : കുറുക്കന്റെ വാലിൽ തേളു കുത്തിയ കഥ വികസിപ്പിച്ചു പറയൽ (അ.സ.പു. 170)

**സ്റ്റാന്റേർഡ് രണ്ട്:**

17. കഥ വികസിപ്പിക്കാം : ചോദ്യങ്ങളിലൂടെ കഥ വികസിപ്പിച്ചു പറയൽ (അ.സ.പു. 63,72)
18. കഥ പറയൽ : ചിത്രത്തിലെ കഥാപാത്രങ്ങളുമായി ബന്ധപ്പെട്ട കഥകൾ സംഘങ്ങളിൽ ആലോചിച്ചു പറയൽ (അ.സ.പു. 122)
19. കഥ പറയാം : ചിത്രങ്ങൾ നോക്കൂ. അവയിലുള്ള സംഭവങ്ങൾ ചേർത്ത് കഥയുണ്ടാക്കി പറയൽ (പാ പു.പു. 95)
20. ഇഷ്ടപ്പെട്ടതാരെ : ഇഷ്ടപ്പെട്ട കഥാപാത്രമേത് എന്തുകൊണ്ടിഷ്ടപ്പെട്ടു എന്നും പറയണം. (അ.സ.പു. 119)
21. ചർച്ച : വായിച്ച കഥയെക്കുറിച്ച് കുട്ടികൾ പരസ്പരം ചർച്ച (അ.സ.പു. 144)

**സ്റ്റാന്റേർഡ് മൂന്ന്:**

22. കഥ പറയാം : കുഞ്ഞനാനയുടെ കഥയിൽ മാറ്റം വരുത്തി മറ്റൊരു കഥപറയൽ. (പാ.പു.പു. 9)
23. ചോദ്യം കൊണ്ടൊരുകഥ : പരിചിതമായൊരു കഥയുടെ തുടക്കം അവതരിപ്പിക്കുന്ന പിന്നീട് ചോദ്യങ്ങളിലൂടെ കഥ വികസിപ്പിക്കുന്നു. അധ്യാപിക ക്രമമായി ചോദ്യങ്ങൾ ചോദിക്കണം (അ.സ.പു. 103)
24. കഥ പറയാം സൂചനയിൽനിന്ന് : കഥാസൂചന നൽകുന്ന കഥ പൂർത്തിയാക്കി പറയണം (അ.സ.പു. 112)
25. ഞാൻ പാതി.... നീ പാതി: ഒരു കഥയുടെ ആദ്യത്തെ രണ്ടു വാക്യവും മൂന്നാമത്തെ വാക്യത്തിന്റെ പകുതിയും മുറിയാതെ പറയണം സംഘമായി കഥ പൂർത്തിയാക്കണം. (അ.സ.പു.128)
26. കഥ തുന്നിചേർക്കാം : ടീച്ചർ ഒരു വാക്ക് പറയും ഓരോ കുട്ടിയും ഓരോ വാക്ക് പറഞ്ഞ് കഥ പൂർത്തിയാക്കണം.

**സ്റ്റാന്റേർഡ് നാല്:**

27. അറിയാമോ പറയാമോ : കാക്കയും കുറുക്കനും കൗശലക്കാരാണ് ഇവരുടെ കൗശലം നിറഞ്ഞ കഥകൾ പറയൂ (പാ.പു.പു. 24)
28. ക്രമത്തിൽ പറയൽ : പാഠത്തിലെ പ്രധാനസംഭവങ്ങൾ കണ്ടെത്തി ക്രമത്തിൽ പറയണം. (അ.സ.പു. 101)
29. തുന്നിചേർക്കാം : ടീച്ചർ ഒരു വാക്ക് പറയും ഓരോ കുട്ടിയും ഒരു വാക്കുവീതം പറഞ്ഞ് കഥ പൂർത്തിയാക്കൽ (അ.സ.പു 101)

## വായന പ്രവർത്തനങ്ങൾ

**സ്റ്റാന്റേർഡ് ഒന്ന്:**

30. ചിത്രവായന (അ.സ.പു. 31)
31. ചിത്രം നോക്കി കഥ പറയൽ (അ.സ.പു. 31)
32. ചിത്രകഥ, ഭാഗങ്ങൾ ക്രമപ്പെടുത്തൽ (അ.സ.പു. 31)
33. ചിത്രകഥകളിൽ വായിച്ചുകേട്ട ഭാഗം എവിടെ എന്നു കണ്ടെത്തൽ (അ.സ.പു. 31)
34. കഥാപുസ്തകം പരിചയപ്പെടൽ (അ.സ.പു. 31)
35. കഥാപാത്രങ്ങളെ ചിത്രങ്ങളിൽ നിന്നും തിരിച്ചറിയൽ (അ.സ.പു. 31)
36. ബാലമാസിക വായന: ചിത്രകഥകൾ പറഞ്ഞശേഷം വായിക്കാൻ അവസരം നൽകുക. ഗ്രൂപ്പുതലത്തിൽ വായിക്കൽ (അ.സ.പു 168)
37. കഥാവായന : കഥാചിത്രം വായിക്കൽ (അ.സ.പു. 147)
38. കോഴിയും കുറുക്കനും : 'എന്നെ കിട്ടൂല' കഥയുടെ പുനർവായന (അ.സ.പു. 148)
39. കഥ പുനർവായന : 'മത്തങ്ങാമുത്തശ്ശി' പുനർവായന (അ.സ.പു. 157)

**സ്റ്റാന്റേർഡ്: രണ്ട്**

40. കഥയുടെ അപ്പുറത്തേക്ക് : കഥ വായിച്ചശേഷം കഥക്ക് അപ്പുറത്ത് എന്തു സംഭവിക്കുമെന്ന് ഭാവനാത്മകമായി കണ്ടെത്തുക. ഇതിനായി കഥക്കപ്പുറത്തു സംഭവിക്കാനിടയുള്ള (അ.സ.പു. 80) കാര്യങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കണം.
41. വായിക്കാം രസിക്കാം : ആനിയുടെ കൂട്ടുകാർ, രാജാവിന്റെ ധൈര്യം എന്നീ രണ്ടുകഥകൾ വായിക്കാനായി നൽകിയിട്ടുണ്ട്. (അ.സ.പു. 80) (അ.സ.പു. 88) കാര്യങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കണം.
42. വായിക്കാം രസിക്കാം : ആനിയുടെ കൂട്ടുകാർ, രാജാവിന്റെ ധൈര്യം എന്നീ രണ്ടുകഥകൾ വായിക്കാനായി നൽകിയിട്ടുണ്ട്. (അ.സ.പു. 108-110)
43. ഛെ... ഛെ വായന: ടീച്ചർ തെറ്റിച്ചു വായിക്കൽ കുട്ടികൾ തിരുത്തൽ (അ.സ.പു. 60)

**സ്റ്റാന്റേർഡ്: മൂന്ന്**

44. അറിഞ്ഞുകൊണ്ട് വായിക്കാം: ഉചിതമായ ഭാവത്തിലും വേണ്ടിടത്ത് നിർത്തിയും അർത്ഥപൂർത്തിയോടെ വായിക്കുന്നതു കേൾക്കാൻ അവസരമൊരുക്കുന്നു. അധ്യാപിക വായിക്കുമ്പോൾ കുട്ടികൾ വിരൽവെച്ച് കൂടെ വായിക്കുകയും തുടർന്ന് മൂന്നുകുട്ടികളെക്കൊണ്ട് വായിപ്പിക്കുകയും ഏതാണ് നന്നായതെന്ന് എന്തുകൊണ്ട് എന്നും കുട്ടികളെക്കൊണ്ട് പറയിപ്പിക്കുന്നു. ഈ പ്രവർത്തനം ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. (അ.സ.പു. 49, 96)
45. സന്ദർഭം പറയാം : പാഠം വായിക്കൽ. ശ്രദ്ധയിൽ പെട്ട ചില പദങ്ങൾ ബോർഡിൽ എഴുതൽ. അവ വരുന്ന ഖണ്ഡിക കുട്ടികൾ കണ്ടെത്തട്ടെ. (അ.സ.പു. 47)
46. കണ്ടെത്താം വായിക്കാം : ഈ കഥയിൽ സന്തോഷം, മാർഗം, ഭക്ഷണം, സങ്കടം, അലിവ്, എന്നീ പദങ്ങൾ വരുന്ന വാക്യങ്ങൾ കണ്ടെത്തു വായിക്കൂ. അവയ്ക്കുപകരം വരുന്ന ഏതൊക്കെ വാക്കുകൾ എഴുതാം. ഇതിൽ കുഞ്ഞിക്കുരുവികൾ പറഞ്ഞ കാര്യങ്ങൾ കണ്ടെത്തു. (പാ.പു.പു.8)
47. അറിഞ്ഞുവായന : പാഠഭാഗവും ഭാവം ഉൾക്കൊണ്ടുവായന. വിലയിരുത്തൽ മാനദണ്ഡങ്ങൾ കുട്ടികൾ കണ്ടെത്തുന്നു. കുട്ടികളുടെ വായന വിലയിരുത്തുന്നു. (അ.സ.പു. 63)
48. അയ്യേ തെറ്റ് : വായനക്കിടയിൽ ടീച്ചർ ചില പദങ്ങൾ ചില വരികൾ വിട്ടും തെറ്റിച്ചും വായിക്കൽ. തെറ്റ് കുട്ടികൾ കണ്ടെത്തി പറയണം (അ.സ.പു.94)
49. ഞങ്ങൾ വായിക്കാം : ഗ്രൂപ്പുതിരിഞ്ഞ് കഥയെന്താണ് ഊഹിക്കുന്നു. ഊഹം ശരിയാണോ എന്ന് വായനയിലൂടെ കണ്ടെത്തുന്നു (അ.സ.പു. 105)
50. വായിക്കാം രസിക്കാം : നീലത്തടാകത്തിലെ കൂട്ടുകാർ കഥ വായിക്കൽ (അ.സ.പു. 162,163)
51. ചിത്രം വായിക്കാം : 'സുന്ദരിപ്പൂവ് തളർന്നപ്പോൾ' എന്ന പാഠത്തിലെ ഒന്നാമത്തെ ചിത്രം കുട്ടികൾ പരിശോധിക്കട്ടെ. സങ്കടമോ സന്തോഷമോ ? കാരണം ഊഹിച്ചെഴുതുക. പാഠം വായിച്ച് ഊഹം ശരിയാണോ എന്ന് പരിശോധിക്കൂ. (അ.സ.പു. 157)

**സ്റ്റാന്റേർഡ്: നാല്**

52. ചിത്രംനോക്കി കഥ : ചിത്രം നോക്കി പറയുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് കഥ വായിച്ച് കണ്ടെത്തൽ.
53. വായിക്കാം രസിക്കാം : ഏറ്റവും വലിയ വിഡ്ഢി, തെന്നാലികഥ എന്നിവ വായിച്ചശേഷം തുടർപ്രവർത്തനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. (അ.സ.പു.61-66)
54. മാണിക്യംതേടി : കഥ വായിച്ച് പ്രധാനാശയം കണ്ടെത്തൽ (പാ.പു.പു.22- 24)
55. ചിത്രംവായന : ചിത്രം നോക്കികഥാസന്ദർഭം ഊഹിച്ചുപറയൽ. ഊഹം ശരിയാണോ എന്ന് സംഘമായി വായിച്ചു നോക്കട്ടെ. (അ.സ.പു. 94)
56. സന്ദർഭം പറയാം കണ്ടെത്താം : സന്ദർഭം പറയുന്നു. ആ സന്ദർഭമുള്ള ഖണ്ഡിക കണ്ടെത്തുന്നു. സന്ദർഭം വിശദമാക്കുന്നു (അ.സ.പു. 95)
57. പുസ്തകത്തിലൂടെ ഓടാം : മൗനവായനക്കുശേഷം ചില പദങ്ങൾ വാക്യങ്ങൾ കണ്ടെത്തൽ (അ.സ.പു. 106)

58. ചിത്രവായന : ചിത്രം നോക്കി കഥ പറയൽ ശരിയാണോ എന്നറിയാൻ വായന. (അ.സ.പു. 100)

### ലേഖനപ്രവർത്തനങ്ങൾ

**സ്റ്റാന്റേർഡ്: ഒന്ന്**

59. കുട്ടികളുടെ കഥ : കുട്ടികൾ പറയുന്ന കഥകൾ ബോർഡിലെഴുതാൻ അവ ക്രമപ്പെടുത്തി കുട്ടികൾ കഥയുണ്ടാക്കുന്നു. (അ.സ.പു. 164)

**സ്റ്റാന്റേർഡ്: രണ്ട്**

60. കഥയുണ്ടാക്കൽ : ജീവികൾ കഥാപാത്രമായിവരുന്ന കഥയുണ്ടാക്കൽ. ജീവികളുടെ പേര് ബോർഡിൽ എഴുതൽ. സംഘമായി കഥയുണ്ടാക്കി എഴുതൽ (അ.സ.പു. 73)
61. കഥ നിർമ്മിക്കാം : പാഠപുസ്തകത്തിലെ ചിത്രത്തിന്റെ അടിസ്ഥാനത്തിൽ മൃഗങ്ങൾ തമ്മിൽ പറയാനിടയുള്ള സംഭാഷണമെഴുതി കഥയുണ്ടാക്കൽ. (അ.സ.പു. 126)
62. കഥയുണ്ടാക്കൽ : ചോദ്യത്തിലൂടെ കഥവികസിപ്പിച്ചെഴുതൽ (അ.സ.പു. 132)
63. കഥയറിയാമോ? : മുത്തശ്ശിയുടെ മുതുകെന്താ വളഞ്ഞിരിക്കുന്നത്, 'അതോ, ആകാശമെന്റെ മുതുകത്തു വീണതാ.' ഇതു പോലുള്ള ചോദ്യോത്തരങ്ങൾ തയ്യാറാക്കൽ. (പാ.വു.പു. 58)
64. കഥാപ്രശ്നങ്ങൾ നിർമ്മിക്കാം : കഥയിലേക്കു നയിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തി കഥ എഴുതൽ . (അ.സ.പു. 134)
65. കഥ വികസിപ്പിക്കൽ : ഓരോ ഗ്രൂപ്പും ഓരോ കഥയുണ്ടാക്കി നൽകണം. വിഷയം മുൻകൂട്ടി നൽകണം. പറഞ്ഞും എഴുതിയും അവതരണം (അ.സ.പു. 157)
66. കഥ വികസിപ്പിക്കൽ : കുട്ടികൾ കഥ സ്വയം വികസിപ്പിക്കൽ (അ.സ.പു. 61)
67. സന്ദർഭം ഊഹിക്കൽ : കഥാസന്ദർഭം ഊഹിച്ച് എഴുതൽ. ഊഹവും ശരിക്കുള്ള കഥയും എത്രമാത്രം പൊരുത്തപ്പെടുന്നു. (അ.സ.പു. 117)
68. ഇഷ്ടപ്പെട്ടതാരെ : ഇഷ്ടപ്പെട്ട കഥാപാത്രമേത് എന്തുകൊണ്ടിഷ്ടമായി എന്നും എഴുതണം. (അ.സ.പു. 119)
69. കഥാസന്ദർഭത്തെ സംഭാഷണമാക്കൽ (പാ.പു.പു.89)
70. കഥയുണ്ടാക്കാം : പാഠത്തിലെ ചിത്രം നോക്കി കഥ തയ്യാറാക്കൽ (അ.സ.പു. 181)

**സ്റ്റാന്റേർഡ്: മൂന്ന്**

71. കഥ പറയാം മറിച്ചു പറയാം: വിശന്നു വരുന്ന കുഞ്ഞനാനക്ക് കുരുവി മാന്ത്രികപ്പഴമാണ് നൽകിയിരുന്നതെങ്കിൽ എന്തു സംഭവിക്കും. കുട്ടികൾ പറയട്ടെ. എഴുതട്ടെ. ചുവർമാസിക തയ്യാറാക്കണം - ഗ്രൂപ്പു പ്രവർത്തനം. (അ സ പു 50)
72. നിങ്ങൾക്കുചിറകുമുളച്ചാൽ : നിങ്ങൾക്കു ചിറകുമുളച്ചാൽ എവിടെയെല്ലാം പോകും നിങ്ങൾ കാണാനിടയുള്ള കാഴ്ചകൾ എന്തൊക്കെയായിരിക്കും. ഭാവനാത്മക രചന. രണ്ടുപേർ ചേർന്ന് എഴുതട്ടെ അവതരണം. (അ.സ.പു. 50)
73. എഴുതാം : ആകാശത്തുനിന്നും താഴേക്കു നോക്കിയ കുഞ്ഞനാന കണ്ട കാഴ്ചകൾ എഴുതു. (പാ.പു.പു. 9)
74. ഇഷ്ടമാണ് ഇഷ്ടമല്ല: കഥ ഇഷ്ടമായോ ഇല്ലയോ എന്ന് കുട്ടികൾ എഴുതണം. എന്തുകൊണ്ടിഷ്ടമായി എന്നും എഴുതണം. (അ.സ.പു. 68, അ.സ.പു. 97)
75. ചിത്രം വായന : പാഠത്തിലെ പേജ് 36, 37ലെ ചിത്രം കാണുക. ചിത്രത്തിലെ സംഭവത്തിനു ശേഷം സംഭവത്തിനുമുമ്പ് എന്തു സംഭവിച്ചിരിക്കും ഊഹിച്ചെഴുതുക. (അ.സ.പു. 105)
76. കഥ പൂർത്തിയാക്കൂ : കഥയുടെ വിട്ടഭാഗം പൂർത്തിയാക്കണം. പുലിയെ ആമ വിഡ്ഢിയാക്കിയ കഥ (പാ.പു.പു. 54)
77. ഓലപ്പന്ത് കഥ പറഞ്ഞാൽ : ഓലപ്പന്ത്, കളിവാച്ച്, കാറ്റാടി എന്നിവ സ്വന്തം കഥ പറഞ്ഞാൽ എങ്ങനെയിരിക്കും. സംഘമായി എഴുതു. ചുമർ പത്രിക തയ്യാറാക്കൂ. (അ.സ.പു. 145)
78. എന്റെ കഥ : കടലാസു തോണി തന്റെ കഥ പറഞ്ഞാൽ എങ്ങനെയിരിക്കും. (പാ.പു.പു. 73)

79. ചിത്രംനോക്കി പറയൂ : കഥയിലെ മൂന്നാമത്തെ ചിത്രം വിലയിരുത്തി എഴുതൂ. ഒന്നാമത്തെ ചിത്രവുമായി എന്തുമാറ്റമാണ് ഉള്ളതെന്ന് കണ്ടെത്തൂ. (പാ.പു.പു.79)
80. കഥകൾ കഥകൾ : കഥാസൂചന നൽകിയിട്ടുണ്ട്. വിപുലമാക്കി എഴുതൂ. (പാ.പു.പു. 81)
81. കഥ മാറ്റി എഴുതാം : കിടന്നു മടുത്ത കുഞ്ഞിക്കിളി പുറത്തിറങ്ങി എല്ലാവരും സങ്കടത്തോടെ ഇരിപ്പാണ്. എന്തോ സംഭവിച്ചിട്ടുണ്ട് തീർച്ച. കഥ മാറ്റി എഴുതാം. (അ.സ.പു. 161)
82. അടിക്കുറിപ്പെഴുതാം : പാഠഭാഗത്തിലെ ചിത്രമാണ് ഓരോ ഗ്രൂപ്പും രണ്ടുവീതം അടിക്കുറിപ്പെഴുതണം. (അ.സ.പു. 161)
83. മാറ്റിപ്പറയാം : കുറുക്കൻ കോഴിയുടെ അടുത്തെത്തി, കോഴിക്ക് കൂകാൻ കഴിഞ്ഞില്ല. പിന്നീടെന്തുസംഭവിച്ചിരിക്കും. രക്ഷപ്പെടാനുള്ള മാർഗ്ഗം പറഞ്ഞ് പൂവാലന് കത്തെഴുതട്ടെ. (അ.സ.പു. 169)
84. നിറുത്താതെ കഥ പറയൽ : കുറുക്കൻ തപ്പിത്തടഞ്ഞ് എഴുന്നേറ്റു. തിരിഞ്ഞുനോക്കാതെ ഓടടാ ഓട്ടം. തുടർന്ന് നിർത്താതെ കഥ തുടരണം കഥ തുടരാനാവാത്ത കുട്ടികൾ കളിയിൽ നിന്നും പുറത്താവും തുടർന്ന് ബോർഡിൽ വാക്യങ്ങൾ എഴുതണം. ഓരോ ഗ്രൂപ്പും കഥ പൂർത്തിയാക്കി എഴുതണം. (അ.സ.പു. 169)
85. കഥകൾ കഥകൾ സൂചനയിൽനിന്നും കഥ പൂർത്തിയാക്കി എഴുതൽ (പാ.പു.പു.93)
86. എന്ത്? എങ്ങനെ? എന്തുകൊണ്ട്? ഈ രഹസ്യം ആരോടും പറയരുത് എന്ന കഥയിലെ ഉള്ളടക്കം ചോദ്യങ്ങൾ. (പാ. പു. പു 16)

**സ്റ്റാന്റേർഡ്; നാല്**

87. കഥകൾ കഥകൾ : കഥ വികസിപ്പിച്ചെഴുതൽ വായിച്ചവതരണം (പാ.പു.പു. 19)
88. എഴുതാം : കാക്കയും കുറുക്കനും തമ്മിലുള്ള സംഭാഷണം എഴുതി തയ്യാറാക്കി അവതരണം (പാ.പു.പു.25)
89. കഥകൾ കഥകൾ : കഥ പൂർത്തിയാക്കി എഴുതൽ (പാ.പു.പു. 27)
90. കൊതിയന്റെ സൂത്രം : വെറിയൻ കാക്ക കുറുക്കനെ പറ്റിക്കാൻ കണ്ടു പിടിച്ച സൂത്രം കുട്ടികൾ കണ്ടെത്തി എഴുതട്ടെ. ക്ലാസ്സിൽ അവതരിപ്പിക്കട്ടെ. (അ.സ.പു. 73)
91. എന്റെ കഥ : ചെറുസംഘങ്ങളിൽ പരിചിതമായ വസ്തു, ജീവികളെ കുറിച്ച് ആത്മകഥാരൂപത്തിൽ എഴുതൽ. (അ.സ.പു.84)
92. വിവരിക്കാം : എനിക്ക് സ്വർണ്ണപെൻസിൽ കിട്ടിയാൽ എന്ന മട്ടിൽ ആലോചിച്ച് എഴുതൽ (പാ.പു.പു 47)
93. കഥപൂർത്തിയാക്കാം : കഥ വികസിപ്പിച്ചെഴുതൽ (അ.സ.പു. 96)
94. അങ്ങനെയായാൽ : മാന്ത്രികച്ചെപ്പ് നിങ്ങൾക്കു കിട്ടിയാൽ എന്തെല്ലാം ചെയ്യും. കഥാരൂപത്തിലെഴുതൂ (അ.സ.പു. 96)
95. ഗാന്ധിജി സ്വയം പറഞ്ഞാൽ : പാഠത്തിലെ സംഭവം ഗാന്ധിജി സ്വയംപറഞ്ഞാൽ എങ്ങനെയായിരിക്കും. ഗ്രൂപ്പായി എഴുതൂ (അ.സ.പു.111)
96. സന്ദർഭം സംഭാഷണം : പാഠത്തിലെ സംഭാഷണസന്ദർഭങ്ങൾ കണ്ടെത്തി സംഭാഷണമെഴുതുക. (അ.സ.പു. 116)
97. കഥാപാത്രങ്ങൾ പ്രത്യേകതകൾ : കഥയിലെ പ്രധാന കഥാപാത്രങ്ങൾ അവരുടെ പ്രത്യേകതകൾ എന്നിവ കണ്ടെത്തി എഴുതൂ (അ.സ.പു. 117)
98. കഥയുണ്ടാക്കൂ : ആനയുടെ തുമ്പിക്കൈ നീണ്ട കഥ, ആമക്ക് കട്ടിയുള്ള പുറന്തോട് ഉണ്ടായ കഥ. ഗ്രൂപ്പിൽ ചർച്ച ചെയ്ത് എഴുതൂ. (അ.സ.പു. 120)
99. കഥ പൂർത്തിയാക്കൽ : കഥയുടെ ആദ്യഭാഗം നൽകുക. സംഘമായും ഒറ്റക്കും കഥ പൂർത്തിയാക്കി എഴുതുക (അ.സ.പു. 130)
100. സന്ദർഭം സംഭാഷണം : മത്സരം കാണാനെത്തിയവർ തമ്മിൽ പറഞ്ഞ കാര്യങ്ങൾ എന്തൊക്കെയായിരിക്കും. സംഭാഷണമെല്ലാം (അ.സ.പു.130)

101. കഥകൾ കഥകൾ കുളക്കോഴിക്ക് ദേഷ്യം വന്നപ്പോൾ കുറുക്കൻ പറഞ്ഞത് എന്തെല്ലാം? എഴുതി നോക്കൂ (പാ.പു.പു.77)

**കഥാപ്രകടനം**

**സ്റ്റാന്റേർഡ്: ഒന്ന് :**

102. കഥാസദസ്സുകൾ : കുട്ടികൾ ഗ്രൂപ്പായി മാറുക. ഓരോഗ്രൂപ്പും മാറിമാറി കഥ പറയൽ (അ.സ.പു. 163)

**സ്റ്റാന്റേർഡ്: രണ്ട്**

103. ചുമർപത്രിക : തയ്യാറാക്കിയ കഥകൾ ചേർത്ത് ചുമർമാസിക തയ്യാറാക്കി അവതരിപ്പിക്കൽ (അ.സ.പു. 94, 112, 136, 145)

**സ്റ്റാന്റേർഡ്: മൂന്ന്**

104. അഭിനയസാധ്യത കണ്ടെത്താം : പാഠം വായിച്ച് അഭിനയസാധ്യത കണ്ടെത്തൽ (അ.സ.പു. 63)
105. മൂകാഭിനയം : കുട്ടികൾക്ക് പരിചിതമായ കഥയെ എങ്ങനെ അഭിനയ രൂപത്തിലേക്ക് മാറ്റാം. കഥയിലെ സന്ദർഭങ്ങൾ നറുക്ക് എഴുതി ഇടുക. നറുക്കിൽ എഴുതിയ സന്ദർഭം നിശ്ശബ്ദമായി അഭിനയിച്ചു കാണിക്കണം. മറ്റു കുട്ടികൾ സന്ദർഭം പറയണം. (അ.സ.പു. 65)
106. അഭിനയിക്കാം രസിക്കാം : കൊമ്പുമുളച്ചപ്പോൾ സിംഹം ചെയ്തത് എന്തൊക്കെ അഭിനയിച്ചുകാണിക്കൂ (അ.സ.പു. 67)
107. പൊതിക്കളി : സന്ദർഭങ്ങൾ എഴുതിയ ഒരു പൊതി എല്ലാവർക്കും നൽകും. കിട്ടിയ സന്ദർഭം അഭിനയിച്ചു കാണിക്കണം. (അ.സ.പു. 92)
108. അഭിനയിക്കാം : ആനയും മുയലും തമ്മിലുള്ള സംഭാഷണം കുറുക്കനും ആനയും തമ്മിലുള്ള സംഭാഷണം (പാ.പു.പു.40)
109. നാടകമാക്കുമ്പോൾ : കഥയെ നാടകമാക്കി അവതരിപ്പിക്കൽ. കഥയിലെ പ്രധാനസംഭവങ്ങൾ പറയുമ്പോൾ കുട്ടികൽ അതുപോലെ അഭിനയിക്കണം. (അ.സ.പു. 108)
110. അഭിനയിക്കാം : ഓരോ ഗ്രൂപ്പിനും ലഭിച്ച അഭിനയസന്ദർഭത്തിനുള്ള സംഭാഷണം തയ്യാറാക്കി അഭിനയിക്കണം. ഓരോ സന്ദർഭവും രണ്ട് ഗ്രൂപ്പുകൾക്ക് നൽകണം. മികച്ചതു കണ്ടെത്തണം. (അ.സ.പു. 169)

**സ്റ്റാന്റേർഡ്: നാല്**

111. റോൾപ്ലേ : ആനപ്പൂട എന്ന കഥയിലെ റോൾപ്ലേസാധ്യതയുള്ള സന്ദർഭങ്ങൾ ഏതെല്ലാം. നറുക്കിലെഴുതിയിടുക. നറുക്ക് കിട്ടിയ ഗ്രൂപ്പ് സന്ദർഭം റോൾപ്ലേ ആയി എഴുതണം. (അ.സ.പു. 58)
112. അഭിനയിക്കാം : ആനക്കാരുമായുള്ള സംഭാഷണം തയ്യാറാക്കി അഭിനയിക്കൽ (പാ.പു.പു. 18)
113. സംഭാഷണങ്ങൾ പറയാം എഴുതാം : പാഠത്തിലെ സംഭവങ്ങൾ റോൾപ്ലേ ആയി അവതരിപ്പിക്കണം. (അ.സ.പു. 72)
114. റോൾപ്ലേ, നാടകം : ഓരോ ഗ്രൂപ്പും പഞ്ചേന്ദ്രിയങ്ങൾ പിണങ്ങിയാലുള്ള സംഭാഷണം റോൾപ്ലേ ആയി അവതരിപ്പിക്കണം. പിന്നീട് സംഭാഷണമെഴുതി നാടകമാക്കി അവതരിപ്പിക്കാം. (അ.സ.പു. 85) അഭിനയിക്കാം രസിക്കാം : അഭിനയസാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി, സംഭാഷണം തയ്യാറാക്കി അഭിനയിക്കൽ (അ.സ.പു. 95)
115. ചിത്രം വരക്കാം ഉണ്ണിക്കുട്ടന്റെ സ്വർണ്ണപെൻസിൽ നിങ്ങൾക്കാണ് കിട്ടിയതെങ്കിൽ നിങ്ങളെന്താണ് വരക്കുക അവ വരയ്ക്കൂ. (പാ.പു.പു. 45)
116. അഭിനയിക്കാം ആന മത്സരത്തിനൊരുങ്ങുന്നത്, ആനയും ആമയും മുതലയും തമ്മിലുള്ള സംഭാഷണം (അ.സ.പു. 129)
117. ചിത്രം വരക്കാം കഥയുണ്ടാക്കാം : ചിത്രങ്ങൾ വരച്ച് കഥ വികസിപ്പിക്കൽ (അ.സ.പു. 91)

(അ.സ.പു. : അധ്യാപകസഹായിപുറം, പാ.പു.പു. : പാഠപുസ്തകാപുറം)

**അനുബന്ധം: 31**

**പുതിയ പാഠ്യപദ്ധതി ഘട്ടത്തിലെ ഒന്നുമുതൽ നാലുവരെ ക്ലാസിലെ കഥയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വർഗീകരണ ചാർട്ട്**

| ഭാഷാശേഷി | തലം | പ്രവർത്തനങ്ങൾ (ക്ലാസ്) സ്വാഭാവിക പ്രവർത്തനങ്ങൾ | യാന്ത്രിക പ്രവർത്തനങ്ങൾ |
|---|---|---|---|
| ഭാഷണം | സർഗ്ഗാത്മക തലം | കഥ പറയാം (1) കഥ മാറ്റിപ്പറയൽ (1) കഥ പറയാം (1) കഥയുണ്ടാക്കാമോ (1) കഥകൾ കഥകൾ (1) കഥ പറയാം (1) കഥക്കുള്ളിൽ (1) കഥയുണ്ടാക്കൽ (1) കഥകൾ (1) കഥ വികസിപ്പിക്കാം (2) ചോദ്യംകൊണ്ടോരു കഥ (3) | ഞാൻ പാതി.... നീ പാതി (3) കഥ തുന്നി ച്ചേർക്കാം (3) കഥ തുന്നി ച്ചേർക്കാം (4) |
| | (സർഗ്ഗാത്മക പ്രകടനം) | കുറുക്കൻ പറഞ്ഞത് (1) കഥയുണ്ടാക്കാമോ (1) കഥ പറയൽ (1) കുറുക്കനും തേളും (1), കഥ പറയൽ (1), കഥ പറയൽ (1), കഥ പറയൽ (2) കഥ പറയാം (2) കഥ പറയാം (3) സൂചനയിൽ നിന്നും കഥ പൂർത്തിയാക്കൽ (3) അറിയാമോ പറയാമോ (4) | |
| | നിരൂപണാത്മകതലം | ചിത്രകഥ അവരണം (1) ഇഷ്ടപ്പെട്ടതാരെ (2) ചർച്ച (2) | ക്രമത്തിൽ പറയൽ (4) |
| വായന | ആശയഗ്രഹണതലം | ചിത്രകഥ ഭാഗങ്ങൾ ക്രമപ്പെടുത്തൽ (1) ചിത്രകഥയിൽ വായിച്ചുകേട്ട ഭാഗം എവിടെ എന്നു കണ്ടെത്തൽ (1) കഥാപുരസ്കാരം തിരിച്ചറിയൽ (1) കഥാപാത്രങ്ങളെ ചിത്രത്തിൽ നിന്നും തിരിച്ചറിയൽ (1) അറിഞ്ഞു കൊണ്ട് വായിക്കാം (3) മാണിക്യം തേടി (4) | ഛെ. ഛെ. വായന (2) സന്ദർഭം പറയാം (3) കണ്ടെത്താം വായിക്കാം (3) അയ്യേ തെറ്റ് വായന (3) പുസ്തകത്തിലൂടെ ഓടാം (4) |
| | നിരൂപണാത്മകതലം | കഥക്കുമപ്പുറത്തേക്ക് (2) സന്ദർഭം പറയാം കണ്ടെത്താം (4) അറിഞ്ഞുവായന (3) | |
| | സർഗ്ഗാത്മകതലം | ചിത്രവായന (1) ചിത്രം നോക്കി കഥപറയൽ (1) ബാലമാസിക വായന (1) കഥാവായന (1), കോഴിയും കുറുക്കനും (1) കഥ പുനർവായന (1) വായിക്കാം രസിക്കാം (2) വായിക്കാം രസിക്കാം (2), ഞങ്ങൾ വായിക്കാം (3) വായിക്കാം രസിക്കാം (3) ചിത്രം വായിക്കാം (3) ചിത്രം നോക്കി കഥ (4) വായിക്കാം രസിക്കാം (4) ചിത്രം വായന (4) ചിത്രവായന (4) | |
| ലേഖനം | ആശയ ഗ്രഹണതലം | കുട്ടികളുടെ കഥ (1) എഴുതാം (3) | |
| | നിരൂപണാത്മകതലം | സന്ദർഭം ഊഹിക്കൽ (2) ഇഷ്ടപ്പെട്ടതാരെ (2) ഇഷ്ടമാണ് ഇഷ്ടമല്ല (3) ചിത്രം നോക്കി പറയൂ (3) കഥാപാത്രങ്ങൾ പ്രത്യേകതകൾ (4) | |
| | സർഗ്ഗാത്മകതലം | കഥയുണ്ടാക്കൽ (2) കഥ നിർമ്മിക്കാം (2) കഥയുണ്ടാക്കൽ (2) കഥയറിയാമോ (2), കഥാപ്രശ്നങ്ങൾ നിർമ്മിക്കാം (2), കഥ വികസിപ്പിക്കൽ (2), കഥ വികസിപ്പിക്കൽ (2), കഥയുണ്ടാക്കാം. (2) കഥ പറയാം - മറിച്ചുപറയാം (3) നിങ്ങൾക്കു ചിറകുമുളച്ചാൽ (3), ചിത്രം വായന (3) കഥ പൂർത്തിയാക്ക (3) കഥകൾ കഥകൾ (3) കഥമാറ്റി എഴുതാം (30 നിറുത്താതെ കഥ പറയൽ (3), കഥകൾ കഥകൾ (4) കൊതിയന്റെ സൂത്രം (4) കഥകൾ കഥകൾ (4) വിവരിക്കാം (4) കഥ പൂർത്തിയാക്കൽ (4) അങ്ങനെയായാൽ (4) കഥയുണ്ടാക്കൂ (4) കഥ പൂർത്തിയാക്കൽ (4) കഥകൾ കഥകൾ (4) | |
| | വ്യവഹാര രൂപ മാറ്റം | കഥാസന്ദർഭത്തെ സംഭാഷണമാക്കൽ (2) ഓലപ്പന്ത് കഥപറഞ്ഞാൽ (2) എന്റെ കഥ (3),അടിക്കുറിപ്പെഴുതാം (3), മാറ്റിപ്പറയാം കത്തെഴുതാം (3) എഴുതാം (4) എന്റെ കഥ (4) ഗാന്ധിജി സ്വയം പറഞ്ഞാൽ (4) സന്ദർഭസംഭാഷണം (4) സന്ദർഭം സംഭാഷണം (4) | |
| ആവിഷ്കാരം | ആശയ ഗ്രഹണ തലം | അഭിനയ സാധ്യത കണ്ടെത്താം (3) | |
| | നിരൂപണാത്മകതലം | അഭിനയിക്കാം (3) | |
| | സർഗ്ഗാത്മകതലം | കഥാസദസ്സുകൾ (1) ചുമർ പത്രിക (2) മൂകാഭിനയം (3) അഭിനയിക്കാം രസിക്കാം (3), പൊതിക്കളി (3) അഭിനയിക്കാം (3) നാടകമാക്കുമ്പോൾ (3) റോൾപ്ലേ (4) അഭിനയിക്കാം (4) സംഭാഷണം പറയാം എഴുതാം (4) റോൾപ്ലേ നാടകം (4) അഭിനയിക്കാം രസിക്കാം (4) ചിത്രം വരക്കാം (4) അഭിനയിക്കാം (4) ചിത്രം വരക്കാം കഥയുണ്ടാക്കാം (4). | |

### അനുബന്ധം: 32

ഒന്നുമുതൽ നാലുവരെ ക്ലാസിലെ കഥ എന്ന വ്യവഹാരരൂപത്തിൽ അനുഭവങ്ങൾ നൽകുന്നതിനായി പാഠപുസ്തകത്തിലും അധ്യാപക സഹായിയിലും നൽകിയ പ്രവർത്തനങ്ങളാണിത്. ഇവിടെ കൊടുക്കുന്ന ചില പ്രവർത്തനങ്ങൾ പല ക്ലാസുകളിലും ഓരോ ക്ലാസിലെ വിവിധ പാഠങ്ങളിലും ആവർത്തിച്ചു വന്നിട്ടുണ്ട്. എന്നാൽ അവ ആവർത്തിച്ച് നൽകിയിട്ടില്ല. പ്രവർത്തനങ്ങളുടെ ലഘുകുറിപ്പ് അനുബന്ധം 30ൽ നൽകിയിട്ടുണ്ട്.

| സൂചകം / പ്രവർത്തനം | 1. ഭാഷാ ശേഷി വികസനം | 2. പ്രവർത്തനത്തിലെ സ്വാഭാവികത | 3. ചിന്താ പ്രക്രിയക്ക് അവസരം | 4. ഭാഷാ വസ്തുതകൾ അന്വേഷം സ്വാംശീകരിക്കാനവസരം | 5. ജീവിതവുമായുള്ള ബന്ധം | 6. ഭിന്നതല പഠന സാധ്യത | 7. അറിവിന്റെ നിർമാണം | 8. ബുദ്ധിയുടെ ബഹുതലങ്ങൾ വളരാനവസരം | 9. ആവിഷ്കാരസാധ്യത | 10. കുട്ടികളുടെ പ്രകൃതത്തിനിണങ്ങുന്നത് | 11. പഠന പ്രവർത്തനത്തിന്റെ സവിശേഷത ഉൾക്കൊള്ളുന്നത്. |
|---|---|---|---|---|---|---|---|---|---|---|---|
| 1. സന്ദർഭം നൽകി കഥ പറയാൻ | ✓ | ✓ | | | | ✓ | | | ✓ | ✓ | ✓ |
| 2. കഥ മാറ്റിപ്പറയൽ | ✓ | ✓ | ✓ | ✓ | | ✓ | ✓ | | ✓ | ✓ | ✓ |
| 3. സൂചനയിൽ നിന്നും സംഭാഷണം | ✓ | ✓ | ✓ | ✓ | | ✓ | ✓ | | ✓ | ✓ | ✓ |
| 4. ചോദ്യങ്ങളിലൂടെ കഥാവികസനം | ✓ | | ✓ | ✓ | | ✓ | ✓ | | ✓ | ✓ | ✓ |
| 5. സൂചനയിൽ നിന്നു കഥ | ✓ | ✓ | ✓ | ✓ | | ✓ | ✓ | | ✓ | ✓ | ✓ |
| 6. കഥാപൂരണം | ✓ | ✓ | ✓ | ✓ | | ✓ | ✓ | | ✓ | ✓ | ✓ |
| 7. കഥാപാത്രങ്ങളുടെ മറ്റു കഥ പറയൽ | ✓ | ✓ | | ✓ | | ✓ | | | ✓ | ✓ | ✓ |
| 8. പാഠത്തിലൂടെ ഓടാം | ✓ | | | | | ✓ | | | | | |
| 9. വായിച്ച കഥ ചർച്ച | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 10. കഥാചിത്രം വായന | ✓ | ✓ | ✓ | ✓ | | ✓ | ✓ | ✓ | | ✓ | ✓ |
| 11. കഥയുടെ പുനർവായന | ✓ | ✓ | ✓ | ✓ | | ✓ | ✓ | | | ✓ | ✓ |
| 12. കഥയ്ക്കുശേഷം | ✓ | ✓ | ✓ | ✓ | | ✓ | ✓ | ✓ | | ✓ | ✓ |
| 13. കഥയിലല്ലാത്ത ചോദ്യങ്ങൾക്ക് ഉത്തരം | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 14. ഭാവത്തോടെ അർത്ഥമറിഞ്ഞ് വായന | ✓ | ✓ | | ✓ | | | ✓ | | | ✓ | ✓ |
| 15. ചിത്രങ്ങൾ വ്യാഖ്യാനിക്കൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 16. ഊഹിക്കാം, വായിച്ചു കണ്ടെത്താം. | ✓ | ✓ | ✓ | ✓ | | ✓ | ✓ | ✓ | | ✓ | ✓ |
| 17. ചിത്രംനോക്കികഥപറയൽ, ശരിയോ-വായന | ✓ | ✓ | ✓ | ✓ | | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 18. ഉത്തരം കണ്ടെത്തൽ | ✓ | ✓ | ✓ | ✓ | | ✓ | ✓ | ✓ | | ✓ | ✓ |
| 19. വായന-സൂചകമുപയോഗിച്ച് വിലയിരുത്തൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 20. സന്ദർഭം പറയൽ വായിച്ചു കണ്ടെത്തൽ | ✓ | | | ✓ | | ✓ | | | | ✓ | ✓ |
| 21. കഥ ആശയം വായിച്ചു കണ്ടെത്തൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 22. കഥ ക്രമപ്പെടുത്തി എഴുതൽ | | | | | | ✓ | | | | | |

| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| 23. ജീവികൾ കഥാപാത്രമായ കഥ എഴുതൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 24. ഉണ്ടാക്കിപ്പറയൽ | ✓ | ✓ | ✓ | ✓ | | ✓ | ✓ | ✓ | | ✓ | ✓ |
| 25. ചോദ്യത്തിലൂടെ കഥ വികസിപ്പിക്കൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 26. കഥ ഊഹിച്ചെഴുതൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 27 കഥ-സന്ദർഭങ്ങൾ കണ്ടെത്തി എഴുതൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 28. കഥ വികസിപ്പിച്ചെഴുതൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 29. കഥ മാറ്റി എഴുതൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 30. ചിത്രത്തിൽ നിന്നും കഥ ഉണ്ടാക്കി എഴുതൽ | ✓ | ✓ | ✓ | ✓ | | ✓ | ✓ | ✓ | | ✓ | ✓ |
| 31. ഭാവനാത്മകമായി കഥ എഴുതൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 32. ചിത്രത്തിലെ സംഭവത്തിനു ശേഷം എന്ത്? | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 33. കഥാപൂരണം | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 34. സൂചനയിൽ നിന്നും കഥ എഴുതൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 35. മൃഗകഥാപാത്രങ്ങളുടെ സംഭാഷണമെഴുതൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 36. കുഞ്ഞനാന കണ്ട കാഴ്ച. വിവരണം | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 37. സംഭാഷണമെഴുതാം | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 38. ഇഷ്ടകഥ എന്തുകൊണ്ട് | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 39. കഥ താരതമ്യം ചെയ്യൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 40. കഥ ഇഷ്ടമായോ എന്തുകൊണ്ട് | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 41. ചിത്രങ്ങൾ വിലയിരുത്തി എഴുതൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 42. കഥാപാത്ര സവിശേഷതകൾ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 43. ആത്മകഥ എഴുതൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 44. അടിക്കുറിപ്പെഴുതാം. | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 45. ചുമർ മാസിക | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 46. ഗ്രൂപ്പുതല കഥ എഴുതൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 47. കഥാസദസ്സുകൾ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 48. അഭിനയ സാധ്യത കണ്ടെത്തൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | ✓ | ✓ |
| 49. മൂകാഭിനയം | ✓ | ✓ | ✓ | | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 50. സന്ദർഭം കണ്ടെത്തി അഭിനയിക്കാം. | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 51. നാടകീകരണം | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 52. റോൾപ്ലേ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 53. കഥക്കുശേഷം - ചിത്രംവര | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 54. ചിത്രം വരച്ച് കഥ പൂർത്തിയാക്കൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 55. ഓരോ പദം ചേർത്ത് കഥ | | | | | | ✓ | | | | | |
| 56. കഥക്രമത്തിൽ പറയൽ | ✓ | | ✓ | | ✓ | | | | | | |
| 57. ഛെ ഛെ വായന | | | | | | ✓ | | | | | |
| 58. പദങ്ങൾ എവിടെ? വായിച്ചു കണ്ടെത്തൽ | ✓ | | | | | ✓ | | | | | |
| 59. വാക്യങ്ങൾ വായിച്ചുകണ്ടെത്തൽ | | | | | | ✓ | | | | | |
| 60. അല്ലാ തെറ്റ് വായന | | | | | | ✓ | | | | | |
| പ്രവർത്തനങ്ങളുടെ നില | 54/6 | 50/10 | 49/11 | 50/10 | 35/25 | 60 | 51/9 | 42/18 | 17/43 | 52/8 | 52/8 |

# പദസൂചി

| | |
|---|---|
| അംഗി | Head |
| അംഗിപരമാത്ര | Head parameter |
| അടിസ്ഥാനഘടകങ്ങൾ | Basic elements |
| അധ്യാപകശാക്തീകരണം | Teacher empowerment |
| അധ്യാപകസഹായി | Handbook |
| അനുക്രമീകരണം | Gradation |
| അനുതാപചിന്ത | Empathy |
| അനുപൂരകം | Corresponding |
| അനുബന്ധം | Annexure |
| അനുഭവജ്ഞാനവാദം | Experientialism |
| അനുഭവാവിഷ്ടിതപഠനം | Experiential learning |
| അനുരൂപികരണം | Adaptation |
| അന്വേഷണാത്മക പഠനം | Enquiry learning |
| അനൗപചാരികം | Informal |
| അപമാനവീകരണം | Dehumanisation |
| അബോധപൂർവം | Non consciously |
| അഭിപ്രേരണ | Motivation |
| അമാനുഷകഥ | Super human story |
| അസ്തിത്വപരമായ ബുദ്ധി | Existential intelligence |
| അസന്തുലിതാവസ്ഥ | Disequilibrium |
| അഹംകേന്ദ്രീകൃത ചിന്ത | Ego centrism |
| ആത്മകഥ | Auto biography |
| ആധുനികോത്തരം | Post modern |
| ആന്തരിക വൈയക്തിക ബുദ്ധി | Intra personal intelligence |
| ആന്തരിക ശേഷി | Innate potential |
| ഇന്ദ്രിയശ്ചാലകഘട്ടം | Sensory motor stage |
| ഉദ്ഗ്രഥിതസമീപം | Integrated approach |
| ഉദ്ദേശ്യം | Objective |
| ഉദ്ദേശ്യാധിഷ്ടിത ബോധനം | Objective based teaching |
| ഉദ്ദേശാധിഷ്ഠിതപഠനം | Objective based learning |
| ഉദ്ദേശാധിഷ്ഠിതമൂല്യനിർണ്ണയം | Objective based evaluation |
| ഉപകരണബന്ധിത പാകപ്പെടുത്തൽ | Operant conditioning |

| | |
|---|---|
| ഉപപ്രാപ്തി | Sub competency |
| ഉപരിഘടന | Surface structure |
| ഉൾക്കാഴ്ച | Insight |
| ഔപചാരിക മനോവ്യാപാര ഘട്ടം | Formal operational stage |
| ഏകക ബോധനപദ്ധതി | Unit plan |
| കടംകഥ | Riddle |
| കണ്ടെത്തൽ | Discovery |
| കർതൃത്വം | Subjectively |
| ക്രിയ | Verb |
| കാമ്പ് കരിക്കുലം | Core curriculum |
| കാകു | Quatotion mark |
| കാമ്പ് ഘടകം | Core elements |
| കാമ്പ് വ്യാകരണം | Core grammar |
| കാലം | Tense |
| കായിക വയസ്സ് | Chronological age |
| കേന്ദ്രാവിഷ്കൃത പദ്ധതി | Centrally sponsored scheme |
| കേരള വിദ്യാഭ്യാസ ചട്ടവും നിയമവും | Kerala educational act and rule |
| കൈത്താങ്ങ് | Scaffolding |
| കൊടുക്കൽ വാങ്ങൽ | Sharing and negotiation |
| ഘടനാത്മക ഭാഷാശാസ്ത്രം | Structural linguistics |
| ഘടനാവാദം | Structuralism |
| ചലനാത്മക | Dynamism |
| ചിന്ത | Thinking |
| ചിന്തയെക്കുറിച്ചുള്ള ചിന്ത | Mata congnition |
| ചോദന പ്രതികരണം | Stimulas Response |
| ജ്ഞാതൃ വ്യവസ്ഥ | Cognitive system |
| ജ്ഞാതൃ ശേഷി | Cognitive ability |
| ജ്ഞാതൃ സിദ്ധാന്തം | Cognitive theory |
| ജനാധിപത്യവാദിയായ സംഘത്തലവൻ | Democrative leader |
| ജിജ്ഞാസ | Curiosity |
| ജൈവരസശാസ്ത്രജ്ഞർ | Biochemist |
| തത്വങ്ങളും പരാമാത്രകളും | Principles and parameeters |
| തത്സമയ സഹായം | Onsite support |
| തന്ത്രജ്ഞത | Strategic |
| ദൃശ്യസ്ഥലപര ബുദ്ധി | Visual spatial intelligence |
| ദേശീയപാഠ്യപദ്ധതി | National curriculum |
| ധാർമിക മൂല്യങ്ങൾ | Moral values |
| നാഡീമനശാസ്ത്രം | Neuro psychology |

| | |
|---|---|
| നാഡീവിദഗ്ധർ | Nuro psychologist |
| നിഗീർണപാഠ്യപദ്ധതി | Hidden curriculum |
| സംശോധനവും നവീകരണവും | Editing and refinements |
| നൈപുണി | Skills |
| പങ്കുവെക്കൽ | Sharing |
| പഞ്ചവത്സരപദ്ധതി | Five year plan |
| പഠനപങ്കാളി | Co learner |
| പഠനപ്രക്രിയ | Learning process |
| പഠനവേഗത | Learning pace |
| പഠനശൈലി | Learning style |
| പഠനം സുഗമമാക്കുന്ന ആൾ | Facilitator |
| പഠനതന്ത്രങ്ങൾ | Learning strategies |
| പഠനസാമഗ്രി | Learning material |
| പഠിതചേഷ്ട | Learned behaviour |
| പുനർസന്ദർശനം | Revisit |
| പ്രകൃതിപരമായ ബുദ്ധി | Naturalistic intelligence |
| പ്രതികരണം | Response |
| പ്രതീകം | Symbol |
| പ്രതീകാത്മക ഘട്ടം | Symbolic stage |
| പ്രവർത്തനഘട്ടം | Enactive stage |
| പ്രശ്നപരിഹാരകൻ | Diagnostician |
| പ്രശ്നവിശകലം | Problem analysis |
| പ്രാക്-ലേഖനം | Pre-writing |
| പ്രാക്-വായന | Pre reading |
| പ്രാദേശികവിദഗ്ധൻ | Local resource person |
| പ്രാപ്തി | Competency |
| പ്രാപ്തിപ്രസ്താവന | Competency statement |
| പ്രാവീണ്യനിലവാരം | Mastery level |
| പരിപക്വനം | Maturation |
| പ്ലാസ്തികത | Plasticity |
| പൂർവഘട്ടം | Old stage |
| പൂർവസമീപനം | Old approach |
| പാകപ്പെടുത്തൽ | Conditioning |
| പാഠപുസ്തകം | Textbook |
| പാഠ്യപദ്ധതി | Curriculum |
| പേശീനിയന്ത്രണം | Mussel control |
| ബുദ്ധി | Intelligence |
| ബുദ്ധിമാനം | Intelligence quotient |

| | |
|---|---|
| ബഹുമുഖബുദ്ധി | Multiple intelligence |
| ബഹുസ്വരത | Polygamy |
| ബോധനരീതി | Teaching method |
| ബോധനസാമഗ്രികൾ | Teaching materials |
| ബോധനോദ്ദേശ്യം | Teaching objectives |
| ഭാവനാത്മകത | Imagination |
| ഭാഷാനിവേശം | Language input |
| ഭാഷാനൈപുണി | Language skills |
| ഭാഷാപ്രകടനം | Language Performance |
| ഭാഷാപരമായ ബുദ്ധി | Linguistic intelligence |
| ഭാഷാവയവം | Language organ |
| ഭാഷാവ്യവഹാരരൂപങ്ങൾ | Language discourses |
| ഭിന്നദിശയിലുള്ള ചിന്ത | Divergent thinking |
| മടക്കധാരണ | Feed back |
| മതനിരപേക്ഷത | Secular |
| മനഃശാസ്ത്രജ്ഞർ | Psychologist |
| മനോമുദ്ര | Trace system |
| മനോഘടന | Mental structure |
| മനോമാതൃക | Mental constructs |
| മനോരോഗ ചികിത്സാവിദഗ്ധർ | Psychologist |
| മനോവ്യാപാര ഘട്ടം | Operational stage |
| മൂല്യനിർണയം | Evaluation |
| മാനകഭാഷ | Standard language |
| മാനകീകരണം | Standardisation |
| മാനകീകൃത ഭാഷ | Standardised language |
| മാനസിക വയസ്സ് | Mental age |
| രചനാന്തരണം | Transformation |
| രൂപാത്മകഘട്ടം | Iconic stage |
| രൂപിമം | Morphemes |
| രേഖീയ പഠനം | Linear learning |
| രോഗപ്രതിരോധശേഷി | Immunity |
| വചനശിക്ഷണം | Verbal teaching |
| വ്യക്ത്യാന്തരബുദ്ധി | Intra personal intelligence |
| വ്യതിരിക്ത ചിന്ത | Divergent thinking |
| വ്യവസ്ഥാവത്കരണം | Systemisation |
| വ്യവഹാരം | Discourse |
| വ്യാകരണം | Grammar |
| വഴക്കം | Flexible |

| | |
|---|---|
| വാചിക ചേഷ്ട | Verbal behaviour |
| വിക്ഷേപിണി | Exclamatory mark |
| വിദ്യുതിശരീര ശാസ്ത്രപരം | Electro physiology |
| വിഭക്തി സിദ്ധാന്തം | Case theory |
| വിഭവഭൂപടം | Resource map |
| വിവരണാത്മകത | Descriptive |
| ശരീരഘടന | anatomy |
| ശാരീരിക ചലനപരമായ ബുദ്ധി | bodily kinaesthetic intelligence |
| ശാസനാബന്ധന സിദ്ധാന്തം | government and binding theory |
| ശിശുസൗഹൃദപരം | child friendly |
| സംഗീതപരബുദ്ധി | Musical intelligence |
| സംഘബോധം | Group feeling |
| സംതുലിതാവസ്ഥ | Equilibrium |
| സംയുക്തവായന | Group reading |
| സംയോജനം | Integration |
| സംയോജിത പഠനം | Integrated learning |
| സംയോജിത വിദ്യാഭ്യാസ പരിപാടി | Integrated education |
| സംവാദം | Debate |
| സംവേദനം | Perception |
| സംസ്ഥാപനം | Accommodation |
| സൂക്ഷ്മപേശീചലനം | Fine motor skills |
| സർഗ്ഗാത്മകത | Creativity |
| സഞ്ചിത വിജ്ഞാനം | Cumulated knowledge |
| സമീപസ്ഥ വികസനമണ്ഡലം | Zone of proximal development |
| സ്വനിമം | Phonic |
| സർവഭാഷാ വ്യാകരണം | Universal Grammar |
| സ്വയം നിർണയിക്കാനുള്ള കഴിവ് | Self determination |
| സ്വയംശരിവ്യവസ്ഥ | Axiomatic system |
| സ്വാംശീകരണം | Assimilation |
| സഹകരണം | Co-orporation |
| സഹകരണാത്മക പഠനം | Co-operative learning |
| സഹവർത്തിത പഠനം | Collaborative learning |
| സാമൂഹ്യ ജ്ഞാനനിർമിതി വാദം | Social constructivism |
| സിനാപ്തിക ബന്ധം | Synaptic bondage |
| സിനാപ്തിക ബന്ധങ്ങളുടെ ശക്തി | Strength of synaptic bondage |